# തേമ്പാവണി

ST. ANTONY'S C... ALWAYE S. I. RAILWAY STATION, TRAVANCORE
V-44

തമിഴിൽനിന്നു് ഭാഷാന്തരം ചെയ്തതു്

പരിഭാഷകൻ:—

## മേപ്രത്തു് എം. ജോസഫ്

പ്ലാക്കിയിലായ തോപ്പിൽവീട്

തത്തംപള്ളി, ആലപ്പുഴ.

—:*:—

വില രണ്ടേകാൽ രൂപ.

ACHARYA ... KENDRAM LIBRARY
18372

B. K. M. PRESS, ALLEPPEY.

M/220.6

പ്രസാധകൻ:—

**തോമസ് പാപ്പി വേലങ്കളം**

കാത്തലിക് പബ്ലിഷിംഗ് ഹൗസ്,

ആലപ്പുഴ.

1948 കോപ്പി 500

**Imprimatur**

+ J. KALACHERRY

*Bishop of Changanaeherry*

*Changanacherry*
23—4—1947

# തേമ്പാവണി—പ്രാരംഭം.

പരലോക ഭൂലോക പാതാളമെന്ന ത്രിലോകങ്ങളുടേയും സൃഷ്ടിസ്ഥിതി സംഹാരകത്താവായി നിസ്തുലശക്തനായി അനന്തമഹിമയോടുകൂടി പ്രകാശിയ്ക്കുന്ന പരമോന്നത ദൈവത്തിൻെറ തൃപ്പാദകമലങ്ങളെ എൻെറ ന്യൂനതകളെല്ലാം പരിഹരിച്ച് ശുഭമരുളുന്നതിനായി ഞാൻ വാഴ്ത്തുകയും വണങ്ങുകയും ചെയ്യുന്നു. എൻെറ ശ്രോതാക്കളെല്ലാവരും ധമ്മാത്ഥകാമമോക്ഷങ്ങളാകുന്ന പുരുഷാത്ഥങ്ങൾ നാലിനേയും നിഷ്പ്രയാസം പ്രാപിയ്ക്കാനതസുകരാകുന്നതിനുവേണ്ടി പുരുഷവഗ്ഗത്തിൽവച്ച് പുരുഷമണിയായി വിളങ്ങുന്ന മഹാത്മാവായ വിശുദ്ധ യൗസേപ്പിൻെറ ദിവ്യചരിതത്തെ പ്രസ്താവിയ്ക്കാൻ തുടങ്ങുന്നു.

സ്വഗ്ഗവാസികളും കൊണ്ടാടുന്ന താപസപ്രവരനായ വിശുദ്ധയൗസേപ്പിന്, സുഗന്ധമധുമലർ വാഹിയായ വിശിഷ്ടപുഷ്പശാഖ അത്ഭുതമായി ലഭിയ്ക്കുന്നതും ത്രിലോകപരിപാലകനായ ദൈവപുത്രൻ ലോകത്തിൽ അവതരിച്ച് ആ പുഷ്പശാഖാഛായയിൽ ഒതുങ്ങി ജീവിച്ചതും അഖിലലോക പ്രശസ്തവുമായിരിക്കുന്ന ഈ ഉൽകൃഷ്ട ചരിത്രത്തെയാണ് ഞാൻ പ്രതിപാദിയ്ക്കാൻ തുടങ്ങുന്നതു്.

അത്യുന്നത ദിവ്യവരങ്ങൾകൊണ്ടു വിഭൂഷിതനായ ഈ മഹാത്മാവിനെ പാശ്ചാത്യർ ജോസഫ് എന്ന് അഭിസംബോധനം ചെയ്യുമ്പോൾ, ഈ നാട്ടുനട

പ്പനുസരിച്ച് ഞാൻ യൗസേപ്പ് എന്നു വിളിയ്ക്കുന്നു. ഈ രണ്ടുനാമങ്ങളുടേയും അർത്ഥം ഒന്നുതന്നെ. ആക്ഷേപം നീക്കിയവൻ, അല്ലെങ്കിൽ നിന്ദനീക്കിയവൻ എന്നത്ഥമാകുന്നു.

വി. യൗസേപ്പു പ്രാപിച്ച ദൈവവരങ്ങളാകുന്ന അമൃതാംബോധിയെ തരണംചെയ്യുന്നതിന് ഞാൻ ശക്തനല്ലെങ്കിലും, ആ അമൃതത്തിൽനിന്ന് ലേശമെങ്കിലും ഭുജിയ്ക്കണമെന്നുണ്ടായ അപ്രതിരോധ്യമായ ആശാധിക്യത്താൽ പ്രേരിതനായി ആ ദിവ്യചരിതത്തെ ഈ മന്ദപ്രജ്ഞൻ യഥാമതി പ്രസ്താവിക്കയാണ്.

പുരാതനമായ തമിഴ് സാഹിത്യമഹാവണ്ണത്തിൽ യഥേഷ്ടം വിഹരിയ്ക്കുന്ന വിദ്വജ്ജനങ്ങൾ, അതിൽനിന്ന് അല്പംമാത്രം കൈക്കുമ്പിൾകൊണ്ട് കോരിയ്ക്കുടിയ്ക്കാൻ പണിപ്പെടുന്ന എന്നെ നോക്കിക്രുദ്ധിക്കുന്നതു നല്ലതാണോ? അല്ലെങ്കിൽ പറ അടിച്ചെന്നവണ്ണം പരസ്യമായി പരിഹസിക്കുന്നതു നന്നായിരിക്കുമോ?

ആകർഷകവും സരസവുമായ തമിഴ് ഭാഷാസംസാരം ശ്രവിച്ച് തത്തക്കിളിക്കുഞ്ഞു്, തൻെറ കൊഞ്ചവചസ്സുകളാൽ അതിനെ ആവത്തിച്ചു പറയുമ്പോൾ, വിജ്ഞന്മാർ അതിലെ കുററങ്ങളെടുത്തു വിമശിക്കാറുണ്ടോ? അപ്രകാരം ലോകമെല്ലാം പുകഴുന്ന കന്യകാമറിയം പൂവ്കാലത്തു വെളിപ്പെടുത്തിയ ഈ വിശിഷ്ട ചരിത്രത്തെ ഈ മന്ദപ്രജ്ഞൻ ഗ്രഹിച്ച് പ്രതിപാദിക്കുമ്പോൾ അവർ അപഹസിയ്ക്കാതെ സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ചരിത്രസംക്ഷേപം.

ഫലഭൂയിഷ്ഠവും സുഭിക്ഷവുമായ "ആകൃതം" എന്ന നഗരത്തിൽ മഹാതപസ്വിനിയായും, അന്യാദൃശസുകൃതിനിയായും പ്രാചീനകാലത്തു് ഒരു കന്യകാരത്നം ജീവിച്ചിരുന്നു. അവൾ അവതീൎണ്ണനായ ദൈവകുമാരനെ അത്ഭുതമായി പ്രസവിച്ച ദൈവജനനിയുടെ തൃപ്പാദഭക്തയായി പരിലസിച്ചു. അവളുടെ ജ്ഞാനം പഞ്ചേന്ദ്രിയമോഹങ്ങളെ ജയിച്ചതും അവളുടെ സംസാരം മാധുരീരസപ്രദവുമായിരുന്നു. അവളുടെ ജീവിത സരണി മഹാത്യാഗികളായ താപസവരന്മാരേയും അതിശയിക്കുന്നതത്രെ. യഥാൎത്ഥ കാൎയ്യങ്ങളെ മുൻകൂട്ടി അറിഞ്ഞു് പറയുന്നതിനുള്ള വിശേഷവരം ലഭിച്ചവളുമായിരുന്നു. താരകാവലികളുടെ നടുവിൽ വിളങ്ങുന്ന ചന്ദ്രനെപ്പോലെ അവൾ പല കന്യകകളുടേയും മദ്ധ്യത്തിൽ, സുകൃതമാഹാത്മ്യംകൊണ്ടു് ശോഭിച്ചു. അവൾ വൈദികന്മാൎക്കെല്ലാം ഒരു ദീപംപോലെ വിളങ്ങി. സൂൎയ്യനെ വസ്ത്രമായും ചന്ദ്രനെ പാദുകയായും നക്ഷത്രങ്ങളെ തിരുമുടിയായും ധരിച്ച സ്വൎഗ്ഗീയരാജ്ഞി, ഈ യുവകന്യകയോടുള്ള സ്നേഹാതിരേകത്താൽ പല ദിവ്യവരങ്ങളേയും നൽകിയതുകൂടാതെ, മറിയം എന്ന തൻെറ തിരുനാമത്തെത്തന്നെയും അവൾക്കു നൾകി. ഇങ്ങനെ കന്യകാമറിയവും ആകൃതമറിയവും അമ്മയും മകളുംപോലെ പരസ്പരം സ്നേഹം പ്രദൎശിപ്പിച്ചുവരുമ്പോൾ ഒരു ദിവസം ദൈവജനനി തൻെറ ദിവ്യമണവാളനായ വിശുദ്ധ യൗസേപ്പിൻെറ പാവനചരിത്രത്തെ അവൾക്കു് വെ

ളിപ്പെടുത്തുകയും എല്ലാവരുടെയും അറിവിനായി അതിനെ എഴുതിവയ്ക്കാൻ കല്പിക്കുകയും ചെയ്തു. അപ്രകാരം ആകൃതമറിയം മൂലഭാഷയിൽ എഴുതിവച്ച വിശുദ്ധയൗസേപ്പിൻെറ ചരിത്രത്തെ, നല്ല ഭാഷയിൽ എഴുതി പ്രകാശിപ്പിക്കുന്നതിന് ഞാൻ ശക്തനല്ലെങ്കിലും എൻെറ മനസ്സിലുണ്ടായ അനിവാര്യമായ ആഗ്രഹത്താൽ പ്രചോദിതനായി ഈ സാഹസത്തിനദ്യമിക്കുന്നതാണ്. അമൃതം ഭുജിക്കുന്നവർ അതു വച്ചിരിക്കുന്ന പാത്രത്തെ നോക്കാതെ മാധുരീരസപ്രദമായ അമൃതത്തെ ഭക്ഷിക്കുന്നതുപോലെ വിദഗ്ദ്ധജനങ്ങൾ ശ്രവണസുഖദമായിത്തോന്നാത്ത എൻെറ രചനാവൈകല്യങ്ങളെ ക്ഷമിച്ച് അതിലടങ്ങിയിരിക്കുന്ന ചരിത്രമാഹാത്മ്യത്തെ മാത്രം മഹത്തായി കരുതണമെന്നപേക്ഷ.

അതിനാൽ വിശിഷ്ടവേദശാസ്ത്രജ്ഞാനത്താലലംകൃതനായി, മഹാത്യാഗിവീരന്മാരെ വെല്ലുന്ന സുകൃതസമ്പന്നനായി, ത്രിലോകങ്ങളെയും പരിപാലിക്കുന്ന പരമനാഥൻെറ വളർത്തുപിതാവായി, നിരവധി ദിവ്യനന്മകളാൽ പ്രശോഭിതനായി അത്ഭുതപുഷ്പശാഖയെ പ്രാപിച്ച വിശുദ്ധ യൗസേപ്പിൻെറ ദിവ്യചരിത്രത്തെ ആ പുഷ്പശാഖയിൽ വികസിച്ച കുസുമങ്ങളെ ആസ്പദമാക്കി "തേമ്പാവണി" എന്ന നാമധേയത്തിൽ ഒരു വാടാമാലയായി ആയ്യനല്ലൂരിൽവച്ച് രചിച്ച് പൂർത്തിയാക്കിയിരിക്കുന്നു എന്ന് വീരമാമുനി പ്രാരംഭപദ്യങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു.

—:*:—

# തേമ്പാവണി

ഒന്നാംഭാഗം

## അദ്ധ്യായം ഒന്ന്

### പ്രവേശകം

അനന്തനന്മയായദൈവം തന്നോടുകൂടി നിത്യപരമാനന്ദം അനുഭവിക്കുന്നതിനായി മനുഷ്യനെ സൃഷ്ടിച്ചു. അവന് ഇഹത്തിൽ വസിക്കുന്നതിനായി ഭൂമിയേയും, അവൻെറ ഉപയോഗത്തിന് അതിലുള്ള സകല ചരാചരങ്ങളേയും നൽകി. അവന് നിത്യസൗഭാഗ്യാനുഭവത്തിനുള്ള യോഗ്യത സിദ്ധിക്കുന്നതിനായി അവിടുന്ന് ഒരു പ്രമാണത്തെയും കല്പിച്ചുകൊടുത്തു. ആദിമമനുഷ്യനായ ആദം ഈ കല്പനയെ ലംഘിച്ച് പാപം ചെയ്തുപോയി. എങ്കിലും അവിടുന്ന് കരുണയോടുകൂടി ഈ പാപത്തിൽനിന്ന് മനുഷ്യജാതിയെ മോചിപ്പിക്കുന്നതിനായി ഒരു രക്ഷകനെ അയയ്ക്കുമെന്ന് വാഗ്ദാനംചെയ്തു. ഈ വാഗ്ദാനത്തെ പിന്നീട് അബ്രാഹം ഇസഹാക്ക്, യാക്കോബ് എന്നീ പിതാക്കന്മാരോടും നവീകരിക്കയുണ്ടായി. ഈ ഉടമ്പടിപ്രകാരം ദിവ്യരക്ഷകൻെറ ജനനത്തിനുവേണ്ടി സർവ്വേശ്വരൻ ഒരു പ്രത്യേക ജനമായി ഇസ്രായേൽ

സന്തതികളെ തിരഞ്ഞെടുത്തു്, വാത്സല്യസമേതം സംരക്ഷിച്ചു. അവിടുന്നു് അവക്കു് അധിവസിക്കാനുള്ള സ്ഥലമായി ദയാപൂവ്വം പ്രദാനം ചെയ്തതാണു്, തേനും പാലും ഒഴുകുന്നതെന്നു് വിശുദ്ധഗ്രന്ഥം ഘോഷിക്കുന്നവിശേഷവിഖ്യാതമായ കനാൻദേശം.

ഈ ദേശത്തെ ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങൾക്കായി ദൈവനിർദ്ദേശപ്രകാരം വിഭജിച്ചുകൊടുത്തു. ഇതിൽ ഓരോ വിഭാഗത്തിൻെറയും പേർ അവരവരുടെ വംശപിതാക്കന്മാരുടേതു് തന്നെയായിരുന്നു. ഇവയിൽ ഒരു വിഭാഗമായ യൂദാ, ലൌകികമായ പല കാരണങ്ങൾകൊണ്ടും പ്രകൃത്യാതന്നെയും പ്രാമുഖ്യം അഹിക്കുന്നതാണു്. യൂദായുടെ ബെത്ലേഹമിൽ രക്ഷകൻ ജനിക്കുമെന്നായിരുന്നു ദീർഘദർശികൾ പ്രവചിച്ചിരുന്നതു്. അതിനാൽ യൂദായുടെ നാമം ഭുവനപ്രസിദ്ധമായിത്തീൎന്നു. ഇപ്രകാരമുള്ള യൂദായോടു കൂടി "ബഞ്ജമിൻ" എന്ന ദേശവിഭാഗം കൂടിച്ചേൎന്നുണ്ടായതാണു് യൂദേയരാജ്യം. എങ്കിലും കാലാന്തരത്തിൽ ഇതിനെ ഇസ്രായേൽ രാജ്യങ്ങളുടെയെല്ലാം പൊതുനാമമായും പറയപ്പെടാറുണ്ടു്. ഇങ്ങനെ സകല ജനങ്ങളുടേയും ആശാകേന്ദ്രവും പ്രശംസാപാത്രവുമായി വിളങ്ങിയ യൂദേയരാജ്യമാണു്, വി. യൌസേപ്പിൻെറ ജന്മദേശം. ഈദേശത്തിൻെറ നാനാവിധമാഹാത്മ്യങ്ങളെ സംബന്ധിച്ചു വേദപുസ്തകത്തിൽ വിശിഷ്ടങ്ങളായ ധാരാളം വൎണ്ണനകളുണ്ടു്. അവയെല്ലാം ഇവിടെ എടുത്തു് വിവരിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല. അവയിൽ ചിലതിനെമാത്രം ഇവിടെ പ്രസ്താവിക്കാം.

# യൂദേയരാജ്യം

നേത്രാഭിരാമങ്ങളായ പക്ഷി ജാലങ്ങളുടെ വിഹാരരംഗമായി വിളങ്ങുന്നവിശാലസുന്ദരമായ ആകാശദേശം; അവിടെ, രണവീരന്മാരെപ്പോലെയുള്ള വെണ്മേഘമാലകൾ, കടൽ നീരുകൾകൊണ്ട് മദകരികൾപോലെ പ്രത്യക്ഷങ്ങളാകും; വാൾപോലെ മിന്നിത്തിളങ്ങും; പടഹംപോലെ ഗംഭീരമായി മുഴങ്ങും, നിസ്സീമമായി ദാനം ചെയ്യുന്ന ഔദാര്യനിധികളെപ്പോലെ അളവില്ലാതെ എവിടെയും മഴ പൊഴിഞ്ഞുകൊണ്ടിരിക്കും.

മലകൾ, തങ്ങൾക്കു ലഭിച്ചജലത്തെയെല്ലാംലോകോപകാരാൎത്ഥം നാനാപ്രദേശങ്ങളിലേയ്ക്കുംപ്രവഹിപ്പിച്ചു ഭൂമിയെ ഫലസമൃദ്ധമാക്കിച്ചെയ്യും; ഈ കാഴ്ച, തങ്ങൾ അഭ്യസിച്ച വിദ്യയെ ഏവൎക്കും പ്രയോജനകരമാംവണ്ണം സവിസ്തരമായി പഠിപ്പിക്കുന്ന ജ്ഞാനികളായ വിദ്വാന്മാരെ സ്മരിപ്പിക്കും.

ആകാശത്തിൽനിന്നും പൎവ്വതോപരിഭാഗത്തു് ഇടവിടാതെ വർഷിച്ചു കൊണ്ടിരിക്കുന്ന ജലധാരകളെ കണ്ടാൽ, ആ ശൈലത്തെ സ്വൎഗ്ഗത്തിലേക്കാനയിക്കണമെന്നു് കാംക്ഷിച്ചു് മാലാഖമാർ അയച്ചവെള്ളിവടങ്ങളോ എന്നു തോന്നും; ആ മലയിൽനിന്നും നാനാഭാഗങ്ങളിലായി ഒഴുകിവീണുകൊണ്ടിരിക്കുന്ന അരുവികളെ കണ്ടാൽ, ഭൂമി അതിനെ വിടാതെ ദൃഢമായി ബന്ധിച്ച വെള്ളിത്തുടലുകളോ എന്നുംതോന്നും.

പൎവ്വതോപരിഭാഗങ്ങളിലുള്ള അനൎഘപദാൎത്ഥ

ങ്ങളെയും സ്വാധീനമാക്കിക്കൊണ്ട് നരയോട്ടും തിര യോട്ടുംകൂടി പാഞ്ഞുപോകുന്ന നദികൾ, തീരാന്ത സ്ഥിതങ്ങളായ പൂങ്കാട്ടുകളിൽ പ്രവേശിച്ച് സുഗന്ധ മലർത്തേനിനേയും സ്വീകരിച്ച് വൃക്ഷജാലങ്ങൾക്കിട യിൽക്കൂടി കടന്ന് തങ്ങളുടെ സമ്പത്തുകളെല്ലാം അ വിടവിടെയായി ത്യജിച്ച് സമുദ്രമെന്നൊന്നിനെമാ ത്രം ലാക്കാക്കി പ്രവഹിക്കുന്നതു കണ്ടാൽ, ഇഹലോ കൈശ്വൎയ്യങ്ങളിൻ മദ്ധ്യേ ജീവിക്കുന്നെങ്കിലും ക്ഷണ ഭംഗുരങ്ങളായ അവയെ വെറുത്തുപേക്ഷിച്ചു മോക്ഷമെ ന്നൊന്നിനെമാത്രം ലക്ഷ്യമാക്കി പ്രവൎത്തിക്കുന്ന താപ സശ്രേഷ്ഠന്മാരെപ്പോലെ തോന്നും.

ആ ജലത്തെ നിഷ്പ്രയോജനമായിക്കളയാതെ വയലുകളിലേക്ക് പ്രവേശിപ്പിക്കുന്ന കർഷകന്മാർ, പ ഞ്ചേന്ദ്രിയങ്ങളെ അവ പോകുന്ന വഴിക്കു വിടാതെ അ ടക്കി സൽപഥത്തിൽക്കൂടി നയിക്കുന്ന പരിശുദ്ധന്മാ രെ സ്മരിപ്പിക്കുന്നു.

വയലുകളിലുള്ള ആമ്പൽ, താമര മുതലായ പു ഷ്പങ്ങൾ നേത്രാനന്ദകരമായിട്ടുള്ളവയാണെങ്കിലും ധാ ന്യങ്ങൾക്ക് കേടാകയാൽ കൃഷിക്കാർ അവയെ പറി ച്ചു കളയിക്കുന്നതുകണ്ടാൽ. പുണ്യം അല്ലാത്തതു് അഴ കുള്ളതായിരുന്നാലും അതു് ആത്മാവിന് ദോഷമാ ണെന്നറിഞ്ഞു് നിശ്ശേഷം ത്യജിച്ച് കളയുന്ന സത്തു ക്കളെ ഓൎമ്മിപ്പിക്കാതിരിക്കയില്ല.

ഭൂമി, തന്റെ മുഖത്തെ കീറിമുറിച്ച് ഉഴുന്നവ ൎക്കും സമൃദ്ധമായ ആഹാരം നൽകി രക്ഷിച്ചുവരുന്നതു കണ്ടാൽ, തങ്ങളോടു തിന്മ ചെയ്യുന്നവൎക്കും നന്മ ചെ യ്യുന്ന സജ്ജനങ്ങളെപ്പോലെതോന്നും.

ധനികന്മാരായ ദാംഭികന്മാരെപ്പോലെ ആദ്യം ശിരസ്സുയൎത്തിയും, പിന്നീട് ജ്ഞാനികളായ മഹാന്മാരെപ്പോലെ ശിരസ്സു നമിച്ചും നില്ക്കുന്ന ചെന്നെൽകതിരുകളെ ആ നാട്ടുകാർ കൊയ്തു് ആദ്യം കററയായി കെട്ടി അടുക്കും.

അനന്തരം, വൈക്കോലിനോട് ചേൻ സമ്മിശ്രമായിരിക്കുന്ന നെല്ലിനെ മാത്രംമെതിപ്പിച്ചെടുത്തു്യാചകന്മാൎക്കു് ദാനവും ചെയ്തു് ശേഷിച്ചതിനെ വീട്ടിലേക്കു് കൊണ്ടുപോകും; ഈ കാഴ്ച അസത്യ സമ്മിശ്രമായ സത്യത്തിൽനിന്നും സത്യത്തെ മാത്രം സ്വീകരിക്കുന്ന മഹാത്മാക്കളെ സ്മരിപ്പിക്കാതിരിക്കയില്ല.

കരിമ്പു് ചക്കിൽനിന്നു് പുറപ്പെടുന്ന ധൂമപടലങ്ങളെക്കണ്ടു് മേഘമെന്നാന്ധാളിച്ചു് കുയിലുകൾ ക്ലേശിക്കുമ്പോഴും, മയിലുകൾ നൃത്തം തുടങ്ങുന്നതു കണ്ടാൽ, ദുൎജ്ജനങ്ങളെക്കണ്ടുമുട്ടിയ സജ്ജനങ്ങളെപ്പോലെ തോന്നും.

സ്ത്രീകൾ അധികമായി യത്നിച്ചു് കടയുന്ന തയിരിന്മേൽ നെയ്യു് പൊങ്ങിവരുന്ന കാഴ്ച, ദുഃഖകാലംവരുമ്പോഴും പൂൎവ്വാധികം സുകൃതം ചെയ്യുന്ന ദൈവഭക്തന്മാരെ അനുസ്മരിപ്പിക്കും.

പൎവ്വതസമാനമായ ധനപുഷ്ടിയും, മേഘസദൃശമായ ദാനശീലവും, വേദകല്പനയ്ക്കനുഗുണമായ ജീവിതരീതിയും ആഭരണമായി അണിഞ്ഞിരിക്കുന്നതിനാൽ ആ നാട്ടു് സ്വൎഗ്ഗംപോലെ സന്തോഷപ്രദമായിരിക്കും.

അന്നങ്ങൾ വിഹരിക്കുന്ന താമരപ്പൊയ്കകളും,

ആ പൊയ്കകൾക്കു ചുററും ഭംഗിയുള്ള പൂങ്കാവുകളും ആ പൂങ്കാവുകൾക്ക് ചുററും ചെന്നെൽക്കണ്ടങ്ങളും നിറഞ്ഞു് ആ നാട്ട് വിളങ്ങിക്കൊണ്ടിരിക്കും.

കായ്കളും കനികളും നിറഞ്ഞു് ചില പൂഞ്ചോലകൾ ശോഭിക്കുന്നതുകണ്ടാൽ, കുണ്ഡലാദ്യാഭരണങ്ങളണിഞ്ഞ സുന്ദരികളെപ്പോലെ തോന്നും.

കുയിലുകൾ പാടുന്നതിനാലും, വണ്ടുകൾ രാഗാലാപം ചെയ്യുന്നതിനാലും, പക്ഷികൾ അനുഗാനം ചെയ്യുന്നതിനാലും പൂക്കളിളകിയാടുന്നതിനാലും ചില പൂങ്കാവനങ്ങൾ സർവ്വാഡംബരവിഭൂഷിതമായകല്യാണപ്പന്തലോ എന്നു തോന്നും.

കറകറാ എന്നു് കാടകളും, ഞറഞറാ എന്നു് മയിലുകളും, കുറുകുറാ എന്നു പ്രാവുകളും ഇടവിടാതെശബ്ദിച്ചുകൊണ്ടിരിക്കുന്നതിനാൽ ചില പൂങ്കാവനങ്ങൾ മഹാപാഠശാലകളോ എന്നുതോന്നും.

തടാകമാകട്ടെ, സമീപസ്ഥിതമായ പൂന്തോപ്പിന്റെ ഭംഗിയെ തന്റെ കണ്ണുകൾ കൊണ്ടുതന്നെ ദർശിപ്പാനായി ചെല്ലുന്നതുപോലെ കുമളകളോടു് ചേൎന്നു് അലകൾ മാറിമാറി അടിച്ചുകൊണ്ടിരുന്നു; അതിനെ മുന്നോട്ടു വിടാതെ നിരോധിക്കുമ്പോലെ നാലുഭാഗവും കരകളാൽ ചുററപ്പെട്ടിരുന്നു; അതുകണ്ടു് ചിരിക്കുന്നതുപോലെ കരയ്ക്കു നിന്നിരുന്ന മുല്ലമൊട്ടുകൾ വികസിച്ചിരുന്നു; ഈ വിനോദങ്ങളെ ബഹുനേരം കണ്ടതിനാൽ അലംഭാവമുദിച്ചു് കോട്ടുവാവിട്ടതുപോലെ കാൎത്തികപ്പൂമൊട്ടുകൾ വിടൎന്നുകൊണ്ടിരുന്നു.

യൂദെയവനിതാമണികൾ പൂങ്കാവുകളിൽചെന്നു

പൂക്കളിറുത്തു് മാലകൾ കെട്ടി തങ്ങളുടെ മാറിലും കേശത്തിലും ധരിച്ചുകൊണ്ടു് താഴെ വരുംപ്രകാരം രസകരങ്ങളായ പാട്ടുകൾ പാടിയിരുന്നു. അതിന്റെ സാരം:— "മേഘമാർഗ്ഗത്തോളമുയൎന്ന വൃക്ഷതതികളിൽ നിന്നും പൂക്കളും തേൻ പൊഴിയുന്നതിനാലും, കണ്ണുകളെ ലജ്ജിപ്പിക്കുന്ന നീലിമ പൂശിയ പൂഞ്ചോലകൾ ചുററപ്പെട്ടിരിക്കുന്നതിനാലും സന്തോഷപ്രദമായ നാടാണിതെങ്കിലും, മനുഷ്യദൃഷ്ടികളിലടങ്ങാത്ത ഭംഗിയോടും കുളിൎമ്മയോടും കൂടി നിത്യപരമാനന്ദം നൽകുന്ന സ്വൎഗ്ഗലോകത്തെ അന്വേഷിക്കാതിരിക്കാമോ? നേത്രങ്ങൾക്കു ആനന്ദകരങ്ങളായ നാനാവൎണ്ണങ്ങളാലും, രസനേന്ദ്രിയത്തിനു് മധുരഫലങ്ങളാലും, നാസികയ്ക്കു് സുഗന്ധപുഷ്പങ്ങളാലും, ശ്രവണേന്ദ്രിയത്തിനു പക്ഷിജാലങ്ങളുടെ ഗാനമാധുരിയാലും, ശരീരത്തിനു മന്ദമാരുതനാലും ആനന്ദപ്രദമായ പൂഞ്ചോലകളാൽ പരിവൃതമായി ഐശ്വൎയ്യസമ്പൂൎണ്ണമായിരിക്കുന്ന നാടാണിതെങ്കിലും സൂൎയ്യചന്ദ്രനക്ഷത്രങ്ങളെക്കാളുയൎന്നു് അക്ഷയസമ്പത്തോടുകൂടി വിളങ്ങുന്നസ്വൎഗ്ഗരാജ്യത്തെ അന്വേഷിക്കാതിരിക്കാമൊ! മലയിൽനിന്നും പുറപ്പെടുന്ന അനേകം നദികളൊഴുകിക്കൊണ്ടിരിക്കുന്നതിനാൽ എത്രയും ഫലപുഷ്ടിയുള്ള സുഭിക്ഷമായ ഭൂമിയാണിതെങ്കിലും, അളവില്ലാത്ത കൃപാജലം പുറപ്പെടുന്ന സമസ്തൈശ്വൎയ്യാസ്പദമായ സ്വൎഗ്ഗരാജ്യത്തെ അന്വേഷിക്കാതിരിക്കാമോ"

അംഗനാമണികളുടെ ഈ വിധമുള്ള മാധുൎയ്യഗാനങ്ങളെ കേട്ടു് ആ ദേശവാസികൾ സ്വൎഗ്ഗീയസന്തോഷം അനുഭവിക്കും. കൂടാതെ ലോകാഡംബര സാമ

ത്ഥ്യങ്ങളാലുണ്ടാകുന്ന പ്രശംസ യഥാകാലത്തുപകരിക്കാത്ത വെറും വഞ്ചനയാകയാൽ അതിനെവജ്ജിച്ചും നന്മചെയ്യുന്നതാണു് യഥാൎത്ഥ സ്തുതിയെന്നു് ബോധിച്ചു് അതിനെ മാത്രം സമ്പാദിച്ചും അവർ സന്തോഷസംതൃപ്തരായി ദിവസം നയിയ്ക്കും.

—:o:—

## അദ്ധ്യായം രണ്ടു്

### ജറുസലം

മേൽ പ്രസ്താവിച്ച യൂദേയാ ദേശത്തിനു് ഒരു തൊട്ടകുറിപോലെ വിളങ്ങുന്ന ജറുസലം നഗരത്തിന്റെ നാനാവിധ വിശേഷങ്ങളിൽ ചിലതിനെമാത്രം ഇവിടെ പ്രസ്താവിക്കാം.

ദൈവകല്പനകൾക്കു വിരോധമായിചെയ്ത പാപം നിമിത്തം അധഃപതിതരായ മനുഷ്യൎക്കു കൃപചെയ്യുന്നതിനായി നിസ്തുലമഹിമാനിധിയായ പരമദൈവം തിരഞ്ഞെടുത്ത നഗരമിതാണെങ്കിൽ, അതിന്റെ പരമമായ മഹത്വത്തെ വൎണ്ണിപ്പാൻ ഇതല്ലാതെ വേറെയും ഉപമകളുണ്ടോ? കൂടാതെയും മനുഷ്യാവതാരം ചെയ്ത ദിവ്യബാലന്റെ തൃപ്പാദസ്പൎശം ലഭിച്ച കാരണത്താൽ, ദൈവദൂതന്മാർ ഭൂമിയിലേയ്ക്കു് ഇറങ്ങുന്നതിനും, മനുഷ്യർ സ്വൎഗ്ഗത്തിലേയ്ക്കു് കേറുന്നതിനും ഈ നഗരം ആണു് വഴി ആയതെങ്കിൽ, അതിന്റെ മാഹാത്മ്യത്തെ വൎണ്ണിപ്പാൻ ആൎക്കും പ്രയാസമായിരിക്കും.

ACHARYA PALACK... 18372

സ്വൎഗ്ഗീയ മഹത്വത്തിന്റെ സാക്ഷാൽ മഹത്വം ഗ്രഹിച്ചിട്ടില്ലാത്ത മനുഷ്യൎക്ക് അതിന്റെ മാഹാത്മ്യത്തെ പ്രദൎശിപ്പിക്കുന്നതിന് ഭൂലോകത്തിൽ ഉപമാനമായി ദൈവപുത്രൻതന്നെ എടുത്തു കാണിച്ചിട്ടുള്ള നഗരം ഇതാണെങ്കിൽ, ഇതിനും മേലായുപമകളാൽ അതിനെ സ്തുതിക്കുന്നവരുമുണ്ടായിരിക്കുമോ? ദൈവകുമാരൻ തന്റെ അപരിമിതമായ സ്നേഹകാരുണ്യങ്ങളാൽ ചിന്തിയ അമൂല്യമായ തിരുരക്തത്തെ കിരീടമായി ധരിച്ചതിനാൽ. സ്വൎഗ്ഗത്തോളമുയൎന്ന അതിന്റെ അപാരമഹത്വത്തെ പൂൎണ്ണമായി വൎണ്ണിക്കുന്നവരുമുണ്ടായിരിക്കുമോ?

ആകാശത്തോളമുയൎന്ന ഭിത്തികളെ ചുററിയിരിക്കുന്ന വിസ്തീൎണ്ണമായ അതിന്റെ കിടങ്ങുകൾ, ആ ഭിത്തികൾ സ്വൎഗ്ഗത്തിലെത്തിക്കളയുമെന്ന ശങ്കയാൽ ഭൂമി അതിന്റെ കാലിലിട്ട വിലങ്ങു പോലെയും, അതിന്റെ അഗാധതയാൽ വിദ്വാന്മാരുടെ സ്നേഹം പോലെയും, മീതെ വളൎന്ന് നീൎച്ചെടിയാൽ നീചന്മാരുടെ സ്നേഹംപോലെയും തോന്നും. വജ്റത്തൂണുകൾ നിരത്തി രത്നങ്ങൾ പതിച്ച ഗോപുരത്തിന്റെ അഗ്രഭാഗത്തിൽ സ്ഥിതിചെയ്യുന്ന കനകക്കുടങ്ങൾ, ഇതു് മററെല്ലാനഗരങ്ങളുടേയും തലസ്ഥാനമായ രാജകീയ മഹാനഗരമാണെന്നു് പ്രത്യക്ഷീകരിക്കുന്ന തേജോമകുടംപോലെ വിലസിയിരുന്നു. ആ നഗരത്തിലെ ഭേരീരവവും, ശംഖനാദവും, രഥഘോഷവും മററു നാനാവിധ മനുഷ്യശബ്ദങ്ങളും കൂടികലൎന്നു് കടലിരപ്പും മേഘമുഴക്കവും അതിശയിക്കുമാറു് ഗംഭീരമായി മുഴങ്ങിക്കൊ

ണ്ടിരിക്കും. സ്വർണ്ണക്കൊടിമരങ്ങളിന്മേൽ കെട്ടപ്പെട്ടു് ഇളകിയാടിക്കൊണ്ടിരിക്കുന്ന കൊടികളേക്കണ്ടാൽ, ഉദാരമതികൾ തങ്ങളുടെ സ്വത്തുക്കളെ ദാനം ചെയ്വാനായി യാചകന്മാരെ ക്ഷണിക്കുന്നതുപോലെയും, സ്വർണ്ണവും, രത്നവും, മുത്തും ചേർത്തു കെട്ടിയിട്ടുള്ള തോരണ ശ്രേണികളേക്കണ്ടാൽ, ആകാശത്തിൽ കാണപ്പെടുന്ന മഴവില്ലുപോലെയും തോന്നും.

ചന്ദനച്ചാറും സുഗന്ധകസ്തൂരിയും, അകിൽപ്പുകയും, പനിനീർ വാസനയും എങ്ങും നിറഞ്ഞു് പരിമളം വീശിക്കൊണ്ടിരിക്കും.

പവിഴക്കാലിന്മേലുള്ള പൊന്മേല്ക്കട്ടിയിൽ മുത്തുമാലകൾ കോർത്തുതൂക്കിയിട്ടുള്ള മഞ്ചങ്ങളും, അവ നിക്ഷേപിച്ചിരിക്കുന്ന മരതകരത്നങ്ങൾ പതിച്ചപള്ളിയറകളും, വില്ലു്, വാൾ, വേൽ, ശൂലം മുതലായ യുദ്ധസാമഗ്രികളടങ്ങിയ ആയുധശാലകളും മുത്തു്, പവിഴം, വജ്രം, വൈഡൂര്യം, ഗോമേദകം, പുഷ്യരാഗം, നീലം, മാണിക്യം, മരതകം തുടങ്ങിയുള്ള രത്നങ്ങൾ സംഭരിച്ചിരിക്കുന്ന പല രത്ന ശാലകളും, ആയുധപരിശീലന ശാലകളും, സംഗീതശാലകളും, ബിരുദദാനശാലകളും, പലതരം കച്ചേരിശാലകളും ആയോധനാഭ്യസനശാലകളും, ഉൽകൃഷ്ട ജീവിത പരിശീലനശാലകളും, രാജ്യ ഭരണ നിർവ്വഹണശാലകളും, സദാ മുരശടിക്കുന്ന ശാലകളും കൊണ്ടു് ആ നഗരമെല്ലാം നിറഞ്ഞിരുന്നു.

ദേവാലയം

സർവ്വലോകവ്യാപകനായി വിളങ്ങുന്ന പരമദൈവം, തന്റെ വിശിഷ്ടകൃപയെ പ്രദർശിപ്പിക്കുന്നതിനായി എഴുന്നെള്ളിയ ജറൂസലം മഹാനഗരത്തിന്റെ മദ്ധ്യ

ത്തിൽ, സവ്ാലംകൃതമായി പണിചെയ്യപ്പെട്ടിരിക്കു
ന്ന ദേവാലയത്തെ, നവരത്നഖചിതമായ ഒരു കിരീട
മെന്നോ, ആ കിരീടത്തിൽ പതിയ്ക്കപ്പെട്ട രത്നമെ
ന്നോ, ആകാശമണ്ഡലത്തിൽ പ്രശോഭിച്ചുകൊണ്ടി
രിയ്ക്കുന്ന സൂര്യനെന്നോ, സുകൃതം ചെയ്വാനായിസ്വീ
കരിച്ച ശരീരമെന്നോ, ആ ശരീരത്തിൽ ജീവനെ
ന്നോ, സുന്ദരമായ മുഖമെന്നോ, ആ മുഖത്തിനു നയ
നമെന്നോ, പോലെ ആണെന്നല്ലാതെ മററെന്തെന്ന്
ഞാൻ പറയട്ടെ?

ഒരു ഭാഗത്തു സ്വർണ്ണച്ചുവരോടുകൂടിയ വജ്റത്തൂ
ണിന്മേൽ പവിഴത്തൂണിൻെറ വിചിത്രതരമായ അഗ്ര
ഭാഗം പവിഴപ്പോതികയും, ഒരു ഭാഗത്തു പവിഴത്തൂ
ണിന്മേൽമരതകപ്പോതികയും ഒരുഭാഗത്തുതങ്കത്തൂണി
ന്മേൽ നാനാരത്നപ്പോതികയുംചേത്തു കെട്ടപ്പെട്ടിരിക്കു
ന്ന പല മണ്ഡപങ്ങൾ ആ ദേവാലയത്തിനെതിരേ
കാണാം. മനോഹരമായ തങ്കത്താൽ വിടവുകളടച്ച്
നാനാരത്നക്കല്ലുകൊണ്ടു ഭിത്തികെട്ടി പശിമയുള്ള സ്വ
ർണ്ണംകൊണ്ടലങ്കരിച്ച്, വാനത്തുരുമ്മി വിലസുന്ന ആ
ദേവാലയ ശിഖരം കണ്ടാൽ മനുഷ്യർ കേറുന്നതായും
മാലാഖമാർ ഇറങ്ങുന്നതായും മുൻപു യാക്കോബ് ക
ണ്ട ഗോവണിയെപ്പോലെ തോന്നും. മാണിക്യത്താൽ
ആയിരം വിളക്കുകളും, മുത്തും പവിഴവും ഇടകലന്ന
അരികുമണികൾ ചാത്തി നീലരത്നംകൊണ്ടു നിമ്മി
ച്ചിട്ടുള്ള ആയിരം വിളക്കുകളും, വജ്റത്താൽ ആയി
രം വിളക്കുകളും കൂടി പകലിനേക്കാളധികമായി ജ്വ
ലിച്ചു പ്രകാശിക്കും. കൂടാതെയും നാനാ രത്നങ്ങളിൽ
നിന്നു പ്രതിഫലിക്കുന്ന പ്രകാശവും, തങ്കത്തകിടുകളു

ടെ പ്രകാശവും, ഒന്നിച്ചുകൂടി പ്രഭാപൂരം ചിന്തു മ്പോൾ കണ്ണുകൾ മഞ്ചുമെന്ന ശങ്കയാൽ അകിൽ മുതലായ സുഗന്ധധൂപങ്ങളും പുഷ്പസൗരഭ്യങ്ങളും ഇടവിടാതെ പൊങ്ങിപ്പറന്നുകൊണ്ടിരിക്കും. മാത്രമല്ല, നാനാവിധവാദ്യഘോഷങ്ങളാലും ഗാനാലാപങ്ങളാലുമുണ്ടാകുന്ന ശബ്ദമോ, കടൽമുഴക്കത്തേക്കാളും ഗംഭീരതരമായിരിയ്ക്കും. അത്രയുമല്ല, പൂവും, ചന്ദനവും, പനിനീരും കൂടി വർഷിക്കുന്ന സൗരഭ്യ വൃഷ്ടിയും, സൃഷ്ടികർത്താവിനു സ്തോത്രം ചെയ്യുന്ന ഗാനവൃഷ്ടിയും, നിർമ്മലരായ കന്യകകൾ പാടുന്ന പുകൾ വൃഷ്ടിയും മേഘം വർഷിക്കുന്ന മഴയേക്കാൾ അധികമായി വർഷിയ്ക്കും. ദിനംതോറും വേദാചാര്യന്മാർ വേദമുറപ്രകാരം ദൈവാരാധനകളും, ബലികളും നടത്തി നിരുപമനും നിർവ്വികാരനുമായ സത്യ ദൈവത്തെ ആരാധിക്കുന്നതിനാൽ ആ ജരൂസലം ദേവാലയത്തിൻെറ വിശേഷത്തെ വർണ്ണിക്കുന്നതു് ആർക്കും പ്രയാസമായിരിയ്ക്കും. ഇപ്രകാരം സർവ്വലോകങ്ങളേയും, ഏകഛത്രാധിപനായി ഭരിക്കുന്ന ആദ്യന്ത വിഹീനനായ പരമദൈവത്തെ സ്തുതിച്ചാരാധിക്കുന്നതുകൊണ്ടും, സീമാതീതഫലം നൾകുന്ന അനർഘപുണ്യങ്ങൾ ചെയ്യുന്നതുകൊണ്ടും, അന്യാദൃശ സമ്പൽ സമൃദ്ധികൊണ്ടും ജനങ്ങളെല്ലാം സന്തുഷ്ടചിത്തരായി വസിച്ചിരുന്ന ആ ജരൂസലം മഹാനഗരമത്രെ, യൂദേയാ ദേശങ്ങളുടെയെല്ലാം തലസ്ഥാനമായ രാജധാനി.

—:o:—

# അദ്ധ്യായം മൂന്നു്

മാർയൗസേപ്പിൻെറ ജനനം.
ദാവീദുനൃപൻെറ പ്രതാപം.

ഇപ്രകാരം മാഹാത്മ്യസംയുക്തമായ ജറുസലമം ഹാനഗരത്തിൽ, പൂർണ്ണദയാഭൂഷിത്തനായി, ഔദാൎയ്യ നിധിയായി, രത്നാഭരണ വിഭൂഷിതനായി, മഹാൾജ ബലപരാക്രമശാലിയായി, ആയുധാഭ്യാസനിപുണനായി, ഭൂപാലകുലമകുടമണിയായ ദാവീദ് നൃപൻ, ശരീരത്തിന്നു ജീവൻ എന്നപോലെ വിളങ്ങിക്കൊണ്ടിരുന്നു. രാജചിഹ്നങ്ങളായ സിംഹക്കൊടിയും, ചന്ദ്രവട്ടക്കുടയും, സ്വർണ്ണത്തേരും അദ്ദേഹത്തിൻെറ പ്രതാപ മഹത്വങ്ങളെ പൂർവ്വാധികം വർദ്ധിപ്പിച്ചു. ഇദ്ദേഹം ഒരു തപോജീവിത പ്രസക്തനും, നീതിന്യായ പരിപാലന തല്പരനും, സത്യവേദ പ്രചാരണോത്സുകനും ആയിരുന്നതുകൂടാതെ, സ്വർഗ്ഗത്തിലാചരിക്കുന്ന സുകൃതമുറകളെ ഈ ലോകത്തിൽവച്ചുതന്നെ പ്രാപിച്ച മഹാനുമായിരുന്നു. തൻെറ അധികാരത്തിലുള്ള ജനങ്ങൾക്കു് കലാവിദ്യകളും, സമ്പത്തുകളും, സുകൃതങ്ങളും, ക്ഷേമങ്ങളും അഭിവൃദ്ധമായിട്ടു് സ്വർഗ്ഗത്തെയും അതിശയിക്കയോ എന്നു തോന്നുമാറു് ഇദ്ദേഹം ആ രാജ്യം മുഴവനിലും പ്രജാപരിപാലനം ചെയ്തിരുന്നു. ഇദ്ദേഹം, ബാലനായിരിയ്ക്കുന്ന കാലത്തു്, സത്യവേദത്തെ നിന്ദിച്ചു് വളരെ കാലമായി ഉപദ്രവം ചെയ്തുവന്ന പ്ലിസ്തേയക്കാരുടെ തലവനായ ഗോലിയാത്തു് എന്ന മഹാ രാ

ക്ഷസനെ ദൈവകൃപയാൽ ഒരു കവണിക്കല്ലുകൊണ്ടു് എറിഞ്ഞുകൊല്ലുകയുണ്ടായി. ഇങ്ങനെ കീൎത്തിമാനായിത്തീൎന്ന ദാവീദുരാജാവു് ഒരു ഉത്തമതാപസനായി, മഹാ പുണ്യവാനായി സകല വരങ്ങളേയും പ്രാപിച്ചു് സ്വൎഗ്ഗസ്ഥരിൽ ഒരുവനെന്നോണം ഭൂലോകത്തിൽ വസിച്ചിരുന്നു. ഒരു ദിവസം സൃഷ്ടികൎത്താവു അദ്ദേഹത്തേ നോക്കി ഇപ്രകാരം കല്പിച്ചു:—"നിന്റെ സന്തതിയിൽ പല തലമുറകൾ കഴിഞ്ഞശേഷം ജനിക്കുന്ന ഒരു ശിശു നിന്നെ സമ്മോദിപ്പിക്കും. ആ ശിശുവിനു് മൂന്നു ലോകങ്ങളേയും ഭരിക്കുന്നതിനു് വരം നല്കും" ഇതു പിൽക്കാലത്തിൽ നമ്മുടെ ദിവ്യരക്ഷകന്റെ ജനനത്താൽ പൂൎത്തിയായി എങ്കിലും, ആ ദൈവകുമാരൻ ത്രിലോകഭരണത്തെ കൈക്കൊള്ളുന്നതു ഒരു അതിശയനീയ സംഭവമോ അസാദ്ധ്യകൎമ്മമോ അല്ല. അതു് അവിടുത്തെ സ്വന്തമാകുന്നു. എന്നാൽ ഈ ലോകത്തിൽ സകല മനുഷ്യരും ജനിക്കുന്നവിധത്തിൽ, ആ ദാവീദുരാജാവിന്റെ ഗോത്രത്തിൽതന്നെ ജനിച്ച മറെറാരു ശിശുവിനു്, സ്വൎഗ്ഗത്തെയും ഭൂമിയെയും ഭരിക്കുന്നതിനുള്ള വരം നൽകിയതാണു് ആശ്ചൎയ്യകരമായിട്ടുള്ളതു്. ആ ശിശു അഹങ്കാരം, കാമം, കോപം മുതലായ ദുൎഗ്ഗുണങ്ങളെ പാടേ വിപാടനം ചെയ്ത താപസവരനായ മാർയൌസേപ്പാകുന്നു. ദൈവം, ഇദ്ദേഹത്തെ മഹാപ്രതാപവാനായ ദാവീദുരാജാവിന്റെ വംശത്തിൽ ജനിപ്പിച്ചു്, രാജകീയൈശ്വൎയ്യലേശം കൂടാതെ കൈത്തൊഴിൽകൊണ്ടു് നിത്യതയെ നിൎവ്വഹിപ്പിച്ചിരുന്നെങ്കിലും, യഥാൎത്ഥമായ സുകൃതാഭിവൃദ്ധി

യാലും പ്രാപിച്ച ശ്രേഷ്ഠവരങ്ങളാലും സ്വർഗ്ഗവും ഭൂമിയും വണങ്ങുകതന്നെ ചെയ്തു.

എങ്ങനെയെന്നാൽ, അനന്തജ്ഞാനവും ശക്തിയുമുള്ള ദൈവം, ദാവീദുരാജാവിനോട് കല്പിച്ചപ്രകാരം നിറവേററുന്നതിന് നിശ്ചിതകാലത്തിൽ യാക്കോബിൻെറ പത്നിയായ റാഹേലിൻെറ ഉദരത്തിൽ മാർയൌസേപ്പ് ഉത്ഭവിക്കുന്നതിനു കനിഞ്ഞു. പൂവിൽ തേൻപോലെയും ശംഖിൻ മുത്തുപോലെയുംഗർഭംധരിച്ച ആ മഹിളാവതംസം, ഗർഭധാരണത്താൽ ഉണ്ടാകുമാറുള്ള യാതൊരുവക രോഗസങ്കടങ്ങളും കൂടാതെ, ഹൃദയത്തിലുണ്ടായ സന്തോഷാധിക്യത്താൽ പൂർവ്വാധികം സൌന്ദയ്യത്തോടുകൂടി പ്രകാശിച്ചു. ഇവൾ ഗർഭം ധരിച്ച ഏഴാംമാസത്തിൽ ദൈവം ആ ശിശുവിൻെറ ജന്മപാപത്തെനീക്കി, ആ കുട്ടിക്ക് പല നന്മകളേയും ദിവ്യവരങ്ങളേയും പ്രദാനംചെയ്തു. ഇതിനെ തള്ള അറിഞ്ഞിരുന്നില്ലെങ്കിലും, ഏതോ ഉള്ളിലുണ്ടായ ഒരു വിസ്മയത്താൽ അവളുടെഹൃദയം ആനന്ദിച്ചിരുന്നു. കാലത്തിൻെറ പൂൎണ്ണതയിൽ, പൂൎണ്ണചന്ദ്രൻ ഉദിച്ചാലെന്നവിധം ജനിച്ച കുട്ടിയുടെ സൌന്ദയ്യാതിശായത്തെ കണ്ടിട്ട് അവൾ ആനന്ദമഗ്നയായി. ഇപ്രകാരം പ്രസന്നവദനയായ തള്ളയോടുകൂടി കുട്ടിയേയും വിശേഷിച്ച്, ആ ശിശു പ്രാപിച്ച ദൈവവരങ്ങളാൽ അതിൻെറ മുഖത്തു കളിയാടിക്കൊണ്ടിരുന്ന ദിവ്യതേജസ്സിനേയുംകണ്ട സകലരും സന്തോഷഭരിതരായി, ഈ ബാലൻ ഇനി ദൈവതൃപ്പാദത്തിന് ഒരു വിശിഷ്ട ഭൂഷണമായി വിളങ്ങുമെന്ന് മംഗളാശംസചെയ്തു. അ

പ്പോൾ തള്ളയും തങ്കപ്രതിമയായ തന്റെ കുമാരനെ കൈയിലേന്തി "എന്റെ വാത്സല്യഭാജനമായ യൌസേപ്പേ! നീ മഹാകവികളുടെ സ്തോത്രവർണ്ണനകളേക്കാൾ ഉൽകൃഷ്ടമായ സുകൃതകൃത്യങ്ങളെ ആധാരമാക്കികൊണ്ടു വളൎന്നാലും" എന്നാശംസിച്ച് ദൈവതിരുപ്പാദത്തിൽ സമൎപ്പിച്ചുവണങ്ങി "എന്റെ ദൈവമേ! ഈ കുട്ടി ബാലചന്ദ്രൻ വളരുന്നതുപോലെ നാൾതോറും സുകൃതങ്ങളോടു കൂടി വളരുന്നതിന് അനുഗ്രഹിച്ചാലും" എന്നപേക്ഷിച്ചു. ഈ അപേക്ഷയെ ദൈവം അംഗീകരിച്ചതിന്റെ ലക്ഷ്യമായി "എന്റെ കൃപ ലഭിച്ച ഈ ബാലൻ സുകൃതമുറയിൽ മാറാതെ നിലനിന്ന് എന്റെ മാറിലണിയത്തക്ക "തേമ്പാവണി" (വാടാമാല) ആകും" എന്ന് ആകാശത്തിൽനിന്ന് ഒരു അശരീരിവാക്യം കേൾക്കപ്പെട്ടുകയും മാലാഖമാർ പുഷ്പമാരി പൊഴിക്കുകയും ചെയ്തു. ഈ ശബ്ദം കേട്ട തള്ള ആകട്ടെ, വിസ്മയഭരിതയായി ദൈവതിരുപ്പാദത്തിൽ വീണ് ആരാധിച്ചു. അപ്പോൾ ആചാൎയ്യന്മാർ വന്ന് വേദമുറപ്രകാരം ചെയ്യേണ്ട കൎമ്മങ്ങളെല്ലാം അന്യൂനമായി നിൎവ്വഹിച്ച് എത്രയും ശ്ലാഘിച്ച് പോയി. ചന്ദ്രനെ ചുററിയിരിക്കുന്ന നക്ഷത്രങ്ങളെന്നവിധം ചുററും നിന്നിരുന്ന ചിലർ ആ കുട്ടിയെ തളവള മുതലായ ആഭരണങ്ങൾ അണിയിച്ച് പൂമെത്തമേൽ കിടത്തി; ചിലർ ഈ ബാലൻ ലോകത്തിന് ഒരു തിലകമാണെന്നും. ചിലർ സൂൎയ്യൻതന്നെ ഒരു കുട്ടിയായി ഇവിടെ വന്നുദിച്ചിരിക്കുന്നുവോ എന്നും, ചിലർ കാട്ടിൽവച്ചു ചെയ്യുന്ന തപസ്സിനെ നാട്ടിലിരുന്നുകൊണ്ടു

ചെയ്യുന്ന മഹത്വമുള്ളവനാണിവനെന്നും, ചിലർ സത്യവേദത്തെ പ്രകാശിപ്പിക്കുന്നതിനായി വന്ന വിജ്ഞാനജ്യോതിസ്സാണിവനെന്നും മററും പലരും പലവിധത്തിൽ സ്തുതിച്ചുകൊണ്ടാടിയിരുന്നു.

—:o:—

## അദ്ധ്യായം നാല്

### ബാലമാഹാത്മ്യം

മുൻപ്രസ്താവിച്ചവണ്ണം സ്വർഗ്ഗത്തിനടുത്ത രാജാവായി മാർയൌസേപ്പ് തിരഞ്ഞെടുക്കപ്പെട്ടതിനാൽ മാലാഖമാർ ആ രാജമഹത്വത്തിനടയാളമായി ദയയെ ഐശ്വര്യമായും ദിവ്യദൃഷ്ടിയെ ചെങ്കോലായും ധരിപ്പിച്ചു. ബാലശരീരത്തിൽ ജ്ഞാനവൃദ്ധതയോടുകൂടി ഈ കുമാരൻ ബാലചന്ദ്രനെപ്പോലെവളന്നു. മൂന്നുവയസ്സിൽതന്നെ എത്രയും ബുദ്ധിപൂർവ്വം കൈത്തളിർ കൂപ്പി നെററി നിലത്തു മുട്ടുമാറു ഭയഭക്തികളോടും ആശയോടും കൂടി ദൈവതൃപ്പാദത്തെ വണങ്ങി. കൂടാതെയും സ്വഭാവസിദ്ധമായ ജ്ഞാനത്തിനനുസരണമായി പ്രകൃതിയിൽ കാണുന്ന വസ്തുക്കളെക്കുറിച്ചൊക്കെയും പര്യാലോചിക്കയും ധ്യാനിക്കയും ചെയ്യുന്ന ഈ ബാലൻ, സായഹ്നത്താമരപോലെ കൈകൂപ്പി പ്രഭാതത്താമരപോലെ മുഖം വികസിച്ചു്, ആകാശമണ്ഡലത്തേയും സൂര്യചന്ദ്രനക്ഷത്രാദികളേയും ഉന്നതശൃംഗങ്ങളോടുകൂടിയ പർവ്വതങ്ങളേയും അവയിൽനിന്നും പുറപ്പെടുന്ന നദികളേയും അവ ചെന്നുചേരുന്ന സമു

ദ്രങ്ങളേയും അവയിൽ ചുററപ്പെട്ട ഭൂമിയേയും നോക്കി അവയെ എല്ലാം സൃഷ്ടിച്ച പരമകത്താവിനെ പുകഴ്ത്തും; പൂമാലയിൽ നിന്നൊഴുകുന്ന പൂന്തേനിനേയും കരിമ്പാലയിൽനിന്നും പായുന്ന കരിമ്പിൻനീരിനേയും പൂഞ്ചോലയിൽനിന്നു സമൃദ്ധിയായൊഴുകുന്ന കാട്ടുതേനിനേയും കണ്ടു് ആനന്ദസമുദ്രത്തിൽ ആറാടും; മരത്തണലിൽ ഗോക്കളും ജലത്തിൽ ശംഖുകളും പൂക്കളിൽവണ്ടുകളും വയലിൽഅന്നങ്ങളും പൂഞ്ചോലയിൽ മയിലുകളും സമുദ്രത്തിൽ മത്സ്യങ്ങളും സുഖനിദ്ര ചെയ്യുംവണ്ണം നടത്തുന്ന ദൈവത്തിന്റെ സവ്വലോകപരിപാലനക്രമത്തെക്കണ്ടു് ഉറങ്ങും; കുയിലുകൾ കൂവുന്നതും.കിളികൾ ചിലയ്ക്കുന്നതും വണ്ടുകൾ മൂളുന്നതും അന്നങ്ങൾ ശബ്ദിക്കുന്നതും കേട്ടു് ദൈവത്തെ പാടിസ്തുതിക്കും; ഈ വിധത്തിൽ സൃഷ്ടിവസ്തുക്കളോരോന്നിനേയും സൂക്ഷ്മനിരീക്ഷണം ചെയ്തു്, നവീനങ്ങളായ ശാസ്ത്രീയജ്ഞാനങ്ങളേയും അതിനടുത്ത സന്മാൎഗ്ഗപാഠങ്ങളേയും,പഞ്ചേന്ദ്രിയങ്ങളും പരമസന്തോഷം അനുഭവിക്കുമാറു അഭ്യസിക്കും; നഭോമണ്ഡലത്തിൽ ഉജ്വലപ്രഭയോടുകൂടി വിലസുന്ന ജ്യോതിസ്സുകളെ ദീപമായും, നാനാവിധ പുഷ്പലതാദികളാൽ രമണീയമായ ഭൂഗോളത്തെ സഞ്ചാരമാൎഗ്ഗമായും കരുതിയ ഈ ബാലൻ ദൈവതൃപ്പാദത്തെ പ്രാപിക്കുന്നതിനു ഏവൎക്കും മുമ്പനായി നടക്കും. ജലപ്രവാഹത്താൽ പല നദികൾ ഒന്നുചേൎന്നു് പെരുകിയാലെന്നാവിധം ഉൽകൃഷ്ടജ്ഞാനസിദ്ധുവായ ഈ കുമാരൻ, മനുഷ്യരെ വഞ്ചിച്ചു തിന്മചെയ്യിക്കുന്ന പിശാചുക്കൾ തന്റെ ദൈവപ്രസാദവരങ്ങളെ നഷ്ടപ്പെടുത്താനായി പരീ

ക്ഷിക്കുമ്പോൾ അതിനു വഴിപ്പെടാതെ സച്ചിന്തകൊണ്ടു് ധൈൎയ്യസമേതം എതിൎത്തു് വിജയം നേടും.

മാർയൌസേപ്പ് തപസ്സിനെ കാംക്ഷിച്ചു് വനത്തിലേക്കു പോകുന്നതു്: — അന്തരംഗഭംഗി മുഖദൎപ്പണത്തിൽ പ്രതിബിംബിക്കുംപോലെ, തനിക്കു സിദ്ധിച്ചിട്ടുള്ള ധാരാളമായ ദിവ്യവരങ്ങൾ പുറമേയും കാണപ്പെടുംവിധം വിളങ്ങിയ മാർയൌസേപ്പ്, തന്റെ ദ്രഷ്ടാക്കളുടെ നയനങ്ങളെ ബലാദാകൎഷിക്കുവാൻ തക്ക സുന്ദര ശരീരനായിരുന്നെങ്കിലും, ആ സൌന്ദൎയ്യം നിഷ്ഫലമായതാകയാൽ അതിന്മേൽ ലേശംപോലും ആശയുള്ളവനായിരുന്നില്ല. ഈ ദേഹത്തിന്റെ നവകോമളതയെ കാണാനായി അടുത്തുചെല്ലുന്ന വനിതാവദനങ്ങൾ, സൂൎയ്യോദയത്തിൽ വികസിച്ചുവരുന്ന താമരപ്പൂക്കളെപ്പോലെയും, അവരുടെ കണ്ണുകൾ താമരപ്പൂവിൽ സ്പൎശിക്കുന്ന വണ്ടുകളെപ്പോലെയും തോന്നും. എന്നാൽ യൌസേപ്പാകട്ടെ, സ്ത്രീമുഖം കണ്ടാൽ ചന്ദ്രോദയത്തിൽ കൂമ്പുന്ന താമരയേപ്പോലെ തന്റെ മുഖത്തെ സങ്കോചിപ്പിക്കുകയും കണ്ണുകളടച്ചുകളയുകയും ചെയ്യും. അവരുടെ മധുരമൊഴികളെ രക്തപാനംചെയ്യുന്ന വേലിനേ എന്നപോലെ ഭയന്നു് ശ്രദ്ധിക്കയേയില്ല. "അടക്കളത്തിൽ വില്ലിൽതൊടുത്ത ശരത്തോടുകൂടി എതിൎത്തുനില്ക്കുന്നവനേ വിജയം പ്രാപിക്കയുള്ളു; എന്നാൽ കാമപ്പോരിലാകട്ടെ, സ്ത്രീമുഖത്തിനെതിരേ നില്ക്കാതെ പിന്തിരിഞ്ഞോടുന്നവനത്രേ ജയം നേടുന്നതെ"ന്ന വസ്തുതയെ നല്ലതിൻവണ്ണം ഗ്രഹിച്ചിരുന്ന മാർയൌസേപ്പ് ചെറുപ്പത്തിലേതന്നെ തപസ്സ

ചെയ്യാനായി സ്വദേശത്തെ വിട്ടു് വനാന്തരത്തിലേക്കു് പൊയ്ക്കളഞ്ഞു. അതിനാൽ ആ നഗരവാസികൾ അദ്ദേഹത്തെ കാണാഞ്ഞു് വളരെ വ്യസനിക്കുകയുണ്ടായി.

വനാന്തരത്തിൽ പ്രവേശിച്ച ഈ ബാലതാപസൻ വാനംമുട്ടുമാറുയൎന്ന ഒരു പൎവ്വതംകണ്ടു് അവിടെ ഒരു വൃക്ഷഛായയിലിരുന്നാശ്വസിച്ചു. അനന്തരം ഒരു നവസുഖത്തോടുകൂടി ആ മലയെ നോക്കി താഴെ വരുന്ന പ്രകാരം ഗാനംചെയ്തു:— "മഹാപാതകങ്ങളെ ചെയ്യാനിടവരുത്തുന്ന പഞ്ചേന്ദ്രിയങ്ങളേയും, അവയെ വിരുത്തം പ്രേരിപ്പിക്കുന്ന ദുരാശകളേയും നിഗ്രഹിച്ചു് സംസ്കരിക്കാൻ തക്ക സ്ഥലം, മേഘത്താൽ ചുററപ്പെട്ട ഈ മലയത്രെ. കാർമേഘങ്ങൾ നെടുകെയുയൎന്നും കായ്കനികൾ നിറഞ്ഞ പൂങ്കാവുകളാൽ ചുററപ്പെട്ടും നയനാനന്ദകരങ്ങളായ പൂക്കളാൽശോഭിച്ചും ഏവരെയും തങ്കലേക്കാകൎഷിക്കുന്ന ഈ മലയത്രെ സ്വൎഗ്ഗരാജ്യം പ്രാപിക്കുന്നതിനു് സുഗമമാൎഗ്ഗമായ തപസ്സു് ചെയ്തു് ദൈവത്തെ സ്തുതിക്കുന്നതിനുള്ള സ്ഥലം. മഴ പെയ്യുന്നതിനാൽ നദി പെരുകുന്നതുപോലെ ദയ നിറഞ്ഞ മനസ്സിൽ ദൈവപ്രസാദം നിറയ്ക്കുന്ന സ്ഥലവും ഈ മലയത്രെ. ബാലസൂൎയ്യന്റെ കിരണാങ്കുരങ്ങളെക്കൂമാറുന്നത ശൃംഗങ്ങളോടുകൂടിയതായും, മാനസ തിമിരമകററി നിൎമ്മലജ്ഞാനം പ്രാപിച്ചു് ഉഗ്രതപസ്സു് ചെയ്യുന്നതിനു് ഹേതുവായും, ജീവരക്ഷയ്ക്കായി ദുൎഗ്ഗമങ്ങളായ കിടങ്ങുകളോടുകൂടി ശത്രുവിനെതിരെ സ്ഥാപിച്ച ബലവത്തായ കോട്ടയ്ക്കു് സമാനമായും സ്ഥിതിചെയ്യുന്ന സ്ഥലവും ഈ മലയത്രേ"

യൌസേപ്പ് നഗരത്തിലേക്ക് പിന്തിരിയുന്നതു്:-യൌസേപ്പ് ഇപ്രകാരം പാടിക്കൊണ്ടിരിക്കവെ, കടലിൽവീണു കഷ്ടപ്പെട്ടുന്നവന് കരകണ്ടുകിട്ടിയാലെന്നവിധം സന്തോഷസാഗരത്തിൽ നിമഗ്നനായി വൃക്ഷങ്ങൾനിറഞ്ഞ ആ മലമുകളിൽ കയറി അവിടെ ഉണ്ടായിരുന്ന ഒരു പൂങ്കാവിൽ പ്രവേശിച്ചു. അപ്പോൾ ഒരു വൃദ്ധനായ മനുഷ്യൻ തനിക്കെതിരേ വന്നു് ഇപ്രകാരം ചോദിച്ചു:—അല്ലയോ സുന്ദര ബാലാ! നീ എവിടെപോകുന്നു.

യൌസേപ്പ്:- പിശാചുകളുടെ ചതിയെ ഭയന്നു് വീടുപേക്ഷിച്ചു് കാട്ടിൽപാൎത്തു് തപസ്സു ചെയ്യാമെന്നുകരുതി ഈ മലയിലേക്കു പോകുന്നു.

വൃദ്ധൻ:-അറിവുള്ള കുട്ടീ! ഇടിമുഴക്കത്തോടുകൂടി വിടരുന്ന മുല്ലയല്ലേ അധികം വാസന വീശുന്നതു; കാററിനെ ഭയന്ന കപ്പൽക്കാർ വിദേശസമ്പത്തുകളെ കൊണ്ടുവരുമോ? യുദ്ധരംഗത്തിൽ എതിൎത്തുനിൽക്കുന്നവനല്ലാതെ പിന്തിരിഞ്ഞോടുന്നവൻ ജയം നേടുന്നുണ്ടോ? ആകയാൽ നാട്ടിൽതന്നെ പാൎത്തു പുണ്യംചെയ്യുന്നതത്രേ നന്മയായിട്ടുള്ളതു്.

യൌസേപ്പ്:- മാന്യരെ! നാട്ടിൽ ചെന്നാൽ വിഷത്തേക്കാൾ കടുത്ത പഞ്ചേന്ദ്രിയങ്ങളും പുറമേയുള്ള സകല വസ്തുക്കളുംകൂടി ഒത്തുചേൎന്നു് മത്സരിക്കുമ്പോൾ മനസ്സിൽ കത്തിയെരിയുന്ന ദുരാശകളെ കെടുത്തുന്നതു് മഹാ പ്രയാസമായിരിക്കും.

വൃദ്ധൻ:- തീയിൽ വച്ചാൽ സ്വൎണ്ണം പ്രകാശിക്കും; പുകച്ചാൽ അകിൽക്കട്ട സുഗന്ധം പരത്തും; ഉര

ച്ചാൽ രത്നങ്ങൾ വിളങ്ങും; അതുപോലെതന്നെ പരീക്ഷയിൽ എതിൎത്തുനിന്നാൽ സുകൃതത്തിന്റെ മഹത്വം മാററുകൂടി ശോഭിക്കും. അതിനാൽ വിശിഷ്ടനായ ബാലാ! ഇതിനെ നീ ഒരു വേദവാക്യമായിട്ട് അംഗീകരിച്ചുകൊള്ളണം.

യൌ:—നിൎദ്ദയനായ ശത്രുവിനെക്കാൾ കടുത്ത ദുരാശകളെ അടക്കുകയും മനസ്സിനെ ശുദ്ധീകരിക്കയും ചെയ്യണമെന്നുദ്ദേശിക്കുന്നവന്റെ ഉത്തമമായ മുറ ലോകൈശ്വൎയ്യങ്ങളെ എല്ലാം വെറുത്തുപേക്ഷിച്ച് വനത്തിൽപോയി തപസ്സു ചെയ്യുന്നതാണ് എന്നത്രെ ജ്ഞാനികൾ പറഞ്ഞിട്ടുള്ളത്.

വൃദ്ധ:- എല്ലാ വസ്തുക്കളേയും ഒരുപോലെ ഉപേക്ഷിച്ച് പൊയ്ക്കൊള്ളയാമെന്നു വെച്ചത് ഒരുതരം വിവേകരഹിതമായ സിദ്ധാന്തമാണ്; വിരോധിച്ചു മത്സരിക്കുന്നവയെല്ലാം തന്റെ ചുററും ഉണ്ടായിരിക്കെ ഹൃദയത്തിന്റെ വാതലിനെ അടച്ച് ഒന്നിനേയും അകത്തേക്ക് കടത്താതെ സൂക്ഷ്മമായി ഇടവിടാതെ കാത്തുകൊണ്ടിരിക്കുന്നതാണ് ദീൎഘകാലസമരമായി അധികഫലം ചെയ്യുന്നത്; ഇതാണ് പുണ്യസമ്പാദനത്തിന് ഉത്തമമായ മാൎഗ്ഗം.

യൌ: — നല്ല പഴങ്ങളെ പലപ്പോഴും പറിച്ചുകൊടുക്കുന്നതാണോ നല്ലത്? അതല്ല, പഴത്തോടുകൂടെ ആ മരത്തേയും സ്വാധീനപ്പെടുത്തിക്കൊടുക്കുന്നതാണോ നല്ലത്? ഇവയിൽ തനിക്കുള്ള വസ്തുക്കളെയും മനസ്സിനേയും ഒന്നുപോലെ വെറുക്കുന്നതാണ് യഥാൎത്ഥമായ തപസ്സെന്ന് വൈദികരും പറയുന്നുവല്ലോ.

വൃദ്ധ:—പഴത്തേയും മരത്തേയും കൂടി ദാനംചെയ്താലെന്നവിധം നീ ഒരുവൻമാത്രം സന്മാൎഗ്ഗിയായി ജീവിക്കുന്നതാണോ നല്ലതു്? അതല്ല, തന്റെ നാട്ടിൽ താമസിച്ചു് തന്നോടുകൂടെ മററുള്ള സമസൃഷ്ടങ്ങളേയും സന്മാൎഗ്ഗികളാക്കി തീൎക്കുന്നതാണോ നല്ലതു്? നീ പറയുക.

യൌ:- പൂജ്യരെ! അന്യന്റെ വീട്ടിൽ തീപിടിച്ചു് എരിയുന്നതിനെക്കണ്ടു് കെടുത്താനോടുമ്പോൾ സ്വന്തംവീടുതന്നെ തീപിടിച്ചു ദഹിച്ചുപോയാലെന്നവിധം, ദുരാശയെ അടക്കണമെന്നു് അന്യരോടുപദേശിക്കുമ്പോൾ താൻതന്നെ ആ ദുർമ്മോഹത്തിന്നടിമപ്പെട്ടു് ഉള്ളം ദഹിപ്പിച്ചാൽ നന്നായിരിക്കുമോ?

വൃദ്ധ:—ദോഷം കൂടാത്ത സ്ഥലം പ്രാപിക്കണമെന്നാണെങ്കിൽ നേരെ സ്വൎഗ്ഗത്തിലേക്കുതന്നെ പോകണം. ഒരുവൻ തപസ്സിന്നായി കാട്ടിലുംമററും പോയാലും അവനോടുകൂടി മനസ്സും ബന്ധിച്ചിരിക്കുന്നതിനാൽ അവിടെയും വളരെ പോരുംമത്സരങ്ങളും ഉണ്ടാകും. ആകയാൽ പഞ്ചേന്ദ്രിയങ്ങളെ അടക്കി ധൎമ്മപഥത്തിൽ നില്ക്കുന്നതു് അവനവന്റെ മനോനിശ്ചയത്താൽ ആവുന്നതല്ലാതെ സ്ഥലത്തെ സംബന്ധിച്ചതല്ല.

യൌ:—ഗാൎഹസ്ഥ്യം എന്നും സന്ന്യാസം എന്നും രണ്ടുവിധത്തിലുള്ള പുണ്യജീവിതങ്ങളിൽ വച്ചു് സന്ന്യാസ പുണ്യജീവിതമാണു് ശ്രേഷ്ഠമായിട്ടുള്ളതെന്നു് കാരണവന്മാർ പറഞ്ഞുകേട്ടിട്ടുണ്ടു്. ഇതിനേക്കാൾ ഉപരിയായി ഇനി വേറൊരു പുണ്യജീവിതമുണ്ടൊ

ങ്കിൽ, അതിനെ പറഞ്ഞുതന്നാൽ ആ നല്ല ജീവിതത്തെ ഞാൻ അനുസരിക്കാം.

വൃദ്ധ:- കുഞ്ഞു പറഞ്ഞ ആ രണ്ടുവിധ ജീവിതപുണ്യങ്ങളേയും പ്രത്യേകം പ്രത്യേകം എടുത്തുനോക്കിയാൽ സന്ന്യാസപുണ്യമാണ് വിശേഷമെങ്കിലും ആ രണ്ടുവിധ പുണ്യജീവിതങ്ങളേയും സംയോജിപ്പിച്ചുകൊണ്ടു കഴിക്കുന്ന പുണ്യജീവിതമാണ് അതിവിശിഷ്ടവും ആത്മാവിന്നു സ്ഥിരതയും ഫലവും നൽകുവാൻ തക്കതും.

യൌ:- പാലിൽചേൎന്ന വെള്ളം അതിനെ ദൂഷിപ്പിക്കുന്ന ഗുണമുള്ളതല്ലെങ്കിലും, സൂൎയ്യപ്രകാശം ഉള്ളപ്പോൾ കത്തിച്ച വിളക്കിനെപോലെ മഹത്വം കുറഞ്ഞ സന്ന്യാസപുണ്യം ഒഴിച്ചുള്ള ഇതരപുണ്യങ്ങൾ, അതിൻെറ മാഹാത്മ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നതെങ്ങനെ?

വൃദ്ധ:-ചന്ദ്രനെ ചുററിനിൽക്കുന്ന നക്ഷത്രങ്ങളെപ്പോലെ, നാട്ടിൽ വസിച്ചുകൊണ്ടു് ചെയ്യുന്ന സന്ന്യാസപുണ്യം, സ്നേഹം, കരുണ, ജ്ഞാനം, ധൈൎയ്യം, ക്ഷമ, ഔദാൎയ്യം മുതലായ അമൂല്യസുകൃതങ്ങളാൽ അലംകൃതമായി പ്രശോഭിക്കും. ഇവ അന്യന്മാരെ സംബന്ധിച്ചു് ചെയ്യപ്പെടുന്ന പുണ്യങ്ങളാകയാൽ ഇവ കാട്ടിൽ നടപ്പില്ല. എന്നു മാത്രമല്ല, കാട്ടിൽ നടപ്പുള്ള താപസന്മാരുടെ പുണ്യങ്ങളെ അന്വേഷിച്ചറിഞ്ഞു് നാട്ടുകാൎക്ക് പ്രയാസംകൂടാതെ ചെയ്യുകയും ചെയ്യാം. എന്നാൽ ആ സന്ന്യാസികളുടെ തപ:കൃത്യങ്ങളെ, അല്ലെങ്കിൽ അവരുടെ തപസ്സുകൃതത്തെ നാട്ടിലേക്കു് കൂട്ടി

ക്കൊണ്ടുവന്നു് തന്റെ സമസ്തസൃഷ്ടികളായ ജനങ്ങൾക്കെല്ലാം എത്രയും ഫലപ്രദമായ ഒരു നവീനമാർഗ്ഗത്തെ തുറന്നു കാണിച്ചുകൊടുക്കുന്നതാണു് സ്വർഗ്ഗീയമാഹാത്മ്യത്തെയും ഗൌരവത്തെയും പ്രദർശിപ്പിക്കുന്ന സംഗതി. അല്ലയോ ബുദ്ധിമാനായ കുട്ടീ! നീ ചെയ്യേണ്ട പ്രവൃത്തി ഈ അവസരത്തിൽ ഇത്രമാത്രമാകുന്നു."എന്നുപറഞ്ഞു് ആ വൃദ്ധൻ മിന്നൽക്കൊടിപോലെ വിളങ്ങി അപ്രത്യക്ഷനായി.

ഇപ്രകാരം മാനുഷവേഷധാരിയായി വന്നു് യൗസേപ്പിനോടു സംഭാഷിച്ച ആ വൃദ്ധൻ ഒരു ദൈവദൂതനായിരുന്നു. ഈ വസ്തുതയെ ധരിച്ച ആ ബാലൻ, ദൈവത്തിനു സ്തോത്രം ചെയ്തുകൊണ്ടും മുഖത്തുനിന്നും ഉജ്വലമായ തേജസ്സ് വീശിക്കൊണ്ടും നിശ്ചേഷ്ടനായിരുന്നു. അനന്തരം ആ മാലാഖാ ഉപദേശിച്ച നീതിമുറകളേയും എടുത്തുകാണിച്ച മറ്റോരോ ന്യായങ്ങളേയും കുറിച്ചു പര്യാലോചിച്ചു. ഒടുവിൽ ഒരു ഭയഭക്തി പുളകിതമായ ഉത്സാഹത്തോടുകൂടി "ആദ്യന്തവിഹീനനായ എന്റെ സൃഷ്ടാവേ! അങ്ങേ പാദാരവിന്ദമല്ലാതെ അടിയനു് അന്യാശ്രയമോ മാർഗ്ഗമോ ഇല്ല. എന്റെ കുററങ്ങളെ തീർത്തരുളണമേ" എന്നു പ്രാർത്ഥിച്ചു. ഇങ്ങനെ പണ്ടത്തേക്കാളധികം വിജ്ഞാനസമ്പന്നനായും ഉത്സാഹമുള്ളവനായും ഘോരവിപിനത്തേവിട്ട് സ്വദേശത്തേക്കു മടങ്ങി. അവിടെ ഭൂലോകത്തിനു് ഒരു തിലകമെന്നോണം സർവരാലും ശ്ലാഘിക്കപ്പെട്ടവനായി വസിച്ചു. എങ്ങനെയെന്നാൽ വനത്തിൽവച്ചു് മാലാഖാ പറഞ്ഞ വാക്കുകളാൽ ധീ

രനും ഉന്മേഷവാനുമായിതീൎന്ന ഈ ദേഹം ശരീരം ധരിച്ചവനായിരുന്നെങ്കിലും സ്വൎഗ്ഗീയപുണ്യങ്ങളെ തപസ്സിനോടു യോജിപ്പിച്ചു് ചെയ്തു. അതിനാൽ മാലാഖാമാരേപ്പോലെ മഹത്വത്തേയും ജ്ഞാനത്തേയും പ്രാപിച്ചു. നിൎദ്ധനനായിരുന്നെങ്കിലും യാചകന്മാരെ സഹായിച്ചും കുററമില്ലാത്തവനായിരുന്നെങ്കിലും തപസ്സുതന്നെ ചെയ്തും കാഴ്ചക്കാരേവരും അവയെ കൈക്കൊണ്ടു് അനുകരിക്കുംവിധം ഒരു മാൎഗ്ഗദൎശകനായി ജീവിച്ചുവന്നു.

തപസ്സിനെ കാംക്ഷിച്ചു് വനത്തിൽപോകുന്ന ഒരുത്തൻ അവിടെ ചെന്നിട്ടും തന്റെ ദുരാശകളെ അടക്കുന്നില്ലെങ്കിൽ ഫലം എന്തു്? അവൻ തപസ്വിയാകയില്ല. എന്നാൽ ഈ ബാലനാകട്ടെ, സ്വദേശത്തെ പ്രാപിച്ചശേഷം പഞ്ചേന്ദ്രിയങ്ങൾക്കു വിഷയമാകുന്ന മാൎഗ്ഗത്തിലേക്കു് മനസ്സിനെ വിടാതെ സൂക്ഷിച്ചും "ഞാൻ എന്റെ" എന്ന രണ്ടു ബന്ധങ്ങളേയും വിച്ഛേദിച്ചും ജ്ഞാനരഹിതമായവയെ എല്ലാം വൎജ്ജിച്ചും സൎവ്വനന്മയായ ദൈവത്തെ മാത്രം ആഗ്രഹിച്ചു് കഠിന തപസ്സു ചെയ്തു വന്നു. ചേററിലേക്കു് സൂൎയ്യകിരണങ്ങൾ പ്രതിഫലിച്ചാലും ആ കിരണങ്ങൾ പങ്കകളങ്കിതമാകാത്തതുപോലെ നശ്വരമായ ഇഹലോകവസ്തുക്കളിന്മേൽ പഞ്ചേന്ദ്രിയങ്ങൾ പതിക്കുന്നതിനിടയായാലും, അവയാൽ അല്പംപോലും മനസ്സിളകാതെ നിശ്ചലനായിരിക്കും. ആദ്ധ്യാത്മികസമരരംഗമായ ഈ ഭൂമിയിൽ പാപത്തിന്നു് ഹേതുവായ ഇന്ദ്രിയസുഖങ്ങളെ ത്യജിച്ചുകൊണ്ടു ശോഭിക്കത്തക്കവിധം ജ്ഞാനം ലഭി

ച്ചിരുന്ന ഈ ബാലതാപസൻ, പന്ത്രണ്ടുവയസ്സിൽത്തന്നെ സന്തോഷത്തോടുകൂടെ സന്താപത്തേയും വൎദ്ധിപ്പിക്കുന്ന വിശാലപാതയായ വിവാഹത്തെ ഒരുനാളും ചെയ്യുന്നതല്ലെന്നു് ദൃഢനിശ്ചയം ചെയ്തു. എന്നാൽ ജലത്തെ നീക്കി പാലിനെ മാത്രം ഭുജിക്കുന്ന അന്നങ്ങളെപ്പോലെ തിന്മയെ വൎജ്ജിച്ചു് നന്മയെ സ്വീകരിച്ചും, എല്ലാവരോടും സദുപദേശം ചെയ്തു് സന്മാൎഗ്ഗത്തെ കാണിച്ചും സാധുക്കൾക്കു് തന്നാൽ കഴിയുന്ന സഹായം ചെയ്തും, ദുഃഖിച്ച ജീവികൾക്കെല്ലാം ആശ്വാസം നൽകിയും വന്നു. ഇങ്ങനെ ദൈവത്തുപ്പാദത്തേയും വേദവിധികളേയും ദീൎഘക്ഷമയേയും ആഭരണമായി ധരിച്ച ഈ താപസപ്രവരന്റെ ആത്മീയമാഹാത്മ്യത്തെ വൎണ്ണിക്കുവാൻ ആൎക്കും പ്രയാസമായിരിക്കും.

---

# അദ്ധ്യായം അഞ്ചു്.

—:o:—

## വിശുദ്ധവിവാഹം

ആദിമനുഷ്യന്റെ പാപത്താലുണ്ടായ നാശവും, അതിനെക്കുറിച്ചു് മാർ യൌസേപ്പു് വിലക്കുന്നതും:—ഒരുവൻ കുടിച്ചവിഷം അവന്റെ ദേഹമാസകലംവ്യാപിക്കുന്നതുപോലെ ആദാം ഭക്ഷിച്ച വിഷത്താലുണ്ടായ ദോഷബീജങ്ങൾ അവന്റെ സന്തതികളായ സകലമനുഷ്യരേയും തുടൎന്നുവരവെ ലോകം മുഴുവനും പാപാന്ധകാരം കൊണ്ടു നിറഞ്ഞു. എങ്ങനെയെന്നാൽ,മനുഷ്യർ വേദനീതികളെയും സാന്മാൎഗ്ഗികനിയമങ്ങളേ

യും ത്യജിച്ച്, ഏക സത്യദൈവത്തേയും അദ്ദേഹത്തിന്റെ സവ്വശക്തത്വത്തെയും വിസ്മരിച്ച് സൃഷ്ടിക്കപ്പെട്ട വസ്തുക്കളെ സ്രഷ്ടാവായി സങ്കല്പിച്ച് ഇങ്ങനെ സവ്വനന്മകളെയും കൈവെടിഞ്ഞു. പൂവ്വവിരോധികളും ബദ്ധവൈരികളുമായ പിശാചുക്കൾ സപ്പവേഷം ധരിച്ച് പാപവിഷത്തെ വിസജ്ജിച്ചുകൊണ്ട് എവിടെയും ചുററിത്തിരിഞ്ഞിരുന്നു. ആകയാൽ തൊലി,വായ്, കണ്ണ്, മൂക്ക്, ചെവി, എന്ന പഞ്ചേന്ദ്രിയങ്ങളും പൃത്ഥ്വി, അപ്പ്,തേജസ്സ്,വായു,ആകാശം എന്ന പഞ്ച ഭൂതങ്ങളും മററു ചരാചരങ്ങളും വിഷയമായിത്തീന്നു. സൂൎയ്യചന്ദ്രനക്ഷത്രാദികൾ പണ്ടത്തെപ്പോലെ ഭൂമിയെ പ്രകാശിപ്പിക്കാതെയും, മേഘം മഴ പൊഴിക്കാതെയും നിലങ്ങൾ ശരിയായി വിളവു നൽകാതെയും താന്താങ്ങളുടെ തൊഴിലുകളെ വിസ്മരിച്ചാലെന്നപോലെ ഇരുന്നു. സൽപ്രവൃത്തികൾ നാമാവശേഷങ്ങളായിട്ടു ദുഷ്പ്രവൃത്തികൾ ധാരാളമായിവദ്ധിച്ചു. പാപക്കൊട്ടും ക്രിയകളല്ലാതെ പുണ്യമെന്ന പാവനനാമം പോലും കേൾക്കാനില്ലെന്നായി. മനുഷ്യഹൃദയത്തിൽ വഞ്ചനയും മററു ഘോരദുൎഗ്ഗുണങ്ങളും ബലം പ്രാപിച്ചു. അതിനാൽ ദിവ്യമായതപസ്സും ദാനധമ്മാദിസുകൃതങ്ങളും ഭൂമുഖത്തുനിന്നുംമറഞ്ഞു. തൽഫലമായി ക്ഷാമവും രോഗവും മററുകഷ്ടതകളും വദ്ധിച്ചുപെരുകി. ഇപ്രകാരം പാപജീവിതംതന്നെ ജന്മോദ്ദേശ്യമെന്നു കരുതിയതിനാൽ ഭൂവാസികൾ അധഃപതിതരായി ലോകംമുഴുവനും പാപാന്ധകാരത്തിൽ നിമഗ്നമായിത്തീന്ന വസ്തുതയെ യഥാവിധംവണ്ണിക്കുവാൻ ശക്തിയുള്ളവനാർ?

ദൈവം മനുഷ്യാവതാരം ചെയ്യുന്നതിന് മാർ യൌസേപ്പ് അപേക്ഷിക്കുന്നതു്:- ഇവയെല്ലാം കണ്ടു് സന്തപ്തചിത്തനായിത്തീൎന്ന മാർ യൌസേപ്പ് ദൈവതൃപ്പാദത്തെ വണങ്ങി താഴെവരും പ്രകാരം സ്തുതിച്ചപേക്ഷിച്ചു.

"സകല ലോകങ്ങളെയും ഭരിക്കുന്ന നൃപതേ, ജീവനാഥാ! ദയാനിധേ! നിസ്തുലപ്രഭാകരാ! ദുഷ്ടപിശാചുകൾ ഈ ലോകത്തിന്റെ ഭരണസാരഥ്യം നിർവഹിച്ചുകൊണ്ടു് അതിഘോരങ്ങളായ ദുഷ്പ്രവൃത്തികളും ശത്രുതാപവും ചെയ്യുന്നതു നല്ലതുതന്നെയോ? നീ മനുഷ്യജാതിക്കു് കൃപ ചെയ്യുന്നതിനായി നിർദ്ദേശിച്ചിരിക്കുന്ന സമയം എപ്പോഴായിരിക്കുമോ? സത്യവേദത്തെ അവമതിച്ച വ്യാജമതങ്ങളുടെ വളൎച്ചയാൽ ഉത്തമമായ തപസ്സിനെ വെടിഞ്ഞു് മാംസേഛയിൽ നിമഗ്നരായ അനവധി ആത്മാക്കളെ ഘോരനരകാഗ്നിക്കു് ഇരയാക്കിയ ശേഷവും ഇവിടെ ദുഷ്ടപിശാചുക്കൾ ഉഗ്രഭരണം നടത്താനനുഭവിച്ചിരിക്കുന്നതു ധൎമ്മമാണോ? ആദിയിൽ നീ കല്പിച്ച പ്രകാരം പിശാചിന്റെ തലയെ തകൎക്കാൻ ഇപ്പോൾ മനുഷ്യനായി അവതരിച്ചുകൂടയോ. ഞങ്ങൾ നിന്നോടു് പലനാളും ചെയ്ത ദ്രോഹത്തെ നീയും പലനാൾ ഓൎത്തിരിക്കുന്നതു ധൎമ്മമാണോ? മനുഷ്യാവതാരം ചെയ്യുമെന്നു് അവിടുന്നു കല്പിച്ച ആ നാളിൽ അടിയങ്ങളുടെമേലുണ്ടായ കരുണയെ ഇപ്പോൾ കാണിച്ചു കൂടെയോ? അപ്പനു വിരോധമായി കുററം ചെയ്ത മകൻ അപ്പന്റെ കാലിൽ വീണു അപേക്ഷിച്ചാൽ പിന്നെയും കരുണ

കൂടാതെ കോപം കാണിക്കുന്നതു ന്യായമാണോ? നിന്റെ വരവിനെ പാൎത്തു് മഹർഷികൾ പറയുന്നതും, കളങ്കമില്ലാത്ത ശിശുക്കൾ കരയുന്നതും കേട്ടു് കൃപ തോന്നരുതോ?" വീണ്ടും തുടൎന്നു "കന്യകാമാതാവിന്റെ തൃക്കരങ്ങളിൽ നിന്നെക്കണ്ടാനന്ദിക്കുന്നതിനും, നിന്റെ പൊൽ പാദകമലങ്ങളെ എന്റെ ശിരോഭൂഷണമായി അണിയുന്നതിനും, കൊഞ്ചിക്കുഴഞ്ഞ മൊഴികളെ എന്റെ ചെവികുളിൎക്കുമാറു കേൾക്കുന്നതിനും ഞാൻ പാത്രമല്ലെങ്കിലും, എന്റെ ദൈവമേ! നിന്റെ കൃപാധിക്യത്താൽ അടിയനെ അനുഗ്രഹിക്കണമേ" എന്നു പ്രാൎത്ഥിച്ചു. മാർ യൌസേപ്പ് ഈവിധം ദയനീയമായി ദൈവത്തോടപേക്ഷിച്ച അതേസമയംതന്നെ ജറുസലം ദേവാലയത്തിൽ വസിച്ചിരുന്ന പരിശുദ്ധ കന്യകാമറിയവും, മനുഷ്യരക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്യണമെന്നു് ഇടവിടാതെ ദൈവത്തോടപേക്ഷിച്ചിരുന്നു. ഇപ്രകാരം പരിശുദ്ധകന്യകാമറിയവും മാർ യൌസേപ്പും തന്നിയെ തന്നിയെ അപേക്ഷിച്ചുകൊണ്ടിരിക്കവെ അവരുടെ അപേക്ഷയിന്മേൽ കരുണ തോന്നിയ കരുണാസമുദ്രമായ ദൈവം താൻ തന്നിയെ മനുഷ്യനായി അവതരിച്ചു് ലോകത്തെ രക്ഷിപ്പാൻശക്തിയുള്ളവനാണെങ്കിലും, താൻ തെരഞ്ഞെടുത്ത മുറപ്രകാരം അവർ രണ്ടുപേരും തന്റെ തുണയ്ക്കു് ഹേതുവാകുന്നതിനുവേണ്ടി അവരുടെ വിവാഹകർമ്മം നടത്തിയ വിശേഷത്തെ ഇനി പ്രസ്താവിക്കാം.

ഗബ്രിയേലിൻെറ ദൌത്യവും വിവാഹ അറിയിപ്പും:—അളവില്ലാത്ത കൃപാസ്വരൂപനായ പരമദൈവം മനുഷ്യവംശത്തെ രക്ഷിക്കുന്നതിനു കനിഞ്ഞ ആ കാലത്തിൽ ഗബ്രിയേൽ ദൂതനോടീവിധം കല്പിച്ചു:— നമ്മുടെ തൃക്കുമാരൻ ഭൂലോകപാപങ്ങളെത്തീൎത്തു രക്ഷിപ്പാൻ മനുഷ്യനായി അവതരിക്കുന്നതിനു മാതാവായ കന്യകാമറിയം ജെറൂസലം ദേവാലയത്തിൽ കന്യകാകുലമകുടമണിയായി വിളങ്ങിക്കൊണ്ടിരിക്കുന്നു. അവൾ തള്ളയുടെ ഉദരത്തിൽ ജന്മപാപം കൂടാതെ ഉത്ഭവിച്ചു് അതിവിശുദ്ധഹൃദയവും, അത്യുൽകൃഷ്ടജ്ഞാനവും, ദിവ്യദൃഷ്ടിയും പ്രാപിച്ചു്; പല വരങ്ങളാലും അലങ്കരിക്കപ്പെട്ടു് സൎവ്വലോകവും അതിശയിക്കുമാറു ഭൂലോകജാതയായി. അപ്പോൾ ലോകവാസികൾ കാരണമറിയാതെ സന്തുഷ്ടരാകുകയും മാലാഖാമാർ ഇവളെ തങ്ങളുടെ രാജ്ഞിയായി വാഴ്ത്തുകയും, ചെയ്തു. സൂൎയ്യനെ വസ്ത്രമായും, ചന്ദ്രനെ പാദുകമായും, നക്ഷത്രങ്ങളെ കിരീടമായുംധരിച്ച ഇവൾ മൂന്നാമത്തെ വയസ്സിൽത്തുടങ്ങി ഇടവിടാതെ ദേവാലയത്തിൽ ചെന്നു് നമ്മെസ്തുതിച്ചാരാധിക്കുന്നതിനാൽ അസംഖ്യം ദിവ്യവരങ്ങളെ പ്രാപിച്ചു് ലോകവാസികളുടെ ആദരപാത്രമായി മാലാഖമാൎക്കു് തുല്യമായ സ്ഥിതിയിലെത്തിയിരിക്കുന്നതല്ലയോ? അവൾ കന്യാത്വഭംഗം കൂടാതെ ദൈവകുമാരനെ പ്രസവിക്കുമെങ്കിലും, ഇനി അവൾ നേരിട്ടു ദുഃഖങ്ങളിൽ സഹായമായിരിക്കുന്നതിനും പിശാചുകൾ ഈ പരമരഹസ്യത്തെ അറിയാതിരിക്കുന്നതിനും, ഒരു കന്യക പ്രസവിച്ചു എന്നുള്ള അപ

വാദം ഉണ്ടാകാതിരിക്കുന്നതിനും അവൾക്ക് യോഗ്യനായ ഒരു സഹായകനെ നല്കുന്നതിന്നു നാം നിശ്ചയിച്ചിരിക്കുന്നു. ആകയാൽ ഇവയെല്ലാം തന്നെ നീ അവളോട്ട് പറയാതെ വിശുദ്ധവിവാഹത്തിന് അവളെ സമ്മതിപ്പിച്ചാലും."

ഈ കല്പനയെ ശിരസ്സാ വഹിച്ച ഗബ്രിയേൽ ദൈവദൂതൻ മാനുഷവേഷധാരിയായി സൂര്യനേക്കാളധികം തേജസ്വരൂപനായി ആ കന്യകാസമക്ഷം പ്രത്യക്ഷപ്പെട്ടു് അവളുടെ പാദങ്ങളെ വണങ്ങി "പൂർണ്ണവരങ്ങളാൽ നിറഞ്ഞവളെ നീ ദൈവകല്പനപ്രകാരം വിശുദ്ധവിവാഹത്തിന് സമ്മതിച്ചാലും" എന്നു് ശ്രുതിമധുരമായി ഉച്ചരിച്ചു. വിവാഹമെന്ന പദമുച്ചരിച്ചുതീരുംമുൻപേ കന്യകയുടെ മുഖം വാടി ദീർഘശ്വാസം വിട്ടു് കണ്ണുനീർ ചൊരിഞ്ഞു. വായിൽ അകപ്പെട്ട വസ്തു വിഷമോ തേനോ എന്നു് സന്ദേഹം തോന്നുമളവിൽ അതിനെ തുപ്പുന്നതിനും വിഴുങ്ങുന്നതിനും കഴിയാതെ വരുമ്പോലെ മയങ്ങി മുട്ടിന്മേൽനിന്നു. അമ്പിളിപ്പൊളിപോലെ വളഞ്ഞ തന്റെ പിൻകഴുത്തിൽ കേശഭാരം അഴിഞ്ഞുചിതറി വീഴുമാറു ഇരുകരങ്ങളും കൂപ്പി ദൈവതൃപ്പാദത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തു്; "സർവ്വലോകങ്ങളേയും സംരക്ഷണം ചെയ്യുന്ന പരമനാഥാ! അത്ഭുത സ്വരൂപാ! എന്റെ ജീവനെ! എന്റെ സ്നേഹമേ! നീ എനിക്കു് നൽകിയിട്ടുള്ള നന്മകളേയും സുജ്ഞാനങ്ങളേയും അങ്ങു് അറിയുന്നുവല്ലോ. ഞാൻ മനസ്സുരുകി കരയുവാൻ തക്കവിധം വിവാഹവൃത്താന്തം പറവാൻ കാരണമെന്തു്?

മൂന്നുവയസ്സിൽ തന്നെ,മന്ദജീവിതമായ വിവാഹത്തെ വെറുത്ത് എപ്പോഴും കന്യകയായിരിക്കണമെന്ന് നിശ്ചയിച്ചപ്പോൾ, അങ്ങുതന്നെ ദയവായി അതിനെ അംഗീകരിച്ചുവല്ലോ?.അങ്ങനെയിരിക്കെ, ഇപ്പോൾ വിവാഹത്തെക്കുറിച്ച് വിചാരിക്കുവാൻ കാരണമെന്ത്? കന്യകയായിരിക്കണമെന്ന് അങ്ങ് മുൻപ് നൽകിയിട്ടുള്ള ബോധംതന്നെയാണ് ശരിയായബോധം" എന്നു വണക്കത്തോടെ ഉച്ചരിച്ച് വലിയ ദുഃഖത്തോടുകൂടിയിരുന്നു.

ഗബ്രിയേൽ വീണ്ടും അവളുടെ പാദത്തെ വണങ്ങി "വേദസ്വരൂപിണിയായിസ്ഥിതിചെയ്യുവളേ! നോഹായുടെ കപ്പലിൽ പശുവിനേയും സിംഹത്തേയും ഒരുമയോടു വസിപ്പിച്ചവനും, നബൂക്കൻസറപന്റെ തീച്ചൂളയിൽ മൂന്നു ബാലന്മാരെ ശീതള ഗാത്രരാക്കിയവനുമായ ദൈവത്തിന്, നിൻെറ കന്യാത്വത്തെ വൈവാഹികാവസ്ഥയിലും സുരക്ഷിതമാക്കുന്നതിന് പ്രയാസമാണോ? സർവശക്തനായ ദൈവം കനിഞ്ഞാൽ നിനക്കു ശങ്കയെന്തിന്? ദൈവാജ്ഞ അനുസരിച്ച് നടന്നാൽ യാതൊരു പോരായ്മയും വരുന്നതേയല്ല" എന്നിത്യാദി പല ന്യായങ്ങളെ എടുത്തുപറഞ്ഞു. ഈ ധൈര്യവാക്കുകളാൽ ആശ്വസിപ്പിക്കപ്പെട്ട കന്യക, രത്നത്തേക്കാളുമൂല്യമായ തൻെറ കന്യാത്വം, എന്നേയ്ക്കും നിലനിൽക്കുന്നതായ വിവാഹത്തിന് സമ്മതിച്ച് ദൈവതൃക്കഴലിൽ വീണു വണങ്ങി. ഉടനേ ഗബ്രിയേൽ അവിടെനിന്നും പുറപ്പെട്ടു. ദൈവസന്നിധിയിൽ ചെന്ന് ഈ വർത്തമാനത്തെ അറിയിച്ചു.

അപ്പോൾ അവിടുന്നു് പ്രധാനാചാൎയ്യനായ ശിമയോനു ദൎശനമായിഅറിയിച്ചതൊവിത്:- "ദാവീദ് രാജാവിൻെറ ഗോത്രത്തിൽ ജനച്ചി ഒരു വധൂരത്നം, മറിയം എന്നു പേരും പതിന്നാലുവയസ്സു പ്രായവും ഉള്ളവളായി, നക്ഷത്രങ്ങളിൽ മദ്ധ്യേവിളങ്ങുന്ന ചന്ദ്രനെപ്പോലെ കന്യകകളിൽവച്ചൊരു നായികയായി ഈ ദേവാലയത്തിൽ വിളങ്ങിക്കൊണ്ടിരിക്കുന്നു. വരപ്രസാദങ്ങളാൽ നിറഞ്ഞിരിക്കുന്ന അവൾക്കു് യോഗ്യനായ ഒരു വരനെ അവളുടെ വംശത്തിൽനിന്നുതന്നെ തിരഞ്ഞെടുത്തു് വിശുദ്ധവിവാഹം നടത്തുക." അനന്തരം ശെമയോൻ കന്യകാമറിയത്തെ വിളിപ്പിച്ചു് ദൈവാജ്ഞയെ അറിയിച്ചു. അവൾ വിവാഹം ചെയ്തുകൊള്ളണമെന്നു് പറഞ്ഞു. അതിന്നു് അവൾ ദീർഘശ്വാസത്തോടുകൂടി വിവാഹവും വിവാഹാനന്തര ജീവിതങ്ങളും ഈ ദാസിക്കു് മരണത്തേക്കാൾ ദുഃഖകരമായിട്ടുള്ളതാണു് എങ്കിലും ദൈവാജ്ഞപോലെ ആകട്ടെ എന്നു പറഞ്ഞു് വണങ്ങിപ്പോയി. ശെമയോൻ മററു മുനീന്ദ്രന്മാരോടും ഈ വിശേഷവൃത്താന്തം അറിയിച്ചു. അവരെല്ലാവരും ഏകകണ്ഠമായി, ദാവീദ് രാജാവിൻെറ വംശത്തിൽ ഉള്ള അവിവാഹിതരായ യുവാക്കന്മാരെ എല്ലാം വിളിപ്പിക്കണം; അവരിൽനിന്നു് ഒരാളെ ദൈവംതന്നെ തിരഞ്ഞെടുക്കണമെന്നാപേക്ഷിക്കാം; അപ്പോൾ ആ വിവാഹത്തിനു് യാതൊരുകുറവും വരികയില്ല എന്നു പറഞ്ഞു. അപ്രകാരം ഈ വൎത്തമാനം അറിയിച്ചുകൊണ്ടു്, ആ വംശത്തിലുള്ള യുവാക്കന്മാരെല്ലാവരും ക്രമപ്രകാരം വന്നുചേരണമെ

ന്ന് പറയടിച്ചു പരസ്യംചെയ്തു. ആ വിളംബരസ്വരങ്ങളാകട്ടെ, പരിശുദ്ധ കന്യകയുടെ രണ്ടു ചെവികളിലും അസ്ത്രംപോലെ തറച്ചതിനാൽ പരിഭ്രാന്തചിത്തയായി; "ദൈവമേ! നിൻെറ പാദാരവിന്ദത്തെ വന്ദിച്ചുകൊണ്ട്, ഈ ദേവാലയത്തിൽ മരണംവരെയും കന്യകയായിരുന്നുകൊള്ളാമെന്ന് ഞാൻ ചെയ്തിട്ടുള്ള ദൃഢപ്രതിജ്ഞയെ അങ്ങ് അറിയുന്നുവല്ലോ. ഇപ്പോൾ തീയേക്കാൾ ക്രൂരതരമായ വിവാഹത്തിന് അങ്ങ് കല്പന ആയിരിക്കേ, അതിനെ നിഷേധിപ്പാൻ എൻെറ നാവിനു ശക്തിയില്ല. എന്നാൽ വിവാഹം ചെയ്താലും എൻെറ കന്യാവ്രതത്തേ സംരക്ഷിക്കുന്നതിന് അങ്ങയുടെ തൃപ്പാദമത്രേ ആശ്രയം. ഈ ലോകൈശ്വര്യങ്ങളെ വെറുത്ത് ചാരിത്രശുദ്ധിയിൽ മാറേററി വർദ്ധിച്ച് ദൈവപ്രസാദ വരാഴിയിൽ നിമഗ്നനായിരിക്കുന്ന ഒരാൾക്ക് ഈ ദാസിയെ സഹായിനിയായി കല്പിപ്പാറാകണം. ദുർന്നിവാരമായ ക്ലേശത്തിന് വിളനിലമായ ഈ ലോകത്തിലെ ജീവിതസുഖത്തേയും അതിനുള്ള സഹായത്തേയും ഞാൻ അപേക്ഷിക്കുന്നില്ല. അവിടുത്തെ അനുഗ്രഹംലഭിക്കുവാനുള്ള സുകൃതസഹായം മാത്രം നൽകുവാൻ എന്നിൽ കരുണയുണ്ടാകണം" എന്ന് വിനയപൂർവ്വം അപേക്ഷിച്ചു. അതേനിമിഷത്തിൽ ദൈവം, താപസവരനായ മാർയൗസേപ്പിൻെറ ഹൃദയത്തെ അത്ഭുതപൂർവ്വമായ വിധത്തിൽ ദിവ്യവരപ്രസാദദാനങ്ങൾകൊണ്ടു് പരിപൂർണ്ണമാക്കിച്ചെയ്തു.

യുവാക്കന്മാരുടെ വരവും കന്യകയുടെ പ്രലാപവും:—

വിളംബരഭേരീനാദം കേട്ട് ആ വംശത്തിലുള്ള

യുവാക്കന്മാരെല്ലാവരും വിവാഹോൽക്കണ്ഠയാൽ ദേവാലയത്തിൽ വന്നുകൂടി. ആ ആഗ്രഹം ലേശമെങ്കിലും കൂടാതെ ആചാര്യന്റെ കല്പന അനുസരിച്ചു് മാർ യൗസേപ്പും അവിടെ എത്തി. ശിമയോൻ മണവാട്ടിയായ കന്യകാമറിയത്തെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു. തദവസരത്തിൽ അവൾ തന്റെ കന്യാത്വത്തിനുവല്ല ഹാനിയും സംഭവിച്ചേക്കുമോ എന്നുള്ള ഭയത്താൽ ദൈവത്തെനോക്കി "ദൈവമേ! നീയല്ലാതെ ജീവികൾക്കു ഒരു സഹായമുണ്ടോ? എനിക്കാശ്രയം നീയാകുന്നു. ഈ കന്യകകളോടുകൂടി സുഖമായിരിക്കുന്ന എന്നെ വേർപെടുത്തുന്നതെന്തുകൊണ്ടോ? ദൈവദൂത! നീ വിവാഹസന്ദേശം കൊണ്ടുവന്നതിന്റെ ഫലം ഇതുതന്നെയോ? അസ്ത്രംതറച്ച മുറിവിൽ തീക്കനൽ ചൊരിഞ്ഞാലെന്നവിധം പരിതപിക്കുന്ന മനസ്സേ! ഈ ദേവാലയത്തെ വിട്ടുപിരിഞ്ഞു സദാ ക്ലേശിക്കുക; ദൈവമോ ഈ ദുഃഖം തീരാൻ കൃപ ചെയ്കയില്ല; ദൈവദൂതനോ വിവാഹവാർത്ത പറയുന്നു; മനുഷ്യരോ സഹായിക്കയില്ല. എന്റെ കണ്ണുകളേ! ഇവയെക്കണ്ടു ഇടവിടാതെ കണ്ണുനീർ ചൊരിയുവിൻ" എന്നിങ്ങനെ പ്രലപിച്ചിരുന്നു. അപ്പോൾ, ദൈവം അവളുടെ ഹൃദയത്തിൽ കാണപ്പെട്ടു. "വാത്സല്യപാത്രമായ പുത്രീ! ഇതു് ഒരു വഞ്ചന എന്നു കരുതി നീ ഭയപ്പെടുന്നോ? എന്റെ പാദത്തെ അഭയംപ്രാപിച്ചിരിക്കുന്ന നിനക്കു് എന്റെ ആശ്രയവും സഹായവും അല്പമെങ്കിലും കുറയുമെന്നുണ്ടോ? നിന്റെ പവിത്രമായ കന്യാവ്രതത്തിന്നു് ഭംഗംവരുമെന്നു നീ ശങ്കിക്കയേ

വേണ്ടാ; നമ്മുടെ അനുഗ്രഹത്താൽ നിനക്കു് നിയമിക്കപ്പെടുന്ന സഹായി നിന്റെ കന്യകാത്വവിശുദ്ധിയേ അന്യൂനമായി സംരക്ഷിക്കും; തപോബലത്തിൽ നിനക്കു് തുല്യനും ശുദ്ധിമാന്മാരിൽ വച്ചേറ്റം ശുദ്ധിമാനുമത്രേ; അവനോടുകൂടി നിന്റെ കന്യാത്വം അഭംഗവും പരിപാവനവുമായി സ്ഥിതിചെയ്യും; അവന്റെ ജ്ഞാനവും, നീതിയും, പുരുഷത്വവും, സ്ഥിതിയും അല്പം കേൾക്കുക; അവൻ മാതാവിന്റെ ഉദരത്തിൽവച്ചുതന്നെ ജന്മപാപത്തിൽനിന്നും നീങ്ങിയവൻ; പഞ്ചേന്ദ്രിയങ്ങളെ ജയിച്ചു് ദൈവാനുഗ്രഹത്തെ പ്രാപിച്ചവൻ; ധൎമ്മസ്വരൂപൻ; ദാനത്തിൽ മേഘത്തേയും, കരുണയിൽ സമുദ്രത്തേയും പോലുള്ളവൻ; എനിക്കിഷ്ടമുള്ളവരെല്ലാവരിലുംവച്ചേറ്റം ശ്രേഷ്ഠനായവൻ; അവനത്രേ നിനക്കുചിതനായ സഹായി" എന്നറിയിച്ചു. ഇങ്ങനെ നിസ്തുലമഹിമാ നിധിയായ ദൈവം ഉച്ചരിച്ച തിരുവാക്യങ്ങളാൽ ആശ്വസിക്കപ്പെട്ട കന്യകാമറിയം,സൎവ്വാനന്ദപ്രദമായ അവിടത്തെ മനോജ്ഞപാദത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തു.

ഉടനേ സുരഭിലകുസുമമാലകളേയും, കസ്തൂൎയ്യാദി സുഗന്ധദ്രവ്യങ്ങളേയും, ശോഭിക്കുന്ന ആഭരണങ്ങളേയും, കുങ്കുമകുഴമ്പുകളേയും, ചന്ദനത്തട്ടങ്ങളേയും, സ്വൎണ്ണമയമായ പട്ടാംബരങ്ങളേയും വഹിച്ചുകൊണ്ടു് ആറു തോഴികൾ അവളെ അണിയിക്കുന്നതിനായി വന്നതു മറിയം കണ്ടു; നക്ഷത്രകിരീടത്താൽ അലംകൃതമായ തന്റെ ശിരസ്സിനെ മന്ദമൊന്നു് ചലിപ്പിച്ചു; നിങ്ങൾ കൊണ്ടുവന്ന പൂമാല ശാശ്വതമായ അലങ്കാ

രമല്ല; സ്വൎണ്ണാഭരണം അനശ്വരമായ തേജസ്സുമല്ല; എന്റെ പിതാവിന്റെ സുന്ദരമായ പാദമൊന്നുമാത്രമേ എനിക്ക് അഭംഗുരമായ ആഭരണവും അഴകുമായുള്ളു; അല്ലാതെ മററുള്ളവയെല്ലാം തുഛമത്രേ" എന്നു് കുളിൎമ്മയേറിയ വാക്യങ്ങളാൽ അപഹസിച്ചിട്ടു് അപ്പുറത്തേയ്ക്കു് പൊയ്ക്കളഞ്ഞു. സൂൎയ്യനെ വസ്ത്രമായും ചന്ദ്രനെ പാദുകമായും നക്ഷത്രങ്ങളെ മകുടമായും അണിഞ്ഞിട്ടുള്ള ഇവൾക്കു്, അവർ കൊണ്ടുവന്ന സ്വൎണ്ണാഭരണാദികൾ വെറും പരിഹാസജനകമായിരിക്കുന്നതല്ലാതെ ധരിക്കത്തക്കവയായിരിക്കുമോ? ആകയാൽ ദൈവാജ്ഞപ്രകാരം മാലാഖമാർ അപ്രത്യക്ഷരായി നിന്നുകൊണ്ടു്, സ്വൎഗ്ഗലോകാഭരണങ്ങളായ ജ്ഞാനത്തെ കൎണ്ണികയായും, അനുഗ്രഹത്തെ പൂമാലയായും, സുകൃതത്തെ രത്നമാലയായും, തപസ്സിനെ വസ്ത്രമായും, എളിമയെ നൂപുരമായും, ദാനത്തെ കങ്കണമായും അവളെ ധരിപ്പിച്ചു.

മാർയൗസേപ്പ് മണവാളനായി തിരിഞ്ഞെടുക്കപ്പെട്ടതു്:—ആചാൎയ്യൻ വിളിച്ചതനുസരിച്ചു് കന്യകാമറിയം മററു കന്യകകളുടെ പരിവാരത്തോടുകൂടെ ദേവാലയത്തിൽ പ്രവേശിച്ചു. അവിടെ കൂടിയിരുന്നവരിൽ ചിലർ ഇവളെ കണ്ടപ്പോൾ, ഈ പരിശുദ്ധ കന്യകയുടെ നയനങ്ങളെ ഉററുനൂക്കുന്നവന്റെ കാമാഗ്നി കെട്ടുപോകുമെന്നും, ചിലർ ഇവൾ കരുണയോടുകൂടി നോക്കിയാൽ അതു മോക്ഷത്തിലേക്കു് നേർവഴി കാണിച്ചുതരുമെന്നും, ചിലർ മററു സ്ത്രീകളുടെ ദൃഷ്ടിവാക്കു് ഒരുവന്റെ ജീവാപായം വരുത്തും;എന്നാൽ

ഇവളുടെ മധുരമൊഴി അവരുടെ ജീവനെ സംരക്ഷിക്കും എന്നും, ചിലർ ഈ നിർമ്മല സ്ത്രീരത്നത്തിൻെറ സൗന്ദര്യപ്രഭയെ ദർശിപ്പാൻ നമുക്കു രണ്ടുകണ്ണു് പോരെന്നും, ചിലർ നമുക്കായിരം കണ്ണുകളെ ദൈവം തന്നിരുന്നെങ്കിൽ നന്നായിരുന്നെന്നും, ചിലർ ഇവളെ വിവാഹം ചെയ്‌വാൻ തക്കവൻ ഒരു യോഗിശ്രേഷ്ഠനോ, ദൈവദൂതനോ ആയിരിക്കണം എന്നും, ചിലർ ആ ഭാഗ്യം പ്രാപിക്കുന്നവൻ ഈ ലോകത്തിൽ പരമാനന്ദം അനുഭവിച്ചു് ഒടുവിൽ ദൈവപ്രസാദം അടയുമെന്നും മററും പലരും പലവിധത്തിൽ പറഞ്ഞു ശ്ലാഘിച്ചു. ഈ വിധമുള്ള ജനങ്ങളുടെ മഹാരവത്തെ ശെമഓൻ അടക്കി; അവരോരോരുത്തരുടെ കൈയിലും ഓരോ വടി കൊടുത്തു; ഈ പരിശുദ്ധ കന്യകയ്ക്കു് യോഗ്യനായ മണവാളൻ ഇന്നാരെന്നു് അത്ഭുതകൃത്യത്താൽ വെളിപ്പെടുത്തുവാൻ ദൈവത്തോടപേക്ഷിക്കണമെന്നും കല്പിച്ചു. ആ ഭാഗ്യം താന്താങ്ങൾക്കു ലഭിയ്ക്കുമെന്നു കരുതി ഓരോരുത്തരും സന്തുഷ്ടരായിരിക്കെ മാർയൗസേപ്പുമാത്രം അതിനു് ഭയപ്പെട്ടവനായി "ആ കന്യകയെ ലഭിക്കുന്നതിനു് എനിക്കു ഭാഗ്യമോ യോഗ്യതയോ ഇല്ല; മാത്രമല്ല, മരണത്തോളം വിവാഹം ചെയ്യുന്നതല്ലെന്നു് ദൃഢനിശ്ചയം ചെയ്തുമിരിക്കുന്നു. അങ്ങിനെയിരിക്കെ ഇതൊരു നാളും സംഭവിക്കുന്നതല്ലെന്നു് കരുതി ഒരുവശത്തു സന്തോഷത്തോടും, എന്താണും തനിയ്ക്കായി നിശ്ചയിച്ചുകൂടോ എന്നു നിരൂപിച്ചു് മറെറാരുവശത്തു് ദുഃഖത്തോടും കൂടിയവനായി പുറത്തൊരു ദിക്കിൽ അടങ്ങിയിരിക്കയായിരുന്നു. അപ്പോൾ ദൈവം, അക്ഷയമഹിമാനപി

തയായ കന്യകാരത്നത്തിന് അക്ഷയമഹിമാന്വിതനായപുരുഷവരനേയ്ക്ക അക്ഷയമഹിമാന്വിതമായപുഷ്പമാല്യത്താൽ തിരിഞ്ഞെടുത്തതിന ലക്ഷ്യമായി മാർയൗസേപ്പിന്റെ കൈയിലുണ്ടായിരുന്ന ശുഷ്ക ദണ്ഡം തളിൎത്തു പുഷ്പിച്ചു വികസിക്കുകയും ദേവാലയമാസകലം അതിന്റെ പരിമളധോരണിയിൽ നിമഗ്നമാകയും ചെയ്തു. ഉടനേ ധവളതരമായ ചിറകും സ്വൎണ്ണമയമായ ചുണ്ടും പവിഴനിറമായകാലുമുള്ള ഒരു വെള്ളപ്രാവ് ആകാശത്തിൽ, താപസശ്രേഷ്ഠനായ മാർയൗസേപ്പിന്റെ ശിരസ്സിന്മീതെ പറന്നുവന്ന് ചിറകുവിരിച്ചുനിന്നു. ഇതു കണ്ട യൗസേപ്പ്, ലജ്ജയോടും ഭയത്തോടും ദുഃഖിച്ചിരിക്കെ ദൈവം ആ സുകൃതിമണിയുടെ ഹൃദയസിംഹാസനത്തിൽ പ്രത്യക്ഷനായി; "യൗസേപ്പേ! നീ ഈ വിവാഹംവെറുക്കുന്നതെന്തുകൊണ്ടു"? ഇതു നമ്മുടെ തിരുവുള്ളമാകയാൽ പുണ്യത്തിന്റെ ആലയമായിരിക്കുന്ന ഈ കന്യകയേ നീ സ്വീകരിച്ചാൽ അതു നിന്റെ ആഗ്രഹപ്രകാരമുള്ള പരിപാവനമായ സന്യാസവൃത്തിതന്നെ ആയിരിക്കും" എന്നു കല്പിച്ചു. ഉടനേ പ്രാവ് വീണ്ടും ചിറകടിച്ച് ഉയരത്തിൽ പറന്ന് കിരണസമൂഹത്തെ വിതരണം ചെയ്ത് ഒരു കിരീടംപോലെ വിളങ്ങിക്കൊണ്ടു നിന്നു. ഈ പ്രകാരം മാർയൗസേപ്പ് ധാരാളമായവരപ്രസാദത്തെയും പ്രാപിച്ച് സന്തോഷസാഗരത്തിൽ നിമഗ്നനായി ദൈവത്തിന്റെ തൃക്കഴലിനെ ധ്യാനിച്ചുകൊണ്ടിരുന്നു.

വിശുദ്ധവിവാഹം:—

വികസിച്ച പൂവിന്മേൽ വണ്ടുകൾ പറന്നുപററു

ന്നതുപോലെ, ദൈവത്തിൻെറ വരപ്രസാദത്താൽ ഐശ്വര്യവാനായിത്തീൎന്ന യൗസേപ്പിൻെറ നേൎക്ക ജനങ്ങളുടെ ദൃഷ്ടിയും മനസ്സംപതിക്കേ, അദ്ദേഹംതന്നെ ഈ കന്യകാ രത്നത്തിന്ന് യോഗ്യനായ വരനെന്ന് സകലരും ഘോഷിച്ചു. അവിടുത്തെ കരകമലങ്ങളിൽ ശോഭിച്ചുകൊണ്ടിരുന്നഅത്ഭുതപുഷ്പമഞ്ജരിയെക്കണ്ടു് ഇതു് ഉൽകൃഷ്ട തപോബലത്താൽ ലഭിച്ച സ്ഥാനചിഹ്നമാണെന്ന് മഹാജനം പുകഴ്ത്തി. ഇപ്രകാരം കുസുമമഞ്ജരിയോടുകൂടി വിളങ്ങിയ പൂജ്യപാദനായ മാർ യൗസേപ്പിനേയും പരിശുദ്ധ കന്യകാമറിയത്തേയും ശെമഓൻ അടുക്കൽവരുത്തി ആശിസ്സുനൽകി; വേദവിധിപ്രകാരം യൗസേപ്പിൻെറ കരകമലത്തിന്മേൽ കന്യകാമറിയത്തിൻെറ കരപല്ലവത്തേവച്ചു്; നിങ്ങളുടെ ഗോത്രം വഴിയായി ദൈവം മനുഷ്യാവതാരം ചെയ്യുമാറാകട്ടെ എന്നാശംസിച്ചു് വിശുദ്ധവിവാഹച്ചടങ്ങുകളെല്ലാം ക്രമമായും ഭംഗിയായും അവസാനിപ്പിച്ചു. ഉടനേ നാനാവിധവാദ്യങ്ങളും മുഴങ്ങിത്തുടങ്ങി. അത്ഭുതാദരപരവശരായ മഹാജനം പുകഴ്ത്തിത്തുടങ്ങി. "സുകൃതപ്പുഴയേ! സ്വാഗതം; കരുണക്കടലേ! ജയിക്ക; തപോമൂൎത്തേ! വാഴ്ക; ലോകമഹത്വമേ വന്ദനം; ശരീരത്തിന്റെ ജീവനെ നമസ്കാരം" എന്ന് ജനനിവഹം ആൎപ്പുവിളിച്ചു. വൈദികന്മാരുടെ പൂജകളുടേയും, ഗായകന്മാരുടെ സംഗീതങ്ങളുടേയും ശ്രവണപീയൂഷധ്വനികൾ എങ്ങും മുഴങ്ങി. പാപവും പകയും, ക്രോധവും ക്രൌൎയ്യവും, ദാരിദ്ര്യവും ദീനതയും, ഉന്മാദവും രോഗവും ക്ഷയിക്കുന്നതിന്നും, നീതിയും കരു

ണയും, സ്നേഹവും ദാനവും, ഐശ്വൎയ്യവും മഹത്വവും, വിദ്യയും യശസ്സും വൎദ്ധിക്കുന്നതിനും മൂലമായ ഈ വിശുദ്ധവിവാഹത്തെ സന്ദൎശിച്ചവരെല്ലാവരും ഇപ്രകാരം ഏററവും സന്തോഷം പ്രദൎശിപ്പിച്ചു. മാർയൗസേപ്പിന് മുപ്പത്തിമൂന്നുവയസ്സും പരിശുദ്ധകന്യകയ്ക്കു് പതിനാലുവയസ്സുമുള്ളപ്പൊഴത്രെ ഈ പരമപാവനമായ വിവാഹം നടന്നതു്.

മാർ യൗസേപ്പും കന്യകാമറിയവും
നസറേത്തേക്കു പോകുന്നതു്.

വിവാഹാനന്തരം കുറേദിവസം കഴിഞ്ഞു. ശെമഓൻഅത്ഭുതപുഷ്പമഞ്ജരിയാൽ കീൎത്തിമാനായ യൗസേപ്പിനോടു "ഇനി നിൻെറ സ്വദേശമായ നസറേത്തേക്കു് പോകണ"മെന്നാജ്ഞാപിച്ചു. ഇതു് ഏററം സ്നേഹജന്യമായ ഒരു കല്പനയായിരുന്നു. അതിനാൽ യൗസേപ്പ് ആചാൎയ്യൻെറ പാദങ്ങളിൽ നമസ്കരിച്ചു കൊണ്ടു് താൻ ഇനി ആചരിക്കേണ്ടതായ ജീവിതരീതികളെ കല്പിക്കണമെന്നപേക്ഷിച്ചു. ശിമയോൻ അദ്ദേഹത്തെ വാത്സല്യപൂൎവ്വം ആശ്ലേഷിച്ചു് പറഞ്ഞു. "കിണററിലെ ജലം കോരി എടുക്കുന്തോറും കുറഞ്ഞുപോകാതെ ഊറിക്കൊണ്ടിരിക്കുന്നതുപോലെ നീ പ്രാപിച്ചിട്ടുള്ള ദൈവവരപ്രസാദങ്ങൾ, ഇനി ചെയ്യുന്ന സുകൃതങ്ങളുടെ അളവനുസരിച്ചു് അഭിവൃദ്ധിപ്പെടും. ആ സുകൃതസമ്പാദനത്തിനുചിതമായ വിധത്തിൽ ജീവിക്കാതിരുന്നാൽ അതു് നിഷ്ഫലമായിട്ടേ പരിണമിക്കയുള്ളു. ആകയാൽ സകല കാൎയ്യ

ങ്ങളിലും പരിശുദ്ധമായ ഒരു ജീവിതം എന്ന ഉന്നംവ ച്ചു് അതിനനുസരണമായി വർത്തിക്കേണ്ടതാകുന്നു." കന്യകാമറിയം ഇതിനേ കേട്ടപ്പോൾ അഭയസ്ഥല മായി കരുതിയിരുന്ന വിശുദ്ധദേവാലയത്തേയും, മാ താവിനേപ്പോലെ സ്നേഹമുള്ള ഗുരുവിനേയും, അപരി ത്യാജ്യങ്ങളായ അവയവങ്ങളേപ്പോലുള്ളമററു കന്യക കളേയും വേർപിരിഞ്ഞു പോകുന്നതിൽ ആശ്വാസം കൂടാതെ കരഞ്ഞു. എങ്കിലും, ഇതും ദൈവേച്ഛയത്രെ എന്നു സമാധാനപ്പെട്ടു. പിന്നീട്ടു് അവർ രണ്ടുപേരും ദേവാലയത്തിൽ ചെന്നു് ദൈവതൃപ്പാദങ്ങളെ ആരാ ധിക്കുകയും, ഗുരുവിനെ വന്ദിക്കുകയും ചെയ്തു. അ പ്പോൾ ശെമഓൻ ഇവരേനോക്കി ഇപ്രകാരം ഉപദേ ശിച്ചു:—പർവതത്തിൽ വർഷിക്കുന്ന ജലധാരകൾ കാ ട്ടിലെല്ലാം പരന്നു് ആറായി ഒഴുകി പലപല വഴികളി ലായി പോകുന്നതിനാൽ ശോഷിച്ചു് ഒടുവിൽ സമുദ്ര ത്തിലെത്തുന്നതിനു മുൻപേ നാമാവശേഷമായി പോ കുംപോലെ ആദ്യം വളരെ വർദ്ധിച്ചു് വരുന്നതുപോലെ കാണിച്ചിട്ടു് ഒടുവിൽ ഒന്നുമില്ലാതെ നിന്നുപോകുന്ന ഈ ലോകവസ്തുക്കളെ ആഗ്രഹിക്കാതിരിക്കുന്നതത്രെ വാസ്തവജ്ഞാനം. പുണ്യ കൃത്യങ്ങളാലുണ്ടാകുന്ന സ ഹായം മാത്രം യഥാർത്ഥമായ സഹായമായിരിക്കും. അ ല്ലാതെ ഐഹികമായ മനുഷ്യസാമർത്ഥ്യങ്ങളൊന്നും വേണ്ട സമയത്തു് സഹായമായി ഭവിക്കയില്ല. ദൈ വതൃപ്പാദങ്ങളുടെ തുണയത്രെ സകല ജീവികൾക്കും വിശേഷ രക്ഷയായിരിക്കുന്നതു്." എന്നിങ്ങനെ പല നീതിവാക്യങ്ങളേയും ഉപദേശിച്ചു് അവരെ ആശീർവ്

ദിച്ചു. പോകുന്നതിന്ന് അനുവാദവും നൽകി. വിശുദ്ധവിവാഹത്താൽ ഇരുദേഹത്തിൽ ഒരു ജീവൻ എന്നോണം ബന്ധിക്കപ്പെട്ട അവർ രണ്ടുപേരേയും ആ സ്ഥലവാസികൾ അനുമോദിച്ചു യാത്രയയച്ചു.

മാർ യൗസേപ്പും കന്യകാമറിയവും ദേവാലയത്തിൽനിന്ന് പുറപ്പെട്ടു് വെളിക്കു ചെന്നപ്പോൾ അവരെക്കണ്ട നഗരവാസികളിൽചിലർ, ഇതിലെ വരണം വരണമെന്ന് ക്ഷണിക്കുന്നു; ചിലർ നില്ക്കണം നില്ക്കണമെന്ന് പറയുന്നു ചിലർ ചുററുംവന്ന് സ്വാഗതംചെയ്യുന്നു ചിലർ വഴിയിൽ നില്ക്കുന്നവരെ മാററിനിർത്തുന്നു; ചിലർ ഇവരെക്കണ്ടു് ആശ്ചര്യപ്പെട്ടു് ചിത്രംപോലെ നിശ്ചേഷ്ടരായി നില്ക്കുന്നു; ഈ വിധത്തിൽ അവർ രണ്ടുപേരും സാവധാനമായി നടന്ന് ജറുസലം നഗരവീഥികൾ കടന്ന് ഏറെ ദൂരത്തായി. എന്നാൽ, സ്വർണ്ണരഥചക്രം പതിയുന്നിടമെല്ലാം സ്വർണ്ണമയമാകുംപോലെ, ഇവർ നടന്നുചെന്നിടമെല്ലാം ജ്ഞാനപ്രകാശം വീശിക്കൊണ്ടും മാലാഖമാർ സ്തോത്രഗീതം പാടിക്കൊണ്ടും പോയിരുന്നു. ഇങ്ങനെ രണ്ടുപേരും നടന്ന് നഗരത്തിലെത്തിയപ്പോൾ ആ ദേശവാസികൾ അവരെക്കണ്ടു് സന്തുഷ്ടരായി ക്ഷേമവാർത്തകൾ ചോദിക്കുകയുണ്ടായി. ഈ ലോകൈശ്വര്യങ്ങളെ വെറുത്തവരും പുണ്യത്തെ മാത്രം ശാശ്വതമായി കരുതിയവരുമായ ഇവർ രണ്ടുപേരും മേഘത്താൽമറയ്ക്കപ്പെട്ടരണ്ടു ജ്യോതിസ്സുകളേപ്പോലെ അവിടെയൊരു ചെറിയഭവനത്തിൽ പാർത്തുവന്നു. എങ്കിലും തേൻതേടി വണ്ടുകൾ വരുന്നപോലെ ഇവരെ കാണണമെന്നുള്ള ആശയാൽ

ദിനംതോറും അനേകം ആളുകൾ അവരുടെ ഗൃഹത്തിലേയ്ക്കു വന്നുകൊണ്ടിരുന്നു. അങ്ങനെ വന്ന പുരുഷന്മാരോടു മാർ യൗസേപ്പും സ്ത്രീകളോട് കന്യകാമറിയവും ജ്ഞാനോപദേശങ്ങൾ ചെയ്തുകൊണ്ടുമിരുന്നു. ഇവരുടെ കുടുംബക്രമത്തേയും ജീവിത രീതിയേയും കണ്ടറിഞ്ഞവർ, ദൈവംതന്നെ സൃഷ്ടിച്ച് സംഘടിപ്പിച്ച് ആദിമാതാപിതാക്കന്മാരുടെ ഒരേ ഒരു കുടുംബം പോലുള്ള ഈ തൃക്കുടുംബത്തോടൊക്കുന്നതല്ലെന്നും, സ്വർഗ്ഗവും ഭൂമിയും സൌഹാർദ്ദപൂർവ്വം സംയോജിക്കത്തക്കവണ്ണം ദൈവം അനുഗ്രഹിക്കുന്ന കാലം സമീപിച്ചുപോയെന്നും മററും പലവിധ സ്തുതികളേപ്പാടി പുകഴ്ത്തിവരവെ ഇവർ നസറസ്ദേശത്തുതന്നെ പാർത്തുവന്നു.

---

# അദ്ധ്യായം ആറ്.

—:o:—

## ഇരുധർമ്മപ്പൊരുത്തം.

മാർ യൗസേപ്പും കന്യകാമറിയവും മനൈസ്ഥര്യും പ്രാപിക്കുന്നത്:—മഹായോഗീന്ദ്രനായ മാർ യൗസേപ്പിന്റേയും അനുഗ്രഹിക്കപ്പെട്ട കന്യകയായ പരിശുദ്ധമറിയത്തിന്റേയും വിവാഹം ലോകത്തിലുള്ള സകല ജീവജാലങ്ങൾക്കും സന്തോഷത്തേയും ആനന്ദത്തേയും പ്രദാനംചെയ്യുന്നതായിരുന്നു എങ്കിലും അത് അവർ രണ്ടുപേരുടെയും മനസ്സിനെ സ്വയം അധികമായി ദുഃഖിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്തുകൊ

ണ്ടിരുന്നു. അതെങ്ങനെയെന്നാൽ മാർ യൗസേപ്പ് തനിക്കുണ്ടായ ദിവ്യദർശനത്താൽ തന്റെ പ്രിയതമയുടെ മാഹാത്മ്യാതിശയത്തെ മുൻകൂട്ടി അറിഞ്ഞിരുന്നെങ്കിലും, അവളുടെ തിരുമുഖത്തിൽ വിളങ്ങിപ്രകാശിച്ചുകൊണ്ടിരുന്നതേജസ്സുകണ്ടു ഇംഗിതംപറവാൻ ഭയന്നിരുന്നു. എന്നാൽ കന്യകയാകട്ടെ, പുരുഷന്മാരോടു സംസാരിച്ച് പഴക്കമില്ലായ്കയാലും, ശുദ്ധസ്പടികവും വായുസ്പർശത്താൽ മലിനമായിപ്പോകുമെന്നുള്ള ബോധത്താലും, തൻെറ പ്രിയതമനോടു തന്നെയും തൻെറ ഹൃദയാഭീഷ്ടത്തെ അറിയിക്കുന്നതിന് ലജ്ജിച്ച് ഇപ്രകാരം ദൈവത്തോടപേക്ഷിക്കയത്രെ ചെയ്തതു്:—

"ആ എൻെറ ദൈവമേ! നീ എനിക്ക് ഭർത്താവിനെ കല്പിച്ചു നൽകിയപ്പോൾ അദ്ദേഹം എൻെറ കന്യാവ്രതത്തെ സംരക്ഷണം ചെയ്യുമെന്നറിവുതന്ന് എൻെറ മനസ്സിനെ ആശ്വസിപ്പിച്ച് സ്ഥിരപ്പെടുത്തിയല്ലോ. ഇപ്പോൾ എന്റെ ഹൃദയം കുളിർക്കുമാറ് അതിനെ പ്രകടമായി തെളിയിക്കുമാറാകണം." ഉടനെ ദൈവം യൗസേപ്പിനെ പ്രേരിപ്പിച്ചതിനാൽ, അദ്ദേഹംതന്നെ ആദ്യംസംസാരിക്കുന്നതിനൊരുങ്ങി കന്യകയോടു പറഞ്ഞു:- "ഉൽകൃഷ്ടവരങ്ങളാൽസമ്പൂർണ്ണയായവളെ! എൻെറ പോരായ്മകളെ പരിഹരിക്കുമാറു സർവ്വേശ്വരൻ കരുണയോടുകൂടി എനിക്ക് സഹായിനിയായി നിന്നെ കല്പിച്ചുതന്നിരിക്കുന്നുവല്ലൊ. അതിനുതക്ക പ്രതിനന്ദി ചെയ്‌വാൻ അടിയനാൽ കഴിവില്ല എന്നാലും നമുക്കു ലഭിച്ചിട്ടുള്ള വിശേഷവരങ്ങൾക്ക് കൃതജ്ഞതയായി നാം ആചരിക്കേണ്ട പ്രത്യേകസൽകൃ

തമുറകളെ നീതന്നെ ആലോചിച്ചു പറഞ്ഞാലും" അതിനു മറുപടിയായി അദ്ദേഹത്തോടു് സംസാരിക്കുന്നതിനു് ആദ്യം അവൾ കുറെ ലജ്ജിച്ചെങ്കിലും അദ്ദേഹം തന്നെ ആദ്യം സംസാരിച്ചതിനാൽ കുറഞ്ഞൊന്നു് ധൈര്യപ്പെട്ടുകൊണ്ടു് അവൾ പറഞ്ഞു:—"എന്നെ സൃഷ്ടിച്ചു് പരിപാലിച്ചുവരുന്ന കാരുണ്യവാരിധിയായ ദൈവം, തന്നെക്കൂടാതെ പിന്നെയുമൊരു പ്രാണസഹായി ഈ ദാസിക്കു് ആവശ്യംവേണ്ടതാണെന്നു് തിരുവുള്ളത്തിൽ നിശ്ചയിച്ചു്, അങ്ങയെ എനിക്കു കല്പിച്ചുതന്നതിനാൽ ഞാനനുഭവിച്ച സന്തോഷം വൎണ്ണിക്കാവുന്നതല്ല. ഈ വിധത്തിൽ നന്മചെയ്തു് എന്നെ പോഷിപ്പിച്ച ദൈവത്തിൻെറ തൃപ്പാദത്തെ പ്രാപിക്കാവുന്ന ആ വിശിഷ്ടവഴിയെ നടക്കുന്നതു മാത്രമെ അദ്ദേഹത്തോടു ചെയ്യാവുന്ന ശ്രേഷ്ഠതരമായ കൃതജ്ഞതയായിരിക്കയുള്ളു." യൗസേപ്പ് ആഹ്ലാദഭരിതനായി അവരുടെ ബുദ്ധിയിൽ നിക്ഷിപ്തമായിരിക്കുന്ന അപാരവിജ്ഞാനത്തെ തുറന്നു പറയണമെന്നു് പിന്നെയും പറഞ്ഞു."ജയിച്ചടക്കുന്നതിനു പ്രയാസമായ പഞ്ചേന്ദ്രിങ്ങൾക്കു വിഷയീഭവിക്കുന്ന വസ്തുക്കളിന്മേൽ മനസ്സുകൂടി പതിച്ചാൽ ദുരാശകൾ മുന്നിട്ടുവരുമെന്നു് ഞാൻ ബാല്യത്തിലേതന്നെ ഗ്രഹിച്ചു. അതിനാൽ ആ ആശകളെ ദ്വേഷിച്ചു്, ദൈവതൃപ്പാദത്തെ പ്രാപിച്ചു്, അദ്ദേഹത്തിനു് എൻെറ കന്യാത്വത്തെ ബലിയായി സമൎപ്പിക്കേണ്ടിവന്നു. അങ്ങയും അതിൻെറ യോഗ്യമായ പരിപാലകനായിരുന്നു് അതിനെ അഭംഗമായി രക്ഷിക്കുമാറാകണം" എന്നു് മധുരമായി ഭാഷിച്ചു് അദ്ദേ

ഹത്തിൻെറ പാദങ്ങളെ നമസ്കരിച്ചു.

ഇതു കേട്ട യൗസേപ്പ് ആനന്ദബാഷ്പം ചൊരിഞ്ഞുകൊണ്ടു ഉത്തരം പറഞ്ഞു:—"അതിരററ കരുണയുള്ളവളെ! ഇരുൾ നീക്കുന്ന സൂൎയ്യനേപ്പോലെ നിന്റെ മാധുൎയ്യമേറിയ വചനത്താൽ എൻെറ മനസ്സിലുണ്ടായ മയക്കം തീൎത്തുവല്ലോ. വിശുദ്ധവിവാഹത്തോടുകൂടെ നമ്മുടെ മനസ്സ് രണ്ടിനും ഒരേ ഉദ്ദേശ്യവും ഒരേവിധ ജ്ഞാനവും നൽകി നമ്മെ സംയോജിപ്പിച്ച ആ ആളിൻെറ മഹത്വം എത്രയെന്നറിയുവാൻ എനിക്കു് കഴിയുകയില്ല. സദ്ഗുണൈശ്വൎയ്യമുള്ളവൎക്കു സവ്വേശ്വരൻ സമൃദ്ധിയായി കൃപചെയ്യും. അന്ധകാരപൂൎണ്ണമായ എൻെറ ഹൃദയം നിൻെറ സാഹായ്യസഹകരണങ്ങളാൽ വികസിക്കുമെന്ന് കാണിക്കുന്നതിനല്ലയോ ദൈവം അത്ഭുതപുഷ്പമഞ്ജരിയോടുകൂടി നിന്നെയും എനിക്കു് സഹായിനിയായി പ്രദാനം ചെയ്തിട്ടുള്ളതു്. കൂടാതെയും ദുഷ്പ്രാപമായ ദൈവപ്രസാദം അടയണമെന്നുള്ള ആശയാൽ പന്ത്രണ്ടുവയസ്സിൽത്തന്നെ, മരണം വരെയും സുചരിതനായിരുന്നുകൊള്ളാമെന്ന് ഞാൻ അവിടത്തെ ദിവ്യസന്നിധാനത്തിൽ വാഗ്ദാനം ചെയ്തു. വിവാഹം ചെയ്യണമെന്നു് അവിടന്നു് ആജ്ഞാപിച്ചപ്പോൾ അതിനു ഭംഗംവരുമോ എന്നു് വളരെ ഭയന്നു. എങ്കിലും നിൻെറ കന്യാത്വസംരക്ഷണംകൊണ്ടു് എൻെറ ചാരിത്രത്തെ പരിപോഷിപ്പിക്കുന്നതിനാണു് ഈ വിശുദ്ധമായ വിവാഹം നടത്തിയിട്ടുള്ളതെങ്കിൽ ആ സൎവ്വശക്തനു് ഈ ദാസൻ എന്തൊരുപ്രത്യുപകാരമാണു് ചെയ്യേണ്ടതു്!! അതിനാൽ നാമിരുവരും

മരണപൎയ്യന്തം ബ്രഹ്മചാരികളായി ജീവിച്ചു് സൃഷ്ടി കൎത്താവിനെ സ്തുതിച്ചാരാധിക്കുന്നതത്രേ സൎവ്വപ്രധാനമായ പ്രത്യുപകാരം.” ഇപ്രകാരം അവർ രണ്ടുപേരും സ്ഥിരനിശ്ചയം ചെയ്തു്, ഗാൎഹസ്ഥ്യധൎമ്മത്തോടു സംയോജിപ്പിക്കുന്നതിന് അതിദുഷ്കരമായ ബ്രഹ്മചൎയ്യധൎമ്മത്തേയും സംഘടിപ്പിച്ചു് ഏകീഭവിപ്പിച്ചു് അഭൂതപൂൎവ്വമായ രീതിയിൽ നടത്തിവന്നു. എങ്ങനെയെന്നാൽ ഇവർ ലോകസംബന്ധമായ കാൎയ്യങ്ങൾ ഹൃദയത്തിൽ പ്രവേശിക്കാതിരിക്കത്തക്കവണ്ണം പഞ്ചേന്ദ്രിയദ്വാരങ്ങളെ അറിവാകുന്ന കതകിനാൽ അടച്ചു് പുണ്യകൃത്യത്തെ കാവലായി നിറുത്തി അതിനടുത്ത സദ്വിചാരങ്ങൾകൊണ്ടു് പരിതസ്ഥിതികളെ തടുത്തു ആത്മീയശത്രുഭയം കൂടാതെ പരിശുദ്ധരായി ജീവിച്ചുവന്നു. അഭിമാനത്തെ കോട്ടയായും, ജ്ഞാനത്തെ ഭൃത്യനായും, ദാനത്തെ സ്നേഹിതനായും, തപസ്സിനെ സമ്പത്തായും കരുതിവന്ന ഇവരുടെ ഹൃദയം, ദൈവം എഴുന്നള്ളി വാസംചെയ്യുന്ന പരിപാവന സിംഹാസനമായി. സൂൎയ്യരശ്മിയെ സ്വീകരിച്ച സ്ഫടികം സ്വയം പ്രകാശത്തെ പ്രദൎശിപ്പിക്കുന്നതുപോലെ സ്വൎഗ്ഗീയ ദൎശനം ലഭിച്ച മാർ യൗസേപ്പ് ആ ദൎശനം തന്നിൽനിന്നു് പ്രതിഫലിച്ചു പ്രകാശിച്ചാലെന്നവിധം ദൈവത്തെ സ്തുതിച്ചുപാടുവാൻ തുടങ്ങി:– “മേഘത്താൽ മറയാതെയും സമുദ്രഗൎഭത്തിൽ മുങ്ങാതെയും എന്നും വിളങ്ങുന്ന പരമജ്യോതിസ്സേ! ശാശ്വതമായ സമ്പത്സാഗരമേ! പോൎക്കളത്തിൽ പൊടിയാത്ത ദുൎഗ്ഗമേ! ഭൂമണ്ഡലത്തെ താങ്ങുമുന്നത ഗിരിശൃംഗമേ! രോഗപീ

ഡകൾക്ക് സിദ്ധൗഷധമേ! സൎവ്വനന്മകടെലും നീ! കരുണാസമുദ്രവും നീ! കൃപാകരനും നീ! മഹാവൈഭവക്കടലും നീ! മഹാ പരിശുദ്ധിക്കടെലും നീ! ദേവാധിദേവനും നീ! ആകയാൽ ജീവികൾക്കെല്ലാം നിന്റെ രക്ഷ തന്നെ രക്ഷ. അല്ലാതെ രാജാക്കന്മാർ രക്ഷയുണ്ടെങ്കിലും രക്ഷയാണോ? നിന്റെ ദാസരായ യൂദാജാതികൾക്ക് ചെങ്കടലിനെ വിഭാഗിച്ച് വഴികൊടുത്തുവല്ലോ. യോൎദ്ദാൻ നദിപ്രവാഹത്തെ തടുത്ത് അവരെ മറുകരയിൽ ചേൎത്തുവല്ലോ. നിന്നിൽ വിശ്വസിക്കുന്നവരുടെ കുറവുകളെതീൎത്തുരക്ഷിപ്പാൻ നിനക്കുപ്രയാസമുണ്ടോ? അഹങ്കാരികളെ താഴ്ത്തി താഴ്മയുള്ളവരെ ഉയൎത്തിയല്ലോ. മുള്ളുനിറഞ്ഞ കാനനംപോലിരുന്ന എന്റെഹൃദയത്തെപുതുക്കി തേൻപൊഴിയും പൂഞ്ചോലയ്ക്ക് സമാനമാക്കിയല്ലോ. സൎവ്വേശ്വരാ! നീ കോപിച്ചാൽ ദഹിച്ചുഭസ്മമാകാത്തതും, കൃപചെയ്താൽ തഴച്ചുവളരാത്തതും ഉണ്ടോ? മറവൊന്നും കൂടാതെ ഉള്ളിലുള്ളതെല്ലാം ഉള്ളപ്രകാരം നീ അറിയുന്നുവല്ലോ; നീ മനുഷ്യനായവതരിച്ച് എന്നെ ആനന്ദക്കടലിൽ മുഴുക്കുമാറാക്കണം; കടലിൽ കപ്പലോടിയവഴിയും ആകാശത്തിൽ പക്ഷികൾ പറന്നവഴിയും അറിവിൽപ്പെടാത്തവയാണല്ലോ; അവയെ ആരാഞ്ഞറിഞ്ഞാലും നീ മനുഷ്യനായി വരുന്നവഴി അറിവാൻ ശക്തിയുള്ളവനാർ? പൂൎവ്വവൈരികളായ പിശാചുക്കൾക്കൊരു സിംഹംപോലെയും തന്റെ മക്കളോടു ദയയുള്ള നല്ലതള്ളയേപ്പോലെയും നീ എപ്പോൾ വരും.”

അറിവേറിയ ധ്യാനത്തിൽ ഇവയെല്ലാം യൗസേപ്പ പാടിക്കൊണ്ടിരിക്കവേ, വൃക്ഷശാഖയിലിരിക്കു

ന്നാ കയിലുകൾ രണ്ടും ചേൎന്ന് അനുഗാനം ചെയ്തതാലെ ന്നാവിധം യൗസേപ്പും കന്യാമറിയവുംതങ്ങളുടെഹൃദയ ങ്ങളിൽ ഉദിച്ചുയൎന്നുകൊണ്ടിരുന്ന ജ്ഞാനകാൎയ്യങ്ങളെ ക്കുറിച്ച് സംഭാഷണം ചെയ്വാൻ തുടങ്ങി.

യൗസേപ്പ്:—സൎവ്വലോകങ്ങളേയും, അവയിലുൾ പ്പെട്ട സമസ്തവസ്തുക്കളേയും സൃഷ്ടിച്ച്, ആ വസ്തുക്കളെ ല്ലാററിലും നിറഞ്ഞു്, അവ മാറിയാലും താൻ മാറാ തെ എന്നും നിർവികാരനായി നില്ക്കുന്ന പരമനാഥ ൻെറ കൃപ ലഭിച്ചാലല്ലാതെ ജീവികൾക്ക് ഒരു നില യുണ്ടോ?

കന്യക:—സൃഷ്ടികൎത്താവിൻെറ കൃപലഭിക്കാത്ത വർ, ആററിലെ അലപോലെയും, കാററിൽ കൊടിക്കൂ റപോലെയും, ജലത്തിലേക്കുമളപോലെയും, പൂവി ന്മേൽ മഞ്ഞുപോലെയും നിലയററവരാകും.

യൗസേപ്പ്:—അവയെല്ലാം നിലനിന്നാലും അവ യാൽ ആത്മാവിന് നിലനിൽക്കുന്ന ഫലം ഉണ്ടോ? മനസ്സിനെ നിലയ്ക്കുനിറുത്തി ഉള്ളം കുളിക്കുമാറു വിദ്യ യഭ്യസിച്ചവരും ഇഹത്തിലൊരു നന്മയെങ്കിലും കണ്ടെ ത്തിയോ?

കന്യക:—ഈ ലോകഭാഗ്യങ്ങളെല്ലാം സ്വപ്ന ത്തിൽ കണ്ട നിധിപോലെയും, കടലിൽ പെയ്ത മഴ പോലെയും, മേഘത്തിൽ കാണപ്പെട്ട മിന്നൽക്കൊടി പോലെയും, തീയിലിട്ട പഞ്ഞിപോലെയും നശിക്കും.

യൗസേപ്പ്:-നശ്വരമായ ഐഹികഭാഗ്യങ്ങളെ ആഗ്രഹിച്ചാൽ അസാദ്ധ്യമായ ആ ആഗ്രഹംതന്നെ ദു:ഖമുണ്ടാക്കും. അതു ലഭിച്ചുകഴിഞ്ഞാൽ അതിന്മേൽ

വെറുപ്പുണ്ടാകും. എൻെറ പിതാവു കരുണാസമേതം നൽകുന്ന വരപ്രസാദമൊന്നു മാത്രമേ യഥാൎത്ഥമായ സംതൃപ്തിയേയും പുണ്യപൂൎണ്ണതയേയും നൽകുകയുള്ളു.

കന്യക:-പരമ പിതാവു നൽകുന്ന ദിവ്യവരപ്രസാദമാകുന്ന പരമാനന്ദരസത്തോടും, കരിമ്പും തേനും പഴവും തുല്യമല്ലെങ്കിൽ, ഇവിടെ എടുത്തുപമിക്കാവുന്ന വേറൊരു വസ്തുവെങ്കിലുമുണ്ടോ?

യൗസേപ്പ്:- ദൈവകൃപയല്ലാതെ ആഗ്രഹിക്കത്തക്ക വിശിഷ്ടമായ വേറൊരു വസ്തുവുമില്ല. മിന്നിത്തിളങ്ങുന്നപോലെ ഭ്രമം ജനിപ്പിക്കുന്ന നശ്വരവസ്തുക്കളിൽ പററിപ്പിടിക്കുന്ന ആശതന്നെ, ദു:ഖത്തിനും പാപത്തിനും ഹേതുവായാൽ, ആത്മാക്കൾക്ക് അതിനേക്കാൾ ഭയങ്കരനായ വേറൊരു ശത്രു ഏതായിരിയ്ക്കും?

കന്യക:- ഐഹികഭാഗ്യങ്ങളിലുള്ള അമിതമായ ആശയേ, ജീവനാശം ചെയ്യുന്ന ക്രൂരസൎപ്പമെന്നോ പ്രജാദ്രോഹിയായ ദുഷ്ടഭൂപതിയെന്നോ, പക്ഷിയെ പിടിക്കാൻ വച്ച കെണിയെന്നോ, പാലിൽ ചേൎത്ത വിഷകരാളകാളകൂടമെന്നോ എന്താണ് പറയേണ്ടതു്?

യൗസേപ്പ്:- നിത്യദു:ഖത്തിൻെറ വിളനിലമായ പാപംകൂടാതെ സന്തോഷം അനുഭവിക്കുന്നതിന് ഉത്തമമായ ഉപായം എന്തെന്നാൽ "ഞാൻ, എന്റെ" എന്ന രണ്ടുവിധ ബന്ധങ്ങളേയും പരിച്ഛേദിക്കുന്ന തപസ്സുതന്നെ.

കന്യക:- ആരംഭകാലത്തിൽ സങ്കടം തോന്നി

ച്ചിട്ട് പിന്നീട് സന്തോഷം നൽകുന്ന തപസ്സിനേ മു
ള്ളുള്ള നാളത്തോടുകൂടിയ താമരയെന്നോ, പുറമേ മു
ള്ളും ഉള്ളിൽ തേൻ പൊഴിയുന്ന ചുളയും ഉള്ള പന
സഫലമെന്നോ, ഭയജനകമാംവണ്ണം ഇടിമുഴക്കി പി
ന്നീട്ട ആശ്വാസപ്രദമാംവണ്ണം മഴ പൊഴിക്കുന്ന മേ
ഘമെന്നോ, ശത്രുവിനെതിരേ സ്ഥാപിച്ച ബലമേറി
യ കോട്ടയെന്നോ, എന്തുതന്നെയെന്നു പറയട്ടെ!

യൗസേപ്പ്:—എന്റെ പിതാവിന്റെ തൃപ്പാദം
പ്രാപിക്കുന്നതിന്ന് ഏററം എളുപ്പമുള്ളവഴി തപസ്സാ
ണെങ്കിൽ, സകല കാപട്യങ്ങളേയും ഹൃദയതിമിര
ത്തേയും അകററി ആത്മാക്കൾക്ക് ധമ്മസ്ഥിരതയും
സന്തോഷവും നൽകുന്ന ആ തപസ്സിനെ നിസ്സാരമെ
ന്നു കരുതാമോ? കഠിനമെന്നു് ഖേദിക്കാമോ?

കന്യക:—സവ്വനന്മയായ ദൈവമേ! എനിക്കു് മാതാ
വും പിതാവും സന്തോഷവും സമ്പത്തും അങ്ങുതന്നെ
ആകുന്നുവല്ലോ. ആ! അങ്ങയേ നിശ്ചയമായും പ്രാ
പിക്കാൻ സഹായിക്കുന്ന ആ തപസ്സിനെ ക്രൂരകർമ്മ
മെന്നു് പറയാവുന്നതാണോ? എന്നിപ്രകാരം അവർ
രണ്ടുപേരും ജ്ഞാനസല്ലാപങ്ങൾ ചെയ്തു് ആനന്ദജല
ധിയിൽ മഗ്നരാകവേ ദൈവദൂതന്മാർ സന്തുഷ്ടരായി
പുഷ്പമാരി പൊഴിക്കയും ലോകവാസികൾ അധികമാ
യി വാഴ്ത്തുകയും ചെയ്തു. ഇങ്ങനെ സ്വർഗ്ഗവാസികളെ
ന്നവിധം അവർ അവിടെ വസിച്ചു.

നിത്യവും ചെയ്തുവന്ന കഠിനമായ തപസ്സാൽ ശ
രീരമില്ലാത്ത ആത്മാക്കൾ പോലെ കാണപ്പെട്ട അ
വർ, സമസ്തജീവികളേയും സ്നേഹിക്കുന്ന നിർവ്യാജമാ

യ പരമസ്നേഹത്താൽ, ആ പ്രാണങ്ങൾക്കെല്ലാം, ശരീരം തങ്ങളുടേതുതന്നെ ആയിരുന്നാലെന്നവിധം അവയെ രക്ഷിച്ചുവന്നു. ഒന്ന് ഉത്തമാംഗമെന്നും മറെറാന്ന് അധമാംഗമെന്നും ഉള്ള വ്യത്യാസം നോക്കാതെ ദേഹമാസകലംവ്യാപിച്ചിരിക്കുന്ന ജീവൻ എന്നകണക്കേ താഴ്ന്നവരെന്നും ഉയൎന്നവരെന്നും ഉള്ള ഭേദംകൂടാതെ എല്ലാവരേയും ഇവർ സമമായി ഗണിച്ച് ഒരുപോലെ സഹായിച്ചുവന്നു. തന്നെ ബാധിച്ചു പീഡിപ്പിക്കുന്ന വണ്ടുകൾക്കും മധു നൽകുന്ന പുഷ്പംപോലെ, തങ്ങളെ ക്ലേശിപ്പിക്കയും ഉപദ്രവിക്കയും ചെയ്യുന്നവൎക്കും ഇവർ നന്മയേ മാത്രമേ ചെയ്തിരുന്നുള്ളു. നിർമ്മായ വ്യസനത്താൽ ദുഃഖിതരായി വരുന്നവർ, ഇവരുടെ മധുരമൊഴികളാൽ ആശ്വസിച്ച് പ്രസന്നവദനരായിട്ടത്രേ പോയിരുന്നത്. പൊന്മലയിൽ ചെന്ന കാക്കയുംപൊൻനിറമാകുന്നതുപോലെ സന്മാൎഗ്ഗികളായ ഇവരോടടുത്തവർ ഇവരെപ്പോലെ സന്തുഷ്ടചിത്തരാകാതെ പോയിട്ടില്ല. ജീവജാലങ്ങൾക്കെല്ലാം ആഹാരപദാൎത്ഥങ്ങളുണ്ടാക്കി കൊടുത്തിട്ടു തന്നെത്തന്നെയും ആഹാരമായി നൽകുന്ന മഴയേപ്പോലെ, ഇവർ തങ്ങളുടെ പിതൃസ്വത്തുക്കളേ എല്ലാദേവാലയത്തിനും യാചകന്മാൎക്കുംകൂടി ഭാഗിച്ചുകൊടുത്തുമല്ലാതെ തങ്ങളും വേലചെയ്ത് അന്യരെ സഹായിച്ചുവന്നു. ഇങ്ങനെ അഗതികൾക്കാദരവായും രോഗികൾക്ക് ഔഷധമായും, ഇരുന്നഇവർ, വനവാസികളുടെ തപഃപ്രധാനമായ ബ്രഹ്മചൎയ്യധൎമ്മത്തേയും ഗൃഹവാസികളുടെ ഗാൎഹസ്ഥ്യാശ്രമധൎമ്മത്തേയും, അന്യൂനമാ

യി സംഘടിപ്പിച്ചു്, അവയെ സംയോജിപ്പിച്ചു് കാണിക്കുന്ന ഉഭയാശ്രമവിശിഷ്ടപുണ്യങ്ങളുടെ പ്രസ്പഷ്ടദപ്പണങ്ങളായി വിളങ്ങിയിരുന്നു.

---

## അദ്ധ്യായം ഏഴു്.

—:o:—

### സംശയം ജനിക്കുന്നതു്.

ദൈവത്തിൻെറ മനുഷ്യാവതാരം:-

മധുമലർച്ചെടിയാൽ പ്രശോഭിതനായ മാർ യൗസേപ്പും താരകാമൗലിയായ കന്യകാമറിയവും ഇങ്ങനെ ഉഭയാശ്രമ ധമ്മങ്ങളേയും അന്യൂനമായി അനുഷ്ഠിച്ചു വസിച്ചുവന്നു. ആ നാളിൽ ദൈവം ലോകത്തെ രക്ഷിപ്പാൻ കന്യകാമറിയത്തിൻെറ തിരുവുദരത്തിൽ മനുഷ്യനായവതരിക്കുന്നതിനു് തിരുവുള്ളമായി. അതിന്നു് ആ ദിവ്യകന്യക സമ്മതിക്കുന്നതിനുവേണ്ടി വിശുദ്ധവിവാഹം കഴിഞ്ഞിട്ടു് ഏഴാം മാസമായ മീനമാസം ഇരുപത്തഞ്ചാംതീയതി സായംകാലം ഗബ്രിയേൽ ദൈവദൂതനെ അവളുടെ പക്കൽ അയച്ചു. ആ ദൂതമുഖ്യൻ ഉജ്ജ്വലമായ പ്രഭയോടുകൂടി ആ കന്യകയുടെ മുമ്പിൽ പ്രത്യക്ഷനായി അവളുടെ തൃപ്പാദത്തെവണങ്ങി. "പൂണ്ണമായ ദൈവവരങ്ങളാൽ സമ്പന്നനായായവളേ വാഴ്ക" സ്ത്രീകളിൽവച്ചു് നിരവധി ഭാഗ്യംലഭിച്ചവളേ വാഴ്ക"എന്നു സ്തുതിച്ചു. പ്രാപിച്ച നിസ്സീമവരങ്ങളുടെ ഔൽകൃഷ്ട്യത്താൽ എളിമപ്പെട്ടിരുന്ന പരിശുദ്ധകന്യക, മാലാഖായുടെ പ്രശംസാവാക്കുകൾ

കേട്ട് ലജ്ജിച്ച് ചിത്രംപോലെ കുറച്ചുനേരം നിശ്ചലയായിരുന്നു; പിന്നീടു പ്രകാശിച്ചു വന്ന ജ്ഞാനത്താൽ അല്പം ധൈര്യപ്പെട്ട്, "എന്റെ ദൈവമേ! അങ്ങയുടെ കല്പനയെന്താണെന്ന് വിശദമായി അറിയിക്കുമാറാകണമെന്ന് വിനയപൂർവ്വം അർത്ഥിച്ചു. അപ്പോൾ അവളുടെ ഹൃദയത്തിലുള്ളതെല്ലാം മുഖത്തു പ്രത്യക്ഷമായി വിളങ്ങുന്നതിനെക്കണ്ടു സുമനസ്സ് വീണ്ടും വണങ്ങി. "അത്യുന്നതദൈവത്തിന് പ്രിയമുള്ളവളായ കന്യകേ! നീ മയങ്ങി വ്യസനിക്കുന്നതെന്തിന്; ഭൂലോകത്തിലുള്ള സാധാരണരീതിവിട്ടുള്ള തരത്തിൽ നീ അത്ഭുതമായി ഗർഭംധരിച്ച് നിസ്തുലമഹിമനിധിയായ ഒരു ശിശുവിനെ പ്രസവിക്കും; ആ ശിശുവിന്ന് "ഈശോ" എന്ന തിരുനാമം വിളിക്കും; ആ ശിശു ദൈവകുമാരനായും, ദാവീദുരാജാവിന്റെ സിംഹാസനത്തെ പ്രാപിച്ച് ലോകപരിപാലകനായും എന്നേയ്ക്കും വാഴുകയും ചെയ്യും" എന്നറിയിച്ചു. ഇതു കേട്ടു കന്യകാമറിയം കന്യാവ്രതലംഘനംകൂടാതെ ഒരു കന്യക പ്രസവിക്കുന്നത് എങ്ങനെ എന്നു ചോദിച്ചപ്പോൾ മാലാഖ പറഞ്ഞു:—"നീ ശിശുവിനെ പ്രസവിച്ചാലും, ഒന്നും ഇല്ലാതിരിക്കത്തന്നെ സകലലോകങ്ങളേയും അവയിലുൾപ്പെട്ട സമസ്തവസ്തുക്കളെയും സൃഷ്ടിച്ച് സംരക്ഷിക്കുന്ന സർവ്വശക്തനായ ദൈവത്തിന് നിന്റെ കന്യാത്വം, ഭംഗംകൂടാതെ രക്ഷിക്കുന്നതിന് പ്രയാസമാണോ? മലടിയും പ്രസവത്തിനുള്ള പ്രായം കടന്നിരിക്കുന്നവളുമായ എലിസബേത്ത് ഗർഭം ധരിച്ചിട്ട് ഇപ്പോൾ ആറുമാസമായിരിക്കുന്നു എങ്കിൽ, നീ കന്യാ

ത്വത്തിന ഹാനികൂടാതെ പ്രസവിക്കുന്നതു അസ്വാഭാവികമായി തോന്നിയാലും, ദൈവത്താൽ സാധിക്കപ്പെടാത്ത കാൎയ്യം എന്തെങ്കിലുമുണ്ടോ? ദീൎഘദൎശിയായ ഇശയാസ് എന്ന ദേഹം ദൈവവാക്യമായി, "ഒരു കന്യക പുത്രനെ പ്രസവിക്കും" എന്ന് എഴുതിയിട്ടുള്ളതു് വ്യാജമാകുന്നതല്ലെന്ന് അറിയുന്നില്ലയോ? പവിത്രാത്മകമായ സൎവ്വേശ്വരന്റെ ദിവ്യാനുഗ്രഹത്താൽ നീ ഗൎഭം ധരിച്ചു് സുതനായ സൎവേശ്വരനുമാതാവായി, ആ ദിവ്യ ശിശുവിനെ പ്രസവിക്കും; അങ്ങനെ പ്രസവിച്ചാലും നിന്റെ കന്യത്വത്തെ അഭംഗമായി ദൈവം രക്ഷിക്കും" ഈ ആശ്വാസ വാക്കുകളെശ്രവിച്ച കന്യകയാകട്ടെ മറുപടി ഒന്നും പറയാതെ ദൈവത്തൃപ്പാദത്തെ വണങ്ങി ദൈവകൃപയാലുണ്ടായ ആ ഐശ്വൎയ്യത്തിന്റേയും മഹത്വത്തിന്റേയും മുൻപിൽ തന്റെ എളിമത്വത്തെ വ്യക്തമായി ഗ്രഹിച്ചു്, വിനയത്താൽ അതിനെ സമ്മതിക്കുന്നതിനും അല്ലെങ്കിൽ അതിനെ നിഷേധിക്കുന്നതിനും ശക്തിയാകാതെപ്രോജ്വലമായി പ്രകാശിക്കുന്നതിരുമുഖത്തോടുകൂടി അന്നുരാത്രി മുഴുവനും ധ്യാനിച്ചുകൊണ്ടിരുന്നു. അവളുടെ വായ്മൊഴികൾ കേൾക്കാൻ ആശയോടുകൂടി മാലാഖയും പ്രതീക്ഷിച്ചിരുന്നു. സൂൎയ്യോദയവേളയിൽ ദൈവം പ്രസാദിക്കുന്നതിനും, ദൈവദൂതന്മാർ അത്ഭുതപരതന്ത്രരാകുന്നതിനും, ലോകവാസികൾ ആനന്ദപുളകിതരാകുന്നതിനും ഇടയാകത്തക്കവിധം, അവർ അതീവവിനയത്തോടുകൂടി ഗബ്രിയേലിനെ നോക്കി "ഇതാ ദൈവത്തിന്റെ ദാസിയായ എന്നിൽ നീ കല്പിച്ച

പ്രകാരം സംഭവിക്കട്ടെ" എന്നു തിരുവായ് തുറന്നുച്ചരിച്ചു. ഉടനേ അവളുടെ ഹൃദയത്തിൽ പൊങ്ങി വന്ന രക്തത്തുള്ളി മൂന്നും ഒന്നായിച്ചേൎന്ന് ചെറിയൊരു ശരീരമായി ദിവ്യത്മാവും യോജിച്ചതിനാൽ, മാനുഷികതചവും ദൈവികതചവും ആയ രണ്ടു സചഭാവങ്ങളും ഒരുമിച്ച് ദൈവകുമാരൻ മനുഷ്യനുമായി. അതായതു് ലോകം സൃഷ്ടിക്കപ്പെട്ടിട്ട് (ഇതു് ഭൂമിയുടെ വയസ്സല്ല. മനുഷ്യസൃഷ്ടി മുതലുള്ള വർഷമാണ്.) 4199-ാം വർഷം മീനമാസം 25-ാംനു- ആദാമിനെ സൃഷ്ടിച്ചനാളും നേരവുമായ വെള്ളിയാഴ്ച സൂൎയ്യോദയത്തിൽ കന്യകാമറിയം ദൈവകുമാരനെ ഗർഭം ധരിച്ചു. പൂൎവ്വന്മാർ ദീർഘദൎശനത്താൽ അറിയിച്ചിരുന്നവയെല്ലാം ഇപ്രകാരം പൂൎത്തിയായപ്പോൾ, ദൈവദൂതന്മാർവന്ന് മധുരമായി പാടുകയും, കന്യകയുടെ ഹൃദയം ആനന്ദതുന്ദിലമായി ഭവിക്കയും, ആ ഭവനം സൂൎയ്യനെക്കാളധികമായി പ്രകാശിക്കയും, നന്മകൾ സമസ്തവും എങ്ങും നിറയുകയും ചെയ്തു.

സൂൎയ്യരശ്മി പ്രതിഫലിച്ച സ്ഫടികം പ്രകാശിക്കുന്നതുപോലെ കന്യകാമാതാവു പ്രാപിച്ച വരങ്ങളാൽ അവളുടെ തിരുമുഖത്തിൽ വിളങ്ങിയ തേജസ്സിനെ കണ്ടു മാലാഖമാർ ഭയവിവശരായി, മാതാവിനേയും അവളുടെ ഉദരത്തിലുത്ഭവിച്ച ദിവ്യശിശുവിനേയും സ്തുതിച്ചുപാടുവാൻ തുടങ്ങി. അതിൻെറ സാരം ഇപ്രകാരമായിരുന്നു. സചൎഗ്ഗരാജ്യത്തു് നമുക്കു ലഭിച്ചിരിക്കുന്ന നന്മയേക്കാൾ, അധികമായി ഭൂലോകത്തിൽ ഈ കന്യക പ്രാപിച്ചിരിക്കുന്ന ശ്രേഷ്ഠവരങ്ങൾ മൂലം ദൈവ

കുമാരനെ ഗർഭംധരിച്ചതിനാൽ ഹീനമായ ഭൂമിയും മഹിമയിലേക്ക് ഉയരുന്നതിനുള്ള ശക്തി ഒരുകാലത്തും ക്ഷയിക്കുന്നതല്ലെന്നു ചിലർ. തേൻനിറഞ്ഞ മൊട്ടുകളടങ്ങിയ പുഷ്പശാഖപോലെ കന്യാത്വവിശുദ്ധിയോടുകൂടി ഗർഭംധരിച്ച ഈ പുഷ്പവല്ലി, ലോകത്തിൻെറ പാപരോഗത്തെത്തീൎത്തു രക്ഷിക്കുന്ന ദിവ്യൗഷധമായ സൽഫലത്തെ നൽകുന്നതിനുള്ള സമയം സമീപസ്ഥമായെന്നു ചിലർ. ഹൃദയാന്ധകാരമകററുന്ന ജ്യോതിസ്സ് ഇതുതന്നെ; പിശാചുക്കളെ ധീരതയോടുകൂടി ഖണ്ഡിക്കുന്ന വാൾ ഇതുതന്നെ; മനുഷ്യവംശത്തിൻെറ നാശമൊഴിക്കുന്ന ഗർഭം ഇതുതന്നെ, ആകയാൽ ലോകാനന്ദം വരുത്തുന്ന നാൾ ഇതുതന്നെയെന്നു ചിലർ. ത്രിദലോകങ്ങളേയും അംഗുലത്രയത്താൽ വഹിച്ചു ത്രികൎമ്മങ്ങളേയും നടത്തുന്ന അഖണ്ഡപരിപൂൎണ്ണനായ ദൈവത്തെ, ഈ ചെറുകന്യക തൻെറ തിരുവുദരത്തിൽ വഹിച്ചിരിക്കുന്നു എന്നു ചിലർ. സ്വൎഗ്ഗത്തേയും ഭൂമിയേയും പ്രകാശിപ്പിക്കുന്നതിനായി വന്ന നിൎമ്മലനെ ജയിക്ക; മുത്തിനെ ഗർഭംധരിച്ച ചിപ്പിയെ ജയിക്ക; ജീവഫലദായകനായ മഹീപതേ ജയിക്ക; എന്നു ചിലർ. മനുഷ്യർ ജീവിക്കുന്നതിന്നു മനുഷ്യനായി ഭവിച്ചവനെ ജയിക്ക; തേൻ നിറഞ്ഞിട്ടും വികസിക്കാത്ത കുസുമസദൃശയായ കന്യകയേ! ജയിക്ക; പരന്മാൎക്കു സമ്പത്തുനൽകുന്നതിന്നുവേണ്ടി ദരിദ്രനായവനെ ജയിക്ക; സ്വൎഗ്ഗത്തിന്നും ഭൂമിക്കും ജീവൻ നല്കിയവനേ ജയിക്ക; കരുണാസമുദ്രമേ ജയിക്ക; മധുരഫലമേ ജയിക്ക ജയിക്ക എന്നു ചിലർ വാഴ്ത്തിപ്പുകഴ

പൊഴിച്ചു. അന്നുതന്നെ പാപവും പകയും രോഗവും ദുഃഖവും നീങ്ങി. താപസന്മാരെല്ലാവരും കാരണമറിയാതെതന്നെ സന്തുഷ്ടരായി. തദവസരത്തിൽ, പാപാന്ധകാരം ഒഴിക്കുന്നതിന് ദൈവകുമാരൻ ജനിച്ചാലെന്നപോലെ ക്രൂരിരുൾ നീക്കിക്കൊണ്ട് സൂര്യനും ഉദിച്ചു. ആ ഗൃഹത്തിലെ മറെറാരു മുറിയിൽ നിദ്ര ചെയ്തിരുന്ന മാർ യൗസേപ്പ്, അന്നു രാത്രി സംഭവിച്ചവകളിൽ ഒന്നുപോലും അറിയാതെ രാവിലെ എഴുന്നേററ് പതിവുപോലെ ഈശ്വരവന്ദനം ചെയ്തു. അപ്പോൾ അദ്ദേഹത്തിൻെറ ഹൃദയത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു പുതിയ ഉണർവ് ഉണ്ടായി. അതിനാൽ ദൈവം മനുഷ്യാവതാരം ചെയ്തിരിക്കുന്നോ എന്നു ചിന്തിച്ച് സന്തോഷിച്ചു. പിന്നീട് തൻെറ പ്രിയതമയുടെ മുഖത്തെ ദർശിച്ചപ്പോൾ, അതു സൂര്യനെപ്പോലെ ശോഭിക്കുന്നതുകണ്ട് കാരണം അറിയാതെതന്നെ സന്തോഷസാഗരത്തിൽ മഗ്നനായി. മററുള്ളവയെല്ലാം പതിവുപോലെ നടന്നുവന്നു.

സംശയം ജനിക്കുന്നത്:— കന്യകാമാതാവ് ഗർഭംധരിച്ച് അഞ്ചുമാസമായപ്പോൾ, അവളുടെ തിരുവയറ് പൂർവാധികം വളർന്നിരിക്കുന്നതിനെ ബ്രഹ്മചാരിയായ യൗസേപ്പ് കണ്ടു ഗ്രഹിക്കുകയും, തൻെറഹൃദയം പിളക്കുമാറുള്ള മഹാവേദനയോടുകൂടി അതിനെക്കുറിച്ചു സംശയിക്കുകയും ചെയ്തു. പുണ്യഭൂഷണയായ തൻെറ സഹകാരിണിയുടെ മാഹാത്മ്യാതിശയത്തെ നല്ലവണ്ണം അറിഞ്ഞിട്ടുള്ളവനാണെങ്കിലും, അവളിൽ സംഭവിച്ചവയെക്കുറിച്ച് ആലോചിച്ചതിൽ ഒരു തു

നും കിട്ടാത്ത നിർഭരമായ ക്ലേശത്തിന്ന് അധീനനായി. ദിവസം ചെല്ലുന്തോറും ഉദരംവളൎന്നുവന്നതോടുകൂടെ ഈ മഹാത്മാവിന്റെ വ്യസനവും വൎദ്ധിച്ചു. വ്രണത്തിൽ തീപററി എരിഞ്ഞാലെന്നവിധം സന്താപജലധിയിൽ ആണ്ടു് പരിതപിച്ച അദ്ദേഹം, തന്റെ കൂട്ടുകാരിയുടെ തിരുമുഖത്തെ കാണുമ്പോഴെല്ലാം ബലമായ സംശയം ജനിക്കുന്നതിനേയും, അവൾ പോകുമ്പോൾ ആ സംശയം നീങ്ങുന്നതിനേയുംകണ്ടു് യുക്തിപൂൎവ്വം ആലോചിച്ചിട്ടു് ഇപ്രകാരം പറഞ്ഞു:— "എന്റെ കണ്ണുകളേ! എന്നോടു വ്യാജംപറഞ്ഞുവല്ലോ; എന്നേയ്ക്കും ഉത്തമകന്യകയായിരിക്കും എന്നു് ഇവൾ മുൻപെന്നോട്ടു് പറഞ്ഞിട്ടുള്ളവാക്കു് വ്യൎത്ഥമാകുമോ? ശുദ്ധസ്ഫടികത്തേക്കാൾ ശുദ്ധിമതിയായ ഇവൾ മലിനയായി കാണുംമുൻപേ നിങ്ങൾ കാഴ്ചനശിച്ചു് കലങ്ങുന്നതായി ഞാൻ കാണും" ഇങ്ങനെ ഒരിക്കൽ തന്നത്താൻ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്റെ സഹായിനി എതിരേ വരുന്നതുകണ്ടു്; അവിടെനിന്നു്; നോക്കി; സംശയം മുഴുവനും നീങ്ങുന്നതിന്നു് ഒന്നുകൂടി അടുത്തുചെന്നു; ഗൎഭംതന്നെ എന്നു നിസ്സംശയം ഗ്രഹിച്ചു; ഉടനേ ഹൃദയം തകൎന്നുകരഞ്ഞുകൊണ്ടു് അപ്പുറത്തേക്കു് പോയി. "ദൈവപ്രേരണയാൽ ഞാൻ വിശുദ്ധവിവാഹം ചെയ്യുന്നതിന് വിരുതായി പ്രാപിച്ച പൂങ്കൊടിയിൽ പൂത്ത പൂക്കൾ വാടാതിരിക്കവേ, എന്റെ പ്രാണപ്രേയസിയുടെ കന്യാത്വമാകുന്ന സുഗന്ധപുഷ്പം വാടിക്കരിഞ്ഞെന്നു കരുതാമോ? വ്രണപ്പെടുത്തുന്ന ശസ്ത്രംതന്നെ ആ വ്രണത്തെ ഛേദിച്ചു് സു

ഖപ്പെടുത്തുംപോലെ, ഗർഭമുണ്ടെന്നു കാണിച്ചു് എന്റെ ഹൃദയത്തെ വ്യാകുലപ്പെടുത്തിയ കണ്ണുകൾതന്നെ, ഇവളുടെ മഹാത്മ്യാതിശയത്തെ ദർശിപ്പിച്ചു് എന്റെ ഖേദത്തെ തീർക്കും. ഈ കാഴ്ചയാൽ സങ്കടപ്പെടുന്ന നയനങ്ങളെ! ഇനി നിങ്ങളിരുണ്ടു ജലധാരപോലെ കണ്ണുനീർ ചൊരിഞ്ഞുകരയുവിൻ" എന്നുച്ചരിച്ചിട്ടു് തിരിഞ്ഞു് ദൈവത്തോടായി വീണ്ടും പറഞ്ഞു:—"എന്റെ ദൈവമേ! എന്റെ മനസ്സിലുണ്ടായ സംശയത്തേയും അതിനാൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ദു:ഖത്തേയും തീർക്കുകയില്ലയോ? എനിക്കു് വിവാഹത്തെ കല്പിച്ച അന്നുതന്നെ, തൽഫലമായി ഞാൻ ഇപ്പോൾ അനുഭവിക്കുന്ന ദു:ഖത്തേയും കൃപ കൂടാതെ അങ്ങേ തിരുവുള്ളത്തിൽ കരുതിയെന്നോ? എന്റെ ജീവനേ ക്ലേശിപ്പിക്കുന്ന ഈ ഗർഭം എന്നാൽ സംഭവിച്ചിട്ടുള്ളതല്ലെങ്കിലും, അതിനെ അന്വേഷിച്ചറിയാതെ പരിശുദ്ധകന്യകയിൽ കുററമാരോപിച്ചാൽ, ഇന്നുതന്നെ ഭൂമിപിളന്നു് എന്നെ വിഴുങ്ങിക്കളയുമല്ലോ; കൂടാതെ ലോകത്തെ വീണ്ടു് രക്ഷിക്കുന്നതിനായി വരുന്ന ദൈവകുമാരനെ ഒരു കന്യക പ്രസവിക്കുമെന്നുള്ളതു് വേദവിശ്വാസവുമാകുന്നുവല്ലോ. സ്വർഗ്ഗവും ഭൂമിയും വണങ്ങുന്ന ആ അതിവിശുദ്ധയായ ദൈവമാതാവു് അടിയനു വിവാഹത്താൽ പത്നിയായിത്തീരുവാൻ തക്കവിധം ഞാൻ യോഗ്യനാണോ? ഹാ! ഈ വിധത്തിൽ എന്നെ ക്ലേശിപ്പിക്കുന്ന വിചാരങ്ങളേ! എന്റെ മനസ്സിനേ വിട്ടകന്നു പോകുവിൻ. നിലകൂടാതുലയുന്ന എന്റെ ഹൃദയമേ! ഈ കഠിനസങ്കടങ്ങൾ

ക്കിടയിൽ, ഇനിയും ജീവിതസുഖം അനുഭവിച്ചുകൊള്ളാമെന്ന് കരുതേണ്ടാ. ഇപ്പോൾ തന്നെ തീയിൽ ചാടിമരിച്ചുകളയുന്നതല്ലേ നല്ലതു്." എന്നിങ്ങനെ പലതും പറഞ്ഞു് മനം കലങ്ങി പ്രലപിച്ചിരുന്നു.

ഈ വിധത്തിൽ ഒരു രണ്ടുമാസംകൂടി കഴിഞ്ഞു് ഏഴാംമാസത്തിൽ, ഉൽകൃഷ്ടജ്ഞാനത്തേയും അതിശയിക്കുമാറു പലേ ലക്ഷ്യങ്ങളേക്കൊണ്ടും സൂക്ഷ്മാന്വേഷണം ചെയ്തിട്ടു് ഒരു ദീർഘനിശ്വാസത്തോടുകൂടി തന്റെ ഭാൎയ്യ ഗൎഭിണിതന്നെ എന്നു് അദ്ദേഹം നിശ്ചയമായി ഗ്രഹിച്ചു. എങ്കിലും അവളെ അല്പംപോലും അപരാധിനിയായിക്കരുതാതെയും, തന്റെ നിൎഭരമായ വ്യസനത്തെക്കുറിച്ചു് ഒന്നും പറയാതെയും, ഉണ്ണാതെയുംഉറങ്ങാതെയുംദേഹംമെലിഞ്ഞു്അദ്ദേഹംമരണാസന്നനെപ്പോലെ മന്ദീഭവിച്ചിരുന്നു. താൻ ധരിച്ചിരിക്കുന്ന ഗൎഭത്തിന്റെ മഹത്വത്തെ അറിയാതെ തന്റെ പ്രിയതമൻ അനുഭവിക്കുന്ന വ്യസനാധിക്യത്തെ അറിഞ്ഞിരുന്ന കന്യകയാകട്ടെ, താനും അദ്ദേഹത്തിന്റെ ദു:ഖത്തിൽ സഹതപിച്ചിരുന്നെങ്കിലും, ദൈവം ഒരാളിൽ വിശേഷവിധിയായി ചെയ്തിരിക്കുന്ന കൃപയേ വിനയത്താൽ മറച്ചുവയ്ക്കുന്നതാണു് നല്ലതെന്നു് തോന്നിയതിനാലും, ആ അത്ഭുതസംഭവത്തേ വെളിപ്പെടുത്തുന്നതിൽ ദൈവഹിതം എന്തെന്നു് അറിവില്ലാതിരുന്നതിനാലും, അതിനേഅറിയിച്ചു്അദ്ദേഹത്തിന്റെ ദു:ഖം തീൎക്കാതിരുന്നു. എന്നാലും, അദ്ദേഹത്തിന്റെ സംശയത്തേ പരിഹരിച്ചാശ്വസിപ്പിക്കുന്നതിനു ദൈവത്തെ പ്രാൎത്ഥിച്ചിട്ടു്, തന്റെ ഭൎത്താവിന്റെ അടുത്തു

ചെന്നു്, "പ്രിയതമ! അങ്ങു് വ്യസനിക്കുന്നതിനു കാരണമെന്തു്? ഈ ദാസി ചെയ്യേണ്ടതെന്തു്?" എന്നു് വിനയപുരസ്സരം ചോദിച്ചു. ഈ വാക്കുകൾ വ്രണത്തിൽ പററിയ തീക്കൊള്ളിപോലെ അദ്ദേഹത്തിന്റെ കണ്ണത്തിൽ പ്രവേശിച്ചപ്പോഴുണ്ടായ വ്യസനം സഹിക്കുവാൻ ശക്തനാകാതെ അജ്ഞതയാൽ അവളെ വിട്ടുപിരിഞ്ഞു പൊയ്ക്കളയണമെന്നു വിചാരിച്ചു. എങ്കിലും ദുസ്സഹമായ ദുഃഖം ഒരുഭാഗത്തും, നിഷ്കളങ്കമായ സ്നേഹം മറുഭാഗത്തും കൂടി അദ്ദേഹത്തെ ഞെരുക്കുകയാൽ കലുഷഹൃദയനായിത്തന്നെത്താൻ ഇങ്ങനെ പറഞ്ഞു. "ഇതു അപരാധത്തിലുണ്ടായ ഗർഭമാണെന്നു് വിചാരിച്ചു് നിഷ്കന്മഷയായ ഈ കന്യകയേ പുരോഹിതസഭയ്ക്കു് കാണിച്ചുകൊടുത്താൽ, അതു് നിന്ദാവഹമായ ഒരു വ്യാജമായിരിക്കും; അല്ലെങ്കിൽ ആ സംഗതിയെ മറച്ചു് ഇവളോടുകൂടിപാത്താൽ അതു് ദൈവകല്പനയേ ലംഘിക്കുന്ന ഒരു പാപമായിരിക്കും; ആകയാൽ ഈ ധമ്മസങ്കടത്തിൽ ഇവളെ വിട്ടുപിരിഞ്ഞു പോകുന്നതാണു് നല്ലതെന്നു തോന്നിയാലും, മറെറാരുവിധത്തിൽ എന്റെ ജീവനു തുല്യയായിരിക്കുന്ന ഇവളെ വിട്ടുപിരിയുന്നതായാൽ എന്റെ ജീവൻ ശരീരത്തിൽനിന്നും വേർപിരിയാതിരിക്കുമോ? ഇതിനേ വിചാരിക്കുന്ന ക്ഷണംതന്നെ മരിക്കാതിരിക്കുമോ? പുഷ്പമഞ്ജരിയാൽ ഞാൻ പ്രാപിച്ച പുഷ്പമഞ്ജരിക്കു തുല്യയായ ഈ സുകൃതിനിയോടുകൂടി പാക്കാൻ ഭാഗ്യമില്ലാത്തവനായ ഞാൻ, ഇവളെ പിരിഞ്ഞു് കൊടുങ്കാട്ടിൽ പോയി കഠിനതപസ്സു ചെയ്യുന്ന

തത്രേ നന്മയായിട്ടുള്ളതു്. അങ്ങനെ ഞാൻ പോകു മ്പോൾ ഇവളനുഭവിക്കുന്ന കഠിന വ്യസനം കാണു ന്നാപക്ഷം, എന്റെ മനസ്സ് അതിലേയ്ക്കു ധൈയ്യപ്പെ ടുകയില്ലല്ലോ" എന്നിങ്ങനെ പലവിധത്തിൽ ആലോ ചിക്കയും വിചാരിക്കയും ചെയ്തിട്ട്, ഒടുവിൽ ആരും അറിയാതെ അദ്ധരാത്രിക്കെഴുനേററു് പൊയ്ക്കളയുന്ന തുതന്നെ ഉത്തമമെന്നു തീച്ചപ്പെടുത്തി. ഒരിക്കലും പിരിയാത്ത വണ്ണം ദൃഢസ്നേഹത്താൽ ബദ്ധരായ ഇ വർ പിരിയുമ്പോഴുണ്ടാകുന്ന ദു:ഖത്തെക്കണ്ടു സഹി ക്കാൻ കഴിയാത്തവനെന്നപോലെ സൂൎയ്യനും ചരമാബ്ധി യിലണഞ്ഞു. സംശയത്താൽ കലങ്ങിയ ഇദ്ദേഹത്തി ന്റെ ഹൃദയം പൊലെ ഭൂമിയും സൎവ്വത്ര അന്ധകാരം കൊണ്ടു് നിറഞ്ഞു. അനന്തരം യൗസേപ്പ് ദൈവ ത്തെ നോക്കി:—"സൎവ്വാന്തൎയ്യാമിയായ ജഗദീശാ! എ ന്റെ അന്തൎഗ്ഗതം മുഴുവനും അറിഞ്ഞിരിക്കുന്നനാഥാ! ഇതും അവിടുത്തെ ഇഷ്ടയെന്നു വിചാരിച്ചല്ലയോ, ഈ യുവതീരത്നത്തെ വിട്ടുപോകുന്നതു്. ഇനി ഇവൾ ക്കു നേരിടാവുന്ന ആപത്തുകളെ നീക്കി രക്ഷിക്കുമാറാ കണം"എന്നു പ്രാൎത്ഥിച്ചിട്ടു് നിദ്രയ്ക്കായി പോയി. ഇ തെല്ലാം തന്റെ ജ്ഞാനദൃഷ്ടിയിൽ കണ്ടറിഞ്ഞുകൊ ണ്ടിരുന്ന ദിവ്യകന്യക അദ്ദേഹത്തിന്റെ വേർപാടി നാൽ തനിക്കുണ്ടാകാവുന്ന അനൎത്ഥങ്ങളെ നിരൂപിച്ചു കരഞ്ഞു് "എന്റെ ദൈവമേ! തള്ള തന്നെ താൻപെ ററകുഞ്ഞിനെ മറന്നു കളഞ്ഞാലെന്നപോലെ നീയും നിന്റെ അപാര കാരുണ്യത്തെ കാണിക്കാതിരിക്കു ന്നോ? ഇപ്പോൾ എന്റെ മനസ്സിൽ കത്തിക്കാളുന്ന

ക്ലേശഭാരമകററുവാൻ അല്പമെങ്കിലും ദയചെയ്കയി ല്ലേ? എൻെറ ഉദരത്തിൽ സ്ഥിതിചെയ്യുന്ന പരമേ ശാ! അബലയായ ഞാൻ നിസ്സഹായയായി തനിയേ പാൎക്കുന്നതു അങ്ങേയ്ക്കു മഹത്വമാകുന്നോ? എൻെറ ദുഃ ഖം തീൎപ്പാൻകൃപ ചെയ്യുമാറാകണം” എന്നപേക്ഷി ച്ചു. അപ്പോൾ ദൈവം അനുകമ്പയോടുകൂടി ഗബ്രി യേലിനെ വീക്ഷിച്ചു:— “നീ യൗസേപ്പിൻെറ അടു ക്കൽ ചെന്നു് നിൎമ്മലയായ കന്യകയുടെ വയററിൽ ദൈവകുമാരൻ ഉത്ഭവിച്ച അത്ഭുതം എല്ലാം വിവര മായി അറിയിച്ചു് അവൻെറ ക്ലേശങ്ങളെ തീൎത്തു അ വനെ കുതൂഹല ചിത്തനാക്കിയാലും” എന്നു കല്പിച്ച യച്ചു.

# അദ്ധ്യായം എട്ടു്.

—:o:—

## സംശയനിവാരണം.

ദൈവകല്പനയേ ശിരസാ വഹിച്ച ഗബ്രിയേൽ ദൈവദൂതൻ, നിദ്രചെയ്തുകൊണ്ടിരുന്ന താപസപ്രവ രനായ മാർ യൗസേപ്പിൻെറ ഹൃദയത്തിൽ പ്രത്യക്ഷ പ്പെട്ടു് “സ്വൎഗ്ഗവാസികളാലും ഭൂവാസികളാലും ആ ശിക്കപ്പെടുന്ന ശ്രേഷ്ഠവരങ്ങൾ ലഭിച്ച മഹാമതേ! നീ സംശയംകൊണ്ടുള്ളം കലങ്ങി വലയുന്നതെന്തിനു് എ ന്നും സച്ചരിത്രയായിരിക്കുന്ന ഒരു കന്യക, ശിശുവി നെ പ്രസവിക്കും എന്നു് വേദത്തിൽ എഴുതപ്പെട്ടിരു ക്കുന്ന സത്യത്തെ നീ അറിയുന്നില്ലയോ? ദൈവം ആ ദിയിൽ കല്പിച്ച വചനം പൂൎത്തിയാകേണ്ട കാലം ഇ

തായിരിക്കയാൽ, ആ രക്ഷകൻ തന്നെ നിൻെറ പരിശുദ്ധ പത്നിയിൽ കന്യാത്വഭംഗം കൂടാതെ ശിശുവായി ഉത്ഭവിച്ചിട്ട് ഇപ്പോൾ ഏഴുമാസമായിരിക്കുന്നു. ഗർഭധാരണത്താൽ ഉണ്ടാകുമാറുള്ള അരിഷ്ടതകളൊന്നും കൂടാതെ ആ കന്യക അത്ഭുതമായി പ്രസവിക്കുന്ന ശിശുവത്രെ ഭൂലോകത്തിൻെറ സകലപാപങ്ങളേയും തീർത്തു രക്ഷിക്കുന്നതു്. അതിനാൽ ആ ദിവ്യശിശുവിനു രക്ഷകൻ എന്നർത്ഥമുള്ള "ഈശോ" എന്ന തിരുനാമം വിളിക്കണം. എന്നറിയിച്ചു. ഉടനേ യൗസേപ്പു കണ്ണുതുറന്നു നോക്കിയാറെ ചുററും ജ്വലിച്ചു കൊണ്ടിരുന്ന പ്രകാശം കണ്ടതല്ലാതെ വേറെ ഒന്നും കാണാഞ്ഞതിനാൽ അത്ഭുതാനന്ദങ്ങൾകൊണ്ടു് പരവശനായി തൻെറ പത്നിയുടെ വയററിൽ വിലതീരാത്ത രത്നംപോലെ ഉത്ഭവിച്ചിരിക്കുന്ന രാജാധിരാജനെ അത്യുൽക്കണ്ഠയോടെ പ്രണമിച്ചു് വേദത്തിലെഴുതിയിരിക്കുന്ന മധുരവചനങ്ങളെപ്പററി ചിന്തിച്ചു് ആകാശവാസികളും ആനന്ദിക്കുവാൻ തക്കവണ്ണം പ്രസന്നവദനനായി ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി:—"എവിടെയും വിളങ്ങുന്ന കാരുണ്യ മഹാജ്യോതിസ്സേ! എല്ലാം അറിയുന്ന സർവേശാ! നിന്നെ സേവിക്കുന്ന ദാസനായ ഈ അല്പനെ ഈ വിധത്തിലൊഉയർത്തുവാൻ നിശ്ചയിച്ചതു്; താഴ്ന്നവരെ ഉയർത്തുന്ന നാഥാ! ഒരു വാക്കാൽ സകലത്തേയും സൃഷ്ടിച്ചവല്ലോ; മൂശയുടെ വടിയാൽ കടൽ പിളന്നു് വഴികൊടുക്കുമാറാക്കിയല്ലോ; യോശുവായുടെ കല്പനയാൽ സൂര്യനെ നിശ്ചലനായി നിറുത്തിയല്ലോ;അതേപ്രകാരം തന്നെ ലോകരക്ഷയ്ക്കായി അവതരിച്ചിരിക്കുന്ന നീ, അടിമ

യായ എന്നെ സഹായത്തിനായി തിരഞ്ഞെടുത്തിരിക്കുന്നുവല്ലൊ. എപ്പോഴും ധന്യനായ പ്രഭോ! ശ്മശാനത്തിൽ കിടന്ന അസ്ഥികൾ ക്രമത്തിന് ഒന്നോടൊന്ന് യോജിച്ച്, ഞരമ്പുകൾ ഒട്ടി, മാംസം വളൎന്ന്, തൊലികൊണ്ടു മൂടി ജീവൻ വീണ്ട് എഴുന്നേററതായി മുൻപ് ഇസക്കിയേൽ കണ്ടുവല്ലോ; ആ അസ്ഥിപോലെ കിടന്നിരുന്ന ഞാൻ, ജീവൻ ലഭിച്ചുയരുന്നതിനോ ഈ ഉപായം ചെയ്തതു്; ഭക്തിയില്ലയെന്നു യൂദിത്ത് എന്നാവളേക്കൊണ്ടു് ഒലിവേർന്റപന്റെ ശിരച്ഛേദം ചെയ്യിച്ചതും മൂശയ്ക്കും ദാവീദിനും അധികാരം കൊടുത്തു് രാജ്യഭാരം നടത്തിച്ചതുമായ നിന്റെ മാഹാത്മ്യത്തെ ചിന്തിച്ചിട്ടു ഹൃദയം ആനന്ദിക്കുന്നു. നിന്നെ പ്രസവിക്കുന്ന കന്യകാമാതാവിന്നു് സഹായിയായി എന്നെ തിരഞ്ഞെടുത്തതിന്റെ പരമോപകാരത്തേ ഞാനേതുവിധം പുകഴ്ത്തേണ്ടു. ദൈവസുതനായ നിന്നെ, പുത്രനായി പ്രസവിക്കുന്ന ഈ നിൎമ്മല കന്യകയെ, വിവാഹത്താൽ എനിക്കു് സഹായിനിയായിത്തന്നെ ആ ശ്രേഷ്ഠമായ ശ്രേയസ്സിനെ അറിയാതെ അവളെ ഉപേക്ഷിച്ചു പൊയ്ക്കളയണമെന്നു വിചാരിച്ച എന്റെ കുററത്തെ ക്ഷമിക്കുവാൻ ദയവു ചെയ്യുമാറാകണം. സകല സൽഗുണങ്ങൾക്കും വിളനിലമായി പ്രകാശിക്കുന്ന അവൾക്കു്, അജ്ഞനായ ഞാൻ ഒരു യോഗ്യനായ സഹായിയായിരിക്കുമോ? വേദം പ്രചരിച്ചു പ്രകാശിക്കുമാറു പുഷ്ടശാഖയായിരിക്കുന്ന ഇവൾക്കു് മൂഢനായ ഞാനൊരു പുഷ്ടശാഖയാകുമോ? മാലാഖാമാൎക്കും കല്പന നൽകുന്ന ഇവളു

ടെ മഹിമയേ ഞാനറിയാഞ്ഞതിനാലല്ലയോ, ഇവളോടു പല വേലകൾക്കായി കല്പിച്ചിട്ടുള്ളതു്; സൂൎയ്യനെ വസ്ത്രമായും, ചന്ദ്രനെ പാദുകമായും നക്ഷത്രങ്ങളെ കിരീടമായും ധരിച്ചവളും സൎപ്പാകൃതിയായ പിശാചിന്റെ തലയേ തകൎത്തവളും, സ്വൎഗ്ഗവാസികളാൽ സ്തുതിക്കപ്പെട്ടവളും ഇവളല്ലയോ? വേദവിധികളേയും സദാചാരമാൎഗ്ഗങ്ങളേയും പ്രതിബിംബിപ്പിക്കുന്ന കണ്ണാടിയും, ഉൽകൃഷ്ട സ്നേഹവും, സദാ കരുണയും വൎഷിക്കുന്ന മേഘവും ആകുന്നവൾ ഇവളല്ലയോ? ഈവിധ മഹത്വത്തോടുകൂടിയവളുടെ യാഥാൎത്ഥ്യത്തെ ലേശമെങ്കിലും അറിയാതെ ഞാൻ സംശയിച്ചിരുന്നതു മുഴുവനും അവൾ അറിഞ്ഞിരിക്കുമല്ലോ? ഇനി അവളുടെ മുമ്പിൽ ലജ്ജകൂടാതെ ചെല്ലുന്നതെങ്ങനെ" എന്നു വിചാരിച്ചിട്ടു് ആനന്ദലജ്ജാദിവികാരങ്ങൾക്കു് അധീനനായിരുന്നു.

ഇപ്രകാരം ദൈവകൃപയാൽ സംശയം നീങ്ങി കുതൂഹലിതചിത്തനായ യൌസേപ്പിനെ കാണ്മാൻ അത്യാശയോടു വന്നവനേപ്പോലെ സൂൎയ്യനും ഉദിച്ചു. യൌസേപ്പു് എഴുന്നേറ്റു് മോക്ഷവാസികൾ വണങ്ങുന്ന ആ ദൈവമാതാവു് ഇനി വേലചെയ്യുന്നതു കൊള്ളരുതെന്നു് കരുതി, അവളുടെ വേലകളെ താൻ തന്നെ ചെയ്തുതീൎത്തിട്ടു് ആ ദൈവമാതാവിനെ വണങ്ങുന്നതിനും തന്റെ സംശയം നീങ്ങിയതിനെ പറയുന്നതിനും ഉണ്ടായ ആഗ്രഹാധിക്യത്തെ അടക്കുവാൻ കഴിയാതെ, അവളുടെ മുറിയുടെ വാതുക്കൽ ചെന്നു് കാത്തുനിന്നു. ദിവ്യകന്യക വാതിൽ തുറന്നപ്പോൾ അവളുടെ പാദത്തിൽവീണു് "ദൈവത്തെ ഗൎഭംധരി

ച്ചവളേ! ധമ്മനായികേ! അടിയനുണ്ടായ സംശയ ത്തെ എല്ലാം അറിഞ്ഞവളേ! ലോകത്തിന്റെ പാപ പരിഹാരാത്ഥം അവതരിച്ചിരിക്കുന്ന നിന്റെ തൃക്കു മാരനോപ്പോലെ നീയും എന്റെ കുററങ്ങളെ ക്ഷമിച്ച നുഗ്രഹിക്കുമാറാകണം." എന്ന് കരഞ്ഞപേക്ഷിച്ചു. ഉടനേ ദൈവമാതാവ് അദ്ദേഹത്തിന്റെ സംശ ത്തെ തീർപ്പാൻ കനിഞ്ഞ ദൈവത്തെ സ്തോത്രം ചെയ്തിട്ട്, തന്റെ പാദത്തിൽ വീണുകിടക്കുന്ന ഭത്താവിനെ താങ്ങി എഴുന്നേൽപ്പിച്ച്, താ നും അദ്ദേഹത്തിന്റെ പാദത്തിൽ വീ ണു കരഞ്ഞുകൊണ്ട്, "പൂജ്യരേ! ദൈവം എനി ക്കു നൽകിയ വിശേഷവരങ്ങളെ എളിമയാൽ മറച്ചു കൊള്ളുന്നതാണ് നല്ലതെന്ന് ബോധപ്പെട്ടതിനാലും ദൈവകല്പന ഇല്ലാഞ്ഞതിനാലും ഞാൻ ധരിച്ച ഗർഭ ത്തിന്റെ മഹത്വത്തെ അങ്ങയെ അറിയിക്കാതിരുന്ന കുററത്തെ പൊറുക്കുവാൻ ദയയുണ്ടാകുമാറാകണം" എ ന്നു പ്രാർത്ഥിച്ചു. ഈ വാക്കുകളെ കേട്ട യൗസേപ്പ് ദിവ്യകന്യകയിൽ വിളങ്ങിക്കൊണ്ടിരുന്ന അത്ഭുതാവ ഹമായ മഹിമകൾ കണ്ട് ഉള്ളിലടക്കുവാൻ കഴിയാ തെ അവളെ നോക്കി, "സ്ത്രീകളിൽ വച്ചു അനുഗ്രഹി ക്കപ്പെട്ടവളേ! ദൈവത്തെ ചുമന്ന കന്യകാപീഠമേ! സൃഷ്ടികത്താവു പ്രസന്ന മുഖനായി നിന്നെ കടാക്ഷി ച്ചതിനാൽ, വേദത്തിൽ എഴുതപ്പെട്ട നന്മകൾ സമ സ്തവും നിന്നിൽ പ്രശോഭിച്ച്, ഏവരും നിന്നെ സ്തു തിക്കും. ഇതിനാൽ ഉൽകൃഷ്ടനായി തീന്ന ഞാൻ എ ന്റെ കടമകളെ നിവ്വിഘ്നം അനുഷ്ഠിച്ചു പോരുവാൻ

നീതന്നെ നിൻെറ ദിവ്യപുത്രനോടപേക്ഷിക്കുമാറാക ണം” എന്ന അഭ്യൎത്ഥിച്ചു. ഇപ്രകാരം, തൻെറ കാന്തൻ തന്നെക്കുറിച്ചു പ്രശംസിച്ചു പറഞ്ഞ സ്തുതി കളെയെല്ലാം അവൾ തൻെറ ദിവ്യപുത്രന സ്തോത്രമാ യി സമൎപ്പണം ചെയ്തു. അപ്പോൾ അസംഖ്യം മാലാ ഖമാർ പ്രത്യക്ഷപ്പെട്ടു് സുഗന്ധപുഷ്പങ്ങളെ വിതര ണംചെയ്തുകൊണ്ടു് ദൈവത്തെ സ്തുതിച്ചുപാടി.

കൎണ്ണാമൃതമായ ആ ഗാനത്തെ കേട്ടുകൊണ്ടും ഹൃ ദയാകർഷകമായ വിശേഷപ്പെട്ട കാഴ്ചകളെ കൺകുളി ൎക്കുമാറു് സ്പഷ്ടതരമായികണ്ടുകൊണ്ടും മാർയൗസേപ്പ് പരമാനന്ദ സാഗരത്തിൽ നിമഗ്നനായിരിക്കയായിരു ന്നു. അപ്പോൾ കന്യകാമാതാവു് സൂൎയ്യനെ വസ്ത്രമാ യും ചന്ദ്രനെ പാദുകയായും നക്ഷത്രങ്ങളെ കിരീടമാ യും അണിഞ്ഞിരിക്കുന്ന വിധത്തിൽ ഭൂമിയെവിട്ടു് ന ഭോമണ്ഡലത്തിലേയ്ക്കുയൎന്നു ഉജ്ജ്വലമായ ഒരു ജ്യോതി സ്സുപോലെ നിന്നു് പ്രശോഭിച്ചു. അശരീരികളായ പല മാലാഖമാർ സശരീരരായി കാണപ്പെട്ടു് അവളു ടെ തിരുമടിയെ നമസ്കരിച്ചു് മധുമലർ വർഷിക്കയും പലപല സ്തുതികൾ പാടുകയും പ്രഭാപൂരം പരത്തുക യും ചെയ്തു. കൂടാതെയും സ്വൎഗ്ഗത്തിൻെറ പ്രഭുവായ ദൈവം, ഈ പരമ കന്യക ജനിച്ചനാൾ തുടങ്ങി ഇ വൾക്കു് പരിവാരമായി ഇവളോടു് സഹവസിച്ചു് ഇ വളുടെ കല്പനകളെ കേൾക്കത്തക്കവണ്ണം ആജ്ഞാപി ച്ചയച്ചിരുന്ന ആയിരം മാലാഖമാരും തത്തന്മുഖങ്ങ ളിൽ സ്വൎഗ്ഗീയ സൗന്ദൎയ്യത്തെ പ്രദർശിപ്പിച്ചു് കാന്തിപൂരം ചിന്തുന്ന ധവളവസ്ത്രംധരിച്ചു്സൌരഭ്യം വീശുന്ന പുഷ്പകിരീടത്താൽ അലംകൃതരായി, മറവുപ

ലവിധ ആഭരണങ്ങളും ധരിച്ചിട്ടുള്ളതിനിടയിൽകൂടി "മറിയം ദൈവജനനിയാകുന്നു" എന്നവാക്യത്തെ ഹാരമായി മാറിലണിഞ്ഞു് ചുററും വിളങ്ങി; അവരിൽ നൂറുപേർ ആ ദൈവജനനിയുടെ നിഷ്കളങ്കമായ കന്യാത്വവിശുദ്ധിയെക്കാണിക്കുന്നതിന്ന് വെള്ളചെങ്ങഴിനീർപുഷ്പത്താൽ നൂറുമാലകളേയും, നൂറുപേർ അവൾ പാപികൾക്കാശ്രയമെന്നു കാണിക്കുന്നതിന്ന് ചുമന്ന റോസപ്പൂക്കളാൽ നൂറു മാലകളേയും, നൂറുപേർ അവൾ പാപികൾക്കാശ്രയമെന്നു കാണിക്കുന്നതിന്നു സൂര്യകാന്തപ്പൂക്കളാൽ നൂറു മാലകളേയും, നൂറുപേർ അവൾ പ്രാപിച്ച ഉൽകൃഷ്ടജ്ഞാനത്തെ കാണിക്കുന്നതിന്നു താമരപ്പൂക്കളാൽ നൂറുമാലകളേയും നൂറുപേർ അവളുടെ മനഃസ്ഥൈര്യത്തെ കാണിക്കുന്നതിന്നു ആമ്പൽപ്പൂക്കളാൽ നൂറുമാലകളേയും, നൂറപേർ ധർമ്മപദത്തിൽ കുലുക്കമില്ലാത്ത അവളുടെ മനഃസ്വഭാവത്തെ കാണിക്കുന്നതിന്ന് ചേവന്തിപ്പൂക്കളാൽ നൂറുമാലകളേയും, നൂറുപേർ അവളുടെ അത്ഭുതാവഹമായ തപഃശക്തിയെ കാണിക്കുന്നതിന്ന് ചെമ്പകപ്പൂക്കളാൽ നൂറുമാലകളേയും, നൂറുപേർ അവളുടെ നിസ്തുലമായ എളിമയെ സർവ്വോപരി പ്രകാശിപ്പിക്കുന്നതിന്ന ഇലഞ്ഞിപ്പൂക്കളാൽ നൂറുമാലകളേയും, നൂറുപേർ അവൾ പിശാചിൻെറ തലയേതകർത്തു് വിജയം പ്രാപിച്ചവളെന്നു് കാണിക്കുന്നതിന്ന് തുമ്പപ്പൂക്കളാൽ നൂറുമാലകളേയും തൊടുത്തുണ്ടാക്കി മുറമുറയായി ആ ദിവ്യകന്യകയുടെ തൃപ്പാദത്തിൽ സമർപ്പിച്ചുവണങ്ങി. മററെ നൂറുമാലാഖമാരിൽ പന്ത്രണ്ടുപേർ ഈ കന്യക

എല്ലവക്കും നന്മചെയ്യുന്ന കുളിർ പൂഞ്ചോലയോ, കരുണമഴ പൊഴിക്കുന്ന മേഘമോ, മാനസതിമിരമകററുന്ന സൂൎയ്യനോ എന്നിങ്ങനെ വാഴ്ത്തിയിട്ട്, സകല ജീവികളേയും പോററിരക്ഷിക്കുന്ന അമ്മയാണിവളെന്ന് കാണിക്കുന്നതിന്, മുത്തുമാലകളും, രത്നപ്പതക്കങ്ങളും, കൊത്തുസ്സരഭരണികളും വഹിച്ച് പന്ത്രണ്ടു നക്ഷത്രങ്ങൾപോലെ അവളേ ചുററിനിന്നു. പതിനെട്ടു മാലാഖാമാർ പാപികളെ വീണ്ടുരക്ഷിക്കുന്നതിനായി ദൈവകുമാരൻ ഇനി പെടുവാൻപോകുന്ന ക്രൂരതരമായ പാടുകളുടെ കരുക്കളായ കുരിശ്, ആണി, ചാട്ട, മുൾമുടി, കുന്തം മുതലായ ആയുധങ്ങളേന്തിക്കൊണ്ടു് അവളുടെ മുൻപിൽ നിലകൊണ്ടു. ശേഷിച്ച എഴുപതു മാലാഖമാരിൽ ഓരോരുത്തരും ആറാറു ചിറകുകളോടുകൂടി പ്രത്യക്ഷപ്പെട്ട്, രണ്ടു ചിറകുകളാൽ തങ്ങളുടെ മുഖത്തേയും, രണ്ടു ചിറകുകളാൽ തങ്ങളുടെ പാദത്തേയും മറച്ചിട്ട്, രണ്ടു ചിറകുകളാൽ വായുവും പ്രകാശവും വീശി അവളുടെ പാദത്തെ പ്രണമിച്ചുകൊണ്ടുനിന്നു. മിഖായേൽ ഗബ്രിയേൽ എന്ന രണ്ടു മാലാഖാമാരും, സ്വൎണ്ണകവചവും സ്വൎണ്ണാഭരണവും രത്നകിരീടവും ധരിച്ച് ആയുധപാണികളായി ആ സ്വൎഗ്ഗീയസേനകൾക്കധിപന്മാരായി വിളങ്ങിയിരുന്നു. കൂടാതെയും ജാജ്വല്യമാനങ്ങളായ കിരീടങ്ങൾ ധരിച്ചവരായി കാണപ്പെട്ടു. വേറേ അനേകസഹസ്രം മാലാഖാമാർ കൊടി, കുട, കുസുമം, മുതലായവയേ വഹിച്ചും, നാനാവിധ വാദ്യങ്ങൾ മുഴക്കിയും ഘോഷപ്രഘോഷണം ചെയ്തു്, മുടികളോടു മുടികളിടഞ്ഞും, മാലകളിൽനിന്ന് ചലചലെന്ന് മധുപൊഴി

ഞ്ഞും, രത്നമാലകൾ കിലുകിലെന്ന് കിലുങ്ങിയും തിക്കിത്തിരക്കി അടുത്തുകൂടി ദൈവജനനിയുടെ തൃപ്പാദകമലത്തിൽ വീണുവണങ്ങി. ചിലർ സർപ്പരൂപനായ പിശാചിന്റെ വിഷമകററുന്ന സഞ്ജീവി ഇവൾതന്നെ എന്നും, ചിലർ പാപാന്ധകാരത്തെ ദൂരീകരിക്കുന്ന ജ്ഞാനസൂൎയ്യൻ ഇവൾതന്നെ എന്നും, ചിലർ ഹൃദയമാലിന്യം നീങ്ങുന്നതിന് ജീവികൾക്ക് ഉറപ്പും ഉണർവ്വും അരുളുന്നവൾ ഇവൾതന്നെ എന്നും, ചിലർ ദാനത്തിന്റെയും ദയയുടേയും നിസ്തുല്യസമുദ്രം ഇവൾതന്നെ എന്നും പ്രശംസിച്ചു. ചിലർ പിശാചുക്കളോടു ചെയ്യുന്ന യുദ്ധത്തിൽ ബലഹീനരായിപ്പോയവരും, മക്കളില്ലാതെ നിരാശരായി ദുഃഖിച്ചവരും, ദാരിദ്ര്യരോഗങ്ങളാൽ ക്ഷീണിച്ചു ശോഷിച്ചവരും, മരണസമയത്തു് ഭയങ്കരമായി നടുങ്ങി വ്യസനിക്കുന്നവരും താന്താങ്ങൾക്കു് സഹായം കണ്ടെത്തുന്നിടം ഇവളത്രേ എന്നു ശ്ലാഘിച്ചു. ചിലർ എവൎക്കും തണലേകുന്ന കുടയും, കൃപാജലം വൎഷിക്കുന്ന മേഘവുമായ ഇവളാകുന്നു നമ്മുടെ രാജ്ഞി എന്നുവാഴ്ത്തി. ഇപ്രകാരം പാപാന്ധകാരം വ്യാപിച്ച ഈ ഭൂലോകം, ദൈവകൃപ ലഭിച്ചാനന്ദിക്കത്തക്കവണ്ണം, അനന്തശക്തിയും കരുണയുമുള്ള ദൈവം, ആനന്ദൈശ്വൎയ്യപ്രകാശങ്ങളെ സംയോജിപ്പിച്ചതു് ഈവിധമായിരുന്നതിനാൽ അന്ന് ആ ചെറുഭവനം സ്വൎഗ്ഗതുല്യം വിളങ്ങിയെന്ന് ചുരുക്കാനേ തരമുള്ളു.

ഈ കാഴ്ചകളെല്ലാം കണ്ട സന്ന്യാസിവരനായ മാർയൗസേപ്പ് ആനന്ദപയോധിയിൽ മുഴുകി, പ്രകാശസ്വരൂപണിയായി വ്യോമമണ്ഡലത്തിലുയൎന്നു നി

ച്ചൂന്ന പരമനായികയേ നോക്കി, എനിക്കു മാതാവും പിതാവും നീതന്നെ, ആത്മാവും ശരീരവും നീതന്നെ, ആനന്ദവാരിധിയും കാരുണ്യമേഘവും നീതന്നെ, ആകയാൽ ആനന്ദ നിയാനിധേ! വാഴ്ക സ്വർഗ്ഗനാഥേ! വാഴ്ക കന്യകാ രാജ്ഞിയേ! വാഴ്ക ദൈവത്തിൻെറ അമ്മേ! വാഴ്ക പൂർണ്ണകൃപാനിധേ! വാഴ്ക വിശിഷ്ട വേദമേ! വാഴ്ക വാഴ്ക എന്നു വാഴ്ത്തി. അതേസമയം തള്ളയുടെ ഉദരത്തിലിരുന്ന ദൈവകുമാരൻ തൻെറ തിരുമുഖത്തെ പുറത്തേക്കു പ്രദർശിപ്പിച്ചതിനേ മാർ യൗസേപ്പു കണ്ടു പരമാനന്ദം അനുഭവിച്ചുകൊണ്ടിരിക്കയും, ദൈവാജ്ഞയാൽ ചില മാലാഖാമാർ ആ കന്യകയ്ക്കു പല സ്വർഗ്ഗീയാഭരണങ്ങൾ അണിയുകയും നക്ഷത്രകിരീടത്താൽ അലംകൃതമായ അവളുടെ ശിരസ്സിൽ ഒരു മോക്ഷമുടിയേ ധരിപ്പിക്കയും ചെയ്തു.

തള്ളയുടെ ഉദരോപരിഭാഗത്തു പ്രത്യക്ഷീഭൂതനായ ദിവ്യശിശു വി: യൗസേപ്പിനെ കരുണയോടെ വീക്ഷിച്ചു, "വേദം പുകഴ്ത്തുന്ന മഹാത്മാവേ! പുഷ്പശാഖയാൽ നീ പ്രാപിച്ച നിൻ്റെ സഹായിനിയുടെ മാഹാത്മ്യത്തെ ഇന്നു കണ്ട കാഴ്ചയാൽ ബോധിച്ചുവല്ലോ. ഇവൾ അന്യ കാരണങ്ങളൊന്നുംകൂടാതെ കന്യകയായിരുന്നു എന്നെ പ്രസവിക്കും. എങ്കിലും, എന്നെ വളർത്തുന്നതിനു വളർത്തുപിതാവായി നിന്നെ തിരഞ്ഞെടുത്തു നിനക്കു അളവില്ലാതെ പല ദിവ്യവരങ്ങളേയും നൾകിയിരിക്കുന്നു." എന്നു അദ്ദേഹത്തിൻെറ മനസ്സിൽ അറിയിച്ചു. അപ്പോൾ യൗസേപ്പു പ്രാപിച്ച വരമഴയ്ക്കൊപ്പംതന്നെ മാലാഖാമാർ മലർ

വാരിയും വൎഷിക്കയാൽ അദ്ദേഹം ആനന്ദപ്പുഴയിൽ നിപതിച്ചു് മഹാപരവശനായി. തത്സമയം ദൈവം വിശേഷകൃപചെയ്യാതിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ജീവൻ ശരീരത്തെ വിട്ടുപിരിഞ്ഞു പോകുമായിരുന്നു. അദ്ദേഹം പരവശതനീങ്ങി ദിവ്യശ്ശുവിൻെറ തൃപ്പാദത്തിൽ വീണുവണങ്ങി എഴുന്നേററു നോക്കുമ്പോൾ മുമ്പിൽ കണ്ട കാഴ്ചകളെല്ലാം മറഞ്ഞു്, തൻെറ കൂട്ടുകാരി ഭൂമിയിലിറങ്ങി വന്നിരിക്കുന്നതിനേക്കണ്ടു് സംഭവിച്ചതെല്ലാം ചിന്തിച്ചു ആനന്ദിച്ചിരുന്നു.

---

# അദ്ധ്യായം ഒൻപതു്.

—:o:—

## ആനന്ദം.

ഇങ്ങനെ അവൎണ്ണനീയമായ വിധത്തിൽ മാർ യൗസേപ്പ് ആനന്ദിച്ചിരിക്കെ, അതിതാഴ്മയോടുകൂടി പറഞ്ഞു:— ഈ കന്യകയുടെ തൃപ്പുത്രനും എൻെറ പിതാവുമായ ദൈവത്തെ ഞാൻ ഇവിടെ ഈ താഴ്ന്ന രീതിയിൽ വളൎത്തുന്നതു എനിക്കു യോഗ്യമാണോ? അങ്ങയുടെ തിരുമേനിയേ എൻെറ കരങ്ങളിലെടുക്കുന്നതിനും, അങ്ങയുടെ തിരുവാമൊഴിയേ എൻെറ ചെവികളിൽ കേൾക്കുന്നതിനും അടിയൻ പാത്രമാണോ? മഹാപിതാക്കന്മാരെല്ലാവരും കാണ്മാനാശിച്ചിരുന്ന രാജാധിരാജൻെറ തൃപ്പാദത്തെ, പാപിയായ എനിക്കു കാണ്മാനും അതിനെ എൻെറ ശിരസ്സി

ലണിയുവാനും കഴിവുള്ളതാണോ? അനന്തരം ദൈവജനനിയോടായി തുടൻപറഞ്ഞു:-"സൂൎയ്യചന്ദ്രനക്ഷത്രങ്ങളേ പാദുകാംബരകിരീടങ്ങളായി ധരിച്ചവളേ! ആദിയിൽ ദൈവം ആകാശത്തേയും ഭൂമിയേയും യാതൊരു സഹായ്യകാരണങ്ങളും കൂടാതെ സൃഷ്ടിച്ച ആ വിചിത്രമായ നിൎമ്മാണരീതിയേ, ഇന്ന് അദ്ദേഹം തൻെറ പരമകരുണയാൽ യാതൊരു സഹായകാരണവും കൂടാതെ നിന്നിൽ അവതരിച്ച് ഭാഗ്യവും യോഗ്യതയുമില്ലാത്ത അജ്ഞനായ എന്നെ, നീ മൂലം അളവില്ലാത്ത ഭാഗ്യം പ്രാപിക്കുന്നതിനായി തിരഞ്ഞെടുത്തതിൽ നിന്ന എനിക്ക അറിയുവാനിടയായിരിക്കുന്നു. എന്റെമാതാവും നാഥയും മാലാഖാമാരാരാധിക്കുന്ന സ്വൎഗ്ഗീയസമ്പന്നായുമായ നിന്റെ മഹത്വത്തെ അറിയാതെ ഞാൻപറഞ്ഞിട്ടുള്ളതിനേ ക്ഷമിച്ച്,നിന്റെ ഭൃക്കമാരനോടുകൂടെ നീയും എന്നെ ഭരിച്ചാലും"എന്നപേക്ഷിച്ചു വണങ്ങി. ഇതു കേട്ട കന്യകയാകട്ടെ, ദുഃഖത്തോടുകൂടി "എന്നെ വണങ്ങാതിരിക്കണം; എന്നിൽ അവതരിച്ചിരിക്കുന്ന ദൈവത്തെ വണങ്ങുന്നതു നല്ലതായിരുന്നാലും, ദൈവം എന്നോടൊന്നിച്ചു ഒരു വസ്തുവായിരിക്കുംവരെയും, ആവണക്കം എനിക്കു ചെയ്യുന്നതായി തോന്നുന്നുവല്ലോ" എന്ന് പറഞ്ഞു കരഞ്ഞു. അതു കണ്ട യൗസേപ്പും സഹതപിച്ച്, അപ്രകാരം വണങ്ങാതിരിക്കുന്നതിന സമ്മതിക്കുന്ന എങ്കിലും, നിൻെറ ശോഷിച്ച ശരീരം ക്ലേശിക്കുമാറു ചെയ്തു വരുന്നവേലകളെല്ലാം ഇനി ഞാൻ തന്നെ ചെയ്യുന്നതിന ദയ ചെയ്യുമാറാകണം എന്നു വ്യസനപൂൎവ്വം അ

പേക്ഷിച്ചു. അതിന്ന്, ഗൃഹജോലികളെല്ലാം എനിക്കുള്ളതാണല്ലോ"എന്നു കന്യക മറുപടി പറഞ്ഞു. എളിമയെ ഉദ്ദേശിച്ച് അവർ രണ്ടുപേരും ഇപ്രകാരം വാദിച്ചുകൊണ്ടിരിക്കുന്ന കാലത്ത് ഒരു ദിവസം, ദിവ്യകന്യക തങ്ങളുടെ ഗൃഹം ശുചിയാക്കുന്നതു യൗസേപ്പു കണ്ടു് "ദൈവത്തെ ഗർഭം ധരിച്ചിരിക്കുന്നവൾക്ക് ഇതു ധർമ്മമാണോ" എന്നു ചോദിച്ചു. അതിന്ന്,അപ്രകാരമുള്ളവളെ ഭരിക്കുന്ന രാജാവായ അങ്ങേയ്ക്കു അതു ധർമ്മമാണോ"എന്നുചോദിച്ചുകൊണ്ട് അവൾ ആരംഭിച്ചവേല ചെയ്തുതീർത്തു മറെറാരു ദിവസം മാർ യൗസേപ്പ് വീട്ടുവേല ചെയ്യുന്നതിനെ കന്യകാമാതാവു കണ്ടിട്ട് "നന്മ ലഭിക്കാവുന്ന ആ ജോലി എനിയ്ക്കുള്ളതാണല്ലോ എന്നു പറഞ്ഞു. അതിനു അതു നന്മ ലഭിക്കാവുന്നതാണെങ്കിൽ രാജാവായ എനിക്കല്ലയോ ആ നന്മ ലഭിക്കേണ്ടതു എന്നു ചോദിച്ചുകൊണ്ട് അദ്ദേഹം ആ ജോലിയെ ഭംഗിയായി ചെയ്തു തീർത്തു. ഇപ്രകാരം മാർയൗസേപ്പ്, അതിരാവിലെ ദിവ്യകന്യക എഴുന്നേല്ക്കും മുൻപേ എഴുന്നേററു വീട്ടുവേലകളെല്ലാം ചെയ്തുവന്നു. ശേഷിച്ച വേലയെങ്കിലും ചെയ്യുന്നതിന് തനിക്കു അനുവാദം തരണമെന്ന് അവൾ അപേക്ഷിക്കുമ്പോൾ, അതു നിനക്കുചിതമല്ലെന്നു പറഞ്ഞ് നിഷേധിച്ചു കളയും. അതിനാൽ സങ്കടപ്പെട്ട കന്യകയാകട്ടെഇപ്രകാരം ദൈവത്തോടു കരഞ്ഞപേക്ഷിച്ചു സ്വാമീ! മനുഷ്യാവതാരംചെയ്ത് എളിമയുടെ മഹത്വത്തെ കാണിക്കുന്നതിനായി വന്ന നീ, നിന്റെ അമ്മയായ ഈ ദാസിക്ക് അതു വേണ്ടാ എന്നു നിഷേധിച്ചാൽ

ഇന്നുതന്നെ എന്റെ ജീവൻ പിരിയാതിരിക്കുമോ? ഉടൻതന്നെ ഒരു മാലാഖ ദൈവാജ്ഞയാൽ യൗസേപ്പിന്റെ സന്നിധിയിൽ എത്തി "ദൈവം തന്നെ മനുഷ്യനായി തന്നെ താഴ്ത്തിയിരിക്കുന്ന സ്ഥിതിക്കു അങ്ങയുടെ ജനനി ആഗ്രഹിക്കുന്ന എളിമക്കടുത്ത വേലകൾ അവൾക്കൈശ്വമായിട്ടുള്ളതാകുന്നു. എന്നാൽ ഇനി അമ്മക്കും മകനും ഉപജീവനത്തിനു വേണ്ടുന്നവയെ ദേഹാദ്ധ്വാനം ചെയ്തു സമ്പാദിക്കുന്നതാകുന്നു നിന്റെ ധമ്മം. ഇതാകുന്നു ദൈവകല്പന" എന്നറിയിച്ചു മറഞ്ഞുപോയി. യൗസേപ്പ് ദൈവാജ്ഞയ്ക്കു കീഴ്വഴങ്ങി, അതിനെ തന്റെ സഹായിനിയേയും അറിയിച്ചു, അന്നു മുതൽ അവർ രണ്ടുപേരും താന്താങ്ങളുടെ തൊഴിലുകളെ നിർവിഘ്നം നടത്തിപ്പോന്നു.

ഇപ്രകാരം സമ്പത്തിന്നലങ്കാരമായ താഴ്മയേ തുണയായി വരിച്ചു ഇവർ, സുകൃതത്തിന്നലങ്കാരദാനശീലത്തെ മുൻനിറുത്തി, യാചകന്മാർ നീട്ടുന്നകരങ്ങളെ സ്വർഗ്ഗീയഭവനത്തിലെ ഫലം നൽകുന്ന വിളനിലമായി കരുതി, അവയിൽ വിതയ്ക്കുന്ന ധാന്യത്തിനൊപ്പം ദരിദ്രർക്ക് വേണ്ടുന്ന വസ്തുക്കളെ സസന്തോഷം നൽകും. വസ്തുക്കളില്ലാതെ വരുമ്പോൾ കായക്ലേശം ചെയ്തു സമ്പാദിച്ചും, ഉദാരമതികൾ ദാനമായി നൽകുതിനേ സ്വീകരിച്ചും സാധുക്കൾക്കു കൊടുക്കും. ദരിദ്രരെ കണ്ടുകിട്ടാതെ വരുമ്പോൾ അവർ ദുഃഖിതരായിതീരും. നാവിന്നലങ്കാരമായ മധുരവചനത്തേയും, കണ്ണിന്നലങ്കാരമായ കടാക്ഷത്തേയും കൈക്കലങ്കാരമായ ദാനത്തേയും ജീവാധാരമായിക്കരുതി ഇവർ, ഒരു

ചെറുഭവനത്തിലാണ് വസിച്ചിരുന്നതെങ്കിലും പുണ്യ മാഹാത്മ്യത്താൽ സർവ്വത്ര പരിലസിച്ചിരുന്നു. ആദാം ഭക്ഷിച്ച ദുഷ്ഫലത്താൽ വിഷമേററ ഈ നീച ശരീരത്തിന് സ്വർണ്ണാഭരണങ്ങളും രുചികരപദാർത്ഥങ്ങളും ചേരുന്നതല്ലെന്നുവച്ച് അവയെ ത്യജിച്ചും, യഥാശക്തി യാചകന്മാരെ സഹായിച്ചും, ജീവസന്ധാരണത്തിന് അവശ്യം വേണ്ടിടത്തോളം മാത്രം ഭുജിച്ചും,തന്മൂലം അവരുടെ ദേഹം ശോഷിച്ചുമിരുന്നു. ഇവർ ആഹാരത്തിന് ഒന്നുമില്ലാഞ്ഞു് വ്യസനിച്ചിരുന്ന ഒരു ദിവസം "ഏലിയാസ്" ദീർഘദർശിക്ക് കാക്കയെക്കൊണ്ടു് ആഹാരം കൊടുപ്പിച്ചു രക്ഷിച്ചദൈവം ഇപ്പോൾ നമ്മെയും രക്ഷിക്കും" എന്നു പറഞ്ഞു് വായടക്കും മുൻപെ, പക്ഷിജാലങ്ങൾ പല ഫലവർഗ്ഗങ്ങളെകൊണ്ടുവന്നുകൊടുത്തതിനാൽ അവയെ ഭക്ഷിച്ചു വിശപ്പടക്കി. മറെറാരുദിവസം ദാനിയേൽപ്രവാചകന് ഒരുഴവൻമൂലം ആഹാരം കൊടുപ്പിച്ചതുപോലെ ദൈവപ്രേരണയാൽ ചില മനുഷ്യർ ഇവൾക്കും ഭക്ഷണംകൊടുത്തും സഹായിച്ചു. വേറൊരു ദിവസം വിശപ്പാൽ തളർന്നു ക്ഷീണിച്ച തന്നെക്കുറിച്ച് ഭർത്താവ് ദുഃഖിക്കുന്നതിനെ കണ്ട കന്യക "നമ്മുടെ വിവാഹാവസരത്തിൽ അങ്ങയുടെ വടിയേ പുഷ്പശാഖയാക്കിത്തീർത്ത ദൈവത്തിന് ഇപ്പോൾ നമുക്ക് ആഹാരം തരുവാൻ പ്രയാസമാണോ?" എന്നു പറഞ്ഞു തീർന്നു ഉടനേതേനിനേക്കാൾ മാധുര്യമുള്ള പല ദിവ്യാഹാരങ്ങളെ മാലാഖമാർകൊണ്ടുവന്നു. അവയെ ഭുജിച്ചും അതിൽനിന്നു പ്രതിബിംബിച്ച പ്രകാശപൂരത്തെകണ്ടും അവർ പാടിയ

ഗാനവിശേഷത്തേ കേട്ടും ആ ചെറുമന്ദിരത്തിൽ അവർ സന്തോഷമായി വസിച്ചു.

മറെറാരുദിവസം യൗസേപ്പ് ദൈവത്തോടിപ്രകാരം അപേക്ഷിച്ചു:—"സൎവ്വശക്തനായ ദൈവമേ! സകല ജീവജാലങ്ങൾക്കും ആഹാരം നൽകി രക്ഷിക്കുന്ന നാഥാ! നിന്നിൽവിശ്വസിക്കുന്നവൎക്ക് എന്തെങ്കിലും കുറവുണ്ടോ? സൂൎയ്യോദയത്തിൽ പക്ഷികളെല്ലാം തങ്ങളുടെ ചിറകുകളെ വിരിച്ചു്, നിൻെറ മഹത്വത്തെ പാടുന്നതിനു അവയ്ക്കു ആഹാരം നൽകിവരുന്നല്ലോ. എൻെറ പിതാക്കളായ ഇസ്രായേൽക്കാൎക്ക് വനാന്തരത്തിൽവച്ചു് പാറയിൽനിന്നു ജലത്തേയും മേഘത്തിൽനിന്നു മന്നാ എന്ന ഭോജനത്തേയും കൊടുത്തല്ലോ. വിശപ്പാൽ പരിതപിച്ചു് ഏലിയാസ് ദീൎഘദൎശിക്കു കൊടുത്ത ചാമ്പലിൽ ചുട്ട ഒരപ്പത്താൽ അങ്ങ് അദ്ദേഹത്തെ നാല്പതുദിവസത്തേയ്ക്കു് വിശപ്പുകൂടാതെ ഹോരെബ് പൎവ്വതത്തിന്മേൽ കേറുമാറാക്കിയല്ലോ. കൂടാതെയും നിൻെറ കരുണയാൽ ചെയ്തുവരുന്ന നിരവധി നന്മകളെ വൎണ്ണിപ്പാൻ എന്നാൽ കഴിയുന്നതാണോ? നിൻെറ അപാരമഹത്വത്തെ അറിയാതെ ഓരോരുത്തരുടേയും പരിശ്രമത്താൽ ലഭിക്കുന്ന ധനം തന്നെ തങ്ങളുടെ നിക്ഷേപമെന്നു കരുതുന്നവർ എന്നേയ്ക്കും ജീവിക്കുന്നില്ല; നിന്നിൽ വിശ്വസിച്ചവരാകട്ടെ നിത്യമായി ജീവിക്കയും ചെയ്യുന്നു. ആകയാൽ ഞാൻ വിക്രമവ്യാപാരങ്ങളാലുണ്ടാകുന്ന ധനത്തെയും പ്രഭുത്വത്താലുണ്ടാകുന്ന ബഹുമാനത്തെയും ഇച്ഛിക്കുന്നില്ല. രാജത്വത്താലു

ണ്ടാകുന്ന മഹത്വത്തെയും ലോകാഡംബരങ്ങളിൽനി ന്നുള്ള പ്രശംസയും അന്വേഷിക്കുന്നില്ല. ബന്ധുജനങ്ങ ളിൽനിന്നുള്ള സഹായത്തേയും ഇതരവസ്തുക്കളിൽനി ന്നുള്ള ജീവിതസുഖത്തേയും ആഗ്രഹിക്കുന്നില്ല. നി ന്റെ കരുണയൊന്നിനെമാത്രമെ ഞാനാശിക്കുന്നുള്ളൂ" അപ്പോൾ മാലാഖമാർ മലർ വാരി പൊഴിച്ചിട്ട് ആ ചെറുഭവനം എത്രയും മഹത്തമമായി തീരുന്ന കാലം അടുത്തുപോയതിനാൽ അതിനെ സ്വർഗ്ഗതുല്യം സ്നേ ഹിച്ച് ദീപ്തി ചൊരിഞ്ഞുകൊണ്ടുനിന്നു. ആ ദീപ്തി യാൽ ലജ്ജിക്കപ്പെട്ടതുപോലെ സൂര്യനും അന്നു പശ്ചി മാംഭോധിയിൽ മുങ്ങിമറഞ്ഞു.

സൂര്യൻ അസ്തമിച്ച് അന്ധകാരം സർവ്വത്ര വ്യാ പിച്ചപ്പോൾ, ആ അന്ധകാരം നീക്കുന്നതിന്നാവിർഭ വിച്ച രണ്ടു ജ്യോതിസ്സുകളെന്നപോലെ, സ്വർഗ്ഗസ്ഥ തു ല്യരായ മറിയവും യൌസേപ്പും മാലാഖമാരിൽ ചുററ പ്പെട്ടുകൊണ്ടും, ആ വീട് സ്വർഗ്ഗീയമന്ദിരത്തിന്റെമാ ഹാത്മ്യത്തെ പ്രത്യക്ഷീകരിച്ചുകൊണ്ടും വിളങ്ങി. ഒരു ദിവസം ദൈവജനനിയുടെ തിരുമുഖം ഉജ്ജ്വലമായി പ്രകാശിച്ചുപ്രതിഫലിച്ചുകൊണ്ടിരിക്കെ, അവൾ തി രുവായ് തുറന്നു വിസ്മയഭരിതയായി പറഞ്ഞു:- "ആ കാശമണ്ഡലത്തിൽ പ്രശോഭിച്ചുകൊണ്ടിരിക്കുന്ന ച ന്ദ്രസൂര്യനക്ഷത്രാദികളെയും, ഭൂമിയിൽ വിളങ്ങുന്ന നവ രത്നങ്ങളെയും, നാനാവർണ്ണത്തിലുള്ള പൂക്കളെയും, രു ചികരങ്ങളായ ഫലവർഗ്ഗങ്ങളെയും, മററുള്ള സമസ്തവ സ്തുക്കളെയും പ്രദാനംചെയ്ത സൃഷ്ടികർത്താവ് ഇപ്പോൾ തന്നെയും കൂടി തന്നരുളുന്നതിനു നിശ്ചയിച്ച്; ദൈവ സ്വഭാവം മനുഷ്യസ്വഭാവം എന്ന രണ്ടു സ്വഭാവങ്ങ ളെയും ഒന്നായിചേർത്ത് സംയോജിപ്പിച്ച് സ്വയം മ

നുഷ്യനായി. ഇപ്രകാരം സംബന്ധിക്കപ്പെട്ട രണ്ടു സ്വഭാവങ്ങളും രണ്ടുപേരാകാതെ ഒന്നായി സത്യമായ ദൈവമെന്നും സത്യമായ മനുഷ്യനെന്നും ഘോഷിക്കത്തക്കവണ്ണം ദൈവം ചെയ്ത ദയ അളവില്ലാത്തതത്രേ. വിഷം ചേൎന്ന അമൃതു തന്നെയായാലും വിഷമായിതീരും, ചെമ്പിൻചേൎന്ന ശുദ്ധ തങ്കത്തിന്റെയും മാററു കുറയും. എന്നാൽ ദൈവമാകട്ടെ, ദൈവസ്വഭാവം മനുഷ്യസ്വഭാവം എന്നീ രണ്ടിനേയും ഒരുമിച്ചു യോജിപ്പിച്ചതിൽ ദിവ്യത്വത്തിനു കുറവു കൂടാതെ തന്നെ നീചമനുജത്വത്തെ ഉന്നതപദത്തിലേക്കുയൎത്തി ഇഹലോകത്തിൽനീചരോടു ചേൎന്ന മഹാന്മാർ തങ്ങളുടെ മഹത്വം കെട്ടു് നീചരാകുന്നതല്ലാതെ ആ നീചരേ മഹാന്മാരാക്കുന്നതിനു് ശക്തരാകുന്നുണ്ടോ? എന്നാൽ ദൈവതൃപ്പാദത്തെ പ്രാപിച്ചവരാകട്ടെ, വിശേഷജ്ഞാനം, സന്മാൎഗ്ഗചാരിത്വം എന്നീ നന്മകൾ ലഭിച്ചു് വാഴും. അങ്ങയുടെ സംബന്ധമൊന്നുമാത്രം നമുക്കു് സകല സമ്പത്തുകളും നൽകും. പഞ്ചേന്ദ്രിയങ്ങൾക്കും അഗോചരനായ ദൈവത്തെ പഞ്ചേന്ദ്രിയങ്ങളെ ജയിച്ച ജ്ഞാനികൾതന്നെ ജയിക്കും. പഞ്ചേന്ദ്രിയങ്ങളെ അടക്കുന്ന മാൎഗ്ഗമായ വിശിഷ്ട വേദശാസ്ത്രത്തെ മനുഷ്യൎക്കു് ഉപദേശിക്കുന്നതിനു് അരൂപിയായ ദൈവം ഇപ്പോൾ സ്വരൂപനായും മനുഷ്യനായും ഉത്ഭവിച്ചിരിക്കുന്നു. "വീണ്ടും ദൈവത്തെ നോക്കി" എന്റെ ദൈവമേ! ഞങ്ങളെല്ലാവരും സുഖികളായും സന്തുഷ്ടരായും ജീവിക്കുമ്പോൾ അവിടുന്നു ദുഃഖിച്ചും ക്ലേശിച്ചും ജീവിക്കുന്നതിലോ ആനന്ദിക്കുന്നതു്? ഞങ്ങളെക്കൊണ്ടു് അവിടേയ്ക്കു് എന്തെങ്കിലുംപ്ര

യോജനമുണ്ടോ? ഉണ്ടാകുമെന്നപോലെ അവിടത്തെ ഹൃദയം തകൎന്നു വ്യസനിപ്പാൻ ആശയോടു ഞങ്ങളെ തേടിവന്നവരല്ലൊ" എന്നു ഉച്ചരിച്ചു. ഇതു യൗസേപ്പു കേട്ടു് ആനന്ദബാഷ്പം ചൊരിഞ്ഞു് രണ്ടുപേരും ദൈവത്തൃപ്പാദത്തെ വന്ദിച്ചു് വേദത്തിനു് രണ്ടുതൊട്ടു കുറി എന്ന കണക്കെ വിളങ്ങിക്കൊണ്ടിരുന്നു.

ഈവിധം കന്യകാമറിയം തൻെറ തൃക്കുമാരനെ കൂടെക്കൂടെ സ്തുതിച്ചു വാഴ്ത്തിക്കൊണ്ടിരിക്കുന്നതു കേൾപ്പാൻ യൗസേപ്പ് അത്യാശയുള്ളവനായി അവളിരുന്ന മുറിയുടെ വാതില്ക്കലേയ്ക്കു് ചെല്ലുന്തോറും അവൾ ഭൂമിയെ വിട്ടുയൎന്നു് പ്രഭാപൂരം പരത്തിക്കൊണ്ടു നില്ക്കുന്നതും, പല മാലാഖമാർ പ്രത്യക്ഷപ്പെട്ടു നാനാവിധവാദ്യങ്ങൾ മുഴക്കി കണ്ണാനന്ദകരങ്ങളായ ഗാനങ്ങൾ പാടിക്കൊണ്ടു നില്ക്കുന്നതും കണ്ടു കുതൂഹലിതചിത്തനാകും, ആ കാഴ്ചകൾ കാണുമ്പോൾ ചിമ്മാത്ത കണ്ണുകളോടും വാടാത്ത പുഷ്പശാഖയോടുംകൂടി നില്ക്കുന്ന അദ്ദേഹം ഒരു സ്വൎഗ്ഗവാസിയെപ്പോലെ വിളങ്ങും ഇളം കതിർ വീശുന്ന ഈ കന്യകയുടെ ദിവ്യഛായയിൽ ഞാൻ ആശ്വസിക്കുന്നതിനല്ലയോ, എന്നേക്കും തണലേകുന്ന ഈ പുഷ്പശാഖയെ ദൈവം എനിക്കു കല്പിച്ചു തന്നതെന്നു് ഉച്ചരിച്ചുകൊണ്ടു് ആനന്ദാശ്രുക്കൾ പൊഴിക്കും. ആകാശത്തിലുയൎന്നു ഇവൾ അതുതന്നെ തനിക്കു യോഗ്യമായ വാസസ്ഥലമെന്നു കരുതി അവിടെത്തന്നെ നിന്നുകളഞ്ഞാൽ താൻ ചെയ്യേണ്ടതെന്താണെന്നു ചിന്തിക്കും. ലോകപാപങ്ങളെ നീക്കുന്ന ദൈവസുതനെ വഹിച്ചിരിക്കു

ന്നതിനാൽ അവളിറങ്ങിവന്ന് ഏവർക്കും ആശ്വാസം നല്കുമെന്ന് ഉള്ളുകൊണ്ട് സമാധാനപ്പെട്ടു; ഇപ്രകാരമെല്ലാം ചിന്തിച്ച് പരവശതരായി ഭവിച്ച ആ ക്ഷണത്തിൽ ദിവ്യകന്യക താഴെയിറങ്ങി വന്നതുകണ്ട് നിഷ്കളങ്ക സ്നേഹത്തോടുകൂടി അവളെ വീക്ഷിച്ച് "ദൈവത്തെ വഹിച്ചിരിക്കുന്ന കന്യകാപീഠമേ! നിന്റെ ദിവ്യകുമാരൻ പ്രസാദിക്കുവാൻ അടിയൻ ചെയ്യേണ്ടതെന്തെന്നു പറയുമാറാകണം. അവിടുന്നു നിന്റെ തിരുവുദരത്തിൽ അവതരിച്ചാൽ പിന്നീട് നമുക്കുണ്ടായിട്ടുള്ള നന്മകളെ എണ്ണിപ്പറവാൻ കഴിയുന്നതാണോ? ഞാൻ ചെയ്യേണ്ടതെന്തെന്ന് അറിയാതെ മയങ്ങുന്നു. തിരുമെയ്യെടുത്ത ദൈവബാലനെ നിന്റെ തൃക്കരങ്ങളിൽ കാണുമോ? ചന്ദ്രനെ ജയിച്ച അവന്റെ നെററിയും, താമരയെ തോല്പിച്ച മുഖവും, ആമ്പൽപ്പൂവിനെ ഹസിക്കുന്ന വായും, നക്ഷത്രങ്ങളെ ലജ്ജിപ്പിക്കുന്ന നേത്രവും, കാർത്തികപ്പൂവിനെ പഴിക്കുന്ന കൈയ്യും, മാന്തളിരിനെ അധഃകരിക്കുന്ന ദേഹവും കണ്ടാനന്ദിക്കുമോ? മൃദുലകുസുമത്തെക്കാളേററം മാർദ്ദവമുള്ള ആ തിരുവടിയെ എന്റെ കണ്ണുനീരാൽ കഴുകി ശിരസ്സിൽ അണിഞ്ഞു് ചുംബനം ചെയ്യുമോ? ആ ശിശുവിന്റെ ഇളംതിരുമേനിയേ, വേലചെയ്തു തഴമ്പിച്ച എന്റെ കരങ്ങളിൽ വഹിക്കുമാറാകുമോ? അപ്പോഴും എനിക്കുണ്ടാകുന്ന പരമാനന്ദത്താൽ എന്റെ ജീവൻ വിരിയാതിരിക്കുമോ? ആ ബാലൻ ഈ ഭൂമണ്ഡലത്തെ ഉൽകൃഷ്ടതമമാക്കിച്ചെയ്യുന്ന സമ്പ്രദായം എന്തായിരിക്കുമോ; അവൻ ഇവിടെ സന്തോഷിക്കുമോ; അല്ല കരയുമോ; ഇമ്പത്തോടെന്നെ വിളിക്കു

മോ; അല്ല മിണ്ടാതിരിക്കുമോ; സ്നേഹത്തോടെന്നെ തഴുകി ചുംബിക്കുമോ; അവനൊരു ചെറുപുഞ്ചിരി തൂകിയാൽ എന്റെ ഉള്ളമുരുകി പരവശമാകുമല്ലോ; മധുവിനേക്കാളധികമാധുൎയ്യമാൎന്ന അവന്റെ വാക്കുകൾ ദ്ര്യാവിലെക്കാളധികാനന്ദം നൽകുമല്ലോ? മനുഷ്യനാഥൻ നമ്മുടെ എളിയ ആഹാരങ്ങളെ ഭുജിക്കുമോ; ദൈവബാലാനുഭക്ഷണം നൽകുന്നതിനു ഞാൻ യോഗ്യനാണോ; രാജാക്കന്മാൎക്കടുത്ത കൊട്ടാരവും, സ്വ ൎണ്ണാംബരവും, രത്നമാല്യങ്ങളും, പള്ളിമെത്തയും, വെഞ്ചാമരവും എന്റെ പക്കലില്ലല്ലോ" എന്നു പറഞ്ഞു വിലപിച്ചിട്ട് വീണ്ടും ദൈവജനനിയെ നോക്കി "സ ൎവ്വശാസ്ത്രങ്ങളെയും കടന്ന സൂക്ഷ്മജ്ഞാനനിധേ! അവതരിച്ചിരിക്കുന്ന തൃക്കുമാരൻ സന്തോഷിക്കുന്നതിന് ഞാൻ ചെയ്യേണ്ടതെന്താണെന്ന് നീതന്നെ അറിഞ്ഞു പറയുമാറാകണം" എന്നാഭ്യൎത്ഥിച്ച് ദൈവബാലനെ വണങ്ങി. ഉടനെ അദ്ദേഹത്തിന്റെ ഹൃദയം നിസ്സീമവരങ്ങളാൽ പൂൎണ്ണമാക്കപ്പെട്ടു.

സന്ന്യാസിവരനായ മാർ യൗസേപ്പ് പറഞ്ഞവയെ എല്ലാം ശ്രദ്ധിച്ചുകൊണ്ടിരുന്ന കന്യകാമറിയം; അദ്ദേഹത്തിന് ദൈവത്തിലുള്ള അപരിമിതമായ ആശകണ്ട് സുസ്മേരവദനയായി കഥിച്ചു:-സുരലോകപരിപാലനം ചെയ്യുന്ന പരമ ലോകത്തെ ഭൂലോകത്തിൽ പരിപാലിക്കുന്നതിനു വേണ്ടുന്ന അറിവെല്ലാമുള്ള യോഗീന്ദ്രാ! അവതരിക്കുന്ന ദൈവകുമാരനിൽ അങ്ങ് വച്ചിരിക്കുന്ന ആശയെല്ലാം നല്ലതുതന്നെ. എങ്കിലും സൎവ്വലോകനായകനായ ദൈവത്തിന്, ത്രിലോ

കങ്ങൾക്കും കൂടി ചെയ്യാവുന്ന വണക്കമെല്ലാം ചെയ്താലും മതിയാകുന്നതാണോ? ഭൂവാസികൾക്കുള്ള ദുഃഖങ്ങൾ തീൎത്തു അവരെ രക്ഷിക്കുന്നതിന്ന് ദൈവം തന്നെ ഒരു എളിയ മനുഷ്യനായി സകലസമ്പത്തുകളും വെറുത്തു ദാരിദ്ര്യത്തെ ഉൽകൃഷ്ടമായി സ്വീകരിച്ചു. ദൈവമായ ആ ഏകപുത്രൻതന്നെ, മാതാവിനണിയത്തക്ക അമൂല്യദിവ്യരത്നമായിരിക്കെ, മററു നവരത്നങ്ങളെ മോഹിച്ച് നമ്മുടെ പക്കൽ വരുമോ? പഴത്താലുണ്ടായ പാപരോഗത്തെ തീൎക്കുന്നതിന്ന് ദുഃഖപീഢകളാകുന്ന കടുംകഷായങ്ങളെ അനുഭവിപ്പാനായി വന്നവൻ ഈ ലോകസുഖത്തെ അന്വേഷിക്കുമോ? നദികളെല്ലാം സമുദ്രത്തിൽ ചെന്നടങ്ങുന്നതുപോലെ വിശിഷ്ട സമ്പത്തുകളെല്ലാം പുണ്യത്തിലടങ്ങും. ആകയാൽ നാം തപസ്സിനെ വീടായും, ധ്യാനത്തെ തറയായും, ജ്ഞാനത്തെ കതകായും, ക്രമത്തെ പൂട്ടായും, ഹൃദയത്തെ കിടക്കയായും, സ്നേഹത്തെ തലയണയായും ക്രമപ്പെടുത്തുമെങ്കിൽ ദൈവം അതിൽ എഴുന്നള്ളിയിരുന്ന് എന്നേയ്ക്കും നമ്മെ പരിപാലനം ചെയ്യും. എ ലും നാം ചെയ്യേണ്ടതെന്താണെന്നറിയുന്നതിന്ന് ദിവ്യകുമാരനോടു അപേക്ഷിക്കുന്നതുത്തമമാകുന്നു." അതുംപ്രകാരം അവർ രണ്ടുപേരും അപേക്ഷിച്ചു. ദൈവസുതൻ കരുണയോടുകൂടി അവരുടെ ഹൃദയത്തിൽ പ്രത്യക്ഷനായിട്ട് നിങ്ങൾ നമ്മെ ദൈവമായി കരുതി നിങ്ങളുടെ ഉള്ളുകൊണ്ട് വണങ്ങിയും, രണ്ടുപേരുടേയും സ്വന്തപുത്രനെന്നോണം പുറമെ ഭാവിച്ചും, ദാരിദ്ര്യത്തിനൊത്ത നല്ല മുറയിലും നമ്മെ വളൎത്തണം.

ലോകസുഖങ്ങളിൽ മോഹിച്ചുനശിച്ചുപോയ മനുഷ്യ ക്ക് സ്വർഗ്ഗീയമന്ദിരം പ്രാപിപ്പാനുള്ള വഴികാണി പ്പാൻ വന്ന രക്ഷകനായ നാം സ്വയം ദരിദ്ര്യനായി ആ ദാരിദ്ര്യത്തെ സമ്പത്തായി വരിച്ചിരിക്കുന്ന നി ങ്ങളുടെ പക്കൽ വരുവാൻ ഉദ്ദേശിച്ചിരിക്കുന്നു" എ ന്നറിയിച്ചു. ഇവയെല്ലാം ഗ്രഹിച്ചപ്പോൾ മാർ യൗ സേപ്പ് ഈ ലോകത്തിലെ രാജകീയൈശ്വര്യങ്ങളെ ക്കാൾ തങ്ങളുടെ ദാരിദ്ര്യംതന്നെ ശ്രേഷ്ഠമായ ഐ ശ്വര്യമെന്ന് സമാധാനപ്പെട്ടു സന്തോഷിച്ചു. ദിവ്യര ക്ഷകൻെറ ജനനകാലം സമീപിച്ചിരുന്നതിനാൽ ക ന്യകാമറിയം ദൈവബാലൻെറ ഉപയോഗത്തിനായി തൻെറ സ്വന്തം കയ്യാൽ ഒരു വസ്ത്രം നെയ്തു സുഗന്ധ ദ്രവ്യങ്ങൾകൊണ്ടു് അലങ്കരിച്ചു് ഒരു പെട്ടിയിൽ ഭദ്ര മായി സൂക്ഷിച്ചുവച്ചു. പിന്നീട് രണ്ടുപേരും ദൈ വബാലനെ കാണുവാൻ അത്യാശയോടെ പ്രതീക്ഷി ച്ചിരുന്നു.

## അദ്ധ്യായം പത്തു്.

—:o:—

### ദിവ്യരക്ഷകൻെറ ജനനം.

ഭൂലോകവാസികളുടെ ദുഃഖം കണ്ടു സഹതപിച്ചു കരയുന്നതുപോലെ, ഇടവിടാതെ മഴ പൊഴിഞ്ഞു കൊണ്ടിരുന്ന മേഘം, ആ ദുഃഖം തീരുന്ന കാലംസമീ പിച്ചെന്നു വിചാരിച്ചു് ആനന്ദിച്ചിട്ടെന്നപോലെ

വൃഷ്ടിയിൽനിന്നു വിരമിച്ചു; സൂൎയ്യൻ ധനുരാശിയിലേയ്ക്കു നീങ്ങി, നല്ല സുഭിക്ഷതരമായ വിളവെടുപ്പുകാലം പിറന്നു. അപ്പോൾ ഭൂമിയിലെങ്ങും സമാധാനം നിലനില്ക്കുന്നതിനും, പാപത്താലുണ്ടായ ദൈവശാപം നീങ്ങുന്നതിനും, പൂൎവ്വവൈരികളായ പിശാചുകളുടെ ശത്രുത അവസാനിക്കുന്നതിനും, ദൈവവും മനുഷ്യരും ബന്ധുതയാൽ ഏകീഭവിക്കുന്നതിനും ദൈവംമനുഷ്യനായി ജനിപ്പാൻ സന്നദ്ധനായി. ആ കാലത്തിൽ ലോകത്തെ മുഴുവനും ഏകച്ഛത്രാധിപനായി ഭരിച്ചുവന്ന റോമാചക്രവൎത്തിയായ ആഗസ്ത്തുസ് സീസർ അഹങ്കാരപ്രമത്തനായി തന്റെ അധികാരസീമയിലുൾപ്പെട്ട സകല പ്രജകളും തങ്ങളുടെ ജന്മഭൂമിയായ സ്വന്തംദേശങ്ങളിലെത്തി, അവരവരുടെ വംശവഴിയും ജനസംഖ്യയും എഴുതിവച്ചു് രാജഭോഗവും (തലക്കാണം) കൊടുക്കണമെന്നു് ആജ്ഞാപിക്കുന്നതുമായഒരു രാജകീയവിളംബരം പ്രസിദ്ധം ചെയ്തു. ഈ വൃത്താന്തം കേട്ട യൗസേപ്പ് വളരെ വേദനയോടുകൂടി ഈ വിവരം കന്യകാമാതാവിനെ അറിയിച്ചിട്ട് "ഞാൻ എന്റെ സ്വദേശമായ ബെസ്ലഹം നഗരത്തിലേയ്ക്കു" പൊകേണ്ടിയിരിക്കുന്നു. ദൈവകുമാരൻ ജനിക്കുവാനുള്ള കാലം സമീപിച്ചിരിക്കുന്നു. ഈ, നിലയിൽതളിരിനേക്കാൾ മൃദുവായ നിന്റെ പാദം നൊന്തു്, മുള്ളുകൾ നിറഞ്ഞ കാട്ടുവഴികളിൽക്കൂടി എന്നോടൊന്നിച്ചുപോരുന്നതു യുക്തമായിരിക്കുമോ? നേരെമറിച്ചു് ഒരു ക്ഷണനേരം നിന്നെ വിട്ടുപിരിയുക എന്നുവച്ചാൽ എന്റെ ഉടലിൽനിന്നു് ജീവൻ പിരിയാതിരിക്കുമോ? ആകയാൽ ഈ അവസരത്തിൽ നാം

ചെയ്യേണ്ടതെന്താണെന്ന് ദൈവത്തോടപേക്ഷിച്ച് അറിയിക്കുമാറാകണം" എന്നാത്ഥിച്ചു. ഇതിനെകേട്ട കന്യകയാകട്ടെ, പിന്നീട് സംഭവിപ്പാനിരുന്നവയെല്ലാം മുൻകൂട്ടി അറിഞ്ഞിട്ടുള്ളവളായിരുന്നെങ്കിലും, തൻെറ ഭത്താവിൻെറ കല്പനയ്ക്കു കീഴ്വഴങ്ങി അതിനെ തൻെറ തൃക്കുമാരനിൽനിന്നറിഞ്ഞു് അദ്ദേഹത്തെ ഗ്രഹിപ്പിച്ചതുകൂടാതെ, വിശുദ്ധവിവാഹത്താൽ ഒരുമിച്ച നമ്മുടെ ജീവൻ രണ്ടും വേർ പിരിയാതിരിക്കുന്നതിന് നമ്മൾ രണ്ടുപേരും ആ ദിക്കിലേക്കു പോകണമെന്നു പറയുകയുണ്ടായി. അതിനു യൗസേപ്പ് "നമുക്കു യാത്ര ചെയ്യുന്നതിന് ആന, കുതിര, ഒതര് മുതലായ വാഹനങ്ങളില്ലല്ലോ; മുള്ളുകൾ നിറഞ്ഞകാട്ടുവഴികളിൽ കൂടി നീ നടക്കുന്നതു കണ്ടാൽ എൻെറ മനസ്സ് സഹിക്കുമോ?" എന്നു പറഞ്ഞു് വിഷാദിച്ചെങ്കിലും, ആ നഗരത്തിലെത്തിയാൽ അവിടെയുള്ള ദാവീദു രാജാവിൻെറ കുടുംബക്കാരായ തൻെറ വംശക്കാർ കാണിക്കുന്ന അപരിമിത സ്നേഹബഹുമാനങ്ങളാൽ യാത്രയുടെ ക്ലേശം മുഴുവനും നീങ്ങിപ്പോകുമെന്ന് വിചാരിച്ച് സമാധാനപ്പെട്ടു. അപ്പോൾ കന്യകാമറിയം, "പുണ്യാത്മാക്കൾ പുണ്യത്തെ ആശ്രയിക്കുന്നതല്ലാതെ തങ്ങളുടെ ബന്ധുക്കളുടെ സഹായത്തെ ആഗ്രഹിക്കയില്ല; ദൈവ തൃപ്പാദത്തെ ആശ്രയിക്കാത്തവക്കല്ലാതെ ആശ്രിതക്കൊരു ദുഃഖവും വരികയില്ലല്ലോ; നമ്മളും അവിടത്തെ മനോജ്ഞപാദത്തെ തുണയാക്കിക്കൊണ്ട് പോയാൽ എല്ലാംമംഗളമായി ഭവിക്കും" എന്നുപറഞ്ഞു. ഇപ്രകാരം അവർ ജ്ഞാനകാര്യങ്ങളെക്കുറിച്ച് സംസാരിച്ചുകൊണ്ട് യാത്ര ആ

രംഭിക്കുംമുൻപേ കന്യകാമാതാവ് എഴുന്നേററു് തന്റെ ഭർത്താവിന്റെ പാദത്തെ വണങ്ങി; അദ്ദേഹവും ഒരു വിഭ്രമത്തോടെ അവളുടെ പാദത്തെയും വണങ്ങി. അനന്തരം രണ്ടുപേരും ദൈവത്തിന്റെ ചരണകമലങ്ങളെ ആരാധിച്ചുകൊണ്ടു യാത്ര പുറപ്പെട്ടു. ദൈവകുമാരൻ ജനിക്കുവാനുള്ള കാലം സമീപിച്ചിരുന്നതിനാൽ, മുൻപേ കന്യകാമാതാവിനു കാവലായിരുന്ന ആയിരം മാലാഖമാരോടുകൂടെ വേറെ ഒൻപതിനായിരം മാലാഖമാരെ കൂടെയും ദൈവം നിയോക്കയാൽ ആ പതിനായിരംപേരുംകൂടി അവരുടെ ഇരുപാൾശ്വങ്ങളിലും നിരന്ന് വെളിച്ചം നൽകിക്കൊണ്ടു് അവരെ അനുഗമിച്ചു.

കാന്താരിചരിതം:— സൂര്യോദയത്തിൽ അന്ധകാരപടലങ്ങൾ നാമാവശേഷങ്ങളായി ഭവിക്കുകയും കിരണസമൂഹങ്ങൾ സർവ്വത്ര പരന്നൊഴുകുകയും, ചെയ്യുന്നപോലെ ഇവർ ചെന്ന ദിക്കെല്ലാം പാപാന്ധകാരം നീങ്ങി ദൈവാനുഗ്രഹംകൊണ്ടു പരിപൂർണ്ണമായി ഭവിച്ചു. മേഘം ഇടവിടാതെ മഴ പൊഴിച്ചതിനാൽ നദികളെല്ലാം പ്രവഹിച്ചു. വയലുകളിൽജലം നിറഞ്ഞതിനാൽ നെൽക്കതിരുകൾ തിങ്ങിപ്പൊങ്ങി വിളങ്ങി. ആറുകൾപോലെ കരിമ്പിൻനീരുകൾ പാഞ്ഞൊഴുകി. പൂമാലയണിഞ്ഞ മണവാട്ടികളെന്നപോലെ പൂങ്കമുകൾ പുഷ്പിച്ചു. വൃക്ഷശാഖകൾതോറും കുയിലുകൾ പാടി. ചോലകൾതോറും മയിലുകളാടി. നവകുസുമങ്ങളിലിരുന്നു ഭ്രമരഗണങ്ങൾ പാടി. ഹംസജാലങ്ങൾ ഇവരുടെ ഗമനഭംഗികണ്ടു

ലജ്ജിച്ചുമാറി. ഇപ്രകാരം നാടെല്ലാം സുഭിക്ഷമാക്കി അവർ രണ്ടുപേരും പോകുന്നതിനിടക്ക് ഒരു നല്ല വഴിയിൽ മൃദുപട്ടാംബരവും സ്വർണ്ണാഭരണവും അണിഞ്ഞു് സൌരഭ്യവാഹിയായ പൂമാലയുംധരിച്ചു് ആനത്തിന്ന വിളാമ്പഴമെന്നോ, വിഷംനിറഞ്ഞ കാഞ്ഞിരപ്പഴമെന്നോ വിദ്വാന്മാർ വർണ്ണിപ്പാൻതക്കവിധം മിന്നൽപ്രഭപോലെ ദന്തദ്യുതിയെ പ്രകടിപ്പിച്ചു്, ഗാനസ്വനത്താൽ പുരുഷന്മാരെ മയക്കി വശീകരിച്ചു്, തന്റെ സൌധവാതായനത്തിലുള്ള സ്വർണ്ണത്തൂണിന്മേൽ ചാരിനിന്നിരുന്ന കാന്താരി എന്ന പേരായ ഒരു വേശ്യസ്ത്രീയെ ദൈവജനനി കടക്കണ്ണാൽ വീക്ഷിച്ചു് ദീർഘശ്വാസം ചെയ്തുകൊണ്ടു് അവളുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന പിശാചുക്കളേയും പാപത്തിൻെറ ഭയങ്കരമായ ദോഷഫലത്തേയും തൻെറ ഭർത്താവിനെ കാണിച്ചു; അദ്ദേഹം ദയാർദ്രനായി, ലോകത്തെ കെടുത്തുന്ന പിശാചുക്കളെ നശിപ്പിക്കുന്നതിന്ന നിൻെറ തിരുവുദരത്തിൽ അവതരിച്ചിരിക്കുന്ന ദൈവകുമാരൻെറ തിരുനാമമാകുന്ന ഖഡ്ഗത്താൽ "നീ തന്നെ അവയെ ഓടിച്ചുകളഞ്ഞാലും" എന്നു് പ്രതിവചിച്ചു. അപ്രകാരംതന്നെ കന്യകയും അനുകമ്പയോടുകൂടി ആ പിശാചുക്കളെ അകററിക്കളഞ്ഞു. പിശാചുകൾ നീങ്ങവേ, തന്റെ പാപങ്ങളെ നന്നായി ബോധിച്ച കാന്താരി ലജ്ജാവശഗയായി, അടുത്തിരുന്ന പുരുഷന്മാരെല്ലാം അതിശയിക്കുമാറു് ഒന്നും മിണ്ടാതെ പെട്ടെന്നൊഴനേററു തൻെറ മാളികമുറിയിലേക്കു പൊയ്ക്കളഞ്ഞു. അനന്തരം ദൈവമാതാവയച്ച ഒരു മാലാഖയിൽനിന്നു് അവൾ പല ജ്ഞാനോപദേശങ്ങ

ളും സ്വീകരിച്ച്, തന്റെ നാശത്തിന് കാരണമായ വസ്ത്രാദ്യാഭരണങ്ങളേയും പൂമാലകളേയും വീണ മുതലായ സംഗീതോപകരണങ്ങളേയും ത്യജിച്ച്, ചെയ്തുപോയ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ചു കരഞ്ഞു്, അനേകം നാൾ കഠിനതപസ്സ് ചെയ്തു്, ഒടുവിൽ നിത്യമോക്ഷപരമാനന്ദം പ്രാപിച്ചു. ഈ വിധത്തിൽ അവർ രണ്ടുപേരും ദുഃഖപീഡിതർക്കെല്ലാം സന്തോഷം നൽകിക്കൊണ്ടു യാത്രചെയ്തു. മാർഗ്ഗക്ലേശം സഹിക്കവെയ്യാതെ കന്യകാമാതാവു ക്ഷീണയായപ്പോൾ, മാലാഖാമാർ താങ്ങി ആശ്വസിപ്പിക്കുകയാൽ അവർ പിന്നെയും നടന്നു.

ലോകവാസികളുടെ അടിമത്തം നീങ്ങുന്നതിന് സഹായികളായ ഇവർ, നസറേത്തുനിന്നും പുറപ്പെട്ട അഞ്ചാംദിവസം വൈകുന്നേരം ബെത്ലഹം നഗരത്തിലെത്തി. സൂര്യനും അസ്തമിച്ചു. അവിടെ ഇവരെ ചുററിവരുന്ന അനേകസഹസ്രം ദൈവദൂതവൃന്ദങ്ങളെ ആ പുരിവാസികൾ കാണാഞ്ഞതിനാലും, സ്വർഗ്ഗീയമഹത്വത്തിനർഹരായ ഇവരുടെ മഹിമാതിശയത്തെ അവരറിയാഞ്ഞതിനാലും വെറും ദരിദ്രരെപ്പോലെ കാണപ്പെട്ട ഇവരെ അവർ ഗൌനിച്ചുമില്ല, യാതൊരു സല്ക്കാരവും ചെയ്തുമില്ല. അപ്പോൾ മാർ യൗസേപ്പ്, കന്യകാമറിയം വളരെ ദീർഘയാത്ര ചെയ്തുവന്ന ക്ഷീണംതീർത്തു് ആശ്വസിക്കുന്നതിന് അല്പം സ്ഥലം തരണമെന്ന് തന്റെ ബന്ധുക്കളോടു യാചിച്ചു. ഈ ലോകത്തിൽ ധനവാന്മാർ തങ്ങളോടൊപ്പം സ്വത്തുള്ള ബന്ധുമിത്രാദികളേ സ്വീകരിച്ച് സല്ക്കരിക്കയും നിർധനരെ ആട്ടിയോടിക്കയും ചെയ്യുന്നതു

പോലെ നിൎദ്ധനരായ ഇവൎക്കും അവിടെ അല്പം പോലും സ്ഥലം കൊടുക്കാതെ ധിക്കരിച്ചുകളഞ്ഞു. ബന്ധുക്കൾ തങ്ങളെ സ്നേഹപൂൎവ്വം സ്വീകരിച്ച് ആദരിക്കുമെന്നു കരുതി സന്തോഷിച്ചുവന്ന യൗസേപ്പ് ചെന്നു ചോദിച്ച ദിക്കിൽ നിന്നെല്ലാം നിന്ദിച്ചുപേക്ഷിക്കപ്പെട്ടു. എന്നിരുന്നാലും, അതിനായിട്ട് അവരോടു കോപിക്കാതെ, "ഞാൻ ചെയ്ത കുററത്താലൊ ഈ നഗരം ചെയ്ത പാപത്താലോ, ദൈവേച്ഛയില്ലായ്കയാലോ ഇവിടെ സ്ഥലംകിട്ടിയില്ലെന്നു" പറഞ്ഞു് കരഞ്ഞതേയുള്ളു. തങ്ങളെ പരിഹസിച്ചവരെ അവഹേളിക്കാതെ അവരുടെ പരിഹാസത്തെ അനുമോദനമായിക്കരുതി സന്തോഷിച്ചു; തങ്ങളെ ശകാരിച്ചവരെ മന:പൂൎവ്വം അഭിനന്ദിച്ചു; അവർ പറയുന്ന നിന്ദാവാക്കുകളെ സ്മരിച്ചതേയില്ല. എങ്കിലും തൻെറ പ്രാണനാഥയുടെ നിസ്സീമദു:ഖം കണ്ടിട്ട് അക്ഷമനായി രണ്ടു കൈയ്യും തലയിൽ വച്ച് ആ നഗരവാസികളെ നോക്കി "മനുഷ്യൎക്കുള്ള സംബന്ധമുറയെ പ്രദൎശിപ്പിച്ചില്ലെങ്കിലും യാചകരോടു കാണിക്കുന്ന അനുകമ്പയെങ്കിലും ഞങ്ങളുടെ മേൽ കാണിച്ചുകൂടയോ? തങ്ങളെ ആശ്രയിച്ചവൎക്ക് അഭയം നൽകി ആദരിക്കുന്ന സ്നേഹപ്രവൃത്തി ഒരുവൻെറ ദു:ഖാരിഷ്ടതകളെ നിവാരണം ചെയ്യുന്ന പരമോപകാരമായിരിക്കുമല്ലോ; കൂടാതെയും ഒരുത്തൻെറ ദു:ഖകാലത്തുചെയ്യുന്ന സഹായം, ഒരു നല്ല കൃഷിക്കൊപ്പം അവൎക്ക് സ്വൎഗ്ഗീയ ഫലത്തേയും പ്രദാനം ചെയ്യുമല്ലോ" എന്നു പറഞ്ഞ് കണ്ണുനീർ ചൊരിഞ്ഞു് കരഞ്ഞുകൊണ്ടു പോകുമ്പോൾ, അവരെല്ലാവരും

കോപത്തോടെ ഇവരെ നോക്കി "ഈ ജ്ഞാനങ്ങളെല്ലാം നീ കുറേ മുൻപുതന്നെ വന്നു് ഞങ്ങളോടുപദേശിക്കാമായിരുന്നല്ലോ; ഇപ്പോഠം തന്നെയോ ഉപദേശിക്കാൻ പുറപ്പെട്ടതു്" എന്നു പറഞ്ഞു പരിഹസിച്ചു. അപ്പോഠം യൌസേപ്പ് "നന്മ ചെയ്യാൻ ആഗ്രഹിക്കുന്നവർ സമയം നോക്കാറില്ല; ആഗ്രഹമില്ലാത്തവർ ഒഴിവുകഴിവുകഠം പറയുന്നതല്ലാതെ ഒന്നും ചെയ്യുന്നതുമല്ല; വ്യാപാരികളാകട്ടെ തങ്ങഠംക്കു് ആദായം ലഭിക്കുന്ന മാർഗ്ഗത്തെ അന്വേഷിക്കും; അതുപോലെ ജ്ഞാനികഠം സ്വർഗ്ഗീയനന്മ ലഭിക്കുവാനുള്ള വഴി തേടും" എന്നു പറഞ്ഞുകൊണ്ടു് വീഥികഠംതോറും അലഞ്ഞുനടന്നു. എന്തു പറഞ്ഞിട്ടും അവരോടു് കരുണയുള്ളവരായി ഒരുത്തരുമുണ്ടായില്ല. അനന്തരം രാജകല്പനയെ നിറവേററുവാൻവേണ്ടി അവിടെ ചെന്നു് "തലക്കാണവും" ജനസംഖ്യക്കണക്കും കൊടുത്തു. വീണ്ടും ആ നഗരമെല്ലാം അലഞ്ഞുനടന്നു്; വീടുകഠം തോറും യാചിച്ചു; എന്നിട്ടും അവക്കല്പം സ്ഥലം കിട്ടിയില്ല. നേരം അർദ്ധരാത്രിയായി; അന്ധകാരവും സവ്വത്ര നിറഞ്ഞു. വിഷാദമഗ്നനായ യൌസേപ്പ് ദൈവജനനിയെ നോക്കി, അല്പനായ എന്നെ പ്രാപിച്ചതിനാലല്ലയോ നീ ഇത്രവളരെ കഷ്ടതയും നിന്ദയും അനുഭവിക്കുന്നതു്. ലോകരക്ഷകനായ നമ്മുടെധന്യൻ നന്മ ലേശവുമില്ലാത്ത അഗതിയായ എന്നെ പ്രാപിച്ചതുകൊണ്ടുതന്നെ ക്ലേശിക്കാതിരിക്കുമോ; ദാരിദ്ര്യത്തെ അന്വേഷിച്ചുവന്ന സ്വർഗ്ഗനായകൻ താൻ ജനിക്കുന്നതിനുചിതമായ സ്ഥലം, ഐശ്വര്യപ്രദമായ നഗരമല്ലെന്നു് വിലക്കിയതിനാലോയിരിക്കുമോ നമുക്കിവി

ടെ സ്ഥലം കിട്ടാതെപോയത്” എന്നു പറഞ്ഞു ദുഃഖിച്ചിട്ട് “നാം വരുമ്പോൾ ഈ നഗരത്തിനപ്പുറത്ത് കണ്ട ഒരു ഗുഹയിൽ ചെന്നു പാൎക്കുന്നതത്രെ നല്ലതെ” ന്നു അഭിപ്രായം അറിയിച്ചു.

അപ്രകാരം പരിശുദ്ധ കന്യകയും സമ്മതിച്ചതിനാൽ ആ ക്രൂരിരുട്ടത്തുതന്നെ അവർ ആ നഗരത്തിൽനിന്നും പുറപ്പെട്ടു. തങ്ങളെ ചുറ്റിയിരുന്ന പത്തു സഹസ്രം മാലാഖമാരും കൂടി പ്രകാശിപ്പിച്ച വെളിച്ചത്താൽ അന്ധകാരം എന്നതു് അറിയാതെതന്നെ അവർ പോകുകയായിരുന്നു. അപ്പോൾ ജാത്യന്ധന സൂൎയ്യപ്രകാശത്തെ കാണ്മാൻ കഴിയാത്തതുപോലെ, അജ്ഞരായ മൂഢന്മാർ നിങ്ങളുടെ മാഹാത്മ്യത്തെ ഗ്രഹിക്കുന്നതെങ്ങനെ എന്നും, പുണ്യത്തിന്മേൽ ആഗ്രഹമില്ലാത്തവർ, തങ്ങളോടു സഹവസിക്കുന്ന പുണ്യപുരുഷന്മാരത്രേ തങ്ങളുടെ ബന്ധുക്കളേക്കാൾ ശ്രേഷ്ഠരായ മിത്രങ്ങളെന്നവാസ്തവത്തെ എങ്ങിനെ മനസ്സിലാക്കും എന്നും മറ്റും പല തത്വോപാകതികളും ഉപദേശിച്ച് അവരെ ആശ്വസിപ്പിച്ചുകൊണ്ടും ദൈവസ്തോത്രങ്ങൾ പാടിക്കൊണ്ടും വഴികാണിച്ചുകൊണ്ടും ആ ദൂതവൃന്ദങ്ങൾ ഇവരെ അനുഗമിച്ചു. വഴിമദ്ധ്യേയുള്ള താമരപൊയ്കകളേയും പകാപഫലപൂൎണ്ണങ്ങളായ വന്യവൃക്ഷങ്ങളേയും നിറവിളവായ ചെന്നെൽപാടങ്ങളേയും കടന്ന് കരുതിയ ദിക്കിലെത്തി. എന്നാൽ ആ ഗുഹയാകട്ടെ, ഒരു മല പിളൎന്ന് അതിന്മേൽ വലിയ ഒരു കല്ലുരുട്ടി വച്ചതുപോലെ ഭീമമായ ആകൃതിയോടുകൂടിയതും, കാറ്റും മഴയും വെയിലും ഉള്ളിൽ പ്രവേശിക്കുവാൻ തക്കവിധം വി

സ്താരമായ വാതിലുകളുള്ളതും, സുഖസന്തോഷമാൎഗ്ഗ ളൊന്നമില്ലാത്തതും ഭയാനകവും ആട്ടമാട്ടുകൾ വന്ന ക്രൂട്ടുന്നതിനുള്ള സ്ഥലവും ആയിരുന്നു. ജനസംഖ്യക ണക്കനിമിത്തം അന്ന് ബേസ്ലഹം പട്ടണത്തിൽവന്ന കൂടിയ നിരവധി ജനങ്ങൾക്ക താമസിക്കുന്നതിന് ആ നഗരത്തിൽ സ്ഥലം മതിയാകാതിരുന്നെങ്കിലും, മൃഗ ങ്ങളടയുന്ന സ്ഥലമെന്നു വച്ച് ഒരുത്തരും പാൎക്കാതെ വെറുത്തുപേക്ഷിച്ച ആ ഗുഹയത്രേ, സകല നന്മകളു ടേയും സമ്പൂൎണ്ണനിധിയായ ദൈവം താൻ ജനിക്കുന്ന തിനുള്ള സ്ഥലമായി തിരിഞ്ഞെടുത്തിരിക്കുന്നതു എ ന്നു വിചാരിച്ചിട്ടെന്ന പോലെ, അവർ ആ ഗുഹ യിൽ പ്രവേശിച്ച് അതിനെ ശുചിയാക്കാൻ തുടങ്ങി യപ്പോൾ മാലാഖമാർ തന്നെ അതിനെ ശുദ്ധീകരി ച്ചു. തന്മേൽ വെട്ടുന്നവൎക്കും തണലേകുന്നവൃക്ഷത്തേ പ്പോലെ ബുദ്ധിമാന്മാർ തങ്ങളുടെ ശത്രുക്കളേയും സ്നേ ഹിക്കും എന്ന മഹദ്വാക്യത്തിനുദാഹരണമായ ഇവർ അതിൽ പ്രവേശിച്ചപ്പോൾ, ബേസ്ലഹം നഗരത്തിൽ തങ്ങൾക്കുള്ള സ്ഥലം നൽകാതെ നിന്ദിച്ച് ദൈവംത ന്നെ ആഗ്രഹപൂൎവ്വം അന്വേഷിച്ചുവന്ന ദാരിദ്ര്യമ ഹാസമ്പത്തിനെ ഇപ്രകാരം തങ്ങൾ പ്രാപിക്കുന്നതി നിടയാക്കിയ ആ പുരിവാസികളെ ലേശമെങ്കിലുംഅ ധിക്ഷേപിക്കാതെ ഹൃദയപൂൎവ്വം അഭിനന്ദിച്ചു. അന ന്തരം പരിശുദ്ധകന്യക മാർ യൗസേപ്പിനോട് നിദ്ര ചെയ്തു് ആശ്വസിക്കാൻ പറകയാൽ അദ്ദേഹം ആ ഗു ഹയിലെ മറെറാരു ഭാഗത്തു് പോയി ദൈവത്തെ ആ രാധിച്ചിട്ടുണ്ടായ പരമാനന്ദത്താൽ പരവശനായി രുന്നു.

പിന്നീട പരമനായിക മുട്ടുകുത്തിനിന്ന് ദൈവ തൃപ്പാദത്തെ വണങ്ങി ധ്യാനിച്ചിരിക്കുമ്പോൾ, ദൈവ കുമാരൻ തൻെറ തിരുവുദരത്തിൽ അനങ്ങുന്നതുകണ്ടു അവർണ്ണനീയമായ ആനന്ദം അനുഭവിച്ചു. അതേസമ യം ഹൃദയാനന്ദം മുഖത്തു പ്രത്യക്ഷീഭവിച്ചുപ്രകാശി ക്കയും പിതാവു പുത്രൻ, പരിശുദ്ധാരൂപി എന്ന ത്രി ത്വപരമരഹസ്യത്തിലെ "രണ്ടാമാളായ ദൈവകുമാ രനെ പ്രസവാരിഷ്ടതകളൊന്നും കൂടാതെ അത്ഭുതമാ യി പ്രസവിക്കയും ചെയ്തു. ഈ വിധത്തിൽ ആദാമി ൻെറ പാപത്താലുണ്ടായ ദൈവശാപത്തെ തീർത്ത് ന മ്മെ രക്ഷിക്കുന്നതിന് ദൈവം തന്നെ മനുഷ്യനായി, എപ്പോഴും കന്യകയായ പരിശുദ്ധമറിയത്തിൻെറതി രുവുദരത്തിൽ നിന്നു ധനുമാസം 25-ാംനു- ഞായറാ ഴ്ചദിവസം അർദ്ധരാത്രിയിൽ ഭൂലോകജാതനായി. അ വതീർണ്ണനായ ദൈവബാലനെ കാണ്മാൻ തങ്ങളുടെക ണ്ണുകളും തുറിച്ചു നില്ക്കുന്നതു പോലെ അന്നു രാത്രി യിൽ നക്ഷത്രങ്ങൾ അധികമായി പ്രകാശിച്ചു. ഹൃ ദയാന്ധകാരമകററുന്ന ജ്ഞാനസൂര്യനായ ദൈവകുമാ രനെ കാണ്മാൻ അത്യാശയോടുകൂടി വന്നതോ എന്നു തോന്നുമാറ് അന്നുരാവിലെ ബാഹ്യതമസ്സകററി സൂ ര്യനും ഉദിച്ചു. അന്നേരംതന്നെ പിശാചുക്കൾ ഭയ ന്നോടുകയും. സർവത്ര മാലാഖമാർ വന്നു നിറയുകയും, സുകൃതം വർദ്ധിച്ച് ദുഷ്ടത കുറയുകയും, വൃക്ഷജാലങ്ങ ളെല്ലാം തളിർത്തു പുഷ്പിക്കയും, പക്ഷിവൃന്ദങ്ങളെ ല്ലാം പാടി സ്തുതിക്കയും, ഈ ലോകം സ്വർഗ്ഗലോകം പോലെ ആനന്ദപൂർണ്ണമായി ഭവിക്കയും ചെയ്തു. ദൈ

വബാലൻ ജനിച്ച പരിപാവനമായ പവ്ത്ഗഹ്വര ത്തിൽ, ദൈവദൂതന്മാർ മംഗളം പാടുകയും, പുഷ്പ മാരി വഷിക്കുകയും, ശ്രവണപീയൂഷമായ ഗീതനാദ ങ്ങൾ മുഴക്കുകയും, പരിമളദ്രവ്യങ്ങൾ സൗരഭ്യം വീശു കയും, സുഗന്ധധൂപങ്ങൾ പൊങ്ങിപ്പുറക്കയും ചെയ്തി രുന്ന ആ സുദിനത്തിലെ മഹോത്സവകോലാഹലങ്ങ ളെ വണ്ണിപ്പാൻ കവികുലകേസരികൾക്കുപോലും പ്ര യാസമായിരിക്കും.

പിറന്ന ബാലനെ മിഖായേൽ ഗബ്രിയേൽ എ ന്ന രണ്ടു ദൂതമുഖ്യന്മാരുംക്രൂടി തങ്ങളുടെ കരങ്ങളിലേ ന്തി ദൈവമാതാവിനെ നേരെ കാണിച്ചു. അവൾപ രമാനന്ദജലധിയിൽ നിമഗ്നയായി, തൃക്കുമാരൻെറ ന യനങ്ങളോടു തൻെറ നയനങ്ങളേയും യോജിപ്പിച്ചു് അവിടുത്തെ തൃപ്പാദത്തെ വന്ദിച്ചു. മാലാഖമാർ ര ണ്ടുപേരും തള്ളയുടെ കരങ്ങളിൽകുട്ടിയെ സമപ്പിച്ചി ട്ടു് വണങ്ങി. ചെന്താമരപുഷ്പം ചെങ്കുമുദപ്പുഷ്പ ത്തെ വഹിച്ചതുപോലെ തള്ള തൻെറ കൈകളിലെ ടുത്ത തൃക്കുമാരനെ ആശ്ലേഷിച്ചു് ചുംബിച്ചു് പാപ ത്താൽ മയങ്ങി തപിക്കുന്ന മനുഷ്യവംശത്തെ ഉദ്ദേ ശിച്ചു് പിതാവായ ദൈവത്തോടുഇപ്രകാരം അത്ഥി ച്ചു:— "പിതാവേ! ദൈവികത്വത്തിൽ പ്രിയ കു മാരനും മനുഷ്യത്വത്തിൽ എൻെറ പു ത്രനുമായ ഈ ദിവ്യ ബാലനെ ഇതാ നിനക്കു കാഴ്ച യായി സമർപ്പിക്കുന്നു. നീ എനിക്കു ചെയ്ത ഈ പ രമ കരുണയേപ്പോലെ തന്നെ മറെറല്ലാവരോടും ചെ യ്തു് അവരെ രക്ഷിക്കുമാറാകണം. ദുഃഖങ്ങളെല്ലാം തീത്തു് സന്തോഷം നൽകുവാൻ വന്ന നിൻെറ തൃക്കു

മാരൻെറ തിരുമുഖം നോക്കുന്നെങ്കിൽ നിനക്കുണ്ടായ കോപം നീക്കുവാൻ പ്രയാസമുണ്ടോ? പാപപൂർണ്ണമായ മനുഷ്യരൂപം, ദീപ്തിമത്തായ ദിവ്യത്വത്തെ മറച്ച പ്രകാരംതന്നെ, ദൈവം മനുഷ്യനായി ചെയ്ത ധർമ്മങ്ങളാൽ ഞങ്ങളുടെ പാപങ്ങളെ മറച്ചിരിക്കെ, ഇനിയും നിൻെറ കോപത്തിന് സ്ഥാനം ഉണ്ടോ?"എന്ന് അതി താഴ്മയോടുകൂടെ അപേക്ഷിച്ചിട്ട തൻെറ തൃക്കുമാരനെ നോക്കി:—"പിതാവിൻെറ ഇഷ്ടത്തെ പൂർണ്ണമായി സാധിപ്പാൻ വന്ന ദിവ്യബാലകാ! നീ ആശിച്ചുവന്ന ദുഃഖങ്ങളെ അളവിൽ കൂടുതലായി ഈ ഭൂമി നിനക്ക് നൽകുമ്പോൾ അവയെ അംഗീകരിച്ച്, മാലോകരുടെ പാപങ്ങളെ പരിഹരിച്ച് അവൎക്കു സ്വൎഗ്ഗീയ നന്മകളെ പ്രദാനം ചെയ്യുമാറാകണം" എന്ന് അപേക്ഷിച്ചു. ഈ മധുരമൊഴികൾ കേട്ടാഹ്ലാദിച്ചപോലെ ദൈവബാലൻെറ തിരുമുഖം ഒരു മന്ദസ്മിതത്താൽ പ്രകാശിച്ചു. അതുകേട്ട ദൈവമാതാവ് തൻെറ ഹൃദയത്തിലുണ്ടായ ആശാധിക്യത്താൽ ശരീരവും മനസ്സും നിറഞ്ഞതിനാൽ തൃക്കുമാരനെ മാറോടണച്ചുഗാഢമായി പുണൎന്ന് ചുംബനംചെയ്തു പാൽ കൊടുത്തു.

സംഭവിച്ചവയേ എല്ലാം തൻെറ ജ്ഞാനദൃഷ്ടിയിൽ കണ്ടുപരവശനായിരുന്ന മാർ യൗസേപ്പ് പിറന്ന ബാലനേ നേരിട്ടുകണ്ടാനന്ദിക്കുന്നതിന് ദൈവജനനിയാൽ ക്ഷണിക്കപ്പെട്ടതിനാൽ അടുത്തുചെന്ന ചന്ദ്രനെ ജയിച്ച ഫാലദേശത്തോടും,താമരയെ ജയിച്ച മുഖത്തോടും നക്ഷത്രങ്ങളെ ജയിച്ച നേത്രങ്ങളോടും,

ആമ്പലിനെ ജയിച്ച വക്ത്രത്തോട്ടം കൂടിയവനായി മാതൃഹസ്തങ്ങളിൽ കാണപ്പെട്ട ദിവ്യശിശുവിനെ കണ്ണു കുളിക്കുമാറു കണ്ടു് ആനന്ദബാഷ്പം ചൊരിഞ്ഞു് അതിൻെറ തൃപ്പാദങ്ങളെ വണങ്ങി. തൻെറ ദുഃഖത്തിൽ സഹകാരിയായിരുന്ന യൗസേപ്പ് തൻെറ സന്തോഷത്തിലും സഹകാരിയായിരിക്കേണ്ടതു് ന്യായമാണെന്നു കനിവു തോന്നിയകന്യക ആ ശിശുവിനെഅദ്ദേഹത്തിൻെറ കരങ്ങളിൽ എടുത്തുകൊള്ളുന്നതിനായി തൻെറ കൈകളെ നീട്ടി. ദൈവബാലനെതൻെറ കൈകളിൽ സ്വീകരിക്കുന്നതിനു് അദ്ദേഹംതന്നെ ഭയന്നെങ്കിലും, അവളുടെ ആഗ്രഹത്തിനനുസരിച്ചു് ദിവ്യശിശുവിനെ തൻെറ കരങ്ങളിൽ വിനയസമന്വിതം താണുവണങ്ങിച്ചുംബനംചെയ്തു്, അതിൻെറ തൃപ്പാദത്തിൽ തൻെറപുഷ്പ ശാഖയേ സമർപ്പിച്ചുവണങ്ങി. അപ്പോൾ ദൈവബാലൻ ഒരു പുഞ്ചിരിതൂകി സ്നേഹത്തോടദ്ദേഹത്തെ ആലിംഗനം ചെയ്തതിനാൽ അദ്ദേഹത്തിൻെറ ഹൃദയത്തിൽ കവിഞ്ഞൊഴുകിയ ഒരു പരമാനന്ദ രസം അദ്ദേഹത്തിൻെറ ദേഹമാസകലം വ്യാപിച്ചു. ദൈവകുമാരൻ യൗസേപ്പിനെ ആശ്ലേഷിച്ചതു് ഒരു പുഷ്പലത മറെറാരു പുഷ്പശാഖയെ ചുററിയതുപോലെയും,യൗസേപ്പു ശിശുവിനെ ആശ്ലേഷിച്ചതു് ഒരു കുളിർമേഘം സൂര്യനെ മറച്ചതുപോലെയും ആയി കാണപ്പെട്ടു. തൻെറ കരത്തിലിരുന്ന ദൈവബാലൻെറ തിരുമുഖത്തെ തന്നെ കണ്ണടയ്ക്കാതെ ഉററുനോക്കിക്കൊണ്ടു് ചിത്രംപോലെ നിശ്ചലയായി നിന്ന ദിവ്യകന്യകയേകണ്ടു് യൗസേപ്പ് ആർ

ദ്രചിത്തനായി, ദിവ്യശിശുവിനെ വീണ്ടും അവളുടെ കരങ്ങളിൽ സമർപ്പിച്ചു് വന്ദിച്ചു. അപ്പോൾ സു ന്ദരഗാത്രരായ രണ്ടു വാനാരൂപികൾ പ്രത്യക്ഷരായി ഇരുവശത്തുംനിന്നു് വെഞ്ചാമരകൊണ്ടു വീശുകയും ദൈവബാലൻ നിദ്രയെ പ്രാപിക്കയും ചെയ്തു.

അപ്രകാരം കന്യകാമാതാവിൻെറ തൃക്കരങ്ങ ളിൽ പരമനാഥൻ ഉറങ്ങുന്നതുകണ്ടു മാർ യൗസേപ്പ്, അനുഭവിച്ച സന്തോഷാധിക്യത്താൽ താരാട്ടുവാൻ തു ടങ്ങി. അതിൻെറ സാരം:—"നമ്മെ രക്ഷിപ്പാൻ അ വതരിച്ച ദൈവകുമാരൻ, ഇതാ നിദ്രചെയ്യുന്നു; ആ കാശത്തേയും ഭൂമിയേയും പ്രശസ്തമായി ഭരിക്കുന്ന സ ർവ്വശക്തനായ ദൈവം, ഇതാ ഇവിടെ നിദ്രചെയ്യുന്നു. തൻെറ കരുണ മാറാതെയും, അറിവു കുറയാതെയും, ഞാൻ പൂർണ്ണമായി ആനന്ദിക്കുമാറു അദ്ദേഹം ഉറങ്ങു ന്നുവല്ലോ; വസന്തകാലത്തിൽ വീശുന്ന തെന്നലുകളെ ഇപ്പോൾ വീശുവിൻ; കുസുമവല്ലികളേ! നിങ്ങൾ പൂത്തു സൗരഭ്യവും മധുവും പൊഴിക്കുവിൻ; ഇളം കുയിലുക ളേ! മധുരമായി പാടുവിൻ; കളിമയിലുകളേ! പീലി കൾ പരത്തി ആടുവിൻ" എന്നിപ്രകാരം ഗാനം ചെയ്തിട്ടു് ദൈവബാലനേ നോക്കി "കരുണാകരാ! ദ യാനിധേ! ജീവനാഥാ! മഹാപ്രഭോ! രോഗസങ്കട ങ്ങൾക്കു് സിദ്ധൗഷധമേ! ഞങ്ങളുടെ മേലലിവായി കാ ണിക്കുന്ന കരുണയിതുതന്നെയോ? സ്വർഗ്ഗീയാനന്ദങ്ങ ളെ ഉളവാക്കിത്തന്നവനും, ഭൂലോക സങ്കടങ്ങളെ പ രിഹരിപ്പാൻ വന്നവനും ആകാശത്തിൽ സ്തുതിക്കപ്പെ ട്ടവനും, എൻെറ ബുദ്ധിക്കു് അഗോചരനും നീയാക

ട്ടെ; നീ മനുഷ്യനായവതരിച്ച മഹത്തായ സ്നേഹത്തെ അറിവാൻ വേണ്ട ബുദ്ധിയെ എനിക്കു തരികയില്ല യോ? നിസ്തുലമായ ശക്തിയുള്ളവനും, ഉൽകൃഷ്ടമായ സ്തോത്രവർണ്ണനകളെ അതിലംഘിച്ചവനും അയോഗ്യ രായ ഞങ്ങൾ സുഖിക്കുന്നതിനു വേണ്ടി ഭൂമിയിൽ വ ന്നു കരയുന്നവനും നീയാകട്ടെ; എന്റെ ഹൃദയത്തിൽ എഴുന്നള്ളിവന്ന് അതിനു വേണ്ടുന്ന സ്ഥിരതയെ നൽ കുകയില്ലയോ? സർവ്വവസ്തുക്കളുടേയും ഏകാധിപതി യും അത്യുന്നത ദൈവവുമായ നീ പാടുപെട്ടു മരിക്കു ന്നതിനോ, ഇവിടെ ശരീരത്തോടുകൂടി അവതരിച്ചി രിക്കുന്നതു്. ആകാശത്തിനും ഭൂമിക്കും ജീവനായവനും രാജാക്കന്മാർക്കൊക്കെയും ശക്തിയെ കൊടുക്കുന്നവനും, സൂര്യന് പ്രകാശം നൽകുന്ന സൂര്യനും, മനുഷ്യരുടെ മേലുള്ള കരുണയാൽ മനുഷ്യനായവനും നീയാകട്ടെ; ഞങ്ങൾ നിന്റെ തിരുവടിയെ വണങ്ങുന്നതിന് നല്ല വഴി കാണിക്കയില്ലയോ? ദയയോടുകൂടി കോപിക്കു ന്നവനും, കോപത്തിലും കരുണചെയ്യുന്നവനും, അറി യിക്കാതെ എല്ലാം അറിയുന്നവനും, പറയാതെതന്നെ എല്ലാം പറയുന്നവനും നീയാകട്ടെ; നിന്റെ കരുണ ക്കടലിൽ മുങ്ങിക്കിടക്കുന്ന അടിയന് അതിന്റെ മറു കര കാണിക്കയില്ലയോ? ജ്യോതിസ്സുകൾ കിരണസമൂ ഹങ്ങളാലും, നവരത്നങ്ങൾ പ്രകാശജാലത്താലും, പ ക്ഷിനിവഹങ്ങൾ സ്വരമാധുര്യത്താലും, പുഷ്പങ്ങൾ പ രിമളത്താലും പുകഴ്ത്തിസ്തുതിക്കുന്നവൻ നീയാകട്ടെ; ഊമയായിരിക്കുന്ന എന്നെയും നിന്നെ സ്തുതിക്കുവാൻ പഠിപ്പിക്കില്ലയോ? എല്ലായ്പോഴും സ്തുതിക്കപ്പെടുന്നവ

നം, എവിടെയും ഏകഛത്രത്താൽ തണലേകുന്നവ
നം, അനാദിയാലുള്ളവനം, സകലത്തിലും മൂലഹേതു
കനം നീയാകട്ടെ; ഞങ്ങളുടെമേൽ അലിവായി കാ
ണിച്ച ദയാധിക്യത്തെ അറിയുവാൻ എനിക്ക് കാഴ്ച
നൽകയില്ലയോ?" എന്നിങ്ങനേ പാടി ആനന്ദാശ്രു
ക്കൾ പൊഴിച്ചിട്ട് വീണ്ടും, എനിക്കു മാതാവും പി
താവും നീതന്നേ; ധൎമ്മവും മഹത്വവും നീതന്നേ; പര
ഗതിയും സുരപതിയും നീതന്നെ; ബന്ധുക്കളും മററു
ള്ള സമസ്തവും നീ തന്നെയാകട്ടെ; ഈ ഭൂമിയിലവത
രിച്ച് ഞങ്ങളെ പാപത്തിൽനിന്നു മോചിപ്പിച്ചുവ
ല്ലോ; അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗവാതലിനേ തുറന്നു
വല്ലോ; നിൻെറ ശക്തിയേയും കരുണയേയും ഏവരും
അറിയുവാൻ ദയ ചെയ്കയില്ലയോ? പരമസ്നേഹമഹി
മസ്വരൂപനായും; നിസ്സീമ വിജ്ഞാന സന്മൂൎത്തിയാ
യും ഭവിച്ചവനേ! ഗുരുകുലവരനായും ഉപദേഷ്ടാവാ
യും വന്നിരിക്കുന്നനീയിവിടെമറഞ്ഞിരിക്കുമോ? സ്വ
ൎഗ്ഗതുല്യം ഭൂമിയും ആനന്ദിക്കുവാൻ ഗർഭരീതിയാൽഅ
ത്ഭുതമായവതരിച്ച നീ നിൻെറ പരമകരുണയേ എ
വരും കണ്ടറിയുവാൻ കൃപ ചെയ്യുമാറാകണം"എന്ന
പേക്ഷിച്ച് ആനന്ദബാഷ്പംചൊരിഞ്ഞു. ഉറങ്ങു
ന്ന ഭാവത്തിൽ സ്ഥിതിചെയ്തിരുന്ന ദൈവബാലൻഇ
വയെല്ലാംകേട്ട് ആനന്ദിച്ചിട്ടോ എന്നു തോന്നുമാറ്
തൻെറ ദിവ്യനേത്രം തുറന്ന് അദ്ദേഹത്തെ കടാക്ഷി
ക്കവേ അദ്ദേഹവും പരമാനന്ദ സാഗരത്തിൽ നിമ
ഗ്നനായി.

# അദ്ധ്യായം പതിനൊന്നു്.

—:o:—

## ദൈവകുമാരനു് കാഴ്ച സമപ്പിക്കുന്നതു്.

അനന്തരം ദൈവകല്പനയാൽ അവിടെ സഹവസിച്ചിരുന്ന രണ്ടു മാലാഖമാർ ഇടയരുടെ മുമ്പിൽപ്രത്യക്ഷരായി, ദൈവകുമാരൻ പിറന്നിരിക്കുന്ന വൃത്താന്തത്തെ അറിയിച്ചു് അവിടെ ചെന്നു അദ്ദേഹത്തെ ആരാധിപ്പാനായി അവരെ ക്ഷണിച്ചു. ഉടനേ ഇടയന്മാരും ഇടച്ചികളും അവിടെയെത്തി ദൈവബാലനെ സന്ദശിച്ചു് അവിടത്തെ പാദാരവിന്ദങ്ങളിൽ മുല്ലമാലകളെ സമപ്പിച്ചു് വണങ്ങി സ്തോത്രം ചെയ്തു; "അവണ്ണനീയമഹത്വമുള്ള സ്വഗ്ഗീയപ്രഭോ! പാപികളേ രക്ഷിപ്പാൻ വേണ്ടിയോ, ഈ ലോകത്തിൽമനുഷ്യനായി പിറന്നതു്. അങ്ങു ഞങ്ങളുടെ മേൽകാണിച്ച ഈ സ്നേഹം അവിടുത്തെ തിരുഹൃദയത്തിൽ നിന്നു് ഒരുകാലത്തും നീങ്ങുന്നതല്ലാ" എന്നു് ഭക്തിവിസ്മയങ്ങളോടുകൂടി ഉച്ചരിച്ചിട്ടു്, കന്യകാമാതാവിനേയും മാർ യൗസേപ്പിനേയും നോക്കി, ദൈവ ബാലനെ പ്രസവിച്ച ദിവ്യകന്യകേ! വാഴ്ക, വേദസ്വരൂപനായി സ്ഥിതിചെയ്ത താപസവരനായ മാർ യൗസേപ്പേ! വാഴ്ക, എന്നിങ്ങനെ അവരെയും വാഴ്ത്തി സ്തുതിച്ചു. പിന്നീടു്; തങ്ങൾ കൊണ്ടുവന്നിരുന്ന പശുവിൻ പാലിനേ ശിശുവിൻെറ തിരുവടികളിലപ്പിച്ചു് വീണ്ടും ആരാധിച്ചു. ദൈവകുമാരൻ അവരെ കരുണയോടെവീക്ഷിച്ചു് നൽകിയ ജ്ഞാനനന്മകളാൽ, അവർ പര

മാനന്ദം അനുഭവിച്ചതു കൂടാതെ കന്യകാമാതാവും മാർ യൗസേപ്പും പറഞ്ഞ മധുരമൊഴികളെ കേട്ടുസ്നേഹത്താൽ കണ്ണുനീർ പൊഴിച്ച് അവരെ വിട്ടുപിരിവാൻ മനസ്സില്ലാതെ ഖേദത്തോടെ തങ്ങളുടെ വീടുകളിലേയ്ക്കു പോയി. രാജാധിരാജനായ ഏകദൈവം രാജകീയ കൊട്ടാരങ്ങളൊന്നും കൂടാതെമൃഗശാലയിൽ മനുഷ്യനായി പിറന്നതിനേയും, അവിടുന്നു തന്നെ ആരാധിപ്പാൻ പ്രതാപവാന്മാരായ രാജാക്കന്മാരെ വിട്ട് നികൃഷ്ടരായ ഇടയരെതിരിഞ്ഞെടുത്ത് ക്ഷണിച്ചതിനേയും നിരൂപിച്ച് വിസ്മയഭരിതയായി കന്യകാമാതാവും ദൈവകാരുണ്യകൃത്യത്തെ സന്തോഷപൂർവ്വം കൊണ്ടാടി.

തിരിച്ചുപോയ ഇടയരാകട്ടെ, ഗുഹയിൽവച്ച് തങ്ങളനുഭവിച്ച ആനന്ദത്തെ വീണ്ടും അനുഭവിപ്പാൻ ആഗ്രഹമുള്ളവരായി ദിവസംതോറും അവിടെ ചെന്ന് ദൈവബാലനെ സന്ദർശിച്ചാരാധിച്ചുവന്നു. അവരിൽ ശാന്തി എന്നുപേരായ ഒരു ഇടച്ചി ദൈവജനനിയെ നോക്കി "അമ്മേ! ത്രികാലജ്ഞനും സർവ്വവല്ലഭനുമായ ദൈവം, ഇവിടെ വന്ന് ദുഃഖപ്പെടുന്നതാണ് തനിക്ക് സന്തോഷമെന്നു കരുതിയോ മനുഷ്യനായി പിറന്നത്; രാജാക്കന്മാക്കടുത്ത ചതുർവ്വിധ സേനാസാമഗ്രികളും ധീരന്മാരായ പടയാളികളും ഇവിടുത്തേക്കില്ലാത്തതെന്ത്? മനോഹരമായ അരമന, പട്ടാംബരം, രത്നാഭരണം എന്നിത്യാദി രാജമഹത്വങ്ങളൊന്നും ഇവിടുത്തേയ്ക്കില്ലയോ? പാക്കുന്നതിനു വീടുപോലുമില്ലാതെ മലയുടെ ഗുഹയിൽ പിറന്നതെന്തുകൊ

ണ്ടു? മോക്ഷഭവനത്തിൽ പോകേണ്ടുന്ന വഴി കാണിപ്പാനാണ് ഇവിടുന്ന വന്നതെങ്കിൽ, അതിനുവേണ്ടുന്ന ശക്തിമഹത്വങ്ങളോടുകൂടി പ്രത്യക്ഷപ്പെടുന്നതല്ലായിരുന്നോ നല്ലതു? അടിയാട്ടിക്കുണ്ടായ ഈ സന്ദേഹത്തെ തീൎത്തു തരുമാറാകണം" എന്നു വിനയസമേതം അപേക്ഷിച്ചു. അപ്പോൾ കന്യകാമാതാവു, ദൈവത്തെ മനുഷ്യനാക്കിത്തീൎത്ത തന്റെ അപാരമായ കാരുണ്യത്തെ നിരുവിച്ചു മനസ്സുരുകി കുറഞ്ഞൊന്നു കരഞ്ഞുകൊണ്ടു പറഞ്ഞു:—സ്വയം ശക്തിയില്ലാത്തവൎക്കല്ലെ പട്ടാളം ആയുധം മുതലായവയുടെ ശക്തിവേണ്ടതു? സൎവ്വത്തിനും ശക്തിയുള്ളവനു അവയുടെ ആവശ്യമുണ്ടോ? പൂൎവ്വകാലത്തിൽ ജലപ്രളയത്താൽ ലോകത്തെനശിപ്പിച്ചതു, അഗ്നിമഴയാൽ അഞ്ചു മഹാനഗരങ്ങളെ ദഹിപ്പിച്ചതു എന്നിത്യാദി ഭയങ്കര കൃത്യങ്ങളെ ഞാൻ പറഞ്ഞുകേൾപ്പിക്കണെമെന്നുണ്ടോ? ഇവിടുത്തെ കോപത്തിൻ മുൻപിൽ എതിൎത്തുനില്ക്കാൻ ശക്തിയുള്ളവനാരുണ്ടു. ഇതു ഇവിടുത്തെ അതിരററ കൃപയുടെ കാലമാണെന്നു അറിയുന്നതു മതിയാകും." ഇതു കേട്ടിരുന്ന ശാന്തി വീണ്ടുംചോദിച്ചു:—അമ്മേ! നമ്മുടെ രക്ഷകനായ ദിവ്യകൎത്താവു ഈ ലോകത്തിൽ വരുംകാലത്തു മഹാശക്തിമഹത്വങ്ങളോടുകൂടി എഴുന്നള്ളി വരുമെന്നും, അപ്പോൾ രാജാക്കന്മാർ തുടങ്ങിയ സകലരും ഭയന്നു ഞെട്ടുങ്ങി അവിടുത്തെ പാദത്തിൽവണങ്ങുമെന്നും, അങ്ങനെ വണങ്ങാത്തവർ നിത്യനാശത്തെ പ്രാപിക്കുമെന്നും വേദത്തിൽ എഴുതപ്പെട്ടിരിക്കുന്നതായി പൂൎവ്വന്മാർ ., പറ

ഞ്ഞുകേൾവിയുണ്ടല്ലോ.” അതിന്നു ദിവ്യകന്യക, നീ ഇപ്പോൾ പറഞ്ഞവയെല്ലാം ഇവിടുന്ന് ലോകാവസാനകാലത്തു് വരുമ്പോൾ സംഭവിപ്പാനിരിക്കുന്നവയാണു്, എന്നു പറഞ്ഞുതീരുംമുൻപേ അതിൻെറ വിവരമറിവാൻ അത്യാശ പ്രദശിപ്പിച്ച ശാന്തിയോടും മററു ഇടച്ചികളോടും പരിശുദ്ധ കന്യക പറയുവാൻ തുടങ്ങി.

“ദൈവം ഈ ലോകത്തിൽ മനുഷ്യശരീരത്തോടുകൂടി എഴുന്നള്ളിവരുന്നതു രണ്ടു പ്രാവശ്യമാണെന്നു വേദത്തിൽ എഴുതപ്പെട്ടിരിക്കുന്നു. ആദ്യം കരുണാസ്വരൂപനായി വന്ന് എവൎക്കും നന്മ ചെയ്യുകയും, രണ്ടാമതു് നീതിസ്വരൂപനായി പ്രത്യക്ഷപ്പെട്ടു് സകലരോടും നന്മതിന്മകളുടെ കണക്കുകേട്ടു് ന്യായവിധി കല്പിക്കയും ചെയ്യും. ഇതു് തൻെറ അളവില്ലാത്ത ദയയുടെ കാലമാകയാൽ, സൃഷ്ടികൎത്താവ് ഒരു ശിശുവായി ജനിച്ചു് എളിമ, ക്ഷമ, ദാരിദ്ര്യം മുതലായവയെ ശ്രേഷ്ടമായി ഗണിച്ചു് തൻെറ ഉത്തമ ജീവിതത്താലും, സുകൃതബോധത്താലും, സകലൎക്കും സന്മാൎഗ്ഗത്തെ കാണിച്ചു് നമ്മുടെ പാപങ്ങൾക്കായി തന്നെത്താൻ പാടുപെട്ടു രക്തം ചൊരിഞ്ഞു നമ്മെ രക്ഷിക്കും. പിന്നീടു് ലോകാവസാന നാളിൽ സൂൎയ്യൻ മങ്ങുകയും, ചന്ദ്രൻ രക്തവൎണ്ണമായി ഭവിക്കയും, നക്ഷത്രങ്ങൾ പൊഴിഞ്ഞുവീഴുകയും, പൎവ്വതങ്ങളുലഞ്ഞു കുലുങ്ങുകയും, തിരമാലകൾ പൊങ്ങി മുഴങ്ങുകയും, മേഘം ഭയങ്കരമായി ഗൎജ്ജിക്കയും, സൎവ്വത്ര അന്ധകാരം വ്യാപിക്കയും, സകല സൃഷ്ടികളും ഞെട്ടിവിറയ്ക്കുയും, ഇടവിടാതെ

യുള്ള അഗ്നിവർഷത്താൽ സമസ്തവും ദഹിച്ചു ഭസ്മമാകുകയും,ലോകം നശിച്ചുപോകയുംചെയ്യും. അപ്പോൾ മാലാഖമാർ പ്രത്യക്ഷപ്പെട്ട് കാഹളശബ്ദം മുഴക്കുകയും, ദൈവശക്തിയാൽ ആദിമനുഷ്യൻ മുതൽ ഉള്ള സകല മനുഷ്യരും തങ്ങളുടെ സ്വന്ത ശരീരങ്ങളോടുകൂടി ഉയൎത്ത് പൊതുവിധിക്കായി കൊണ്ടുവന്നു നിറുത്തപ്പെടുകയും ചെയ്യും. ഇതാ ശിശുവായിരിക്കുന്നഈ സൃഷ്ടികൎത്താവുതന്നെ, ആ കാലത്തു തന്റെ സൎവ്വശക്തിമഹിമകളോടുകൂടി നീതിസ്വരൂപനായി, ആ ദൈവദൂതവൃന്ദത്താൽ പരിസേവിതനായി മേഘവാഹനത്തിൽ എഴുന്നള്ളിവന്ന്, അവരവർ ചെയ്ത നന്മതിന്മകളെ സകലരുടേയും മുൻപിൽ പരസ്യംചെയ്ത്, പാപികളെ ശപിച്ച് നരകത്തിൽ തള്ളി പുണ്യവാന്മാരെ ആശീൎവ്വദിച്ച്സ്വൎഗ്ഗത്തിലേയ്ക്കു നയിക്കും. അതു് രണ്ടാമത്തെ വരമാണ്. ഇപ്പോൾ നമ്മെ പാപമാകുന്ന അടിമത്വത്തിൽ നിന്നും രക്ഷിക്കുന്നതിനായി തന്റെ ദൈവീക മഹത്വങ്ങളെ എല്ലാം ത്യജിച്ച് ഒരു എളിയ ശിശുവായി അവതരിച്ചിരിക്കുന്നു." എന്നു പറഞ്ഞു നിൎത്തിയപ്പോൾ അവരെല്ലാവരും ദൈവബാലന്റെ തൃപ്പാദത്തെ അതിവിനയത്തോടുകൂടി അഭിവാദനം ചെയ്തു.

സുശീലയായ ശാന്തി വളരെ വ്യസനിച്ചു; ദിവ്യശിശുവിനെ നോക്കി ഇപ്രകാരം പറഞ്ഞു കരഞ്ഞു:– "സ്വാമീ! പാപികളുടെ കൈകളിൽ അകപ്പെടുന്നതിനുവേണ്ടിയോ ഈ ഭൂമിയിൽവരുവാൻ അവിടുന്നു് ഗ്രഹിച്ചതു്പാപസ്വരൂപികളായമനുഷ്യർ സന്തോഷക്കടലിൽമുഴുകിസുഖിക്കുമ്പോൾ,ധൎമ്മസ്വരൂപനായ അവി

ടുന്നു ദുഃഖസമുദ്രത്തിൽ ആണ്ടു പരിതപിക്കുവാനോ വന്നതു്? അടിമകളായ മനുഷ്യരുടെ ആത്മശരീരങ്ങൾ ആനന്ദിച്ചു വാഴുമ്പോൾ, സൃഷ്ടികർത്താവായ അവിടുത്തെ ആത്മശരീരങ്ങൾ കഷ്ടപ്പെട്ടു ദുഃഖിക്കയോ? ജ്ഞാനവും നന്മയും ലേശവുമില്ലാത്ത ജനങ്ങളുടെ ഇടയിൽ വന്നതിനാലല്ലയോ ബന്ധുവും സഹായവുമില്ലാതെ ദുഃഖിച്ചു കരയുന്നതു്. ചുടുകാടായ ഈ ലോകം അങ്ങേയ്ക്കു പകചെയ്യുന്നതല്ലാതെ നന്മചെയ്കയില്ല. അവിടുന്നു ആഗ്രഹത്തോടുകൂടി അനുഭവിപ്പാൻ വന്ന ദുഃഖപീഡകളെ അവിടുത്തേ ആശയ്ക്കപ്പുറവും ഈ ലോകർ ചെയ്യും. ത്രിലോകാധിപതിയായ അങ്ങേയ്ക്കു മഴയും വെയിലും തടുക്കുന്നതിനൊരു വീടോ, ശീതബാധ തടയാനൊരു മുണ്ടോ ഇല്ലാതെപോയതെന്തു് അക്ഷയസമ്പത്തും അനശ്വരശക്തിയുമുള്ള പരദൈവമേ! ഈ ലോകമെല്ലാം നശിച്ചുപോയാലും അതിനാലങ്ങേക്കൊരു കുറവുണ്ടോ? അല്ലെങ്കിൽ അവയുണ്ടായിരുന്നാൽ അങ്ങേക്കൊരു ലാഭമുണ്ടോ?" ഇതുകേട്ടുകൊണ്ടിരുന്ന മററിടയന്മാരും ഇടച്ചികളും മനസ്സുരുകി കണ്ണുനീർ ചൊരിഞ്ഞു. വീണ്ടും അവരിൽ ചിലർ ദൈവബാലനെനോക്കി "ദൈവമേ! ഇപ്പോൾ അവിടത്തെ ദിവ്യാനുഗ്രഹത്തെ അറിയാതെ നിന്ദിക്കുന്നവർ, അവസാനകാലത്തു അങ്ങയുടെതൃപ്പാദത്തെ പ്രാപിക്കാതെ നിന്ദിക്കപ്പെടുമെന്നും," ചിലർ ഇക്കാലത്തിൽ അവിടുന്നു പഠിപ്പിക്കുന്ന സത്യവേദത്തെ അംഗീകരിക്കാതെ മററു വ്യാജമതങ്ങളെ അന്വേഷിച്ചു് അതിനെ സ്വീകരിച്ചനുകരിക്കുന്നവർ, അക്കാലത്തു് അതിൻെറ ഫലം അതുതന്നെ എന്നറിഞ്ഞു് മയങ്ങിത്തളന്നു് ഘോ

രാഗ്നിയിൽ പതിക്കു"മെന്നും പറഞ്ഞു. ചിലർ നീതിയുടെ മാഹാത്മ്യത്തെ സ്തുതിക്കയും, ചിലർ ദൈവകൃപയെ വൎണ്ണിക്കയും, ചിലർ ചെയ്തുപോയ പാപങ്ങളെ ഓൎത്തു കരകയും, ചിലർ ദൈവസുതന്റെ തൃപ്പാദങ്ങളെ നമസ്കരിക്കയും ചെയ്തു. ഇടയരീവിധമിരിക്കെ, പുഷ്പങ്ങൾ വികസിച്ചു തേൻ പൊഴിഞ്ഞു. വണ്ടുകളതു കുടിച്ചു് ആനന്ദിച്ചു. മയിലുകൾ നൎത്തനം തുടങ്ങി. കുയിലുകൾ മധുരമായി പാടി. ചെറുകിളികൾ തരുശാഖകളിൽ കൊഞ്ചിക്കളിച്ചു. മേഘമാലകൾ മലമുകളിൽ പ്രണമിച്ചു. ഇങ്ങനെ സൎവ്വം സന്തോഷപൂൎണ്ണമായിരുന്നു.

ഇടയന്മാർ ദിവസംപ്രതി ദൈവബാലനെ സന്ദൎശിപ്പാൻവരുമ്പോഴെല്ലാം സന്യാസിശ്രേഷ്ഠനായ മാർയൗസേപ്പു പറയാറുള്ള ജ്ഞാനതത്വങ്ങളെ കേട്ടു് അപ്രകാരം നടന്നുവന്നു. കൂടാതെയും ആ ഗുഹയിൽ വരുന്ന ഏവരും പാപങ്ങളിൽനിന്നു് നീങ്ങി സന്മാൎഗ്ഗികളായി പുണ്യകൃത്യങ്ങൾ ചെയ്തും വന്നു. ദീപ്തിമത്തായ മൂന്നു ഗ്രഹങ്ങളെപ്പോലെ വിളങ്ങിയ ഈ മൂന്നുപേരേയും ദൎശിച്ചവരിൽ, ഹൃദയാന്ധകാരം നീങ്ങാത്തവരും ദൈവപ്രസാദം ലഭിക്കാത്തവരുമായി യാതൊരുത്തരും ഉണ്ടായിരുന്നില്ല. അനന്ത സ്നേഹനിധിയായ നമ്മുടെ ദിവ്യരക്ഷകൻ, ദുഃഖാരിഷ്ടതകളാലുണ്ടാകുന്ന പീഡകളെല്ലാം തന്റെ ജന്മാവകാശമെന്നപോലെ അവയെ അനുഭവിച്ചും, തന്നെപ്രാപിച്ചവർ സന്തോഷഭരിതരായി വസിക്കുന്നതു് അവരുടെ അവകാശമായിരിക്കുന്നതുപോലെ അവൎക്കു നന്മയേ ചെയ്തുംവന്നു.

ഇനി ദൈവദൂതന്മാർ വന്ന് ദൈവകുമാരന് തിരുനാമകരണം ചെയ്തതിനേ പ്രസ്താവിക്കാം. വികസിക്കാത്ത പൂമൊട്ട് സൗരഭ്യം പരത്തിയവിധം ദൈവമാതാവു, കന്യാത്വഭംഗം കൂടാതെ ദൈവകുമാരനെ പ്രസവിച്ച എട്ടാംദിവസം രാവിലെ, സൂര്യോദയത്തിനുമുൻപായി വന്നുകൂടിയ ദൈവദൂതന്മാർ, ദൈവബാലന് ഇടുവാൻപോകുന്ന തിരുനാമത്തെ സ്വർണ്ണലിപികളിൽ എഴുതി, അതിനേ മാലയായി തങ്ങളുടെ മാറിലണിഞ്ഞു്, ആ തിരുനാമം ചിന്തിയ കാന്തിപൂരത്താൽ ഉജ്വലമായ തങ്ങളുടെ പ്രഭയും മങ്ങിമറഞ്ഞുപോകുമാറു, ആ ബാലനെ താണുവീണു നമസ്കരിച്ചു. ആ സ്വർഗ്ഗീയസേനകൾക്ക് സർവ്വാധിപതികളായി പ്രത്യക്ഷീഭവിച്ച മിഖായേൽ ഗബ്രിയേൽ എന്നു രണ്ടു മാലാഖമാർ തങ്കത്തകിടുകൊണ്ടു നിർമ്മിച്ചു്, ചുററിലും അരികുമണികൾ തൂക്കി, മുകളിൽ ചുവപ്പുരത്നങ്ങളും നീലരത്നകളും പതിച്ചു് ഒരു കിരീടംപോലെ പ്രകാശിക്കത്തക്കവണ്ണം ചേതോഹരമായി അലങ്കരിച്ചിട്ടുള്ള ഒരു വിചിത്ര "പ്പരിശ"യുടെ മദ്ധ്യത്തിൽ, വജ്രരത്നാക്ഷരങ്ങളാൽ നിർമ്മിച്ച ആ തിരുനാമത്തെ പ്രദർശിപ്പിച്ചുകൊണ്ടു്, "രക്ഷകനെന്നർത്ഥമുള്ള "ഈശോ" എന്ന ഈ തിരുനാമത്താൽ ഇവനെ വിളിക്കണം" എന്ന് കല്പിച്ചു. അതേ നിമിഷത്തിൽ മററു മാലാഖമാരെല്ലാവരും വിനയപൂർവ്വം ആ തിരുനാമത്തെ വണങ്ങി. ഉടനേ ദൈവീകവാക്യങ്ങൾമുഴങ്ങി. സ്വർഗ്ഗം ആനന്ദിക്കയും ഭൂലോകം മയക്കത്തിൽ നിന്നു ഉണരുകയും ചെയ്തു. പിശാചുക്കൾ നടുങ്ങി, നരകം

വിറച്ചു. കന്യകാമറിയവും മാർ യൗസേപ്പും ആ തിരുനാമത്തെ വിനയസമന്വിതം പ്രണമിച്ചു. മിഖായേൽ വീണ്ടും പറഞ്ഞു:—"മഹത്വമേറിയ ഈ തിരുനാമത്തെ ഭക്തിപൂർവ്വം ഉച്ചരിക്കുന്നവർ, തങ്ങളുടെ പാപങ്ങളിൽനിന്നും മോചിച്ച് ഉൽകൃഷ്ടമായ ദൈവനന്മകളെ പ്രാപിക്കും; പിശാചുക്കളെ ജയിക്കുന്നതിനുള്ള സേനാവ്യൂഹം ഇതുതന്നെ; ഇതു ദുർമ്മാർഗ്ഗത്തിൽനിന്നും അകററി മനുഷ്യരെ സൽപഥത്തിൽ ചേർക്കും; ഇതിനെ ഉച്ചരിക്കാവുന്ന നാവും നിരൂപിച്ച മനസ്സും ആനന്ദിക്കും; ദൈവദൂതന്മാർ സാഷ്ടാംഗപ്രണാമം ചെയ്യുന്ന ഈ തിരുനാമത്താൽ ദാനധർമ്മങ്ങൾ വർദ്ധിച്ച്, ജ്ഞാനനന്മകളുയർന്ന്, ഒടുവിൽ നിത്യമോക്ഷപരമാനന്ദം ലഭിക്കും" ഇതിനെ കേട്ട മററു മാലാഖമാർ പുഷ്പമാരി വർഷിച്ച് സ്തോത്രങ്ങൾ പാടി. ആ എട്ടാം ദിവസംതന്നെ വൈദികന്മാരെക്കൊണ്ട് ദൈവബാലന് "ഈശോ" എന്ന് തിരുനാമകരണവും ചെയ്യിച്ച്, വിധിപ്രകാരമുള്ള മററു ചടങ്ങുകളേയും നിർവ്വഹിപ്പിച്ചു.

മൂന്നു രാജാക്കന്മാരുടെ ആഗമനം:-

മൂന്നു രാജാക്കന്മാർ വന്ന് ദൈവബാലൻെറ തൃപ്പാദസേവനം ചെയ്തതിനേ ഇനി പ്രസ്താവിക്കാം. ദൈവകുമാരൻെറ വരവിനുള്ള കൊടിയായിരിക്കും എന്ന് വേദത്തിൽ എഴുതപ്പെട്ടിരിക്കുന്ന പ്രകാരം ദൈവം, ആ ബാലൻ ജനിച്ച അന്നുതന്നെ ജാജ്വല്യമാനമായി പ്രദശാഭിക്കുന്ന ഒരു നക്ഷത്രത്തെ നിർമ്മിച്ച് മേഘമണ്ഡലത്തിന് കീഴേ പ്രകാശിപ്പിച്ചു. ആ പുതിയ നക്ഷ

ത്രത്തെ, കസ്തൂൎയ്യാദി സുഗന്ധദ്രവ്യങ്ങളാൽ വിശ്രുതമായ അറേബ്യാ രാജ്യത്തെ നാട്ടുവാഴിയും, വിശിഷ്ട രത്നങ്ങളുടെ വിളനിലമെന്നു് വിഖ്യാതമായ പേൎഷ്യരാജ്യത്തെ രാജാവും, ഹംസജാലങ്ങൾ വിഹരിക്കുന്ന വയലുകളാൽപരിവൃതമായ ശെബാനാട്ടിലെ ഭൂപതിയും പ്രത്യേകം പ്രത്യേകം കണ്ടു്, ദൈവകൃപയാൽ സംഭവിച്ചവയേ എല്ലാം അറിഞ്ഞു്, അവതീൎണ്ണനായ സൎവ്വനാഥനേ ഹൃദയംകൊണ്ടു വന്ദിച്ചു്, അവിടുത്തെ അഭിമുഖമായി ആരാധിപ്പാൻ ആഗ്രഹമുള്ളവരായി തങ്ങളുടെ രഥഗജതുരംഗപദാതി പരിവാരസമേതം യാത്ര പുറപ്പെട്ടു് അവരവൎക്കു വേണ്ടവിധംദിക്കിനെ കാണിച്ചുകൊടുത്ത ആ നക്ഷത്രത്തിന്റെ വഴിയേ സഞ്ചരിച്ചു് മൂന്നു പേരും ഒരേസ്ഥലത്തുതന്നെ വന്നുചേൎന്നു. അപ്പോൾ അവരവർ വരുവാനുണ്ടായ ഏകകാരണത്തേ പരസ്പരം അറിയിച്ചു് വിസ്മയഭരിതരായി വളരെ വളരെ സന്തോഷിച്ചു. പിന്നീടു് മൂന്നുപേരും ഒരുമിച്ചു് അനേകം നാഴിക സഞ്ചരിച്ചു് ജറുസലം മഹാനഗരത്തേയും അതിലംഘിച്ചു് ആ നക്ഷത്രംപോയി സ്ഥിരമായിനിന്ന ആ സ്ഥലത്തേ പ്രാപിച്ചു. സ്വൎഗ്ഗവാസികളുടെ രാജാവായ ദൈവം, മൃഗങ്ങൾ വന്നടയുന്ന ഗുഹയേ തനിക്കു ജനിക്കുവാനുള്ള സ്ഥലമായി തിരഞ്ഞെടുത്തതിനേക്കണ്ടു് ആശ്ചൎയ്യപ്പെട്ടു് തങ്ങളുടെ രഥങ്ങളിൽനിന്നും ഇറങ്ങി ആ ഗുഹയിൽ പ്രവേശിച്ചു. അപ്പോൾ ദൈവബാലൻ നൽകിയ ജ്ഞാനത്താൽ ദൈവജനനി കന്യാത്വഭംഗം കൂടാതെ അവിടുത്തെ പ്രസവിച്ച വിധത്തേയും, പല മാലാഖമാർ

പ്രത്യക്ഷരായി അവിടുത്തെ തൃപ്പാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തുകിടക്കുന്ന വിധത്തേയും കണ്ടു് ആശ്ചൎയ്യഭരിതരായി, മൂന്നുപേരും ആ ശിശുവിന്റെ തൃപ്പാദങ്ങളെ വണങ്ങി. അത്രയുമല്ല ആ കുട്ടി സകലലോകത്തേയും ഭരിക്കുന്ന ഏക രാജാവാണെന്നുള്ളതിനേ പ്രദൎശിപ്പിക്കുന്നതിനു ഒരാൾ സ്വൎണ്ണത്തേയും, മനുഷ്യനായി ജനിച്ചതിനാൽ അവിടുത്തെ തിരുമെയ്യിൽ അഭിഷേകം ചെയ്യുന്നതിന് ഒരാൾ സുഗന്ധമീറയേയും, സൎവ്വനന്മയും നിറഞ്ഞ ദൈവമാണെന്നു് കാണിക്കുന്നതിന് ഒരാൾ കുന്തിരിക്കത്തേയും മുറപോലെ കാഴ്ചവച്ചു് സാഷ്ടാംഗം ആരാധിച്ചു. "സ്വാമീ! ഈ ലോകമെല്ലാം സന്തോഷിച്ചു് ആനന്ദിക്കുന്നതിന് മനുഷ്യനായവതരിച്ച നീ ഇവിടെ ശോകാകുലനായി അപഹസിക്കപ്പെടുന്നതിനോ, ഈ ഉടലെടുത്തിരിക്കുന്നതു്? മോക്ഷലോകം ആനന്ദിക്കുതിന് അതിന്റെ ആനന്ദധാമമായിരിക്കുന്ന അങ്ങ്, അതിനേ മറച്ചു് ദരിദ്രവേഷമെടുത്തിരിക്കുന്നോ? അരൂപിയായ അങ്ങയേ ഞങ്ങളുടെ കണ്ണുകൾ കുളിൎക്കുമാറു കണ്ടാനന്ദിക്കുവാൻ സരൂപനായി അവതരിച്ച അവിടുന്നു്, അങ്ങയുടെ തൃക്കണ്ണുകൾ നൊന്തു ഞങ്ങൾക്കുവേണ്ടി അലിവായിക്കരെയുമല്ലോ. ഞങ്ങളുടെ പാപവ്രണങ്ങളേ സുഖമാക്കുന്ന മരുന്നായി പിറന്ന അവിടുന്നു്, സ്വദേഹം വ്രണപ്പെട്ടു് വേദന അനുഭവിച്ചു് മരിപ്പാനിരിക്കുന്നോ?" എന്നു പറഞ്ഞു് അവർ ദയനീയമായി കണ്ണുനീർ ചൊരിഞ്ഞു. അപ്പോൾ ദിവ്യശിശു കരുണയോടുകൂടി അവരേ കടാക്ഷിച്ചു് നൽകിയ വരപ്രസാദങ്ങളാൽ പരമാനന്ദം പ്രാപിച്ചു്, അതിന്റെ തൃപ്പാ

ദപത്മത്തെ തങ്ങളുടെ കണ്ണുകളിൽവച്ചു് ശിരസ്സിലണിഞ്ഞു് ചുംബനം ചെയ്തു. അനന്തരം മൂന്നുപേരും യോഗീന്ദ്രനായ യൗസേപ്പിനെനോക്കിപ്പറഞ്ഞു:-ഹേ! മഹാ താപസാ! ഭൂലോകത്തെ രക്ഷിക്കേണമെങ്കിൽ ഈ കുട്ടി ഇത്രവളരെ ദു:ഖാരിഷ്ടങ്ങളനുഭവിക്കേണമോ? സമ്പൽസമൃദ്ധമായ ഞങ്ങളുടെ നാട്ടിൽ ജനിച്ചു് ഞങ്ങളോടു കല്പിച്ചാൽ സാധിക്കയില്ലയോ? അതിനു യൗസേപ്പ്, സർവ്വലോകാധിപതിയായ ഇവിടുത്തേക്കു് ആ സമ്പത്തുക്കളും ആവശ്യമുണ്ടോ? അവയെ വെറുത്തു് ദരിദ്രവേഷത്തിൽ ജനിച്ചിരിക്കുന്ന ഇവിടുന്നു്, നിങ്ങൾ പ്രദർശിപ്പിക്കുന്ന സ്നേഹത്തെമാത്രം സമ്പത്തായി കരുതി നിങ്ങളെ രക്ഷിക്കും" എന്നു് പറഞ്ഞപ്പോൾ അവർ ആഹ്ലാദചിത്തരായി, കന്യകാമാതാവു്, വളർത്തുപിതാവു്, ദിവ്യശിശു എന്ന മൂന്നുപേരേയും വേർപിരിയുന്നതിൽ വിമനസ്കരായി നില്ക്കുമ്പോൾ, ദൈവാജ്ഞയാൽ മാലാഖമാർ കല്പിച്ചപ്രകാരം അവർ പുറപ്പെട്ടു് പ്രസ്തുത നക്ഷത്രം കാണിച്ച വേറ്വേറെ വഴികളിൽക്കൂടി ചെന്നു് തങ്ങളുടെ ദിക്കുകളെ പ്രാപിച്ചു. പിന്നീടു് കന്യകാമറിയവും മാർ യൗസേപ്പും, രാജാക്കന്മാർ കാഴ്ചവച്ച അപൂർവ്വദ്രവ്യങ്ങളേ എല്ലാം എടുത്തു് ദേവാലയത്തിനും, വൈദികന്മാർക്കും, ദരിദ്രർക്കുമായി മൂന്നായി ഭാഗിച്ചുവച്ചിട്ടു്, തങ്ങളേ അടിക്കടി സന്ദർശിപ്പാൻ വരുന്ന ജനനിവഹത്തെ ഭയന്നു്, ദിവ്യശിശുവിനേയും എടുത്തുകൊണ്ടു് ബേത്ളഹം നഗരത്തിലെത്തി അവിടെയൊരു ചെറുഗൃഹത്തിൽ പാർത്തുവന്നു. ദൈവബാലൻ ജനിച്ച ആ ഗു

ഹയിൽ മേലാൽ മൃഗങ്ങൾ വന്നടയാതിരിപ്പാൻ ശോഭതിളങ്ങുന്ന ഖഡ്ഗപാണിയായ ഒരു മാലാഖ അതിനെ സൂക്ഷിച്ചുവന്നു.

## അദ്ധ്യായം പന്ത്രണ്ട്.

—:o:—

### ദൈവകുമാരനേ ദൈവത്തിനു കാണിക്ക സമൎപ്പിക്കുന്നതു്.

മറിയയും യൗസേപ്പും ബേത്ളഹം നഗരത്തിൽ നാല്പതു ദിവസം പാൎത്തശേഷം തങ്ങളുടെ സ്വദേശത്തേക്കുപോയ വൃത്താന്തത്തെ ഇനി പ്രസ്താവിക്കുന്നു. പൂൎവ്വകാലത്തിൽ തൻെറ ജനങ്ങളായ ഇസ്രായേൽക്കാരെ ദ്വേഷിച്ചു്, അടിമകളാക്കിയ എജിപ്തു് ദേശക്കാരുടെ മേൽ കോപിഷ്ഠനായ ദൈവം, ഒരു രാത്രികൊണ്ടു് അവരുടെ കടിഞ്ഞൂൽ പുത്രന്മാരെ എല്ലാം കൊല്ലിച്ചു്, തൻെറ ജനങ്ങളെ പാലിച്ചു് തേനും പാലും വഷിക്കുന്ന ഫലവത്തായ ദേശത്തേ അവൎക്കു പ്രദാനം ചെയ്തു. ആ നന്ദിയേ വിസ്മരിച്ചുകളയാതെ കൃതജ്ഞതരായിരിക്കുന്നതിനുവേണ്ടി അവർ തങ്ങളുടെ കടിഞ്ഞൂൽ പുത്രന്മാരെ എല്ലാം ദൈവത്തിനു കാഴ്ചയായി സമർപ്പിച്ചു് വീണ്ടെടുത്തുകൊള്ളണമെന്നു് ഒരു വേദകല്പന ഉണ്ടായിരുന്നു. ആ കല്പനയേ നിറവേററുന്നതിനായി ഇവർ രണ്ടുപേരും ദൈവബാലനെ എടുത്തുകൊണ്ടു് ബേത്ളഹയിൽനിന്നും ജറൂസലം മഹാനഗ

രത്തിലേക്ക് പുറപ്പെട്ടു. അപ്പോൾ അമ്മയുടെ കരത്തിലിരുന്ന ദിവ്യശിശു, താമരപ്പൂവിന്മേൽ നിദ്രചെയ്യുന്ന അരയനാക്കരഞ്ഞോ, ആ പൂവിന്മേൽ തളിക്കുന്ന തേൻതുള്ളിയോ, കനകത്തകിടിന്മേൽ വച്ച പവിഴച്ചെപ്പോ എന്നു തോന്നുംവിധം വിളങ്ങിയിരുന്നു. അവർ പോകുമ്പോൾ പതിനായിരം മാലാഖമാരോടു കൂടി വേറെ അനേകം മാലാഖമാരും ചേന്ന് മധുമലർ വർഷിക്കയും ദിവ്യഗാനങ്ങൾ പാടുകയും ചെയ്തിരുന്നു. വഴിമദ്ധ്യേ മയിലുകൾ ആടുകയും കുയിലുകൾ പാടുകയും കുസുമങ്ങൾ വികസിക്കയും മന്ദമാരുതൻ വീശുകയും ചെയ്തിരുന്ന കാഴ്ചകളെ കണ്ടാൽ, അവരെ ആഘോഷസമേതം എതിരേററു കൊണ്ടുപോകുന്നതു പോലെ തോന്നും.

മാൎഗ്ഗമദ്ധ്യേയുള്ള വാഴ, കരിമ്പ് മുതലായവകളാൽ നിറഞ്ഞ പൂങ്കാവുകളേയും, തണലേകുന്ന ചാലമരങ്ങളേയും, പഴങ്ങൾ പൊഴിഞ്ഞുകൊണ്ടിരുന്ന പൂന്തോപ്പുകളേയും കടന്ന് അവർ ഒരു മലയോടു സമീപിച്ചു. അപ്പോൾ മാർ യൗസേപ്പ് "ദൈവജനനിയെ നോക്കി" അല്ലയോ വേദസ്വരൂപിണി! മുൻകാലത്തു് രാജനീതിയെ അവഗണിച്ച് ഉഗ്രഭരണം നടത്തിവന്നതിനാൽ മൂന്നു വൎഷക്കാലത്തേയ്ക്കു് നാട്ടിൽ മഴ പെയ്യാതെ പ്രാണികളെല്ലാം വാടി ശോഷിച്ചു. ആ കാലത്തു് ഈ നിൽക്കുന്ന മലമുകളിൽ കാണപ്പെട്ട കാലടി പ്രമാണമുള്ള ഒരു ചെറുമേഘം, ഒരു നിമിഷനേരംകൊണ്ടു് എല്ലായിടത്തും പരന്ന് സമൃദ്ധിയായി മഴ പെയ്തതിനാൽ നാടെല്ലാം സുഭിക്ഷമായി എ

ന്നുപറഞ്ഞു. അതിന്നു് "അന്നു കാണപ്പെട്ട ആ ചെറിയ മേഘം, ചെറുശരീരത്തോടുകൂടി ശിശുവിൻെറ ആകൃതിയായി, തൻെറ അതിരററ കരുണയാൽ ലോകത്തെ മുഴുവൻ സംരക്ഷിപ്പാൻ വന്ന ഈ ദിവ്യബാലൻെറ ഛായയായിരുന്നു" എന്നുകന്യക പറഞ്ഞു. ഈവിധം സംസാരിച്ചുകൊണ്ടു് അവർ ആ മലയോടടുത്തു് കാട്ടാനക്കൂട്ടങ്ങളേയും നാനാവിധ വൃക്ഷജാലങ്ങളേയും പാഞ്ഞൊഴുകുന്ന രമണീയങ്ങളായ അരുവികളേയും, ആ അരുവികളിൽനിന്നും പൊങ്ങിത്തെറിക്കുന്ന ജലകണങ്ങളേയും, അവയുടെ മനോഹര കാഴ്ചകളേയും കണ്ടു് ആ മലംപ്രദേശത്തേയും കടന്നു് വിപിനഭൂമിയിലെത്തി. അവിടെ വളരെ പൊക്കത്തിൽ വളൎന്നു നിന്ന ഒരു പുഷ്പ ശാഖയിൽ, തങ്ങളുടെ ചിറകുകളേ എത്രയും ഭംഗിയായി കോതിമിനുക്കി സ്നേഹം പ്രദൎശിപ്പിച്ചുകൊണ്ടിരുന്ന ഒരു ജോഡി പ്രാവുകളെ ഒരു വേടൻ കണ്ടു്, അവയെ കൊല്ലണമെന്നു നിശ്ചയിച്ചു് തൻെറ വില്ലു വളച്ചുപൂട്ടി. അതേസമയത്തുതന്നെ ഒരു രാജാളി പക്ഷി അവയെ റാഞ്ചിക്കൊണ്ടുപോകാനായി ആകാശത്തിൽ ചുററിപ്പറന്നുകൊണ്ടിരുന്നു. കപടസ്വഭാവം ലേശവുമില്ലാത്ത ആ പ്രാവുകൾ അവയെ അറിയാതെ വിചാരശൂന്യങ്ങളായുമിരുന്നു. യൗസേപ്പ് അതുകണ്ടു് ആൎദ്രചിത്തനായിരുന്നു. ആ ക്ഷണത്തിൽ രാജാളി പ്രാവുകളിന്മേൽ പാഞ്ഞുവന്നു്; വേടൻ അമ്പെയ്തു; അവൻെറ കാലിൽ ഒരു സൎപ്പം കടിച്ചു. ഇതു മൂന്നും ഏകകാലത്തിൽ സംഭവിച്ചതിനാൽ, അമ്പു് ലാക്കു് തെററി രാജാളിയിൽ പതിച്ചു്

അതു ചത്തു. വേടനും വിഷത്താൽ മരിച്ചു. പ്രാവു കൾ പ്രാണരക്ഷാൎത്ഥം പറന്നു രക്ഷപെട്ടു. അപ്പോൾ യൗസേപ്പ് ദൈവമാതാവിനോടു പറഞ്ഞു:- "അന്യനിൽ കരുതിയ ദ്രോഹം തനിക്കുതന്നെ സംഭവിക്കുമെന്ന് മഹാന്മാർ പറഞ്ഞുകേട്ടിരുന്നു, അതിപ്പോൾ കണ്ണുകൊണ്ടു കണ്ടു. പാപത്താൽ വരുന്ന നാശവും ഇങ്ങനെ തന്നെ." അവർ അങ്ങോട്ടങ്ങോട്ടുചെന്നപ്പോൾ വൃക്ഷങ്ങളിൽ ഏകകാലത്തു തന്നെ പൂക്കളും പഴങ്ങളും നിറഞ്ഞിരുന്നതു കണ്ടു; ആ കാഴ്ച പുഷ്പത്തിനൊത്ത കന്യാതപവും ഫലത്തിനൊത്ത ദിവ്യശിശുവും ഒരുപോലെ വിളങ്ങിയ കന്യകാമാതാവിൻെറമാഹാത്മ്യത്തെ പ്രത്യക്ഷപ്പെടുത്തുന്ന പോലെ തോന്നി. കാർമേഘങ്ങളാവട്ടെ, അവിടവിടെയായിപരന്ന് തണലേകി. മന്ദമാരുതൻ സൎവ്വത്ര സൗരഭ്യം പരത്തി. ഇടയന്മാരുടെ മാധുൎയ്യപൂൎണ്ണമായ വീണാനിനാദം കേട്ട് മാനുകളും, പശുക്കളും സമ്മോദിച്ചു. അവയുടെ കുട്ടികൾ തങ്ങളുടെ തള്ളകളെ മറന്നു പോയവിധം ഇവരെ അനുഗമിച്ചു. തേൻ കുടിച്ചു വണ്ടുകൾ പാടി. ഇവരെ കാണ്മാൻ ആയിരം കണ്ണുകളുമായി വന്നാലു പോലെ മയിലുകൾ കലാപത്തെ വിതത്താടി. പൂക്കളും പഴങ്ങളും നിറഞ്ഞ കൊമ്പുകൾ, ഇവരുടെ പാദങ്ങളെ നമിക്കുവാനെന്നവിധം ചാഞ്ഞു കിടന്നു. ഈ വിധത്തിലുള്ള വനപ്രദേശക്കാഴ്ചകളെല്ലാംകണ്ടും നടന്നും വയൽ പ്രദേശത്തിൽ പ്രവേശിച്ചു.

അപ്പോൾ സൂൎയ്യൻ അസ്തമിച്ചതിനാൽ അവർ ഒരു വലിയ ആൽവൃക്ഷത്തിൻെറ ചുവട്ടിലിരുന്ന് ആ

ശ്വസിച്ചതിൽ പിന്നെ പുറപ്പെട്ടു്, ദൈവഭൃതന്മാർ പ്രകാശിപ്പിച്ച വെളിച്ചത്താൽ വഴികടന്നു പോകുമ്പോൾ അവിടെ, വെള്ളം ഒലിച്ചു ചാടുന്ന ശബ്ദവും, കന്നുകാലികളോടുന്ന ഒച്ചയും, പുലച്ചികൾ പാടുന്ന സ്വരവും, ശംഖനാദവും കൂടി മേളിച്ചു് അവരെസ്വാഗതപൂൎവ്വം ക്ഷണിക്കുന്നതുപോലെ കേൾക്കപ്പെട്ടിരുന്നു. ഇവരുടെ മുൻപിൽ സകല ദുഃഖങ്ങളും ഒഴിഞ്ഞു മാറുന്നപോലെ, അവിടെ ഉണ്ടായിരുന്ന ആമ്പകൾ തങ്ങളുടെ തലകൾ ചുരുക്കി ചിറദ്വാരങ്ങളിൽ പതുങ്ങി. കളകളായി പറിച്ചുകളഞ്ഞ താമര മുതലായ പൂക്കളും, ഇവരെ വണങ്ങിവാഴ്ത്താത്തവരുടെ മുഖങ്ങളെപ്പോലെ വാടിക്കിടന്നിരുന്നു. ചിലർ ധാരാളമായി വിളഞ്ഞു വൎദ്ധിക്കട്ടെ എന്നാശംസിച്ചു് ധാന്യങ്ങൾ വിതച്ചു. ചിലർ ഞാറു നട്ടു; ചിലർ കളപറിച്ചു. ചില വയലുകളിൽ ഇവരുടെ നന്മ നിറഞ്ഞിരുന്നതുപോലെ ചെന്നെല്ലു് നിറഞ്ഞിരുന്നു. ചില വയലുകളിൽ ഇവരെക്കണ്ടു കൈകൂപ്പിനിൽക്കുന്നവിധം കതിരുകൾ നിവന്നു നിന്നിരുന്നു. ചില വയലുകളിൽ ഇവരെ നോക്കി നമസ്കരിച്ചു കിടക്കുന്നവിധം കതിരുകൾ തലചായ്ച്ചു കിടന്നിരുന്നു. എല്ലാ മാസങ്ങളിലും മൂന്നു മഴവീതം ശരിയായി പെയ്തുകൊണ്ടിരിക്കുന്നതിനാൽ ഇങ്ങനെ ഒരേകാലത്തിൽതന്നെ ഉഴവും വിതയും നടിച്ചിലും കൊയിത്തും നീങ്ങാതിരുന്ന വയൽപ്രദേശങ്ങളിലെ കാഴ്ചകളെല്ലാം കണ്ടു് അവർ ജറൂസലം നഗരത്തിലെത്തി.

മലപോലുയൎന്ന മതിലുകളാൽ ചുററപ്പെട്ടതും,

ഹെറോദേസ് രാജന്റെ ക്രൂരഭരണത്തില്പെട്ടതും പരിവേദമഹാത്മ്യത്തിൽകുറയാതിരുന്നതുമായ ജറൂസലംനഗരത്തെ അവർ കണ്ടു. ആ നഗരത്തിലെ രമ്യങ്ങളായ ഹമ്മ്യാഗ്രങ്ങളിൽ കെട്ടപ്പെട്ടിരുന്ന കൊടിക്കൂറകൾ ആ നൃപന്റെ ക്രൂരകമ്മങ്ങളെ ഭയന്ന് ആ മൂന്നുപേരേയും, "ഇങ്ങോട്ട് വരരുതുവരരു"തെന്ന് വിലക്കുന്നതുപോലെയും, വാനത്തുരുമ്മിവിലസിയ ദേവാലയമണിമാളികയുടെ മുകളിൽ വിളങ്ങിയ വലിയ കൊടിമറെറക്കൊടികളെ നോക്കി, "ലോകപാപങ്ങളെ പരിഹരിപ്പാൻ വരുന്ന ദൈവകുമാരന്റെ വരവിനെ തടസ്സം ചെയ്യരുതേ" എന്ന് ആംഗ്യംകാണിച്ചതുപോലെയും ഇളകിയാടിക്കൊണ്ടിരുന്നു. അവർ കോട്ടവാതിൽ കടന്ന് രാജവീഥിയിലെത്തിയപ്പോൾ, തിങ്ങിഞെരുങ്ങിവരുന്ന ആന, കുതിര, തേര് മുതലായവയെ മാലാഖമാർ മറഞ്ഞുനിന്ന് വിലക്കിയതിനാൽ അവർ പിന്നെയും മുന്നോട്ട് നടന്ന് മററു തെരുവുകളേയും കടന്ന്, സൂയ്യാസ്തമനത്തോടുകൂടി ഒരു ചെറിയ ഭവനത്തിൽ ചെന്നുചേന്നു. അന്നു രാത്രിയിൽ മാർ യൌസേപ്പ്, മുൻപേ ദൈവകുമാരന് രാജാക്കന്മാർ കാണിക്കയായി സമപ്പിച്ച സ്വണ്ണം മുതലായ ദ്രവ്യങ്ങളെ ഒരുത്തരും അറിയാതെ കൊണ്ടുപോയി ദേവാലയത്തിൽ കൊടുത്തുപോന്നു. പ്രഭാതത്തിൽ കാഴ്ചവയ്ക്കുവാൻ വേണ്ടി ദൈവകുമാരനെ എടുത്തുംകൊണ്ട് ദേവാലയത്തിലേക്ക പോയി.

അവർ ആലയത്തിൽ പ്രവേശിച്ച്, നമ്മുടെ പാപങ്ങളെ പരിഹരിച്ചു രക്ഷിപ്പാൻവന്ന ദൈവവും

മനുഷ്യനമായ തൃപ്പുത്രനെ പിതാവായ സവ്വേശ്വരന് ഉചിതോപഹാരമായി അവിടുത്തെ സന്നിധാനത്തിൽ സമൎപ്പിച്ചാരാധിച്ചു. അപ്പോൾ, അവിടെ ഉണ്ടായിരുന്ന പുരോഹിതന്മാരിൽ പ്രധാനിയും, അവതരിക്കുന്ന നാഥനെ കാണ്മാൻ ദൈവത്തോടപേക്ഷിച്ചു് വരംപ്രാപിച്ചിരുന്ന ദേഹവും, മഹാ വൃദ്ധനുമായ ശെമഹോൻ, ദൈവബാലൻ ആലയത്തിൽവന്നിരിക്കുന്നതിനെ ദിവ്യദൎശനത്താലറിഞ്ഞു്, ശീഘ്രത്തിലവിടെവന്നു് ദൈവം സ്വീകരിച്ച മനുഷ്യശരീരത്തിൽ അന്യൂനമായി ശ്രേഷ്ഠമായിരിക്കുന്ന ദൈവസ്വഭാവത്തിൻെറ മാഹാത്മ്യത്തെ ചിന്തിച്ചു് ഉണ്ടായ ആനന്ദം അടക്കുവാൻ കഴിയാതെ ചൊരിഞ്ഞ കണ്ണുനീരാൽ ദൈവബാലൻെറ ചരണാംഭോരുഹങ്ങളെ കഴുകി ശിരസ്സിലണിഞ്ഞു വണങ്ങി. പിന്നെ ദിവ്യശിശുവിനെ തൻെറ ഹസ്തങ്ങളിൽ സ്വീകരിച്ചു് ഗാഢമായാശ്ലേഷിച്ചു് പരമാനന്ദഭരിതനായി പാടുവാൻ തുടങ്ങി. അതിൻെറ സാരം:—"വേദശാസ്ത്രങ്ങളെല്ലാം അടങ്ങിയിരിക്കുന്ന കടലാകുന്ന എൻെറ ദൈവമേ! നീ ദുഃഖാധിക്യത്താൽ കണ്ണുനീർ ചിന്തിക്കരയുവാൻ തക്കവിധം ഞങ്ങളെല്ലാവരും പാപത്താൽ അങ്ങയെ ദ്രോഹിച്ചു ഞങ്ങൾ സന്തോഷാധിക്യത്താൽ ആനന്ദബാഷ്പം ചൊരിയുവാൻ തക്കവിധം അവിടന്നു് മനുഷ്യനായി അവതരിച്ചു് ഞങ്ങളുടെ പാപത്തെ മോചിപ്പാൻ വന്നുവല്ലോ. പാപകാരാഗൃഹത്തിൽനിന്നു് എന്നെ രക്ഷിക്കുന്നതിന്നു് മനുഷ്യശരീരമെന്ന കാരാഗൃഹത്തെ അവിടുന്നു് കൈക്കൊണ്ടുവല്ലോ. അവിടുത്തെ ഈ പരമ

കരുണയെ ആരാഞ്ഞു് അവിടുത്തെ തിരുമേനിയും കൂടിക്കണ്ടപ്പോൾ, എന്റെ ജീവൻ മോക്ഷം പ്രാപിച്ചതുപോലെയായി. അതു് ഇനി ഇവിടെ ഇരുന്നിട്ടു് ഫലമെന്തു്? അവിടുത്തെ തൃപ്പാദത്തെ എന്റെ ശിരോഭൂഷണമായണിഞ്ഞു്, സ്നേഹത്തെ എന്റെ ജീവനായി കൈക്കൊണ്ടിരിക്കുന്നു. ഇപ്രകാരം അങ്ങയെ സമീപിക്കാത്തവൻ എവനോ, അവനെ ദുഷ്കൃത്യങ്ങൾ വിടാതെ തുടൎന്നുകൊണ്ടിരിക്കും; ഒടുവിൽ ഘോരനരകാഗ്നിയിൽ എറിയപ്പെടുമ്പോൾ അവൻ അതിയായി ക്ലേശിക്കുകയും ചെയ്യും."

ഈ വിധം ശെമഹോൻ പാടുമ്പോൾ, വീണയും മററു വാദ്യങ്ങളും അതിനൊത്തു് മധുരമായി മുഴങ്ങുകയും പൂജസമയത്തുയൎന്നുപൊങ്ങിയ ശുഭ്രമായ ധൂമപടലങ്ങൾ സൎവ്വത്ര വ്യാപിക്കുകയും, ചിലർ മംഗളാംശംസകൾ ചെയ്കയും ചിലർ പൂമഴ വൎഷിക്കുകയും, ചിലർ വെൺകൊററക്കുട പിടിക്കുകയും, ചിലർ വെഞ്ചാമരം വീശുകയും, ചെയ്തിരുന്നു. ആ കാഴ്ചകളെല്ലാം കാണുന്ന ഒരുത്തനു് അന്നു് ആ ദേവാലയം സ്വൎഗ്ഗം തന്നെ ആയിരുന്നു എന്നു തോന്നിപ്പോകും. രത്നമയമായ ആ ദേവാലയത്തിന്റെ മദ്ധ്യത്തിൽ ആ ദിവ്യശിശു, നക്ഷത്രാവലികളാൽ പ്രശോഭിതമായ ആകാശമണ്ഡലത്തിൽ പൂൎണ്ണചന്ദ്രനെപ്പോലെ പ്രകാശിച്ചു. അപ്പോൾ അവിടെ ഉണ്ടായിരുന്നവരിൽ ചിലർ ഇപ്രകാരം ദിവ്യശിശുവിനെ സ്തുതിച്ചുപാടുവാൻ തുടങ്ങി. "സ്വൎഗ്ഗവാസികളാൽ ആരാധിക്കപ്പെടുന്ന സൎവ്വലോകസമ്പത്തേ! ഞങ്ങളെ നരകാഗ്നിയിൽനിന്നു രക്ഷിക്കു

ന്നതിന് തിരുമെയ്യെടുത്തു മരിപ്പാൻ വന്നോ" എന്നു ചിലർ. "ഞങ്ങളെ മോക്ഷരാജ്യത്തിൽ ചേർപ്പാൻ വന്ന അവിടത്തെ പരമ കരുണയെ അറിയുന്നവർ ഇവിടെ ആരുള്ളൂ?" എന്നു ചിലർ; "സ്വാമീ! ദുഷ്കൃതം ചെയ്ത പാപികൾ ഘോരനരകാഗ്നിയിൽ കിടന്നുവെന്താൽ, അതുകൊണ്ട് അങ്ങേയ്ക്കെന്തെങ്കിലും കുറവുണ്ടോ" എന്നു ചിലർ; മനുഷ്യരെല്ലാവരും സ്വർഗ്ഗത്തിൽ വാണാൽ അങ്ങേയ്ക്കു ലാഭമെന്തു" എന്നു ചിലർ. പിന്നെ ദൈവമാതാവിനേയും മാർ യൗസേപ്പിനേയും നോക്കി, 'ഞങ്ങൾക്കു ജീവൻ നൽകുന്ന ഫലമായ ദൈവസുതനെ പ്രസവിച്ച ദിവ്യകന്യകേ വാഴ്ക. ദൈവത്തെ വളർത്തുന്ന വളർത്തഛനായി പൂർണ്ണവരം പ്രാപിച്ച മഹാമുനെ വാഴ്ക എന്നു വാഴ്ത്തി.

ഇവയെല്ലാം കഴിഞ്ഞതിൽപിന്നെ മുനിശ്രേഷ്ഠനായ ശെമഹോൻ ദീർഘദൃഷ്ടിയിൽ ഭാവികാലസംഭവങ്ങളെക്കുറിച്ച് അറിഞ്ഞു് കന്യകാമാതാവും, മാർ യൗസേപ്പും ക്ലേശിക്കുമാറു് ഇപ്രകാരം പ്രവചിച്ചു:- "ഈ തൃപ്പുത്രൻ ഭൂലോകത്തിൽ ചിലക്ക് ജീവനായും ചിലക്ക് നാശമായും ഭവിക്കും. ഇദ്ദേഹത്തെ ദ്വേഷിച്ചു് പലരും കഠിനമായി പീഢിപ്പിക്കും. അപ്പോൾ ധർമ്മമാതാവെ! വ്യാകുലത എന്ന ക്രൂര ഖഡ്ഗത്താൽ നിന്റെ ഹൃദയം പിളക്കപ്പെടും" ഈ ദീർഘദർശനവാക്യങ്ങളാൽ അവർ രണ്ടുപേരും പാപങ്ങളെ പരിഹരിപ്പാൻ വന്ന ദൈവകുമാരൻ കഷ്ടങ്ങളനുഭവിച്ചു് രക്തം ചിന്തിമരിക്കുമെന്നറിഞ്ഞു് തങ്ങളുടെ ജീവൻ പിരിഞ്ഞുപോകുംവിധം വ്യസനാബ്ധിയിൽ മുഴുകി.

എന്നാൽ ആ പ്രീതിജനകമായ വാക്യത്തെ കേട്ടദൈവബാലൻ ആകട്ടെ, മനുഷ്യൎക്കുവേണ്ടി സ്വ ജീവൻ നൽകാൻ ആശയോടുകൂടി വന്നിരിക്കുന്ന വിധത്തെ പ്രത്യക്ഷീകരിക്കുന്നതു പോലെ തന്റെ ദിവ്യശിരസ്സ് അല്പം താഴ്ത്തി സുസ്മേരനായി വിളങ്ങി. അപ്പോൾ അവിടെയുള്ള മററു കന്യകകളോടുകൂടി നമ്മുടെ പരമനായികയേയും സ്വപുത്രിയെപ്പോലെ വിചാരിച്ച് വത്സല്യപൂൎവ്വം ആദരിച്ചു വളൎത്തിവന്ന "അന്നാ"എന്ന ദീൎഘദൎശിനി ദേവാലയത്തിൽവന്ന് ദിവ്യ ശിശുവിനെ വണങ്ങി, ആ ബാലൻ ഇനി ചിന്തുവാനിരിക്കുന്ന രക്തത്തെ ഓൎത്തു കരഞ്ഞു് മാതാവിന്റെയും, പുത്രന്റെയും നിസ്തുല മാഹാത്മ്യങ്ങളെ എല്ലാവൎക്കും കേൾക്കുമാറുച്ചരിച്ച് അവരെ സ്തുതിച്ചുകൊണ്ടു് ആനന്ദാശ്രുക്കൾ പൊഴിച്ചു. ഇങ്ങനെ ഏകകാലത്തിൽ ദു:ഖസന്തോഷങ്ങൾ സമ്മിശ്രങ്ങളായിരിക്കുമ്പോൾ, കന്യകാമാതാവും മാർ യൌസേപ്പും വേദമുറപ്രകാരം രണ്ടു പ്രാവുകളെ കൊടുത്തു് ദൈവകുമാരനെവീണ്ടെടുത്തു. അനന്തരം ശെമഹോൻ അളവില്ലാതെ പ്രശംസിക്കുകയും മററു വൈദികന്മാർ ഭക്ത്യാദരപൂൎവ്വം അഭിവാദനം ചെയ്കയും, തിരുമേനി കാവല്ക്കാരായ മാലാഖമാർ ഇരുപാൎശ്വങ്ങളിലുംനിരന്നുതുടങ്ങുകയും ചെയ്തപ്പോൾ, അവർ ദിവ്യശിശുവിനെ എടുത്തുംകൊണ്ടു് ദേവാലയത്തിൽനിന്നും പുറപ്പെടുകയും ചെയ്തു.

## ഒന്നാംഭാഗം സമാപ്തം.

# തേജോവതി

രണ്ടാംഭാഗം

## അദ്ധ്യായം ഒന്നു്.

—:o:—

### സ്വദേശനിർഗ്ഗമനം.

ഹേറോദേസിനെ ഭയന്നു് എജിപ്തു് ദേശത്തേയ്ക്കു പോകുന്നതു്:— കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചപ്രകാരം എല്ലാം ഭംഗിയായും സന്തോഷകരമായും നടന്നു. ഇനി മാർ യൗസേപ്പിനും ദൈവജനനിയ്ക്കും നേരിട്ട ദുഃഖസംഭവത്തെക്കുറിച്ചു് പ്രസ്താവിക്കാം. അവർ രണ്ടുപേരും ദിവ്യശിശുവിനെ കാഴ്ചവച്ചു് വീണ്ടെടുത്തതിൽപിന്നെ, എട്ടുദിവസം അടുപ്പിച്ചു് ദേവാലയത്തിൽപോയി ദൈവാരാധന കഴിക്കണമെന്നു് തീരുമാനിച്ചു് ജറുസലം നഗരത്തിൽ തന്നെ പാർത്തു. ഇങ്ങനെ അടുത്ത അഞ്ചുദിവസവുംകഴിച്ചു. അഞ്ചാംദിവസം രാത്രി മാർ യൗസേപ്പു നിദ്ര ചെയ്യുമ്പോൾ ഒരു ദൈവദൂതൻ അദ്ദേഹത്തിനു പ്രത്യക്ഷനായി, "തപോനിധേ! ഹേറോദേസ് രാജാവ് ദൈവബാലനെ കൊലപ്പെടുത്താൻ ആലോചിച്ചിരിക്കുന്നു; അതിനാൽ ദിവ്യശിശുവിനെ എടുത്തുംകൊണ്ടു് എജിപ്തുദേശത്തേയ്ക്കു പോയാലും" എന്നറിയിച്ചു. ഇതുകേട്ടു് അദ്ദേഹം നടുങ്ങി; ദിവ്യബാലൻെറ ശൈശവാവസ്ഥയേയും, ദൈവമാതാവിന്റെ അത്ഭുതാവഹമായ മഹത്വത്തേയും, എജിപ്തു് ദേശത്തിലേക്കു

ള്ള ദൂരത്തേയും അങ്ങോട്ടു പോകുവാനുള്ള വഴി അറിവില്ലാതിരുന്നതിനേയും, അവിടത്തെ ബന്ധുമിത്രാദികളില്ലാത്തതിനേയും തങ്ങളുടെ നിൎദ്ധനതയേയും ഓൎത്ത് വ്യസനിച്ചെങ്കിലും, ദൈവകല്പനയ്ക്കു കീഴ്പ്പെട്ട് അതിനെ കന്യകാമാതാവിനെ അറിയിച്ചു. ആ അമ്മയും കുറെവിഷാദിച്ചെങ്കിലും അത്ര ഈശ്വരാജ്ഞയാകയാൽ രണ്ടു പേൎക്കും ആശ്വാസമുണ്ടായി. ദൈവമാതാവ് ബോധനിദ്രചെയ്യുന്ന ദൈവകുമാരനെ തന്റെ കൈയിലെടുത്ത്, "എത്ര ദുഃഖം നേരിട്ടാലും അവിടത്തെകല്പനയെനിറവേററു"മെന്ന് പറഞ്ഞമാത്രയിൽ ദിവ്യശിശുവിന്റെ കണ്ണുകൾ അശ്രുപൂൎണ്ണമായതുകണ്ടു് രണ്ടുപേരും കരഞ്ഞു. ഉടനെ ദൈവകുമാരൻ അമ്മയുടെ തിരുനേത്രങ്ങളെ ഉററുനോക്കി ഒരു പുഞ്ചിരി തൂകിയപ്പോൾ അവർ സന്തുഷ്ടചിത്തരായി അൎദ്ധരാത്രിയിൽത്തന്നെ ആ നഗരത്തിൽനിന്നും പുറപ്പെട്ടു. അരൂപികളായ മാലാഖാമാർ സശരീരരായി പ്രത്യക്ഷപ്പെട്ട് കുട്ടിയേ അഭിവാദനംചെയ്തു് അകമ്പടിയായി അവരെ അനുഗമിച്ചു.

അപ്പോൾ അന്ധകാരം അതിനിബിഡമായിരുന്നു; ശംഖ് ഭേരിമുതലായവയുടെ ഗംഭീരധ്വനികളോ, ആന കുതിര മുതലായവയുടെ കാലൊച്ചകളോ കൂടാതെ എവിടെയും നിശ്ശബ്ദമായിരുന്നു. അത് ആ നഗരത്തെ ഒരു നിൎജ്ജീവശരീരമെന്നോണംപ്രത്യക്ഷപ്പെടുത്തി. സൎവ്വത്രഅന്ധകാരം കൊണ്ടു് നിബിഡമായിരുന്നതു് ശിശുവധത്തിനാഗ്രഹിച്ച ഹേറോദേസിന്റെ ഹൃദയത്തോടു സദൃശവുമായിരുന്നു.

അവർ കോട്ടവാതിൽകടന്നപ്പോൾ അപ്പുറത്തേക്ക് പോകരുത്ത് പോകരുതെന്ന് അവരെ നിരോധനം ചെയ്യുന്നപോലെ അഗാധമായ കിടങ്ങിലെ ജലം ഇളകിക്കൊണ്ടിരുന്നു. ഇവിടെത്തന്നെ വസിക്കണമെന്നു വിനയസമേതം കൈ കൂപ്പി അപേക്ഷിക്കുന്നവിധം, വികസിച്ചിരുന്ന താമരപ്പൂക്കൾ കൂമ്പിക്കൊണ്ടിരുന്നു. ക്രൂരനായ ഹേറോദേസിനെ കൊല്ലുന്നതിനു ആയുധമായി ആകാശം ഒരു വക്രദണ്ഡത്തെ സ്വീകരിച്ചതുപോലെ അപൂർണ്ണനായ ചന്ദ്രൻ നഭോമണ്ഡലത്തിൽ കാണപ്പെട്ടു. കുട്ടിയെ വീക്ഷിപ്പാൻ തങ്ങളുടെ കണ്ണുകളെ തുറന്നു നോക്കുന്നതുപോലെ നക്ഷത്രങ്ങൾ പ്രകാശിച്ചു. അല്പദൂരം നടന്നപ്പോൾ, ഇവരുടെ ദുഃഖത്തെ കണ്ടു് സന്താപിച്ചു് തല്ലി അലച്ചു കരയുന്നവണ്ണം കോഴികൾ ചിറകടിച്ചു കൂകി. ആകാശവും അശ്രുപൂരത്തെ വർഷിക്കുന്ന കണക്കേ തുഷാരബിന്ദുക്കൾ പൊഴിഞ്ഞുകൊണ്ടിരുന്നു. പക്ഷിജാലങ്ങളെല്ലാം പരിതാപംകൊണ്ടോ എന്നു തോന്നുമാറു് പലവിധ ശബ്ദങ്ങൾ പുറപ്പെടുവിച്ചു. ഇങ്ങനെ അറിവില്ലാത്തതായ ജീവികളെല്ലാം ദുഃഖിക്കുന്നതുപോലെ കാണപ്പെട്ടു; എന്നാൽ വിശേഷബുദ്ധിയുള്ള സൃഷ്ടികളായമനുഷ്യരിൽ ഒരുത്തൻപോലും ഇവരാരെന്നും എവിടെ പോകുന്നെന്നും ചോദിപ്പാനുണ്ടായില്ല. എങ്കിലും ഇവൎക്കു് വഴി കാണിപ്പാനെന്നപോലെ തന്റെ കിരണങ്ങളായ കരങ്ങളേ നീട്ടിക്കൊണ്ടു് സൂൎയ്യൻ ഉദിച്ചു.

# അദ്ധ്യായം രണ്ട്.

:—:o:—:

## ദിവ്യ ശിശുവിൻെറ മാഹാത്മ്യം.

മാർ യൗസേപ്പും കന്യകാമാതാവും തൃക്കുമാരനെ എടുത്തുകൊണ്ട് മനുഷ്യസഞ്ചാരമില്ലാത്ത കാട്ടുവഴിയിൽക്കൂടി പോകുകയായിരുന്നു; അപ്പോൾ യൗസേപ്പു തൃപ്പുത്രനെ നോക്കിപ്പറഞ്ഞു:— സ്വൎഗ്ഗവാസികളാൽ ആരാധിക്കപ്പെടുന്ന മോക്ഷ സമ്പത്തേ! ഹേറോദേസിനോടുകൂടെ ലോകംമുഴുവനും എതിൎത്താലും നിൻെറ ശക്തിക്കെതിരാകുമോ? നിന്നെ കൊലപ്പെടുത്താൻ വിചാരിക്കുന്നവരും ഇഹത്തിലുണ്ടോ? ഞങ്ങളുടെപാപങ്ങളെ തീൎത്ത് പരമപദത്തിൽ ചേർപ്പാൻ വന്നനീ ജനിച്ചപ്പോൾ തന്നെ ദു:ഖങ്ങളനുഭവിക്കേണമോ? സ്വൎഗ്ഗലോകാധിപതിയായ നീ മൃഗശാലയിൽ പിറന്നതും കൂടാതെ ഘോരവനത്തിൽക്കൂടി ഇനി എജീപ്ത് ദേശത്തിൽ ചെല്ലുകയും വേണോ? എൻെറ ധന്യനേ! ദാരിദ്ര്യത്താലുണ്ടാകുന്ന ദു:ഖം അല്ലാതെ ദൂരദേശത്തിൽ പോയിട്ട് മററുള്ള ദു:ഖങ്ങളും അനുഭവിക്കേണമോ? പാപത്താൽ പിണം പോലെ കിടക്കുന്നഈ ലോകത്തിന് ജീവൻ നൽകുന്ന മരുന്ന് നീയാണെന്നതിനേ അറിയുന്നവർ ഇവിടെ ആരുണ്ട്? ഇപ്പോൾ നീ മറഞ്ഞുപോകുന്നതു കണ്ടാൽ ഭയന്ന് ഓടുകയാണെന്നു പറയുമല്ലോ”എന്നിത്രയുംപറഞ്ഞിട്ട് ശേഷം സംസാരിപ്പാൻ നാവു പൊങ്ങാതെ മയങ്ങിയിരുന്നു

ഇതിനെക്കണ്ട ദൈവമാതാവ് അദ്ദേഹത്തെ നോ

ക്കി "പൂവ്കാലത്തിൽ തന്റെ കോപത്താൽ ഈ ലോകത്തെ നശിപ്പിച്ച്, ഈ കാലത്തിൽ തന്റെ കരുണയാൽ നമ്മേ രക്ഷിപ്പാനായി അവതരിച്ചിരിക്കുന്ന പരമദൈവം ആക്കെങ്കിലും ദോഷം ചെയ്യുമോ? മനുഷ്യജീവനുവേണ്ടി തന്റെ ജീവനേ നൽകുവാൻ വന്ന ഇവിടുന്ന് അതിന്ന് ഭയപ്പെടുമോ? സവ്വശക്തിയോടുകൂടി ത്രിലോകങ്ങളെ ഭരിക്കുന്ന കത്താവ് പാപികൾ ചെയ്യുന്ന തിന്മയെ ഓത്ത് പിൻവാങ്ങിക്കളയുമോ?" എന്ന ചോദ്യത്താൽ അദ്ദേഹത്തെ ആശ്വസിപ്പിച്ചു.

അടുത്തുണ്ടായിരുന്ന മിഖായേൽ മാർ യൗസേപ്പിന്റെ ഹൃദയത്തെ ഒന്ന് സ്വസ്ഥമാക്കുവാൻവേണ്ടി അദ്ദേഹത്തോടു പറഞ്ഞു:–"മഹാമുനേ! ഈ ദിവ്യബാലന്റെ പുരുഷത്വത്തേയും ശക്തിയേയും കുറിച്ച് സംശയിക്കുവാനെന്ത്? ഇവിടുന്ന് പുരാതന കാലത്ത് ഒരു വടിമൂലം എജിപ്ത് നാട്ടുകാരെ മുഴുവനും കിടുകിട വിറപ്പിച്ച കഥയേ ഞാൻ പറഞ്ഞുകേൾപ്പിക്കണമെന്നുണ്ടോ? അതിനെ ആ നാട്ടുകാർ തന്നെ നല്ലപോലെ അറിഞ്ഞിട്ടുള്ളതാണ്. എങ്കിലും ചുരുക്കിപ്പറയാം. ആ കാലത്ത് ആ ദേശത്തെ ഭരിച്ചുവന്ന പറവോൻ, തന്റെ നാട്ടിലേയ്ക്കു കുടിയേറിയ ഇസ്രായേൽക്കാരെ അടിമകളാക്കി അവരെ ദൈവപൂജ ചെയ്‌വാൻ സമ്മതിക്കാതെ വിരോധിച്ചുവന്നു. അവരുടെ അപേക്ഷയിന്മേൽ കരുണ തോന്നിയ ദൈവം, മോശയുടെ പക്കൽ ഒരു വടി കൊടുത്തിട്ട് നീ എന്റെ പ്രതിനിധിയായി രാജാവിന്റെ അടുക്കൽ ചെന്ന് നാളത്തെ ദിവസം അവരേ അടിമത്വത്തിൽ നിന്ന് വിട്ടയക്ക

ണമെന്നു നമ്മുടെ കല്പനയെ ഗ്രഹിപ്പിക്കണം; അവൻ അവരെ വിട്ടയക്കാത്തപക്ഷംഅവനും ആ നാട്ടുകാരും നടുങ്ങത്തക്കവിധം ഈ വടികൊണ്ടു പല ശിക്ഷകളേ ചെയ്യാലും" എന്നാജ്ഞാപിച്ചു. ഈ കല്പനയേ അദ്ദേഹം രാജാവിനെ അറിയിച്ചു. അപ്പോൾ അവൻ അതിലേയ്ക്കു വഴിപ്പെട്ടില്ല. അതിനാൽ ദൈവകല്പനപ്രകാരം അദ്ദേഹംതന്റെ വടിയേ സർപ്പമാക്കി പല അത്ഭുതങ്ങൾ പ്രവർത്തിച്ചു. എന്നിട്ടും രാജാവ് വഴിപ്പെടാഞ്ഞതിനാൽ ആ വടിയേ പല പ്രാവശ്യം ആകാശത്തിലേക്കുയർത്തി ഓരോ പ്രാവശ്യവും രക്തം,തവള, ഈച്ച, പേൻ, കുഷ്ഠം, മൃഗവസന്ത,കൽമഴ, വിട്ടിൽ, അന്ധകാരം എന്നിങ്ങനെ ഒൻപതു വിധശിക്ഷകളേ അനുക്രമമായി അവരുടെ മേൽ വരുത്തി. എന്നിട്ടും രാജാവ് ഭയപ്പെട്ടില്ല. അതിനാൽ പത്താമത്തു ശിക്ഷയായി ആ നാട്ടുകാരുടെ കടിഞ്ഞൂൽ പുത്രന്മാരെ എല്ലാം ഒരേ രാത്രികൊണ്ട് കൊന്നുകളയുന്നതിന് ദൈവം കല്പിക്കുകയും അതുപ്രകാരം മാലാഖമാർ പ്രവർത്തിക്കയും ചെയ്തു. അതുകണ്ട് ആ നാട്ടുകാരും രാജാവും ഭയന്ന്, അന്നുരാത്രിതന്നെ ഇസ്രായേൽക്കാരെ വിളിച്ച് കൊണ്ടുപൊയ്ക്കൊള്ളുന്നതിന് ഉത്തരവു കൊടുത്തു. അവരിൽ സ്ത്രീകളും, കുഞ്ഞുങ്ങളും വൃദ്ധന്മാരും ഒഴികെ, യുദ്ധം ചെയ്‌വാൻ ശക്തിയുള്ള വീരപുരുഷന്മാർ തന്നെ ആറുലക്ഷത്തിലധികമുണ്ടായിരുന്നു. മോശ അവരെ നയിച്ചുകൊണ്ട് മണലാരണ്യങ്ങളെ കടന്ന് ചെങ്കടൽ തീരത്തിലെത്തിയപ്പോൾ, പറവോൻ വീണ്ടും അവരെ അടിമകളായി പിടിക്കു

ന്നതിനുവേണ്ടി തന്റെ ചതുരംഗ സേനകളോടുകൂടി വന്നു് അവരോടടുത്തു. അപ്പോൾ മോശയുടെ കല്പന യാൽ ആ കടൽ രണ്ടായി പിരിഞ്ഞു് വഴി കൊടുക്ക യാൽ ഇസ്രായേൽക്കാർ മറുകര പ്രാപിച്ചു. പറ വോനം സൈന്യങ്ങളും അവരെത്തുടന്നു് ആ വഴിയേ ചെന്നപ്പോൾ മോശയുടെ കല്പനയാൽ, പിരിഞ്ഞ ക ടൽ ഒന്നായി ചേൎന്നു; ശത്രുക്കളെല്ലാവരും അതിൽ പെട്ടു മരിച്ചു. മറുകര ചേൎന്ന ഇസ്രായേൽക്കാർ ദൈ വത്തിനു സ്തോത്രം ചെയ്തുകൊണ്ടു്, തങ്ങൾക്കു വാഗ്ദാ നം ചെയ്യപ്പെട്ട ദേശത്തെ അഭിമുഖീകരിച്ചു് മണലാ രണ്യങ്ങളെ കടന്നുപോയി. അപ്പോൾ ദൈവം, പകൽ മേഘച്ഛായയായിട്ടും രാത്രിയിൽ അഗ്നിത്തൂണായിട്ടും പ്രത്യക്ഷപ്പെട്ടു വഴി കാണിച്ചു. പാറയിൽനിന്നു് ജ ലത്തേയും ആകാശത്തിൽനിന്നു് മന്നാ എന്ന ഭോജന ത്തേയും പ്രദാനം ചെയ്തു. അതെല്ലാം നടത്തിയ ആ ദൈവം തന്നെയാണു് ഈ ബാലൻ; ആകയാൽ ഇവി ടുന്നു ഇപ്പോൾ ഭയംകൊണ്ടാണു് അങ്ങോട്ടു പോകുന്ന തെന്നു വിചാരിക്കാമോ? പിന്നെ എന്തിനായിട്ടാണു അങ്ങോട്ടു പൊകുന്നതെന്നറിയണമെങ്കിൽ പറയാം. മേൽപറഞ്ഞ യാക്കോബിന്റെ പുത്രനായ ജോസഫി നു് ആ നാട്ടിലെ രാജാവ് ദേശാധിപത്യം മുതലായ സകലൈശ്വൎയ്യങ്ങളും നൽകി ഉയൎത്തിയതിനും, ആ യാക്കോബിന്റെ സന്തതികൾക്കു് ആ ദേശവാസി കൾ വാസസ്ഥലം കൊടുത്താദരിച്ചുവന്നതിനും, ഇവ രുടെ ഗോത്രത്തിൽ ദൈവം ജനിക്കുമെന്നറിഞ്ഞു്, അ വർ ഇവരോടു ചെയ്തുവന്ന വിശേഷസ്നേഹബഹുമാന

ങ്ങൾക്കു പ്രതിഫലമായി, അജ്ഞാനാന്ധകാരം നിറഞ്ഞ ആ നാട്ടുകാരുടെ ഹൃദയത്തിൽ വിജ്ഞാനവെളിച്ചം നൽകുന്നതിന് സ്രഷ്ടാവ് അവിടേയ്ക്കെഴുന്നെള്ളുമെന്ന് വേദത്തിൽ എഴുതപ്പെട്ടിരിക്കുന്ന പ്രകാരം ഇപ്പോൾ ഹേറോദേസിനെപ്പേടിച്ച് പോകുന്നതുപോലെ കാണിച്ചുകൊണ്ട് അവിടേയ്ക്ക് പോകയാകുന്നു" എന്ന് മാലാഖ അറിയിച്ചു. യൗസേപ്പിന്റെ ക്ലേശം നീങ്ങി, "സ്വ ജീവനേക്കാൾ മനുഷ്യജീവനിൽ കരുണയുള്ള പരമനാഥൻ, തന്റെ ജീവരക്ഷാർത്ഥം ഭയന്നോടുന്നതുപോലെ ഭാവിച്ചുകൊണ്ട്, ആ ദിക്കുകാരെ രക്ഷിപ്പാനോ പോകുന്നത്? ശത്രുരാജ്യത്തിനു നന്മചെയ്യുവാൻ വേണ്ടി ദിവ്യാലോചനയാൽ അദ്ദേഹം തെരഞ്ഞെടുത്ത ഈ ഉത്തമോപായത്തിന്റെ വാസ്തവത്തെ സ്വർഗ്ഗവാസികളല്ലാതെ ഭൂലോകത്തിലറിയുന്നവനാർ?" എന്നുച്ചരിച്ച് ദൈവബാലന്റെ തൃപ്പാദത്തെ വണങ്ങി പാടുവാൻ തുടങ്ങി.

"സ്വജീവരക്ഷാർത്ഥം ഭയന്നോടുന്നതുപോലെകാണിച്ചുകൊണ്ട് മനുഷ്യജീവനെ രക്ഷിപ്പാൻ പോകുന്നവനാർ? എന്നെ രക്ഷിപ്പാൻ വന്ന അങ്ങല്ലയോ; ആകാശത്തിൽ പക്ഷി പറന്ന വഴിയേയും, കടലിൽ കപ്പൽ സഞ്ചരിച്ചമാർഗ്ഗത്തേയും അറിവാൻ കഴിയുമോ? അവയെ ആരാഞ്ഞറിഞ്ഞാലും, മനുഷ്യജ്ഞാനത്തിനു അഗോചരങ്ങളായ ഗുണവൃത്തികളോടു കൂടിയവൻ ആരാകുന്നു? എനിക്കുവേണ്ടി ദുഃഖങ്ങൾ അനുഭവിക്കുവാൻ വന്ന അങ്ങല്ലയോ; കോപത്തിൽ ജ്വലിക്കുന്ന നേത്രത്തോടും, ദയയിൽ കുളിർത്ത ദൃഷ്ടിയോടും കൂടിയ

വൻ ആരാകുന്നു? എവിടേയും ജീവന്റെ ജീവനായി വിളങ്ങുന്ന അങ്ങല്ലയോ" എന്നീ അൎത്ഥത്തിൽ ഹൃദയാകൎഷകമാംവണ്ണം ഗാനംചെയ്തു് അദ്ദേഹം സന്തോഷസാഗരത്തിൽ മുഴുകി.

അനന്തരം ഗബ്രിയേൽ പറവാൻ തുടങ്ങി:— "അല്ലയോ യോഗീന്ദ്രാ! ആദിയിൽ ദൈവം ആകാശത്തേയും ഭൂമിയേയും അവയിലുൾപ്പെട്ട സകല ചരാചരങ്ങളേയും സൃഷ്ടിച്ചു; അവയ്ക്കെല്ലാം അധിപനായി നിൎമ്മിച്ച ആദിമനുഷ്യനും അവന്റെ സന്തതികളും നന്ദിഹീനരായി ചെയ്ത പാപത്താൽ അവിടുന്നു് കോപിച്ചു്, ലോകമുണ്ടായിട്ട് ആയിരത്തിആറുന്നൂററമ്പത്താറാമത്തെ വൎഷത്തിൽ നോഹാ തുടങ്ങിയ എട്ടുപേരേയും ജീവരാശികളിൽ ഓരോ ജോടിയേയും നീക്കി മററുള്ള സകലത്തേയും ജലപ്രളയത്താൽ നശിപ്പിച്ചു. അവിടുന്നു തന്നെയാകുന്നു ഈ ബാലൻ." അപ്പോൾ ദൈവജനനി തൃപ്പുത്രനെ നോക്കി, "പൂൎവ്വകാലത്തു് പൊഴിച്ച അതിവൃഷ്ടിയാൽ ലോകത്തെ നശിപ്പിച്ചു് ഇക്കാലത്തു് ചിന്തുന്ന തന്റെ രക്തരൂപമായ കാരുണ്യവൃഷ്ടിയാൽ ഞങ്ങളെ രക്ഷിപ്പാൻ വന്ന ഏകപുത്രാ അവിടുത്തെ തൃപ്പാദങ്ങൾക്ക് നമസ്കാരം. അക്കാലത്തിൽ ലോകമെങ്ങും നടുങ്ങുംവിധം നീതിസ്വരൂപനായി നിന്നു് ഇക്കാലത്തിൽ കാരുണ്യമൂൎത്തിയായി വന്ന തൃപ്പുത്രാ! അവിടുത്തെ തൃപ്പാദങ്ങൾക്ക് നമസ്കാരം" എന്നു സ്തുതിച്ചു.

ഇപ്രകാരം ദൈവകുമാരനെ സ്തുതിച്ചുകൊണ്ടു് അവർ വളരെദൂരംചെന്നു് ഒരു ചെമ്പകപ്പൂവാടിയിൽ

ഇരുന്നു; അപ്പോൾ അവക്കെതിരേയായി ആകാശം മുട്ടി നില്ക്കുന്ന ഒരു ചാമ്പൽക്കുന്ന് കാണാറായി. അതിന്റെ സംഗതി എന്തെന്ന് മാർ യൗസേപ്പ് ചോദിച്ചതിന്ന് മിഖായേൽ എഴന്നേററു പറവാൻ തുടങ്ങി, "മുമ്പേ ഗബ്രിയേൽ പറഞ്ഞതുപോലെ ജലപ്രളയത്താൽ ലോകം നശിച്ചിട്ട് നാന്നൂററിപതിനാറു സംവത്സരങ്ങൾക്കുശേഷം സോദാം നാട്ടിലുൾപ്പെട്ട അഞ്ചു നഗരങ്ങളിലുമുണ്ടായിരുന്നവർ കാമാസക്തിയാൽ മയങ്ങി ചെയ്ത പാപം കാരണത്താൽ ദൈവം കോപിച്ച് ആ പട്ടണങ്ങളേയും അതുകളിലുണ്ടായിരുന്നജനങ്ങളേയും അഗ്നിമഴയാൽ നശിപ്പിച്ചുകളഞ്ഞു. ആ സ്ഥലമത്രേ ഈ ചാരക്കുന്നായി കാണപ്പെടുന്നതു്. കാമാഗ്നിയിൽ നിമഗ്നരായിരിക്കുന്നവക്കുണ്ടാകുന്ന നരകവഹ്നിയുടെ ഘോരതയേ കാണിക്കുന്നതിന്ന് തീ മഴ പെയ്യിച്ച അവിടുന്നുതന്നെ, ഇപ്പോൾ കരുണാവൃഷ്ടി പൊഴിക്കുന്ന മേഘമായി ഇവിടെ അവതരിച്ചിരിക്കുന്നു" എന്ന് പറഞ്ഞപ്പോൾ മാലാഖമാർ ദൈവബാലനെ ആരാധിച്ചുകൊണ്ട് ഈ വിധംപാടിസ്തുതിച്ചു:—

"സ്വാമീ! തന്നെ ദ്ദഷിച്ചവരെ സ്നേഹിക്കുന്നതിനും ആശ്രയിച്ചവരെ ആദരിക്കുന്നതിനുമായി വന്ന അങ്ങയുടെ അപാരമായ ദയാമഹത്വത്തെ അറിവാൻ ആരാകുന്നു? ത്രികാല സംഭവങ്ങളേ അറിയുന്നവനും, കർമ്മത്രയത്തെ ചെയ്യുന്നവനും കാരണം കൂടാതെ ക്രോധിക്കാത്തവനും കോപത്തിലും ദയ ചെയ്യുന്നവനുമായ അങ്ങയുടെ മാഹാത്മ്യത്തെ അറിയുന്നവനാരാകുന്നു?"

# അദ്ധ്യായം മൂന്നു്.

:—:o:—:

## യോശുവായുടെ വിജയം.

ദൈവമാതാവും മാർ യൗസേപ്പും ആ സ്ഥലം വിട്ടു് പിന്നെയും പുറപ്പെട്ടു. വളരെ ദൂരം നടന്നപ്പോൾ സൂൎയ്യാസ്തമനമായി. മാലാഖമാർ പ്രകാശിപ്പിച്ചവെളിച്ചത്തിന്റെ സഹായത്താൽ വഴി നടന്നു്, പിറേറദിവസം മദ്ധ്യാഹ്നസമയത്തോടുകൂടി ഒരു നദിക്കു സമീപമായി; അതിൻെറ തീരത്തുണ്ടായിരുന്ന ഒരു പൂഞ്ചോലയിൽ ഇരുന്നു. യൗസേപ്പു് ദൈവബാലൻെറ ഉൽകൃഷ്ടകൃത്യങ്ങളെക്കുറിച്ചു് കേൾപ്പാൻ ജിജ്ഞാസയുള്ളവനായിട്ടു്, വീണ്ടും പറയുന്നതിനു മാലാഖയോടു ആവശ്യപ്പെട്ടു. മിഖായേൽ എഴുന്നേററു് പൂൎവ്വകാലത്തിൽ ദൈവശക്തിയാൽ നടത്തിയ ഒരു യുദ്ധത്തെക്കുറിച്ചു് പറവാൻ തുടങ്ങി." മാന്യരേ! മോശയുടെ നിൎയ്യാണത്തിനുശേഷം യൂദന്മാരുടെ നേതാവായി അവരെ ഭരിച്ചുവന്ന യോശുവാ ദൈവകല്പനയുടെപെട്ടകം എടുത്തുംകൊണ്ടു് യോർദാൻ എന്ന ഈ. നദീതീരത്തിൽ എത്തിയപ്പോൾ, ആററിൽ വെള്ളം അധികമായിരുന്നിട്ടും അദ്ദേഹത്തിൻെറ കല്പനയാൽ അതു രണ്ടായി പിരിഞ്ഞു് അവൎക്കു് വഴികൊടുത്തു. അവർ അതിനെ കടന്നു് ജറിക്കോ നഗരത്തിന്നഭിമുഖമായി ചെന്നു്, ദൈവകല്പനയാൽ ആ പട്ടണത്തെ ആറുപ്രാവശ്യം ചുററുകയും ഏഴാം പ്രാവശ്യം ചുററിവരുമ്പോൾ, ബലമുള്ള ആ കോട്ടമതിലുകൾ പൊട്ടിന്നി

ടിഞ്ഞു വീഴുകയും ചെയ്തതിനാൽ യൂദന്മാർ ഉള്ളിൽ പ്രവേശിച്ചു് ശത്രുക്കളെ ആക്രമിച്ചോടിച്ചു.

ഇങ്ങനെ ആയുധവും യുദ്ധവും കൂടാതെ ബലമുള്ള അതിൻെറ മതിലുകൾ തകന്നു വീണതുകണ്ടു് എല്ലാവരും ഭയന്നു് ഇസ്രായേലിൻെറ ദൈവമത്രേ സാക്ഷാൽ ദൈവമെന്നറിഞ്ഞു് അദ്ദേഹത്തെ ആരാധിച്ചുവരുമ്പോൾ കാപന നാട്ടുകാർ ഭയാക്രാന്തരായി യോശുവായെ അഭയം പ്രാപിച്ചു. അദ്ദേഹം അവക്കു അഭയം നൽകി രക്ഷിച്ചു. ഇതറിഞ്ഞ മററു നാട്ടുകാർ ആ കാപനരോടു്, ജാതിയും മതവും വേർപെട്ട യഹൂദരോടു് നിങ്ങൾ സഖ്യമായതിനാൽ നിങ്ങളും ഞങ്ങളുടെ ശത്രുക്കൾതന്നെ എന്നു പറഞ്ഞു് അവരെ പോരിന്നു വിളിച്ചു. കാപനർഭയത്താൽ വിറച്ചുകൊണ്ടു് യോശുവായുടെ അടുക്കൽവന്നു് വിവരംപറഞ്ഞു. "ഞങ്ങൾ നിങ്ങളോടു ഐക്യമായതിനാൽ, ജറൂസലം നഗരത്തെ ഭരിക്കുന്ന രാജാ ചക്രവത്തിയായ അതിനീശദൻ എന്നവൻെറ നായകത്വത്തിൽ ആവീര നാട്ടിലെ ഓവാൻ എന്ന രാജാവും, അവരോടുകൂടെ എവേയ നാട്ടുകാരും, അമൂറേയ നാട്ടുകാരും, എഥേയ നാട്ടുകാരും, എബുസേയ നാട്ടുകാരും വിരശേയ നാട്ടുകാരും കൂടി ഞങ്ങളോടു യുദ്ധത്തിനൊരുങ്ങിയിരിക്കുന്നു. അവരെജയിപ്പാൻ ആരാൽകഴിയും" എന്നു ചോദിച്ചു.

യോശുവാ ഇതുകേട്ടു് ഒരു മന്ദസ്മിതത്തോടുകൂടി പറഞ്ഞു. സുഖപ്രദമായി തോന്നിച്ചുകൊണ്ടു് നിത്യദുഃഖത്തെ വരുത്തി വയ്ക്കുന്ന പാപമെന്ന ശത്രുവിനെ ഭയപ്പെടണമെന്നല്ലാതെ, അന്യായമായി പുറപ്പെട്ട

ന്ന ശത്രുജനത്തോട യുദ്ധം ചെയ്യുന്നതിന് ഭയപ്പെട ണമോ? ദൈവകൃപ ഒന്നു മാത്രമുണ്ടെങ്കിൽ നമുക്ക് ജയം നേടുവാൻ പ്രയാസമില്ല, എന്നു പറഞ്ഞു് അവരെ ധൈര്യപ്പെടുത്തിക്കൊണ്ടു് തേരിലേറി ഭടജനങ്ങളോടുകൂടി പുറപ്പെട്ടു; എന്നാൽ ശത്രുസൈന്യത്തെ കണ്ടതോടെ അവരിൽ കരുണതോന്നി തന്റെ കോപത്തെ ഒരുവിധം അടക്കിയിട്ടു്, തന്റെ സേനയിലുള്ള ധീരനായ ആബൻ എന്ന ഒരു ഭടനെ വിളിച്ചു് "നീ ആ രാജാക്കന്മാരുടെ അടുക്കൽ ചെന്നു് സത്യദൈവത്തെ ആരാധിക്കുന്ന കാപനരോടു് എതിർക്കുന്നതു ശരിയല്ലെന്നും, രാജകോപത്തേക്കാൾ ദൈവകോപത്തെ അത്രേ ഭയപ്പെടേണ്ടതെന്നും, ലോകത്തിലെ ക്ഷണഭംഗുരങ്ങളായ ക്ഷേമൈശ്വര്യങ്ങളെ കാംക്ഷിച്ചു യുദ്ധം ചെയ്തു് ജീവനാശം ചെയ്യേണ്ടെന്നും, ദൈവത്തെക്കുറിച്ചു് യുദ്ധം ചെയ്യേണ്ടിവന്നാൽ ആയതിന് ഒട്ടും താമസിക്കരുതെന്നും സമാധാനമായിരിക്കുന്നതാണ് സർവ്വോത്തമമെന്നും അവരേ അറിയിക്കണം. അവർ അതിനു സമ്മതിക്കാത്തപക്ഷം ഉടൻതന്നെ പോരിനിറങ്ങാൻ പറയണം" എന്നു പറഞ്ഞയച്ചു. ആബൻ തന്റെ ജോലിയെ ക്ഷണേന നിർവ്വഹിച്ചു. എന്നാൽ ആ ശത്രുരാജാക്കന്മാർ അതിക്രുദ്ധരായി "നിങ്ങളും നിങ്ങളുടെ ബന്ധുക്കളായ കാപനരും ഞങ്ങളുടെ ബദ്ധ ശത്രുക്കൾ തന്നെ" എന്നു പരിഹസിച്ചു അട്ടഹസിച്ചതേയുള്ളൂ. ഉടനേ ആബൻ പറഞ്ഞു:—"നിങ്ങൾകടൽപോലെ സേനാബലമുള്ളവരെന്നു് കരുതി ഗർവ്വിക്കേണമെന്നില്ല. എജിപ്തു് ദേശത്തിൽ ഒരു ചെറിയ

വടിമൂലം ഭയങ്കര നാശം വരുത്തിയതിനേയും, ചെങ്കടലും യോൎദ്ദനാൻ നദിയും രണ്ടായി പിരിഞ്ഞു് വഴി കൊടുത്തതിനേയും നിങ്ങൾ അറിഞ്ഞിട്ടില്ലയോ? ദൈവശക്തിയുടെ മുമ്പിൽ നിങ്ങളുടെ സൈന്യശക്തി ബലപ്പെട്ടു നില്ക്കുമോ? ദൈവതൃപ്പാദങ്ങളിൽ ആശ്രയിക്കുന്നതത്രെ നിങ്ങൾക്കു നന്മയും മഹത്വവും." "ഏററവും പ്രാചീനമായ ഞങ്ങളുടെ ദേവന്മാരേയും മതസിദ്ധാന്തങ്ങളേയും ത്യജിച്ചു്, പുതിയതായി മുളച്ച നിങ്ങളുടെ ദേവനേയും മാൎഗ്ഗത്തേയും അനുസരിക്കേണമെന്നുപദേശിപ്പാനോ നീ ദൌത്യവും വഹിച്ചു വന്നിരിക്കുന്നതു്? നിങ്ങളേയും നിങ്ങളോടു ചേൎന്നിട്ടുള്ളവരേയും ജയിച്ചു കഴിയുമ്പോൾ, ഞങ്ങളുടെ ദേവന്മാരുടെ ശക്തിയെ അറിഞ്ഞു നിങ്ങൾ തന്നെ പുകഴ്ത്തും" എന്നു് അവർ മറുപടി പറഞ്ഞു. ഇത്രയും പറഞ്ഞു തീരുംമുൻപേ ആബൻ ക്രുദ്ധനായി, ഞങ്ങളുടെ ദൈവത്തെ നിന്ദിച്ച നിങ്ങളെ എല്ലാവരേയും ഞാൻ ഒരുത്തൻ തന്നെ ജയിക്കുന്നുണ്ടെന്നു് ശപഥം ചെയ്തു് യോശുവായുടെ സമീപത്തു വന്നുനടന്ന സംഭവങ്ങളെല്ലാം വിവരമായി അറിയിച്ചു.

യോശുവാ കോപാക്രാന്തനായി പോരിന്നിറങ്ങി. അപ്പോൾ "ശത്രുക്കളെ ജയിച്ചു് നമ്മുടെ പ്രഭാവത്തെ കാണിപ്പിൻ" എന്നു് ആകാശത്തിൽനിന്നു് ഒരു അശരീരി വാക്യം കേൾക്കപ്പെട്ടു. ഉടനേ അവന്റെ സൈന്യങ്ങൾ മേഘം പോലെ ഗൎജ്ജിച്ചുകൊണ്ടു് ഉഗ്രമായ തങ്ങളുടെ വില്ലുകളെ ചക്രാകൃതിയിൽ വളച്ചു് ഞാണേററി, കാർകൊണ്ട മേഘംപോലെ ശ

രമാരി പൊഴിച്ചു്, ശത്രുക്കളുടെ വില്ലു്, വാൾ മുതലായ ആയുധങ്ങളെ ഖണ്ഡിച്ചു് അവരുടെ സൈന്യത്തിൽ അനേകം പേരേയും സംഹരിച്ചു. യോശുവാ മഹാപൎവ്വതം പോലുള്ള തന്റെ ഇരുഭുജങ്ങളേയും അടിച്ചു അടൎക്കളം തകൎത്തു് എകില ഭൂപതിയായ താപിരനേയും, അവന്റെ പടയിലുള്ള ഒരു വലിയ രാക്ഷസനേയും വധിച്ചു. യോശുവായുടെ സേവകനായ നകോദരൻ യാപ്പിയൻ പടയുടെ തലവനായ തകഞ്ചനോടെതിൎത്തു് അവനേ സംഹരിച്ചു. യൂദപ്പടകൾ ശത്രുസേനാവ്യൂഹത്തെ വിടാതെ തുടൎന്നുകൊണ്ടേയിരുന്നു. അപ്പോൾ അസ്തമനസമയമായി. ഇനി നേരമില്ലെന്നു കണ്ടു് ഇച്ഛാഭംഗപ്പെടുകയാൽ, യോശുവായുടെ കല്പനയാൽ ഒരു ദിവസം മുഴുവനും സൂൎയ്യൻ തൽസ്ഥാനത്തുതന്നെ നിശ്ചലനായി സ്ഥിതിചെയ്തു. ഇതുകണ്ടു് ശത്രുഭടന്മാർ അധികമായി ഭയന്നു് പരിഭ്രാന്ത ചിത്തരായി അണിമുറിഞ്ഞോടുമ്പോൾ, അവരെ പാരാൻ എന്ന രാജാവിന്റെ പടത്തലവനായ നിശിധരൻ തടുത്തുനിറുത്തി ധൈൎയ്യപ്പെടുത്തി തിരികെ വന്നു് യൂദസൈന്യങ്ങളോടെതിൎത്തു. എന്നാൽ താമസിയാതെ യോശുവായുടെ സൈന്യധിപന്മാരിൽ ഒരുവനായ ശോണൻ എന്നവനാൽ അവൻ കൊല്ലപ്പെട്ടു. തന്റെ പടത്തലവൻമൃതനായി വീണതിനേക്കണ്ടമേൽ പറഞ്ഞ പാരാൻ ശോണനേ എതിൎത്തപ്പോൾ, യോശുവാ അവനോടു നേരിട്ടു ഒരു ബാണത്താൽ അവന്റെ കരങ്ങളെ മുറിച്ചു് മാറിനേയും പിളൎന്നു. ഇങ്ങനെ യൂദസൈന്യങ്ങൾ അവന്റെ സേനാസമുദ്രത്തെ തകൎത്തു് ജയഭേരി മുഴക്കി.

അഞ്ചു രാജാക്കന്മാരിൽ മൂന്നു രാജാക്കന്മാരും അവരുടെ ഭടവൎഗ്ഗങ്ങളും മേൽപ്പറഞ്ഞ പ്രകാരം മരിച്ചു. നാലാമത്തു ഓവാൻ എന്ന രാജാവ് ഒരു ഗജവരന്റെ പുറത്തുകയറിക്കൊണ്ടു് വീണ്ടും പോർ തുടങ്ങി. യോശുവായും തേരിൽ കയറി അവനോടെതിൎത്തു്; അവനേയും അവന്റെ സൈന്യത്തേയും ജയിച്ചു. അവസാനമായി രാജശ്രേഷ്ഠനായ അതുനീശദൻ കോപാവിഷ്ടനായി കണ്ണുകളിൽനിന്നു് തീപ്പൊരി പറപ്പിച്ചുകൊണ്ടു് മുൻപോട്ടു കുതിച്ചു്, യുദ്ധത്തിൽ മൃതപ്പെട്ടതു നീക്കി ശേഷിച്ച അറുപതിനായിരം പടയാളികളേയും രണ്ടു നിരയായി ഗരുഢവ്യൂഹം ബന്ധിച്ചു വലത്തുവശം നികലനേയും, ഇടത്തുവശം ഇകുലനേയും നിറുത്തി, താൻ മദ്ധ്യത്തിലും നിന്നു് യുദ്ധം നടത്തി. യോശുവായും അതേപ്രകാരം തന്റെ സേനയെ രണ്ടായി പിരിച്ചു് ഒരു ഭാഗത്തു് കണയനേയും മറേറ ഭാഗത്തു് ശച്ചുതനേയും നിറുത്തി താൻ മദ്ധ്യത്തിലും നിന്നു. അനന്തരം മലയും മലയും തമ്മിൽ എതിൎക്കുന്നവിധം രണ്ടു സേനകളും അടുത്തു് വളരെനേരം ഘോരസമരം ചെയ്തു. ഒടുവിൽ യൂദന്മാർ ശത്രുക്കളുടെ ആന, കുതിര, കാലാൾ മുതലായവയെ വെട്ടിവധിച്ചും, തേരുകളെ തകൎത്തും, സൈന്യാധിപന്മാരെ സംഹരിച്ചും, രാജാവിനെ ഹനിച്ചും ജയഭേരി മുഴക്കി. യോശുവാ ആകട്ടെ ദൈവശക്തിയാൽ അഞ്ചുരാജാക്കന്മാരേയും അവരുടെ സേനാസമുദ്രങ്ങളേയും ഒരേ ദിവസംകൊണ്ടു് ജയിച്ചു് വിജയശ്രീയോടുകൂടി വിളങ്ങി. ഇവയെല്ലാം നടത്തിയ ആ പരമനാഥനത്രേ, ഇപ്പോഴും കാരുണ്യമൂ

ത്തിയായി, സ്വൎഗ്ഗീയഭാഗ്യത്തെ ഭൂലോകവാസികളേയും അനുഭവിപ്പിക്കുന്നതിനുവേണ്ടി അവതരിച്ചിരിക്കുന്നതു്" എന്നു് മിഖായേൽ പറഞ്ഞുതീൎന്ന ഉടനേ മാർ യൗസേപ്പും ദൈവമാതാവും അത്യന്തഭക്തിവിനയാദികളോടെ ദിവ്യബാലനെ സ്തുതിച്ചു.

ഇതു കേട്ടു ചുററും നിന്നിരുന്ന ദൈവദൂതന്മാർ വീണകളെടുത്തു കമ്പികൾ മുറുക്കി ആനന്ദസന്ദായകമാംവണ്ണം വായിച്ചുതുടങ്ങി; അപ്പോൾ ദൈവമാതാവു് ഇപ്രകാരം ദൈവകുമാരനെ സ്തുതിച്ചുപാടി:-"പാപികളേ വിറപ്പിക്കുന്ന ലോകവല്ലഭ! മനുഷ്യവംശത്തിൻെറ മലിനതകളേ തീൎപ്പാൻ വന്ന മനുഷ്യരൂപധാരിൻ! സൎവ്വമംഗലസ്വരൂപാ! പൊന്നിൽപതിച്ചു മിന്നിത്തിളങ്ങുന്ന മാണിക്യമേ! അത്യുന്നതനായ പരമദൈവമേ! അവിടുത്തെ പാദാരവിന്ദങ്ങൾക്കു് നമസ്കാരം. പറയാതെ അഖിലവും പറയുന്നവനേ! സുകൃതത്താൽ സംപ്രാപ്യമാകുമമൂല്യനിക്ഷേപമേ! സകലനന്മയും നിറഞ്ഞ ദയാനിധേ! ഭൂവാസികളടയുന്ന ഗതിസ്ഥലമേ! മഹൎഷികൾ തേടുന്ന സ്വൎല്ലോകപത്തമേ! ശുദ്ധമതികൾ സുഖിക്കുന്ന സുഖകേദാരമേ! അവിടുത്തെ പാദസരോജങ്ങൾക്കു് നമസ്കാരം. സ്നേഹപ്രവാഹത്താൽ എവിടെയും തങ്ങലേകുന്നവനേ! വേദഫലം നല്കുവാൻ വന്ന വിമലവിദ്വന്മണേ! ക്ഷേമൈശ്വൎയ്യങ്ങളെ ചൊരിയുന്ന ദിവ്യപാണികളുള്ളവനെ! ദാസൎക്കു മോക്ഷമേകുന്ന ഏകാധിനാഥാ! സ്വൎഗ്ഗവും ഭൂമിയും വണങ്ങുന്ന തൃച്ചേവടികളുള്ളവനേ! അങ്ങയുടെ പാദപത്മങ്ങൾക്കു് നമസ്കാരം".

# അദ്ധ്യായം നാല്.

—:o:—

## ജേദയോൻെറ വിജയം.

മാർ യൗസേപ്പും കന്യകാമാതാവും ദിവ്യബാല നൊന്നിച്ച് അവിടെനിന്നും പുറപ്പെട്ടു. അന്നു പകൽ മുഴുവനും വഴിനടന്ന്, വൈകുന്നേരമായപ്പോൾ കള രീപുരത്തിലെത്തി, ആ കോട്ടവാതിലിനു പുറത്തുള്ള ഒരു മണ്ഡപത്തിൽ കയറി രാത്രി താമസിച്ചു. ച ന്ദ്രൻ അന്നു നല്ലപോലെ പ്രകാശിച്ചു. ആ വെളിച്ച ത്താൽ കോട്ടവാതിലിനു മുകളിൽ ശുദ്ധ തങ്കത്താലടി കടഞ്ഞു് നവരത്നങ്ങൾ പതിച്ചിട്ടുള്ള ഒരു പവിഴത്തൂ ണിന്മേൽ ഒരു സുന്ദര തരുണീരൂപം കയ്യിൽ കാഹള വും ദീപവും വഹിച്ചിരിക്കുന്ന വിധത്തിൽ നിറുത്ത പ്പെട്ടിരിക്കുന്നതു് യൗസേപ്പു കണ്ടു്, അതിൻെറ വി വരം അറിവാനത്യാകാംക്ഷയോടുകൂടി മാലാഖയോ ടു ചോദിച്ചു; ഉടനേ ഗബ്രിയേൽ എഴുന്നേററു പറ വാൻ തുടങ്ങി:—"പൂജ്യരേ! ഈ സ്ത്രീരൂപം, പൂർവ്വകാ ലത്തിൽ സത്യവേദത്തെ നിന്ദിച്ചുവന്ന ശത്രുക്കളെ ന ശിപ്പിക്കുന്നതിന്, ദൈവകല്പനയാൽ യൂദജനങ്ങൾ എടുത്തുകൊണ്ടുപോയ കാഹളത്തിൻെറയും ദീപത്തി ൻെറയും ലക്ഷ്യമാകുന്നു. അതെങ്ങനെയെന്നാൽ മുൻപേ മിഖായേൽ പറഞ്ഞതുപോലെ, യോശുവാ ദൈവശ ക്തിയാൽ ആദ്യം അഞ്ചുരാജാക്കന്മാരേയും കൊന്നൊ ടുക്കിയ ശേഷം, അവരുടെ രാജ്യങ്ങളെയെല്ലാം ഇസ്രാ യേൽ ജനങ്ങൾക്കു് പങ്കിട്ടുകൊടുത്തു. അവരുടെ ഭര

ണത്തിൽ മാസംതോറും മൂന്നു മഴവീതം പെയ്തുവന്ന തിനാൽ നാടെല്ലാം സുഭിക്ഷമായി അവർ സൎവ്വവിധ സമ്പൽസമൃദ്ധികളോടുകൂടി വളരേക്കാലം സുഖമായി വസിച്ചു. കാലക്രമേണ അവർ സത്യദൈവത്തെ മറ ന്നു പലവ്യാജദേവന്മാരേയും ആരാധിക്കുവാൻതുടങ്ങി യതിനാൽ, തങ്ങളുടെ നാടു നഗരങ്ങൾ നഷ്ടപ്പെട്ടു ശ ത്രുക്കളുടെ ക്രൂരഭരണത്തിൽപെട്ടു വളരെക്കാലം ക്ലേ ശിപ്പാൻ ഇടവന്നു. ഒടുവിൽ അവരുടെ അപേക്ഷ കേട്ടു കരുണ തോന്നിയ ദൈവം, വയലിൽ നെല്പണി യിലേൎപ്പെട്ടിരുന്ന ഒരു തൊഴിലാളിയായ ജേദയോ ൻെറ സമീപത്തിൽ ഒരു മാലാഖയെ അയച്ചു, ശത്രു ക്കളേ യുദ്ധം ചെയ്തു ജയിക്കണമെന്നു കല്പിച്ചു. കൃ ഷീവലനായ തന്നെക്കൊണ്ടു അതെപ്രകാരം സാധി ക്കുമെന്നു വിചാരിച്ചു അവൻ അന്ധാളിച്ചു നിൽക്കു മ്പോൾ ദൈവം നൽകിയ മനഃസ്ഥൈൎയ്യത്താൽ ധൈ ൎയ്യപ്പെട്ടു യൂദ സൈന്യത്തെ ശേഖരിച്ചു. ഇതറിഞ്ഞു വേദിയാൻ, അമലേയ്ക്കു എന്ന രണ്ടു രാജ്യങ്ങളിലേരാ ജാക്കന്മാരും കിഴക്കൻ രാജ്യങ്ങളെ ഭരിച്ചുവന്ന മററു രാജാക്കന്മാരും തങ്ങളുടെ സേനാനിവഹത്തോടുകൂടി ഒരിടത്തുവന്നു പാളയം അടിച്ചു.

ജേദയോൻ മുപ്പത്തീരായിരംപേരെ സൈന്യ ത്തിൽ ചേൎത്തപ്പോഴേയ്ക്കും ദൈവം അയാൾക്കു പ്ര ത്യക്ഷപ്പെട്ടു, "ശത്രുക്കളെ ജയിക്കുന്നതിനു ഇത്രയും സൈന്യങ്ങളാവശ്യമില്ല. ഇവരിൽ യുദ്ധത്തിൽ പി ന്മാറാത്ത ധീരന്മാരെ മാത്രം തിരിഞ്ഞെടുക്കണെ"മെ ന്നു കല്പിച്ചു. അതുപ്രകാരം പതിനായിരംപേർ

വീരന്മാരായി തിരിഞ്ഞു മാറി നിന്നു. അതും അധികമാണെന്നും അവരെല്ലാവരേയുംനാളെ മദ്ധ്യാഹ്നവെയിൽസമയത്തു് നദീതീരത്തുക്കൂടെ നടത്തണമെന്നുംഅവരിൽ കുനിഞ്ഞുനിന്നു് വെള്ളം മോന്തിക്കുടിക്കുന്നാവരെ തള്ളി, കൈകൊണ്ടു കോരികുടിക്കുന്നാവരെമാത്രം തിരഞ്ഞെടുക്കണമെന്നും, കല്പനയുണ്ടായി. അതുംപ്രകാരം മുന്നൂറു പേർ തെരഞ്ഞെടുക്കപ്പെട്ടു. ജെദയോൻ അവരെ ദൈവകല്പനപ്രകാരം മൂന്നു വകുപ്പായി തിരിച്ചു് ഓരോരുത്തരുടെ കയ്യിലും ഓരോ കാഹളവും ദീപവും, ആ ദീപത്തേ മറയ്ക്കുന്നതിനു് ഓരോ വലിയ പാനയും കൊടുത്തിട്ടു്, അവരേ ശത്രുക്കളുടെ പാളയത്തിലേയ്ക്കു് നയിച്ചുകൊണ്ടുപോയി. അർദ്ധരാത്രിയിൽ ശത്രുക്കളെല്ലാം ഗാഢനിദ്രയിൽ ലയിച്ചിരിക്കുമ്പോൾ, ഇവർ നായകൻെറ കല്പനപ്രകാരം പെട്ടെന്നു തങ്ങളുടെ പാനകളെ ഉടച്ചു് കാഹളങ്ങളൂതി ദീപങ്ങളും പ്രകാശിപ്പിച്ചു. ഈ ബഹളംകേട്ടു് ശത്രുക്കൾ തന്നെ ഞെട്ടി ഉണർന്നു. നിദ്രാമാന്ദ്യവും ഇരുട്ടും കൊണ്ടു് ഒരു വശം മയക്കവും, കാഹളധ്വനികളും ദീപപ്രകാശവുംകൊണ്ടു് മററൊരുവശം കലക്കവും ആയിട്ടു് ഇതികർത്തവ്യതാമൂഢരായി യൂദന്മാർ തങ്ങളുടെ സേനയിൽ കടന്നിരിക്കുന്നെന്നു് തെററിദ്ധരിച്ചു്, ആ രാത്രിയിൽതന്നെ യുദ്ധംതുടങ്ങി, തങ്ങളുടെ ആനകളോടു തങ്ങളുടെ ആനകളും, കുതിരകളോടു കുതിരകളും, കാലാളുകളോടു കാലാൾകളുംഎതിർത്തു അന്യോന്യം പടവെട്ടി മരിച്ചു. വേദിയാനും അമലേക്കനും തമ്മിൽ കണ്ടപ്പോൾ പരസ്പരം ജെദയോനെന്നു് തെററിദ്ധരി

ച്ച്, വർഷകാലത്തെ മേഘംപോലെ പരസ്പരംശര മാരി പൊഴിച്ച് ഓരോരുത്തരുടേയും കൊടികുടകവ ചങ്ങളെ ച്ഛേദിച്ചും, സാരഥികളെ കൊന്നും, തേരുക ളെ തകർത്തും മാറു പിളൎന്നു. രണ്ടുപേരും മൃതരായി. അപ്രകാരംതന്നെ മററു രാജാക്കന്മാരുംഒരു ലക്ഷത്തി ഇരുപതിനായിരം വീരയോദ്ധാക്കളും ഒരേരാത്രിയിൽ മരിച്ചു; നേരം പ്രഭാതമായപ്പോൾ ശേഷിച്ച പതിന യ്യായിരംപേരും രാത്രിയിൽ നടന്ന സംഭവങ്ങളറിഞ്ഞു ലജ്ജിച്ചോടി. യൂദന്മാർ അവരെ വിടാതെ പിൻതു ടൎന്നുചെന്ന് സംഹരിച്ചു വിജയഭേരി മുഴക്കി. ആ യു ദ്ധം നടന്നതു് ഈ സ്ഥലത്തുവച്ചാകയാൽ ഇതിനു യു ദ്ധക്കളമെന്നൎത്ഥമുള്ള കളരിനഗരം എന്നപേർ നട പ്പായി. ആ യുദ്ധത്തിൽ നമ്മുടെ ജനങ്ങൾക്കുണ്ടായ വിജയത്തിൻെറ സ്മാരകമായി, ഈ തൂണിന്മേൽ "വി ജയിനി" എന്ന പേരോടുകൂടി കാഹളവും ദീപവും ധ രിച്ചിരിക്കുന്ന വിധം ഈ സ്ത്രീരൂപത്തെ കൊത്തിവ ച്ചിരിക്കുന്നു." മാർ യൗസേപ്പു ഇതുകേട്ടു, ഇവയെല്ലാം നടത്തിയ ദൈവബാലനെ സ്തുതിച്ചു പാടി. ദൈവദൂ തന്മാരുടെ വൃന്ദങ്ങൾ അതിനോടു യോജിച്ച് കൎണ്ണ പീയൂഷമാം വണ്ണം പലവിധ വാദ്യങ്ങളും മുഴക്കി.

## അദ്ധ്യായം അഞ്ച്.

—:o:—

### ഗാസനഗരത്തിലെ വിശേഷങ്ങൾ.

അവർ ഈ വിധത്തിൽ അന്നത്തെ രാത്രി കഴി ച്ചിട്ടു്, അതിരാവിലെ ആ നഗരത്തിൽ നിന്നും പുറ പ്പെട്ടു; പൂഞ്ചോലകളും മലഞ്ചെരിവുകളും കടന്ന് മ

ദ്ധ്യാഹ്നമായപ്പോൾ ഒരു ചെമ്പകവൃക്ഷത്തണലിൽ ചെന്നിരുന്ന് ആശ്വസിച്ചു. അവിടെ കിട്ടിയ ചില കായ്കനികളെ ഭക്ഷിച്ച് അവർ വിശ്രമിച്ചിരിക്കുമ്പോൾ, യൗസേപ്പു അടുത്തിരുന്ന മാലാഖമാരേ നോക്കി "കൊടികളാലും മണിമേടകളാലും ശോഭിച്ചു അല്പം ദൂരത്തായി കാണുന്ന ആ നഗരം ഏതെന്ന് ചോദിച്ചു. അതിന്ന് പുണ്യാശയൻ എന്ന ഒരു മാലാഖ ഇപ്രകാരം പറഞ്ഞു:—"വന്ദ്യരേ! പൂർവ്വന്മാർ അതിന്ന് ഗാസ നഗരമെന്നാണ് പറഞ്ഞു വന്നിരുന്നത്. പുരാതന കാലത്തു ദൈവാനുഗ്രഹത്താൽ രോമം മൂലം മഹാബലവാനായിത്തീൎന്ന സാംസോൻ എന്നൊരുവനുണ്ടായിരുന്നു. അവൻ ചെറുപ്പം മുതല്ക്കേ വന്യമൃഗങ്ങളായ സിംഹവ്യാഘ്രാദി ദുഷ്ടജന്തുക്കളെപ്പിടിച്ച് ഞെരിച്ച് എറിഞ്ഞു കളഞ്ഞിരുന്നു. അവന്ന പ്രായപൂൎത്തി ആയതോടുകൂടി കായബലവും പൂൎവ്വാധികം വൎദ്ധിച്ചു. അതിനേതരംപോലെ വേദവിരോധികളായ പ്ലിസ്ത്യരുടെ മേൽ പ്രയോഗിച്ച് അവരേ നശിപ്പിച്ചിരുന്നു. ഒരിക്കൽ മുന്നൂറു നരികളേ പിടിച്ച് അവയുടെ വാലുകളിൽ പന്തംകെട്ടിതീയുംകൊളുത്തി വിരട്ടിയോടിച്ച് അവരുടെ വിളവുകളേയും ധാന്യങ്ങളേയും നിശ്ശേഷം നശിപ്പിച്ചുകളഞ്ഞു.

ഒരു ദിവസം അയാൾ നിരായുധനായി തന്നിയേയിരുന്ന തക്കംനോക്കി ശത്രുക്കൾ വന്ന് അയാളേ വളഞ്ഞു. അപ്പോൾ അയാൾ അവിടെ കിടന്ന ഒരു കഴുതയുടെ താടി എല്ലിനെ ആയുധമാക്കിക്കൊണ്ടു് വളരെ നേരം സമരംചെയ്തു് അവരേ സംഹരിച്ചു. അതി

നാൽ ദാഹം വൎദ്ധിച്ചു ജലം കിട്ടാതെ അയാൾ വിഷമിച്ചപ്പോൾ ദൈവാനുകൂല്യത്താൽ ആ അസ്ഥിയിൽനിന്നു് അത്ഭുതമായി ശുദ്ധജലം പുറപ്പെട്ടുകയും അതു കുടിച്ചു അയാൾ ദൈവത്തെ സ്തുതിക്കയും ചെയ്തു.

ഏതാനും ദിവസങ്ങൾക്കശേഷം ഒരു ദിവസം വൈകുന്നേരം മേൽ പറഞ്ഞ ഫ്ലിസ്ത്യക്കാരുടെ വാസസ്ഥലമായ ഈ നഗരത്തിലേയ്ക്കു് സാംസോൻ വന്നിട്ടുള്ളതിനെ അവരറിഞ്ഞു് നേരം വെളുത്താലുടനെ അവനെ പിടിച്ചു കൊല്ലണമെന്നു കരുതി, ആ കോട്ടവാതിലുകളെല്ലാം അടച്ചുപൂട്ടിക്കളഞ്ഞു. അൎദ്ധരാത്രിയിൽ അവൻ മടങ്ങി വരുമ്പോൾ വാതലുകളെല്ലാം അടച്ചുപൂട്ടിയിരിക്കുന്നതുകണ്ടു് ഒന്നു മന്ദഹസിച്ചു്, അതിനെ മുഴുവനോടെ ഇളക്കിയെടുത്തുകൊണ്ടു പോയി അതാ ആ കാണുന്ന മലപ്പുറത്തേയ്ക്കു് എറിഞ്ഞുകളഞ്ഞു. സാംസോൻ ഇത്ര വളരെ ശക്തി പ്രാപിച്ചിരുന്നിട്ടും വിഷയാസക്തിയാലുണ്ടാകുന്ന ദോഷഫലത്തെ അറിയാതെ, ദാലീല എന്ന ഒരു വേശ്യാസ്ത്രീയിൽ അനുരക്തനായി, ആ നഗരത്തിലേയ്ക്കു് കൂടക്കൂടെ പോയും വന്നും കൊണ്ടിരുന്നു. അതിനേശത്രുക്കളറിഞ്ഞു് പണം കൊടുത്തു് അവളെ സ്വാധീനപ്പെടുത്തി അവന്റെ അന്യാദൃശ ശക്തിക്കു് കാരണം എന്തെന്നറിഞ്ഞു് പറയാനേൎപ്പാടു ചെയ്തു. അവൾ തന്റെ മധുരവാക്കുകളാൽ അവനെ മയക്കി, അവനു രോമത്താലാണു ബലമെന്നവസ്തുതയേഅറിഞ്ഞു അവരേ അറിയിച്ചു. അടുത്തദിവസം അവൻ അവിടെവന്നു് ഉറങ്ങിക്കിടക്കുമ്പോൾ, ശത്രുക്കൾ പതുക്കെവന്നു്

അവൻെറ രോമങ്ങളെ മുഴുവനും വെട്ടിക്കളഞ്ഞിട്ടു സമീപത്തുമാറി പതുങ്ങിയിരുന്നു. അവൻ ഉണൎന്നതോടെ രോമങ്ങളെല്ലാം കത്രിക്കപ്പെട്ടിരിക്കുന്നതിനെ അറിഞ്ഞ് അവനെ കെട്ടിയിരുന്ന കെട്ടുകളൊന്നും പൊട്ടിക്കുവാൻ ശക്തനാകാതെ തന്നെ മോഹിപ്പിച്ച് നശിപ്പിച്ച ആ കുലടയെ ശപിച്ചുകൊണ്ടിരിക്കുമ്പോൾ ശത്രുക്കൾ അവൻെറമേൽ പാഞ്ഞുവന്ന് കണ്ണുരണ്ടും കുത്തി കാരാഗൃഹത്തിൽ ആക്കി. അത്രയുമല്ലാ, അവർ ദിവസംതോറും അവിടെ ചെന്ന് അവനെ നിന്ദിക്കയും പരിഹസിക്കയും ചെയ്തുവന്നു.

ഇങ്ങനെ പലനാൾ കഴിഞ്ഞിട്ട് ഒരു ദിവസം അവരെല്ലാവരും കൂടിയിരുന്ന ഒരു ബ്രഹ്മാണ്ഡമണ്ഡപത്തിൽ അവനെ കൊണ്ടുപോയി നിറുത്തി, അവൎക്കു തോന്നിയ മാതിരി പരിഹസിച്ചു നിന്ദിച്ചു. അതേവരെ വളൎന്നിരുന്ന രോമത്തിൻെറ വലിപ്പത്തിന്നനുസരിച്ച് ശക്തി പ്രാപിച്ചിരുന്ന അവൻ, ആ മണ്ഡപത്തിന്നാധാരമായിരുന്ന രണ്ടു തൂണുകളേയും തപ്പിപ്പിടിച്ച് കുലുക്കി വീഴിച്ചതിനാൽ ഇവനോടുകൂടെ അവരെല്ലാവരും അതിൽപെട്ടു മരിച്ചു" എന്നിപ്രകാരം മാലാഖ പറഞ്ഞവസാനിപ്പിച്ചു.

അനന്തരം രണ്ടുപേരും ദൈവബാലനൊന്നിച്ച് പുരാണപ്രസിദ്ധമായ ആഗാസനഗരത്തിൽ പ്രവേശിച്ച് വീഥികളിൽകൂടി കടന്നുപോയി. ഒരു വീട്ടിൽ മരിച്ചുപോയ തങ്ങളുടെ പ്രിയ മാതാവിൻെറ പ്രേതത്തിൻെറ ചുററും ദയനീയമാംവണ്ണം വിലപിച്ചുകൊണ്ടിരുന്ന അഞ്ചു ബാലികകളെ യൗസേപ്പ് കണ്ടു് ആർ

ഢചിത്തനായി ത്തുക്കുമാരനോടപേക്ഷിച്ചു.. അതേ നിമിഷത്തിൽ, മരിച്ചുപോയയവൾ ഉയൎത്തെഴുന്നേററതു കണ്ടു് എല്ലാവരും അത്ഭുതപരവശരായി ദൈവത്തെ സ്തോത്രം ചെയ്തു. പിന്നീടു രണ്ടുപേരും അഗതികളെപ്പോലെ വീടുകൾതോറും നടന്നു് യാചിച്ചുവരുന്ന സമയം, കൈയ്യും കാലും ഒരുപോലെ നിവൎക്കുവാൻ കഴിയാതിരുന്ന ഒരു യുവതി ഇവൎക്കു ഭിക്ഷനൽകി; അപ്പോൾ അവരുടെ മുഖത്തിൽ വിളങ്ങിക്കൊണ്ടിരുന്ന ദൈവപ്രസാദ തേജസ്സിനെ കണ്ടറിഞ്ഞു്, എന്റെ രോഗം സുഖമാക്കാൻ മരുന്നില്ലേ എന്നു് അവൾ അതിസ്നേഹത്തോടെ ചോദിച്ചു. "ഈ ലോകത്തിൽ ഒരു നിത്യകന്യക പ്രസവിച്ച ദിവ്യബാലന്റെ സന്നിധിയിൽ നിന്റെ രോഗം നാമാവശേഷമായിപ്പോകും" എന്നു് മാർ യൗസേപ്പ് പറഞ്ഞുതീൎന്ന ആ ക്ഷണത്തിൽ അവൾ സുഖം പ്രാപിച്ചു് അവരേയും ദൈവത്തേയും സ്തുതിച്ചു. ലോകസ്തുതിയേ ഭയന്നിരുന്ന ഇവർ രണ്ടുപേരും മൂന്നു ദിവസത്തോളം അവിടെ വസിച്ചിരുന്നതിനിടയ്ക്കു് ചെയ്തുവന്ന പുണ്യകൃത്യങ്ങളാൽ ആ നഗരം പൂൎവ്വാധികം മഹത്വത്തെ പ്രാപിച്ചു.

---

## അദ്ധ്യായം ആറു്.

—:o:—

### സീനാമലയിലെ വിശേഷങ്ങൾ

രണ്ടുപേരും ഗാസനഗരത്തിൽനിന്നും പുറപ്പെട്ടു് ദൈവദൂതന്മാർ കാണിച്ച വഴിയിൽക്കൂടി നടന്നു്, പു

ഷ്പലതാദികളാൽ രമണീയങ്ങളായ പൂഞ്ചോലകളേയും, തരുനിബിഡങ്ങളായ തപോവനങ്ങളേയും കടന്നു്, ഉന്നതതടത്തിലുള്ള സീനാമലയിലെത്തി. അപ്പോൾ രണ്ടു ദൈവദൂതന്മാർ അവക്കെതിരേ വന്നു് അഭിവാദനം ചെയ്തു. അവരോടു "നിങ്ങൾ ആരാണെ"ന്നു് മാർ യൗസേപ്പു് ചോദിച്ചതിനു്, അവരിൽ ഒരുവനായ സക്ഷദൻ എന്ന മാലാഖ പറഞ്ഞു:- "അല്ലയോ യോഗീന്ദ്രാ! പൂർവകാലത്തു് മോശ ഇസ്രായേൽ ജനങ്ങളേ അടിമത്തത്തിൽനിന്നു് മോചിപ്പിച്ചുകൊണ്ടു് ഈ സ്ഥലത്തു വന്നപ്പോൾ, ഈ മലമുകളിലേക്കു് ചെല്ലുന്നതിനു് ദൈവം കല്പിക്കയും, അതുവരെയും അവരവരുടെ അന്തഃകരണബോധത്തിൽ മാത്രം പ്രകാശിച്ചിരുന്ന സ്വാഭാവിക വേദപ്രമാണത്തേ ഒന്നിൽ മൂന്നും, മറെറാന്നിൽ ഏഴുമായി രണ്ടു കല്പലകകളിലെഴുതി, അതിൻെറ മാഹാത്മ്യത്തേ പ്രത്യക്ഷീകരിക്കുമാറു് ഇടിമുഴക്കത്തോടും വിദ്യുത്പ്രകാശത്തോടും കൂടി അദ്ദേഹത്തിനു കൊടുക്കയും ചെയ്തു. അപ്രകാരം ദൈവംപ്രകാശമാനായി ഈ മലയിൽ എഴുന്നള്ളിയതിനാൽ ഇതിൻെറ പ്രകൃതിസിദ്ധമായ സുഭിക്ഷതയ്ക്കു് ഹാനി സംഭവിക്കാതിരിക്കുന്നതിനു്, അവിടുത്തെ ആജ്ഞപ്രകാരം ഞങ്ങൾ രണ്ടുപേരും സംരക്ഷിച്ചുപോരുകയാകുന്നു. ആ ദൈവംതന്നെ ഇപ്പോൾ മനുഷ്യപുത്രനായി ഇവിടേക്കെഴുന്നള്ളിയിരിക്കുന്നതിനാൽ, അവിടുത്തെ സന്ദർശിച്ചാരാധിപ്പനായിട്ടത്രേ ഞങ്ങൾ വന്നതു്" എന്നറിയിച്ചു.

ഇതുകേട്ടു രണ്ടുപേരും സന്തുഷ്ടരായി ആ മലയി

ലേ പലവിധ വിശേഷ കാഴ്ചകളേയും കണ്ടുകൊണ്ടു പോകുമ്പോൾ, നഭോമണ്ഡലത്തോളമുയൎന്ന് അനേക ശാഖോപശാഖകളായി പടൎന്ന് നിന്ന ഒരു വൻ വൃക്ഷം പെട്ടെന്ന് തീ പിടിച്ചു കരിഞ്ഞു പോകുന്നതും, ക്ഷണത്തിൽതന്നെ അതു വീണ്ടും തളിൎത്ത് പൂത്തു കായിച്ച് പഴങ്ങൾ പഴുത്തു കിടക്കുന്നതും, പിന്നീട് ഒരു കൊടുംകാററടിച്ച് കൊമ്പുകളൊടിഞ്ഞു് ഇലകൾ വാടി ചില പഴങ്ങൾ പൊഴിഞ്ഞുപോകുന്നതും, ഉടനേ കാററടങ്ങി മുമ്പിലത്തേപ്പോലെ തഴച്ചുവളൎന്നു നില്ക്കുന്നതും അവർ കണ്ടു് വിസ്മയിച്ച് ആ വിശേഷസംഭവത്തിന്റെ സാരം എന്താണെന്ന് ആ മാലാഖമാരോടു ചോദിച്ചു. ആയതിന് സക്ഷദൻ തന്നെ വീണ്ടും മറുപടി പറഞ്ഞു:—"ലോകാന്ധകാരം ഒഴിക്കുന്നതിന് ഉദയഗിരിമേൽ പ്രത്യക്ഷപ്പെട്ട സൂൎയ്യബിംബം കണക്കേ, പാപാന്ധകാരം നീക്കുന്നതിന് ദൈവം നൽകിയ വിശുദ്ധവേദ പ്രമാണങ്ങളുടെ ജന്മഭൂമി ഈ മലയാകയാൽ, ഇതിൻെറചെരിവിൽ കാണപ്പെട്ടആ വൃക്ഷം, ആവേദം പ്രാപിച്ചപല സ്ഥിതിഭേദങ്ങൾക്കു ലക്ഷ്യമാകുന്നു. ദൈവം നൽകിയ വേദപ്രമാണങ്ങളെ മോശ സ്വീകരിച്ചു പ്രസംഗിച്ചപ്പോൾ, ആദ്യം അതു നാനാദേശങ്ങളിലും പ്രചരിച്ച വിധത്തേയും, കാലക്രമേണ ചിലർ സത്യവേദത്തെ ഉപേക്ഷിച്ച് പോയ വിധത്തെയും പിന്നീടു ദൈവം അവതരിച്ചുതൻെറ തിരുരക്തത്താൽ നമ്മെ രക്ഷിക്കുമ്പോൾ, അതു വീണ്ടും നല്ല പുഷ്ടിയോടുകൂടിവളൎന്നുവരുന്ന വിധത്തേയും, ലോകം, പിശാച്, ശരീരം എന്ന ആന്തരികശത്രുക്കളും അന്യ മതങ്ങളെന്ന ബാഹ്യശത്രുക്കളും പ്ര

ത്യക്ഷപ്പെട്ടു ആക്രമിക്കുമ്പോഴും, ചിലർ അതിനെ ഉപേക്ഷിച്ചുപോയാലും പലർ അതിൽ തന്നെ സ്ഥിരമായി നിന്നിട്ട് അതു ശാശ്വതമായി പ്രകാശിക്കുന്ന വിധത്തേയും അത്രേത്ത വൃക്ഷം പ്രദർശിപ്പിച്ചതു്.

ഇതുകേട്ടു യൗസേപ്പു തന്റെ തൃക്കരങ്ങളിലിരുന്ന ദിവ്യബാലനെ നോക്കി, "സകലലോകങ്ങളേയും സൃഷ്ടിച്ചു്, വേദവിധികളേയും കല്പിച്ചുതന്ന അങ്ങുതന്നേ മനുഷ്യരേ രക്ഷിപ്പാൻവേണ്ടി മനുഷ്യനായവതരിച്ചുവല്ലോ. ഈ ലോകം അങ്ങയേ ദ്വേഷിക്കും. വേദം നിലനിൽക്കുന്നതിനുവേണ്ടി അവിടുന്നു് അധികമായി ക്ലേശിക്കും. ചിലർ അങ്ങയേയും അങ്ങയുടെ പരിശുദ്ധവേദത്തേയും വെറുത്തു് ദ്രോഹം ചെയ്താലും അങ്ങയുടെ മഹത്വവും വേദമാഹാത്മ്യവും ഒരു കാലത്തും ക്ഷയിക്കുന്നതല്ല. ആകയാൽ അവിടുന്നു കരുതിവന്ന കാരുണ്യപ്രവൃത്തിയേ അന്യൂനം നിവ്വഹിച്ചാലും" എന്നു് പറഞ്ഞുവണങ്ങി.

അവർ അവിടത്തേ പൂഞ്ചോലയിൽനിന്നു കിട്ടിയ കായ്കനികൾ ഭജിച്ചും തെളിനീർകുടിച്ചും അല്പം ആശ്വസിച്ചശേഷം ആ വേദമലയേ വിട്ടുപുറപ്പെട്ടു. പോകുന്നവഴിക്കു് ആ മലയിൽ കണ്ട വിശേഷ കാഴ്ചകളേ കുറിച്ചു് ദൈവജനനി പറഞ്ഞു:—"അവിടെ കാണപ്പെട്ട ആ വൃക്ഷത്തെ വേദവൃക്ഷമെന്നോ, അതിന്റെ ഫലങ്ങൾ ഭക്ഷിച്ചു് അതിന്റെ തണലിൽ വസിക്കുന്നവരേ സ്വർഗ്ഗവാസികളെന്നോ, ഭൂവാസികളെന്നോ, അതിനേ മനുഷ്യക്കു് അപ്രാപ്യമാക്കിത്തീർത്ത പാപം വലുതെന്നോ എന്തൊക്കെയാണു് പറയേണ്ട

 തു്! എന്റെ ദൈവമേ നീ വെളിപ്പെടുത്തിയ സത്യ വേദമുണ്ടായിരിക്കേ, ആയതിനേ കൈക്കൊള്ളാതെ മനുഷ്യനിൎമ്മിതമായ പല വ്യാജകഥകളേ വേദമെന്നു വിശ്വസിച്ചു മയങ്ങുന്ന മാനുഷൎക്കു്, അതിന്റെ സത്യത്തെ അറിയിക്കുന്നതിന്നു് നീ തന്നെ മനുഷ്യനായി പിറന്നുവല്ലോ. നിന്റെ ബോധനത്താൽ അനേക ജനങ്ങൾ സത്യത്തേ അറിഞ്ഞിരുന്നിട്ടും തങ്ങളുടെ ദുരാശയ്ക്കധീനരായി ആ വ്യാജക്കഥകളേ തന്നെ വേദമായി വിശ്വസിച്ചു് അംഗീകരിക്കും. അതു നിമിത്തം അവിടുത്തെ തിരുമേനിയെ പീഡിപ്പിച്ചു് ജീവനെ തന്നെയും നശിപ്പിക്കുവാൻ തുനിയും. അഗ്നിമദ്ധ്യേ ശോഭിക്കുന്ന തങ്കംകണക്കെ, ശത്രുമദ്ധ്യത്തിലും എവിടെയും അങ്ങയുടെ പരിശുദ്ധ വേദം തിളങ്ങിപ്രകാശിക്കും. അവിടുത്തെ ശക്തിയോടെതിൎപ്പാൻ കഴിവുള്ളവരുണ്ടോ? അങ്ങു് കരുണയാൽ ഈ ലോകത്തെ രക്ഷിച്ചു് സകലൎക്കും സൽഗതി നൽകുമാറാകണം" എന്നൎത്ഥിച്ചു് ത്രുക്കുമാരനെ വണങ്ങി. സൂൎയ്യാസ്തമനമായതിനാൽ പാൎക്കുവാൻ സ്ഥലം കിട്ടാതെ ആ വഴിമദ്ധ്യത്തിൽ തന്നെ താമസിച്ചു. അവരുടെ അംഗരക്ഷകന്മാരായിരുന്ന പത്തു സഹസ്രം മാലാഖമാരും ചുററുംനിന്നു് അവരെ സൂക്ഷിച്ചിരുന്നു.

# അദ്ധ്യായം ഏഴ്.

:—:o:—:

## മണലാരണ്യം.

സൂര്യോദയത്തിൽ അത്ഭുത പുഷ്പശാഖാധരനായ മാർ യൗസേപ്പും ശശിപാദുകയായ കന്യകാമറിയവും എഴന്നോറവ് തൃക്കമാരനെ എടുത്തുംകൊണ്ട് അനേകം പൂങ്കാവനങ്ങളും ഘോര കാന്താരങ്ങളും കടന്ന് അഗ്നിതുല്യമായ "ബെർസബെ" എന്ന മണലാരണ്യത്തിലെത്തി. ആ ഭൂമിയാകട്ടെ, ഇതൊരു മണലാരണ്യമാണെന്ന് ഒരിക്കൽ പറയുന്നവരുടെ നാവിനേയും, സ്പർശിക്കുന്നവരുടെ ഹസ്തത്തേയും, ദർശിക്കുന്നവരുടെ നേത്രത്തേയും, വിചാരിക്കുന്നവരുടെ മനസ്സിനെത്തന്നെയും ചുട്ടെരിക്കത്തക്കവിധം അത്ര മഹാ കഠിനമായ ചൂടോടുകൂടിയതായിരുന്നു. ദുർജ്ജന ഹൃദയംപോലെ രൂക്ഷമായി, വീരചിത്തംപോലെ തീക്ഷ്ണമായി, തീക്കാററും തീപ്പൊരിയും നിറഞ്ഞെരിഞ്ഞുകൊണ്ടിരുന്ന ആ മണൽക്കാട്ടിൽ, ധർമ്മസ്വരൂപികളായ ഇവർ കാൽവച്ചതോടുകൂടി അതിൻെറ ക്രൂരസ്വഭാവം മാറി ശീതളതരഭൂമിയായി പരിണമിച്ച്, സൗരഭ്യം പരത്തിക്കൊണ്ട് മന്ദമാരുതൻ വീശിത്തുടങ്ങി. കാർമേഘങ്ങൾ അവിടവിടെയായി പരന്ന് തണലേകി. അതിനാൽ വെയിലെന്നതേ ലേശംപോലും കാണപ്പെടാതെ ഇവർ സഞ്ചരിക്കുമ്പോൾ, പല ദൈവദൂതന്മാർ പ്രത്യക്ഷപ്പെട്ട് വീണകളെടുത്ത് സംഗീതശാസ്ത്രരീത്യാ സപ്തസ്വരങ്ങളേയും സംഘടിപ്പിച്ച് ഹൃദ

യാവർജ്ജകമാംവണ്ണം വായിച്ചും പാടിയും ഇവരെ അനുഗമിച്ചു.

ആ മാലാഖമാരുടെ ഗണങ്ങൾക്ക് ഒരു നായകൻ എന്നപോലെ വിളങ്ങിയ താപസവരനായ മാർ യൗസേപ്പ് അതുകേട്ട് പരമാനന്ദഭരിതനായി താളത്തിനൊത്തു പാടുവാൻ തുടങ്ങി:—"അഭേദമായ നീതിയും അക്ഷയമായ കരുണയുമുള്ള എന്റെ ദൈവമേ! തീയേക്കാൾ ചൂടേറിയ മണൽക്കാടിനെ ഹിമത്തേക്കാൾ ശീതളതരമായ വയൽപ്രദേശംപോലാക്കിയല്ലോ; സർവ്വശക്തിയുള്ള അങ്ങയുടെ തൃപ്പാദത്തെ ആശ്രയിച്ചവരേവരും പീഡകളാൽ തളരാതെ ഉത്തമ സ്ഥാനത്തിലെത്തുമല്ലോ; ക്ഷോഭിച്ച കടലും അവക്കടങ്ങിനില്ക്കും; കടുത്തവിഷവും മൃതസഞ്ജീവിനിആയിഭവിക്കും; സകല തടസ്സങ്ങളും നിഷ്പ്രയാസം തീരും. നിന്നെ പ്രാപിക്കാത്തവർ ഒന്നിനേയും പ്രാപിക്കാതെ ലോകമോഹത്തിൽലയിച്ച് നശിച്ചുപോകും" എന്നീ അർത്ഥത്തിൽ ഗാനംചെയ്തു. അതുമൂലമുണ്ടായ അത്യാനന്ദത്താൽ രണ്ടുപേരും സ്വൎഗ്ഗവാസികളെന്നോണം പരമാനന്ദത്തേത്തന്നെ ഭക്ഷണമായി അനുഭവിച്ചുകൊണ്ട്, ശാരീരികമായ ഭക്ഷണത്തേക്കുറിച്ചു സ്മരിക്കപോലും ചെയ്യാതെ ഏതാനും ദിവസം യാത്ര ചെയ്തു. ഒരുദിവസം ചില മാലാഖമാർ വന്ന്, മരതകത്തൂണു നാട്ടി പലവിധ രത്നങ്ങൾ മേക്കട്ടിയായി പതിച്ച് മുത്തുശ്ശരങ്ങൾ തൂക്കി ഭംഗിയായലങ്കരിച്ചു മോടിപിടിപ്പിച്ച ഒരു വിചിത്രപ്പന്തലിൽ ഇവരേ ക്ഷണിച്ചുകൊണ്ടുപോയിരുത്തി, തേനിനേക്കാൾ മാധുര്യ

മേറിയ പല ഭക്ഷ്യപദാൎത്ഥങ്ങഠ മാണിക്യപ്പാത്രങ്ങ ളിൽ കൊണ്ടുവന്നുവെച്ചു് സല്ക്കരിച്ചു. രണ്ടുപേരും ദൈവാനുഗ്രഹത്തിന് നന്ദിപറഞ്ഞു അതിനെ ഭക്ഷി ച്ചു സംതൃപ്തരായി.

അനന്തരം അവിടെനിന്നും പോകുമ്പോഠ പൂ ൎവ്വകാലത്തു് ഏലിയാസ് ദീർഘദൎശിക്കു ഈ മണൽ കാട്ടിൽവെച്ചു് അത്ഭുതമായി ഭക്ഷണംകൊടുത്തു രക്ഷി ച്ചിരുന്ന വിശേഷ സംഭവത്തെക്കുറിച്ചു് മാലാഖമാർ പറവാൻ തുടങ്ങി:—"യോഗിവരനായ യൗസേപ്പ്, കേട്ടാലും. കഠിനതപസ്സുകൊണ്ടു് സമസ്തേന്ദ്രിയങ്ങ ളേയും ജയിച്ചവനും, ഹൃദയമണ്ഡലത്തിൽ വിജ്ഞാന ദീപത്തെ സ്ഥാപിച്ചവനും, ഭാവികാലസംഭവങ്ങളേ മുൻകൂട്ടി അറിഞ്ഞു് പറയുന്നവനുമായ ഏലിയാസ് ദീർഘദൎശി, തന്റെ നാട്ടിലെ ജനങ്ങഠ ഇഹലോകസ ന്തോഷങ്ങളേ മാത്രം ആഗ്രഹിച്ചു് തങ്ങളുടെ സൃഷ്ടി കൎത്താവിനെമറന്നു്, കള്ളദേവന്മാരെ ആരാധിപ്പാൻ തുടങ്ങിയതിനാൽ, കോപിച്ചു് ആ നാട്ടിൽ മൂന്നുവൎഷ ത്തേക്കു മഴയുണ്ടാകരുതെന്നു് ശപിച്ചു് അവിടെ നി ന്നും പുറപ്പെട്ടു് ഒരു മലയുടെ ഗുഹയിലെത്തി. ഒരു കാ ക്ക ദിവസന്തോറും കൊണ്ടുചെന്നുകൊടുത്തുവന്ന അപ്പ വും ഭക്ഷിച്ചു് ദൈവത്തേ ധ്യാനിച്ചുകൊണ്ടിരുന്നു. യോ ഗിയുടെ ശാപത്താൽ ആ നാട്ടിൽ മഴ പെയ്യുന്നില്ലെ ന്നു കണ്ട നൃപൻ ആ ദേശത്തുള്ള സകല യോഗികളേ യും കൊന്നുകളയുന്നതിന് കല്പിച്ചതോടെ, ഏലിയാ സ് മുനിയേയും അന്വേഷിച്ചുപിടിച്ചു് കൊണ്ടുവരു ന്നതിനുത്തരവു കൊടുത്തു. രാജാജ്ഞപ്രകാരം അദ്ദേ

ഹത്തേ പിടിക്കുന്നതിന് അമ്പതുപേർ വീതം മൂന്നു പ്രാവശ്യമായി അയക്കപ്പെട്ടു. ആ നൂററമ്പതു ഭടന്മാരും അദ്ദേഹത്തിന്റെ ശാപത്താൽ മൃതരായിപ്പോയി.

തന്റെ ഏകപുത്രന്റെ മരണത്താൽ പരിതപിച്ച ഒരു വിധവയിൽ കരുണതോന്നി അവളുടെ പുത്രനേ ജീവിപ്പിച്ചുകൊടുത്തവനും, യോർദാൻ നദീജലപ്രവാഹത്തേ തന്റെ കമ്പിളിക്കഷണത്താൽ അടിച്ചുമാററി മറുകരചേർന്നവനുമായ ആ യോഗീന്ദ്രൻ, ഈ മണലാരണ്യത്തിൽകൂടി പോകുമ്പോൾ വെയിലുകൊണ്ടും വിശപ്പുകൊണ്ടും ക്ഷീണിച്ച് തളൎന്നുകിടന്നു മയങ്ങിപ്പോയി. അപ്പോൾ ഒരു മാലാഖ നൽകിയ അപ്പം ഭക്ഷിച്ച് വീണ്ടും നാല്പതുദിവസം രാവും പകലും ക്ഷീണംകൂടാതെ നടന്ന് ഹോരേബ് പൎവ്വതത്തിൽ കയറിയിരുന്നു. പിന്നീട് അദ്ദേഹത്തെ അഗ്നിത്തേരിൽ കയററി ആകാശത്തിലേക്ക് എടുക്കപ്പെട്ടു. അപ്രകാരം ആ യോഗീന്ദ്രന് ആഹാരം നൽകി രക്ഷിച്ച ഈ നാഥനത്രേ, ഇപ്പോൾ നിങ്ങൾക്കും ആഹാരം നൽകിയതു്" എന്നുപറഞ്ഞു് മാലാഖമാർ വണങ്ങി.

ഇതുകേട്ടു രണ്ടുപേരും ദൈവബാലനെ സ്തുതിച്ചുകൊണ്ടു് മണൽക്കാട്ടിൽകൂടെ മുപ്പത്തഞ്ചു കാതം നടന്നു; അപ്പോൾ വഴി മൂന്നുഭാഗമായി പിരിഞ്ഞിരിക്കുന്നതുകണ്ടു് അമ്പരന്നു് എങ്ങോട്ടാണു് പോകേണ്ടതെന്നറിയാതെ നില്ക്കെ, മിഖായേൽ പ്രത്യക്ഷപ്പെട്ടു് കാണിച്ചുകൊടുത്ത നേർവഴിയിൽകൂടി പോയി; സൂൎയ്യൻ അസ്തമിച്ചതിനാൽ മാലാഖമാരുടെ പരിവാരത്തോടുകൂടെ അവർ ഒരു വൃക്ഷച്ചുവട്ടിൽ താമസിച്ചു.

## അദ്ധ്യായം എട്ട്

—:o:—

### ചിത്രശാല.

നേരം പ്രഭാതമായി; അവർ യാത്ര ആരംഭിച്ചു; നിബിഡമായി വൃക്ഷങ്ങൾ വളൎന്നുനില്ക്കുന്ന ഒരു വഴിത്താരയിൽ കൂടി പോകുകയായിരുന്നു; അപ്പോൾ കായ്കനികൾ നിറഞ്ഞു് സുഗന്ധം വീശിക്കൊണ്ടിരുന്ന ഒരു പുഷ്പവാടികണ്ടു് അതിൽ പ്രവേശിച്ചു. വണ്ടുകൾ തേൻകുടിച്ചു് ഝംകാരം ചെയ്യുന്നതും, പലവിധപക്ഷികൾ വൃക്ഷശാഖകളിലിരുന്നു രാഗംപാടുന്നതും, പ്രസിദ്ധ നടികളെന്നോണം കരിങ്കുരങ്ങുകൾ മരക്കൊമ്പുകളിൽ കൂടി ചാടിയോടുന്നതും കണ്ടു് ആഹ്ലാദപൂൎണ്ണചിത്തരായി കുറച്ചുദൂരം നടന്നു. ഉടനേ പെരീന്തലോലയാൽ നെയ്ത വസ്ത്രം ധരിച്ച രണ്ടു സന്യാസികൾ ഇവൎക്കെതിരേവന്നു് വണങ്ങി ഉപചാരവാക്കുകളുച്ചരിച്ചു. ഇവരുടെ സുന്ദരമായ ദേഹകാന്തികണ്ടു് "നിങ്ങൾ സ്വൎഗ്ഗവാസികളോ; അല്ല ഭൂവാസികളോ? തപസ്സുതന്നെ കുടികൊള്ളുന്ന ഈ പൂങ്കാവിൽ വരുവാൻ കാരണമെന്തു്?" എന്നു് ചോദിച്ചു. "ദൈവകല്പനയാൽ യൂദേയാരാജ്യംവിട്ടു് എജീപ്തു് ദേശത്തേക്കു് പോകുന്ന ഞങ്ങൾ വഴിയരികിൽ കണ്ട ഈ പൂങ്കാവിലും വന്നുചേൎന്നതാണു്" എന്നു് മാർ യൗസേപ്പ് മറുപടിപറഞ്ഞു. ആ സന്യാസികൾ "എജീപ്തിലേക്കു് പോകുന്ന നേർവഴി ഇതുതന്നെ, വരുവിൻ" എന്നു പറഞ്ഞു് വഴികാണിച്ചു മുമ്പേനടന്നു

ഇവർ വളരെ ദൂരം അവരെ അനുഗമിച്ചു. ഒടുവിൽ കരിമ്പിൻതോട്ടവും കവുങ്ങിൻ വേലിയും കൂന്തൽ പനയും ചുററും കൂടി നില്ക്കുന്ന ഒരു തടാകത്തിൻെറ തീരത്തിൽ ആയിരം തൂണുകളിന്മീതെ മേൽപണ്ഡപം പണിതു ഭിത്തികളിൽ പലവക ചിത്രങ്ങളെഴുതി അലങ്കരിക്കപ്പെട്ട ഒരുവിചിത്രചിത്രശാലകണ്ടു് അതിൽ പ്രവേശിച്ചു.

അതിലുള്ള ചിത്രങ്ങളേക്കുറിച്ചു് എന്തുപറയട്ടെ; സുന്ദരഗാത്രന്മാർ നിശ്ചേഷ്ടരായി യോഗനിഷ്ഠാസമാധിയിലിരിക്കയാണെന്നോ, അരൂപികളായ മാലാഖമാർ പ്രത്യക്ഷപ്പെട്ടിരിക്കുന്ന ദൃശ്യരൂപങ്ങളാണെന്നോ തോന്നുമാറു് അത്രഭംഗിയായി വരക്കപ്പെട്ടിരുന്നു. അവ ജീവനുള്ളവയെപ്പോലെ കാണപ്പെട്ടാലും, പരസ്പരം കണ്ടു ഭ്രമിച്ചതുപോലെ കണ്ണുകൾ ചിമ്മാതെയും, മൌനവ്രതരായ സന്യാസികളുമായി വളരെനാൾ പരിശീലിച്ചു് പഴകിയതിനാൽ വായ് തുറന്നു സംസാരിക്കുന്നതുപോലെയും തോന്നും. തങ്ങളെ ദർശിക്കുന്നവരേ ചിത്രംപോലെ നിശ്ചലരായി നിറുത്തുന്നതിനു ശക്തിയുള്ള ആ ചിത്രങ്ങളെ യൌസേപ്പു നടന്നുകണ്ടുവരവേ, തപസ്സിനാൽ വാടി മെലിഞ്ഞ ദേഹത്തോടുകൂടിയ നൂറു മുനിമാർ ആ പൂന്തോട്ടത്തിൽനിന്നും വന്നു് ഇവരെക്കണ്ടു് ആശീർവദിച്ചു് സ്വാഗതവാക്യങ്ങളുച്ചരിക്കയും ഫലമൂലാദികൾ കൊടുത്തു സല്ക്കരിക്കയും ചെയ്തു. അവരിൽ ശ്രേഷ്ഠനായ അദിഷ്ഠമഹർഷിയോടു ചോദിച്ചു:—മാന്യരേ! നിങ്ങൾ ആരാണു്? നിങ്ങളുടെ ദേശം ഏതാകുന്നു? ഇവിടെ വരുവാൻ കാരണം എന്താണു്?

യൗസേപ്പ്:—ഞങ്ങൾ ഐശ്വര്യസമൃദ്ധിയുള്ള തും വേദത്തിന്റെ കേന്ദ്രസ്ഥാനവും ആയ യൂദാദേശക്കാരാണ്. എജീപ്ത് ദേശത്തേയ്ക്കു പോകുകയാകുന്നു. വഴിക്കു കണ്ട ഈ പുഷ്പവാടിയിൽ കയറിയെന്നേയുള്ളു.

നിങ്ങളെല്ലാവരും ആരാകുന്നു?

ശ്രേഷ്ഠൻ:-ഞങ്ങൾ വിദ്യാജ്ഞാനത്തേയും ക്ഷേമനന്മകളേയും നശിപ്പിക്കുന്നതിനു ശക്തമായ കാമാഗ്നിയേ ഭയന്ന് അതിന്റെ ശമനത്തിനായി നാടും വീടും വിട്ട് ഇവിടെവന്നു വസിക്കുന്നവരാണ്.

യൗസേപ്പ്:-കാമാശയ്ക്കും അതുമൂലമുള്ള പാപത്തിനും വഴിപ്പെട്ടവർ,പിന്നീട് ശീതളമായ പുഷ്പവനത്തിൽ തന്നെ വസിച്ചിരുന്നാലും ആ മോഹാഗ്നി കൂടെക്കൂടെ മനസ്സിനേ ബാധിച്ചു് ദഹിപ്പിച്ചുകൊണ്ടേയിരിക്കും. ആ ആശയിലും പാപത്തിലും പഴകാതെ ആദിമുതല്ക്കേ തപസ്സു ചെയ്യുന്നതാണ് ജീവനോജസ്സും നന്മയും നൽകുന്നതു്.

ശ്രേഷ്ഠൻ:—മനുഷ്യൻ ജനിക്കുമ്പോൾ തന്നെ ആശയും ദുഃഖവും കൂടെപ്പിറക്കുന്നു; നാട്ടിൽ പാക്കുന്ന കാലത്തോളം അവ ഒഴിയുന്നുമില്ല. അതിനാൽ വനവാസം സ്വീകരിക്കുന്നതു് തന്നെ നല്ലതു്.

യൗസേപ്പ്:—കടലാൽ ചുററപ്പെട്ടതെങ്കിലും ഉന്നതമായ പൎവ്വതത്തിൽ സ്ഥിതി ചെയ്യുന്നവൻ, തിരമാലകളാൽ ഇളക്കപ്പെടാതെ സ്ഥിരനായിനില്ക്കും. അതുപോലെ സൃഷ്ടികൎത്താവിന്റെ പാദാരവിന്ദത്തെ ആധാരമാക്കിക്കൊണ്ടുപവത്തിന്നുകുവൻ എവിടെയായി

രുന്നാലും ആ ആശയേ ജയിച്ചു് അനശ്വരമായ സ്വർഗ്ഗീയ വസതിയിൽ നിശ്ചയമായും വാഴും.

ശ്രേഷ്ഠൻ:—കടലാൽ ചുററപ്പെട്ട ഉയൎന്ന്മലയും തിരമാലകളടിക്കുന്തോറും ഉലഞ്ഞഴിഞ്ഞു പോകും;അതുപോലെ ദുഷ്ടബുദ്ധികൾ സജ്ജനങ്ങളേ ഉപദ്രവിച്ചു ഞെരുക്കിയാൽ അവർ ദുരാശകളിൽ ചായാതെ സന്മാർഗ്ഗികളായിത്തന്നെയിരിക്കുന്നതെങ്ങനെ?

യൗസേപ്പ്:— സൎവ്വശക്തനായ ദൈവത്തിൻെറ തൃക്കരത്തിൽ നാമിരിക്കുന്ന കാലത്തോളം അവിടുന്നു് നമ്മെ വ്യതിചലിപ്പിക്കുന്നതിനു ശക്തിയുള്ളവർ ആരാണു്? അപ്പോൾ ദുഷ്ടന്മാർ ചെയ്യുന്ന ഉപദ്രവങ്ങളും നമുക്ക് സന്തോഷഹേതുക്കളായിട്ടേ പരിണമിക്കയുള്ളു. അതിന് ഇവിടെ എഴുതപ്പെട്ടിരിക്കുന്ന ചിത്രങ്ങളുടെ ചരിത്രം തന്നെ സാക്ഷ്യമാണല്ലോ.

നീപകചരിത്രം:—അതുകേട്ടു ആ മുനിപുംഗവൻമാർ യൗസേപ്പിനോടായി പറഞ്ഞു:—"പൂജ്യരേ! ഞാൻ പറയുന്നതു കേട്ടു അതിലുള്ള എൻെറ അറിവില്ലായ്മയേ തീൎത്തു തരുവാറാകണം. പുരാതനകാലത്തിൽ മഹാവില്ലാളിയായും, പോരിൽ സിംഹതുല്യം വീരപരാക്രമിയായും നീപകനെന്നൊരു രാജശ്രേഷ്ഠനുണ്ടായിരുന്നു. അദ്ദേഹം കാമസമരത്തിൽ ജയിക്കുവാൻ കഴിയാതെ വളരെക്കാലമായിട്ടതിൽ തോററു നിരുന്മേഷനായിത്തീൎന്നിരുന്നു. പിന്നീട്ട് വാസ്തവജ്ഞാനം സമ്പാദിച്ചു് അതിൽ ജയം പ്രാപിക്കണമെന്നുള്ള കരുതലോടെ അദ്ദേഹം തൻെറ രാജത്വം മുതലായ ഉന്നതസ്ഥാനമാനങ്ങളേ എല്ലാം ഉപേക്ഷി

ച്ച് തപസ്സ് ചെയ്‌വാനാശിച്ച് ഈ പൂഞ്ചോലയിൽ വന്നു. അപ്പോൾ അല്പം അകലെയായി കാററു വശത്തുനിന്ന് ആരോ സംസാരിക്കുന്ന ശബ്ദംകേട്ട് അങ്ങോട്ടു ചെന്നു. അപ്പോൾ പൊട്ടന്നനവേ ഒരു നദി കരകവിഞ്ഞു പാഞ്ഞുവരുന്നതും, അതു ഈ പൂഞ്ചോലയേ ചുററി ഒഴുകുന്നതും കണ്ടു അന്ധാളിച്ചു നിൽക്കുമ്പോൾ ഒരു ഗജവരൻവന്ന് ഇദ്ദേഹത്തെ അതിൻെറ പുറത്തു കേററിക്കൊണ്ടു പോയി മറുകരയിൽ വിടുകയും ആ ക്ഷണത്തിൽതന്നെ ഒരു ചെറിയ എറുമ്പു വന്ന് അതിനേ വിഴുങ്ങികളെയുകയും ചെയ്തു. എന്നാൽ ആ രാജശ്രേഷ്ഠനാവട്ടെ, ഭയത്തോടെ ആണെങ്കിലും സ്വതസ്സിദ്ധമായ ഉത്സാഹത്തോടും ചൊടിയോടും കൂടി തൻെറ വാളൂരിപ്പിടിച്ചുകൊണ്ട് ചോലയ്ക്കുള്ളിൽ പ്രവേശിച്ചു. അവിടെ വീണാനാദവും ഗായകന്മാരുടെ ഗാന സ്വനങ്ങളുംകേട്ട് ആ ദിക്കിലേയ്ക്കു നടന്നു; വനമദ്ധ്യത്തിലുള്ള മൈതാനത്തിലെത്തി അതിൻെറ മദ്ധ്യത്തിൽ നാനാവിധ വൃക്ഷലതാദികളാൽ ചുററപ്പെട്ടിട്ടുള്ള ഒരു ചന്ദനവൃക്ഷത്തിൻ്റെ അകൃത്രിമശോഭയെ വീക്ഷിച്ചുകൊണ്ട് നിന്നു. ഉടനേ ചുററുമുണ്ടായിരുന്ന മരങ്ങൾ പിളൎന്ന് അവയിൽനിന്ന് എട ചുരുങ്ങി ക്രന്തൽ കറുത്ത നൂറു മോഹനാംഗികൾ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തിൻെറ ചുററും ആടിപാടി കളിച്ചു കൊണ്ടു നിന്നു. അവരിൽ ഒരുത്തി "മഹാരാജാവേ! അങ്ങയുടെ സ്നേഹഭാജനമായിരുന്ന ശാസ്ന" എന്നവൾ അങ്ങയുടെ വിരഹത്താലുള്ള താപം സഹിക്ക വഹിയാതെ അങ്ങയേ തിരക്കി അങ്ങയേക്കാൾ മുൻപേ ഇവിടെ വന്നിരിക്കുന്നു; അങ്ങും അവൾ സ

ന്തോഷിക്കുമാറു് ഇവിടെ വന്നുവല്ലോ." ഇത്രയും പറഞ്ഞ വായടക്കുംമുൻപേ ആ ചന്ദനമരവും പിളൎന്നു് പ്രസ്തുത ശാസന എന്നവൾ പ്രത്യക്ഷപ്പെട്ടു. രാജാവു് ഇതെല്ലാംകണ്ടു് ഭയസന്ദേഹാദി വികാരങ്ങൾക്കധീനമായി നില്ക്കുമ്പോൾ അവൾ അടുത്തുവന്നു് "ഹാ! മഹാരാജാവേ! അങ്ങു് എന്നെ മറന്നുകളഞ്ഞാലും ഞാൻ ഒരുനാളും അങ്ങയെ മറക്കയില്ല. അങ്ങയേ അന്വേഷിച്ചത്രേ ഞാൻ ഈഘോരവനത്തിൽ വന്നിരിക്കുന്നതു്" എന്നു പറഞ്ഞു് അശ്രുധാരവൎഷിച്ചു. അതുകേട്ടു രാജാവു് ഇങ്ങനെ അല്പം ആലോചിച്ചു് ഈ "മഹാവനത്തിൽ ശാസനയ്ക്കു് നിൎഭയം വരുവാൻ സാധിക്കുമോ? ഒരിക്കലും സാധിക്കയില്ല. ഇവയെല്ലാംതപോജീവിതം കഴിക്കണമെന്നുള്ള എന്റെ സദുദ്ദേശ്യത്തെ വിഫലമാക്കുന്നതിനു് പിശാചുക്കൾ ചെയ്യുന്ന തന്ത്രങ്ങളത്രേ" എന്നു തീൎച്ചയാക്കി ധൈൎയ്യമവലംബിച്ചുകൊണ്ടു് അവളേയും ആ മരത്തേയും ഒരൊററ വെട്ടാൽ ഖണ്ഡിക്കുന്നുണ്ടെന്നു് ശപഥം ചെയ്തുകൊണ്ടു് വാളോങ്ങി. അതേ നിമിഷത്തിൽ ആ ശാസന അദ്ദേഹം ഭയന്നു് സംഭ്രമിക്കുമാറു് ഘോരമായ ദംഷ്ട്രങ്ങളെ നീട്ടിയും നിലത്തോളം മുട്ടുന്ന ജടയോടുകൂടിയും വലതു കരങ്ങളിൽ നൂറു വാളുകളും ഇടതു കരങ്ങളിൽ നൂറു പരിശകളും ധരിച്ചും മഹാഭയങ്കരാകൃതിയിൽ പ്രത്യക്ഷപ്പെട്ടു. മറേറ നൂറു സ്ത്രീകളും മഹാ രാക്ഷസികളെന്നോണം പല ആയുധങ്ങളേ വഹിച്ചു് മേഘംപോലെ ഗൎജ്ജിച്ചു് ഭൂമികുലുക്കം ഇടിമുഴക്കം അഗ്നിവൎഷം എന്നിവ പ്രദൎശിപ്പിച്ചുകൊണ്ടു് ആ പൂങ്കാവനത്തെ നരകത്തോടു സദൃശമാക്കി. ആ നൃപൻ

ലേശമെങ്കിലും ക്രൂസലെന്യേ, ഓങ്ങിയ വാൾ ഉറയിലേക്കിടാതെ തന്നെ ആ ഭയങ്കര സത്വങ്ങളേയും അവയ്ക്കാധാരമായിരുന്ന വൃക്ഷങ്ങളേയും വെട്ടി വീഴ്ത്തിയതോടുകൂടി, ആ പിശാചഗണങ്ങളെല്ലാം അപ്രത്യക്ഷമായി; ആരാമം പൂർവാധികം രാമണീയകത്തോടെ പ്രശോഭിച്ചു. ആ മഹാ വീരനായ നൃപനത്രേ, ഈ വനത്തിൽ വളരെക്കാലം കഠിനതപസ്സ് ചെയ്തു ജീവിച്ച ശേഷം ഈ മണ്ഡപം പണിയിച്ച് ഈ വിചിത്രങ്ങളേയും എഴുതിച്ചതു്. എന്നാൽ ഞങ്ങളെല്ലാവരും തന്നെ ഇവിടെ വന്നശേഷം ഈ ചിത്രങ്ങളേകണ്ടു് ആശ്ചര്യപ്പെടാറുള്ളതല്ലാതെ, ആ ചിത്രങ്ങളിൽ കുറിക്കപ്പെട്ടിരിക്കുന്നവരുടെ ചരിത്രങ്ങളേ ഗ്രഹിച്ചിട്ടില്ല. അവ അങ്ങയ്ക്കറിയാമെങ്കിൽ ദയവായി പറഞ്ഞുകേൾക്കാൻ ആഗ്രഹിക്കുന്നു.

യൗസേപ്പ്:- തപോനിധികളേ! ദൈവസഹായത്തോടുകൂടി തപോജീവിതം നയിക്കുന്നവർ പാപത്തിൽ വീഴുകയില്ല. അതിലേയ്ക്കു ആ രാജാവ് എഴുതിച്ചിട്ടുള്ള ഈ ചിത്രങ്ങൾതന്നേ ഉത്തമസാക്ഷ്യങ്ങളാകുന്നു. ഇവയെല്ലാം എൻെറ പൂർവന്മാരുടെ പ്രതിമകളത്രേ അവരുടെ ചരിത്രങ്ങളെ ഞാൻ പറഞ്ഞു കേൾപ്പിക്കാം. ഏറക്കുറെ രണ്ടായിരത്തിതൊള്ളായിരത്തൊരു വർഷങ്ങൾക്കുമുൻപേ യാക്കോബ് എന്നൊരു മഹാൻ ജീവിച്ചിരുന്നു. അദ്ദേഹം വേദനിയമങ്ങളെ ലംഘിക്കാതെ ഗൃഹസ്ഥാശ്രമധർമ്മത്തെ അനുഷ്ഠിച്ച് സമ്പാദിച്ചുവന്ന മഹാസുകൃതത്താൽ അദ്ദേഹത്തിനു ആദ്യത്തെ ഭാര്യയിൽ പത്തു പുത്രന്മാരും, ര

ണ്ടാമത്തെ ഭാൎയ്യയിൽ രണ്ടു പുത്രന്മാരും ജാതരായി. ദ്വിതീയ ഭാൎയ്യാപുത്രന്മാരിൽ മൂത്തവനും സുകുമാരകളേബരനുമായ ജോസഫിന്റെ പ്രതിമ ഇതാകുന്നു. ഇവൻ ചെറുപ്പത്തിൽ ഒരിക്കൽ നിദ്ര ചെയ്യുമ്പോൾ, സൂൎയ്യനും, ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും വന്നു് തന്റെ പാദത്തിൽ നമസ്കരിച്ചതായി സ്വപ്നം കാണുകയും അതിനെ തന്റെ പ്രിയസഹോദരന്മാരോടറിയിക്കയും ചെയ്തു. അപ്പോൾ അവർ ഞങ്ങളും അമ്മയച്ഛന്മാരുംവന്നു് നിന്റെ പാദത്തിൽ വീണു വണങ്ങിയെന്നോ നീ സ്വപ്നം കണ്ടതു് എന്നു പറഞ്ഞ് കോപിച്ചു്· അന്നുമുതൽ അവർ ഇവനു് വിരോധമായി പ്രവൎത്തിച്ചുവന്നു. ഇവൻ പിന്നീടൊരുദിവസം വനത്തിൽ ആടുമാടുകളെ മേയിച്ചുകൊണ്ടിരുന്ന തന്റെ സഹോദരന്മാരുടെ അടുക്കലേയ്ക്കു ഏകനായിച്ചെന്നു. അവർ ഉടനെ ഇവനെ പിടിച്ചു് ഒരു പൊട്ടക്കിണററിൽ എറിഞ്ഞു. പിന്നെ ഇവനെ എടുത്തു ആ വഴിയേ പോയിരുന്ന ചില വിദേശ വ്യാപാരികൾക്കു് അവർ വിററു. അത്രയുമല്ല അവർ ഇവന്റെ വസ്ത്രത്തെ ഉരിഞ്ഞെടുത്തു കീറി മൃഗരക്തത്തിൽ നനച്ചുകൊണ്ടുപോയി. “അവിടുത്തെ കനിഷ്ഠ പുത്രനായ ജോസഫിനെ ഏതോ ഒരു ദുഷ്ടമൃഗം കൊന്നുഭക്ഷിച്ചു കളഞ്ഞു”എന്നും “വഴിയിൽ കിടന്നു കിട്ടിയ അവന്റെ കുപ്പായം ഞങ്ങൾ എടുത്തുകൊണ്ടു പോകുന്നതാണു്“എന്നുപറഞ്ഞു് അതു് അഛനെ ഏല്പിച്ചു. തന്റെ കണ്ണുനീരാൽ ആ വസ്ത്രത്തെ നനച്ചു. അവയെല്ലാമാകുന്നു ഈ കാണുന്ന വിചിത്രങ്ങളായ ചിത്ര

ങ്ങളെന്ന് ഓരോന്നിനേയും പ്രത്യേകം തൊട്ടു കാണിച്ചു് മനസ്സിലാക്കി. ഇതുകേട്ട് ആ താപസന്മാരെല്ലാവരും അധികമായി സഹതപിച്ചു.

വീണ്ടും ആ മുനിശ്രേഷ്ഠൻ ചോദിച്ചു:- മാന്യരേ! അതാ ആ കാണുന്ന മനോഹരമായ മഞ്ചത്തിൽ വലിയ ദുഃഖഭാവത്തിൽ ഒരു സ്ത്രീ ഇരിക്കുന്നതായിട്ടൊരു രൂപം കാണുന്നല്ലോ; അതാരാകുന്നു?

യൗസേപ്പ്:-ശ്രേഷ്ഠരേ! ജോസഫിനേ വിററ വിവരം ഞാൻ മുൻപേ പറഞ്ഞുവല്ലോ. എന്നാൽ അവനേ വിലക്കു വാങ്ങിച്ച വണിക്കുകളാകട്ടെ, എജിപ്തിൽ ചെന്ന് അവിടുത്തേ ധനവാനായ പുത്തിപ്പാറിന് പിന്നെയും അവനെ വിലക്കു കൊടുത്തു. അവൻ ആ വീട്ടിൽചെന്നു കയറിയതുമുതൽക്ക് തൻെറ സമ്പത്തും കീത്തിയും പൂവ്വാധികം വദ്ധിച്ചു വന്നതിനേയും അവൻെറ സന്മാഗ്ഗ നടപടികളേയും കണ്ടു സന്തുഷ്ടനായ പുത്തിപ്പാർ അവനെ തൻെറ പുത്രനേപ്പോലെ സ്നേഹിച്ചു് തൻെറ ഗൃഹസംബന്ധമായ സകല കാൎയ്യങ്ങളേയും അന്വേഷിച്ചു കൊള്ളുന്നതിന് അവനേ അധികാരപ്പെടുത്തി. അതുപ്രകാരം എല്ലാ കാൎയ്യങ്ങളും അവൻ ഭംഗിയായിനടത്തിവരവേ, അവന്റെ നിസ്സീമ സൗന്ദൎയ്യാദി ഗുണങ്ങളെ കണ്ടു് മോഹിച്ചു് പ്രസ്തുത പുത്തിപ്പാറുടെഭാൎയ്യ അവനിൽഅനുരക്തയായി: അത്രയുമല്ല, പ്രേമ സൂചകമായി ചിലതൊക്കെ അവൾ പ്രവൎത്തിക്കയുമുണ്ടായി. എന്നാൽ അവൻ അവളുടെ ദുൎമ്മോഹത്തിന് ലേശവും വഴിപ്പെടാഞ്ഞതിനാൽ, അവൻതന്നെ കാമിച്ചതായി അവൾ കളവായ കുററം

ച്ചമത്തി, അവനെ കാരാഗൃഹത്തിലാക്കിച്ചു. ആ സ്ത്രീയുടെ പ്രതിമ ആകുന്നു അതു്. മറേറതു് ജോസഫ്കാരാഗൃഹത്തിലിരിക്കുന്ന ഭാവമാകുന്നു" എന്നുപറഞ്ഞു് ഓരോന്നും തൊട്ടുകാണിച്ചു.

ഇതു കേട്ടതോടുകൂടി ആ താപസന്മാരെല്ലാവരും വളരെ കുപിതരായി, ഇനി സ്ത്രീരൂപത്തെ സ്ത്രീരൂപമെന്നു് കരുതിക്കൂടാ, ഘോരരൂപമെന്നേ കരുതാവൂ; എന്നു് ഏകകണ്ഠമായി വിളിച്ചുപറഞ്ഞു. അപ്പോൾ അവരിൽ ഒരുവനായ പാണികമഹാമുനി ഇങ്ങനെ പറഞ്ഞു:—"ഭവാന്മാരേ! ആ വധു ആദ്യം അവനിൽ വലിയ സ്നേഹം പ്രദർശിപ്പിച്ചിട്ടു് ഒടുവിൽ മഹാദുഃഖം ഉളവാക്കിയതിനാൽ ഇനി ആരും സ്ത്രീകളുടെ വലയിൽ കുടുങ്ങി നശിക്കയില്ലെന്നു് സമാധാനിക്കാമല്ലോ." അതിനു് അദിഷ്ഠമുനി പറഞ്ഞു:—"ഞാൻ മുൻപേ പറഞ്ഞപോലെ വീടും നാടും വിട്ടു് വനത്തിൽ പോയാലല്ലാതെ ആ ദുരാശയേ ജയിക്കാൻ സാധിക്കയില്ല."

ഇതിനേക്കേട്ട താപസവരനായ മാർ യൗസേപ്പാകട്ടെ, തീയിലിടപ്പെട്ട അകിൽ സൗരഭ്യം പരത്തുന്നതെപ്രകാരമോ അപ്രകാരംതന്നെ, പരന്മാർ മൂലം സത്തുക്കൾക്കു് നേരിടുന്ന ഉപദ്രവങ്ങളും ദൈവാനുഗ്രഹത്താൽ നന്മയായി പരിണമിക്കുമെന്നു് എത്രയും സ്പഷ്ടമായിപ്പറഞ്ഞു് അവരെ മനസ്സിലാക്കി. അത്ര മാത്രമല്ല, അസ്വാതന്ത്ര്യവും കാരാഗൃഹവാസം അനുഭവിച്ചിരുന്നവനുമായ ജോസഫ്, തന്റെ സുകൃതമാതൃകയാലും മധുരവചനങ്ങളാലും തന്നോടുകൂടെ സഹവ

സിച്ചിരുന്ന തന്റെ സമസ്സൃഷ്ടങ്ങൾക്ക് നന്മ ചെയ്യതിനേയും, രാജാവു സ്വപ്നം കണ്ടതിനേയും, അവൻ അതിന്റെ സാരം ഗ്രഹിപ്പിച്ചുകൊടുത്തതിനേയും, അതിനാൽ അവൻ ആ രാജ്യത്തിന്റെ ശ്രേഷ്ഠമായ അധികാരത്തേയും ഐശ്വര്യത്തേയും പ്രാപിച്ചതിനേയും, അമ്മയച്ഛന്മാരും സഹോദരന്മാരും ചെന്ന് അവനെ വണങ്ങിയതിനേയും, അവരെ തന്റെ അത്ഭുതകരമായ ചരിത്രത്തേ അറിയിച്ച് അവരേയും നാട്ടുകാരേയും സംരക്ഷിച്ചു വന്നതിനേയും മററും യൗസേപ്പ് വിവരമായി എടുത്തുകാണിച്ച്, അവയെല്ലാം ഒരുത്തൻ നാട്ടിൽവച്ചു ചെയ്തുവന്ന സൽക്കർമ്മങ്ങളുടെ ഫലമായിട്ടുണ്ടായവയാണെന്ന് അനുഭവത്തേ ബോധപ്പെടുത്തുകയും ചെയ്തു.

അതിനാൽ ആ താപസന്മാക്ക് വാസ്തവജ്ഞാനമുണ്ടായി. യൗസേപ്പിനോടു പറഞ്ഞു:—പൂജ്യരേ! അങ്ങു പറഞ്ഞതു ശരിയാകുന്നു; ദൈവാനുഗ്രഹം ഇല്ലാത്തവക്ക് വേറെയെന്തെല്ലാമുണ്ടായിരുന്നാലും അതുകൊണ്ടു യാതൊരു ഫലവുമില്ല; അവർ ഭക്ഷിക്കുന്ന ഭക്ഷണവും വിഷമായിത്തീരും; സുഖവാസസ്ഥലങ്ങളിൽ പോയാൽ അവിടെയും അവക്കനുഭവം ദുഃഖം തന്നെ. കാലത്തെ കുളിച്ചാലും ഭാരമുള്ള ജട വളത്തിയാലും പ്രയോജനം എന്തു്? കാർത്തികൾ തിന്നും കാട്ടാറുകളിൽ കുളിച്ചും കറുത്തിരുണ്ട ജടയോടുകൂടി നടക്കുന്ന കരടികളും യോഗികളാകുമോ? അഗ്നിതുല്യമായ വനത്തിൽ വസിക്കുന്ന മാടപ്രാവുകളേയും, വൃക്ഷശാഖകളിൽ തല കീഴായി തൂങ്ങിക്കിടക്കുന്ന വാവലു

കളേയും തപസ്സികളെന്നു് കരുതാമോ? ഒരുവൻ പഞ്ചേന്ദ്രിയങ്ങളെ അടക്കിയാലും, മനസ്സിൻെറ ക്രമമല്ലാത്ത ആശയെ അടക്കുകയില്ലെങ്കിൽ ഫലമെന്തു്? അതു് ശത്രുക്കളെ ഭയന്നു് കോട്ടയുടെ വാതിലിനെ അടച്ചിട്ടുംകൊണ്ടു് ആത്മഹത്യ ചെയ്യുന്നതിനോടു സാദൃശമല്ലയോ? ജടയും വളൎത്തി ഭസ്മവും തേച്ചു് കൊക്കിൻചിറകോ കാഷായവസ്ത്രമോ ധരിച്ചുനടക്കുന്ന വേഷവും വിരൂപമായ കോലംതന്നെ. അതിനാൽ മനസ്സിൻെറ ദുൎമ്മോഹത്തെ നശിപ്പിച്ചു് അതിനെ ദൈവപ്രസാദംകൊണ്ടു് നിറച്ചാൽ,ക്ഷോഭിച്ച കടൽ മദ്ധ്യത്തിലും നിശ്ചലമായി നില്ക്കാം."

അവർ ഇപ്രകാരം യഥാൎത്ഥമായ തപോധൎമ്മത്തെ ഗ്രഹിച്ചതിൽ യൗസേപ്പു് ആഹ്ലാദഭരിതനായിത്തീൻ എന്നു മാത്രമല്ല, അവൾ ആ അറിവിനെ നല്കിയ ദൈവബാലനു് കൃതജ്ഞതാപൂൎവ്വം സ്തോത്രംചെയ്കയും വേറേയും ചില സുകൃതാഭ്യാസമുറകളെ അവരോടുപദേശിക്കയും ചെയ്തു. നേരം പ്രഭാതമായതോടുകൂടി ആ സന്ന്യാസികൾ അവരുടെ ചുറവും കൂടി സ്വാഗതം പറഞ്ഞു് അവരെ യാത്രയാക്കുകയും രണ്ടുപേരും ദിവ്യശിശുവിനെ എടുത്തുംകൊണ്ടു് ആ മണ്ഡപത്തെ വിട്ടു പുറപ്പെടുകയും ചെയ്തു.

## അദ്ധ്യായം ഒൻപതു്.

—:o:—

### ജലാശയത്തിന്ന് വരം ലഭിച്ചതു്.

ഭൂലോകത്തിന്നിരു നേത്രങ്ങളായ മർയൗസേപ്പും കന്യകാമറിയവും ദൈവകുമാരനോടുകൂടി വളരെ ദൂരം ചെന്നപ്പോൾ അവൎക്കെതിരേ ഒരു നദി കാണപ്പെട്ടു. അതിനേക്കുറിച്ചുള്ള വിശേഷങ്ങളറിവാൻ മാർ യൗസേപ്പ് ജിജ്ഞാസ പ്രദൎശിച്ചപ്പോൾ ഗബ്രിയേൽ പറയാൻതുടങ്ങി:— "ഇതാകുന്നു എജിപ്തു് രാജധാനിക്കു സമീപേകൂടി ഒഴുകുന്ന "കയ്യാറു്" എന്നു പറയപ്പെടുന്നതു്. മുമ്പേ പറഞ്ഞിട്ടുള്ളപോലെ, ആ നാട്ടിൽ കുടിയേറിപ്പാൎത്ത ഇസ്രായേൽക്കാർ കാലാന്തരത്തിൽ അനേകലക്ഷങ്ങളായി പെരുകിവരുന്നതുകണ്ടു ആ നാട്ടുകാർ ഭയപ്പെട്ടതിനാൽ, അവൎക്കുണ്ടാകുന്ന ആൺകുട്ടികളെ എല്ലാം ആററിലെറിഞ്ഞു കൊന്നുകളയണമെന്ന് ഒരു ക്രൂരകല്പനയുണ്ടായി. അതനുസരിച്ചു നടന്നുവരുന്ന കാലത്തു ഒരു തള്ള, താൻ പെററ കുഞ്ഞിനോടങ്ങനെ പ്രവൎത്തിക്കാൻ ധൈൎയ്യപ്പെടാതെ അതിനെ ഒരു ചെറിയ പെട്ടിക്കുള്ളിലാക്കി നദീതീരത്തുള്ള ഞാങ്ങണപ്പുല്ലുകൾക്കിടയിൽ വച്ചിട്ടു്, ദൂരത്തുമാറി മറഞ്ഞു നിന്ന് നോക്കിക്കൊണ്ടിരുന്നു. അല്പം കഴിഞ്ഞപ്പോൾ സ്നാനം ചെയ്യാനായി തൻെറ തോഴികളൊന്നിച്ചു് ഈ നദിയിലേക്കു വന്ന അവിടുത്തെ രാജകുമാരി അതിനെ എടുപ്പിച്ചു നോക്കിയതിൽ, അതിൻെറ സൗന്ദൎയ്യവിശേഷത്തേയും മററും കണ്ടു്

ആർദ്രചിത്തയായി, ഒരു ധാത്രിയെ അന്വേഷിച്ചു കൊണ്ടുവരുവാനേൎപ്പാടു ചെയ്തിട്ട്, കുട്ടിയേയുംകൊണ്ടു അരമനയിലേക്കു പോയി. ഞാങ്ങണയ്ക്കുള്ളിൽ കിടന്നു കിട്ടിയതിനാൽ മോശ എന്നു പേരിട്ട് വാത്സല്യത്തോടെ വളൎത്തിക്കൊണ്ടുവന്നു. എന്നാൽ അതിന്റെ തള്ളയേത്തന്നെ അവരറിയാതെ വളൎത്തമ്മയായി നിയമിച്ചതിനാൽ അതു നന്നായി പോഷിപ്പിക്കപ്പെട്ടും വന്നു. ആ ശിശു പ്രാപ്തിയായപ്പോൾ, ആ രാജകൊട്ടാരത്തിൽനിന്നും ഒളിച്ചോടി വനത്തിൽ പോയി ആട്ടുമാട്ടുകളെ മേച്ചുനടന്നുവരവേ, ദൈവാജ്ഞയാൽ അവൻ തന്റെ ജനത്തെ പറവോന്റെ അടിമയിൽ നിന്ന് വീണ്ടെടുത്ത സംഗതികളെല്ലാം നിങ്ങൾക്കറിവുള്ളതാണെല്ലോ. ഇപ്രകാരം പ്രസിദ്ധനായിത്തീൎന്ന മോശയേ തിരമാലകളായ തന്റെ കരങ്ങളിൽ വഹിച്ച കാരണത്താൽ ഈ നദിക്ക് കയ്യാറ് എന്ന നാമം നടപ്പായി."

അവർ ഇതുകേട്ടുകൊണ്ടേ നടന്ന് ഒരു പൂഞ്ചോലയുടെ മദ്ധ്യത്തിലായി കണ്ട താമരപ്പൊയ്കയുടെ തീരത്തിൽ പോയിരുന്നു. അവിടെ കിട്ടിയ കായ്കനികളെ ഭക്ഷിച്ചും ശുദ്ധജലം കുടിച്ചും കുറച്ചുനേരം വിശ്രമിച്ചു. അപ്പോൾ ദിവ്യകന്യക ദൈവബാലന്റെ തിരുമേനിയിലിട്ടിരുന്ന ഒരു വസ്ത്രത്തെ എടുത്ത് ആ തടാകത്തിൽ കഴുകി. ആ വിശേഷാൽ ജലപാനം ചെയ്യുന്നവരുടെരോഗത്തെ അത്ഭുതമായി സുഖപ്പെടുത്തികൊണ്ട് ഈ ദിനംവരെയും അതു വിളങ്ങിക്കൊണ്ടിരുന്നു. അവർ ആ നളിനസരസ്സിൽ ഭംഗിയായി

വികസിച്ചിരുന്ന ചെന്താമരപ്പൂക്കളെയും മധുവണ്ടു കണ്ണാനന്ദകരമായി ഗാനം ചെയ്തിരുന്ന ഭ്രമരഗണങ്ങളെയും കണ്ടു് സന്തുഷ്ടരായി ആ സ്ഥലംവിട്ടു് പിന്നെയും പുറപ്പെട്ടു.

---

## അദ്ധ്യായം പത്തു്.

:—:o:—:

### എജീപ്തിൽ ചെന്നുചേന്നതു്.

ചന്ദ്രസൂൎയ്യഗ്രഹണങ്ങൾ രണ്ടും പല നക്ഷത്രങ്ങളുടെ പരിവാരത്തോടുകൂടെ ചെല്ലുന്നതുപോലെ ഇവർ രണ്ടുപേരും ദൈവബാലനോടുകൂടി പതിനായിരം ദൈവദൂതന്മാരാൽ പരിസേവിതരായി എജീപ്തു് രാജ്യത്തിന്റെ അതിൎത്തിയിൽ പ്രവേശിച്ചു. ദൈവബാലൻ ആ ദേശവാസികളായ സകലപേൎക്കും നന്മ ചെയ്യാനായി ചെന്നിരിക്കുന്നതാകയാൽ ആ ഉൽകൃഷ്ടമായ ഉദ്ദേശത്തിനനുസരണമായി, മാലാഖമാർ അവൎക്കു നേർവഴി കാണിക്കാതെ പല പല ദിക്കുകളിലേക്കു് പോകുന്ന ദീൎഘവഴി കാണിച്ചുകൊടുത്തതേയുള്ളു. യഥാകാലം പെയ്യുന്ന മഴ സമൃദ്ധമായ വിളവു നൽകുന്നതുപോലെ, ധൎമ്മസ്വരൂപികളായ ഇവർ ചെന്നിടമെല്ലാം ദാനധൎമ്മങ്ങൾ വൎഷിച്ചു് ജ്ഞാനനന്മകൾ സമൃദ്ധങ്ങളായി. ദുഷ്കൃതങ്ങൾ കുറഞ്ഞിട്ടു് സുകൃതങ്ങളെങ്ങും നിറഞ്ഞു. പിശാചുക്കൾ ഭയന്നോടി നരകപാതാളങ്ങളിൽ അഭയം പ്രാപിച്ചു. അവരു

ടെ വാസസ്ഥലങ്ങളായിരുന്ന സ്വൎണ്ണാലയങ്ങളും കനത്തേരുകളും സ്വൎണ്ണശിലകളും തകൎന്ന് താഴെവീണു. ഇവയെല്ലാം കണ്ടു് ആ നാട്ടുകാർ പരിഭ്രാന്തചിത്തരായി. ദൈവകുമാരൻ പ്രത്യക്ഷപ്പെട്ടുത്തിയ ആ മഹാപ്രഭാവത്തെ ഇവർ രണ്ടുപേരും കണ്ടു് അത്ഭുതാനന്ദപരവശരായി; അദ്ദേഹത്തിൻെറ തൃപ്പാദങ്ങളെ വന്ദിച്ചു. ആ ബാലൻ ആ രാജ്യവാസികളായ പലൎക്കും പലവിധ നന്മകൾ ചെയ്യുന്നതിനുവേണ്ടി ഗ്രാമങ്ങൾതോറും ചുററിസഞ്ചരിച്ചു് ഒടുവിൽ, എരുമാപുരം എന്ന നഗരത്തിലെത്തി. അപ്പോൾ ആ കോട്ടവാതിലിന്നു സമീപത്തിൽ വളരെ വലിപ്പത്തിൽ വളൎന്നുയൎന്നു നിന്ന ഒരു വൃക്ഷത്തിനുചുററും ആ നഗരവാസികൾ കൂട്ടംകൂടി, അതിന്നു ദീപധൂപങ്ങളൎപ്പിച്ചു് നൈവേദ്യം മുതലായവ ചെയ്തുകൊണ്ടിരുന്നു. ആ വൃക്ഷത്തിൽ വളരെക്കാലമായി കുടികൊണ്ടിരുന്ന ഒരു പിശാചു് പതിവുപോലെ സൎപ്പാകൃതിയിൽ ഇറങ്ങിവന്നു്, അവരുടെ ചോദ്യങ്ങൾക്കെല്ലാം യഥാക്രമം മറുപടി പറഞ്ഞുകൊണ്ടുമിരുന്നു. ഇവർ രണ്ടുപേരും നടന്നു് ആ കോട്ടവാതലിന്നു് സമീപമായപ്പോൾ ദൈവസുതൻെറ പ്രഭാവത്താൽ ആ പിശാചു് ഭയാക്രാന്തനായി ആ മരത്തെ ഉപേക്ഷിച്ചു് ഓടിപ്പോയി. ഉടനേ ആ വൃക്ഷം ഇവരെ വണങ്ങുന്നതുപോലെ തല ചായ്ച്ചതിൽ പിന്നെ നിവൎന്നില്ല. അന്നുമുതൽ ആ വൃക്ഷത്തിൻെറ ഇല ഭക്ഷിക്കുന്നവരുടെ രോഗത്തെ അത്ഭുതമായി സുഖപ്പെടുത്തുന്നതിനുള്ള വരം അതിന്നു ലഭിച്ചു. ആ അത്ഭുതം ഈ ദിവസം വരെയും നടന്നുവരുന്നു.

ഇപ്രകാരം അവർ ഗ്രാമങ്ങൾതോറും പല നന്മകളും അത്ഭുതങ്ങളും ചെയ്തുകൊണ്ടു സഞ്ചരിച്ചു്, നസറേത്തുനിന്നും പുറപ്പെട്ട അൻപതാംദിവസം, നയിൽ നദിയേ മാലയായും പൊൻമതിലിനെ ഹാരമായും അണിഞ്ഞു വിളങ്ങുന്ന എജിപ്തു് രാജ്യത്തിന്റെ രാജധാനിയിലെത്തി, അവിടെയൊരു ചെറുഗൃഹത്തിൽ പാർത്തുവന്നു.

---

## അദ്ധ്യായം പതിനൊന്നു്.

—:o:—

### പിശാചുകളുടെ രഹസ്യാലോചനാ സഭ.

മേൽ പ്രസ്താവിച്ചപ്രകാരം ദൈവകുമാരൻ ആ രാജ്യത്തിന്റെ അതിർത്തിയിൽ പ്രവേശിച്ച മാത്രയിൽ അവിടെ ഉണ്ടായിരുന്ന പിശാചുകളാസകലം നടുങ്ങി നരകപാതാളത്തിൽ ചെന്നുവീണു. അതുകണ്ടു പിശാചു രാജൻ, എത്രയും ഗൌരവതരമായ ഈ യാദൃഛിക സംഭവത്തിന്റെ കാരണമറിയിക്കുവാൻ അവരോടാവശ്യപ്പെട്ടു. അതിന്നു് ആ നരകീയസേനകൾ പറഞ്ഞു:— "മഹാരാജാവേ! ഞങ്ങളെല്ലാവരും ഇന്നോദിനം വരെയും എജിപ്തു് നാട്ടുകാർ വണങ്ങുന്ന ദേവന്മാരായി കഴിഞ്ഞുപോന്നു. ഇന്നു് ഏതോ ഒരു ശക്തിയാൽ തള്ളപ്പെട്ടു് ഇവിടെ വന്നുവീണുപോയി. അതു് എന്തെന്നു് മനസ്സിലാകുന്നില്ല." ഉടനേ പിശാചുനാഥൻ കോപത്തോടുകൂടി, അതിന്റെ കാരണത്തെ ഞാൻതന്നെ അറിഞ്ഞുവരുന്നുണ്ടു

ന്നു ഗജ്ജിച്ചുംകൊണ്ടു പുറപ്പെട്ടുപോയി. ആ നാടെല്ലാം ചുററിത്തിരഞ്ഞു നോക്കിയിട്ടും, തങ്ങളുടെ വസതികളും തേരുകളും വിഗ്രഹങ്ങളും അടിയോട് തകൎന്നുകിടക്കുന്നതു കണ്ടതല്ലാതെ അതിനുള്ള കാരണങ്ങളൊന്നും അവന്റെ ദൃഷ്ടിയിൽ പെട്ടില്ല. അതിനാൽ ക്ഷണം നരകത്തെ പ്രാപിച്ച് ഏഴു തലയും, പതിനാലു കൊമ്പും, ഭാരമേറിയ ജടയും, ഘോരമായ ദംഷ്ട്രവും, കഴുതച്ചെവിയും, അഗ്നിസ്ഫുലിംഗങ്ങൾ പറക്കുന്ന നേത്രങ്ങളും ചേൎന്നുള്ള തന്റെ രാജചിഹ്നങ്ങളോടുകൂടി അഗ്നിസിംഹാസനത്തിൽ എഴുന്നള്ളിയിരുന്ന്, ത്രിശൂലമാകുന്ന ചെങ്കോൽ സ്വീകരിച്ച് അട്ടഹാസം ചെയ്തുകൊണ്ട് തന്റെ ജനത്തലവന്മാരെ നോക്കി ഇപ്രകാരം പ്രസംഗിച്ചു:— "ഓ! വീരശിഖാമണികളെ! ആദിയിൽ നാമെല്ലാവരും അഹങ്കാരത്താൽ സ്വൎഗ്ഗത്തെവെടിഞ്ഞു നരകത്തെ പ്രാപിച്ചു; എങ്കിലും എന്തു്? ഞാൻ എന്റെ ശക്തിയാലും നിങ്ങളുടെ സഹായത്താലും പിശാചുകൾക്കെല്ലാം രാജാവായി കീൎത്തിനേടി; ലോകവാസികൾ എന്നെ വണങ്ങിയും, സ്വൎണ്ണാലയങ്ങൾ പണിയിച്ച് എനിക്ക് ബലികൾ തന്നും വന്നു. തന്മൂലം നാം ഇന്നേദിവസം വരെ പ്രൌഢിയോടുകൂടി വസിച്ചു. എന്നാൽ ഇപ്പോളാകട്ടെ, എന്റെ ശക്തി ക്ഷയിക്കുകയും, എജിപ്ത്കാരുടെ ദേവന്മാരായ എന്റെ സേനകൾ ഭയന്നോടുകയും, അവരുടെ ആലയങ്ങളും ബിംബങ്ങളും ഇടിഞ്ഞുവീണു കിടക്കുകയും ചെയ്യുന്നതു് കണ്ടിരിക്കുന്നു: ഇതിനാലാകുന്നു, ആ നാട്ടുകാർ നമ്മുടെ ജനത്തെ

വെടിഞ്ഞു് അവക്കു് ചെയ്തുവന്ന പൂജ മുതലായവയെ നിശ്ശേഷം ഉപേക്ഷിച്ചതു്. ഏതുമുമാപുരത്തിൽ നമ്മുടെ ആരാധനത്തിനാസ്പദമായിരുന്ന ആ ഉന്നത വൃക്ഷത്തെ നമ്മൾ വിട്ടകന്നശേഷം, അതു് ഇപ്പോൾ മനുഷ്യരുടെ രോഗം സുഖപ്പെടുത്തുന്ന ഒരു ദിവ്യഔഷധമായി വിളങ്ങുന്നു. ആരെയും മയക്കുന്ന എന്റെ അറിവുകൊണ്ടു് ഇവയുടെ കാരണത്തെ ഞാൻ ആരാഞ്ഞു് നോക്കിയിട്ടും ഒന്നും അറിവാൻ കഴിഞ്ഞില്ല. മറിയയും യൗസേപ്പും എന്ന ഏതോ രണ്ടു യൂദർ എന്തു കാരണത്താലോ എജിപ്തിലേക്കു് വന്നിരിക്കുന്നതായി കേട്ടു. തെണ്ടിത്തിന്നു നടക്കുന്ന പരദേശികളായ അവരെക്കൊണ്ടു് എന്തു സാധിക്കും. എന്നാൽ അവർ ലോകജീവിതസുഖത്തെ വെറുത്തവരും, നമ്മുടെ നയവഞ്ചനകളിൽ ഉൾപ്പെടാത്തവരും, യഥാൎത്ഥ സന്ന്യാസികളും ആണത്രേ. ആണെങ്കിൽ തന്നെ നമുക്കെന്തു്? ദൈവം ഒരുവനൊഴിച്ചു് മററു മാലാഖമാർ തന്നെ നേരിട്ടു് എതിൎത്താലും ഒരു കയ്യു്നോക്കുകതന്നെ. ആകയാൽ വയസ്സുകൊണ്ടും അനുഭവംകൊണ്ടും വലിയവരായ നിങ്ങൾ ഇവയെ യഥാമതി പൎയ്യാലോചിച്ചു് തക്കതായ പ്രതിവിധിമാൎഗ്ഗത്തെ കണ്ടുപിടിച്ചു് നമ്മോടുണൎത്തിക്കണം.”

അപ്പോൾ മേൽപ്പറഞ്ഞ യോഗ്യതകളെല്ലാം തികഞ്ഞു് പകപ്പതവന്ന ജിതാവ്യൻ എന്നൊരു ദുഷ്ടാരൂപി എഴുന്നേററു് പിശാചനാഥനെ ബഹുമാനപൂൎവ്വം ഉപചാരം ചെയ്തു് പറഞ്ഞു:— “മഹാരാജാവേ! നയശാലികളും കൗശലക്കാരുമായ വഞ്ചകന്മാർ ത

ങ്ങൾക്കുണ്ടായ പരാജയത്തെ ഓൎത്തു് അതിൻെറ ദോഷഫലത്തെ നിരോധിക്കാനുള്ള വഴി നോക്കാതേ അതുമൂലം തങ്ങളുടെ സ്ഥിതിക്കു് ഹാനി ഭവിച്ചുപോയെന്നു കരുതി ഉദാസീനരായിരിക്കുകയില്ല. അങ്ങിനെ മടുത്തുപോയാൽ ജീവിതംതന്നെ അതി ദുഷ്കരവും മഹാ ഭാരവുമായിത്തീരും. ആദിയിൽ മാലാഖമാരുടെ ഇടയിലുണ്ടായ യുദ്ധത്തിൽ നാം തോററുപോയെങ്കിലും അതുകൊണ്ടു് നമുക്കുണ്ടായ വൈഷമ്യമെന്താണു്? അതുമൂലമല്ലയോ പല മനുഷ്യരും അങ്ങയേ വണങ്ങുകയും അങ്ങു് മഹിമയുള്ള ചെങ്കോൽ ധരിച്ചു് സവിശേഷമായ വിധത്തിൽ രാജ്യഭാരം ചെയ്കയും ചെയ്തുവരുന്നതു്. അറിവില്ലാതെ അന്ധകാരമാൎഗ്ഗത്തിലേക്കു പോകുന്ന മനുഷ്യരെ വഞ്ചിക്കാൻ നമുക്കു് പ്രയാസമുണ്ടോ? അവരുടെ അറിവില്ലായ്മയിൽ കുറഞ്ഞൊന്നു പറയാം കേൾപ്പാറാകണം. ഒരു പിതാവു് മരിച്ചുപോയ തൻെറ പുത്രൻെറയും, ഒരു പുത്രൻ നിൎയ്യാതനായ പിതാവിൻെറയും പ്രതിമകളുണ്ടാക്കിച്ചുവച്ചു് അവയെ ദേവന്മാരായിട്ടുവണങ്ങുകയും അതുപോലെതന്നെ പലരും പല ദേവന്മാരെ ഉണ്ടാക്കി ആരാധിക്കുകയും ചെയ്യത്തക്കവണ്ണം ഞാൻ ചെയ്ത സൂത്രത്താൽ അനേകംപേരെ നരകത്തിൽ വീഴിച്ചതു് അങ്ങു് അറിയുന്നുവല്ലോ. അങ്ങനെയിരിക്കെ, ഇപ്പോഴുണ്ടായ സംഗതികളെക്കുറിച്ചു് ഇത്രയധികം വിചാരിച്ചു് വൃഥാ മനസ്സു് പുണ്ണാക്കുന്നതെന്തിനു്? ആ നാട്ടുകാരെ മുഴുവനും ഒരേ ക്ഷണത്തിൽ തിരിച്ചു് അങ്ങയെ വണങ്ങുമാറു ചെയ്യിക്കുന്നതിനു് എൻെറ ഒരുത്ത

ന്റെ തന്ത്രംമാത്രം ധാരാളം മതിയാകുന്നതാണ്.

ഇത് എത്രയും യുക്തിയുക്തമായിരിക്കുന്നു എന്നു പിശാചുജനങ്ങളിൽ ഭൂരിപക്ഷവും അഭിപ്രായപ്പെട്ടു. എന്നാൽ മായാവിദ്യയിൽ പേരെടുത്ത വിൻറാൻ എന്നൊരു ദുഷ്ടാത്മാവു "അല്ലയോ രാജശ്രേഷ്ഠാ! മനുഷ്യരേ വഞ്ചിക്കുന്നതു് ഇത്രവളരെ പ്രയാസമുള്ള ഒരു കാര്യമാണോ? അവർ സുഖകാലത്തു ചെയ്യുന്ന നല്ല കാര്യത്തെ ദുഃഖകാലത്തു് തന്നെത്താൻ പാപമായി മാററിക്കൊള്ളും. ഇതത്ര അത്ഭുതമെന്നു തോന്നുന്നുണ്ടോ! എന്നാൽ മററുപ്രകാരത്തിൽ ഞാൻ അവരേ കബളിപ്പിച്ചിട്ടുള്ളതു പറയാം; കേൾക്കുമാറാകണം. ഇസ്രായേൽക്കാർ എജിപ്തിൽനിന്നും പുറപ്പെട്ടു് മണൽക്കാട്ടിൽക്കൂടി വരുമ്പോൾ ദൈവത്തിൻെറ മേൽ അന്യായമായി ദോഷാരോപണം ചെയ്കതിനാൽ അവൻ കോപിച്ചു്, അവരുടെ കുഞ്ഞുങ്ങളേ പാമ്പുകടിച്ചു കൊല്ലുന്നതിന് അനുവദിച്ചു. അവർ ഭയന്നു് ദൈവത്തിൻെറ പാദത്തിൽ വീണു് അപേക്ഷിച്ചപ്പോൾ അവൻ ദയവായി മോശയേക്കൊണ്ടു് ഒരു പിച്ചളസർപ്പത്തെ ഉണ്ടാക്കിച്ചു. അതിനേ നോക്കുന്നവരെല്ലാവരേയും ആ വിഷത്തിൽനിന്നും രക്ഷിച്ചു. ഈ ഉപകാരത്തിൻെറ സ്മരണക്കായി അവർ പലപ്പോഴും സർപ്പരൂപങ്ങളുണ്ടാക്കിച്ചു്, ദൈവംചെയ്ത ഉപകാരത്തെ ഇതുമൂലം തങ്ങളുടെ കുഞ്ഞുങ്ങളെ കാണിച്ചു് അവനെ സ്തുതിപ്പിച്ചുവന്നു. കാലക്രമേണ അവരുടെ സന്താനങ്ങളുടെ ഇടയിൽ ഞാൻ തന്ത്രത്തിൽ നുഴഞ്ഞുകയറി, ആ സർപ്പരൂപം ദൈവമാണെന്നും അതിൻെറ പേ

രു നാഗനാഥൻ എന്നാണെന്നും, അതിനേ വണങ്ങി യാൽ സകല വിഷവും നശിച്ചുപോകുമെന്നും ഉപദേശിച്ചു്, അതിന്ന് ആലയങ്ങൾ പണിയിക്കയും ബലികൾ ചെയ്യിക്കയും ചെയ്തു."

"മോശ പിച്ചളസപ്പം ഉണ്ടാക്കിയിട്ടു് ആയിരത്തിഅൻപത്തിരണ്ടു വർഷങ്ങൾക്കുശേഷം, യൂദയാദേശത്തേ ഭരിച്ചിരുന്ന എസക്കിയേൽ നൃപൻ ആ രൂപത്തേ ഉടച്ചെറിഞ്ഞു്, ഇനി ആരും നാഗാരാധന ചെയ്തുപോകരുതു് എന്നു ഖണ്ഡിതമായ കല്പന പുറപ്പെടുവിച്ചു. എങ്കിലും എൻെറ നിരന്തരവും അക്ഷീണവുമായ പരിശ്രമം മൂലം ഇന്നും പല രാജ്യക്കാരിൽനിന്നും ആ ആരാധനയേ നിശ്ശേഷം നശിപ്പിച്ചു കളയാതെ നടത്തിക്കൊണ്ടു വരുന്നു. അങ്ങിനെയുള്ള എൻെറ സാമത്ഥ്യത്താൽ അസാദ്ധ്യമായിട്ടൊരു കാൎയ്യമുണ്ടോ?"

ഉടനേ ശൂന്യകാസ്യനായ ശത്തനാസൻഎന്നൊരു ദുഷ്ടാരൂപി എഴുന്നേററു് പിശാചനാഥനേ ബഹുമാനപൂൎവ്വം വന്ദനം ചെയ്തിട്ടു് ഇപ്രകാരം ബോധിപ്പിച്ചു "പ്രഭോ! വെള്ളത്തിലേക്കുമള എന്നോണം ചപലവും അസ്ഥിരവുമായ മനുഷ്യചിത്തത്തേ നിഷ്പ്രയാസം വഞ്ചിച്ചുകൊണ്ടു് ഈ നാൾ വരെയും നാം ഭരിച്ചുവന്നു. എന്നാൽ ഇപ്പോൾ നടന്ന സംഭവങ്ങളേക്കുറിച്ചു് ഗൗനിച്ചാൽ ഇനി നമ്മുടെ കാൎയ്യങ്ങൾ സഫലമായി ഭവിക്കുന്നതു് അസാദ്ധ്യമായിട്ടാണു് എനിക്കുതോന്നുന്നതു്. അതിനാൽ നാം ഇനി ഭൂലോകത്തിലേക്കു പോകുന്നതിനേ നിറുത്തിവച്ചിട്ടു്, മുൻപേ കഴിഞ്ഞുവന്നതുപോലെ ഇവിടെത്തന്നെ നമ്മുടെ ക്രൂരകൎമ്മങ്ങ

ളെ നടത്തിക്കൊണ്ടുവരുന്നതു് ഉചിതമായിരിക്കും എന്നാണെന്റെ അഭിപ്രായം" ശത്തനാസനൻപറഞ്ഞുതീരുംമുൻപേ അവനോടൊരിക്കലും യോജിക്കാത്ത തിരങ്കരൻ എന്ന പിശാചു് കോപത്തോടെ എഴുന്നേററു് ഈ വിധം കഥിച്ചു:— "വഞ്ചകന്മാൎക്കാശ്രയമായ മദീയനാഥാ! ചതിചെയ്യു തളൎന്നുപോയ ഈ ശത്തനാസന്റെ ആലോചനയെ ലേശമെങ്കിലും സ്വീകരിക്കരുതു. ഭീരുവിന്റെ വാക്കിനെ വിശ്വസിക്കുന്നവൻ ഒരു നാളും അഭ്യുദയത്തെ പ്രാപിക്കയില്ല." ഇതിനെ ശ്രദ്ധിച്ചു കൊണ്ടിരുന്ന ശത്തനാസൻ കുറഞ്ഞൊന്നു നിന്ദാസൂചകമായി പറഞ്ഞു:— "ഞാൻ പറഞ്ഞതിനെ നിന്ദിക്കുന്നവൻ കേവലം ഈ തിരങ്കരൻ ആണപോലും! പിശാചുജനത്തിന്റെ മാഹാത്മ്യത്തെകെടുത്താൻ ഇവൻതന്നെ ഒരു പിശാചായി ജനിച്ചിരിക്കയാണു്" ഇത്രയും പറഞ്ഞതും, തിരങ്കരൻ കോപാക്രാന്തനായി ചാടി എഴുന്നേററു് ശത്തനാസനെ കണക്കിനൊന്നു പ്രഹരിച്ചതും ഒരുമിച്ചുകഴിഞ്ഞു. അവൻ മേഘംപോലെ ഗജ്ജിച്ചുകൊണ്ടു് മുമ്പോട്ടുചാടി തിരങ്കരനെ ഊക്കോടെ തൊഴിച്ചു. അവൻ ശത്തനാസന്റെ മേൽ വീണു കടിച്ചു. പിന്നീടുണ്ടായ സംഭവങ്ങളൊന്നും പറയാവതല്ല. അടിച്ചും ഇടിച്ചും പിടിച്ചും വലിച്ചും ഉന്തിയും തള്ളിയും വളരെ നേരം സമരം ചെയ്തു. ഒടുവിൽ പിശാചരാജൻ തന്റെ അധികാരം പ്രയോഗിച്ചപ്പോൾ മാത്രമേ കലഹം ശമിച്ചുള്ളു. ശത്തനാസൻ പറഞ്ഞു:—"കൊള്ളാം; നന്നായി. ഞാനും ഈ തിരങ്കരനും ഇതേവരെ ചെയ്തി

ട്ടുള്ള സാമൎത്ഥ്യപ്രവൎത്തികളെ ഓരോന്നായി അങ്ങയുടെ സന്നിധിയിൽ ബോധിപ്പിക്കാം. ഞങ്ങൾ രണ്ടുപേരിൽ സാമൎത്ഥനാരാണെന്നു് അങ്ങുതന്നെ തീൎച്ചപ്പെടുത്തണം.”

“മഹാരാജാവേ! എത്രയും ഐശ്വൎയ്യസമ്പൂൎണ്ണവും സുഭിക്ഷവുമായ ഒരു രാജ്യത്തെ മനുഷ്യാത്മാക്കളെ നശിപ്പിക്കുന്നതിനല്ലയോ എനിക്കധികാരം നൽകിയതു്. ഞാൻ അവിടെ ചെന്നിട്ടു് അല്പദിവസങ്ങൾക്കുള്ളിൽ അവരെ എല്ലാവരേയും എന്റെ വശത്താക്കി എന്നുമാത്രമല്ല, അങ്ങയേയും എന്നേയും നമ്മുടെ സ്നേഹിതന്മാരേയും അവരാരാധിക്കത്തക്കവണ്ണം പ്രവൎത്തിക്കയും ചെയ്തു. ഇപ്പോൾ അവരുടെ സംഖ്യ എണ്ണിയാലൊരുവിധം അറിയാമെങ്കിലും അവരുടെ ദേവന്മാരുടെ സംഖ്യ എണ്ണി തിട്ടപ്പെടുത്താൻ പ്രയാസം. അവർ ചെയ്തുവരുന്ന നീച കൃത്യങ്ങളെ പറയുവാൻ അവർതന്നെ ലജ്ജിക്കുന്നു. എന്നാൽ അവരെക്കൊണ്ടു് അപ്രകാരം ചെയ്യിക്കുന്നതിന്നു് ഞാൻ ചെയ്ത സൂത്രം എത്ര രസാവഹമായിട്ടുള്ളതാണു്. അതു നിങ്ങൾ മുൻപേതന്നെ അറിഞ്ഞിട്ടുള്ളതാണല്ലോ. ഇനി ഈ തിരങ്കരന്റെ വൈഭവത്താൽ സാധിച്ചിട്ടുള്ളവ, എന്തൊക്കെയെന്നു പറയട്ടെ.”

തിരങ്കരൻ ഝടുതിയിൽ എഴുന്നേറ്റു് താൻ ചെയ്തിട്ടുള്ള നിരവധി വീരകൃത്യങ്ങളെക്കുറിച്ചു് ഒന്നുമേപറയാതെ ഒരു പുഛരസത്തിൽ ഇപ്രകാരം ചോദിച്ചു: “മനുഷ്യർ പ്രകൃത്യാ തന്നെ കാമാഗ്നിയിൽ നിമഗ്നരാ

യിരിക്കെ, ദേവന്മാരും തദഗ്നിയിൽ മഗ്നരായി മഹത്വം പ്രാപിച്ചവരാണെന്ന് വരുത്താൻവേണ്ടി ഈ ശത്തനാശൻ പ്രവൎത്തിച്ചതു് ഒരു സാമൎത്ഥ്യമായി പറയത്തക്കതാണോ?” പിശാച രാജൻ ഇതിനെ തട്ടുത്തു വെട്ടെന്നു പറഞ്ഞു:-“ഇല്ല ഇല്ല; ഇന്നു ലോകവാസികളെ വഞ്ചിക്കുന്നതിൽ ശത്തനാസനുശരി സമൎത്ഥനായിട്ടു ഉള്ളവൻ ഒരുവനുമില്ല. അതിനാൽ അവനെ പിശാച ജനങ്ങൾക്കെല്ലാം തലവനായി നിയമിച്ചിരിക്കുന്നു.” തൽക്ഷണം തന്നെ അവന്റെ വിശേഷാധികാരത്തെ ലക്ഷ്യമാക്കി അവന്റെ ശിരസ്സിൽ ഒരു കൊമ്പുകൂടി സ്ഥാപിച്ചു.

അതിനുശേഷം നമ്മുടെ അധികാരം ഭൂമിയിൽ നടക്കയില്ലെന്നും അതിനാൽ നരകത്തിൽതന്നെഅധിവസിക്കുന്നതാണു നല്ലതെന്നും മുൻപേ ശത്തനാസൻ പറഞ്ഞതിനു മതിയായ കാരണം വല്ലതുമുണ്ടെങ്കിൽ പറയണമെന്നു പിശാചനാഥൻ ആവശ്യപ്പെട്ടു. ശത്തനാസൻ ഇപ്രകാരം സയുക്തികമായി പറഞ്ഞു:- “നാം സ്വൎഗ്ഗരാജ്യത്തിൽനിന്നും ബഹിഷ്കരിക്കപ്പെട്ടതിന്റെ ശേഷം മനോഹര പറുദീസായിൽ വസിച്ചിരുന്ന ആദംഹാവായെ ചതിച്ചു. അപ്പോൾ അവരെ രക്ഷിക്കുന്നതിനും നമ്മുടെ ശക്തിയെ തകൎക്കുന്നതിനും ഒരു രാക്ഷസനെ അയയ്ക്കുമെന്ന് സ്രഷ്ടാവ് കല്പിച്ചില്ലയോ? അതിനു സാക്ഷ്യമായി 14 മാസങ്ങൾക്കു മുൻപ് ദൈവത്തിന്റെ മനുഷ്യാവതാരം, 4 മാസങ്ങൾക്കു മുൻപ് അവിടുത്തെ ജനനം, പതിന്നാലു മാസങ്ങൾക്കു മുൻപ് ഒരു പ്രാവശ്യവും പിന്നീടു 4 മാസങ്ങൾ

ക്ക മുൻപ് മറെറാരു പ്രാവശ്യവും പൊട്ടുന്നനവേ നാമെല്ലാവരും നരകത്തിൽ പതിച്ചിരിക്കുന്നു. ഇതിന്റെ കാരണമറിയുന്നതിനായി നാമവിടെ ചെന്നപ്പോഠം, ആ കാലത്തിൽവൃക്ഷലതാദികളെല്ലാം പൂത്തു കായ്കനികളും കനികളുംകൊണ്ടു് സമൃദ്ധങ്ങളായി, ഭൂലോകം സ്വർല്ലോകം പോലെ ആനന്ദിച്ചിരിക്കുന്നതുകണ്ടു്, ദൈവം അവതരിച്ചിരിക്കുമോ എന്നു് സംശയഗ്രസ്തനായി നിങ്ങഠം എന്നോടു ചോദിച്ചു. ബേസ്ലഹം നഗരത്തിന്നു സമീപത്തിൽ ഒരു ശിശു ജനിച്ചിട്ടുണ്ടെന്നു് ഞാൻ മറുപടി പറഞ്ഞു. അതിന്നു് സൃഷ്ടികത്താവ് അപ്രകാരം അപ്രസിദ്ധനായി ജനിക്കയില്ലെന്നു നിങ്ങഠം എന്നോടു പറഞ്ഞു. എന്നാൽ ഇപ്പോഠം നടന്ന സംഭവങ്ങളെ ഗൗനിച്ചു നോക്കിയിട്ടു്, ആ കുട്ടി രക്ഷകനായിരിക്കണമെന്നു് തോന്നുന്നു" ഇതും ആലോചിക്കേണ്ട ഗൗരവമുള്ള ഒരു പ്രമേയം തന്നെയാണെന്നു് അഗീദത്തൻ എന്ന പിശാചു അഭിപ്രായപ്പെട്ടു. ഉടനെ ജിതവ്യൻ എന്ന മറെറാരു ദുഷ്ടാത്മാവു് അതിനെ നിഷേധിച്ചുകൊണ്ടു് ഇപ്രകാരം കാൎയ്യകാരണസഹിതം ചോദിച്ചു:—"നീ പറഞ്ഞ ശിശു ബേസ്ലഹം മഹാനഗരത്തിന്റെ സമീപത്തു് മൃഗങ്ങഠം വന്നടയുന്ന പൎവ്വതഗുഹയിലല്ലേ ജനിച്ചിരിക്കുന്നതു്? മിക്കവൊറും രക്ഷകൻ അപ്രകാരം ജനിക്കുമോ! ദരിദ്രരിൽനിന്നു് ജനിച്ചു് സ്വയം ദരിദ്രനായി, സ്വദേശം വിട്ടു് പരദേശത്തുചെന്നു് കഷ്ടപ്പെടുന്ന ഒരു കുട്ടിയോ, ഈ ലോകത്തെ രക്ഷിപ്പാൻ വന്ന സൎവ്വശക്തിയോടുകൂടിയ ദൈവമാകുന്നതു്!!" ഈ അഭിപ്രാ

യത്തോടു അധികം പിശാചുക്കളും യോജിച്ച് പല പല ന്യായങ്ങൾ പ്രസ്താവിച്ചു. ഒടുവിൽ പിശാചരാജൻ പറഞ്ഞു:— "ഒരു നിത്യകന്യകയിൽനിന്ന് ദൈവം അവതരിക്കുമെന്ന് വേദത്തിൽ എഴുതപ്പെട്ടിരിക്കെ യൗസേപ്പിനെ ഭത്താവായി സ്വീകരിച്ച മറിയയെന്നവൾ പ്രസവിച്ച കുട്ടി ലോകരക്ഷകനാകുന്നതെങ്ങനെ? ഛീ! ഒരിക്കലുമില്ല. എല്ലാം അറിയത്തക്ക ജ്ഞാനികളായിരിക്കുന്ന നാം അറിയാതെ അവൻ ജനിച്ചിരിക്കുമെന്നുള്ളതു് ശുദ്ധമേ ഭോഷ്ക്ക്. അവൻ ജനിച്ചിട്ടില്ലെന്നുള്ളതാണ് വാസ്തവം. ഇനി ആ സന്ദേഹത്തെ ദൂരെക്കളഞ്ഞിട്ട് ഇപ്പോൾ നമുക്ക് നേരിട്ടിരിക്കുന്ന പ്രതിബന്ധങ്ങളെ നിഷ്പ്രയാസം ദൂരീകരിക്കത്തക്ക മാർഗ്ഗത്തെപ്പററി ആലോചിച്ചു പറയുവിൻ"

അപ്പോൾ വിരഹദുഃഖം ഉളവാക്കുന്നതിൽ അതിസമത്ഥനായ വിരഹവായു എന്നൊരു ദുഷ്ടാത്മാവ്, ചെമ്മരിയാടിന്റെ മുഖവും കൊമ്പുകൾക്കിടയിൽ സർപ്പരൂപവും ചേൎന്നുള്ള തന്റെ മുഖാകൃതിയെ പ്രദൎശിപ്പിച്ചുകൊണ്ടു് പറഞ്ഞു:— "എജീപ്ത് നാട്ടിൽ സംഭവിച്ചവയെക്കുറിച്ച് നമ്മളിത്രയേറെ ആലോചിക്കാനെന്തിരിക്കുന്നു! പോരിൽ പിന്മാറാത്ത വീരയോദ്ധാക്കളെയും സുപ്രസിദ്ധന്മാരായ വിദ്വൽ ശിരോമണികളേയുംഐശ്വര്യമൂൎത്തികളായ മഹാരാജാക്കന്മാരേയും നിമേഷമാത്രംകൊണ്ടു് വഞ്ചിക്കുവാനിന്നു ശക്തമായുള്ളതു കാമമൊന്നു മാത്രമാകുന്നു. നരകാഗ്നിയിൽ മുഴുകിക്കിടക്കുന്നവരിൽ അധികം പേരും ആ

മോഹവഹ്നിയിൽ ലയിച്ചിട്ടുള്ളവരത്രേ. മുൻപിൽ സംസാരിച്ച എന്റെ സ്നേഹിതൻ കാണിച്ചിട്ടുള്ള സാമൎത്ഥ്യമെല്ലാം ആ ആശയാൽ സാധിച്ചവയാകുന്നു. ഇതുപോലെ മറെറാന്നും ഇത്ര തൃപ്തികരമായ വിജയം നൽകുകയില്ല. അതിനാൻ ഇതിലേയ്ക്കു് വേണ്ടുന്ന ഉപായം ആലോചിച്ചു കണ്ടുപിടിക്കുന്നതത്രേ ഫലപ്രദമായിട്ടുള്ളതു്" ഇതു കേട്ടുകൊണ്ടിരുന്ന പിശാചുക്കളെല്ലാം സന്തോഷത്താൽ ആൎപ്പു വിളിച്ചു:

പിശാചരാജൻ വിരഹവായുവിനെ വളരെ പ്രശംസിച്ചുകൊണ്ടു് പറഞ്ഞു:-നീ പറഞ്ഞതിനേ സാധിപ്പാൻ ചെയ്യേണ്ടുന്ന ഒന്നാമത്തെ സൂത്രം മനുഷ്യരിൽ സ്വാഭാവികമായിട്ടുണ്ടാകുന്ന ലജ്ജ എന്ന ഗുണത്തെ നശിപ്പിക്കുന്നതാകുന്നു. അതില്ലാതായാൽ എത്രതന്നെ സമ്മതിക്കാത്ത മനസ്സും ക്ഷണേന സമ്മതിച്ചു് ഏതുവിധ തിന്മയിലും ഉൾപ്പെട്ടുകൊള്ളും. അതിനേ ഇല്ലാതാക്കുന്നതിനുള്ള കൗശലം സകല സ്ത്രീപുരുഷന്മാരും സഹോദരീസഹോദരന്മാരാണെന്നുള്ള ന്യായം ഘോഷിച്ചുകൊണ്ടു് സദാചാരക്രമമെന്നും ജാതിമൎയ്യാദയെന്നും ഉള്ളപേരിൽ ചില ആചാരവിശേഷങ്ങളേർപ്പെടുത്തി സ്ത്രീ പുരുഷ ഭേദമെന്യേ അവരെക്കൊണ്ടു് സ്വൈരസല്ലാപം ചെയ്യിക്കുന്നതാകുന്നു. അങ്ങനെ അവരൊരുമിച്ചു കൂടി വിനോദിച്ചു രസിക്കത്തക്കവണ്ണം പ്രവൎത്തിച്ചാൽ അവരുടെ ലജ്ജകെട്ടു് അന്ധരേപ്പോലെ കാമാസക്തരായി താനേതന്നെ പാപം ചെയ്തുകൊള്ളും. കൂടാതെയും അവരെ തനിച്ചിരുത്തി സംസാരിപ്പിക്കയും, രഹസ്യക്കത്തുകളെഴുതിക്കയും ചെ

യ്യുന്നതും ഇതിലേക്കു ഏററവും അനുകൂലമായിട്ടുള്ളവ തന്നെ. പാലിൽ വിഷം ചേൎക്കുന്നതുപോലെ, പണ്ഡിതാഗ്രേസരന്മാരായ മഹാകവികൾ ശൃംഗാരരസം, രസചക്രവൎത്തിയാണെന്നുള്ള ഭാവേന തങ്ങളുടെ ഗ്രന്ഥങ്ങളിൽ സഭ്യേതരങ്ങളായ വിധത്തിൽ എഴുതിയിട്ടുള്ള ശൃംഗാരരസപ്രധാനങ്ങളായ പ്രബന്ധങ്ങളെ വായിച്ച് ആസ്വദിക്കുന്നതുകൊണ്ടും, അവയെ അന്യന്മാർ വായിക്കാനിടയാക്കുന്നതുകൊണ്ടും, അറിവില്ലാത്തവൎക്ക് അവയുടെ അൎത്ഥം വ്യാഖ്യാനിച്ചുകൊടുക്കുന്നതുകൊണ്ടും അവർ മയങ്ങി കാമാധീനരായിത്തീരും. അതുകൊണ്ടും ഉൾപ്പെടാത്തവരെ അടിക്കടി പ്രേരിപ്പിച്ച് ഒരു പ്രാവശ്യം മാത്രം സമ്മതിപ്പിച്ചാൽ, പിന്നെ നാം പ്രയാസപ്പെടേണ്ടുന്ന ആവശ്യമേ ഉണ്ടാകയില്ല. അങ്ങനെതന്നെ ഭാൎയ്യാഭൎത്താക്കന്മാരുടെ ഇടയിൽ മാത്സൎയ്യത്തേയും, കന്യകകളിൽ മോഹത്തേയും ജനിപ്പിക്കുന്നതുകൊണ്ടും അവരും പലപല പാപങ്ങളും പ്രവൎത്തിക്കുന്നതിന് സംഗതിയാകും."

ഇതു കേട്ടുകൊണ്ടിരുന്ന കരിമുഖകരോദരൻ എന്നൊരു പിശാച് മന്ദഹാസസമേതം സയുക്തികമായി പറഞ്ഞു:—"അല്ലയോ മഹാപ്രഭോ! അപ്രകാരം നാം ചെയ്യുന്ന വഞ്ചനയേയും ദോഷത്തേയും, അവർ വാസ്തവമായ വേദശാസ്ത്രവെളിച്ചത്താൽ അറിഞ്ഞെങ്കിൽ നമ്മുടെ പ്രയത്നങ്ങളെല്ലാം വ്യൎത്ഥമായിപ്പോകും. ആകയാൽ അങ്ങനെ നേരെ ചെയ്യുന്നതിനേക്കാൾ, മുക്തിപ്രദങ്ങളല്ലാത്തവയെ മുക്തിപ്രദങ്ങളെന്നപോലെ കാണിച്ചുകൊണ്ടു ചെയ്യിച്ചാൽ, പാപികളും മോ

ക്ഷം പ്രാപിക്കാമെന്ന് വിശ്വസിച്ചു നശിച്ചുപോകും"
ഇതുകേട്ട പിശാചുക്കളെല്ലാം എഴുന്നേററു സന്തോഷ
പാരവശ്യത്താൽ തുള്ളിച്ചാടി. അവരിൽ ജടക്കലി
യൻ എന്ന മറെറാരു പിശാച് സന്തോഷവിഭ്രാന്തി
യോടെ വിളിച്ചുപറഞ്ഞു:—"തോഴരേ! വരുവിൻ; ന
മ്മുടെ ഈ സൂത്രം സാധിച്ചാൽപിന്നെ യൗസേപ്പ് ന
മ്മുടെ ആലയങ്ങളും വിഗ്രഹങ്ങളും ഇടിഞ്ഞുവീണതി
നേയും, നാം ഭയന്നോടിപ്പോയതിനേയും എത്രതന്നെ
നിന്ദ്യമായി എടുത്തുകാണിച്ച്, അവൻെറ സത്യവേ
ദത്തെ പ്രസംഗിച്ചാലും അവർ അതിനെ വിശ്വസി
ക്കാതെ നമ്മുടെ മാർഗ്ഗത്തിലെ നടക്കയുള്ളൂ. അതി
നാൽ നമുക്ക് ശ്രേയസ്കരമായ പുകഴ്ചയും, അവനു ല
ജ്ജാവഹമായ തോൽവിയും ഭവിക്കുമെന്നുള്ളതിനു
സംശയമില്ല."

പിശാചുനാഥൻ ചോദിച്ചു:-"പക്ഷേ, യൗസേ
പ്പ് പ്രസംഗിച്ചു പഠിപ്പിക്കുന്ന ആ വേദമത്രേ സത്യ
മായ വേദമെന്ന് അവർ വിശ്വസിച്ചുപോയാൽ ന
മ്മുടെ പ്രയത്നമെല്ലാം വിഫലമായിപ്പോകയില്ലേ!"

ജടക്കലിയൻ പറഞ്ഞു:- "അതിനേക്കുറിച്ച് അ
ങ്ങ് ചിന്തിക്കയേ വേണ്ട; അപ്പോഠം ഞാനൊരു മഹ
ർഷിയേപ്പോലെ ദണ്ഡ്, കമണ്ഡലു, കാഷായ,വിഭൂതി,
രുദ്രാക്ഷങ്ങളണിഞ്ഞ് അവരുടെ മുമ്പിൽ പ്രത്യക്ഷ
നായി, ഹാ മനുഷ്യരേ! അറിവില്ലാത്ത ഒരു സാധുവി
ൻെറ വാക്കിനെ കേട്ട്, നിങ്ങളുടെ പുരാതന ദേവന്മാ
രേയും വിശ്വാസങ്ങളേയും ഉപേക്ഷിച്ചുകളയുന്നതു ന
ന്നോ? ഏററവും ഉൽകൃഷ്ടകുടുംബങ്ങളിൽ ജാതരായ
നിങ്ങഠം ആ നികൃഷ്ടവംശജൻെറ വാക്കിനെ കേഠംക്ക

ന്നതു ന്യായമോ? എത്രയും പ്രബലന്മാരായ നിങ്ങളു ടെ പൂർവ്വന്മാരുടെ രക്തം നിങ്ങളുടെ നാഡികളിൽ കൂടി ചലനം ചെയ്യുമ്പോൾ, അവർ നടന്ന മാർഗ്ഗത്തെ വെടിഞ്ഞു് നടക്കുന്നതു നിങ്ങൾക്കഭിമാനമോ? അതു നിങ്ങൾക്കും നിങ്ങളുടെ പൂർവന്മാർക്കും കുറച്ചിലല്ലയോ? എന്നിങ്ങനെ യുക്തിയുക്തമായി ചെയ്യുന്ന എൻെറ പ്രസംഗചാതുരികൊണ്ടും നിരർഗ്ഗളമായി പ്രവഹിക്കുന്ന വാഗ്ധോരണിയുടെ വശ്യതകൊണ്ടും ഞാൻ അവരെ മയക്കി നമ്മുടെ പാട്ടിലാക്കും." പിശാചു രാജൻ പറഞ്ഞു:- "യൗസേപ്പ് ഏററം ശ്രേഷ്ഠമായ രാജകുടുംബത്തിൽ പെട്ടവനാണെന്നും അവൻെറ ജന്മഭൂമി സുഭിക്ഷവും ഐശ്വര്യസമൃദ്ധവുമായ യൂദേയാദേശമാണെന്നും അവൻ പ്രസംഗിച്ചു പഠിപ്പിക്കുന്നതാണു് ആദിവേദമായ സത്യവേദമെന്നും അവരറിഞ്ഞുപോയ നിൻെറ വ്യാജങ്ങളെല്ലാം വെളിപ്പെടുകയില്ലേ!"

ജടക്കലിയൻ പറഞ്ഞു:- "മനുഷ്യർ തങ്ങളുടെ കണ്ണുകൊണ്ടു കാണുന്നതിനേക്കാൾ ചെവിയിൽ കേൾക്കുന്നതിനേ വിശേഷമായി ഗണിക്കും. അഥവാ മറിച്ചായാലും ഇതിനും മേലായി ഞാനൊരുപായം ചെയ്യും. ആ നാട്ടിൽ പ്രകൃത്യാ ഉണ്ടാകുന്ന അതിവൃഷ്ടി, കൊടുങ്കാററു്, അത്യുഷ്ണം ഇവയും. പഞ്ഞം, പട, വസന്ത, മഹാമാരി മുതലായവയും ശിശുക്കൾ തള്ളയുടെ ഉദരത്തിൽ വച്ചു മൃതരായിപ്പോകുന്നതും, ബാല്യത്തിൽ പലവിധ രോഗങ്ങൾക്കധീനരാകുന്നതും എല്ലാം അവർക്കു ശിക്ഷയായി പഴയ ദേവന്മാരാൽ അയക്കപ്പെടുന്ന ദണ്ഡനങ്ങളാണെന്നു് ഭയപ്പെടുത്തി, അവരേ അങ്ങയുടെ ക്രൂരഭരണത്തിലുൾപ്പെടുത്തി നടത്തും"

ഇങ്ങനെ എട്ടുമാസക്കാലം മുഴുവൻ തൻെറ മന്ത്രിപ്രവരന്മാരുമായി ആലോചന ചെയ്തിരുന്ന പിശാചനാഥൻ, ഒരു പുതിയ ശക്തിയും ഉന്മേഷവും പ്രാപിച്ചതുപോലെ തൻെറ നീളമുള്ള കൊമ്പുകളേ മന്ദമായി ചലിപ്പിച്ച് ഉത്സാഹപൂർവം ഇപ്രകാരം പറഞ്ഞു:- "ഓ! കപടചിത്തരും തന്ത്രശാലികളുമായ എൻെറ തോഴരേ! യുക്തിപൂർവ്വമായ നിങ്ങളുടെ ആലോചനകളാൽ എൻെറ ക്ലേശം നീങ്ങി ഞാൻ സന്തുഷ്ടിപ്രാപിച്ചിരിക്കുന്നു. മഹാ സൂക്ഷ്മബുദ്ധികളും നയജ്ഞരുമായ നിങ്ങളുടെ സഹായസഹകരണങ്ങളുള്ളപ്പോൾ നമ്മുടെ ഭരണത്തിന് ഒരുനാളും ഭംഗംവരികയില്ല. ഇപ്പോൾ നിങ്ങൾ പറഞ്ഞപ്രകാരം ആ രാജ്യത്തിൻെറ പലേ ഭാഗങ്ങളിലും സഞ്ചരിച്ച് അവരവരുടെ ശക്ത്യനുസരണം, നയോപായഭയങ്ങളുടെ സമുചിതമായ പ്രയോഗംകൊണ്ട് അവരേ നമ്മുടെ വഴിയിലേക്ക് ആനയിക്കണം. അതിന് ആദ്യം തന്നെ, അവിടെ വന്നിട്ടുള്ള മറിയയും യൗസേപ്പും എന്ന രണ്ടുപേരുടേയും തപോനിഷ്ഠയേ ഉന്മൂലനം ചെയ്യണം; അല്ലാതിരുന്നാൽ നമ്മുടെ കാര്യം വിജയകരമായി പര്യവസാനിക്കയില്ല. അവർ രണ്ടുപേരേയും ജയിച്ചാൽ അത് ആ ദേശവാസികളെല്ലാവരേയും ജയിച്ചതിനോടു തുല്യമായിരിക്കും. ആകയാൽ അവരെ ജയിക്കുന്നവർക്ക് ഉന്നത സ്ഥാനങ്ങളും കീർത്തിമുദ്രകളും യുക്തമെന്നു തോന്നുന്ന സംഭാവനകളും നാം നല്കുന്നതാണ്." ഇതുകേട്ട് പിശാചുക്കളെല്ലാം ജയജയവിജയീഭവ മഹാരാജാവേ എന്ന്, ആ ദുഷ്ടോത്രുവി

കളുടെ അനുഗ്രഹരമനം രാജാവുമായ സ്കീൻഹറായേ വാഴ്ത്തി അവൻെറ പാദങ്ങളിൽ വീണു നമസ്കരിച്ചു.

---

# അദ്ധ്യായം പന്ത്രണ്ടു്.

—:o:—

## പിശാചുക്കളുടെ തോൽവി.

മേൽ പ്രസ്താവിച്ചപ്രകാരം യൗസേപ്പ്, കന്യകാമറിയം എന്നിവരുടെ തപസ്സിനേ നശിപ്പിക്കണമെന്നുള്ള വിഷയത്തിൽ പിശാചുക്കളെല്ലാം ഒന്നായിചേൎന്നു "ഏഴു തലപ്പെട്ട ദോഷങ്ങൾ" ക്കനുസരണമായി ഏഴു മഹാവിഭാഗങ്ങളായി പിരിഞ്ഞു്, ലജ്ജ ആകുന്ന ഗജസൈന്യം ഒരു ഗണവും, അഹങ്കാരം ആകുന്ന രഥസൈന്യം രണ്ടു ഗണവും, കോപമാകുന്ന അശ്വസൈന്യം നാലുഗണവും, ആശയാകുന്ന കാലാൾസൈന്യാ അനവധിഗണവും ആയിക്കൂടി, കാമത്തേ അസ്ത്രമായും, കോപത്തെ വാളായും, ക്രോധത്തെ വേലായും, ലോഭത്തെ ചക്രമായും, വ്യാജത്തെ കുന്തമായും ധരിച്ചു്. കാർമേഘവും കടലും നടുങ്ങുകയും, ആകാശവും ഭൂമിയും കലുങ്ങുകയും ചെയ്യുമാറു മുഴങ്ങി, തൻെറ ഇരുപാർശ്വങ്ങളും തിങ്ങിക്കൂടിവരവേ പിശാചുനാഥൻ ഉഗ്രവേഗനായി കണ്ണുകളിൽനിന്ന് അഗ്നിസ്ഫുലിംഗങ്ങൾ പറപ്പിച്ചുകൊണ്ടു് അഗ്നിരഥത്തിൽ കേറി നരകപാതാളത്തിൽനിന്നും പുറപ്പെട്ടു. ഇതിനെക്കണ്ട ദൈവദൂതന്മാർ ഇവരെല്ലാം കൂടി മനുഷ്യരോടു

പോരിനു വരികയാണെന്നു വിചാരിച്ചു്, അഹോ കഷ്ടം! ദിനംതോറും പഞ്ചേന്ദ്രിയങ്ങളുടെ ആക്രമണങ്ങളാൽ സങ്കടപ്പെടുന്ന മനുഷ്യർ ഇപ്പോൾ പിശാചുക്കളെല്ലാം കൂടി ചെയ്യാൻ തുടങ്ങുന്ന യുദ്ധത്തിൽ എന്തു ചെയ്യു"മെന്നറിയാതെ ആർദ്രചിത്തരായി ആകാശത്തിൽനിന്നു നോക്കിക്കൊണ്ടിരുന്നു; അപ്പോൾ അവർ യൗസേപ്പിനോടും കന്യകാമറിയത്തിനോടും പോരിനു വരികയാണെന്നറിഞ്ഞു്, "യൗസേപ്പിന്റെ പുഷ്പശാഖാ സൗരഭ്യം ആ കൂട്ടത്തെ ഓടിക്കും; ദൈവജനനിയുടെ കന്യാത്വസുഗന്ധം ആ പടയെ നശിപ്പിക്കും" എന്നു ചിരിച്ചുകൊണ്ടു് ആ വിജയത്തെ കാണുന്നതിനും അതിനു് ലക്ഷ്യമായി പുഷ്പമാരി വർഷിക്കുന്നതിനും ആകാശത്തിൽ കാത്തുകൊണ്ടിരുന്നു. എന്നാൽ മാർ യൗസേപ്പാകട്ടെ, പതിവുപോലെ ദൈവകുമാരന്റെ തിരുമുഖത്തിൽ വിളങ്ങിയിരുന്ന ദിവ്യപ്രസാദത്തെ ധ്യാനിച്ചിരിക്കയായിരുന്നു. അപ്പോൾ പിശാചുക്കൾ എല്ലാം കൂടി അവരുടെ സമീപത്തിൽ അടുത്തു; പെട്ടെന്നു് ഏതോ അജ്ഞാതമായ ഒരു ശക്തിയാൽ അവർ അനേകം നാഴികദൂരത്തിന്നപ്പുറം തള്ളപ്പെട്ടതായി അറിഞ്ഞു. "എന്തു്! തെണ്ടിത്തിന്നുന്ന അഗതികളായ ഇവരുടെ മുമ്പിൽ, ഈ ലോകത്തെതന്നെ കെടുത്തുന്ന നമ്മുടെ ശക്തി ഫലിക്കാത്തതെന്താണു്" എന്നുള്ള അമ്പരപ്പോടുകൂടി ബുദ്ധിമയങ്ങി പിന്നണികൾ മുന്നണികളെ ആക്രമിച്ചു. അവ മുന്നോട്ടു കയറാൻ കഴിയാതെ പൂട്ടിയിട്ട പട്ടിയെപ്പോലെ കുരച്ചും, ആന, കുതിര, കഴുത മുതലായ മൃഗങ്ങളെന്നോണം അലറിയും, അഹങ്കാരം കോപം മുതലായവയെ

ആയുധങ്ങളാക്കി അവരുടെ നേൎക്ക് പ്രയോഗിച്ചു. എന്നാൽ ദൈവകൃപയെ രഥമായും, സൂക്ഷ്മദൃഷ്ടിയെ കവചമായും, തപസ്സിനെ കോട്ടയായും കൈക്കൊണ്ടിരുന്ന ഇവരുടെ മുൻപിൽ ആ ആയുധങ്ങളെല്ലാം ശക്തിഹീനങ്ങളായി ഇടയ്ക്കുതകൎന്നുവീണതേയുള്ളു. അവർ രണ്ടുപേരും ഇവയെ അല്പവും വകവയ്ക്കാതെ പരമാനന്ദാംബുധിയിൽ നിമഗ്നരായിരുന്നു. തങ്ങളുടെ ഉപായം ഫലിച്ചില്ലെന്നു കണ്ട പിശാചുക്കൾ, തമ്മിൽതമ്മിൽ യുദ്ധം ചെയ്തു കാണിച്ചാൽ മററു മനുഷ്യർ ഭയപ്പെടുന്നതുപോലെ ഇവരും ഭയപ്പെടുമെന്നു കരുതി രഥ, ഗജ, തുരഗ, പദാതികളായ ചതുരംഗപ്പടകളുടെ വേഷം ധരിച്ചു് വില്ലു്, വാൾ, കുന്തം മുതലായ പല ആയുധങ്ങളെ വഹിച്ചു്, ഒരുത്തനോടൊരുത്തൻ എതിൎത്തു്, വായിലും കണ്ണിലും നിന്നു് അഗ്നികണങ്ങൾ ചൊരിഞ്ഞു്, ആകാശവും ഭൂമിയും തീപിടിച്ചാളുന്നതുപോലെയും, അയയ്ക്കുന്ന ബാണങ്ങളാൽ ദേശങ്ങൾ മറഞ്ഞു് പോകുന്നതുപോലെയും വാരിഎറിഞ്ഞ ആനകളാൽ മേഘങ്ങൾ തെറിച്ചു പോകുന്നതുപോലെയും, അവയുടെ വീഴ്ചയാൽ ഭൂമി കുലുങ്ങുന്നപോലെയും കാണിച്ചു് കുത്തിയും വെട്ടിയും തിരിഞ്ഞും മറിഞ്ഞും വളരെ നേരം മായായുദ്ധം ചെയ്തു. മററൊരുഭാഗത്തു മായാവിദ്യയിൽ വിദഗ്ദ്ധന്മാരായ മൈത്തൻ വടുവൻ എന്ന രണ്ടു ദുഷ്ടാത്മാക്കളും തമ്മിൽ യുദ്ധം തുടങ്ങി. മൈത്താൻ ശുനകമുഖം കാണിച്ചു് സിംഹത്തേരിലേറി വില്ലുവളച്ചു് വടുവനോടെതിൎത്തു. വടുവൻ സിംഹമുഖം പ്രദൎശിപ്പിച്ചു് പുലിത്തേരിലേറി അവനോടെതിൎത്തു. മൈത്തൻ പല അസ്ത്രങ്ങളയച്ചു് അവന്റെ

വില്ലിനെ ഒടിച്ചു. വട്ടുവൻ ഒരു മേഘത്തെപിടിച്ചു കറക്കി അവന്റെ മീതെ എറിഞ്ഞു. മൈത്തൻ അതിനെ തന്റെ ബാണത്താൽ തട്ടുത്തു പൊടിയാക്കി. വട്ടുവൻ ഒരു ശൂലായുധത്താൽ അവന്റെ തേരിനെ ഉടച്ചു. മൈത്തൻ തന്റെ കയ്യാൽ അവന്റെ തേരിനെ എടുത്തെറിഞ്ഞു. ഇങ്ങനെ രണ്ടു തേരുകളും നശിച്ചപ്പോൾ അവ ഗദായുധങ്ങളെ വഹിച്ചു് എതിരെകണ്ട ആനകളെയും കുതിരകളെയും തേരുകളെയും കാലാളുകളേയും അടിച്ചു പൊടിച്ചുകൊണ്ടുപോയി, തമ്മിൽ മുട്ടി ഭുജങ്ങളെ അടിച്ചു് മലകളെ പറിച്ചും, മരങ്ങളെ വീഴ്ത്തിയും, മാംസം കടിച്ചു ചീന്തിയും, രക്തം കുടിച്ചും, അഗ്നിയെ വമിച്ചും, ആകാശത്തിലേയ്ക്കു പറന്നും, അട്ടഹാസം ചെയ്തും കണക്കില്ലാത്ത വിധത്തിൽ പോരു ചെയ്തു കാണിച്ചു. എങ്കിലും ഇവയൊന്നിനാലും മറിയവും യൗസേപ്പും ചലിക്കാത്തതു കണ്ടു് അവരെല്ലാം ലജ്ജിച്ചു ദുഃഖത്തോടെ അടങ്ങിപ്പോയി.

പിശാചുക്കൾ നടത്തിയ ഈ മായായുദ്ധങ്ങളെയെല്ലാം ആ നാട്ടുകാരറിഞ്ഞില്ലെങ്കിലും താപസവരനായ മാർ യൗസേപ്പു കണ്ടു്, അവരെക്കുറിച്ചുള്ള അനുകമ്പയോടുകൂടി ഇപ്രകാരം ഉച്ചരിച്ചു:—"ആദിയിലുണ്ടായ ദൈവശാപത്താൽ തങ്ങളുടെ ശക്തി കുറഞ്ഞിട്ടും വഞ്ചനയിൽ കുറവില്ലാത്ത പിശാചഗണങ്ങൾ ഇപ്പോൾ ആകാശവും ഭൂമിയും നശിക്കുന്നതുപോലെയും, അവയിലുള്ള സകല ചരാചരങ്ങളും ദഹിക്കുന്നതുപോലെയും ചെയ്തു കാണിച്ച മായായുദ്ധത്തിൽ ഒരു പുല്ലിന്റെ അഗ്രമെങ്കിലും നഷ്ടപ്പെട്ടുകയു

ണ്ടായോ. എങ്കിലും ഈ വിധമുള്ള മായയാലല്ലയോ ലോകം മയങ്ങി നശിച്ചതു്? അവരുടെ വഞ്ചനയ്ക്കിടകൊടുക്കാതെ ദൈവത്തൃപ്പാദത്തെ ആശ്രയമാക്കിയിട്ടുള്ളവൎക്കു് അല്പമെങ്കിലും കുറവു് ഉണ്ടാകുമോ? കെട്ടപ്പെട്ട പട്ടികൾ കയ്യിൽ കിട്ടിയവരോടല്ലാതെ മററുള്ളവരോടു എന്തുചെയ്യും. അവതന്നെ ഘോരനരകാഗ്നിയിൽ കിടന്നു് നിത്യവും വെന്തു് സകലവിധ പീഡകളും അനുഭവിച്ചു വരവേ ലോകവാസികൾക്കുള്ള ഈ രോഗങ്ങളെ തീൎത്തു് അവരുടെ ദുഃഖങ്ങളെ ശമിപ്പിക്കുന്നതിനും പലവിധ നന്മകൾചെയ്തു് അവരെ സ്വൎഗ്ഗീയ വസതിയിൽ ചേൎക്കുന്നതിനും കഴിയുമോ?" അനന്തരം തന്റെ തപസ്സിനെ വില്ലായും മററു പുണ്യങ്ങളെ അമ്പുകളായും തെരഞ്ഞെടുത്തു് അവയുടെ നേൎക്കു് അയയ്ക്കവേ അതു് ആ പിശാചഗണങ്ങളുടെ ആയുധങ്ങളെയെല്ലാംനശിപ്പിച്ചു ഭസ്മമാക്കിക്കളെഞ്ഞു.

പിന്നീടു് മാർ യൗസേപ്പു് ദൈവകുമാരനെ നമസ്കരിച്ചു് ഇപ്രകാരം പ്രാൎത്ഥിച്ചു:-"എന്റെ കൎത്താവേ അങ്ങുന്നു എന്നോടു കാണിച്ചു വരുന്ന കാരുണ്യാധിക്യത്താൽ ഞാൻ ആ പിശാചുക്കളെ ഒട്ടും ഭയപ്പെട്ടില്ല; എങ്കിലും മനുഷ്യരിൽ ദയവായി അങ്ങുതന്നെ അവയെ ഈ ലോകത്തിൽനിന്നു് ഓടിക്കുമാറാകണം താൻ ഭൂലോകജാതനായിട്ടു് അപ്പോൾ ഒരു വൎഷമായെങ്കിലും മനുഷ്യദേഹമെടുത്ത സ്ഥിതിയ്ക്കു് അതുവരെയും സംസാരിച്ചിട്ടില്ലാതിരുന്ന ദൈവപുത്രൻ അന്നു യൗസേപ്പിനെ നോക്കി തന്റെ ഓമനച്ചുണ്ടു വിടൎത്തി"പിതാവെ"എന്നു വിളിച്ചു. ദൈവപുത്രൻഉച്ച

രിച്ച ആ പ്രഥമ വാക്യത്തിന്റെ ശ്രവണത്താൽത്തന്നെ ആ ദുഷ്ടാത്മാക്കളെല്ലാം ഭയന്നു് വിറച്ചു് നരകപാതാളത്തിൽ പോയി വീണു. മാർ യൗസേപ്പും ആ പ്രഥമവാക്യത്തെ കേട്ടയുടനെ ഭയന്നു് "എന്റെ സ്രഷ്ടാവെ! സകല ലോകങ്ങളുടേയും മൂലഹേതുവും, സകല പിതാക്കളുടെയും ആദിപിതാവും, നിത്യകന്യകയായ പരിശുദ്ധ കന്യകയുടെ ഏക പുത്രനുമായ അങ്ങ് ഈ അല്പനായ എന്നെ പിതാവെന്നു വിളിച്ചുവല്ലോ" എന്നു പറഞ്ഞു് ഭക്തിപരവശനായി ദിവ്യ ശിശുവിന്റെ തൃപ്പാദത്തിൽ വീണു. അപ്പോൾ ദൈവബാലൻ കരുണാപൂർവ്വം മാർ യൗസേപ്പിനെ നോക്കി:—"അങ്ങ് അങ്ങയുടെ തപശക്തിയാൽ ഇപ്പോൾ ആ പിശാചുക്കളെ ജയിച്ചു; എന്നാൽ ഇനി അങ്ങയുടെ നാമത്തെ ഭക്തിയോടെ ഉച്ചരിക്കുന്നവർ പിശാചിന്റെ പരീക്ഷകളെ എപ്പോഴും ജയിക്കത്തക്ക വണ്ണമുള്ള ഒരു വിശിഷ്ടവരത്തെ അങ്ങയ്ക്കു് പ്രദാനം ചെയ്തിരിക്കുന്നു" എന്നരുളിച്ചെയ്തു. ഉടനേ ആകാശത്തിൽ നിന്നും ദൈവദൂതന്മാർ അവരുടെ മേൽ പുഷ്പവർഷം ചെയ്തു് കൊട്ടിപ്പാടി നിസ്സീമസന്തോഷം പ്രദർശിപ്പിച്ചു.

## രണ്ടാംഭാഗം സമാപ്തം.

—:o:—

# തേമ്പാവണി

മൂന്നാം ഭാഗം.

## അദ്ധ്യായം ഒന്നു്.

—:o:—

### ശിശുക്കൾ വധിക്കപ്പെട്ടതു്.

രണ്ടാംഭാഗത്തിൽ പ്രസ്താവിച്ചപ്രകാരം എജിപ്തിൽ പിശാചുകളെല്ലാം കൂടി പോർ ചെയ്തുരവവെ, ജരൂസലം മഹാനഗരത്തിൽ നടന്ന വിശേഷങ്ങളെ പ്രസ്താവിക്കാം. ആ കാലത്തിൽ ആ നഗരത്തെ അധിവസിച്ചു് യൂദയാനാടു മുഴുവൻ ഭരിച്ചുവന്ന ഹേറോദേസ്, അവതരിച്ച രക്ഷകനെ സന്ദർശിപ്പാൻ വന്ന മൂന്നു രാജാക്കന്മാരാലും, പുതിയ നക്ഷത്രത്തിൻെറ ഉദയത്താലും, ഇടയർ കണ്ട കാഴ്ചയാലും, ശെമഓൻെറ സാക്ഷിയാലും, വേദപാരംഗതന്മാരുടെ വ്യാഖ്യാനങ്ങളാലും യൂദേയരാജ്യത്തിനൊരു രാജാവു ജനിച്ചിരിക്കണമെന്നു് തീരുമാനിച്ചു്, ആ കുട്ടിയെ കണ്ടുപിടിച്ചു കൊലപ്പെടുത്തി വരുന്നതിനായി ചില വീരന്മാരായ യോദ്ധാക്കളെ അയച്ചു. അവർ ആ നാടെല്ലാം അന്വേഷിച്ചിട്ടും ആ ശിശുവിനെ കാണാതെ മടങ്ങിവന്നു. രാജാവു് വിവേകശൂന്യനായി, "എൻെറ രാജ്യത്തേയും ചെങ്കോലിനേയും മററൊരുത്തൻ കൈക്കൊള്ളത്തക്കവിധം എൻെറ വാഴ്ചക്കാലം അത്ര ച

രുങ്ങിപ്പോയോ" എന്നു വിചാരിച്ചു് വ്യസനിച്ചു. വ്യസനത്തിന്റെ ആധിക്യത്താൽ ഏതാനും ദിവസങ്ങളോളം ശരിയായി ഉണ്ണാതെയും ഉറങ്ങാതെയും കഴിച്ചു. ദൈവാവതാരത്തിന്റെ മഹിമയെ അറിയാതെ ഈ വിധം ക്ലേശിച്ചിരുന്നാ ഇവന്റെ ഹൃദയത്തിൽ പിശാചുകുടി കൊണ്ടു് തോന്നിച്ചതായതു്:-"തങ്ങളുടെ രാജത്വം അപഹരിക്കപ്പെട്ടശേഷം ജീവിച്ചിരിക്കുന്ന രാജാക്കന്മാരുണ്ടോ? ശത്രുക്കളെ ആരംഭത്തിൽതന്നെ നശിപ്പിക്കാത്ത രാജത്വം നിലനില്ക്കുന്നതെങ്ങനെ? ഇപ്പോഴം തന്നെ നിന്റെ ശത്രുവിനെ അന്വേഷിച്ചു നശിപ്പിച്ചില്ലെങ്കിൽ നിന്റെ അധികാരത്തിന്നു് അവസാനംവരുമെന്നുള്ളതു് നിശ്ചയമാകുന്നു. അവനെ കണ്ടുപിടിക്കുന്നതു പ്രയാസമാണെങ്കിൽ നിന്റെ രാജ്യത്തുള്ള ശിശുക്കളെയെല്ലാം കൊന്നുകളയുന്നതിനു കല്പന കൊടുത്താൽ നിഷ്പ്രയാസം അവനും അതിലകപ്പെട്ടു മരിച്ചുപോകും" ഈ ദുരാലോചനയെ അവൻ പൂൎണ്ണമായി സമ്മതിച്ചെങ്കിലും, ഏതാ ഒരു ചെറിയ ധൎമ്മബോധത്താൽ ആ ഭയങ്കര കൃത്യത്തെ താൻ സ്വയമേവ ചെയ്തതാണെന്നു അന്യന്മാർ ധരിക്കാത്തവണ്ണം ഒരു സൂത്രം പ്രയോഗിച്ചു. ഒരുദിവസം അവൻ തന്റെ രാജസിംഹാസനത്തിലെഴുന്നള്ളിയിരുന്നുകൊണ്ടു്, തന്റെ വഞ്ചനയിലുൾപ്പെട്ടു് വ്യാജന്യായങ്ങളെ പറയുന്ന ചില മന്ത്രിപ്രധാനികളേയും ക്ഷണിച്ചുവരുത്തി ഈ വണ്ണം കല്പിച്ചു ചോദിച്ചു:—"അല്ലയോ, മഹാന്മാരേ! ഞാൻ ഒരുവൻ മാത്രം ഏകഛത്രാധിപത്യം വഹിച്ചുപോരുന്ന ഈ രാജ്യത്തെയും അധികാര

ത്തേയും കൈക്കൊള്ളുന്നതിന് വേറെ ഒരു രാജാവു ജനിച്ചിരിക്കുന്നെന്ന് മുമ്പേ ചിലർ പറഞ്ഞു; അതിനെ ഞാൻ വിശ്വസിക്കാതെ നിഷേധിച്ചെന്നു മാത്രമല്ല, അവരോടു കോപിക്കയും ചെയ്തു. എന്നാൽ പിന്നീട് സംഭവിച്ചിട്ടുള്ള കാൎയ്യങ്ങളെ സൂക്ഷിക്കുമ്പോൾ എനിക്കുതന്നെ സംശയമായിരിക്കുന്നു; എന്റെ രാജത്വത്തേയും കിരീടത്തേയും ഒരന്യൻ കരസ്ഥമാക്കുമ്പോൾ ഞാൻ വൃഥാ ഇരിക്കുന്നതാണോ യുക്തമായിട്ടുള്ളതു്? നിങ്ങൾതന്നെ ആലോചിച്ചു പറയണം" രാജാവിന്റെ അന്തൎഗ്ഗതത്തെ അവന്റെ മുഖഭാവംകൊണ്ടു് മനസ്സിലാക്കി ചിലർ അവന്റെ ഇഷ്ടംപോലെ സാമ്രാജ്യിക നിയമങ്ങളെ ലംഘിക്കുന്നതിന് തയ്യാറുള്ളവരായിരുന്നു. അവരിൽ നീചസ്വഭാവിയായ നാപൻ എന്നൊരുത്തൻ പറഞ്ഞു:–"മഹാരാജാവേ! ശത്രുവിനെ ആരംഭത്തിൽതന്നെ നശിപ്പിച്ചില്ലെങ്കിൽ പിന്നെ അതു് അസാദ്ധ്യമായിത്തീരും. ആദ്യംതന്നെ വന്ന മൂന്നു രാജാക്കന്മാരോടുകൂടെ നമ്മളും ചേൎന്ന്, അതിനെ നശിപ്പിക്കേണ്ടതായിരുന്നു. നമ്മുടെ കൃത്യം ഇനിഇപ്പോഴും അതിന്നു മടിച്ചാൽ പിന്നീടു് ആപത്തിന സംഗതിയാകും. വിഷത്തേക്കാൾ ക്രൂരനായ ശത്രുവിനെ ഹനിക്കുന്നതു് വിവേകികളായ രാജാക്കന്മാരുടെ മുൻകരുതലല്ലയോ? ഇതുവരെയും എല്ലാ ജീവികളേയും സംരക്ഷിച്ചു് പോന്ന നാം ഇപ്പോൾ ഒരു ജീവിയെ എങ്ങനെ കൊല്ലേണ്ടുവെന്ന് ശങ്കിക്കുന്നോ? ശത്രുനിഗ്രഹം ചെയ്യുന്നതിന്ന് ശങ്കിക്കയേ വേണ്ടാ. ലോകത്തിന്നുപകാരമായി മഴ പെയ്യുന്ന മേഘവും, ചിലസമയങ്ങളിൽ ഇടിവീഴ്ത്തി ജീവികളെ കൊല്ലുന്നു.

ആകയാൽ ശത്രുസംഹാരം ചെയ്യുന്നതു് രാജധമ്മമ
ല്ലാതെ കൊലപാതകമാകയില്ല." ഇതു കേട്ടപ്പോഴു
ണ്ടായ രാജാവിന്റെ മുഖപ്രസാദം കണ്ടു മററുള്ളവ
രും ആ നാപന്റെ അഭിപ്രായത്തെ പിൻതാങ്ങി പ
റഞ്ഞു. രാജാവിതെല്ലാം കേട്ടു് സന്തോഷപ്രമത്തനാ
യിട്ടു് ഉത്സാഹഭരിതനായി പറഞ്ഞു:— "നമ്മുടെ ശ
ത്രുവിനെ കൊല്ലുന്നതു നീതിയാണെങ്കിലും, അവൻ ഇ
ന്നവനാണെന്നു് അറിയപ്പെടാതെയും, എവിടെയാ
ണെന്നു് നിശ്ചയമില്ലാതെയും ഇരിക്കുമ്പോൾ നാം
ചെയ്യേണ്ടതെന്താണെന്നു് കൂടെയും ആലോചിക്കേണ്ട
താകുന്നു." ഉടനേ മദ്യാൻ എന്നൊരുവൻ എഴുന്നേററു
സോത്സാഹം പറഞ്ഞു തുടങ്ങി:— "ഒരു പനസ ഫല
ത്തിൽ ഒരു ചുള വിഷമുള്ളതായിരിക്കയും, അതു് ഇ
ന്നതെന്നു് അറിയപ്പെടാതിരിക്കയും ചെയ്യുമ്പോൾ,
അവയെ മുഴുവനും കളഞ്ഞുകളയുമെന്നുള്ളതു് നിർവ്വി
വാദമല്ലയോ? അതുപോലെ അങ്ങു് ശത്രുവെന്നുവി
ചാരിക്കുന്ന ആ കുട്ടിയെ തിരിച്ചറിവാൻ കഴിയാത്ത
പ്പോൾ, ഈ നാട്ടിലുള്ള കുട്ടികളെയെല്ലാം കൊല്ലി
ക്കേണ്ടതത്രേ ന്യായം. അല്ലെങ്കിൽ അങ്ങയുടെ രാജാ
ധികാരവും ജീവിതവും പാടേ നശിച്ചുപോകുമെന്നു
ള്ളതിനു സംശയമില്ല." ഉടനെ അടുത്തിരുന്ന ഏലി
യാസ് എന്നൊരു നീതിമാൻ എഴുന്നേററു ശാന്തമെ
ങ്കിലും ഗംഭീരമായ സ്വരത്തിൽ ഇപ്രകാരം ചോദി
ച്ചു:—"അല്ലയോ മഹാരാജാവേ! തന്റെ ജീവനെ
പ്പോലെ തന്റെ പ്രജകളുടേയും ജീവനെ രക്ഷിക്കുന്ന
തിനുവേണ്ടി കിരീടം ധരിക്കുന്ന മഹാരാജാക്കന്മാർ

വെറും സംശയമാത്രത്താൽ, ഒരു ജീവനവേണ്ടി അനേകം പേരുടെ ജീവഹാനി ചെയ്‌വാനാലോചിക്കുന്നതു് ന്യായമാണെന്നു അങ്ങേയ്ക്കു തോന്നുന്നുവോ? പെട്ടെന്ന് ഇതിനെ നിഷേധിച്ചുകൊണ്ട് കിശലൻ എന്നൊരുവൻ ചോദിച്ചു:- "രാജാവകാശങ്ങളെ പാലിക്കുന്നതിനുവേണ്ടി കൊലപാതകംമുതലായ ക്രൂരകൃത്യങ്ങളെ ചെയ്യുന്നതു് പാപമാണെന്നു വിശ്വസിക്കുന്നവരാരെങ്കിലുമുണ്ടോ? പ്രജകളുടെ സകലവിധമായ ക്ഷേമൈശ്വൎയ്യങ്ങൾക്കും കാരണമായ രാജാവ്, തന്റെ സുഖജീവിതത്തിന്നാസ്പദമെന്നു തോന്നുന്നതിനെ ചെയ്താൽ അതൊരപരാധമായിപ്പോയെന്നു വരുന്നതാണോ?" ഏലിയാസ് വീണ്ടും പറഞ്ഞു:-"ഈ അല്പബുദ്ധിയുടെ വാക്കുകൾക്ക് ചെവി കൊടുക്കരുതു്; അതു രാജാവിന്റെ ജീവനെത്തന്നെ നാശം ചെയ്യും." ചില വേദവാക്യങ്ങളെ ഉദാഹരിച്ചുകൊണ്ടു് നിൎബ്ബന്ധമായി തുടൎന്നു പറഞ്ഞു:-"സൃഷ്ടിക്ക, രക്ഷിക്ക, നശിപ്പിക്ക എന്നീ മൂന്നു കൎമ്മങ്ങളേയും നടത്തുന്നവനായ നമ്മുടെ ദൈവം, മനുഷ്യവംശത്തെ രക്ഷിക്കുന്നതിനായി ബേത്ലെഹം നഗരത്തിൽ ഒരുമനുഷ്യനായിജനിക്കുമെന്നും അപ്പോൾ ഒരു പുതിയ നക്ഷത്രം കാണപ്പെടുമെന്നും വേദത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനെ അങ്ങ് അറിയുന്നു. കൂടാതെയും ആ ദിവ്യ ശിശുവിനെ ആരാധിപ്പാൻ വന്ന മൂന്നു രാജാക്കന്മാരേയും, ഇടയർ കണ്ട കാഴ്ചയേയും, ശെമഓൻ പറഞ്ഞ സാക്ഷ്യത്തേയും അങ്ങ കണ്ടും കേട്ടും അറിഞ്ഞിരിക്കുന്നു. ശാശ്വതവും സൗഭാഗ്യകരവുമായ സ്വൎഗ്ഗീയ വാസനത്തേ നമുക്കു പ്രദാനം ചെ

യ്‌വാൻ എഴുന്നള്ളി വന്നിരിക്കുന്ന ആ ധന്യൻ ഭൂലോകത്തിൽ അങ്ങയുടെ അനിത്യമായ പദവിയെ അനുഗ്രഹിച്ചു വരുന്നതാണെന്നു് വിശ്വസിക്കുന്നതു ന്യായമായിരിക്കുമോ? രാജക്കന്മാരെല്ലാവരും അവൻെറ തിരുനാമത്തെ പുകഴ്ത്തിക്കൊണ്ടു് തങ്ങളുടെ ദേശങ്ങളെ ഭരിച്ചുവരവേ അങ്ങ അവൻെറ ജീവനെ ഹനിപ്പാനായി അന്വേഷിക്കുന്നു. മരണത്തെ ഭയന്നു് ഈ ഭയങ്കരകൃത്യം ചെയ്‌വാനാലോചിക്കുന്ന അങ്ങ് ഇനി ഒരിക്കലും മരിക്കാതിരിക്കുമോ? അതിൽപിന്നീടും അങ്ങയുടെ രാജത്വം നിലനില്ക്കുമോ? തങ്ങളുടെ പ്രജകളോടു തള്ളമാരെക്കാൾ വാത്സല്യം പ്രദർശിപ്പിക്കയെന്നതു് രാജാക്കന്മാരുടെ പ്രകൃതി ആയിരിക്കെ അങ്ങ് തീയിനെക്കാൾ കഠിനചിത്തത്തോടെ ശിശുക്കളെ കൊല്ലാൻ വിചാരിക്കുന്നതു ന്യായമാണോ?" ഏലിയാസിൻെറ നേരെ ക്രുദ്ധിച്ചുകൊണ്ടെന്നവിധം രോഷാകുലനായി, കാലിയൻ എന്നൊരുത്തൻ പറഞ്ഞു:—"നീ പറഞ്ഞവയെല്ലാം വീരന്മാക്കടുത്ത കൃത്യം തന്നെയോ? പൂർവ്വന്മാരായ നമ്മുടെ രാജാക്കന്മാർ ശത്രുക്കളെ വെട്ടി സംഹരിച്ചതിൻെറ ശേഷമല്ലയോ പട്ടാഭിഷേകം നടത്തി രാജ്യഭാരം ചെയ്തിട്ടുള്ളതു്? രാജാക്കന്മാർ തങ്ങളുടെ ശത്രുക്കളെ നശിപ്പിക്കുന്നതു് അധമ്മമാണോ? ഇവയെല്ലാം നീ അറിഞ്ഞിരുന്നിട്ടും അറിവില്ലാത്ത മറയനെപ്പോലെ സംസാരിച്ചു്, അവരുടെ മാഹാത്മ്യത്തെ കെടുത്താൻ തുനിയുന്നതു അന്യായമല്ലയോ?" ഉടനെ അടുത്തിരുന്ന ചില പ്രമാണികളും ഇതിനോടനുകൂലിച്ചു സംസാരിച്ചതിനാൽ, ഏലിയാ

സ് വീണ്ടും ഊൎജ്ജസ്വലമായ സ്വരത്തിലെങ്കിലും സ ന്യായം പറഞ്ഞു:-"മഹാരാജാവേ! അറിവില്ലാത്തവ വരുടെ മുഖസ്തുതി നിറഞ്ഞ വാക്കുകളേ കേട്ടുകൂടാ. കേ ട്ടാൽ രാജത്വത്തിന് ഭംഗം വരും. വേദത്തിൽ എ ഴുതപ്പെട്ടിരിക്കുന്ന ചില സംഭവങ്ങളെ കേൾക്കണം. പ്രാചീനകാലത്തു് മോശയെ നിന്ദിച്ചു സംസാരിച്ച അബിറോൺ, ദാത്താൻ, കോറെ എന്നവരേയും അ വരോടു ചേൎന്ന ഇരുനൂററൻപതു പേരേയും ഭൂമി പി ളൎന്ന് വിഴുങ്ങിക്കളഞ്ഞു. ആ മോശയുടെ മാഹാത്മ്യ ത്തെ പരിഹസിച്ച പതിന്നാലായിരത്തെഴുനൂറുപേ രും അഗ്നിയാൽ ദഹിക്കപ്പെട്ടു. എലിശേയൂസ് ദീൎ ഘ ദൎശിയെ മൊട്ടത്തലയൻ എന്നപഹസിച്ചതിന്ന് നാല്പത്തിരണ്ടു കുട്ടികൾ കരടികളാൽ കൊല്ലപ്പെട്ടു. പത്തു പ്രമാണപ്പെട്ടിയേ, അല്ലെങ്കിൽ കൃപാസനത്തേ കൊണ്ടു വരുമ്പോൾ അതിനേ വണങ്ങാതിരുന്ന ബൎ സമി നാട്ടുകാരിൽ അൻപതിനായിരത്തെഴുപതു പേർ വീണു മരിച്ചു. ആ പെട്ടിയേ കൈകൊണ്ടു തൊട്ട ഓശാൻ എന്നവൻ ഉടനേ മൃതനായി നിലംപ തിച്ചു. ഇവയെല്ലാം അങ്ങ് അറിയുന്നു. ഇവയെ ല്ലാം നടത്തിയ ആ സൎവ്വനാഥനെ അല്ലയോ അങ്ങി പ്പോൾ കൊലപ്പെടുത്താനായി അന്വേഷിക്കുന്നതു്? ഇപ്രകാരം ധൎമ്മലംഘനം ചെയ്തവൎക്ക് നേരിട്ട ശിക്ഷ കളെ ഓൎത്തു് ഭയന്നു നടക്കുന്നതല്ലയോ അറിവുള്ളവർ ചെയ്യുന്നു കൃത്യം. ആകയാൽ ഈ വിധമുള്ള ദണ്ഡ നത്തിന് പാത്രമാകാതെ അങ്ങും അവതരിച്ച പരമ നാഥനെ അറിഞ്ഞാരാധിച്ചാൽ അങ്ങേയ്ക്കു് ഈ ലോ

കത്തിൽ സ്തുതിയും പരലോകത്തിൽ പരമാനന്ദഭാഗ്യ വും ലഭിക്കും" ഹേറോദേസ് ഇതൊക്കെ കേട്ടിട്ടും ലേശമെങ്കിലും അനുകമ്പ കൂടാതെ തന്റെ രാജത്വം പരാധീനമായിട്ടു ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതത്രെ നല്ലതെന്നും, ശത്രുവിനെ നിഗ്രഹിക്കുന്നതാണു തന്റെ കൃത്യമെന്നും നിശ്ചയിക്കയും അതു ക്ഷണത്തിൽ തന്നെ സാധിക്കുന്നതായി തന്റെ പടത്തലവനായ മലഖൻ എന്നവനെ വിളിച്ചു് തന്റെ നാട്ടിലുള്ള ശിശുക്കളെയെല്ലാം വധിക്കുന്നതിന് കല്പന കൊടുക്കുകയും ചെയ്തു. ഉടനെ ഘാതകന്മാർ ആയുധപാണികളായി, ആട്ടിൻകുട്ടികളുടെ മേൽ ചെന്നായ്ക്കളെന്നോണം ശിശുക്കളുടെ നേരെ പാഞ്ഞു് അവരുടെ ശിരസ്സുകളെ അവരുടെ തള്ളമാരുടെ കൈകളോടുകൂടി വെട്ടി വീഴ്ത്തി. രക്തം ആറുപോലെ പ്രവഹിച്ചു. ജീവൻ വെടിയുന്ന കുട്ടികളുടെ ദയനീയ ശബ്ദങ്ങളും കരഞ്ഞു പ്രലപിക്കുന്ന തള്ളമാരുടെ നിലവിളികളും, വീശിവെട്ടുന്ന ആയുധങ്ങളുടെ കിലുകിലാരവവും, കൊന്നൊടുക്കുന്ന ഭടവീരന്മാരുടെ ഘോരാട്ടഹാസങ്ങളും കൂടി കടൽ മുഴക്കത്തെക്കാളധികമായി മുഴങ്ങി. ഇതു കണ്ട സാധുക്കളെല്ലാം സഹതപിച്ചു് രാജാവിനെ നിന്ദിച്ചിരുന്നു.

ഇങ്ങനെയിരിക്കെ, എജിപ്തിലായിരുന്ന ദൈവമാതാവും മാർ യൗസേപ്പും ദൈവബാലൻ നൽകിയ ഒരു കാഴ്ചയാൽ ഇവിടെ ശിശുക്കൾ വധിക്കപ്പെട്ടതും അവരുടെ മാതാക്കൾ പ്രലപിച്ചു കരയുന്നതും അറിഞ്ഞു് ദയനീയമായി കരയുമ്പോൾ, മറെറാരു ദർശന

ത്തിൽ ആ കുഞ്ഞുങ്ങളെല്ലാം മോക്ഷം പ്രാപിച്ചതു പോലെ പരമാനന്ദഭരിതരായി സ്വൎഗ്ഗീയതേജസ്സി നെ പ്രദൎശിപ്പിച്ചിരിക്കുന്നതു കണ്ടു് സമാശ്വസിച്ചു:- “ഞങ്ങളുടെ ദൈവമേ? സകല പ്രാണികൾക്കും ജീവ നായുള്ളവനെ! ഹേറോദേസിനാൽ കൊലപ്പെടുത്ത പ്പെട്ട ശിശുക്കളെല്ലാം അവിടുത്തെ ദിവ്യ മാറിനൊരു വിശിഷ്ടാഭരണമായിവിളങ്ങുമാറു് കൃപ ചെയ്തുവല്ലോ ഇപ്രകാരമുള്ള അങ്ങയുടെ കരുണയുടെ മഹത്വത്തെ അറിയുന്നവരാകുന്നു”എന്നു ദൈവകുമാരനെ സ്തുതിച്ചു ഇതിനോടുചേൎന്നു് മാലാഖമാരും ·പാടി; അപ്പോൾ അവർ രണ്ടുപേരും ദൈവതൃപ്പാദത്തെ നമസ്കരിച്ചു കൊണ്ടിരുന്നു.

---

## അദ്ധ്യായം രണ്ടു്.

—:o:—

### സ്നാപകയോഹന്നാൻ.

രാജവംശത്തിൽ ജനിച്ചവനും വൈദിക കുലശി രോമണിയുമായ സക്കറിയാസ്, തന്റെ പ്രിയപത്നി യും പതിവ്രതയും ആയ എലിസബത്തിനോടുകൂടി, സ്നേഹം, ക്ഷാന്തി, വിശുദ്ധി മുതലായ ഗാൎഹസ്ഥ്യ ധ ൎമ്മങ്ങളെ മുൻനിറുത്തി ആചാൎയ്യനിയമങ്ങളെ അന്യൂന മായനുഷ്ഠിച്ചു് വസിച്ചുവന്നു. ഇവർ സന്താനരഹി തരായിരുന്നു എന്നുള്ള ഒരു കുറവല്ലാതെ അവൎക്കു് വേ റെ യാതൊരു കുറവുണ്ടായിരുന്നില്ല. അതും ദൈവേ

ഷമയെന്നു വിചാരിച്ചു് സകല ജീവികളേയും സ്നേഹിച്ചു വന്നു. ഇങ്ങനെയിരിക്കെ, അവതരിക്കുന്ന ദൈവകുമാരനു് മുൻഗാമിയായി സർവഥാ യോഗ്യനായ ഒരുവൻ വേണമെന്നുള്ള ദൈവച്ഛയനുസരിച്ചു് ഒരു ദിവസം സക്കറിയാസ് പതിവുപോലെ ബലിപീഠത്തിൽ സന്നിധാനത്തിൽ ധൂമം അണച്ചു നില്ക്കുമ്പോൾ ഗബ്രിയേൽ ദൈവദൂതൻ അദ്ദേഹത്തിന്റെ മുമ്പിൽപ്രത്യക്ഷനായിട്ടറിയിച്ചു. "നിനക്കൊരു പുത്രൻ ജനിക്കും. അവനു് യോഹന്നാൻ എന്നു് നാമം വിളിക്കണം. അവൻ, അവതരിക്കുന്ന ദൈവകുമാരനു്, മുൻഗാമിയായി സഞ്ചരിച്ചു്, അവിടുത്തെ വരവിനെ അറിയിച്ചു് സകലൎക്കും സൽഗതി നൽകുമാറാകും" സക്കറിയാസ്, പ്രായം കടന്നിരിക്കുന്ന വൃദ്ധരായ തങ്ങൾക്കു് പുത്രഭാഗ്യം ലഭിക്കുന്നതെങ്ങനെ എന്നു് സന്ദേഹത്തോടുകൂടി ചോദിച്ചതിനാൽ മാലാഖ "അതു് ദൈവത്തിന്റെ ഇഷ്ടമാകുന്നു, നിന്റെ സന്ദേഹത്തിനു ശിക്ഷയായി നിനക്കാഭാഗ്യം ലഭിക്കുന്നതുവരെയും നീ ഊമയായിരിക്കും" എന്നു കല്പിച്ചു മറഞ്ഞുപോയി. അദ്ദേഹം അപ്രകാരം സംസാരിപ്പാൻ വശമില്ലാതിരുന്നുവരുന്ന കാലത്തു് തന്റെ ഭാൎയ്യ ഗർഭവതിയായതിനെ അറിഞ്ഞു് ദൈവത്തെ സ്തുതിച്ചുവന്നു. എലിസബത്തിന്റെ ഉദരത്തിൽ ശിശു ഉത്ഭവിച്ചിട്ടു ആറുമാസമായപ്പോൾ, ലോകരക്ഷകനായ ദൈവകുമാരനെ തന്റെ തിരുവുദരത്തിൽ ധരിച്ചിരുന്ന ദിവ്യകന്യക, തന്റെ അടുത്ത ബന്ധുവും വന്ധ്യയുമായിരുന്ന പ്രസ്തുത എലിസബത്തിനെ ചെന്നു കണ്ടാൽ, അ

വളുടെ ഉദരത്തിലുള്ള ശിശു ഉൽകൃഷ്ടവരങ്ങളെ പ്രാപിക്കുമെന്നു് ഒരു ദിവ്യദശ്നത്താലറിഞ്ഞു് അവളെ സന്ദശിപ്പാൻ വേണ്ടിതന്റെ ഭത്താവായ യൗസേപ്പുമൊന്നിച്ചു് ആ ദിക്കിലേയ്ക്കു പുറപ്പെട്ടു.

അവർ വഴിമദ്ധ്യേയുള്ള കാടുകളും മലകളും കടന്നു് ഒടുവിൽ യൂദ മഹാനഗരത്തിലെത്തി. സക്കറിയാസിനും എലിസബേത്തിനും ഇവർ രണ്ടുപേരേയും കണ്ടപ്പോഴുണ്ടായ സന്തോഷത്തിനു അളവില്ലായിരുന്നു. കന്യകാമറിയം എലിസബേത്തിനെ നോക്കിപ്പറഞ്ഞു:—"സന്താനമില്ലാഞ്ഞു് ക്ലേശിച്ച നിങ്ങൾ സന്തോഷിക്കുമാറു് ഗർഭിണിയായി!" തദവസരത്തിൽ അവളുടെ വയററിലുണ്ടായിരുന്ന ശിശുവിന്റെ ജന്മപാപം നീങ്ങി, അതിനുണ്ടായ സമ്മോദത്താൽ തുള്ളി, കന്യകാമാതാവിന്റെ ഗർഭത്തിലുള്ള ദൈവത്തെ വണങ്ങി. ഇതിനെ ദിവ്യദശ്നത്താലറിഞ്ഞു് എലിസബത്തു് കന്യകാമറിയത്തോടായി പറഞ്ഞു:- സൃഷ്ടാവിനെ ഗർഭം ധരിച്ചവളെ! സവ്വവ്യാപിയായ ദൈവത്തെ ഉദരസീമയിലടക്കിയവളെ! ഇനി സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ നീ തന്നെ നിന്റെ വയററിൽ ഫലമായ തൃക്കുമാരനും പൂജ്യനാകുന്നു. നിന്റെ സ്വരത്തെ കേട്ട മാത്രയിൽ എന്റെ വയററിലുള്ള ശിശു ആനന്ദത്താൽ തുള്ളിവന്ദനം ചെയ്തു. വേദത്തിൽ എഴുതപ്പെട്ടവയെല്ലാം നിന്നിൽ നിറവേറിയതിനാൽ തലമുറകളെല്ലാം നിന്നെ ഭാഗ്യവതി എന്നു വിളിക്കും."

ഇപ്രകാരമുള്ള എലിസബത്തിന്റെ പ്രശംസകളെ എല്ലാം തന്റെ തൃക്കുമാരനു് സ്തോത്രമായി

സമപ്പ്ച്ച ദൈവജനനി, തന്റെ ഹൃദയത്തെ നോക്കി പറഞ്ഞു:—"ജ്ഞാനത്താൽ പ്രകാശിച്ച എൻെറ ഹൃദയമേ! നീ നിൻെറ സ്രഷ്ടാവിനെ സ്തുതിച്ചാരാധിക്കണം. നന്മയാൽ നിറഞ്ഞ എൻെറ ജീവനെ! നിന്നെ രക്ഷിപ്പാൻ വന്ന നാഥനിൽ നീ ആനന്ദിക്കണം." തുടന്നു പറഞ്ഞു:—"അടിമയായ എന്നെ സൎവ്വേശ്വരൻ കരുണയോടുകൂടി കടാക്ഷിച്ചതിനാൽ, തലമുറകളെല്ലാം എന്നെ ഭാഗ്യവതി എന്നു വിളിക്കും. ഈ മഹത്വങ്ങളെ നിനക്കു നൽകിയ അങ്ങയുടെ വിശുദ്ധ നാമം സ്തുതിക്കപ്പെടട്ടെ. ഉയന്നവരെ ആസനത്തിൽനിന്നു തള്ളി താഴ്ന്നവരെ ഉയൎത്തി; സമ്പന്നരെ ദരിദ്രരാക്കി, ദരിദ്രരെ സമ്പന്നരാക്കി; അബ്രഹാം മുതലായ പിതാക്കന്മാൎക്കു വാഗ്ദാനം ചെയ്യപ്പെട്ടപ്രകാരംതന്നെ ഭയന്നവരെ രക്ഷിച്ചു; ആ അങ്ങയുടെ സൎവ്വശക്തതത്തിന്റെ എതിരേ നില്ക്കുന്നവനാർ" അനന്തരം അവർ തൻെറ ഭൎത്താവോടൊന്നിച്ചു ദൈവത്തെ സ്തുതിച്ചുകൊണ്ടു എലിസബേത്തിൻെറ മന്ദിരത്തിൽ മൂന്നു മാസം പാൎത്തു. മാസം തികഞ്ഞു എലിസബേത്തു് ഒരു ശിശുവിനെ പ്രസവിച്ചു. കുട്ടി ജനിച്ച എട്ടാംദിവസം പരിച്ഛേദകല്പനപ്രകാരം ചെയ്യേണ്ട ചടങ്ങുകളെല്ലാം പൂൎത്തിയാക്കി യോഹന്നാൻ എന്നു് നാമകരണം ചെയ്തു. സക്കറിയാസ് ഊമാവസ്ഥ നീങ്ങി; ദൈവത്തെ സ്തുതിച്ചു. മാർ യൗസേപ്പും ദൈവജനനിയും ആ ശിശുവിനെ ആശീർവദിച്ചു്, അവരോടനുമതി വാങ്ങിക്കൊണ്ടു് തങ്ങളുടെ സ്വദേശത്തേക്കു് മടങ്ങിപ്പോന്നു. അതിൻെറ ശേഷം കുറേക്കാലം കഴിഞ്ഞു് സക്കറിയാസ് മരണം പ്രാപിക്കുകയും ചെയ്തു.

മുൻപേ പ്രസ്താവിച്ചപ്രകാരം ഹേറോദേസിന്റെ ക്രൂരകൃത്യത്തെ ഭയന്ന് ത്തുക്കമാരനോടുകൂടി എജിപ്തി ലെത്തിയിരുന്ന ദൈവമാതാവും മാർ യൗസേപ്പും, ജറു സലം നഗരത്തിൽ കൊല്ലപ്പെട്ടുന്ന കളങ്കരഹിതരായ കുഞ്ഞുങ്ങളോടുകൂടി യോഹന്നാനും കൊലപ്പെട്ടുപോ കാതെ സൂക്ഷിക്കുന്നതിനുവേണ്ടി എലിസബേത്തി ൻെറ അടുക്കൽ ഒരു മാലാഖയെ അയച്ചു. അവൾ ആ ദൈവദൂതൻ പറഞ്ഞവയെ കേട്ട് വളരെ വ്യസ നിച്ചെങ്കിലും, തന്റെ സ്വത്തുക്കളെല്ലാം അഗതികൾക്കു ദാനം ചെയ്തിട്ട്, തൻെറ പുത്രനോടൊന്നിച്ച് ദൈവ ത്തുപ്പാദത്തെ ഏകാശ്രയമായിക്കരുതി, മനുഷ്യപാദങ്ങ ളാൽ അനാക്രാന്തമായ ഘോരാരണ്യത്തെ പ്രാപിച്ച് ഫലമൂലാദികളേ ഭക്ഷിച്ച് കാലക്ഷേപം ചെയ്തു പോ ന്നു. ഇങ്ങനെ ഏതാനും വർഷങ്ങൾ കഴിഞ്ഞശേഷം തൻെറ ശരീരം മെലിഞ്ഞു വരുന്നതിനേയും, മരണ കാലം സമീപിച്ചുവരുന്നതിനേയും അവൾ അറിഞ്ഞി ട്ടും, അതിനേ തൻെറ പുത്രനറിഞ്ഞാൽ വ്യസനിക്കു മെന്നു ഭയന്ന് കുറേദിവസങ്ങളോളം അത് അവനിൽ നിന്ന് മറച്ചുവച്ചു. പുത്രവാത്സല്യത്താൽ പ്രേരിതയാ യ അവൾ പിന്നീടൊരുദിവസം അവനെ തന്റെ അടു ക്കൽ വിളിച്ച് ഇപ്രകാരം പറഞ്ഞു:-"പ്രിയ മകനെ! നീ ജനിച്ചനാൾമുതൽ ഒരിക്കലും നിന്നെ വിട്ടുപിരിയാ തിരുന്ന നിൻെറ അമ്മ നിന്നെ പിരിഞ്ഞുപോകാനു ള്ള കാലം ഇപ്പോൾ അടുത്തിരിക്കുന്നു; നീ വയസ്സുകൊ ണ്ടു തീരെ ചെറുപ്പമാണെങ്കിലും അറിവുകൊണ്ടും വര ങ്ങൾകൊണ്ടും വലിയവനാകുന്നു; ആകയാൽ നിനക്കു

ഞാൻ പറഞ്ഞുതരേണ്ടതായിട്ടൊന്നുമില്ല; എങ്കിലും എന്റെ വാത്സല്യനിധേ! ഇനി ഈ കാട്ടിൽ തനിച്ചിരിക്കുന്നതിന് നീ ഭയപ്പെടരുത്:- എന്തുകൊണ്ടെന്നാൽ വഞ്ചന നിറഞ്ഞ മനുഷ്യരുടെ ഇടയിൽ സഞ്ചരിക്കുന്നതിനേക്കാൾ മൃഗങ്ങൾ നിറഞ്ഞ കാട്ടിൽ വസിക്കുന്നതു നല്ലതാകുന്നു; മാതാപിതാക്കന്മാർ ബന്ധുക്കൾ കാരണവന്മാർ ഇവരെല്ലാം വിട്ടുപിരിഞ്ഞുപോയല്ലോ എന്നു കരുതി നീ ദുഃഖിക്കേണ്ടാ; ഇനി മുതൽ തപസ്സിനെ അമ്മയായും, ധൈര്യത്തെ അച്ഛനായും നന്മയേ സ്നേഹിതനായുംവിചാരിച്ച് സ്ഥിരതയാകുന്ന വിത്തിനേ മനസ്സാകുന്ന ഭൂമിയിൽ വിതയ്ക്കണം; അതിൽ നിന്നു് വാസ്തവജ്ഞാനമാകുന്ന മരം മുളച്ച്, ക്ഷമയും ദയയും ആകുന്നരണ്ടു കൊമ്പുകൾ പുറപ്പെട്ട് സന്തോഷം ആകുന്ന പൂക്കൾ പൂത്തു് പരമാനന്ദമാകുന്ന ഫലങ്ങൾ നല്കും. അതിനെ അനുഭവിച്ച് നീ സുഖമായി ജീവിക്കണം. നിനക്ക് ഉപദേശം നൽകാൻ ഗുരുനാഥൻ ഇല്ലല്ലോഎന്നു കരുതേണ്ടാ; പക്ഷികൾ പാടുന്ന പാട്ടും, വണ്ടുകൾ മൂളുന്ന നാദവും നിനക്കു ഗുരൂപദേശമായിരിക്കണം. വായിച്ചറിയുവാൻ പുസ്തകങ്ങളില്ലല്ലോ എന്നു കരുതി മയങ്ങരുതു്; താൻ പോകുന്ന വഴിയിലുള്ള കല്ലുമുള്ളുകളാൽ തടസ്സപ്പെടാതെയും, സൗരഭ്യം പരത്തി തേൻ പൊഴിക്കുന്ന പൂഞ്ചോലകളാൽ ആകർഷിക്കപ്പെടാതെയും, ഏകാഗ്രഗതിയായി ഒഴുകി ഓടി കടലിൽ ചേരുന്ന നദികളേ വേദപുസ്തകമായി ഗണിക്കണം; അതിൽനിന്നു്, ഇഹലോകദുഃഖങ്ങളാൽ ഭയപ്പെടാതെയും, അതിന്റെ സുഖങ്ങളാൽ മയങ്ങാതെയും കരുണയുടെ കടലായദൈവ

ത്തിൻെറ സമീപത്തേയ്ക്കു ചെല്ലേണ്ട വഴിയേ നീ കണ്ടു പഠിക്കണം; നിനക്കിവിടെ ഒരുത്തരും സഹായികളില്ലല്ലോ എന്നു കരുതേണ്ടാ; സകല ജീവജാലങ്ങളേയും ദയാപുരസ്സരം സംരക്ഷിച്ചുപോരുന്ന ദൈവവും അദ്ദേഹത്തിന്റെ പരിശുദ്ധമാതാവും ഇരിപ്പുണ്ടല്ലോ. അവരേക്കാൾ ഉപരിയായ സഹായം ജീവകൾക്കുണ്ടോ? അവരിപ്പോൾ ദൂരദേശത്താണല്ലോ എന്നു വിചാരിക്കണ്ടാ. സാക്ഷാൽ സ്നേഹമുള്ളവർ എവിടെ ആയിരുന്നാലും എന്താണു്? അവൎക്കു് ദൂരമെന്നും സമീപമെന്നും ഉള്ള ഭേദം ഇല്ല. എന്നിങ്ങനെയുള്ള ആശ്വാസകരങ്ങളായ വാക്കുകളെക്കൊണ്ടു് അവൾ അവനേ സമാധാനപ്പെടുത്തി. പിന്നെ അവനെ ആശ്ലേഷിച്ചു് ചുംബനം ചെയ്തു്, ചൊരിഞ്ഞ കണ്ണുനീരാൽ അവൻെറ ദേഹത്തെ ക്ഷാളനംചെയ്തു. അപ്പോൾ ആ ബാലനായ കുമാരനും അമ്മയുടെ വേർപാടിനെ വിചാരിച്ചു് തീയിൽ വീണ കുസുമം പോലെ വാടി ഒന്നും മിണ്ടാതിരുന്നു.

ഈ വൃത്താന്തങ്ങളെല്ലാം അനേകനാഴിക ദൂരത്തുള്ള എജിപ്തിൽ വസിച്ചിരുന്ന ദൈവമാതാവും മാർയൗസേപ്പും ദിവ്യദൎശനത്താൽ ഗ്രഹിച്ചു്, യോഹന്നാനെ അകാലമരണത്തിൽനിന്നും അത്ഭുതമായി രക്ഷപ്പെടുത്തിയ ദൈവകുമാരനു് കൃതജ്ഞതാപൂൎവ്വം സ്തോത്രം ചെയ്തിട്ടു്, എലിസബേത്തിനു് മരണകാലം സമീപിച്ചിരിക്കുന്നതിനേയും അതുമൂലം അവളുടെ പുത്രനു ഭവിക്കുന്ന മഹാവ്യസനത്തേയും കണ്ടു്, ഒരു മാലാഖയെ വീണ്ടും അവളുടെ അടുക്കലേക്കയച്ചു. ആ ദൈവദൂതൻ ചെന്നു് സാന്ത്വനങ്ങൾകൊണ്ടു് അവരെ സ

മാശ്വസിപ്പിച്ചു. എലിസബേത്തു് ആ ദൈവദൂതനോടായി പറഞ്ഞു:—"ദൈവമാതാവിനാൽ അയയ്ക്കപ്പെട്ട ദൂതാ! ഇതാ എൻെറ മരണസമയം അടുത്തിരിക്കുന്നു. ഇനി എൻെറ പുത്രനു് നീ തന്നെ സഹായം" ഇത്രയുംപറഞ്ഞു് അവൾ തൻെറ പുത്രനെ അനുഗ്രഹിച്ചു് അവൻെറ മേൽ ചാരിയവണ്ണം കിടന്നു് ജീവൻ വെടിയുകയും ചെയ്തു. അമ്മയെ പിരിഞ്ഞ യോഹന്നാൻ കൊമ്പൊടിഞ്ഞ വള്ളിപോലെവാടി കുറച്ചുനേരം സ്തബ്ധനായി നിന്നുപോയി. പിന്നീടു മാലാഖയാൽ ആശ്വസിപ്പിക്കപ്പെട്ടു്, വിധിപ്രകാരം അമ്മയ്ക്കു് ചെയ്യേണ്ടുന്ന സംസ്കാരക്രിയകളെ എല്ലാംനിവത്തിച്ചു് ആ ദൈവദൂതനോടുകൂടി സമീപത്തുണ്ടായിരുന്ന ഒരു ചോലയിൽ അവളുടെ തിരുദേഹത്തെ അടക്കം ചെയ്കയും ചെയ്തു.

അതിൻെറ ശേഷം യോഹന്നാൻ, ഇഹലോകജീവിതം ജലത്തിലെ കുമിളയെന്നോണം നശ്വരമാണെന്നും ജ്ഞാനമത്രെ ശാശ്വതസമ്പത്തെന്നും മഹാത്മാക്കൾ പറഞ്ഞിരിക്കുന്നതനുസരിച്ചു് താഴെവരും പ്രകാരം പറഞ്ഞു:—"ഞാൻ എൻെറ അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾതന്നെ ദൈവകൃപയാൽ ജന്മപാപത്തിൽനിന്നും നീക്കപ്പെട്ടു. വേദാഗമങ്ങളേയും ജ്ഞാനബോധങ്ങളേയും പഠിക്കാതെതന്നെ ഗ്രഹിച്ചു. ഹേറോദേസിനെ ഭയന്നു് എൻെറ അമ്മയാൽ ഇവിടെക്കൊണ്ടുവരപ്പെട്ടു. അമ്മയുണ്ടായിരുന്ന കാലത്തോളം ഈ കാനനവും എനിക്കു് സ്വർഗ്ഗംപോലെ ആയിരുന്നു. അവരുടെ മരണശേഷം ഞാൻ ഏകനായി. എന്താണു് ചെയ്യേണ്ടതെന്നു് ഒന്നും അറിയുന്നില്ല.

തപസ്സാകുന്ന ഉഴവനെക്കൊണ്ടു മനസ്സാകുന്ന പോ
ത്തിനെ പൂട്ടി ശരീരമാകുന്ന ഭൂമിയെ ഉഴുതു, വ്രതമാകു
ന്ന ധാന്യത്തേ വിതച്ച്, സ്ഥിരതയാകുന്ന ജലത്തേ
പായിച്ച്, പഞ്ചേന്ദ്രിയങ്ങളാകുന്ന വേലിയേ അടച്ച്
ജാഗ്രതയായി സൂക്ഷിച്ചുവന്നാൽ അത് പരമാനന്ദമാ
കുന്ന ഫലം നൽകുമെന്നുള്ളതു വാസ്തവംതന്നെ. എ
ങ്കിലും ബാലനായ ഞാൻ, ലോകം, പിശാച്, ശരീരം
എന്ന ശത്രുക്കൾ മൂന്നിൻേറയും പ്രേരണകളെ ജയി
ച്ച് തപോനിഷ്ഠയേ ലംഘിക്കാതെ സൂക്ഷിക്കയെന്നു
ള്ളതു സ്വയം പ്രയാസമാകുന്നു. അപ്രകാരം എന്നെ
സൽപഥത്തിൽ നിലനിറുത്തി സംരക്ഷിക്കുന്നതിന്
ഒരു ജ്ഞാനാചാൎയ്യനും ഇല്ലല്ലോ" എന്നുപറഞ്ഞ് എ
ത്രയും ദയനീയമായി കരഞ്ഞുകൊണ്ട് സമീപത്തുള്ള
ഒരു തടാകതീരത്തിൽപോയി നിദ്രചെയ്തു. ഇവൻ ഇ
പ്രകാരം ദുഃഖിക്കുന്നതിനേ ദിവ്യദൎശനത്താൽഗ്രഹിച്ച
മാർ യൗസേപ്പും ദൈവജനനിയും ആർദ്രചിത്തരായി,
അവനാശ്വാസം നൽകേണമെന്ന് തങ്ങളുടെ ദിവ്യ
പുത്രനോടപേക്ഷിച്ചപ്പോൾ, അവിടന്ന് ദയവായി
തൻേറ അംഗരക്ഷകന്മാരായ ചില ദൂതന്മാർ മുഖേന
യോഹന്നാൻേറ ഹൃദയം തെളിഞ്ഞുവിളങ്ങുമാറ്
ജ്ഞാനഗൎഭങ്ങളായ പല സാരോപദേശങ്ങളേ പറ
ഞ്ഞയച്ചു. "പരമപദം പ്രാപിപ്പാൻവേണ്ടി താപ
സവൃത്തിയേ കാംക്ഷിച്ച് വ്രതങ്ങളനുഷ്ഠിച്ചശേഷം,
ലോകസന്തോഷങ്ങളേ വിചാരിച്ച് ബന്ധുജനങ്ങളേ
തേടുവാൻ പാടുണ്ടോ? പഞ്ചേന്ദ്രിയങ്ങളേ ജയിച്ച്
ശരീരത്തേ പീഡിപ്പിച്ച് കഠിനതപസ്സു ചെയ്വാനാഗ്ര
ഹിച്ചവർ, വേദനയേ ഭയന്ന് ആ ശരീരം നൽകുന്ന

സുഖത്തിൽ മയങ്ങിപ്പോകുമോ? എന്നും, "ജ്ഞാനാചാൎയ്യൻെറ സഹായം കൂടാതെ ജ്ഞാനോദയം ഉണ്ടാകുമോ എന്ന് അവൻ ചോദിക്കുന്നെങ്കിൽ, "ഉത്ഭവപാപത്തോടെ ജനിച്ചവൎക്ക് ആചാൎയ്യൻ വേണ്ടതു ആവശ്യംതന്നെ. എന്നാൽ അമ്മയുടെ ഉദരത്തിലായിരിക്കുമ്പോൾ വന്ന ഒരു പരമാചാൎയ്യൻ മൂലം ആ പാപം നീങ്ങി അദ്ദേഹത്തിൻെറ അനുഗ്രഹത്താൽ വേണ്ടുന്ന ജ്ഞാനങ്ങളെല്ലാം സിദ്ധിച്ച നീ ഈ ലോകത്തെ ജയിപ്പാൻ പ്രയാസമായി കരുതുന്നോ?" എന്നും പറയണമെന്നുള്ളതായിരുന്നു ആ ദിവ്യമായ സന്ദേശത്തിൻെറ സാരം. ദൈവജനനി ആ ബാലതാപസ്സന്ന കൊടുക്കാനായി ചില ഭക്ഷണപദാൎത്ഥങ്ങളെ തയാറാക്കി, അവരുടെ പക്കൽ കൊടുത്തയച്ചു. യൗസേപ്പാകട്ടെ, "അല്പനായ തനിക്കു ദയവായി സ്രഷ്ടാവ് നൽകിയിട്ടുള്ള പല വരങ്ങളേയും അവൻ അറിഞ്ഞിരുന്നിട്ടും വ്യസനിക്കുന്നതു യുക്തമാണോ എന്നും, താഴ്മയിൽ ഉയൎന്നവർ മഹത്വത്തിൽ ഉയരുമെന്നും അവനേ അറിയിക്കണമെന്ന് പറഞ്ഞയച്ചു. അപ്രകാരം മാലാഖമാർ യോഹന്നാൻെറ അടുക്കൽ ചെന്ന് ദൈവകുമാരൻെറ തിരുവചനങ്ങളേയും യൗസേപ്പിൻെറ സദാചാരവാക്യങ്ങളേയും പറകയും ദൈവമാതാവ് കൊടുത്തയച്ചിരുന്ന അപൂൎവ്വഭക്ഷണദ്രവ്യങ്ങളെ കൊടുക്കയും ചെയ്തു. അവൻ അവയെ മുറയ്ക്കു കേട്ടും ആഹാരസാധനങ്ങളെ ഭക്ഷിച്ചും സംതൃപ്തനായി സംതൃപ്തവാസിയെപ്പോലെ ദൈവത്തെ സ്തുതിച്ച് അദ്ദേഹത്തിൻെറ ദാസന്മാ

രുടെ മഹത്വത്തെ പുകഴ്ത്തുവാൻ തുടങ്ങി. "തള്ളമാരെക്കാൾ സ്നേഹം നിറഞ്ഞ ദൈവമേ! അങ്ങയുടെപാദാരവിന്ദത്തെ പ്രാപിച്ചവരത്രേ സകലത്തേയും പ്രാപിച്ചവർ; അതിനെ പ്രാപിക്കാത്തവർ ഒന്നിനേയും പ്രാപിക്കാത്തവരത്രേ. നിർമ്മല ജ്ഞാനരൂപിയായ അങ്ങയെവന്ദിപ്പാൻ പഠിച്ചവരത്രേ സർവ്വകലകളേയും പഠിച്ചവർ, അല്ലാത്തുള്ളവർ പഠിക്കാത്തവരത്രേ, ആനന്ദദയാസ്വരൂപനായ അങ്ങയിൽ സ്നേഹം ഉള്ളവരത്രേ സർവ്വസമ്പത്തും തികഞ്ഞവർ, അല്ലാത്തുള്ളവർ ഏതുകാലത്തും ദരിദ്രരത്രേ." എന്നിപ്രകാരം പറഞ്ഞു ഒരു ക്ഷീണത്തോടുകൂടിയിരിക്കുമ്പോൾ, പെട്ടെന്നുണ്ടായ ഒരു ജ്ഞാനോദയത്താൽ ആശ്വസിച്ചു് ആനന്ദപരവശനായി, അവൻ ഭക്ഷണം കിട്ടാതെ വിശപ്പുകൊണ്ടു് ക്ലേശിച്ചിരുന്ന ചില സന്ദർഭങ്ങളിൽ ദൈവജനനി മാലാഖമാർ വശം കൊടുത്തയച്ചിരുന്ന ആഹാരങ്ങളെ ഭുജിച്ചു് ജീവിച്ചുവന്നു.

ഇങ്ങനെയിരിക്കെ ഒരു ദിവസം താപസവരനായ മാർ യൗസേപ്പു തന്റെ ഹൃദയത്തിലുണ്ടായ സന്തോഷാധിക്യത്താൽ ദൈവകുമാരനെ നമസ്കരിച്ചിട്ടു ഇപ്രകാരം ചോദിച്ചു:—"സ്വാമിൻ! അവിടത്തെ ദാസനായ യോഹന്നാൻ ഇനി തനിയെ ആ കാട്ടിലിരുന്നു് ദുഃഖിക്കാതിരിക്കത്തക്കവണ്ണം അവനെ അങ്ങയുടെ തൃപ്പാദത്തണലിലാക്കിക്കൂടയോ?" ദൈവകുമാരൻ പറഞ്ഞു:- "തപോനിധേ! ആ യോഹന്നാൻ, മനുഷ്യനായവതരിച്ച നമ്മുടെ വഴിയേ അറിയിക്കുന്ന ദൂതനായിതെരഞ്ഞെടുക്കപ്പെട്ടവനാകുന്നു. മനുഷ്യസഹവാസ

ത്താലുണ്ടാകുന്ന ദോഷം അവനേ സ്പൎശിക്കാതിരിക്കുന്നതിനുവേണ്ടി അവനേ വനത്തിലിരുത്തി നമ്മുടെ കരത്തിൽ വളൎത്തിവരുന്നു. അവൻ വളൎന്നശേഷം നാട്ടിൽ കടന്നിട്ടു് യോൎദ്ദാൻ നദിക്കരയിലെത്തി, നമ്മുടെ മഹത്വത്തേയും വരവിനേയും സകലരേയും അറിയിച്ചു് വേദസത്യങ്ങളെ പ്രസംഗിച്ചു് സ്വൎല്ലോക മാൎഗ്ഗത്തെ കാണിക്കും. ആ കാലത്തുള്ള ഹേറോദേസ്, തന്റെ അനുജനായ ഫിലിപ്പിന്റെ ഭാൎയ്യയെ വെപ്പാട്ടിയായി വച്ചിരിക്കുന്നതിനേ യോഹന്നാൻ ആക്ഷേപിച്ചു് അവളെ വിട്ടയക്കുന്നതിനായി നിൎബ്ബന്ധിക്കും. രാജാവു കോപിച്ചു് അവനേ കാരാഗൃഹത്തിൽ പാൎപ്പിക്കും. അവന്റെ വെപ്പാട്ടിയും അവനെ കൊല്ലുന്നതിന്നു് സമയം നോക്കിക്കൊണ്ടിരിക്കും. രാജാവിന്റെ ജന്മനക്ഷത്രാഘോഷദിവസത്തിൽ എല്ലാവരും വിരുന്നു കഴിച്ചു് വിനോദിച്ചിരിക്കുമ്പോൾ, മേല്പറഞ്ഞ വെപ്പാട്ടിയിൽനിന്നും അവനു ജനിച്ചിട്ടുള്ള ഒരു പെൺകുട്ടി സഭയിൽവന്നു് അവളുടെ നൃത്തഗാനങ്ങളാൽഎല്ലാവരേയും സന്തോഷിപ്പിക്കും. രാജാവു സന്തുഷ്ടനായി അവൾ എന്തു ചോദിച്ചാലും കൊടുക്കുന്നതാണെന്നു് വാഗ്ദാനം ചെയ്യും. അവൾ അമ്മയുടെ ആലോചനയോടുകൂടി യോഹന്നാന്റെ ശിരസ്സിനെ ആവശ്യപ്പെടും. രാജാവു് അപ്രകാരം ചെയ്യുമ്പോൾ അവൻ നമ്മുടെ തൃപ്പാദത്തണൽ പ്രാപിക്കും” ഇതുകേട്ടു് മാർ യൗസേപ്പു് സൃഷ്ടികൎത്താവിന്റെ പരമകരുണയേ ധ്യാനിച്ചു് അദ്ദേഹത്തെ സ്തോത്രം ചെയ്തു.

# അദ്ധ്യായം മൂന്ന്.

—:o:—

## വേദോപദേശം.

താപസശ്രേഷ്ഠനായ മാർ യൗസേപ്പും കന്യകാമാതാവും ദൈവബാലനോടുകൂടി എജിപ്ത് ദേശത്ത് രവിപുരത്തുള്ള ഒരു ചെറുമന്ദിരത്തിൽ പാർത്ത് നാനാവിധങ്ങളായ സുകൃതങ്ങൾ ചെയ്തു വരവേ, ദൈവകുമാരൻ തന്റെ ഓമന തിരുവായ് തുറന്ന് ആദ്യവാക്കുച്ചരിക്കയും ആദ്യമായി നടന്നു തുടങ്ങുകയും ചെയ്തു. അന്നേദിവസം ദൈവമാതാവു മുൻകൂട്ടി നെയ്തു വച്ചിരുന്ന കുപ്പായം അദ്ദേഹത്തിന്റെ തിരുമേനിയിൽ ധരിപ്പിക്കയുണ്ടായി. അദ്ദേഹത്തിന്റെ തൃശ്ശരീരത്തോടുകൂടെ അതും വളർന്നുകൊണ്ടിരുന്നു. ദൈവബാലൻ തന്റെ കൊഞ്ചവാക്കുകളാൽ യൗസേപ്പിനെ നോക്കിപ്പറഞ്ഞു:- "തപോനിധേ! നാം എജിപ്ത് ദേശത്തുണ്ടായിരുന്ന പിശാചുക്കളെ എല്ലാം ഓടിച്ച്, പാപമായ കളകളേ നീക്കിക്കളഞ്ഞു. ഇനി അങ്ങ് ജ്ഞാനമാകുന്ന കലപ്പയാൽ ഉഴവുനടത്തി സുകൃതമാകുന്ന ധാന്യത്തെ കൃഷി ചെയ്ത് പരമാനന്ദമാകുന്ന ഫലം ലഭിക്കുന്നതിനായി ശ്രമിക്കണം. അതുകണ്ടു പിശാചുക്കളും ആശയാകുന്ന കലപ്പ പൂട്ടി മനസ്സാകുന്ന ഭൂമിയെ ഉഴുതു പാപമാകുന്ന കളകളേ നട്ടുവളത്തി നരകാഗ്നിയാകുന്ന ഫലം വിളയിക്കുന്നതിനു പ്രയാസപ്പെട്ടും. അപ്പോൾ നമ്മുടെ കൃപയാൽ അങ്ങാകുന്ന തപശ്ശൈലത്തിന്മേൽ ദൈവവരങ്ങളാകുന്ന മഴ പൊഴിയുമ്പോൾ, അങ്ങയുടെ ഉപദേശമാകുന്ന വെള്ളത്താൽ

പ്രസ്തുത പാപമാകുന്ന കളകളേ നശിപ്പിച്ച് പുണ്യജീവിതമാകുന്ന ഫലത്തെ വിളയിച്ചാലും" യൗസേപ്പ് പറഞ്ഞു:—"സ്വാമീ! സർവ്വശക്തനായ അങ്ങേയ്ക്ക് ദുസ്സാദ്ധ്യമായി എന്തെങ്കിലുമുണ്ടോ? അങ്ങയുടെ വേദം പ്രസംഗിക്കാനുള്ള സാമർത്ഥ്യം ഈ ദാസന് അങ്ങുതന്നെ പ്രദാനം ചെയ്യുമാറാകണം." അതിന് ദൈവകുമാരൻ പറഞ്ഞു:—"നമ്മുടെ സ്നേഹവും നന്മയും നിറഞ്ഞ അങ്ങേയ്ക്ക് ഞാൻ പറഞ്ഞുതരേണ്ടതായിട്ടില്ല. എങ്കിലും ഭൂവാസികളെ സ്വർഗ്ഗവാസികളാക്കാനായി വന്നിരിക്കുന്ന നമ്മുടെ കരുണയെ അനുഗ്രഹമായി കരുതി, നമ്മുടെ വിശിഷ്ടവേദത്തെ എല്ലാവരോടും വ്യക്തമായി പ്രസംഗിച്ചാലും."

ദൈവകല്പനയ്ക്ക് പൂർണ്ണമായി കീഴ്‌വഴങ്ങിയ മാർ യൗസേപ്പ് അന്നുമുതൽ പ്രസംഗം ചെയ്‌വാൻ തുടങ്ങി; സർവ്വലോകങ്ങളേയും സൃഷ്ടിച്ചത് ഏകദൈവമാകുന്നു; അവിടുന്ന് സ്ഥാപിച്ച വേദം ഒന്നേയുള്ളൂ. പഠിച്ച വിദ്യയുടെ എല്ലാം ഫലം അവിടുത്തെ അറിഞ്ഞാരാധിക്കുന്നതാകുന്നു. തന്നെപ്പോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കണം. കോപത്തെ അടക്കണം. എന്നിങ്ങനെ പലവിധ പുണ്യങ്ങളേയും എടുത്തുകാണിച്ച് അത്ഭുതകരമാംവണ്ണം പ്രസംഗിച്ച് സന്മാർഗ്ഗത്തെ കാണിച്ചുവന്നു. കൂടാതെയും, അദ്ദേഹം തള്ളയില്ലാത്തവർക്ക് ഒരു വാത്സല്യമുള്ള തള്ളയെപ്പോലെയും പിതാവില്ലാത്തവർക്ക് ഒരുത്തമ പിതാവിനെപ്പോലെയും, ദരിദ്രർക്ക് സമ്പത്തുപോലെയും, രോഗികൾക്ക് ഔഷധം പോലെയും വർത്തിച്ച്, എല്ലാവരേയും,

സ്നേഹപൂർവ്വം ആദരിച്ചുവന്നു. ഇദ്ദേഹത്തിന്റെ ധർമ്മോപദേശങ്ങളെ കേട്ടവരിൽ അനേകം പേർ, തങ്ങളുടെ അജ്ഞതയിൽനിന്നും നീങ്ങി വാസ്തവജ്ഞാനം പ്രാപിച്ചു. ഒരു ദിവസം ചില ധനവാന്മാർ ഇദ്ദേഹത്തിന്റെ അടുക്കൽവന്നു, ദാനത്തിന്റെ ഫലത്തെക്കുറിച്ചു അല്പം കൂടുതലായി കേൾക്കാൻ തങ്ങൾക്കു ആഗ്രഹമുണ്ടെന്നുള്ള വിവരം അറിയിച്ചു. അതിന്നു യൗസേപ്പു സന്തോഷം പറഞ്ഞു:—“മാന്യരേ ഈ ലോകസമ്പത്തുകളെല്ലാം ജലത്തിലെ കുമിളകളെന്നോണം ക്ഷണത്തിൽ നശിച്ചു പോകുന്നതാകുന്നു. അതിൽ ദാനത്തിന്റെ ഫലമൊന്നു മാത്രമേ നിലനില്ക്കുന്നതുള്ളു. അതിനാൽ അതിന്റെ ഫലത്തെക്കുറിച്ചു അല്പം പറയാം. പല വ്യാജമാർഗ്ഗങ്ങൾ നിറഞ്ഞിരിക്കുന്ന ഒരു സ്ഥലത്തേയ്ക്കു ശരിയായ വഴി കണ്ടുപിടിച്ചു പോകുകയെന്നുള്ളതു വളരെ കഷ്ടതരമായിട്ടുള്ളതാകുന്നു. അതുപോലെ പലവിധത്തിലുള്ള ദാനങ്ങളിൽ വെച്ചു സാക്ഷാൽ ഫലമുള്ള ദാനം ഏതാണെന്നറിഞ്ഞു ചെയ്വാൻ പ്രയാസമത്രേ. മേഘം ഭയങ്കരമായി ഗർജ്ജിച്ചാലും അതു വർഷിക്കുന്ന ജലത്താൽ എല്ലാവരും അതിനെ പ്രശംസിക്കുന്നു. അതുപ്രകാരംതന്നെ ദുഷ്ടത പ്രവൃത്തിക്കുന്ന പാപിയുടെ ദാനത്തെയും പലർ സ്തുതിക്കുന്നതായി കാണാം. എന്നാൽ അവന്റെ ദാനവും സ്തുതിയും ഫലമുള്ളതല്ല. അതുപോലെതന്നെ പണവ്യാപാരികളും തങ്ങളുടെ പണത്തെ പലിശയ്ക്കു കൊടുത്തിട്ടു നിഷ്ഫലമായ പ്രശംസയേ പ്രാപിക്കുന്നുണ്ടു. എന്നാൽ പ്രതിഫലത്തെ ഇച്ഛിക്കാതെയും അന്യരറിയാതെയും സാക്ഷാൽ യാചക

ന്മാൎക്ക് ചെയ്യുന്ന ദ്രവ്യസഹായമത്രേ ദാനം. ദാനത്തിന്റെ ശരിയായ ഫലത്തെ ഇഛിക്കുന്നവർ അന്യന്മാരുടെ സ്തുതിയെ ഭയപ്പെടണം. അതുപ്രകാരം ദാനം ചെയ്തുവന്ന ഒരു മഹാത്മാവിന്, ദൈവം ഈ ലോകത്തിൽ വച്ചുതന്നേ ചെയ്തരുളിയ നന്മകളെക്കുറിച്ച് അല്പം പറയാം."

"ഏറ്റവും ഫലവത്തും ഐശ്വൎയ്യപ്രദവുമായ ഗലിലേയാ ദേശത്തിന് ഒരു ഭൂഷണമായി വിളങ്ങിയിരുന്ന നെഫ്റലി മഹാനഗരത്തിൽ തോബിയാസ് എന്നൊരു മഹാൻ ഉണ്ടായിരുന്നു. അദ്ദേഹം ധനംകൊണ്ടും ദൈവാനുഗ്രഹംകൊണ്ടും ഒരു മഹാസമ്പന്നനായിരുന്നു. അദ്ദേഹം പതിവ്രതയായ അന്നാ എന്ന തന്റെ ഭാൎയ്യയോടുകൂടി ഗാൎഹസ്ഥ്യധൎമ്മങ്ങൾ അനുഷ്ഠിച്ചു വസിച്ചുവരവേ, "ദയോധരൻ" എന്നൊരു പുത്രൻ ജാതനായി. കുടുംബജീവിതത്തിന്റെ ശ്രേയസ്സ്, യാചകന്മാൎക്ക് ദാനം ചെയ്യുന്നതിലാണെന്ന പ്രമാണത്തെ ശിരസ്സാ ആദരിച്ചിരുന്ന അദ്ദേഹം അഗതികൾക്ക് എല്ലാ സഹായങ്ങളും അവസരോചിതമായി ചെയ്തുപോന്നു. ഏതാനും വൎഷങ്ങൾക്കുശേഷം ഇവർ ആ പട്ടണത്തിൽനിന്നും മാറി നിനവേമഹാനഗരത്തിൽപോയി പാൎത്തു. അവിടെ ചെന്നിട്ടും ദരിദ്രൎക്ക് ധാരാളമായി ധനംകൊടുത്തു, അവരെ സഹായിച്ചുവന്നു. എന്നാൽ ഇവരുടെ ദാനശീലത്തേയും ധൎമ്മകൃത്യത്തേയും മേൽക്കുമേൽ ശോഭിക്കുന്നതിനു തിരുമനസ്സായ ദൈവം, ഇവരെ ദാരിദ്ര്യത്താൽ വലച്ചതോ പോകട്ടെ, തോബിയാസിന്റെ രണ്ടു കണ്ണുകൾക്കും കാഴ്ചയില്ലാ

താക്കയും ചെയ്തു. അദ്ദേഹം കാഴ്ചനശിച്ചു് ദാരിദ്ര്യത്താൽ കഠിനമായി പീഡിപ്പിക്കപ്പെട്ട കാലത്തും അതു ദൈവചിത്തമാണെന്നു് സമാധാനപ്പെട്ടു്, തന്റെ ധർമ്മനിഷ്ഠയേയും, വിശിഷ്യാ ദാനകൃത്യത്തേയും വിടാതെ കഴിയുംവണ്ണം പാലിച്ചുവന്നു. ഈ അവസരത്തിൽ തോബിയാസ് തന്റെ വംശത്തിലുള്ള ഒരു വധുവിനെ തന്റെ പുത്രനെക്കൊണ്ടു വിവാഹം ചെയ്യിക്കുന്നതിനും, തനിക്കു ഗലീലേയായിൽ നിന്നും കിട്ടുവാനുണ്ടായിരുന്ന പണം ഈടാക്കിക്കൊണ്ടുവരുന്നതിനും സഹായകനായി യോഗ്യനായ ഒരാളെ അന്വേഷിക്കുന്നുണ്ടായിരുന്നു. അപ്പോൾ ദൈവകല്പനപ്രകാരം റപ്പായേൽ ദൂതൻ മാനുഷ വേഷധാരിയായി ഒരാളിനെപ്പോലെ അദ്ദേഹത്തിന്റെ മുൻപിൽ ചെന്നു് "മാന്യരേ! താങ്കളുടെ പുത്രനേ എന്നോടുകൂടെ അയച്ചാൽ താങ്കൾ അനുഗ്രഹിക്കുന്നപ്രകാരം അവന്റെ വിവാഹം നടത്തിക്കൊടുക്കുകയും, താങ്കൾക്കു കിട്ടുവാനുള്ള പണം ഈടാക്കിക്കൊണ്ടുവരുകയും ചെയ്യാം" എന്നു് ഏത്രയും സന്ദർഭോചിതമായി പറഞ്ഞു. തോബിയാസും ഭാര്യയും സസന്തോഷം ഇതിന്നു് സമ്മതിച്ചു് ആ ആളിനോടുകൂടെ തങ്ങളുടെ വാത്സല്യഭാജനമായ പുത്രനേയും കൂട്ടി അയച്ചു.

അവർ രണ്ടുപേരും നടന്നു് പല വഴികളും കടന്നുപോയി. മാർഗ്ഗമദ്ധ്യേ ഉണ്ടായിരുന്ന ഒരു നദി കടക്കുമ്പോൾ, ഒരു വലിയ മത്സ്യം ഇവരെ വിഴുങ്ങുവാനായി വരുന്നതു കണ്ടു് ഉടനെ മാലാഖ അതിനെ പിടിച്ചു. അതിന്റെ കട്ടും കരളും എടുത്തു് ഭദ്രമായി

സൂക്ഷിച്ചുകൊള്ളുന്നതിന് മാലാഖ കൊച്ചുതോബിയാസിനോടു പറഞ്ഞതനുസരിച്ച് അവൻ അതെടുത്തു സൂക്ഷിക്കയും ചെയ്തു. അനന്തരം, അവർ ഗലിലേയായിൽ ചെന്ന് അവിടെനിന്നും കിട്ടുവാനുണ്ടായിരുന്ന പണവും വാങ്ങിച്ച്, മുകലിപുരത്തിൽ പോയി അദ്ദേഹം ധനവാനായ നിവലൻെറ പുത്രി സാറായുമായി മുറപ്രകാരം അവൻെറ വിവാഹവും ചെയ്യിച്ചു. മേൽപ്പറഞ്ഞ മീൻകരളിൻെറ പുകയാൽ അവിടെ ഉണ്ടായിരുന്ന പിശാചുക്കളെഎല്ലാം ഓടിച്ച്, അവൻെറ "അമ്മായിയപ്പൻ" കൊടുത്ത അളവററ സ്ത്രീധനവും വാങ്ങിച്ച് സ്വദേശത്തേക്ക് മടങ്ങിപ്പോരുന്നതിന് കുറേദിവസത്തെ താമസമുണ്ടായി. ഇതിനിടെ ഒരുദിവസം പുത്രനെ കാണാഞ്ഞു് വ്യസനാക്രാന്തനായ അന്നാമ്മ തൻെറ പ്രേമഭാജനമായ ഭത്താവിനോടായിപ്പറഞ്ഞു. "നമ്മുടെ പുത്രൻ പോയി വളരെനാളായിട്ടും ഇതുവരെയും കാണുന്നില്ല; വിവരങ്ങളും ഒന്നും അറിയുന്നില്ല; ആദ്യം നമ്മുടെ ധനമെല്ലാം നശിച്ചു; പിന്നീട് അങ്ങ് കുരുടനുമായി; ഇപ്പോൾ പുത്രനേയും കാണാനില്ല; ധമ്മത്താലുണ്ടായ ഫലം ഇവതന്നെയോ?" തോബിയാസ് പറഞ്ഞു:— "പ്രിയേ! ഇതു അബലകളുടെ ചാപല്യമല്ലേ! അതെസ്ത്രീകളുടെ ക്ഷമയില്ലായ്കകൊണ്ടത്രേ നീയിപ്രകാരംപറയാൻ സംഗതിയായതു്. ഈ ലോകത്തിൽ പാപം ഒന്നു മാത്രമേ ദുഃഖിപ്പിക്കുവാൻ കഴിവുള്ളതായിട്ടുള്ളു. അതല്ലാതെ മററുള്ളവയെല്ലാം ദൈവേഷ്ടംകൊണ്ടു സംഭവിക്കുന്നവയാകുന്നു. ആകയാൽ അവിടുന്ന് നമ്മേ വാസ്തവമായും കൈവിടുകയില്ല."

തോബിയാസ് ഇപ്രകാരം സാന്ത്വനങ്ങൾകൊണ്ട് തന്റെ ഭാൎയ്യയെ സമാശ്വസിപ്പിച്ചിരിക്കുമ്പോൾ തന്നെ, അവരുടെ വാത്സല്യപുത്രൻ പത്നീസമേതനായി തങ്ങളുടെ വിശ്വസ്ത സഖിയോടുകൂടി മടങ്ങിവന്ന് അവരുടെ പാദങ്ങളെ വണങ്ങി. തോബിയാസ് സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ട് തൻെറ പുത്രനെ പിടിച്ചു തഴുകി, "മകനേ! എനിക്കു കരയുവാനല്ലാതെ നിങ്ങളെ കാണുവാനുള്ള കണ്ണില്ല" എന്ന് വ്യസനത്തോടെ പറഞ്ഞ് അവനെ അനുഗ്രഹിക്കയും കൂടെ ഉണ്ടായിരുന്ന സഖാവിനെ അഭിനന്ദിക്കയും ചെയ്തു. അപ്പോൾ, അവർ കൊണ്ടുപോന്നിരുന്ന മീൻകട്ടിനെ ആ സുഹൃത്തിൻെറ ഉപദേശാനുസരണം തോബിയാസിൻെറ കണ്ണുകളിൽ പിഴിഞ്ഞു; ഉടനെ അദ്ദേഹം മുൻപിലത്തേപ്പോലെ കാഴ്ച പ്രാപിച്ചു. പുത്രനേയും പുത്രിയേയും കണ്ട് സന്തുഷ്ടനായി, യാത്രാവിശേഷങ്ങളെല്ലാം കേട്ട് ആനന്ദിച്ച്, ഈ സമൎത്ഥനായ സ്നേഹിതനോടായിപ്പറഞ്ഞു:—"മാന്യരേ! എൻെറ പുത്രനെ വിഴുങ്ങുവാൻ വന്ന മത്സ്യത്തെ കൊന്നും, അവൻെറ വിവാഹകൎമ്മത്തെ ഭംഗിയായി നിവൎത്തിച്ചും, അവിടെ ഉണ്ടായിരുന്ന ദുഷ്ടാരൂപികളെ ഓടിച്ചും, എനിക്കു കിട്ടുവാനുണ്ടായിരുന്ന മുതലീടാക്കിത്തന്നും, എൻെറ കണ്ണുകൾക്കു കാഴ്ച നൽകിയും താങ്കൾ ചെയ്തിട്ടുള്ള ഈ പരമോപകാരത്തിന് മതിയായ പ്രതിഫലം നൽകാനെന്താണുള്ളതെ"ന്ന് ആശ്ചൎയ്യത്തോടെ അദ്ദേഹത്തിനു നന്ദി പറഞ്ഞു എങ്കിലും തൻെറ കൃതജ്ഞതക്ക് ഒരു ലക്ഷ്യമായി അവർ കൊണ്ടുവന്ന വലുതായ സംഖ്യയിൽനിന്ന് പകുതി

സ്വീകരിക്കണമെന്ന് അദ്ദേഹത്തോടു വിനയപൂർവ്വം അഭ്യർത്ഥിച്ചു. അപ്പോൾ ആ മാലാഖ സസ്മിതം പറഞ്ഞു:—"ഹാ! പ്രിയമുള്ള ഔദാര്യനിധേ! താങ്കൾ ചെയ്തുവന്ന ദാനത്തിന്റെ ഫലമായിട്ട്, ഈ സ്വത്തുക്കളെല്ലാം വീണ്ടും നിങ്ങൾക്ക് തരുന്നതിന് ദൈവം കല്പിച്ചിരിക്കുന്നു. ഞാൻ അദ്ദേഹത്താൽ നിയുക്തനായ റപ്പായേൽ എന്ന ദൂതനാകുന്നു" ഇത്രയും പറഞ്ഞു് അവരെ ആശീർവദിച്ച് മിന്നൽക്കൊടിപോലെ വിളങ്ങി തൽക്ഷണം മാലാഖ അപ്രത്യക്ഷനായി. ഇതുകണ്ടു് അൽഭുതപരവശരായ പിതാവും പുത്രനും ദൈവതൃപ്പാദത്തിൽ സാഷ്ടാംഗംവീണു നമസ്കരിച്ചു്, പതിവുപോലെ അഗതികൾക്ക് ദാനവുംചെയ്തു് അനേകകാലം സുഖമായി വസിച്ചു. ഇങ്ങനെയാകുന്നു സാക്ഷാൽ ദാനത്തിന്റെ ഫലമെന്ന് യൗസേപ്പു തന്റെ ശ്രോതാക്കളെ എത്രയും സ്പഷ്ടതരമായി ഗ്രഹിപ്പിച്ചു. അന്നുമുതൽ അവരെല്ലാവരും ദാനസമ്പ്രദായത്തെ നന്നായറിഞ്ഞു് സാധുക്കളെ വേണ്ടവിധം സഹായിച്ചും സംരക്ഷിച്ചുംവന്നു.

മാർയൗസേപ്പിന്റേയും ശിവാശിവന്റേയും തൎക്കം:-

ഈ ഉപദേശങ്ങളെ കേട്ടുകൊണ്ടിരുന്നവരിൽ ഒരുവനായിരുന്നു, ശിവാശിവൻഎന്ന കപടസന്യാസി. "ഒരുവൻചെയ്ത ധൎമ്മം അവനേതുടൎന്ന് ഫലംനൽകു" മെന്ന് പ്രസംഗമദ്ധ്യേ മാർയൗസേപ്പു് പ്രസ്താവിച്ചതിനേതാനും അംഗീകരിക്കുന്നതായി നടിച്ചുകൊണ്ടു് അവൻ പറഞ്ഞു:— "മാന്യരേ! താമരവള്ളിയോടുകൂടെ അതിന്റെ നൂലും എപ്രകാരം പോകുന്നുവോ

അപ്രകാരംതന്നെ, ഒരുത്തൻ ഈ ജന്മത്തിൽചെയ്ത ധർമ്മം മറുജന്മത്തിലേക്ക് അവനേതുടന്ന് ഫലംനൽകുമെന്നുള്ളതു് എത്രയും ന്യായയുക്തമായിരിക്കുന്നു.”

യൗസേപ്പ്:—ജനിച്ചജീവികളെല്ലാം ഒരിക്കൽ മരിക്കുമെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ആ ജീവൻ മറെറാരുശരീരത്തിൽ പ്രവേശിച്ചു് വീണ്ടുംജനിക്കുമെന്നുള്ളതു വ്യാജമാകുന്നു. അതെങ്ങനെയെന്നാൽ ഒരു കുററക്കാരൻ, താൻചെയ്ത കുററത്തെ അറിയേണ്ടതു് ന്യായമാകുന്നു. അതിനേ അറിയിക്കാതെ അവനെ ശിക്ഷിക്കുന്നതു് അന്യായമാണെന്ന് എല്ലാവരും പറയും. അങ്ങനെയിരിക്കെ, പാപത്തിന്റെ കാരാഗൃഹമെന്ന് നിങ്ങൾ പറയുന്ന പുനർജ്ജന്മത്തിൽ ആരെങ്കിലും താൻ മുൻപിൽ ചെയ്തിട്ടുള്ള പാപങ്ങളെ അറിയുന്നുണ്ടോ? മനുഷ്യർതന്നെ അതു് അറിയുന്നില്ലെങ്കിൽ, മററുമൃഗങ്ങളുടെ കാര്യം പറയുന്നതെന്തിന്? അങ്ങനെ അറിയാതിരിക്കെ, പുനജ്ജന്മം ഉണ്ടെന്നു പറയുന്നതു് അറിവില്ലായ്മക്ക് ഒരു ദൃഷ്ടാന്തമാകുന്നു. അതിനാൽ പുനർജ്ജന്മമുണ്ടെന്നുപറയുന്ന കള്ളക്കഥകളേ വേദമെന്ന് വിശ്വസിച്ചുകൂടാത്തതാകുന്നു.

ശിവാ:-പുനർജ്ജന്മം ഇല്ലെങ്കിൽ ഒരുവൻ ചെയ്തിട്ടുള്ള കുററംതീരുന്നതെങ്ങനെ?

യൗ:—ഘനമായ പാപത്തോടെ മരിക്കുന്നവർ നിത്യനരകാഗ്നിയിൽപതിക്കും.

ശിവാ:-അങ്ങനെയാണെങ്കിൽ ചിലർ കോമളമായ ശരീരത്തോടും, ചിലർ കൂന്, കരുട് മുതലായ

അംഗവൈകല്യങ്ങളോടുംകൂടി ജനിക്കുന്നതെന്തുകൊണ്ട്? മാത്രമല്ല, ചിലർ സമ്പന്നരായും ചിലർ ദരിദ്രരായും കാണപ്പെടുന്നു. ഇവയെല്ലാം മുൻജ്ജന്മത്തിൽ ചെയ്ത നന്മതിന്മകളുടെ ഫലമല്ലയോ?

യൗസേപ്പ്:-അങ്ങനെയാണെങ്കിൽ ആദിയിൽ നിർമ്മലമായ ആത്മാക്കൾ ശരീരത്തിൽ പ്രവേശിച്ചതെങ്ങനെ? അവരെല്ലാവരും രോഗവും ദുഃഖവുംകൂടാതെ ഐശ്വര്യത്തിൽതന്നെ നിലനിന്ന് രാജാക്കന്മാരായി ഭരിച്ചോ? ഇല്ല അങ്ങനെതന്നെ വിവേകബുദ്ധിയില്ലാത്ത ജീവികളിലും അചരവസ്തുക്കളിലും നാനാഭേദങ്ങളും അപൂർണ്ണതകളും ആദിമുതല്ക്കേ കാണപ്പെടുന്നില്ലയോ? അവയെല്ലാം അതാതിൻെറ പൂർവപ്രവൃത്തികൾ കാരണമാണ് അപ്രകാരം ജനിച്ചതെന്ന് പറയുന്നതിനേക്കാൾ ബുദ്ധിഹീനതവേറെന്താണുള്ളതു്? അതിനാൽ ആ കാരണമെന്നുള്ളതിനേ കളഞ്ഞിട്ട് ആദിമുതല്ക്കുതന്നെ ജീവികൾ പലപലഭേദങ്ങളോടെ ജനിക്കണമെന്നാണ് സൃഷ്ടികർത്താവിൻെറ സങ്കല്പമെന്ന് സമാധാനിക്കുന്നതത്രേ ന്യായം.

ശിവാ:—ഓരോരുത്തരും മുജ്ജന്മത്തിൽ ചെയ്തിട്ടുള്ള പാപപുണ്യങ്ങൾക്കനുസരണമായി അനുഭവിച്ചുകൊള്ളത്തക്കവിധം, ഈശ്വരൻ അവനവൻെറ ശിരസ്സിലെഴുതിയവിധിയാണ് ആ ഭേദങ്ങൾക്ക് കാരണമെന്നായാൽ കുററമെന്തു്?

യൗ:-ഒരുത്തൻ ഐശ്വര്യത്തേയും വേറൊരുത്തൻ ദാരിദ്ര്യത്തേയും അനുഭവിക്കണമെന്ന് ആദിമുതല്ക്കേ അവനവൻെറ ശിരസ്സിലെഴുതുന്നതു് ഈശ്വര

ന്റെ അഭേദമായ നീതിക്കും ദയക്കും ചേരുന്ന താണോ?

ശിവാ:-എന്നാൽ ഈശ്വരന്റെ ഇച്ഛയാണ് വിധിയുടെ വിവിധതയ്ക്കു കാരണം.

യൗ:-ആ ഇച്ഛയാണ് ആ ജനനത്തിന്റെ വിവിധതക്ക് കാരണമെന്നല്ലാതെ, വിധി എന്നുപറയുന്ന ശിരോലിഖിതവാദം മേൽകാണിച്ച ന്യായത്തിന് ഒട്ടും യോജിക്കാത്തതാകുന്നു.

ഇതിനുശേഷം ശിവാശിവൻ സംസാരിക്കാൻ വഴിയില്ലാതെ കുറച്ചുനേരം മൗനമായിരുന്നു. മാർ യൗസേപ്പ് അവനോടായിട്ട് ഇപ്രകാരം പറഞ്ഞു:- "ഈലോകത്തിൽ ധനവാന്മാരും ധനഹീനന്മാരും കൂടികലന്നിരിക്കുന്നതുകൊണ്ടത്രേ നിനക്കീകലക്കം ഉണ്ടാകുന്നത്. ആ കലക്കംതീരുന്നതിന് ഞാൻ പറയുന്നതുകേൾക്കണം. ഈ ഭൂമിയിൽ പാപികളും ധനംകൊണ്ടു സമ്പന്നന്മാരായിരിക്കുന്നു. ദൈവാനുഗ്രഹസമ്പത്തുകൊണ്ട് ഐശ്വര്യവാന്മാരായിട്ടുള്ളവർ വളരെ ചുരുക്കംചിലർമാത്രമാകുന്നു. ഇങ്ങനെയിരിക്കെ, നശിച്ചുപോകുന്ന ലോകസമ്പത്തിനെ പൂർവജന്മത്തിൽചെയ്ത സൽപ്രവൃത്തികളുടെ ഫലമായി കല്പിക്കുന്നത് ബുദ്ധിമാന്മാരുടെ ലക്ഷണമായിരിക്കുമോ? ലോകത്തിലുള്ള സകലജീവജാലങ്ങളേയും ഒരേസ്ഥിതിയിൽ കാണാത്തതുപോലെതന്നെ മനുഷ്യരും പല പല സ്ഥിതിഭേദങ്ങളോടുകൂടിയിരിക്കുന്നു. പുണ്യം ഒന്നുമാത്രംഏതവസ്ഥയിലുള്ളവർക്കും ഏതുകുലത്തിലുള്ളവർക്കും ഒരേസ്ഥിതിയിൽ കുറവില്ലാത്തസമ്പത്തായി

കണ്ടുവരുന്നു. അതുകൊണ്ടാകുന്നു ബുദ്ധിമാന്മാർ ആ പുണ്യം ഒന്നിനെമാത്രംകരുതി മററുയാതൊന്നിനെയും ഇച്ഛിക്കാതിരിക്കുന്നതു്. മാത്രമല്ല, ധനവാന്മാരുടെ ധനം നിർദ്ധനന്മാൎക്കും നിർദ്ധനന്മാരുടെ പ്രയത്നം ധനവാന്മാൎക്കും ആവശ്യം അവശ്യമായിരിക്കുന്നതിനാൽ, അവർ രണ്ടുതരക്കാരും കലൎന്നുജീവിക്കുന്നതു ലോകത്തിന്നുപകാരമാകുന്നു. കൂടാതെയും, പുണ്യംചെയ്യുന്നവരെല്ലാം സമ്പന്നന്മാരായും പാപികളെല്ലാം ദരിദ്രന്മാരായും ഇരുന്നാൽ, ആദ്യത്തേതു സൽക്കൎമ്മത്തിന്റെയും രണ്ടാമത്തേതു ദുഷ്കൎമ്മത്തിന്റെയും ഫലമാണെന്നു് മനുഷ്യർ തെററിദ്ധരിച്ചിട്ടു്, വരുവാനിരിക്കുന്ന മോക്ഷനരകനിത്യഫലങ്ങളെക്കുറിച്ചു് ചിന്തിക്കാതെപോകും. ആ രണ്ടുവകഫലങ്ങളെയുംകുറിച്ചു് ഏകാഗ്രചിത്തത്തോടെ ധ്യാനിക്കുന്നവർ മാത്രമേ പാപത്തെ ഉപേക്ഷിച്ചു് പുണ്യം സമ്പാദിച്ചു് മോക്ഷംപ്രാപിക്കയുള്ളൂ.

ഇങ്ങനെ മാർയൗസേപ്പു് "പുനൎജ്ജന്മവും ശിരോവിധി"യും ഇല്ലെന്നുള്ളതിലേക്കു് ബലവത്തരങ്ങളായ പലന്യായങ്ങളെ എടുത്തുകാണിച്ചിട്ടും, ശിവാശിവൻ വീണ്ടും "തലയിൽവിധി" ഉണ്ടെന്നു് ശഠിച്ചു് പലപ്പോഴും ആക്ഷേപിച്ചുകൊണ്ടിരുന്നു. അപ്പോൾ, അവിടെക്കൂടിയിരുന്നവരിൽ കൌശലക്കാരനായ ഒരുവൻ കുപിതനായി എഴുന്നേററു അവനെപിടിച്ചു് കണക്കിനു് ഒരടികൊടുത്തിട്ടു, "സ്നേഹിതാ എന്നോടു പരിഭവിക്കരുതു്, ഇതു താങ്കളുടെ ശിരോവിധിയുടെ ഫലമാണേ, എന്നുപറഞ്ഞുകൊണ്ടു് വീണ്ടും ദയകൂടാ

തെ പ്രഹരിച്ചു. അവൻ അടികൊണ്ടു് വേദനസഹി ക്കവെഹിയാതെ ഉച്ചത്തിൽ നിലവിളിച്ചു. ഈ നേര മ്പോക്കു് കണ്ടിരുന്നവരെല്ലാം പൊട്ടിചിരിച്ചുപോ യി. ശിവാശിവൻ എഴുന്നേററു പിന്നെയും പറ ഞ്ഞു:-"മാന്യരേ! ശിരോവിധി എന്നതുവളരെ കട്ട ത്തതുതന്നെ. എന്നാലും പുനജ്ജന്മവും പൂർവ്വജന്മ ത്തിലേ കർമ്മഫലവും ഉണ്ടെന്നാണല്ലോ വിദ്വാന്മാ രൊക്കെ അവരുടെ കൃതികളിൽ പറഞ്ഞിട്ടുള്ളതു്." യൗസേപ്പു പറഞ്ഞു:—"മനുഷ്യസൃഷ്ടിയുടെ ആദി യിൽ ദൈവം ആദത്തേയും ഹാവായേയും സൃഷ്ടിച്ചു് ഒരു മനോഹരമായ തോട്ടത്തിൽ പാപ്പിച്ചു്, അതിലു ള്ള ഒരുവൃക്ഷത്തിൻെറ ഫലമൊഴികെ മററുള്ളതെ ല്ലാം യഥേഷ്ടം ഭക്ഷിക്കാമെന്നും, വിലക്കിയഫലത്തേ ഭക്ഷിച്ചാൽ മരണം, നരകം മുതലായ ശിക്ഷകളിലുൾ പ്പെടേണ്ടിവരുമെന്നും അവരോടാജ്ഞാപിച്ചു. അ വർ അതുപ്രകാരംതന്നെ ഏതാനുംകാലം കഴിച്ചു; പിന്നീടു പിശാചിൻെറ തന്ത്രത്തിൽ കുടുങ്ങി വില ക്കിയ ഫലത്തേ ഭക്ഷിച്ചു് ദൈവശാപത്തിലുൾപ്പെട്ടു. ഒരുവൻ കുടിച്ചവിഷം അവൻെറ ദേഹമാസകലം വ്യാപിക്കുന്നതുപോലെ ആദം ചെയ്ത ദുഷ്കർമ്മം അവ ൻെറ സന്തതികളായ മനുഷ്യവംശത്തേഎല്ലാം തുട ന്നുവരുന്നു. അതിനാൽ ആദ്യം സൃഷ്ടിക്കപ്പെട്ട ആദ ത്തിൻെറ ജന്മത്തേ മുജ്ജന്മമെന്നും അവൻവഴിയായി വരുന്ന ദോഷകർമ്മത്തിൻെറ ഫലത്തെ മുജ്ജന്മകർ മ്മഫലമെന്നും വിദ്വാന്മാർ എഴുതിയിരിക്കേ, അതി ൻെറ വാസ്തവമായ അത്ഥം ഗ്രഹിക്കാതെ ജീവികൾ

ക്ക പലവിധമായ ജന്മവും, പൂർവകർമ്മഫലവും ശിരോവിധിയും ഉണ്ടെന്നു ജല്പിക്കുന്നതു വെറും അറിവില്ലായ്മ ആകുന്നു.

യൗസേപ്പിന്റെ ശ്രോതാക്കളിൽ ഒരുവനായ വിക്രമൻ എന്നവൻ ചോദിച്ചു:—"മാന്യരേ! ആദവും ഹാവായും വിലക്കിയഫലത്തെ ഭക്ഷിച്ച് നശിച്ചുപോകുമെന്ന് അറിഞ്ഞുംകൊണ്ടു് ദൈവം അവക്കാ കല്പനനൽകിയതെന്തുകൊണ്ടാണ്?" യൗസേപ്പ പറഞ്ഞു:—ഒരു രാജാവു് തന്റെ പ്രജകളുടെ ക്ഷേമത്തെ ഇച്ഛിച്ച് നിയമങ്ങളേപ്പെടുത്തുന്നത് നീതിയാകുന്നു. അവരിൽ ചിലർ അതിനെ ലംഘിച്ച് ശിക്ഷാഹന്മാരായിഭവിക്കുമെന്ന് അവൻ അറിഞ്ഞുംകൊണ്ടു് അതു നടപ്പാക്കുന്നത് രാജധർമ്മവും പ്രജാപരിപാലനമുറയുമാണെന്ന് സമ്മതിക്കുന്നു. ആ സ്ഥിതിക്ക്, സർവലോകത്തിന്റെയും നാഥനായ ദൈവം, തന്റെ അനന്തജ്ഞാനത്താൻ എല്ലാം അറിയുന്നവനാണെങ്കിലും വിവേകബുദ്ധിയും മന:സ്വാതന്ത്ര്യവുമുള്ള ആദിമനുഷ്യർ, സന്മാർഗ്ഗത്തിൽജീവിച്ച് സൽഗതിപ്രാപിക്കുന്നതിനായി നൽകിയ കല്പനയെ ലംഘിച്ച് ശിക്ഷക്ക് പാത്രീഭൂതരായിതീൎന്നതു് അവരുടെ കുററമല്ലാതെ മററൊന്നുമല്ല. എങ്കിലും ദൈവം അവരിൽ കരുണയുള്ളവനായി, അവരെയും അവരുടെ സന്തതികളേയും പാപബന്ധത്തിൽനിന്നും മോചിക്കുന്നതിന് ഒരു രക്ഷകനെ അയക്കുമെന്ന് അരുളിചെയ്തു." ഇതുകേട്ട് എല്ലാവരും കുതൂഹലിതചിത്തരായിരിക്കുമ്പോൾ ശിവാശിവൻ മാർയൗസേപ്പിനോടായിപ്പറഞ്ഞു:-"ത

പോനിധേ! ഇതുവരേയും അറിവില്ലായ്മനിറഞ്ഞിരു ന്ന എന്റെ മനസ്സിലെ അന്ധകാരത്തെ, അങ്ങയുടെ ദിവ്യോപദേശമാകുന്ന ജ്ഞാനദീപത്താൽ അകററി എന്നെ സന്മാൎഗ്ഗത്തിലാക്കിയല്ലോ. ഇനി ഈ ദാ സൻ ജീവിപ്പാനുള്ള മാൎഗ്ഗത്തെ കാണിച്ചുതരുമാറാക ണം.” തുടൎന്നുപറഞ്ഞു:-“ലോകരക്ഷകനായ ദൈവം ഏതുരാജ്യത്തു്, ഏതുവംശത്തിൽ, ഏതുകാലത്തു് ജ നിക്കും.” ഈ ചോദ്യത്തിന്ന് ദൈവകുമാരൻ എജീ പ്ത്ദേശത്തു് അപ്രസിദ്ധമായ ജീവിതം കഴിക്കേണ്ടി യിരുന്നതനുസരിച്ചു്, വേദലക്ഷ്യങ്ങളുടെ വ്യാഖ്യാന ങ്ങളെ ആസ്പദമാക്കിക്കൊണ്ടു് മാർയൗസേപ്പു് ഉത്തരം പറഞ്ഞു:-ആ ദൈവകുമാരൻ യൂദേയാദേശത്തു് എ ന്റെ ഗോത്രത്തിൽ ഈകാലത്തു് ജനിച്ചിരിക്കണം. അതിന്ന് ലക്ഷ്യമായി ഏതാനും മാസങ്ങൾക്കു മുൻ പേ ഒരു പുതിയനക്ഷത്രം കാണപ്പെട്ടു; ആ കാല ത്തിൽ ഫലവൃക്ഷങ്ങൾ പൂത്തുകായിച്ചു; മൂന്നു്രാജാക്ക ന്മാർ അവനേ സന്ദൎശിപ്പാൻവന്നു; അവൻ ചെല്ലുന്ന ദിക്കിലെല്ലാംനിന്നു് പറയാതെതന്നെ പിശാചുക്കൾ ഓടിപ്പോകും. ഈ വാക്കുകളേയും എജീപ്തിൽ നട ന്ന സംഭവങ്ങളേയും കൂട്ടിച്ചേൎത്തു ആലോചിച്ചതിൽ മാർയൗസേപ്പിന്റെകൂടെയുള്ള ശിശു ദൈവകുമാര നെന്നു് ശിവാശിവൻ ഒരുവിധത്തിൽ യുക്തിപൂർവം മനസ്സിലാക്കിയിട്ടു്, തന്റെ കവചകുണ്ഡലകാഷായാ ദികളെ ത്യജിച്ചു്, ആ ദൈവബാലനെനോക്കി ഇപ്ര കാരം പ്രാൎത്ഥിച്ചു:—അല്ലയോ അത്യന്ത വിഹീന നായ ദൈവമേ! ത്രികാലജ്ഞനായ കൎത്താവേ!

നിരുപമനും നിൎവ്വികാരനുമായ പരമദൈവമേ! സൎവ്വവ്യാപകാ! സകലമംഗലസ്വരൂപാ! തള്ളമാരെക്കാൾ സ്നേഹംഉള്ള പിതാവേ! ഇതുവരെയും ഞാൻ അറിവില്ലാതെ ചെയ്തുപോയിട്ടുള്ള എന്റെ ദോഷകൃത്യങ്ങളെ ക്ഷമിച്ചു് എന്നെ രക്ഷിക്കുമാറാകണം" എന്നാൎത്ഥിച്ചു് ദൈവകുമാരന്റെ തൃപ്പാദങ്ങളിൽ നമസ്കരിച്ചു. ദൈവകുമാരൻ അവനെ കരുണയോടുകൂടി കടാക്ഷിക്കയാൽ, അവൻ പാപത്തിൽനിന്നുംമോചിച്ചു് ദൈവപ്രസാദം കൈക്കൊണ്ടു. ഇതുകണ്ടുകൊണ്ടുനിന്നിരുന്നകൂടെയുണ്ടായിരുന്ന ജനങ്ങളും, "തപോധനരേ! അങ്ങയുടെ ബോധനത്താൽ ഞങ്ങളുടെ അജ്ഞത നീങ്ങി വാസ്തവജ്ഞാനം പ്രാപിച്ചെന്നു് മാൎയൗസേപ്പിനെ പ്രശംസിച്ചു് യാത്രപറഞ്ഞുപോയി. മാൎയൗസേപ്പാകട്ടെ, അവൎക്കെല്ലാവൎക്കും ആശിസ്സുനൽകിയ പരമനാഥന്റെ തൃപ്പാദങ്ങളെ ധ്യാനിച്ചുകൊണ്ടിരുന്നു.

ഇപ്രകാരം രവിപുരത്തിൽ എത്രയും കീൎത്തിപ്പെട്ടിരുന്ന മഹാസന്യാസിയായ ശിവാശിവൻ മാനസാന്തരപ്പെട്ടു് സത്യവേദം സ്വീകരിച്ചതിനെ അറിഞ്ഞു", ആ ദേശക്കാരിലനേകംപേർ സത്യവേദത്തെ സ്വീകരിച്ചനുസരിക്കുവാൻ തുടങ്ങി. വേറെ ചിലർ മാൎയൗസേപ്പിനോടിപ്രകാരം ചോദിച്ചു:—"സ്വാമികളേ! ഞങ്ങൾ ഇതുവരെയും ഭക്തിയോടുകൂടി പൂജിച്ചു് ആരാധിച്ചുവന്ന ഞങ്ങളുടെ ദേവന്മാരെല്ലാവരും പൊട്ടുന്നനവേ ഞങ്ങളെ വിട്ടോടിക്കളഞ്ഞു. അതു ഞങ്ങൾചെയ്ത കുററംകൊണ്ടോ ദേവന്മാരുടെ കുററം

കൊണ്ടോ എന്നറിയുന്നില്ല" മാർയൗസേപ്പു പറഞ്ഞു:—ഇനി നിങ്ങളുടെ ദേവന്മാൎക്കു് ഇവിടെ ഇരിപ്പാൻ സ്ഥലവുമില്ല, ജീവിപ്പാൻ മാൎഗ്ഗവുമില്ല. അതിനാൽ അവർ നിങ്ങളോടു പറയാതെതന്നേ പോയതാണു്. മേലാൽ നിങ്ങൾക്കു്, അവരെയെല്ലാം നാട്ടിൽനിന്നും ബഹിഷ്ക്കരിച്ച ഏകസത്യദൈവത്തേ വേണോ, അതല്ല ഭയന്നോടിപ്പോയ ആ ദേവന്മാരേ ത്തന്നെവേണോ? ഉടനേ വിനാദത്തൻ എന്നൊരുവൻ പറഞ്ഞു:-"ഞങ്ങൾക്കു രണ്ടുപേരേയുംതന്നെവേണം" യൗസേപ്പു പറഞ്ഞു:-ഇങ്ങനെ പറയുന്നതു ബുദ്ധിയില്ലായ്കയാകുന്നു. മഹാരാജാവിനു ചെയ്യേണ്ട മൎയ്യാദയെ ഒരു മോഷ്ടാവിനോടു കാണിയ്ക്കുയോ? സർവശക്തനായിരിക്കുന്ന ദൈവത്തിനുമാത്രം സമൎപ്പിക്കുവാൻ യോഗ്യമായ ബലിപൂജ മുതലായ ഉന്നതാരാധനകൾ വ്യാജദേവന്മാൎക്കുതക്കതാണോ?" അപ്പോൾ വസിഷ്ടൻ എന്നൊരുത്തൻ വിനാദത്തന്റെ വാദത്തിന്റെ അനാവശ്യകതയെ സൂചിപ്പിച്ചുകൊണ്ടു് മാർയൗസേപ്പിനോടായിപ്പറഞ്ഞു:-"ശ്രേഷ്ഠരേ! അതിരിക്കട്ടെ, സത്യദൈവത്തിന്റെ സാക്ഷാത്തായ ലക്ഷണങ്ങളേ ഞങ്ങളോടു പറയണം" യൗസേപ്പു സസന്തോഷം പറഞ്ഞു:-"ദൈവലക്ഷണങ്ങൾ നമ്മുടെ ബുദ്ധിക്കും വാക്കിനും അഗോചരങ്ങളാകുന്നു. എങ്കിലും പ്രധാനമായി സ്വയംഭാവം, അനാദിത്വം, ശരീരവിഹീനത, സൎവമംഗലസ്വരൂപം, സർവവ്യാപകത്വം, സർവത്തിനും ആദികാരണത്വം എന്നിങ്ങനെ ആറുലക്ഷണങ്ങളാകുന്നു. ഈ ലക്ഷണങ്ങളിൽ എതെങ്കിലും ഒന്നുകുറഞ്ഞാൽ അതുദൈവമല്ലെന്നു് മഹാത്മാക്കൾ

പറഞ്ഞിരിക്കുന്നു. ഈ നാട്ടിലെ ദേവന്മാക്കാകട്ടെ, ആ ദൈവലക്ഷണങ്ങളിൽ ഒന്നുപോലുമില്ല. അതിനാൽ അവർ ദേവന്മാരാകുന്നില്ല." ഈ വസ്തുതയെ ഗ്രഹിച്ച അവരെല്ലാവരും, അതേവരെയും തങ്ങൾക്കുണ്ടായിരുന്ന അജ്ഞതയെ വിചാരിച്ച് ഖേദിച്ച്, കൃതജ്ഞതാപൂർവം ദൈവത്തിനു സ്തോത്രംചെയ്കയും മാർയൗസേപ്പിനെ അഭിനന്ദിക്കയുംചെയ്തിട്ട്, സംതൃപ്തരായി തങ്ങളുടെ വസതികളിലേക്കുപോയി.

---

## അദ്ധ്യായം നാല്.

—:*:—

### വാമനേ കീഴ്പെടുത്തിയതു്.

മഹാതപോമൂത്തിയായ മാർയൗസേപ്പ് മേൽപ്രകാരം സദുപദേശംചെയ്ത്, സകലക്കും സ്വമാഗ്ഗത്തെ പ്രദശിപ്പിച്ചുവരുന്നകാലത്തു്, ഒരുദിവസം ഒരുദ്യാനത്തിലേക്ക് പോയി; അവിടെ കൂടിയിരുന്നവരോട് സ്വഗ്ഗീയകാര്യങ്ങളെക്കുറിച്ച് പ്രസംഗിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ മഹാവീരപരാക്രമിയും ബലവാനുമായ വാമൻ എന്നൊരു കാമാസക്തൻ അവിടെവന്ന് മാർയൗസേപ്പിന്റെ സാരോപദേശങ്ങളേകേട്ട്, അവ തന്നോടുതന്നെ പറയുന്നതായി ഗ്രഹിച്ചുകൊണ്ട് ഇപ്രകാരംപറഞ്ഞു:-"പൂജ്യരേ! അങ്ങു പറയുന്നപ്രകാരം നടക്കാൻ എന്നെക്കൊണ്ടു സാധിക്കയില്ല." യൗസേപ്പു പറഞ്ഞു:-നീ പറഞ്ഞതു

വാസ്തവംതന്നെ; ആയുധാഭ്യാസവും വ്യാകരണജ്ഞാനവുംകൂടാതെ യുദ്ധംചെയ്വാനും കവിതഎഴുതാനും ഉള്ള സാമൎത്ഥ്യം ഉണ്ടാകയില്ല. അറിഞ്ഞുകൂടാത്തവർ അവയെകണ്ടാൽ അത്ഭുതപ്പെടുകതന്നെചെയ്യും. എന്നാൽ ക്രമമായ അഭ്യാസംകൊണ്ടു് ദുഷ്കരമെന്നു തോന്നുന്ന ഏതിനേയും സ്വാധീനമാക്കാം. അതുപോലെ ഞാൻ മുൻപെപറഞ്ഞ ഉത്തമജീവിതത്തിനു് മഹാതപസികളെന്നോണം കഠിനതപസ്സുകൾ ചെയ്യേണ്ട ആവശ്യംഇല്ല. അല്പാല്പമായ സുകൃതാഭ്യാസവും പാപംചെയ്കയില്ലെന്നുള്ള മനഃസ്ഥിരതയും ധാരാളം മതിയാകുന്നതാണു്." വാമൻ പറഞ്ഞു:—"എന്റെ ശരീരമാകുന്ന ആന്തരശത്രുവും, സ്ത്രീവൎഗ്ഗമെന്ന ബാഹ്യശത്രുവുംകൂടി എൻെറ ആത്മാവിനേ സദാപീഡിപ്പിക്കുന്നു. ആരോടുള്ള പോരിനും ഭയപ്പെടാത്ത ഞാൻ, കാമപ്പോരിൽ തോററുപിന്മാറുന്നു. ഒരുത്തൻെറയും വിദ്യയോ,ധനമോ അതിൻെറ മുമ്പിൽ ഫലപ്പെടുകയില്ല." മാർയൗസേപ്പു് എത്രയും കരുണയോടുകൂടിപറഞ്ഞു:—"പ്രിയസഹോദരാ! ഈ ശരീരത്തെസംബന്ധിച്ചുണ്ടാകുന്ന രോഗങ്ങൾ വൈദ്യൻെറ ചികിത്സകൊണ്ടു് ഭേദപ്പെടേണ്ടതാണു്. എന്നാൽ ആത്മാവിനെസംബന്ധിച്ചുണ്ടാകുന്ന പാപരോഗങ്ങളേ അവനവൻതന്നെ അറിഞ്ഞു് മാററുകയില്ലെങ്കിൽ, അവ ഒരുകാലത്തും മാറുകയില്ല. ജലത്താലുണ്ടായ ചെളിയേ ആ ജലംകൊണ്ടുതന്നെ കഴുകിശുദ്ധിയാക്കേണ്ടതുപോലെ, മനസ്സിൻെറ ആശയാലുണ്ടായ പാപമാലിന്യങ്ങളേ ആ മനസ്സിന്റെ സന്താപ

ജലംകൊണ്ടുതന്നേ കഴുകി ശുദ്ധമാക്കേണ്ടതാകുന്നു. പാപത്തിന്റെ ഹീനത്വത്തേയും അതിനുസംഭവിപ്പാനിരിക്കുന്ന ശിക്ഷയുടെ ഭയങ്കരതയേയും അറിഞ്ഞിട്ടില്ലാത്തവർ കാമച്ചേററിൽ പുതഞ്ഞു് നശിച്ചുപോകും. അതറിഞ്ഞുംകൊണ്ടു വിഷംതിന്നുന്ന മൂഢന്മാരുണ്ടോ? കാഞ്ഞിരപ്പഴം ഭംഗിയുള്ളതായിരുന്നാലും അതിനെഭുജിക്കുന്നവരരാണു്? ഇവയെല്ലാം നീ അറിഞ്ഞിരുന്നിട്ടും അതിൽമയങ്ങിപോകുന്നതെന്തുകൊണ്ടു്? ഒരു പിരങ്കിയുദ്ധത്തിൽ പീരങ്കിനിരയേ നിർഭയം പിരങ്കികൊണ്ടെതിർത്തുനിന്നാൽ ജയംപ്രാപിക്കാം. എന്നാൽ കാമപ്പോരിൽ, സ്ത്രീകളുടെ മുമ്പിൽനിൽക്കാതെ ഓടിയാലേ ജയംപ്രാപാപിക്കയുള്ളൂ. ആകയാൽ പഞ്ചേന്ദ്രിയാശകളേ നിയന്ത്രണം ചെയ്തു്, അവയെ സൽപഥത്തിൽക്രൂടി നയിക്കുന്നതത്രേ പുരുഷത്വവും സാമത്ഥ്യവും"

ഈ ന്യായങ്ങളെ കേട്ടിട്ടും വാമൻെറ മനസ്സിൽ വിശ്വാസമോ സ്ഥിരതയോ ഉണ്ടായില്ല. ചില പഴകിയ വ്രണങ്ങളെ ചൂട്ടുവച്ചുസുഖമാക്കാറുള്ളവിധം, അവൻെറ നാശകരമായ താല്കാലികാവസ്ഥയെക്കുറിച്ചു് ഒരു ഭീതിജനിപ്പിക്കണമെന്നുള്ളദ്ദേശത്തോടെക്രൂടി മാർയൗസേപ്പു പറഞ്ഞു:-"അല്ലായാ ശത്രുക്കളെ വിറപ്പിക്കുന്നവീരയോദ്ധാവെ! ആററിലെ തിരയും കാററത്തു് പഴങ്ങളുംപോലെതന്നെ ഈലോകസമ്പത്തും യൗവനവും നിലനിൽക്കാത്തതാകുന്നു. കാററത്തു് പാകമായ പഴങ്ങൾ മാത്രമല്ല, കായ്കളും പൂക്കളുംക്രൂടെ പൊഴിഞ്ഞുപോകുന്നതുപോലെ, വൃദ്ധരും

ചെറുപ്പക്കാരും ഒരുപോലെ മരിച്ചുപോകും. ഈ ലോകം, ഇന്നാലെ ഉണ്ടായിരുന്നവർ ഇന്ന് ഇല്ലാത്തവരാ (മരിച്ചുപോയവരാ) ണെന്നുള്ള മഹത്വത്തോടു കൂടിയതാണ്. ഒരോരുത്തർ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് അവരവർതന്നെ ഉത്തരവാദികളാകണമെന്നത്രേ വേദപ്രമാണം. അതിന് ഈ ലോകത്തിൽവച്ചു തന്നെ പരിഹാരം ചെയ്യാത്തവൻ, മരണശേഷം നരകശിക്ഷയ്ക്കു പാത്രമായി എത്രയോ അധികമായ വ്യസനം അനുഭവിക്കേണ്ടിവരും. ആ നരകപാതാളമാകട്ടെ, പാപികൾ തങ്ങൾ ചെയ്തിട്ടുള്ള കഠിനാപരാധങ്ങൾക്കായി ശിക്ഷയനുഭവിക്കുന്ന ഒരു മഹാഅഗ്നികുണ്ഡമാകുന്നു. അതു്, ആദിയിൽ അഹങ്കാരംകൊണ്ടു് നശിച്ചുപോയ ദുഷ്ടാത്മാക്കൾക്കായി ഉണ്ടാക്കപ്പെട്ട കാരാഗൃഹമാകുന്നു. ആ അരൂപികളത്രേ പിശാചുക്കൾ എന്നപേരിനാൽ അറിയപ്പെടുന്ന ഭയങ്കരസത്വങ്ങൾ. അവ നിത്യവും ആ തീയിൽകിടന്ന് സകലവിധ പീഡകളേയും അനുഭവിക്കുന്നതോടുകൂടെ, ഗുണദോഷവിവേചനാബുദ്ധിയും മനഃസ്ഥിരതയുമില്ലാത്ത മനുഷ്യരെ വഞ്ചിച്ചു പാപത്തിലുൾപ്പെടുത്തി നരകത്തിലേക്കു കൊണ്ടുപോകുകയും ചെയ്യുന്നു. അവിടെ അസംഖ്യം പാപികളും വിശേഷിച്ചു് കാമാതുരരും അനുഭവിക്കുന്ന ബാധകളും അലറുന്ന ശബ്ദങ്ങളും എത്രയോ ഭയങ്കരമായിരിക്കും. എന്നാൽ പുണ്യവാന്മാരാകട്ടെ, സർവ്വസൗഭാഗ്യങ്ങളുടേയും കേന്ദ്രമായ സ്വർഗ്ഗത്തെപ്രാപിച്ചു്, നിത്യപരമാനന്ദജലധിയിൽ നിമഗ്നരായിരിക്കും."

ഇങ്ങനെ നരകത്തിന്റെ ഭയങ്കരത്വത്തേയും സ്വൎഗ്ഗത്തിന്റെ മഹത്വത്തേയും സശ്രദ്ധം കേട്ടുകൊണ്ടിരുന്ന കാമാസക്തനായ വാമൻ, തന്റെ പാപങ്ങൾക്ക് ന്യായമായി ലഭിക്കാവുന്ന ശിക്ഷകളെ ഓൎത്തു് പശ്ചാത്താപത്താൽ അശ്രുധാരപൊഴിച്ചുകൊണ്ടു് താപസവരനായ മാർയൗസേപ്പിന്റെ പാദങ്ങളിൽവീണു് ഇപ്രകാരം പറഞ്ഞു:–"വന്ദ്യഗുരോ! അങ്ങയുടെ മധുരവചനമാകുന്ന ദിവ്യാമൃതത്തിന്റെ പാനത്താൽ എന്റെ കാമമാകുന്ന മഹാരോഗംനീങ്ങി. എന്നുമാത്രമല്ല്, ആ പാപത്തിന്റെ വലിപ്പത്തേയും അതിന്നു് വരുവാനിരിക്കുന്ന ശിക്ഷയുടെ ഘോരതയേയും ഞാൻ ഗ്രഹിക്കയും ചെയ്തു. ഇനിഒരിക്കലും ആ പാപത്തിലുൾപ്പെടുകയില്ലെന്നു് ഉറച്ചിരിക്കുന്നു."അനന്തരം തന്റെ പഞ്ചേന്ദ്രിയങ്ങളുടെനേൎക്കു തിരിഞ്ഞുകൊണ്ടുപറഞ്ഞു:–"എന്റെ പഞ്ചേന്ദ്രിയങ്ങളെ! ഈ നാൾവരെയും ലോകസന്തോഷങ്ങളെ അനുഭവിച്ചു് എന്നെ നാശത്തിലേക്കുൾപ്പെടുത്തിയ നിങ്ങൾ ഇനി കഠിനതപസ്സുചെയ്തു് നിത്യമോക്ഷപരമാനന്ദത്തെ ഞാനനുഭവിക്കുമാറാക്കുവിൻ. എന്റെ മനഃസ്സു! മഹാതാപസനായ യൗസേപ്പു പ്രസംഗിക്കുന്ന വേദശാസ്ത്രമാകുന്ന കണ്ണാടിയിൽ നിന്റെ പാപങ്ങളെകണ്ടു് അതിന്നുവരുവാനിരിക്കുന്ന നരകശിക്ഷയെക്കുറിച്ചു് ധ്യാനിച്ചു്, തപസ്സാകുന്ന തടാകത്തിൽമുങ്ങി മോക്ഷമാകുന്ന കരയിൽ ചേൎന്നാലും" ഇതുകേട്ടു് ഏററംകൃതാൎത്ഥരായി ചുററുംകൂടിയിരുന്ന ജനസംഘം മാർയൗസേപ്പിനോടായിപ്പറഞ്ഞു:—"ധന്യരേ! ഞങ്ങൾ അങ്ങയുടെ ഉപദേശത്താൽ നരകത്തിന്റെ ഭ

യങ്കരതയേയും മോക്ഷമാൎഗ്ഗത്തേയും ഗ്രഹിച്ചു. ദുരാശയേക്കാൾ ആത്മാവിന്നു് നാശംചെയ്യുന്നവേറൊന്നുമില്ലെന്നു് മനസ്സിലായി. ആ ആശയേ ജയിച്ചവർ പരമപദം പ്രാപിക്കുമെന്നുള്ളതിനു സംശയമില്ല." എന്നിങ്ങനെ മാർയൗസേപ്പിനെ പുകഴ്ത്തിയും വാമനേ അനുമോദിച്ചും സന്തുഷ്ടിനേടി.

ഈ അവസരത്തിൽ, ഉഴുതുപാകപ്പെടുത്തിയിട്ടുള്ള നിലത്തു് യഥാകാലം കൃഷിയിറക്കുന്ന കർഷകനേപ്പോലെ, വാമൻെറ മാനസഭൂമിയിൽ ചിലജ്ഞാനശകലങ്ങളെ വിതരണംചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഏത്രയും സന്ദർഭോചിതമാംവണ്ണം മാർയൗസേപ്പു പറഞ്ഞു:—"മാന്യരേ! നമ്മുടെ ദൃഷ്ടിയിൽ തുലോം സ്വല്പമായി കാണപ്പെടുന്ന വിഷം, ഏററവും ബലവാന്മാരേയും മൃതിപ്പെടുത്താൻ മതിയായതാണു്. അതുപോലെതന്നെയാണു്, പഞ്ചേന്ദ്രിയങ്ങളാലുണ്ടാകുന്ന ദോഷങ്ങളും. അവ ഒരുപക്ഷേ, നിസ്സാരങ്ങളെന്നു് തോന്നിയേക്കാമെങ്കിലും, യഥാർത്ഥത്തിൽ നിസ്സാരങ്ങളല്ല. അതിനാൽ പാപങ്ങൾക്കു കാരണമായ സ്ഥലങ്ങളിൽ ഇനി ഒരിക്കലും പോകരുതു്. എന്നുമാത്രമല്ലാ അങ്ങനെയുള്ള ആളുകളോടു സഹവസിക്കയുമരുതു്; സഹവസിച്ചാൽ,കെട്ടുപോയ തീ കാററിനാൽ വീണ്ടും എങ്ങനെ പാളിക്കത്തുമോ അങ്ങനെതന്നെ കാമാഗ്നിയും വർദ്ധിച്ചു് ശരീരത്തെ മാത്രമല്ല ആത്മാവിനേയും നശിപ്പിക്കും. പലവിധസൂത്രങ്ങളിലൂടെ നമ്മേ പിടിക്കാനായി സദാ വല വിരിച്ചുകൊണ്ടിരിക്കുന്ന പിശാചുക്കളെ ജയിക്കണമെങ്കിൽ എപ്പോഴും

ജാഗ്രതയായിരുന്നു് ദൈവസഹായം അപേക്ഷിച്ചുകൊണ്ടു് സുകൃതം സമ്പാദിക്കണം" അടുത്തുനിന്നിരുന്ന ജനസംഘത്തെനോക്കിപ്പറഞ്ഞു:-"ഈ ലോകത്തിൽ അധികംപേരും തങ്ങളുടെ ശരീരമെന്ന വണ്ടിയിൽ ദുരാശയാകുന്ന ചരക്കുകയററി അജ്ഞതയും ആലസ്യതയുമെന്ന രണ്ടുപോത്തുകളെപൂട്ടി, ദുഷ്പഥത്തിൽക്കൂടി നയിച്ചു് പാപമാകുന്ന ചേററിൽ പുതഞ്ഞു്, ആത്മാവാകുന്ന അച്ചുതണ്ടൊടിഞ്ഞു് നരകമെന്ന വൻകുഴിയിൽ പതിക്കുന്നു. എന്നാൽ നിങ്ങളാവിധമുള്ള ആപത്തിൽപെടാതെ, നിങ്ങളുടെ ശരീരമെന്ന വണ്ടിയിൽ സുകൃതമാകുന്ന സാമാനം കയററി ജ്ഞാനവും ജാഗ്രതയുമെന്ന രണ്ടു കുതികളെകെട്ടി സൽപഥത്തിലൂടെ നയിച്ചു് മോക്ഷമാകുന്ന ഭവനത്തിൽ ചേരണം" ഈ ഉപദേശങ്ങളെ കേട്ടവരെല്ലാവരും തങ്ങളുടെ അജ്ഞതയിൽനിന്നും മുക്തരാവുകയും പുണ്യകൃത്യങ്ങളിൽ സ്ഥിരനിഷ്ഠയുള്ളവരായി ഭവിക്കയുംചെയ്തു.

---

# അദ്ധ്യായം അഞ്ചു്.

—:*:—

## വേദമാഹാത്മ്യം.

മാർയൗസേപ്പും സുരമിയും തമ്മിലുണ്ടായ സംവാദം:-വേദശാസ്ത്രതത്വങ്ങളെഎല്ലാംആഭരണമായി ധരിച്ചതുപോലെ വിളങ്ങിക്കൊണ്ടിരുന്ന സന്യാസിവരനായ മാർയൗസേപ്പു്, ആദേശത്തിന്റെപലഭാഗങ്ങ

ളിലും സഞ്ചരിച്ച് വേദതത്വങ്ങളെ പ്രസംഗിച്ചുവ ന്നു. ഇങ്ങനെയിരിക്കെ ഒരുദിവസം, ശരീരം ക്ഷീണി യും, ശിരസ്സ് സദാവിറച്ചും, കണ്ണിന് കാഴ്ചനശിച്ചും, നന്നാവാർദ്ധക്യം സംഭവിച്ചിട്ടുള്ളവളാണെങ്കിലും ആ ദിക്കിലേക്ക് പ്രസിദ്ധിനേടീട്ടുള്ളവളുമായ സുരമി എ ന്നൊരു സ്ത്രീ അദ്ദേഹത്തിൻെറ അടുക്കൽവന്ന് ഇപ്ര കാരം ചോദിച്ചു:-"മാന്യരേ! മരത്തിലുള്ള പൂവിനെ ക്കരുതി കരത്തിലുള്ള പഴത്തെകളഞ്ഞുകളയാൻ പ റയുന്നതുപോലെ, ഞങ്ങളുടെ പഴയ ദേവന്മാരെയും മതവിശ്വാസത്തേയും ഉപേക്ഷിച്ച്, പുതിയതായി മുളച്ച നിങ്ങളുടെ വേദത്തേയും ദൈവത്തേയും കൈ ക്കൊള്ളുവാൻ പറയുന്നതു് യോഗ്യനായ നിങ്ങൾക്ക് ഭംഗിയായിട്ടുള്ളതാണോ?"

യൗസേപ്പു പറഞ്ഞു:-"ഒരുത്തൻ, വിചാരിച്ച ദിക്കിലേക്ക് പോകുന്നതിനുള്ളവഴി അറിയാതെ വ ളരെദൂരം നടന്നുകഴിഞ്ഞു് ഒടുവിൽ ഒരുതുമ്പുംകിട്ടാതെ ബുദ്ധിമുട്ടുമ്പോൾ, നിശ്ചയമുള്ള ഒരുവൻ ആവഴി ഇ ന്നതാണെന്ന് കാണിച്ചുകൊടുത്താൽ, അതുകുററമാ ണോ? അവൻ ആ വഴിയേ പോകുന്നതല്ലെന്ന് ശാ ഠ്യംപിടിക്കുമോ? അതുപോലെ സ്വർഗ്ഗീയവസതിയി ലേക്കുള്ള വഴി ഇന്നതാണെന്നു കാണിച്ചു്, ആ വഴി യെ മററുള്ളവരേയും നടത്താൻ യത്നിക്കുന്നതു് ഉത്ത മമായ പുണ്യകൃത്യമാകുന്നു.

സുരമി:-നിങ്ങൾ കാണിക്കുന്ന വഴിയാണ് ശ രിയായ വഴിയെന്നും മററുള്ളവഴി ശരിയല്ലാത്തതാ ണെന്നും നിങ്ങൾമാത്രം പറഞ്ഞാൽ മതിയോ?

യൗസേപ്പ്:-അതു ബുദ്ധിക്കും ന്യായത്തിനും യോജിക്കുന്നതാണെങ്കിൽ സ്വീകരിക്കേണ്ടതാണ്.

സുരമി:—നിങ്ങൾ പറയുന്നതെല്ലാം അറിവില്ലാത്തവരെ മയക്കുന്ന വെറും കൺകെട്ടുവിദ്യയത്രേ.

യൗസേപ്പ്:-ഒരിക്കലും അങ്ങനെഅല്ല. ഞാൻ പറയുന്ന വേദത്തേയും അതിൻെറ സുകൃതമുറകളേയും സ്വീകരിച്ചിട്ടുള്ളവർ പ്രാപിക്കുന്ന നന്മയും അവക്കുള്ള മനഃസന്തോഷവുംതന്നെ, ആ വഴി നല്ലവഴിയാണെന്നുള്ളതിലേക്കു മതിയായ തെളിവാകുന്നു.

സുരമി:-ആകട്ടെ, അതിരിക്കട്ടെ; ഞാൻ ഇന്നലെരാത്രി നിദ്രചെയ്യുമ്പോൾ, ഒരു തടാകത്തിലുണ്ടായിരുന്ന വെള്ളംമുഴുവൻ വററിപ്പോയതായും, അതിലുണ്ടായിരുന്ന പൂക്കളെല്ലാം വാടിപ്പോയതായും ഒരു കാഴ്ചകണ്ടു. അതിൻെറ അൎത്ഥത്തെക്കുറിച്ച് ആലോചിച്ചുനോക്കിയാറെ, ഏതാനും ദിവസങ്ങൾക്കുള്ളിൽ ഈ നാട്ടും ഇതിലുള്ള ജനങ്ങളും നിങ്ങളുടെ ബോധനത്തിൽപ്പെട്ടു നശിച്ചുപോകുമെന്ന് കാണുന്നു" ഇതുകേട്ട് സമീപത്തിരുന്നവർ ഒരു പുഛരസത്തിൽ, "ഏ വല്ല്യമ്മേ! പകൽസമയത്തുപോലും കണ്ണുകാണാൻ പാടില്ലാത്ത നിങ്ങൾ രാത്രിയിൽകാഴ്ചകണ്ടു എന്നുപറയുന്നതു് വളരെ നേരമ്പോക്കായിരിക്കുന്നു." എന്നുപറഞ്ഞു ചിരിച്ചുകളഞ്ഞു. അതിന്ന് അവളല്പം ദേഷ്യത്തോടെ ആണെങ്കിലും ഗൗരവം വിടാതെ പറഞ്ഞു:—"സ്വപ്നം എന്നതുകളവാണോ? അതിന്നു് അൎത്ഥമില്ലേ? അതുകാണുന്നതിനുള്ള കാരണമെന്താണ്? എന്ന് ന്യായത്തോടുക്കൂടിപറഞ്ഞു

ബോധപ്പെടുത്തണം."

യൗസേപ്പു പറഞ്ഞു:—മനുഷ്യർ സ്വപ്നം കാണുന്നതു വാസ്തവമാണ്. എന്നാൽ അതിൽകാണുന്ന സംഗതികൾ കാനൽജലംപോലെ മിത്ഥ്യയാകുന്നു. സ്വപ്നംകാണുന്നതിനുള്ള പ്രധാനകാരണങ്ങൾ നിനവ്, പ്രതിഫലനം, പിത്തം എന്നിങ്ങനെ മൂന്നാകുന്നു. ഒന്നാമതു, ഒരുത്തൻ പകൽ കണ്ടതും കേട്ടതുമായ വസ്തുക്കൾ അവൻെറ മനസ്സിൽ പതിയുകയും നിദ്രയിൽ അവ മിക്കവാറും പ്രത്യക്ഷീഭവിച്ച് സ്വപ്നമായി കാണുകയും ചെയ്യും. ഇതിനുകാരണം നിനവാകുന്നു. രണ്ടാമതു, ഒരു കണ്ണാടി അതിനോടടുക്കുന്ന വസ്തുക്കളെ അതിൽ പ്രതിബിംബിച്ച് കാണിക്കുന്നതുപോലെ, തള്ളമാർ മരിച്ചുപോയ തങ്ങളുടെ കുഞ്ഞുങ്ങളേയും, ദരിദ്രൻ സമ്പത്തിനേയും, ദാഹിച്ചവൻ വെള്ളംനിറഞ്ഞ തടാകത്തേയും, ഭീരുക്കൾ ഘോരരൂപത്തേയും സ്വപ്നംകാണും; ഇതിനുകാരണം മനസ്സിൻെറ പ്രതിഫലനമാകുന്നു. മൂന്നാമത്തേതു്, സംഭവങ്ങൾക്കു ക്രമമില്ലാതെയും പൂൎണ്ണമല്ലാതെയും ഉള്ള കാഴ്ചയാണ്. ഇതിന്ന്കാരണം പിത്തമാകുന്നു. എന്നാൽ ദൈവത്തിൻെറ പ്രവൃത്തിയാലുണ്ടാകുന്നതും വാസ്തവസംഭവങ്ങളെ കാണിക്കുന്നതുമായ "ദിവ്യദൎശനം" എന്നൊരുതരം കാഴ്ച വേറെയുണ്ടു്. അതിൻെറ മാഹാത്മ്യവും അതിൻെറ ലക്ഷണങ്ങളും വേറെയാണ്. ഇങ്ങനെ സുരമിയുടെ ചോദ്യത്തിന് മതിയായ സമാധാനം ലഭിച്ചിട്ടും, അവളുടെ മനസ്സിൻെറ കാലുഷ്യം തീരാതെയാണ് അവൾ

വീട്ടിലേക്കു മടങ്ങിയതു്. "നമ്മുടെ ക്ഷേത്രങ്ങളും ബിംബങ്ങളും ആസകലം പൊടിഞ്ഞുടഞ്ഞു; ദേവന്മാരെല്ലാവരും ഓടിപ്പോയി; നമ്മുടെ പാരമ്പൎയ്യമുറകളും പുരാതനവേദവും നിന്ദിക്കപ്പെട്ടു; തെണ്ടിത്തിന്നുന്ന പിച്ചക്കാരനായ യൗസേപ്പിൻെറ വേദം പെട്ടെന്നു് എല്ലായിടത്തും പരന്നു; അനേകംപേരതിനെ കൈക്കൊണ്ടു; മഹാവിക്രമിയും പ്രബലനുമായ വാമൻക്രൂടെയും അതിലകപ്പെട്ടു; ആ മുറക്കു് മററുള്ളവരുടെ കാൎയ്യത്തിലെന്തിനാണു് ആശ്ചൎയ്യപ്പെടുന്നതു്? ഇനി നാം വെറുതെ ഇരിക്കുന്നതുകൊണ്ടു ഫലമില്ല; ആ വേദത്തെ എങ്ങനെയെങ്കിലും നശിപ്പിക്കാൻ ശ്രമിക്കണം" എന്നിങ്ങനെ ചിലതെല്ലാം സ്വയംനിശ്ചയിച്ചിട്ടാണു് അവൾ നിദ്രയെ അവലംബിച്ചതു്. അപ്പോൾ അവളുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന പിശാചുക്കളായ പഴയദേവന്മാർ വലിയദുഃഖത്തിൽ അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. "ഞങ്ങളുടെ ആലയങ്ങളും ശിലകളും തകൎന്നു് നാശമായി; ഒരു പരദേശിയുടെ വാക്കിനെക്കേട്ടു് ഈ നാട്ടുകാർ ഞങ്ങളെത്തന്നെ പരദേശികളാക്കിത്തള്ളിക്കളഞ്ഞു; ഞങ്ങളുടെ ജാതി, വംശം മുതലായ സാമുദായിക മഹിമകളേയും ത്യജിച്ചു്; ഇനി നീമാത്രമാണു് ഞങ്ങൾക്കുള്ള ആശ്രയം. അതിനാൽ എങ്ങനെയെങ്കിലും ആ യൗസേപ്പിനെയും അവൻെറ വേദത്തേയും നശിപ്പിക്കുവാൻ പ്രയത്നിക്കണം" എന്നുപറഞ്ഞു് മറഞ്ഞുപോയി. അവൾ രാവിലെ എഴുന്നേററു അവിടുത്തെ പ്രധാനസൈന്യാധിപനും വലിയ സ്വാധീനശക്തിയുള്ളവനുമായ നാവ

കൻ എന്നൊരുവനെ ചെന്നുകണ്ടു കാൎയ്യത്തിൻെറ ഗൗരവം മനസ്സിലാക്കയും, രാജ്യത്തിനും ജനങ്ങൾക്കും ദേവന്മാൎക്കും ദ്രോഹംചെയ്യുന്ന രാജ്യദ്രോഹിയെ നശിപ്പിക്കേണ്ടതു് പ്രധാന ഉദ്യോഗസ്ഥന്മാരുടെ കടമയാണെന്നു് ധരിപ്പിക്കയും, അതിലേക്കു് വേണ്ടിവന്നാൽ രാജകീയാനുമതിതന്നെ വാങ്ങി ദേവന്മാരെ പൂൎവസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കണമെന്നു അഭ്യൎത്ഥിക്കുകയുംചെയ്തു. "പ്രഭോ! നല്ല കുടുംബക്കാരനോ നല്ല നടത്തക്കാരനോ അല്ലാത്ത ഒരു ദരിദ്രൻെറ വാക്കിനെ കേട്ടു് നമ്മുടെ നാട്ടുകാരിൽ അനേകംപേർ അവൻെറ വേദത്തിൽ അകപ്പെട്ടിരിക്കുന്നു. അതിനാൽ നമ്മുടെ ദേവന്മാർ ദുഃഖിക്കുന്നു. പോൎക്കളത്തിൽനിന്നു് ശത്രുഭടന്മാരെ തകത്തോടിക്കുന്ന അങ്ങേക്കു് ഈ വേദവിരോധിയെ ജയിപ്പാൻ പ്രയാസമെന്നു കരുതുന്നുണ്ടോ? എന്നാൽ ആ യൗസേപ്പിനോടു വേദത്തെക്കുറിച്ചു് തൎക്കിച്ചു് ജയിക്കാൻ ഒരുത്തനെക്കൊണ്ടും സാധിക്കയില്ല. അതിനാൽ നടന്ന സംഗതികളെ എല്ലാം നമ്മുടെ രാജാവിനെഅറിയിച്ചു്, യൗസേപ്പിനേയും അവൻെറ വേദത്തേയും നശിപ്പിച്ചു്, നമ്മുടെ പഴയദേവന്മാരെത്തന്നെ വണങ്ങുമാറാക്കണം" എന്നു് വീണ്ടും അഭ്യൎത്ഥിച്ചു. അതിന്നു് നാവകൻ, "അമ്മേ! നിങ്ങൾ ഒന്നുകൊണ്ടും ഭയപ്പെടേണ്ടാ; അങ്ങിനെ ചെയ്യിക്കാം" എന്നുപറഞ്ഞു് അവളേ ധൈൎയ്യപ്പെടുത്തി അയച്ചു.

സുരമി പോയതിൽപിന്നെ നാവകൻ, അതിലേക്കുവേണ്ടി ചില ഉപായങ്ങളെ ചിന്തിച്ചുകൊണ്ടി

രുന്നു. അപ്പോൾ ഒരു വയോവൃദ്ധനും ജ്ഞാനവൃദ്ധനു മായ അവന്റെ പിതാവ്, "മകനെ! നിന്റെ മന സ്സിൽ ഏതോ ഒരാധിപിടിപെട്ടിരിക്കുന്നതുപോലെ നിന്റെമുഖം പറയുന്നുവല്ലൊ;കാൎയ്യം എന്താണെന്നു പ റയണം" എന്നുപറഞ്ഞു. നാവകൻ സുരമി പറഞ്ഞവ യെല്ലാംപറഞ്ഞിട്ട്, ആ വേദത്തേയും ആ വേദത്തിൽ ചേൎന്നവരേയും എങ്ങനെയെങ്കിലും നശിപ്പിക്കണമെ ന്നും പറഞ്ഞു. അതിനു പിതാവുപറഞ്ഞു:-"മകനേ! ഞാൻ പറയുന്നതിനെ നീ കുറച്ചു ശ്രദ്ധ വച്ചുകേൾക്ക ണം. ഞാൻചെറുപ്പത്തിൽ സൈന്യാധിപനായിരുന്ന കാലത്തു കുറേനാൾ ആ യൂദയാദേശത്തുപാൎത്തിട്ടുണ്ട്. അതിന്ന്കുറെക്കാലംമുമ്പ് അസീറിയാരാജ്യത്തെ ഭരി ച്ചിരുന്ന മഹാവീരനും ക്രൂരസ്വഭാവിയുമായ ചിനക്ക രൻ എന്ന രാജാവ്, അസൂയനിമിത്തം പല രാജാക്ക ന്മാരേയും യുദ്ധംചെയ്തു് കീഴടക്കി, ഒടുവിൽ യൂദയാ രാജ്യത്തോടു യുദ്ധത്തിനുപുറപ്പെട്ടു്, അതിന്റെ രാജ ധാനിയായ യെറുശലേംനഗരത്തിനടുത്തുചെന്നു് പാള യംഅടിച്ചു. "യൂദന്മാർ തങ്ങളുടെ വേദത്തെ ഉപേ ക്ഷിച്ചു് തന്റെ പാദത്തെ വന്നങ്ങണമെന്നും, അല്ലെ ങ്കിൽ യുദ്ധത്തിന്നു് ഇറങ്ങിക്കൊള്ളണമെന്നും" അറി യിക്കാൻ ഒരു ദൂതനേ അയച്ചു. ആ ദൂതൻ യൂദയാ രാജാവിനെ ചെന്നുകണ്ടു വിവരം ഗ്രഹിപ്പിച്ച പ്പോൾ, ആ രാജാവു മന്ദഹാസസമേതം പറഞ്ഞു:— "ഞങ്ങളുടെ വേദത്തെ നിന്ദിച്ച രാജാക്കന്മാരിൽ ഇ തുവരേയും ജീവനോടെപോയിട്ടുള്ളവരാരുമില്ല. നീ ദൂതനായി വന്നതുകൊണ്ടു നിന്നെ ഉപദ്രവിക്കാത്തതാ

ണ്. ഞങ്ങൾ യുദ്ധത്തെ ഭയപ്പെടുന്നവരല്ല. വരുന്നുണ്ടെങ്കിൽ നിൻെറ രാജാവിനോടു വേഗംവരാൻ പറയണം" എന്നു പറഞ്ഞയച്ചു. ദൂതൻ മടങ്ങിവന്നു വിവരമെല്ലാം രാജാവിനേ ഗ്രഹിപ്പിക്കയുണ്ടായി. അവൻ അത്യുഗ്രമായ കോപത്തോടെ, ഈ രാത്രികഴിഞ്ഞാൽ നാളെ ഉദയത്തിൽ, ഈ നാടെല്ലാം കാടാക്കിത്തീൎക്കുന്നുണ്ടെന്നു ശപഥംചെയ്തു നിദ്രയേ അവലംബിച്ചു. ആ രാത്രിയിൽതന്നെ ഏതോ അറിയപ്പെടാത്ത ഒരു ദൈവികശക്തിയാൽ അവൻെറ രഥഗജതുരംഗപദാതികളായ സേനകളെല്ലാം കൊല്ലപ്പെട്ടു പ്രേതമായി കിടക്കുന്നതുകണ്ടു രാവിലേതന്നെ രാജാവു ഭയന്നോടിപ്പോയി. അത്രയുമല്ല, ഭയന്നു തോറേറാടിയതിനാലുണ്ടായ അവമാനം സഹിക്കവെയ്യാതെ അവൻെറ പുത്രന്മാർ രണ്ടുപേരുംകൂടി അവനേ തടുത്തുനിറുത്തി തങ്ങളുടെ അച്ഛനാണെന്നപോലും വിചാരിക്കാതെ അവനേ തങ്ങളുടെ വാളാൽ വെട്ടിവധിച്ചു. അതിനാൽ മകനേ! അവരുടെ ദൈവത്തിൻെറ ശക്തിക്കുമുമ്പിൽ ഏതൊരുവൻെറ ശക്തിയും ഫലപ്പെടുന്നതല്ല" തുടൎന്നുപറഞ്ഞു:—"ഇതു നടന്നിട്ടു ഏതാനം വൎഷങ്ങളുടെശേഷം അസീറിയാരാജ്യത്തെ ഭരിച്ചിരുന്ന നബൂക്കൻ എന്ന മറെറാരു മഹാരാജാവു അഹങ്കാരപ്രമത്തനായി, തൻെറ രാജ്യത്തുള്ള യൂദജനങ്ങൾ അവരുടെ ദൈവത്തെ ആരാധിക്കരുതെന്നും, സ്വൎണ്ണത്താലുണ്ടാക്കപ്പെട്ട തൻെറ പ്രതിമയെ ദൈവമായിട്ടാരാധിക്കണമെന്നും അങ്ങനെ ചെയ്യാത്തവർ മരണശിക്ഷ അനുഭവിക്കണമെന്നും വിളംബരം

പ്രസിദ്ധപ്പെടുത്തി. ആ കല്പനയെ അനുസരിക്കാതിരുന്ന മൂന്നു യൂദബാലന്മാരെ തീച്ചൂളയിലിട്ടു കൊല്ലണമെന്ന് വീണ്ടും കല്പനയുണ്ടായി. അതുപ്രകാരം തീച്ചൂളയിലെറിയപ്പെട്ട അനനിയാസ്, അസറിയാസ്, മിശായേൽ, എന്ന മൂന്നു ബാലന്മാരും, സുഗന്ധശീതളപരിപൂൎണ്ണമായ ഉദ്യാനത്തിൽ ഉല്ലസിച്ചിരിക്കുന്നവരെപ്പോലെ ആനന്ദഭരിതരായി ദൈവത്തെ സ്തുതിച്ചുപാടിക്കൊണ്ടിരുന്നു. ഈ അത്ഭുതവൃത്താന്തം കേട്ടു രാജാവു തന്നെ വന്നുനോക്കുമ്പോൾ, ചൂളയുടെ മദ്ധ്യേ നാലുപേർ നില്ക്കുന്നതുകണ്ടു് ആശ്ചൎയ്യഭരിതനായി അവരോടു തന്റെ അടുക്കലേക്കു് വരുവാൻ ആജ്ഞാപിച്ചു. അപ്പോൾ അവർ മൂന്നുപേർമാത്രം രാജസന്നിധിയിൽ വന്നുനിന്നു. ഇനിയൊരുത്തൻ എവിടെ? എന്നു് രാജാവു ചോദിച്ചപ്പോൾ, അവൻ ഞങ്ങളെ സഹായിക്കുന്നതിനായി ദൈവത്താൽ അയക്കപ്പെട്ട ദൈവദൂതനാണെന്നു് അവർപറഞ്ഞു. ഈസംഭവത്താൽ രാജാവു യൂദന്മാരുടെ മാഹാത്മ്യത്തേയും അവരുടെ ദൈവത്തിന്റെ ശക്തിയേയും അറിഞ്ഞു. എന്നിട്ടും അഹങ്കാരാവേശനായി പണ്ടത്തെപ്പോലെ തന്നെ പിന്നെയും പ്രവൎത്തിച്ചുവരികയാൽ ദൈവകോപമുണ്ടായി, അവൻ തന്റെ നാടും നഗരവും കൈവിട്ടു്, മനുഷ്യബോധത്തോടുകൂടെ മൃഗവേഷമായിതീരുന്നതിന് ശപിച്ചുകളഞ്ഞു. അങ്ങനെ ഏഴു വൎഷത്തോളം കാട്ടിലെല്ലാം അലഞ്ഞുനടന്നും പുല്ലു തിന്നും കഷ്ടപ്പെട്ടു. പിന്നീടു പരമാത്മജ്ഞാനമുണ്ടായി. സത്യദൈവത്തെ ആരാധിച്ചതിനാൽ അവന്റെ ശാപംനീങ്ങി പഴയപോലെ മനുഷ്യരൂപവും

രാജ്യഭാരവും ലഭിച്ചു്, ആ ദൈവത്തിൻെറ മഹത്വം എവിടെയും വിളങ്ങുമാറു പ്രജാപരിപാലനം ചെയ്തു വന്നു.

മകനേ! ഇനിയും വേറൊരു അത്ഭുതംകൂടി കേൾക്കണം. മുൻപറഞ്ഞ അസീറിയായുടെ തന്നെ രാജാവായിരുന്ന വേറൊരുത്തൻ, യൂദന്മാരുടെ ദേവാലയത്തിൽ വളരെഅധികം ധനം ഇരിപ്പുണ്ടെന്നുകേട്ടു് അതെല്ലാം കുത്തിക്കവൎന്നുകൊണ്ടുവരുന്നതിന് എലിയോത്തൂരൻ എന്നൊരുത്തനെ അയച്ചു. അവനും സേനകളുംകൂടി ആ ആലയത്തിൽ പ്രവേശിച്ചമാത്രയിൽ സ്വൎണ്ണകവചം ധരിച്ചു് ആകാശമാൎഗ്ഗമായി സവാരി ചെയ്തുവന്ന ഒരു വീരപുരുഷൻെറ വെള്ളക്കുതിര, അതിൻെറ പിൻകാലുകളാൽ എലിയോത്തൂരനെ തൊഴിച്ചു നിലംപതിപ്പിച്ചു. ഇതുകണ്ടു് അവൻെറ സേനകളെല്ലാം ഓടിത്തുടങ്ങി. ഉടനേ രണ്ടു ദൈവദൂതന്മാർ പ്രത്യക്ഷപ്പെട്ടു്, അവനെ കുതിരച്ചാട്ടകൊണ്ടു് അടിച്ചുകൊല്ലാൻ തുടങ്ങുന്ന അവസരത്തിൽ, ആ ദേവാലയത്തിലെ ഒരു പുരോഹിതന്നു് അവൻെറമേൽ കനിവുതോന്നി ദൈവത്തിനോടപേക്ഷിച്ചതിനാൽ, അവൻ എഴുന്നേററു സൃഷ്ടികൎത്താവിനെ സ്തുതിച്ചുകൊണ്ടും, ആ അത്ഭുതസംഭവത്തെ എല്ലാവരേയും അറിയിച്ചുകൊണ്ടും പോയി. ഇപ്രകാരംതന്നെ ആ വേദത്തെ നിന്ദിച്ച പന്ത്രണ്ടു രാജാക്കന്മാരും ശിക്ഷിക്കപ്പെട്ടിരിക്കുന്നു. ആ യൂദന്മാരുടെ ദൈവത്തെ നിന്ദിച്ചവർ ഒരിക്കലും ജീവനോടെ ഇരുന്നിട്ടില്ല. ആകയാൽ മകനേ! നീയും അവരോടെതിൎക്കാൻ തുനിയേണ്ടാ”

നാവകൻ ഇതെല്ലാം കേട്ടു പിതാവിനോടു ചോദിച്ചു:—"പിതാവെ! അങ്ങ് പറഞ്ഞതെല്ലാം പരമാൎത്ഥമായിരിക്കാം. എന്നാൽ ആ യൂദന്മാർ അവരുടെ നാട്ടിൽ അടങ്ങിയിരിക്കാതെ നമ്മുടെ ദേശത്തുവന്ന് അവരുടെവേദം പ്രസംഗിച്ച് നമ്മുടെ ജന്മത്തെ വഷളാക്കുമ്പോൾ നമ്മൾ വെറുതെ ഇരിക്കുന്നതു ന്യായമാണോ?" പിതാവുപറഞ്ഞു:-"കണ്ണിന്നു കാഴ്ചപോലുമില്ലാത്ത ഒരുവൃദ്ധ, ബുദ്ധിയില്ലാതെ വല്ലതും പറഞ്ഞതുകേട്ട് അതെല്ലാം പരമാർത്ഥമാണെന്ന് വിശ്വസിക്കുന്നതു ന്യായമാണോ? ഞാൻതന്നെ വളരെക്കാലം ആ യൂദേയാദേശത്തു പാൎത്തിട്ടുള്ളതാണ്. അവരുടെ വേദവിശ്വാസങ്ങളിലും സാന്മാൎഗ്ഗികനടപടികളിലും യാതൊരു പോരായ്കയും ഞാൻ കണ്ടിട്ടില്ല. അവരുടെ ദേശാചാരവും കുലാചാരവും ഓരോരുത്തരുടെയും പാരമ്പൎയ്യക്രമമനുസരിച്ചാണ്. എന്നാൽ വേദവുംധൎമ്മവും എല്ലാവൎക്കും ഒരുപോലെ പൊതുവാകുന്നു. യൗസേപ്പിന്റെ പ്രസംഗത്തെ ഒരു പ്രാവശ്യം കേൾക്കയാണെങ്കിൽ നീതന്നെ അതിനെ പ്രശംസിക്കാതിരിക്കയില്ല. അതിനാൽ അതുകേട്ടിട്ട് നിന്റെ ഇഷ്ടംപോലെ ചെയ്യാം." അവനും അങ്ങനെതന്നെ എന്ന് സമ്മതിച്ചു; യൗസേപ്പു പ്രസംഗംചെയ്യുന്ന ദിക്കിലേക്കുപോയി, തന്റെ അന്തൎഗ്ഗതത്തെ മറച്ചുകൊണ്ടു പ്രസന്നമുഖനായിനിന്നു. എന്നാൽ അവന്റെ മനഃസ്ഥിതിയെ തന്റെ തപഃശക്തിയാൽ ഗ്രഹിച്ച മാർയൗസേപ്പ്, പതിവുപോലെ അവിടെ കൂടിയിരുന്നവരോടു പറയുന്ന വിധത്തിൽ പ്രസംഗി

ച്ചു:—"മനുഷ്യരേ! നമ്മുടെ ആത്മാവിനെ മുതിപ്പെടു ത്തുന്നതു് പാപം ഒന്നുമാത്രമാകുന്നു; അന്യരിൽ കരുതു ന്ന ദ്രോഹം, ഒരുവൻെറ നന്മയെ നശിപ്പിച്ചുകളയുന്നു. ധൎമ്മത്താലുണ്ടാകുന്ന മഹിമയ്ക്കാകട്ടെ, ഒരുകാലത്തും ക്ഷയമില്ല; സത്തുക്കൾ ഭക്ഷിക്കുന്ന വിഷവും അവൎക്ക അമൃതമായിത്തീരും; ദുഷ്ടന്മാർ ഭക്ഷിക്കുന്ന അമൃതവും അവൎക്ക വിഷമായി ഭവിക്കും; ഓരോരുത്തരുടേയും പ്ര വൃത്തിഫലം അവനവനേ തുടൎന്നുചെല്ലും; നാം അന്യ രുടെ കുററം ക്ഷമിച്ചാൽ നമ്മുടെ കുററവും ക്ഷമിക്ക പ്പെടും; അങ്ങനെയുള്ളവരാകുന്നു ദൈവദൂതന്മാരാലും പ്രശംസിക്കപ്പെടുന്നവർ" ഇത്രയും കേട്ട നാവികൻ കോപത്തോടെ ചോദിച്ചു:-"അക്രമം പ്രവൎത്തിച്ചവ രോടു അക്രമം പ്രവൎത്തിച്ചാൽ അതു ഗുണമല്ലാതെ ദോഷമാകുമോ?" യൗസേപ്പു പറഞ്ഞു:—"ഒരുവൻ പറയുന്ന അസത്യത്തെ സത്യമാണെന്നു് വിശ്വസി ച്ചു് അതുപ്രകാരം ചെയ്യുന്നതു ധൎമ്മമാണോ? കൂടാ തെയും ഇഷ്ടജനങ്ങളുടെ കഠിനവാക്കു് ഹിതമായും, അ നിഷ്ടജനങ്ങളുടെ മധുരവാക്കു് അഹിതമായും തോന്നു ന്നതും സാധാരണമല്ലേ? ആകയാൽ മനസ്സിൽ തോ ന്നുന്ന ക്ഷണത്തിൽ ഏതിനേയും സ്വീകരിച്ചുകൂടാത്ത താകുന്നു. എന്തെങ്കിലും പ്രവൎത്തിക്കുന്നതു നല്ലതു പോലെ ആലോചിച്ചിട്ടു മാത്രംവേണ്ടതാണു്. അ ങ്ങനെഅല്ലാതെ പ്രവൎത്തിച്ചാൽ നിൻെറ പ്രവൎത്തി നിനക്കുതന്നെ ദോഷാവഹമായിത്തീരും." ഇതുകേട്ടു് നാവികൻ ഏററവും ദ്വേഷ്യത്തോടെ, നീ ഇപ്രകാരം പറഞ്ഞു് അന്യരെ ദുഃഖിപ്പിക്കുന്നതിനേക്കാൾ, നീത

ന്നെ ദു:ഖിക്കുന്നതാണ് നല്ലതെന്നുപറഞ്ഞു്, അദ്ദേഹത്തിൻെറ കരണത്തു് ആഞ്ഞടിച്ചു. അദ്ദേഹം അതിനെ സന്തോഷപൂൎവ്വം ഏററുകൊണ്ടു് കരുണയോടെ അവനെ ഒന്നുനോക്കി. ആനോട്ടത്താൽ അവൻെറ ഹൃദയം തകൎന്നു് അദ്ദേഹത്തിൻെറ പാദത്തിൽ താണുവന്ദിച്ചു അപേക്ഷിച്ചു:-"തപോനിധേ! ഞാൻ ഇതേവരേയും അങ്ങയുടെ പ്രസംഗത്തിൻെറ മധുരിമയേയും സത്യവേദത്തിൻെറ മാഹാത്മ്യത്തേയും ഗ്രഹിച്ചിട്ടില്ലാത്തവനായിരുന്നു. അന്യരുടെ കുററം ക്ഷമിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായ ഗുണം വേറൊന്നുമില്ലെന്നു് ഇപ്പോൾ എനിക്കു മനസ്സിലായി. കിണററുതവളയേപ്പോലെ എനിക്കറിയാവുന്നതുമാത്രം വലുതായിട്ടു കരുതി, മററുള്ളവരുടെ വിശ്വാസത്തേയും വേദത്തേയും അജ്ഞതയാൽ ഞാൻ നിന്ദിച്ചുവന്നു. ഇപ്പോൾ അതിൻെറ സത്യത്തെക്കുറിച്ചു് പ്രസ്താവിച്ച അങ്ങയുടെ മുഖത്തു് ഞാൻ അടിക്കയും ചെയ്തു. അതിനെ അങ്ങു് അൻപോടുകൂടെ സഹിച്ചു്, അങ്ങയുടെ മഹിമയേറിയ കടാക്ഷത്താൽ എന്നെ രക്ഷിച്ചിരിക്കുന്നു. ഈ പരമോപകാരത്തിനു് പ്രതിഫലമായി അടിയൻ ചെയ്യേണ്ടതെന്താണെന്നു് അറിയുന്നില്ല. എങ്കിലും എൻെറ ആയുശ്ശേഷം സത്യവേദത്തെ കൈക്കൊണ്ടു്, ദൈവത്തിന്നു് സ്തോത്രംചെയ്യുന്നതിനും അങ്ങയെ സ്തുതിക്കുന്നതിനും വിനിയോഗിപ്പാൻ നിശ്ചയിച്ചിരിക്കുന്നു." യൗസേപ്പു കൃതാൎത്ഥനായി അവനു വേണ്ടപ്പെട്ട ഉപദേശം നൾകുകയും ദൈവത്തെ സ്തോത്രം ചെയ്കയും ചെയ്തു എന്നു് പ്രത്യേകിച്ചു്

പറയേണ്ടതില്ല. അവിടെ കൂടിയിരുന്നവരെല്ലാവരും അവനെ ഹൃദയപൂർവ്വം അഭിനന്ദിച്ചു. അവൻെറ പിതാവു നടന്ന സംഭവങ്ങളെല്ലാം കേട്ട് സന്തുഷ്ടചിത്തനായി. എന്നാൽ വൃദ്ധയും സ്വർഗ്ഗാലുവുമായ സുരമിമാത്രം, അവളുടെ തന്ത്രത്താലുണ്ടായ ഫലം ഇന്നതാണെന്ന് കേട്ടറിഞ്ഞ ക്ഷണത്തിൽ ലജ്ജകൊണ്ടു മൃതയായിപ്പോയി. ഈ ചരിത്രസംഭവമാകട്ടെ, സത്യവേദത്തിൻെറ നിസ്തുലമായ മാഹാത്മ്യം, ശത്രുമദ്ധ്യത്തിലും അക്ഷയപ്രഭയോടുകൂടി വിളങ്ങുന്നുവെന്നുള്ളതിലേക്കു മതിയായ തെളിവായിരിക്കുന്നില്ലയോ?

---

# അദ്ധ്യായം ആറ്.

— :*:—

മാർയൗസേപ്പു സ്വദേശത്തേക്കു മടങ്ങുന്നതു്.

മേൽപ്രസ്താവിച്ചവിധം മാർയൗസേപ്പും ദൈവജനനിയും എജിപ്തിൽ വസിച്ചിരുന്ന ഏഴുവർഷക്കാലം മുഴുവനും, ദൈവബാലൻെറ വിശേഷകൃപയാൽ ആനാട്ടു ഉൽകൃഷ്ടസ്ഥിതിയിലെത്തത്തക്കവണ്ണം വേദോപദേശംചെയ്തു് സകലരേയും സദാചാരനിരതരാക്കിയിരുന്നു. അവരിൽ അധികംപേരും സത്യവേദം സ്വീകരിച്ചു് കൃതാൎത്ഥരായും ജീവിച്ചിരുന്നു. ഇങ്ങനെയിരിക്കുമ്പോഴാണ്, ആദിഗപാസികൾക്ക് എത്രയും ദു:ഖകരമായ സംഭവമുണ്ടായതു്. ഒരുദിവസം ആകാശത്തിൽനിന്നും ദൈവത്തിൻെറ ദൂതൻ ഈറ

ങ്ങിവന്നു്, "ഹേ! അത്ഭുതമായി പുഷ്പിച്ച മധുമലർ ച്ചെടിയാൽ പ്രശോഭിക്കുന്നവനേ! ഞാൻ ദൈവ ത്താൽ അയക്കപ്പെട്ട ദൂതനാകുന്നു; ദൈവകുമാരനെ കൊലപ്പെടുത്താൻ നിശ്ചയിച്ച ഹേറോദേസ് മരിച്ചു പോയി. ഇനി മാതാവിനെയും പുത്രനേയും കൂട്ടി ക്കൊണ്ടു സ്വദേശത്തേക്കു് പോകാം" എന്നിങ്ങനെ മാർയൗസേപ്പിനെ അറിയിച്ചിട്ടു മറഞ്ഞുപോയി. യൗസേപ്പു ഈവിവരം മററിരുവരേയുംകൂടി അറിയി ക്കുകയും അവരും ദൈവത്തിൻെറ കല്പനയെ സന്തോ ഷപുരസ്സരം സമ്മതിക്കയുംചെയ്തു. എന്നാൽ അ വർ ഇതിനെ ആപുരീവാസി ജനങ്ങളോടറിയിക്കുക യുണ്ടായില്ല. അവർ പതിവുപോലെ മാർയൗസേ പ്പിൻെറ മധുരതരമായ പ്രസംഗംകേൾപ്പാൻ അ ത്യൽക്കണ്ഠയോടുകൂടി അപ്പോഴും വന്നുകൂടി. ഇ പ്പോൾ മാർയൗസേപ്പു പറയുന്നതിങ്ങനെയാണു്. "ഹേ! മാന്യജനങ്ങളെ! ഇഹലോകൈശ്വര്യങ്ങളെല്ലാം ജലത്തിലെ കുമിള എന്നോണം നശ്വരമാണു്. പ്രാ ണാപായങ്ങൾ അനന്തവുമാകുന്നു; ആകയാൽ വേണ്ട കാലത്തുതന്നെ ശങ്കകൂടാതെ ദൈവതൃപ്പാദത്തെ അഭ യംപ്രാപിക്കണം. അതുമാത്രമേയുള്ളു നിങ്ങളുടെ ദോഷങ്ങളെ മാർജ്ജനംചെയ്തു്, സൽഗതിനൾകുന്ന തിനുചിതമായമാർഗ്ഗം" എന്നു് ഏററം സംക്ഷിപ്തമെ ങ്കിലും സാരതരമായ ഉപദേശംചെയ്തു് അവരെഅ യച്ചു.

പിന്നീടുണ്ടായ സംഭവം അദ്ധ്രാത്രിസമയത്തു് മൂന്നുപേരുംകൂടി രവിപുരത്തുനിന്നും പുറപ്പെട്ടതായി

രുന്നു. അപ്പോൾ മാർയൗസേപ്പിന് ആദേശവാസികളുടെമേൽ അനുകമ്പയും, അവരെ വേർപിരിയുന്നതിൽ ദുസ്സഹമായ ദുഃഖവും ഉളവായെങ്കിലും, അതു ദൈവകല്പനയാൽ ക്ഷണത്തിൽ ആനാടുവിട്ടു പോരേണ്ടിവന്നു.

പ്രഭാതവേളയിൽ ആപുരീവാസിജനങ്ങൾ പതിവുപോലെ ഇവരുടെ ഗൃഹത്തിൽവന്നിട്ട് അവിടെ ആരേയും കാണാഞ്ഞു വളരെ വ്യസനിച്ചു. ചിലർ പറഞ്ഞു, "നമ്മുടെ മനസ്സിൽ കുടികൊണ്ടിരുന്ന അജ്ഞാതതിമിരത്തെ നീക്കുന്നതിനായി വിജ്ഞാനശോഭനൽകിവന്ന ഇവർ ഹാ! നമ്മളേവിട്ടു പൊയ്ക്കളഞ്ഞല്ലോ! ഇതു ധർമ്മമാണോ?" ചിലർ പറഞ്ഞു, ധർമ്മസ്വരൂപികളായ അവർ നമ്മോടു പറയാതെ രഹസ്യമായി പൊയ്ക്കളഞ്ഞതു് നമ്മുടെ പാപഭാരം കണ്ടിട്ടായിരിക്കുമോ?" ചിലർ പറഞ്ഞു; നമ്മൾ ദുഃഖക്കടലിൽ ആണ്ടുവ്യസനിക്കട്ടേ എന്നുവച്ചു് അവർ വല്ലദൂരദിക്കിലും പോയതായിരിക്കുമോ?" ചിലർ പറഞ്ഞു, "അവർ പോകുന്നാവഴിക്കു് തള്ളയേക്കാണാഞ്ഞു് കിളിക്കുഞ്ഞുങ്ങൾ പരിതപിക്കുന്നതിനേയും, കറവകഴിഞ്ഞ കിടാക്കൾ കരയുന്നതിനേയുംകേട്ടു്, അവരുടെ വിരഹത്താൽ നാം അനുഭവിക്കുന്ന ദുഃഖത്തെക്കുറിച്ചു് ഓർക്കയില്ലയോ?" ഇങ്ങനെ പലരും പലവിധത്തിൽ പറഞ്ഞു് അവരെ അന്വേഷിച്ചു പുറപ്പെട്ടു. വഴിയിൽകാണുന്ന മരങ്ങളേയും മയിൽ കുയിൽ മുതലായ പക്ഷികളേയും നോക്കി, "അവർ പോയവഴിയേതാണെന്നു് ദയവായി കാണിച്ചാലും"എന്നും മലകളേയും

ചോലകളേയും തടാകങ്ങളേയുംനോക്കി, അവർ ഇരുന്നു വിശ്രമിച്ചസ്ഥലം ഏതാണെന്നറിയിച്ചാലും എന്നും അർത്ഥിച്ചുകൊണ്ടു പോയിരുന്നു. ഇങ്ങനെ കുറെദൂരം പോയപ്പോൾ, ആ മൂന്നുപേരുടേയും കാൽചുവടുകൾ മണ്ണിൽപതിഞ്ഞിരിക്കുന്നതുകണ്ടു്, ഇതു് മാർയൗസേപ്പിൻെറ ചുവടാണെന്നും അതു് ദൈവമാതാവിൻെറ കാലടി ആണെന്നും ഇതു് ദിവ്യബാലൻെറ ഉണ്ണിക്കാലടിയാണെന്നും പറഞ്ഞു് അവയെ താണുവന്ദിച്ചു്, അവരേകാണും എന്നുള്ള ആശയോടുകൂടി ആ കാട്ടിൽ വളരെദൂരം സഞ്ചരിച്ചു. അവർ ഇപ്രകാരം അന്വേഷിച്ചുവരുന്നതിനെ മാർയൗസേപ്പു് ദിവ്യദർശനത്താൽ ഗ്രഹിച്ചു്, അവരിൽ കരുണയോടുകൂടി ദൈവകുമാരനോടപേക്ഷിച്ചു. തദവസരത്തിൽ ദൈവബാലൻ അവരുടെ മനസ്സിൽ തോന്നിച്ച ജ്ഞാനത്താൽ, ആ മൂന്നുപേരും തങ്ങളെ പിരിഞ്ഞുപോകുന്നതു് ദൈവകല്പനയാണെന്നു് സമാധാനിച്ചു് അവരേ പ്രശംസിച്ചു്, അവർ വന്നവഴിയേതന്നെ മടങ്ങിപ്പോവുകയുംചെയ്തു.

രവിപുരത്തുനിന്നു പുറപ്പെട്ട ഇവർ മൂന്നുപേരും പതിനായിരം മാലാഖമാരുടെ പരിവാരത്തോടുകൂടിയാണു് യാത്രആരംഭിച്ചതു്. ഇവർ വഴിയിൽകണ്ട ചില പൂങ്കാവനങ്ങളിലും വൃക്ഷത്തണലുകളിലും ഇരുന്നു ശ്രമപരിഹാരംചെയ്തിട്ടു് ഒടുവിൽ മണലാരണ്യത്തിലെത്തി. ധർമ്മസ്വരൂപരായ ഈ തിരുമേനികളുടെ തൃപ്പാദങ്ങൾ ആ ശുഷ്കഭൂമിയിൽ പതിഞ്ഞതോടുകൂടി അതു സൂര്യനെക്കണ്ട കമലമെന്നോണം വി

കസിതമാകയും, ചൂടേറിയ അതിൻെറ അന്തരീക്ഷം കുളിർമ്മയുള്ളതായി ഭവിക്കയുംചെയ്തു. അത്രയുമല്ല മുല്ല, മല്ലിക മുതലായി വിശേഷമാതിരിയിലുള്ള പുഷ്പലതകൾ കണക്കില്ലാതെ ഉണ്ടായി, പൂത്തുംതുടങ്ങി. അവയിൽനിന്നും പുറപ്പെട്ട സൗരഭ്യം ആകാശം മുഴുവൻ പരന്ന് പരിമളംവീശി. വണ്ടുകൾ തേൻകുടിച്ച് ആഹ്ളാദകരമാംവണ്ണം പാട്ടുകയും കുയിലുകളുടെ ശ്രവണപീയൂഷമായ ഗാനംമുഴങ്ങുകയും മയിലുകൾ തങ്ങളുടെ നാട്യകലയെ അഭിനവസാമർത്ഥ്യത്തോട്ടുകൂടി രസകരമായി അഭിനയിക്കയും ചെയ്തു. മേഘങ്ങളാകട്ടെ, വെള്ളപ്പട്ടുകൊണ്ടുള്ള മേക്കെട്ടികളെന്നവണ്ണം ഇവരുടെമേൽഭാഗത്തുകൂടി സഞ്ചരിച്ച് തണൽനൽകിക്കൊണ്ടുപോയി. ഇപ്രകാരം പ്രകൃതിയുടെ സവിശേഷമായ ലാളനത്താൽ ഉത്സാഹഭരിതരായി വളരെദൂരം സഞ്ചരിച്ചശേഷം ഇവർ ഒരു ചെമ്പകപ്പൂഞ്ചോലയിലിരുന്ന് കുറഞ്ഞൊന്നുവിശ്രമിച്ചു. അപ്പോൾ ദൈവകുമാരൻ മാർയൗസേപ്പിനെനോക്കി ഇപ്രകാരം അരുളിച്ചെയ്തു:-“നമ്മുടെ വരവു പ്രമാണിച്ച് ശീതളതരമായി പരിണമിച്ച് തണലേകിയ ഈ മണൽക്കാടെല്ലാം മുൻപിലത്തെപ്പോലെതന്നെ മണൽക്കാടാകുമെങ്കിലും, നമ്മുടെ പാദംപതിഞ്ഞതിനാലുള്ള മാഹാത്മ്യത്താൽ, ഇതു് ഇനിയൊരുകാലത്ത് വൃക്ഷങ്ങൾനിറഞ്ഞ കാടായി, അനവധി യോഗീന്ദ്രന്മാരുടെ വാസസ്ഥാനമായി, നാനാവിധസുകൃതങ്ങളുടെ വിളനിലമായി പ്രകാശിക്കും. അതാ ആ കാണുന്നമലയിൽ താപസശ്രേഷ്ഠനായ പൌലോസും, പിശാച

ജേതാവായ അന്തോനീസും, ജിതേന്ദ്രിയനായ ശോണമാനും, ജ്ഞാനകവചമണിഞ്ഞ അയോധരനും, ആശാനിഗ്രഹിയായ അവാമനനും, വിധിനിഷേധജ്ഞനായ മതിത്തകനും, ധർമ്മപോഷകനായ അശോധരനും, പുണ്യശ്രുഷകനായ പുരോധരനും, മൂവായിരം തപസ്വികളാലാവൃതനായി ഇല്ലാരിയോസും, മററു നിരവധി താപസശ്രേഷ്ഠന്മാരും അധിവസിച്ചു്, തപസ്സാകുന്ന കപ്പലിൽ സ്ഥിരത എന്ന പായ്മരം നാട്ടി, ഭക്തിയെന്ന പായ് വിരിച്ചു്, ദൈവവരങ്ങളാകുന്ന കാററടിച്ചു്, ധ്യാനമാകുന്ന കപ്പിത്താനാൽ നയിക്കപ്പെട്ടു്, പാപമാകുന്ന സമുദ്രത്തെക്കടന്നു്, സ്വർഗ്ഗമാകുന്ന തുറമുഖത്തുചെന്നുചേരും" മാർയൗസേപ്പു ഇതുകേട്ടു് ആഹ്ലാദഭരിതനായെങ്കിലും, കൂടെയുണ്ടായിരുന്ന മാലാഖമാരോടുകൂടി, ദൈവകുമാരൻ ഇനിയും കല്പിക്കുന്നതെന്താണെന്നു് ചിന്തിച്ചു്, അത്യുൽക്കണ്ഠയോടെ അതിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

അനന്തരം മൂന്നുപേരും അവിടെനിന്നും പുറപ്പെട്ടു്, വഴിക്കുള്ള നിമ്നോന്നതങ്ങളായ വിപിനഭൂമികളെയും, അവയുടെ മനോഹരങ്ങളായ കാഴ്ചകളേയും കണ്ടു് വളരെദ്ദൂരം നടന്നു് യൂദേയാദേശത്തോടു സമീപിച്ചുള്ള ഒരു ഉദ്യാനത്തിലെത്തി ശ്രമപരിഹാരം ചെയ്തു. അപ്പോൾ ദൈവബാലൻ തനിക്കെതിരേ കാണപ്പെട്ട ഒരു മലയേനോക്കി അശ്രുകണങ്ങൾ പൊഴിച്ചു. ഇതുകണ്ടു ദൈവമാതാവും കരഞ്ഞു്, ദിവ്യകുമാരാ! അങ്ങു് ദുഃഖിക്കുന്നതിന്നു് കാരണമെന്തു്? എന്നു് ചോദിച്ചതിന്നു് ദൈവകുമാരൻ അവർ രണ്ടുപേരേ

യും ഠനാക്കിപ്പറഞ്ഞു:-“അതാ കാണുന്ന “മോരിയ” എന്ന പവ്വതത്തിൽ പൂവ്വകാലത്തുനടന്ന ഒരു വിശേഷത്തെ കേൾപ്പിൻ. സന്താനഭാഗ്യമില്ലാതെ വളരെനാൾ ക്ലേശിച്ച അബ്രാഹമിന്നു്, അവൻെറ സന്തതികൾ വദ്ധിക്കുന്നതിനുവേണ്ടി, ദൈവത്തിൻെറ വിശേഷാനുഗ്രഹത്താൽ ഇസഹാക്ക് എന്ന പുത്രൻ ജനിച്ചു. അവൻ സകലസൽഗ്ഗുണസമ്പന്നനായി വളൎന്നുവരുംകാലത്തു്, അവനെവെട്ടി ബലികഴിക്കണമെന്നു് സ്രഷ്ടാവുകല്പിച്ചു. അദ്ദേഹം അതു നിറവേററാനായി തൻെറ പുത്രനെ കൂട്ടിക്കൊണ്ടുവന്നു്, ഈ മലമുകളിലുള്ള ബലിപീഠത്തിനു മുകളിൽകിടത്തി, വെട്ടുവാനായി വാളോങ്ങി. ആസമയത്തു് ദൈവം അതിനെ തടുത്തു് അവർ രണ്ടുപേരേയും ആശീവ്വദിച്ചു. ഈ സംഭവം, മനുഷ്യരക്ഷയ്ക്കുവേണ്ടി മറെറാരു മലമുകളിൽവച്ചു് ഞാൻ മരിച്ചു്, എൻെറ ജീവൻ നൽകുന്നതിൻെറ മുന്നടയാളമാകുന്നു. ആനാൾ വരുന്നതുവരേയും മനുഷ്യപുത്രനു് ഇവിടെ നിലയില്ല.” എന്നു പറഞ്ഞു വീണ്ടും കണ്ണുനീർ പൊഴിച്ചു. ഇതുകേട്ടു യൗസേപ്പു കരഞ്ഞുകൊണ്ടു ചോദിച്ചു:—കരുണാനിധേ! ഇസഹാക്കിനെ ബലിയായി സമപ്പിക്കുവാൻ അബ്രഹാമിനുണ്ടായ ആഗ്രഹംമാത്രം മതിയാകുമെന്നു് കാരുണ്യവാനായ ദൈവംകല്പിച്ചതുപോലെ മനുഷ്യസന്തതികൾക്കായി ജീവൻവെടിയാൻ അങ്ങേയ്ക്കുമുള്ള ആശ മതിയാകയില്ലയോ? അങ്ങയുടെ പ്രാണനെത്തന്നെയും പ്രദാനംചെയ്യേണമോ?” ദൈവപുത്രൻ പറഞ്ഞു:—“വന്ദ്യരേ! തീയെന്നുപറഞ്ഞാൽ പവിഴം ഉ

രുകുമോ? എന്നപോലെ ഇസഹാക്കിനെ ഉപമാനവ സ്തുവായികാണിച്ചാലും, ഉപമേയവസ്തുവായ ഞാൻ മനുഷ്യകുലത്തിനുവേണ്ടി പ്രാണൻ ത്യജിക്കേണ്ടതു് ആവശ്യമാകുന്നു. ആദിവസത്തെ കാണുന്നതുവരെയും എനിയ്ക്കൊരു സന്തോഷവുമില്ല. എൻെറ ബലിപീഠമായ സ്ലീവായേ കാണാഞ്ഞു് ഞാൻ വ്യസനിക്കുന്നു." അപ്പോൾ മാലാഖമാർ ആകാശത്തിൽ ഒരു സ്ലീവായെ കാണിച്ചതു് അവിടന്നുകണ്ടു്, "ഹാ! എൻെറ സ്നേഹവും ആഭരണവുമായ സ്ലീവായെ! എന്റെ ചെങ്കോലും യുദ്ധസാമഗ്രിയും നീയാകുന്നു; സ്വർഗ്ഗീയമന്ദിരത്തെ തുറക്കുന്ന താക്കോലും നീതന്നെ" എന്നുച്ചരിച്ചു് ആശയാൽ ശരീരത്തോടുകൂടെ ആകാശത്തിലേക്കുയന്നു്, ആ കുരിശിനെ ഗാഢമായാശ്ലേഷിച്ചുകൊണ്ടു് സൂൎയ്യനെപ്പോലെ പ്രകാശിച്ചു. അതിനെക്കണ്ട രണ്ടുപേരും ദിവ്യസുതനൊന്നിച്ചു് തങ്ങളുടെ പ്രാണങ്ങളും സഹഗമനംചെയ്തതുപോലെ നിശ്ചേഷ്ടരായിരിക്കുമ്പോൾ,അവിടന്നു് പ്രസന്നവദനനായി അവരുടെ അടുക്കൽഇറങ്ങിവന്നു് അവരെ കുതൂഹലിതചിത്തരാക്കി.

പിന്നെയും മൂന്നുപേരും അവിടെനിന്നുംതിരിച്ചു് ഏറെദൂരംനടന്നു് ഒരു മലയുടെ താഴ്‌വാരത്തിലെത്തി അന്നുരാത്രികഴിച്ചു. അടുത്ത പ്രഭാതത്തിൽ ആ മലയുടെ മുകളിൽകയറി അതിൻെറ വിശേഷങ്ങളെ നോക്കി; പലവിധ മൃഗങ്ങളേയും മലയരുവികളേയും കണ്ടു് ആ മലയുടെ വലത്തുവശത്തുകൂടെ ഇറങ്ങിവരുമ്പോൾ, ഒരു ചന്ദനമരക്കൂട്ടവും അതിൻെറ മദ്ധ്യത്തി

ലായി സ്ഥിതിചെയ്തിരുന്ന താമരപ്പൊയ്കയും ഇവരുടെ നയനങ്ങളെ ബലാദാകർഷിച്ചു. അവിടെ നിൽക്കുമ്പോറം, അമ്പും വില്ലും കയ്യിൽപിടിച്ച് ഏതാനും വേടന്മാരും വേടത്തികളും ഇവക്കെതിരേവന്ന്, ഇവരോട്ട് ആരാണെന്നും എന്താണെന്നും ചോദിക്കാതെതന്നേ, അവർ കൊണ്ടുവന്നിരുന്ന ഫലമൂലാദികളെ ഇവരുടെ മുമ്പിൽവച്ച് ഭക്ഷിക്കുന്നതിനായിക്ഷണിച്ചു. അവരോട്ട, നിങ്ങറം ആരാണെന്ന് മാർയൗഃസപ്പു ചോദിച്ചതിന്ന് ഒരു വൃദ്ധൻ ഇപ്രകാരം പറഞ്ഞു:—"മാന്യരെ! ഞങ്ങറം ഈ മലയിൽ പാക്കുന്ന വേടരാണ്; ഞാൻ അവരുടെ തലവനാകുന്നു; പണ്ടൊരുകാലത്ത് ഈ മലയിൽവന്ന് ഒളിച്ചുപാത്തിരുന്ന യൂദന്മാരിൽ ഒരു വകുപ്പുകാരായ മക്കബേയക്കാരെ ആദരിച്ചുവരുന്നവരാണ് ഞങ്ങറം. അതാ കാണുന്ന ആ ചോലയുടെ മദ്ധ്യേയുള്ള മൈതാനം നോക്കുക; അതാണ്, മേൽപറഞ്ഞ മക്കബേയക്കാരുടെ തലവനായിരുന്ന യൂദാസ് ദൈവത്തിൽനിന്ന കിട്ടിയവാറം കൊണ്ടു് തൻെറ ശത്രുക്കളെവെട്ടി സംഹരിച്ച് ജയം നേടിയസ്ഥലം. അന്നുമുതൽ ഞങ്ങളും അവരുടെ ദൈവത്തിൻെറ ശക്തിയെഅറിഞ്ഞു്, ആ ദൈവത്തെ ആരാധിക്കുന്നതിൽ താല്പയ്യപ്പെട്ടുവരുന്നു. എങ്കിലും രോഗം, ക്ഷാമം, മുതലായ സങ്കടങ്ങറം ഞങ്ങളെവിട്ടകലുന്നില്ല. അതിൻെറ കാരണവും അറിയുന്നില്ല." യൗസേപ്പുപറഞ്ഞു:—"വേടരേ, ഈ ലോകത്തിൽ പക്ഷി, മൃഗം, കല്ലു്, മരം മുതലായ വസ്തുക്കളിൽ നാനാഭേദങ്ങളും ഉയച്ചതാഴ്ചകളുമുള്ളതുപോലെ

തന്നെ, മനുഷ്യരും രൂപത്തിലും സ്വഭാവത്തിലും സ്ഥിതിയിലും പല വ്യത്യാസങ്ങളോടുകൂടി കാണപ്പെടുന്നു. അതുപോലെതന്നെ സമ്പത്തും ദാരിദ്ര്യവും, സുഖവും ദുഃഖവും ഒരു നിലയില്ലാതെ മാറിമാറിക്കൊണ്ടിരിക്കുന്നു. പുണ്യംമാത്രമാണ് ഏതുസ്ഥിതിയിലുള്ളവക്കും പൊതുവായിട്ടുള്ളതു്. അതാണ് ഒരിക്കലും മാററമില്ലാത്ത സമ്പത്തു്. അതിനെ ഒരുത്തനും, ആഗ്രഹിച്ചന്വേഷിച്ചല്ലാതെ കിട്ടുകയില്ല. സൂര്യോദയത്തിൽ താമരയും മേഘനാദം കേൾക്കുമ്പോൾ മുല്ലയും എങ്ങനെ വികസിക്കുന്നുവോ അതുപോലെ ചിലർ സമ്പത്തുകാലത്തു് ധർമ്മത്തേയും ദുഃഖകാലത്തു തപസ്സിനേയും ചെയ്തുവരുന്നു. ഇഹലോകത്തിൽ പാപം ഒന്നുമാത്രമേ ദോഷാവഹമായിട്ടുള്ളൂ. വംശത്തിന്റെ ഉൽകൃഷ്ടാപകൃഷ്ടതകൾ വെറും മിഥ്യയാകുന്നു. അതിനാൽ നിങ്ങൾ കൊലപാതകം, മദ്യപാനം, വ്യഭിചാരം, മോഷണം മുതലായ ബാഹ്യദോഷങ്ങളേയും കാമം, കോപം, ഗർവ്വം, മുതലായ ആന്തരദോഷങ്ങളേയും വെറുത്തുപേക്ഷിച്ചു് ധർമ്മത്തെയും തപസ്സിനേയും കൈക്കൊള്ളുവിൻ. അപ്പോൾ നിങ്ങൾ സ്വർഗ്ഗീയനന്മകൾകൊണ്ടു് സമ്പന്നരായി ഭവിക്കും. അതു മരണശേഷം അനുഭവപ്പെടുകയുംചെയ്യും." ഇതുകേട്ടു അവരെല്ലാവരും ആഹ്ലാദഭരിതരായിരിക്കുമ്പോൾ, ചില വേടത്തരുണികൾ ആ പൂഞ്ചോലയിൽനിന്നും പുഷ്പങ്ങൾ പറിച്ചു് മാലകെട്ടി ദൈവകുമാരന്റെ പാദത്തിൽവച്ചു നമസ്കരിച്ചു. അപ്പോൾ ദൈവകുമാരൻ സസ്മിതനായി അവരോടു പറഞ്ഞു:-"ഹേ! യുവ

തികളെ! നിങ്ങഠം ആ പൂഞ്ചോലയിൽനിന്നും പറിച്ചുകൊണ്ടുവന്നു് എനിക്കായി സമപ്പിച്ചിരിക്കുന്ന ഈ പൂക്കളൊകട്ടെ, വാടിപ്പോകുന്ന ഗുണത്തോടുക്രുടിയതാണു്; എന്നാൽ സന്യാസം എന്ന ചോലയിൽ · പുഷ്പിക്കുന്ന നിങ്ങളുടെ ചാരിത്രം എന്ന പുണ്യമാകുന്നു, ഒരിക്കലും വാടാത്ത മനോഹരകുസുമം". ഇതുകേട്ടു് അവരെല്ലാവരും ആത്മീയജ്ഞാനമുള്ളവരായി ഭവിക്കയും, ഇവർ മൂന്നുപേരെയും ഹൃദയപൂവ്വം വാഴ്ത്തുകയും ചെയ്തു. അന്നുമുതൽ അവർ പൂർവ്വാധികം സന്മാർഗ്ഗനിഷ്ഠയുള്ളവരായും സദാചാരത്തരായും ജീവിതം കഴിച്ചുപോന്നു.

അനന്തരം മൂന്നുപേരും അവരോടു യാത്രയുംപറഞ്ഞു പുറപ്പെട്ടു. യൂദേയാദേശത്തോടു സമീപിച്ചപ്പോഠം, വഴിയേവന്ന ചില ഇടയന്മാരിൽനിന്നും ഹേറോദേസു മരിച്ചുപോയെന്നും അവൻെറ പുത്രൻ രാജ്യം ഭരിക്കുന്നെന്നും അറിഞ്ഞു. പിന്നെയും പോകുമ്പോഠം ഒരു മാലാഖായും ആവിഭ്ഭവിച്ചു ധൈയ്യപ്പെടുത്തി. അതിനാൽ അവർ നിഭ്ഭയരായി തങ്ങളുടെ സ്വദേശമായ നസ്സറസ്സിൽചെന്നുചേന്നു. ആ ദേശവാസികഠം അവരെ നന്ദിപൂവ്വം സ്വീകരിച്ചു. അവർ തങ്ങളുടെ പുരാതനമായ ചെറുമന്ദിരത്തിൽ വസിച്ചു.

# അദ്ധ്യായം ഏഴ്.

—:*:—

കാണാതെപോയ ദൈവകുമാരനെ കണ്ടുകിട്ടിയത്.

അത്ഭുത പുഷ്പശാഖയാലലംകൃതനായ മാർ യൗസേപ്പും ശശിപാദുകയായി വിലസിയ കന്യകാമറിയവും ദൈവബാലനോടുകൂടി ആ നഗരത്തിൽവസിച്ച് ധർമ്മപരിപാലനം ചെയ്തുവന്നു. ദൈവപ്രസാദനന്മകളോടുകൂടി തിരുമേനിയും വളൎന്നുവരവേ ദൈവകുമാരന്ന് പന്ത്രണ്ടുവയസ്സായി. ജറുസലം ദേവാലയത്തിൽ ആഘോഷിക്കപ്പെടുന്ന പെസഹാതിരുനാളിന്ന് പോകുവാനായി മൂന്നുപേരും പുറപ്പെട്ടു. വഴിനടന്ന് ജറുസലം ദേവാലയത്തോടുസമീപിച്ചപ്പോൾ ദിവ്യബാലൻ, ആ ദേവാലയശിഖരത്തെകണ്ടു സന്തുഷ്ടനായിപ്പറഞ്ഞു:—"പൂൎവ്വകാലത്തിൽ യാക്കോബ് എന്നാദ്ദേഹം നിദ്രചെയ്യുമ്പോൾ ഭൂമിയിൽനിന്നും ആകാശമണ്ഡലത്തോളമുയൎന്ന ഒരു ഗോവണിനാട്ടപ്പെട്ടിരിക്കുന്നതായും, അതിന്റെ തലഭാഗം എന്റെ പിതാവു തന്റെ തൃക്കരത്താൽ താങ്ങിയിരിക്കുന്നതായും, അതുവഴിയായി ദൈവദൂതന്മാർ ഇറങ്ങുകയും മനുഷ്യർ കയറുകയും ചെയ്യുന്നതായും ഒരു ദിവ്യദൎശനം കണ്ടു. അപ്പോൾ പരമപിതാവ് അദ്ദേഹത്തെനോക്കി, "നിന്റെ ഗോത്രത്തിൽ ഇനി അവതരിക്കുന്ന ഒരു കുമാരനാൽ നിനക്ക് ആനന്ദവും സ്തുതിയും ഉണ്ടാകും. ആകാലത്തു നീ ഇപ്പോൾകണ്ട കാഴ്ചകൾ പൂൎത്തിയാകും" എന്നുകല്പിച്ചു. അദ്ദേഹം ദിവ്യദൎശനം കണ്ടതു് ഈ സ്ഥലത്തുവെച്ചാണെന്നതിന്നു

സാക്ഷ്യമായി, ഈ ദേവാലയം ഈ സ്ഥലത്തു് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തോടു വാഗ്ദാനം ചെയ്യപ്പെട്ട കുമാരൻ നാം ആകുന്നു. ആ ഗോവണി ആകട്ടെ, സ്വൎഗ്ഗവും ഭൂമിയും തമ്മിൽ ഐക്യമുണ്ടാകുന്നതിന്നു് നാം ദുഃഖം അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്ലീവായുടെ സാദൃശ്യമത്രേ" ഇതുകേട്ടു് അവർ രണ്ടുപേരും അത്ഭുതപ്പെട്ടതോടെ വ്യസനപരവശരായും ഭവിച്ചതു ദൈവസുതൻകണ്ടു പുഞ്ചിരിതൂകി "എന്തു്? ഭൂലോകത്തെ സ്വൎഗ്ഗലോകംപോലെ പരമാനന്ദമാക്കിച്ചെയ്തുകൂടെയോ?" എന്നു ചോദിച്ചു് അവരെ സന്തോഷഭരിതരാക്കി. ഈ ചോദ്യത്താൽ അവർ രണ്ടുപേരും കുറഞ്ഞൊന്നു് ആശ്വസിച്ചു, തിരുനാളാഘോഷത്തിന്നായി പോകുന്ന ജനക്കൂട്ടത്തോടൊന്നിച്ചു് ദേവാലയത്തിൽ പ്രവേശിച്ചു, രാജാധിരാജനായ ദൈവത്തിൻെറ തൃപ്പാദസന്നിധിയിൽ സാഷ്ടാംഗപ്രണാമംചെയ്തു. മററാരാധനകളും ബലികളും ക്രമമായും ഘോഷമായും നടന്നു.

തിരുനാൾ കഴിഞ്ഞു് അവർ വീട്ടിലേക്കു മടങ്ങുമ്പോൾ, ദേവാലയത്തിൽ ആൾക്കൂട്ടം അധികമായിരുന്നതിനാൽ, മുറപ്രകാരം പുരുഷന്മാർ പോകേണ്ടവഴിയേ മാർയൗസേപ്പും, സ്ത്രീകൾ പോകേണ്ടവഴിയേ ദൈവജനനിയുംപോയി. പോകുംവഴി ദൈവകുമാരൻ, മാർയൗസേപ്പിനോടുകൂടി വരികയാണെന്നു് ദൈവമാതാവും, അവിടന്നു് ദൈവമാതാവിനോടൊന്നിച്ചു് വരികയാണെന്നു് മാർയൗസേപ്പും കരുതിയിരുന്നു. ഇങ്ങനെ വളരെദൂരം പോയി അവർതമ്മിൽ കണ്ടു

പ്പോൾ തൃപ്പുത്രനേകാണാഞ്ഞു് വ്യസനിച്ചു്, വന്നവഴിയേതന്നെ മടങ്ങിപ്പോയി അന്വേഷിച്ചു. എന്നിട്ടും അദ്ദേഹത്തെ കണ്ടില്ല. വഴിപോക്കരോടു തിരക്കിയിട്ടും ഒരറിവും കിട്ടിയില്ല. അവരുടെ ദേഹംവാടി; സങ്കടം സഹിക്കവെയ്യാതായി. "ഹാ! ഞങ്ങളുടെ വാത്സല്യഭാജനമേ! എല്ലാജീവികൾക്കും ജീവനായുള്ളോനെ! എല്ലായിടത്തും ഉള്ളവനേ! എല്ലാററിനേയും അറിയുന്നവനേ! നീ എവിടെയാണു് ഒളിച്ചിരിക്കുന്നതു്? വേഗം വരികയില്ലേ? ഞങ്ങളുടെ ദുഃഖം തീക്കയില്ലേ" എന്നുപറഞ്ഞു് കരഞ്ഞുകൊണ്ടേപോയി. സൂൎയ്യനും അസ്തമിക്കാറായി. അവർ ഒരിടത്തും തങ്ങാതെ രാത്രിമുഴുവനും അന്വേഷിച്ചുനടക്കുമ്പോൾ, ദൈവജനനി ദുഃഖംസഹിച്ചുകൂടാതെ, "ഹാ! എൻെറ തൃപ്പുത്രാ! കരുണാകരാ! ധൎമ്മസ്വരൂപാ! നിൻെറ തിരുമുഖം കാണിക്കയില്ലേ? ഞങ്ങളുടെ സങ്കടം തീക്കയില്ലേ? ഞങ്ങളോടു ദയചെയ്കയില്ലേ" എന്നു് വിലപിക്കുന്നതുകേട്ടു് യൗസേപ്പിൻെറ ദുഃഖം അതിദുസ്സഹമായിതീൎന്നു. അതു ഉള്ളിൽകൊള്ളാതെ പുറത്തേക്കും നിൎഗ്ഗമിച്ചു. "ഹാ! ആദ്യന്തമില്ലാത്ത ദൈവമേ! ഒരിക്കലും പിരിയാത്ത നീ ഇന്നു് ഞങ്ങളെവിട്ടുപിരിഞ്ഞോ? കുറവില്ലാത്ത സ്നേഹംഉള്ളവനേ! ഇന്നു് നിൻെറ സ്നേഹത്തെ മറന്നുകളഞ്ഞോ? ഞങ്ങളെ വിട്ടുപിരിഞ്ഞ നീ ഈലോകത്തെത്തന്നെ വിട്ടുപിരിഞ്ഞോ? ഇപ്രകാരം ചെയ്യുന്നതു ധൎമ്മമാണോ?" ഇതുകേട്ടു ദൈവമാതാവു പറഞ്ഞു:-തപസ്സാണു് യഥാൎത്ഥസമ്പത്തെന്നു് പറഞ്ഞുവന്നിരുന്ന നമ്മുടെ കുമാരൻ, ഇപ്പോൾ അതിനെ ആഗ്രഹിച്ചു് നമ്മെ ഉപേ

ക്ഷിച്ച് തപസ്സിനായിട്ട് പൊയ്ക്കളഞ്ഞതാണോ?

യൗസേപ്പ്:—മനുഷ്യരെരക്ഷിപ്പാൻ വന്നിരിക്കുന്ന മനുഷ്യപുത്രൻ ആ ആശയാൽ ഇന്നുതന്നോ ജീവൻ ത്യജിച്ചതാണോ?

ദൈവജനനി:-നാം എജീപ്തിൽനിന്നും തിരിച്ചുപോരുമ്പോൾ .മാലാഖമാർ കാണിച്ച കുരിശിനെ നോക്കി, അതാണ് തൻെറ ആസനമെന്നും അതിൽ മരിക്കുന്നതാണ് തനിക്ക് ആനന്ദമെന്നും പറഞ്ഞില്ലേ?

യൗസേപ്പ്:– യാക്കോബുകണ്ട ഏണി തൻെറ കുരിശടയാളമാണെന്നും, താൻ ഒരു കുരിശുമരത്തിൽ ദു:ഖം അനുഭവിച്ചു ഈ നഗരത്തിൽവച്ചു മരിക്കുമെന്നും മുൻപേ പറഞ്ഞിരുന്നുവല്ലോ

ദൈ:—എൻെറ മകനേ! നീ വേദത്തിലെഴുതപ്പെട്ടിരിക്കുന്നപ്രകാരം നിൻെറ ജീവൻ ത്യജിച്ച്മനുഷ്യരെ രക്ഷിപ്പാൻ വന്നതാണെങ്കിലും, ഈ ദാസിക്ക്നിൻെറ അന്ത്യാശീർവ്വാദം തരാതെ പൊയ്ക്കളഞ്ഞതെന്തുകൊണ്ട്?

യൗ:-എൻെറ വാത്സല്യഭാജനമേ! മനുഷ്യമക്കൾക്കായി നീ കുരിശിൽ ജീവൻ വെടിയുമ്പോൾ അടിയനും മറെറാരു മരത്തിൽ കഷ്ടങ്ങൾ അനുഭവിച്ചുമരിക്കുന്നതിനു ദയവാകയില്ലേ?

ദൈ:—(ആകാശത്തെ നോക്കിക്കൊണ്ട്) സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ നീതന്നെ എന്നുച്ചരിച്ച ദൈവദൂത? ഇപ്പോൾ ഞാനനുഭവിക്കുന്ന ദു:ഖത്തെ കാണുകയില്ലേ?

യൌ:-ഞങ്ങൾ എജിപ്തിൽനിന്നും വരുംവഴി നസറേത്തിലേക്ക പ്രവേശിക്കുമ്പോൾ, ഇനി ഭയപ്പെടേണ്ട, എല്ലാം നിങ്ങൾക്ക് നന്മയമായി ഭവിക്കും എന്നറിയിച്ച ദൈവദൂതാ? ഞാൻ ദുഃഖിക്കുന്ന ഈ അവസരത്തിൽ നീ എവിടെപ്പോയി?

ഇങ്ങനെ ദയനീയമായി വിലപിക്കുന്ന അവരുടെമേൽ അലിവുതോന്നിയ ചില ദൈവദൂതന്മാർ ദൈവകുമാരൻ ജീവിച്ചിരിപ്പുണ്ട്, മരിച്ചിട്ടില്ല, എന്നറിയിച്ചു മറഞ്ഞുപോയി. അതിനാൽ അവർ കുറഞ്ഞൊന്ന് സമാധാനിച്ചുകൊണ്ട്, നേരംവെളുത്ത ഉടനെ ആ നഗരമെല്ലാം ചുററിനടന്ന് അന്വേഷിച്ചു. എന്നിട്ടും ദിവ്യബാലനെ കണ്ടില്ല. അപ്പോൾ യൌസേപ്പ് ആ പട്ടണത്തിന്റെ പുറമെയുള്ള കുന്നുകളിലും കാട്ടുകളിലും തേടിനടന്നു. ദൈവമാതാവ് വീണ്ടും ഒരാവൎത്തികൂടെ ആ നഗരമെല്ലാം അലഞ്ഞുനടന്നു. ഒടുവിൽ ഒരു തുമ്പുംകിട്ടാതെ വിഷണ്ണയായി ഒരു തടാകതീരത്തിൽ വന്നുനിന്നു; "ഹാ! എന്റെ ഓമനമകനെ? എന്റെ സമ്പത്തെ? എന്റെ ജീവനെ? എന്റെ കൺമുമ്പിൽ പ്രത്യക്ഷപ്പെടുകയില്ലേ? ഇനി എന്റെ ദേഹത്തിൽ പ്രാണൻ നില്ക്കുന്നതല്ല. എന്റെ ഹൃദയമേ! നീ അദ്ദേഹത്തെ ശരിയായി സ്നേഹിക്കാഞ്ഞതിനാലായിരിക്കുമോ അദ്ദേഹം എന്നെവിട്ടുപിരിഞ്ഞത്. എന്റെ കണ്ണുകളെ? ഞാൻ ജീവനോടിരിക്കണമെങ്കിൽ അദ്ദേഹത്തെ വേഗത്തിൽ കാണിച്ചുതന്നാലും" എന്നിങ്ങനെ വിലപിച്ചു. ഇതുകണ്ടു വന്ന ഒരു പെൺകുട്ടി "അമ്മേ! നിങ്ങളിത്ര ദുഃ

ഖിക്കാൻ കാരണമെന്താണ്” എന്ന് കനിവോടെ ചോദിച്ചു. “മകളെ! ഞാൻ എന്റെ പ്രിയപുത്രനെ കാണാഞ്ഞു് വ്യസനിക്കയാണ്” എന്ന് ദൈവമാതാവു പറഞ്ഞു. അവൾ, “അമ്മേ! നിങ്ങളുടെ പുത്രന്റെ അടയാളമെന്താണെന്ന് അറിഞ്ഞാൽ കൊള്ളാം” എന്ന് ആവശ്യപ്പെട്ടു. ഏതുവിധേനയെങ്കിലും തന്റെ പുത്രനെ കാണണമെന്നുള്ള ആശയാൽ പ്രേരിതയായി അമ്മ പറഞ്ഞു:—“മകളെ! താമരപ്പൂവിനൊത്ത കോമളമായ മുഖവും, കരിങ്കുവളപ്പൂവിനെ ജയിക്കുന്ന നേത്രങ്ങളും, ധവളവർണ്ണമായ ദന്തവും, പവിഴതുല്യമായ വായും, കാർത്തികപ്പൂവിനൊത്ത കരവും, മാന്തളിർതുല്യമായ നിറവും, നേരിയ ചെറുപാദവും, ബാലചന്ദ്രനെ ജയിക്കുന്ന നെററിത്തടവും ഉള്ള എന്റെ പുത്രന്റെ സൗന്ദര്യപൂരത്തെ എന്റെ നാവാൽ എങ്ങനെ വർണ്ണിക്കുന്നു.! നല്ല പന്ത്രണ്ടുവയസ്സു പ്രായം; ദിവ്യദൃഷ്ടിയും പൂർണ്ണമഹിമശ്രീയും കളിയാടുന്നവൻ; തള്ളമാരെക്കാൾ സ്നേഹവും കരുണയും ഉള്ളവൻ; ഇതുകേട്ട് ആ ബാലിക പറഞ്ഞു:-അമ്മേ: ഇന്നലെ എന്റെ വീട്ടിൽ ഒരു ചെറുപ്പക്കാരൻ വന്നു പിച്ച ചോദിച്ചു. അവനു പിച്ചയും കൊടുത്തയച്ചു; അന്നേരംമുതൽ എന്റെ മനസ്സിലുണ്ടായ പ്രസാദത്താൽ അവന്റെ രൂപം എന്റെ കണ്ണിൽനിന്നും മറയുന്നില്ല; നിങ്ങൾ പറഞ്ഞ ലക്ഷണങ്ങളെല്ലാം അവനിൽ നല്ലപോലെ ശോഭിക്കുന്നുണ്ടു്. അവൻതന്നെയായിരിക്കണം നിങ്ങളുടെ പുത്രൻ, അവൻ ഈ ദിക്കിൽതന്നെ ഉണ്ടായിരിക്കും. അമ്മേ! അവനേ നിങ്ങൾ വേഗത്തിൽ കാണും ദുഃഖിക്കേണ്ട” എന്നിങ്ങ

നെ ആശ്വാസവാക്കുകൾ പറഞ്ഞിട്ട് അവൾ പോയി.

ഇതുകേട്ട ദൈവജനനി ആകട്ടെ, സകല പ്രാണികൾക്കും ആഹാരം നൾകുന്ന,അതേ സമസ്ത ജീവികളേയും സംരക്ഷിക്കുന്ന എൻെറ പുത്രൻ, തനിക്കുമാത്രം ഭക്ഷണത്തിനു വകയില്ലാതെ വീടുതോറും നടന്ന് യാചിച്ചോ എന്നോർത്ത് അവൾ പറഞ്ഞ ഓരോന്നിനേയും കുറിച്ച ആലോചിച്ചുകൊണ്ടുപോക യായിരുന്നു. അപ്പോൾ ദൈവകുമാരനെ അന്വേഷിച്ചുനടന്നിട്ട് ഒരിടത്തും കാണാതെ വ്യസനമഗ്നനായി വരുന്ന യൗസേപ്പിനെക്കണ്ടിട്ട്, താൻ കേട്ട ഈ വൎത്തമാനങ്ങളെല്ലാം അദ്ദേഹത്തോടു പറഞ്ഞു. ഒടുവിൽ രണ്ടുപേരുംകൂടി ഇങ്ങനെ ആലോചിച്ചു, ഇനി നമ്മളേക്കൊണ്ട് ഒന്നും സാധിക്കയില്ല; എല്ലാം ദൈവത്തിൻെറ തിരുമനസ്സുപോലെ ആകട്ടെ; നമുക്കു ദേവാലയത്തിൽപോയി, തൻെറ പുത്രനെ നമ്മെ കാണിച്ചുതരുന്നതിനായി ദൈവത്തോടു പ്രാൎത്ഥിക്കാം. അതാകുന്നു നമുക്ക് നന്മയായിട്ടുള്ളത്." എന്ന് തീരുമാനിച്ചു. ഇതുനില്ക്കട്ടെ.

ദേവാലയത്തിൽവച്ച് അവരെ പിരിഞ്ഞുപോയ ദൈവബാലൻ, വേദാഗമങ്ങൾ പഠിക്കാതെതന്നെ പഠിച്ചിരുന്നതിനാൽ, അവിടെയുള്ള വേദശാസ്ത്രികളോടു പാഠംകേൾക്കാൻ വന്നതുപോലെ രണ്ടുദിവസം വരെയും അവരോടു പലസംഗതികളെക്കുറിച്ചും ചോദിച്ചുകൊണ്ടിരുന്നു, മൂന്നാംദിവസം വേദപാരംഗതന്മാരെല്ലാവരും ദേവാലയത്തിൽ കൂടിയിരുന്ന സന്ദർഭ

ത്തിൽ, ദൈവം മനുഷ്യാവതാരം ചെയ്യോ ഇല്ലയോ എന്നൊരു പ്രശ്നം ഉത്ഭവിച്ചു. അവരിൽ ചിലർ ദൈവം ജനിച്ചിട്ടുണ്ടെന്നും ചിലർ ജനിച്ചിട്ടില്ലെന്നും യഥാമതി ന്യായങ്ങളോടുകൂടി വാദിച്ചു. ഇതെല്ലാം കേട്ടുകൊണ്ടിരുന്ന ദൈവകുമാരൻ പറഞ്ഞു:—"മഹാന്മാരേ! കേട്ടാലും ഇന്നേക്ക് പന്ത്രണ്ടുവർഷങ്ങൾക്കു മുൻപേ ഒരുദിവസം അദ്ധരാത്രിയിൽ വിശേഷാൽ കാണപ്പെട്ട പ്രകാശത്തെ ചില ഇടയന്മാർ കണ്ടും, പാടിയ ദിവ്യഗാനത്തെ കേട്ടും നിങ്ങൾ ആശ്ചര്യപ്പെട്ടില്ലേ! അപ്പോൾ ഉദിച്ച പുതിയ നക്ഷത്രത്തിന്റെ ലക്ഷ്യത്താൽ ദൈവകുമാരനെ സന്ദശിപ്പാൻവന്ന മൂന്നുരാജാക്കന്മാരോടും, അവൻ ബേത്ലഹേമിൽ ജനിച്ചിരിക്കണമെന്ന് നിങ്ങൾ പറഞ്ഞില്ലേ?" അതിന്ന് അവർ പറഞ്ഞു:—"നീ പറഞ്ഞവയെല്ലാം പരമാത്ഥമാകുന്നു; എങ്കിലും രാജാക്കന്മാരാൽ വന്ദിക്കപ്പെടുവാൻ തക്കവിധം മഹിമപ്രതാപവാനായ അവൻ, ഇവിടെ എല്ലാവരുടേയും നാഥനായി രാജ്യഭാരം ചെയ്യുമെന്ന് വേദത്തിൽ എഴുതപ്പെട്ടിരിക്കുന്നു. അപ്രകാരം ഒന്നും ഇവിടെ സംഭവിച്ചിട്ടില്ലാത്തതിനാൽ അവൻ ജനിച്ചിട്ടുണ്ടെന്നുള്ളതു എങ്ങനെയാണ് വിശ്വസിക്കുക" അതിന്ന് വേദസ്വരൂപനായ ബാലൻ പറഞ്ഞു:—മഹാന്മാരേ! ഇതൊരു ബാലന്റെ വാക്കെന്നുവച്ച് അഗണ്യമാക്കാതെ കേൾപ്പിൻ ദൈവപുത്രൻ ഇവിടെ "ഭരിക്കുന്നതിന്നും അനുഭവിക്കുന്നതിന്നും" വരുമെന്ന് വേദത്തിൽ എഴുതപ്പെട്ടിരിക്കുന്നു. ആ വാക്യത്തിന്, അവനാദ്യം ഒരു എളിയ മനുഷ്യനായി ജനിച്ച് ദുഃഖങ്ങൾ അനുഭവിച്ച് മനുഷ്യരെ

രക്ഷിക്കുമെന്നും, പിന്നീട് ലോകാവസാനത്തിൽ രാജാക്കന്മാരെപ്പോലെ മഹിമയോടുകൂടി വന്ന് അവരെ വിധിക്കുമെന്നും ആണ് പണ്ഡിതന്മാർ വ്യാഖ്യാനം ചെയ്തിട്ടുള്ളത്. അവന്റെ ജനനത്തിന്ന് ലക്ഷ്യമായി കാണപ്പെട്ട പല വിശേഷസംഭവങ്ങളെ നിങ്ങൾ അറിഞ്ഞിരുന്നിട്ടും, ഒന്നും അറിയാത്തവരേപ്പോലെ ഇനിയും അവൻ ജനിച്ചിട്ടില്ലെന്ന് ജല്പിക്കുന്നത് മൂഢതതന്നെ" ഇതുകേട്ടിരുന്ന ശാസ്ത്രികൾ, വിസ്മയത്തോടുകൂടി ഓരോരുത്തരുടേയും മുഖത്തുനോക്കി കുറച്ചുനേരം മൗനമായിരുന്നശേഷം ദൈവബാലനെനോക്കി ചോദിച്ചു:-"ഹേ! ബാലനെങ്കിലും ജ്ഞാനവൃദ്ധനായ കുമാരാ! നിന്റെ മാതാപിതാക്കന്മാരാരാണ്? നിന്റെ ദേശം ഏത്? നീ ഏതുവംശത്തിലുള്ളവനാകുന്നു?" ദൈവബാലൻ പറഞ്ഞു:—* "എനിക്കു മാതാവുണ്ട് പിതാവില്ല, എന്നാൽ പിതാവുണ്ട് മാതാവില്ല; എനിക്കിവിടെ പറയത്തക്ക ദേശവുമില്ല. എന്റെ വംശം, രണ്ടുവംശംകൂടി കലന്ന ഒരു ൽകൃഷ്ട വംശമാകുന്നു" ഇങ്ങനെ

---

* സുതനായ സർവ്വേശ്വരൻ മനുഷ്യസ്വഭാവത്തിൽ കന്യകാമറിയം അമ്മയാകുന്നു, അപ്പനില്ല. ദൈവസ്വഭാവത്തിൽ പരമപിതാവായ അപ്പനുണ്ട്, അമ്മയില്ല. ദൈവസ്വഭാവത്തിൽ സർവ്വവ്യാപകനായും മനുഷ്യസ്വഭാവത്തിൽ പർത്തഗഹ്വരത്തിൽ ജനിച്ചവനായും ഇരിക്കുന്നതിനാൽ പറയത്തക്ക ദേശമില്ല. മനുഷ്യാവതാരത്തിൽ ദൈവീകത്വവും മനുഷ്യത്വവും കലന്നിരിക്കുന്നതിനാൽ രണ്ടു വംശംകൂടിച്ചേർന്ന ഒരു ൽകൃഷ്ട വംശമാകുന്നു.

ഗ്രന്ഥാൎത്ഥത്തിൽ പറഞ്ഞവാക്കുകളെകേട്ട് അവർ ആശ്ചൎയ്യഭരിതരായി, അതിൻെറ ആന്തരാർത്ഥം അറിയുവാൻ കഴിയാതെ കുഴങ്ങി, ഇവനോട്ട തുല്യനാരുമില്ലെന്ന് പ്രശംസിച്ച്, സൂത്രത്തിൽ എഴുന്നേററു പൊയ്ക്കളഞ്ഞു.

മുൻപേ പ്രസ്താവിച്ചപ്രകാരം ദേവാലയത്തിൽ ചെന്ന മാർയൗസേപ്പും ദൈവമാതാവും ദൈവകുമാരനെ അവിടെവച്ചുകണ്ടു് അവൎണ്ണനീയമായ ദുഃഖം അനുഭവിച്ചു. അമ്മ ദിവ്യപുത്രനെനോക്കി "എൻെറ നിക്ഷേപമെ! അങ്ങ് ഇപ്രകാരം ഞങ്ങളെ വേർപിരിഞ്ഞുപോയതു ധൎമ്മമാണോ? ആക്ഷണം തുടങ്ങി ഞങ്ങളനുഭവിച്ച ദുഃഖത്തിന്ന് അളവില്ല. അപ്പോൾ മുതൽ ഊണും ഉറക്കവും കൂടാതെ എവിടെയെല്ലാം അങ്ങയെ അന്വേഷിച്ചു! എന്നിട്ടും അങ്ങയെ കണ്ടില്ല. ഇനി ഒരുദിവസംകൂടെ അങ്ങയെ കാണാതിരുന്നെങ്കിൽ ഞങ്ങളുടെ ജീവൻ പിരിയുമെന്നുള്ളതു നിശ്ചയമായിരുന്നു. ഇതിനു ഞങ്ങൾ എന്തുകുററംചെയ്തു." എന്നുപറഞ്ഞു ദയനീയമായി കരഞ്ഞു. മാർയൗസേപ്പും പുത്രനെ ആശ്ലേഷിച്ച് ദുഃഖംകൊണ്ടു വളരെനേരത്തേക്ക് സംസാരിക്കാൻ കഴിയാതെ ഇരുന്നു. അതിന്ന് ദിവ്യരക്ഷകൻ അവരുടെമേൽ കരുണയോടുകൂടി, "നിങ്ങൾ എന്നെ കാണാതെ ദുഃഖിച്ചതെല്ലാം ഞാനറിഞ്ഞു; എങ്കിലും പിതാവിൻെറ കാൎയ്യത്തിനു വേണ്ടി ഈ ദേവാലയത്തിൽ സ്വല്പം താമസിച്ചതാണ്" എന്ന് എത്രയും പ്രസന്നവദനനായി പറഞ്ഞ് അവരെ ആശ്വസിപ്പിച്ചു.

# അദ്ധ്യായം എട്ട്.

—:*:—

ഭാവികാലസംഭവങ്ങളെ മുന്നറിയിക്കുന്നതു്.

മാർയൗസേപ്പും ദൈവമാതാവും അന്നു വൈകുന്നേരംതന്നെ ദൈവബാലനൊന്നിച്ച് ജറുസലം നഗരത്തിൽനിന്നും പുറപ്പെട്ടു. പോകുന്ന വഴികളിലെല്ലാം ഇളംകാററു വീശുകയും പക്ഷികൾ .മധുരമായി പാടുകയും ചെയ്തിരുന്നു. കുറച്ചുദൂരം പോയപ്പോൾ സൂര്യാസ്തമനമായി; അന്ധകാരം സർവ്വത്ര വ്യാപിച്ചു. ആകാശംമുഴുവനും നക്ഷത്രാവലികളെക്കൊണ്ടു പ്രശോഭിതമായി. അവർ ദൈവദൂതവൃന്ദത്തിൻെറ ഉജ്ജ്വലപ്രഭയുടെ സഹായത്തോടുകൂടി വഴിനടന്നു. ഇടയ്ക്കു് ഒരു വഴിയമ്പലത്തിൽ തങ്ങി, വീണ്ടും ഉദയത്തോടെ നടന്നു് നസ്സറസ്സിലെത്തുകയും ചെയ്തു. എന്നാൽ മുൻപേ ദൈവകുമാരനെ കാണാതായതുമുതൽ ഏററവും വ്യസനപരവശരായിത്തീർന്നിരുന്ന മാർയൗസേപ്പിനേയും ദൈവമാതാവിനെയും അനുമോദിച്ചാനന്ദിപ്പിക്കുന്നതിനോ എന്നു തോന്നുംവിധം മാലാഖമാർ, ആകുമാരൻെറ അനന്തനാമസ്തോത്രത്തെ അനേകം വാദ്യോപകരണങ്ങളോടുകൂടി ശ്രവണമധുരമാംവണ്ണം ഗാനംചെയ്തു. അതിനെകേട്ട് യൗസേപ്പ് ആനന്ദബാഷ്പം ചൊരിഞ്ഞുകൊണ്ടു് ദൈവബാലനോടായിപ്പറഞ്ഞു:-"സ്വാമിൻ! മുൻപേ നാം കടന്നുപോന്ന മണൽക്കാട്ടിൽ അങ്ങയുടെ തൃപ്പാദം പതിഞ്ഞതിൻെറ ഫലമായി പലവിധ പുഷ്പങ്ങളും ലതാസഞ്ച

യങ്ങളും ഉണ്ടാകുവാനനുഗ്രഹം ചെയ്തതുപോലെ, സു കൃതം ലേശമില്ലാത്ത ഈ എളിയ ദാസനും പലവിധ മഹിമകളാൽ വിളങ്ങുവാൻ അങ്ങ് ദയചെയ്തല്ലോ. ഇതിന്നു് തക്കവിധം കൃതജ്ഞതയെ പ്രകാശിപ്പിക്കു വാൻ അടിയനാൽ കഴിവുണ്ടോ?" എന്നു് അദ്ദേഹ ത്തെ വാഴ്ത്തി. ദൈവകുമാരൻ സന്തുഷ്ടനായി ഭാവി കാല സംഭവങ്ങൾ അറിയിക്കാൻ തുടങ്ങി:—"തപോ നിധെ! സ്വൎഗ്ഗീയ സമ്പത്തായിരിക്കുന്ന നാം ലോക ത്തിൻെറ ഐശ്വൎയ്യമഹിമകളെ ആഗ്രഹിച്ചല്ല ഇവി ടെ വന്നിരിക്കുന്നതു്; ദാരിദ്ര്യത്തെയും ദുഃഖത്തെയും ആശിച്ചുകൊണ്ടത്രെ നാം അങ്ങയെ പ്രാപിച്ചിട്ടുള്ള തു്. മഹത്വമില്ലാത്തവരാണു് മഹത്വപ്രാപ്തിക്കാ യി വലിയ വീടുകളേയും മററും ഇച്ഛിക്കുന്നതു്. എ ന്നാൽ നാം പാൎക്കുന്ന ഈ ചെറിയ വീടു പിൻകാല ങ്ങളിൽ എങ്ങനെ മഹത്വത്തെ പ്രാപിക്കുമെന്നു കേൾക്കുക. ഏററവും സമൃദ്ധവും ഫലഭൂയിഷ്ഠവുമാ യി ഇററലി എന്നൊരു ദേശമുണ്ടു്. അതു ജ്ഞാനി കളുടെയും പ്രഭുക്കന്മാരുടെയും വാസസ്ഥലമായി നമ്മു ടെ സുവിശേഷമാകുന്ന ജ്ഞാനദീപത്തെ മറെറല്ലാ ദേശങ്ങളിലും പ്രകാശിപ്പിക്കുന്ന ദീപകേന്ദ്രമായി, ന മ്മുടെ അധികാരം സൎവ്വദിക്കിലും വ്യാപിപ്പിച്ചു് നി സ്തുലമായ മഹത്വത്തോടെ പ്രശോഭിക്കും. കാലാന്ത രത്തിൽ യൂദയാദേശത്തു് വേദനീതികൾക്കു വിരോ ധമായി പ്രവൎത്തിക്കുന്ന ചില ദുഷ്ടരാജാക്കന്മാരുണ്ടാ കും. അവർമൂലം ഈ ഭവനത്തിനു നാശം സംഭവി ക്കാതിരിക്കാൻ വേണ്ടി മാലാഖമാർ ഇതിനെ വ്യോമ

മാൎഗ്ഗത്തിലൂടെ എടുത്തുകൊണ്ടുപോയി മുൻപറഞ്ഞ ഇററലിയിലുള്ള ഒരു മലമുകളിൽ സ്ഥാപിക്കും. അവിടെ സ്വൎഗ്ഗത്തിലേക്കുള്ള മാൎഗ്ഗദൎശി എന്നോണവും, ഭൂലോകത്തിലെ സ്വർഗ്ഗംപോലെയും സകലരാലും ഭക്തിവിനയാദികളോടുകൂടി ബഹുമാനിക്കപ്പെടും. കൂടാതെയും അനേകായിരം തീൎത്ഥയാത്രക്കാർ അവിടെചെന്ന് അതിനെ സന്ദൎശിച്ച്, കാണിക്കനെൽകുന്ന പൊൻവെള്ളിരത്നങ്ങളാൽ അലംകൃതമായി സകലവിധ പ്രാഭവങ്ങളോടുംചേൎന്ന് സവിശേഷം വിളങ്ങിക്കൊണ്ടിരിക്കും.

യൗസേപ്പ്:-“സ്വാമീ! അങ്ങ് ദയചെയ്താൽ ഉയരാതെയും, കോപിച്ചാൽ താഴാതെയും ഇരിക്കുമോ? എങ്കിലും ആ ഇററലി രാജ്യക്കാർ വിഗ്രഹാരാധനക്കാരാണെന്നാണ് ഞാൻ കേട്ടിട്ടുള്ളത്. അങ്ങനെയിരിക്കെ, ഇതെപ്രകാരം സാധിക്കുമെന്ന് മനസ്സിലാകുന്നില്ല. ദൈവകുമാരൻ പറഞ്ഞു:-“മനുഷ്യവംശത്തെ രക്ഷിക്കുന്നതിനായി ജനിച്ച നാം ജീവിച്ചുകാണിക്കുന്ന സുകൃതമാതൃകയാലും, പഠിപ്പിക്കുന്ന സത്യവേദവിശ്വാസത്താലും ചെയ്തുവരുന്ന പല അത്ഭുതങ്ങളാലും, ചിന്തുന്ന നമ്മുടെ തിരുരക്തത്താലും അവർ പരമാൎത്ഥം ഗ്രഹിച്ച് സത്യവേദം സ്വീകരിക്കുമ്പോൾ, അതു മേൽപറഞ്ഞതുപോലെ ആകും” യൗസേപ്പു വീണ്ടും ചോദിച്ചു:—“പരമേശാ! അങ്ങയുടെ കൃപയാൽ എല്ലാം സാധിക്കുമെന്നുള്ളതു വാസ്തവം തന്നെ; എന്നാൽ അങ്ങ് ലോകത്തെരക്ഷിച്ച് സ്വൎഗ്ഗാരോഹണം ചെയ്തശേഷം ചപലരായ മനുഷ്യർ അ

ങ്ങ് പഠിപ്പിച്ചിട്ടുള്ള ധമ്മപഥത്തിൽ സ്ഥിരമായി നിൽനിൽക്കുന്നതെങ്ങനെ എന്നു് അറിയുന്നില്ല" ദൈവപുത്രൻ പറഞ്ഞു:—"വിദ്വാന്മാരും ധനവാന്മാരുമല്ലാത്ത ചില മനുഷ്യരെ നാം ശിഷ്യന്മാരായി തിരഞ്ഞെടുത്തു്, അവർ വഴിയായി ഏവരും സ്വർഗ്ഗീയമന്ദിരത്തെ പ്രാപിക്കുവാനുള്ള മാർഗ്ഗം അറിയിച്ചുകൊടുക്കും. ആ ശിഷ്യന്മാർ പരിശുദ്ധാത്മാവിയുടെ അനുഗ്രഹത്താൽ ധൈര്യത്തേയും, പല ഭാഷകൾ സംസാരിക്കാനുള്ള സാമർത്ഥ്യത്തേയും പ്രാപിച്ചു്, ബോധനത്തിന്റെ ശക്തിയാലും, അത്ഭുതങ്ങളുടെ സാക്ഷ്യത്താലും അവരെ കേട്ടനുസരിക്കുന്ന രാജാക്കന്മാർ തുടങ്ങിയ ഏവരേയും ആ മാർഗ്ഗത്തിൽ സ്ഥിരമായി നിലനിറുത്തും. കൂടാതെയും, നാം സന്തോഷപൂർവ്വം പ്രദാനം ചെയ്യുന്ന വരപ്രസാദപ്രദങ്ങളായ ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, ദിവ്യബലി, പാപവിമോചനം, അന്ത്യലേപനം, വൈദികത്വം, വിവാഹം എന്ന ഏഴു ദേവദ്രവ്യാനുമാനങ്ങളാൽ, ഏവരേയും സന്മാർഗ്ഗത്തിൽനിന്നു് വഴുതിപ്പോകാതെ സൂക്ഷിച്ചു് സംരക്ഷിക്കും." ഇവയെല്ലാം കേട്ട മാർ യൗസേപ്പ് അതിരററ ഭക്തിവിനയാദികളോടുകൂടി, "ഞങ്ങൾക്കിത്രയേറെ നന്മകൾ ചെയ്വാൻ വന്ന കാരുണ്യവാരിധേ! അങ്ങയുടെ തൃപ്പാദങ്ങൾക്കു് സർവ്വകാലവും സ്തോത്രം ഉണ്ടാകട്ടെ" എന്നു് അദ്ദേഹത്തെ വണങ്ങി സ്തുതിച്ചു.

ഇതെല്ലാം ആ ചെറുഗൃഹത്തിൽ സംഭവിച്ചു. മറെറാരു ദിവസം ദൈവകുമാരൻ, മാർ യൗസേപ്പി

ൻെറ മേൽ തൻെറ നിസ്സീമ കരുണ ചൊരിഞ്ഞുകൊണ്ടു നൽകിയ ഒരു ദിവ്യദർശനത്തിൽ, ഇനി സത്യവേദം സ്വീകരിച്ചു് ലോകത്തിൻെറ നാനാ ഭാഗങ്ങളിലും രാജ്യഭാരം ചെയ്യാനിരിക്കുന്ന പല രാജാക്കന്മാരേയും, അവർ ഭരിക്കുന്ന രാജ്യങ്ങളേയും, കൊടി, കുട, കിരീടം മുതലായ അവരുടെ രാജചിഹ്നങ്ങളേയും കാണിച്ചു്, അവർമൂലം തൻെറ വേദം സർവ്വ ദിക്കിലും പ്രചരിച്ചു്, പ്രകാശിക്കും എന്നറിയിച്ചു. ഇങ്ങനെ മുപ്പത്തൊന്നു രാജാക്കന്മാരേയും അവരുടെ ശേഷം ഉണ്ടാകുവാനിരിക്കുന്ന അനേകായിരം രാജാക്കന്മാരേയും ക്രമത്തിൽ കാണിച്ചതിനെക്കണ്ടു് അദ്ദേഹം ആനന്ദലഹരിയിൽ നിമഗ്നനായിരുന്നു. ഇതിനെ തുടൎന്നുണ്ടായ വേറൊരു ദൎശനത്തിൽ, ഏഴു തലയും, ഏഴുകൊമ്പും, രണ്ടു ചിറകുമുള്ള ഒരു ബീഭത്സരൂപം, ഒരു ഘോരസൎപ്പത്തിന്മേൽ കയറി ഭയങ്കരമാംവണ്ണം അഗ്നികണങ്ങൾ വർഷിച്ചുകൊണ്ടിരിക്കുന്ന വിധത്തിൽ കാണപ്പെട്ടു. അതിൻെറ ഇരുപാൎശ്വങ്ങളിലും അനേകം ദുർജ്ജനങ്ങൾ തിങ്ങിഞെരുങ്ങിനിന്നു് ശ്വാക്കളെപ്പോലെ കുരച്ചും ക്രൂവിയും കൊണ്ടിരുന്നു. വേറൊരു ഭാഗത്തു് അവരോടു പൊരുതു ജയംനേടിയവരെപ്പോലെ പലരും നിന്നിരുന്നു. ഇവർ ആരാണെന്നും എന്താണെന്നും അറിയാതെ മാർ യൗസേപ്പു മയങ്ങുമ്പോൾ ദൈവസുതൻ പറഞ്ഞു:—"ആദ്യമേ കാണപ്പെട്ടു്, അവിടെ നിന്നിരുവർ, "ഏഴു തലപ്പെട്ട ദോഷം" കാരണത്താൽ സത്യവേദത്തേയും അതിൽ ചേൎന്നവരേയും നിന്ദിച്ചു് ക്രൂരപീഡകളെ ചെയ്തു് ഒടുവിൽ, പിശാ

ചുക്കൾ സന്തോഷിക്കുമാറു നരകത്തിൽ പതിക്കുന്നവ രാകുന്നു. മറുഭാഗത്തുനിന്നിരുന്നവർ മേൽ പറയപ്പെ ട്ടവരാൽ പീഡിപ്പിക്കപ്പെട്ട്, വേദത്തിനുവേണ്ടി ര ക്തം ചിന്തിമരിച്ച്, നാകവാസികൾ ആനന്ദിക്കു മാറു സ്വർഗ്ഗത്തിൽ വാഴുന്നവരാകുന്നു. ഇവർ ചിന്തു ന്നരക്തത്താൽ പിശാചുക്കളുടെ ദുർഭരണം അഴിഞ്ഞു് നമ്മുടെ വേദം എല്ലായിടത്തും പരന്നു് പ്രകാശിക്കും" "പരമ നാഥാ! അടിയനും വേദത്തെക്കുറിച്ച് രക്തം ചിന്തി മരിക്കാനനുഗ്രഹം ചെയ്യുമാറാകണ"മെന്നു് മാർ യൗസേപ്പ് വിനയസമേതം അഭ്യർത്ഥിച്ചു. അതി നു ദൈവകുമാരൻപറഞ്ഞു:-"കഠിനതാപസ്സനായ അ ങ്ങും അപ്രകാരം പാടുപെട്ടു മരിച്ചുതന്നോ മോക്ഷം പ്രാപിക്കേണോ? അതിനു് അങ്ങയുടെ ആശ ഒന്നുമാത്രം മതിയാകയില്ലയോ? ആയുധങ്ങളാൽ വ്രണപ്പെട്ടു ര ക്തം ചിന്തി പ്രാപിക്കുന്ന രാജത്വം നമ്മുടെ പങ്കില്പു ള്ളതാകുന്നു. രോഗബാധകളാലുണ്ടാകുന്ന ദുരിതസ ങ്കടങ്ങളെ ക്ഷമയോടെ സഹിച്ച് പ്രാപിക്കുന്ന രാജ ത്വമാണു് അങ്ങയുടെ പങ്കിലുള്ളതു്. ദൈവനിശ്ച യത്തിനു പൂർണ്ണമായി കീഴ്പ്പെട്ടണങ്ങിയിരുന്ന മാർ യൗസേ പ്പാകട്ടെ, ഇവയെല്ലാം കേട്ട് അതിവിനയത്തോടെ ദൈവകുമരനു് സ്തോത്രം ചെയ്തുകൊണ്ടിരുന്നു.

---

# അദ്ധ്യായം ഒൻപതു്.

—:*:—

മാർയൗസേപ്പു രോഗബാധിതനായതു്.

താൻ അനുഭവിക്കുന്ന ദുഃഖങ്ങളാൽ ലോകവാസികൾക്കാനന്ദം നൽകുവാൻ വന്ന നമ്മുടെ ദിവ്യരക്ഷകൻ, തന്റെ വളൎത്തുപിതാവായ മാർയൗസേപ്പു ക്ഷമയുടെ ഫലമായ സ്വൎഗ്ഗീയ സംഭാവനയെ പ്രാപിക്കുന്നതിനുവേണ്ടി, അദ്ദേഹം രോഗബാധിതനാകുന്നതിന്നു് അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ അമ്പത്തിരണ്ടാമത്തെ വയസ്സിൽ ദേഹത്തിൽ ജരാനരകൾ കാണപ്പെടുകയും, ഞരമ്പുകൾക്കു് തളർച്ചയുണ്ടാകയും, അതോടെ വാതരോഗം ഉത്ഭവിക്കയും ചെയ്തു. എന്നാൽ അതിന്റെ കഠിനവേദനകളെ അദ്ദേഹം ക്ഷമയോടും സന്തോഷത്തോടുംകൂടി സഹിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞിരുന്നു. "വിഷത്തിന്റെ പ്രത്യൗഷധം മറെറാരു വിഷമെന്നപോലെ, പാപമാകുന്ന വിഷം ഭക്ഷിച്ച മനുഷ്യർ, അതിനെ പരിഹരിക്കുന്ന സിദ്ധൌഷധമായ രോഗസങ്കടങ്ങളെ സന്തോഷപൂർവം അനുഭവിക്കാതിരുന്നാൽ അതു നീങ്ങുന്നതെങ്ങനെ? സ്രഷ്ടാവിന്റെ ദയാധിക്യത്തെ അറിഞ്ഞിട്ടുള്ളവർ മാത്രം തങ്ങൾക്കുണ്ടാകുന്ന സുഖത്തെയും ദുഃഖത്തെയും ഒരുപോലെ വിചാരിച്ചു് അദ്ദേഹത്തെ സ്തുതിക്കും. ദുഃഖത്തിന്റെ കാലംവരുമ്പോൾ, പിന്നീടു് വരുവാനിരിക്കുന്ന മോക്ഷാനന്ദത്തെ നിരൂപിച്ചു് അതിനെ ക്ഷമയോടെ അനുഭവിച്ചാൽ, ആ ദുഃഖംമുഴുവനും നന്മ

യായി പരിണമിക്കും. പാപലേശമില്ലാത്തവനായ ദൈവംതന്നെ, നമ്മുടെ പാപങ്ങൾക്കായി പാടുപെട്ടു മരിക്കുന്നതിനു ഇവിടെ എഴുന്നള്ളി വന്നസ്ഥിതിക്ക് പാപികളായ നമുക്ക് ദുഃഖപ്പെടാൻ കഴികയില്ലെന്നോ?!! ഇപ്രകാരം തത്വോപദേശകനായിരുന്ന ഈ മഹാത്മാവു, തൻെറ രോഗംവൎദ്ധിച്ചു, ലഘുവായ ശ്രമംചെയ്യുന്നതിനോ, എഴുനേററു നടക്കുന്നതിനുപോലും നിവൃത്തിയില്ലാതിരുന്നപ്പോൾക്കൂടെയും, ദേഹം ശോഷിച്ചിരുന്നാലും, മനസ്സിൻെറ സ്ഥിരത ലേശവും കുറയാതെ സന്തോഷമായി ദൈവത്തിന് സ്തോത്രം ചെയ്തുകൊണ്ടിരുന്നു.

ഇപ്രകാരം അസഹനീയമായ ദുരിതവേദനകളെ എല്ലാം അദ്ദേഹം ക്ഷമയോടെ അനുഭവിച്ചുവരുംനാളിൽ, അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിനായി ക്രൂടെക്കൂടെ ചില മാലാഖമാർ പ്രത്യക്ഷപ്പെട്ടു് ദൈവനാമസങ്കീൎത്തനങ്ങൾ പാടിവന്നിരുന്നു. അതുകേട്ടു സന്തുഷ്ടനായി അദ്ദേഹവും അവരോടുചേൎന്നു പാടിയിരുന്നു. ഓരോദിവസം ചെല്ലുന്തോറും അദ്ദേഹത്തിൻെറ രോഗംവൎദ്ധിച്ചു് ശരീരം തീരെ ശോഷിച്ചുംവരുന്നതിനെ ദിവ്യകന്യക കണ്ടിട്ടു്, സഹിച്ചുകൂടാത്ത വ്യസനത്തോടെ ദിവ്യകുമാരനെനോക്കി, "തൃപ്പുത്രാ! ത്രികാലജ്ഞ! ദയാനിധെ! അങ്ങയുടെ വളൎത്തുപിതാവു രോഗത്തിൻെറ കഠിനവേദന അനുഭവിക്കുന്നതിനെ കണ്ടിട്ടു്, അങ്ങയുടെ തിരുവുള്ളത്തിൽ കരുണയുണ്ടാകത്തതെന്തുകൊണ്ടായിരിക്കാം. ആ ദുഃഖവേദനകളെല്ലാം ഈ ദാസി അനുഭവിക്കാൻ കൃപചെയ്യു

മാറാകണം" എന്നപേക്ഷിച്ച് ദിവ്യപുത്രനെ വണങ്ങി. അതിന്ന് ദൈവപുത്രൻ പറഞ്ഞു:—"അമ്മേ ഈ ലോകത്തിൽ പലവിധത്തിലുള്ള ദുഃഖങ്ങളുണ്ട്. അവയിൽ ഒന്ന്, രോഗത്താലുണ്ടാകുന്നതാണ്; അതു മാർയൗസേപ്പിന്റെ വീതത്തിലുള്ളതാകുന്നു. ആയുധങ്ങളാൽ മുറിവേററു രക്തംചിന്തി മരിക്കുന്നതാണ് വേറൊന്ന്; അതു എന്റെ വീതത്തിനുള്ളതാകുന്നു. ഞങ്ങൾ രണ്ടുപേരും അനുഭവിക്കുന്ന വേദനകളെ കണ്ടു് ദുഃഖിച്ചു കരയുന്നതാണ് ഇനി മറെറാന്ന്; അതു് അമ്മയുടെ വീതത്തിലുള്ളതാകുന്നു. ഇവയെല്ലാം ദൈവത്തിന്റെ അപാരമായ കരുണയാൽ സംഭവിക്കുന്നതത്രേ" ഇതുകേട്ട ദൈവജനനി ദൈവനിശ്ചയത്തിനു കിഴ്‌വഴങ്ങി തന്റെ മധുരവാക്കുകളാൽ യൗസേപ്പിനെ ആശ്വസിപ്പിച്ചും, വേണ്ടുന്ന പത്ഥ്യാഹാരങ്ങളെ ഉണ്ടാക്കിക്കൊടുത്തും, തക്കമരുന്നുകൾ നൽകിയും, തന്റെ ശുശ്രൂഷകളിൽ ഒന്നുപോലും കുറയ്ക്കാതെ എല്ലാം ജാഗ്രതയായി ചെയ്തുവന്നു. ദൈവകുമാരനാകട്ടെ, തന്നെ ചോറൂട്ടിവളർത്തിയ അദ്ദേഹത്തിന്ന്, എപ്പോഴുംകൂടെനിന്ന് താൻതന്നെ ചോറു കൊടുത്തും, ഇഷ്ടംപോലുള്ള ശുശ്രൂഷകളൊക്കെ ചെയ്തും ഉത്സാഹപൂർവം പരിചരിച്ചുവന്നു. ഇങ്ങനെ ദൈവമാതാവും ദൈവപുത്രനും തനിക്കുവേണ്ടി ചെയ്യുന്ന ശുശ്രൂഷകളെ കണ്ടു് മാർയൗസേപ്പ് ആനന്ദതുന്ദിലനായി, ശരീരം തീരെ ശോഷിച്ച് ബലഹീനമായിരുന്നിട്ടും മനസ്സിൽ നല്ല ഉന്മേഷമുള്ളവനായും, ക്ഷമാഗുണത്തിന്ന് ഉത്തമനിധിയായും വിളങ്ങി.

# അദ്ധ്യായം പത്തു്.

—:*:—

## മാർയൗസേപ്പിൻെറ ദൗത്യം.

മാർയൗസേപ്പു വാതരോഗത്താൽ എട്ടുവർഷത്തോളംകാലം കഠിനമായി പീഡിക്കപ്പെട്ടിട്ടും പരമാനന്ദം പ്രാപിച്ചവനെപോലെ കൃതാൎത്ഥനായിട്ടത്രേ കഴിച്ചിരുന്നതു്. ഒരുദിവസം അനേകം മാലാഖമാർ കൂട്ടമായി ആകാശത്തിൽനിന്നും ഇറങ്ങിവന്നു് അദ്ദേഹത്തെ ചുററിനിന്നു. ഒൻപതു ദിവസത്തോളം ഇടവിടാതെ പല വാദ്യഘോഷങ്ങളോടുംകൂടി ദൈവസ്തോത്രങ്ങളെ പാടിക്കൊണ്ടിരുന്നു. പത്താംദിവസം ദൈവം അദ്ദേഹത്തിൻെറമേലുള്ള നിസ്സീമവാത്സല്യത്തിന്നടയാളമായി, അദ്ദേഹത്തിൻെറ ആന്തരനേത്രങ്ങൾക്കു് തൻെറ ദൈവീകമഹത്വം പ്രദ്യോതിക്കുമാറു ഒരു വിശേഷ വരം നൽകി, "യൗസേപ്പേ! ലോകരക്ഷയ്ക്കായി അവതരിച്ചിരിക്കുന്ന നമ്മുടെ പ്രിയ കുമാരനേയും, അവൻെറ പരിശുദ്ധ മാതാവിനേയും, നിൻെറ ജീവനെക്കാൾ സ്നേഹത്തോടെ നീ സംരക്ഷിച്ചുവന്നുവല്ലോ. അതിനാൽ നീ സ്വൎഗ്ഗത്തിലും ബഹുമാനിക്കപ്പെടുന്നതിനായി വന്നാലും. എന്നാൽ നമ്മുടെ പ്രിയപുത്രൻ മനുഷ്യൎക്കായി തൻെറ ജീവനെ ബലികഴിച്ചെങ്കിലല്ലാതെ ഒരുവനും സ്വൎഗ്ഗം പ്രാപിക്കയില്ല. ആകയാൽ അതുവരെയും നിൻെറ ആത്മാവു പിതാക്കന്മാരുടെ സ്ഥലത്തെ പ്രാപിച്ചിരിക്കും. അവിടെ നീ നമ്മുടെ ദൂതനായി ചെന്നു് ദൈവകുമാരൻ

അവതരിച്ചിരിക്കുന്നതിനേയും രക്ഷയുടെ കാലം സമീപിച്ചിരിക്കുന്നതിനേയും അവരെ അറിയിച്ചാലും." എന്നു് കല്പിച്ചു. യൗസേപ്പു ഈ ദൎശനത്തെക്കണ്ടും ദൈവത്തിന്റെ തിരുവചനങ്ങളെ കേട്ടും ആനന്ദപരവശനായി.

ദൈവകുമാരനേയും ദിവ്യമാതാവിനേയും വിട്ടുപിരിയുന്നതു അദ്ദേഹത്തിനു മരണത്തേക്കാൾ ദുഃഖകരമായ സംഗതിയായിരുന്നെങ്കിലും, അതു ദൈവനിശ്ചയമായിരിക്കയാൽ അദ്ദേഹം സമാശ്വസിച്ചിട്ടു് ദൈവസുതനോടായിപ്പറഞ്ഞു:- "എന്റെ സമസ്തഭാഗ്യങ്ങളുടേയും ഭണ്ഡാഗാരമായ കുമാരാ! ഇപ്പോൾസൃഷ്ടികൎത്താവു് എന്നോടു കല്പിച്ചവയെ അങ്ങും അറിയുന്നുവല്ലോ. അങ്ങയേയും അങ്ങയുടെ പ്രിയമാതാവിനേയും വിട്ടുപിരിയുന്നതിനേക്കാൾ കഠിനമായ ദുഃഖം എനിക്കു വേറൊന്നുമില്ല. എങ്കിലും ദൈവകല്പനക്കു് കീഴ്‌വഴങ്ങുന്നതിനേക്കാൾ ശ്രേഷ്ഠവും, ആത്മാവിനു് പ്രയോജനമുള്ളതുമായി വേറെന്തെങ്കിലുമുണ്ടോ? സ്രഷ്ടാവായ അവിടുന്നു് എന്നെ പിതാവെന്നു വിളിക്കുന്നതിനും, ദാസനായ ഞാൻ അങ്ങയെ പുത്രൻ എന്നു വിളിക്കുന്നതിനും; തക്കവണ്ണം ഞാൻ ഭാഗ്യം ഉള്ളവനായി. ഇതേവിധത്തിൽ അങ്ങു് എനിക്കു ചെയ്തിട്ടുള്ള നന്മകൾക്കു് ഒരളവുമില്ല. ഇപ്പോൾ അങ്ങയുടെ തൃക്കരത്താൽ അടിയനെ ആശീൎവദിപ്പാറാകണം" എന്നു പ്രാൎത്ഥിച്ചു് അദ്ദേഹത്തിന്റെ തൃപ്പാദത്തെ വണങ്ങുന്നതിനായി കിടക്കയിൽനിന്നു എഴുന്നേല്ക്കാൻ പ്രയാസപ്പെട്ടു. ഇതിനേ മാതാവും പുത്രനും കണ്ടു് തങ്ങളു

ടെ കരുണ നിറഞ്ഞ വചനങ്ങളാൽ എഴുന്നേല്ക്കാതെ കിടത്തി. അദ്ദേഹം ഇരുകരങ്ങളും കൂപ്പി ആകാശത്തേയ്ക്കു നോക്കിക്കുറച്ചുനേരം ദൈവത്തെ ധ്യാനിച്ച ശേഷം ദൈവജനനിയേ നോക്കി, "സകലകാലാതീതജ്ഞാനനിധിയായ കന്യകേ! ഞാൻ നീ മൂലം പ്രാപിച്ചിട്ടുള്ള ദിവ്യവരങ്ങൾക്ക് കണക്കില്ല. എൻെറ കുററങ്ങളേ ക്ഷമിച്ച് എന്നെ ആശീവ്ദിക്കണം" എന്ന് പറഞ്ഞു ദിവ്യപുത്രനെ ഒന്നു നോക്കി. അതേസമയം മാതാവും പുത്രനും ഇരുവശവും താങ്ങി അദ്ദേഹത്തെ ആശീവ്വദിച്ചു; ദൈവദൂതന്മാർ ചുററും നിന്ന് മംഗളം പാടി; അദ്ദേഹത്തിൻെറ നിമ്മലാത്മാവ് ശരീരത്തെ വിട്ടുപിരിഞ്ഞു്, ദൈവത്തിൻെറ ദൂതനായി പിതാക്കളുടെ സ്ഥലത്തേ പ്രാപിച്ചു. ദൈവമാതാവും ദൈവപുത്രനും ആ ശരീരത്തിന ചെയ്യേണ്ട കമ്മങ്ങളെല്ലാം നിവ്വഹിച്ച് അതിനെ മാലാഖമാരുടെ പരിവാരത്തോടുകൂടെ ഒരു കല്ലറയിൽ കൊണ്ടുപോയി അടക്കം ചെയ്തു. അപ്പോൾ ദൈവപുത്രൻ ഭൂമിയേ നോക്കി, നാം വരുന്നതുവരേയും നീ ശരീരത്തെ തീണ്ടരുതു് എന്നു കല്പിച്ചു. അതു ആ കല്പനയേ സസന്തോഷം സ്വീകരിച്ചതുപോലെ അടുത്തുനിന്ന വൃക്ഷങ്ങളിൽനിന്ന് പൂക്കൾ പൊഴിഞ്ഞു്, ആ കല്ലറവാതിൽ മൂടപ്പെട്ടുകയും ചെയ്തു.

മാർ യൗസേപ്പിൻെറ ആത്മാവ് ശരീരത്തെവിട്ടുപിരിഞ്ഞ മാത്രയിൽ പിതാക്കന്മാരുടെ സ്ഥലത്തേ പ്രാപിച്ച്, നക്ഷത്രങ്ങളുടെ മദ്ധ്യേ പ്രശോഭിക്കുന്ന ചന്ദ്രനെപ്പോലെ അവരുടെയിടയിൽ സശരീരനായി വി

ളങ്ങി. ഇതുകണ്ടു് .അവർ കുതൂഹലചിത്തരായി പര സ്സരം നോക്കി, "ഇതു നമ്മെ ആനന്ദിപ്പിക്കുന്നതിനാ യി പ്രത്യക്ഷപ്പെട്ട ദൈവദൂതൻെറ തങ്കപ്രതിമയോ, അല്ലെങ്കിൽ നമ്മെ രക്ഷിപ്പാൻ വന്ന ദൈവകുമാര ൻെറ തൃസ്വരൂപമോ, അല്ലെങ്കിൽ ഏതൊരു ദിവ്യപു രുഷനോ" എന്നും മററും ചിന്തിച്ചു കൊണ്ടിരിക്കു മ്പോൾ, അത്ഭുതമധുമലർച്ചെടിയാൽ പ്രശോഭിത നായ മാർ യൗസേപ്പ് അവരേ നോക്കിപറഞ്ഞു:— "അല്ലയോമഹാപിതാക്കളെ! നമ്മുടെ ദിവ്യരക്ഷക നായ ദൈവകുമാരൻ ഭൂലോകജാതനായിട്ടു് ഇപ്പോൾ ഇരുപത്താറു വർഷമായിരിക്കുന്നു. അവിടുത്തെ അ ത്ഭുതമായി പ്രസവിച്ച കന്യകാമാതാവിൻെറ ഭർത്താ വായും, ആ ദൈവകുമാരൻെറ വളർത്തുപിതാവായും, ഇരിക്കുന്നതിനു് ഭാഗ്യം ലഭിച്ചവൻ ഞാനാകുന്നു. ര ക്ഷയുടെ കാലം സമീപിച്ചിരിക്കുന്നു. ഇനി നിങ്ങൾ ഈ തടവുനീങ്ങി എന്നേയ്ക്കും ദൈവത്തോടുകൂടെസ്വ ർഗ്ഗത്തിൽ വാണാലും" അവർ, അദ്ദേഹത്തിൻെറ മധു രവചനങ്ങളേ കേട്ടും, അത്ഭുതപുഷ്പശാഖയെകണ്ടും വിസ്മയഭരിതരായി, "ഹേ! ദിവ്യവേദത്തിനു് ഭൂഷണമാ യിഭവിച്ച പൂരുഷവര! അവതരിച്ച നാഥനെ വാത്സ ല്യത്തോടുകൂടിവളർത്തിയ വളർത്തുപിതാവേ! ഞങ്ങൾകാ ണ്മാനാഗ്രഹിച്ച കാലത്തേ കണ്ടവൻ നീയല്ലയോ? സ ർവ്വലോകങ്ങളേയും പരിപാലനം ചെയ്യുന്ന നാഥനെ ര ക്ഷിച്ചവൻ നീയല്ലയോ? അദ്ദേഹത്തെ കാണുന്ന തിനും എടുക്കുന്നതിനും നടത്തുന്നിനും വരം ലഭിച്ച വൻ നീയല്ലയോ? ആകയാൽ പുരുഷവർഗ്ഗ ത്തിൽ ഭാഗ്യമുള്ളവൻ നീ തന്നെ എന്നു് പുകഴ്ത്തി, അ

വതരിച്ചിരിക്കുന്ന ദൈവകുമാരന്റെ ദിവ്യലക്ഷണങ്ങളെ പറഞ്ഞു കേൾക്കണമെന്നു പ്രാൎത്ഥിച്ചു. അതിന്നു് അദ്ദേഹം പറഞ്ഞു:—"ആ തിരുക്കുമാരന്റെ ദിവ്യലക്ഷണങ്ങളെ നിങ്ങളിൽ അനേകം പേർ മുൻപുതന്നെ അറിഞ്ഞു് ദീർഘദൎശനവാക്യങ്ങളായി പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹത്തിൽ കമലമലർ മുഖവും കരുണാവൃഷ്ടി പൊഴിയുന്ന കണ്ണും കൃപനിറഞ്ഞ ഹൃദയവും, ധൎമ്മമുപദേശിക്കുന്ന വായും, തേൻ പൊഴിയുന്ന മൊഴിയും, സകല സൃഷ്ടികളാലും വന്ദ്യമായ കരചരണങ്ങളും യഥാവിധം വൎണ്ണിപ്പാൻ എന്നാൽ ശക്യമല്ല. അവിടുന്നു തള്ളയില്ലാത്തവൎക്കു തള്ളയെപ്പോലെയും പിതാവില്ലാത്തവൎക്കു പിതാവിനെപ്പോലെയും ഈ മഹാലോകത്തിലെ കഷ്ടതകളൊഴിക്കുന്നതിനായി ഉദിച്ചു വന്ന ദിവ്യസമ്പത്താകുന്നു."

ഇവയെല്ലാം കേട്ടു് അവർ ആഹ്ലാദഭരിതചിത്തരായിരിക്കുമ്പോൾ, പരിശുദ്ധകന്യകാമറിയത്തിന്റെ മാതാവായ അന്നാമ്മ വന്നു്, ദൈവകുമാരൻ അവതരിച്ചതുമുതൽ അന്നുവരേയും ഉണ്ടായിട്ടുള്ള വിശേഷങ്ങളെ പറയണമെന്നു് പ്രാൎത്ഥിച്ചു. അതിന്നു്, മാർ യൗസേപ്പ്, പരിശുദ്ധകന്യകാമറിയം കന്യാത്വഭംഗം കൂടാതെ ദൈവകുമാരനെ ഗൎഭം ധരിച്ചതും, ആ ഗൎഭധാരണത്തിന്റെ മഹിമയെ അറിയാതെ താൻ ക്ലേശിച്ചതും, ദൈവാനുഗ്രഹത്താൽ ആ സംശയം നീങ്ങിയതും, ബന്ധുജനങ്ങളാൽ ത്യജിക്കപ്പെട്ടു് ഗിരിഗഹ്വരത്തിൽ ദൈവകുമാരൻ ജനിച്ചതും, ദൈവദൂതന്മാരും ഇടയരും വന്നു് ദിവ്യശിശുവിനെ ആരാധിച്ചതും, മൂന്നു

രാജാക്കന്മാർ ആഗതരായി അവിടുത്തെ തൃപ്പാദസേവനം ചെയ്തതും, ഹേറോദേസിനെ ഭയന്ന് എജിപ്തിൽ പോയതും, അവിടെയുള്ള പിശാചുക്കൾ ഭയന്നോടിയതും ആ ദിക്കിൽ ഏഴുവർഷക്കാലം ഒരു പരദേശിയെപ്പോലെ സഞ്ചരിച്ചതിൻെറ ശേഷം നസ്സറത്തിലെത്തിയതും ദൈവകുമാരനെ മൂന്നു ദിവസംവരെ കാണാതെ പിന്നീടു കണ്ടെത്തുമായ സംഭവങ്ങളെയെല്ലാം വിവരമായി പറഞ്ഞു കേൾപ്പിച്ചു. കൂടാതെയും ആദൈവകുമാരൻ തന്നെ, തൻെറ തിരുവാക്കാൽ, ഒരു മരത്താൽ വന്ന പാപത്തെ താൻ ഒരു മരത്തിൽ മൃതിപ്പെട്ടിട്ട് തീർക്കേണ്ടതാണെന്നും, ആ സ്ലീവാമരമാകുന്നു തൻെറ സിംഹാസനവും ചെങ്കോലുമെന്നും, അതിൽ മനുഷ്യജീവനുവേണ്ടി തൻെറ ജീവൻ നൽകിമരിക്കുന്നതാണ് തൻെറ ഭാഗ്യവും ആശയുമെന്നും അതുവരെയും മാനുഷപുത്രന് നിലയില്ലെന്നും കല്പിച്ചിട്ടുള്ളവയെല്ലാം പറഞ്ഞു. ഇതുകേട്ട്, അവരെല്ലാവരും കൃതജ്ഞതാപൂർവ്വം ദൈവത്തിൻെറ അളവില്ലാത്ത കാരുണ്യപ്രവാഹത്തെ ചിന്തിച്ച് അത്ഭുതപരതന്ത്രരായി "നമ്മെ രക്ഷിപ്പാൻ മനുഷ്യനായതുപോരാതെ, നമ്മെ ഉയർത്തുന്നതിന് തന്നെത്താൻ എളിമപ്പെടുകയും നാം സുഖിക്കുന്നതിനുവേണ്ടി സ്വജീവനെ ഉപേക്ഷിക്കുകയും ചെയ്തിട്ട് നമ്മെ സ്വർഗ്ഗീയഭവനത്തിൽ ചേർപ്പാൻ വന്ന സ്നേഹക്കടലായ അവിടുത്തെ തൃപ്പാദങ്ങൾക്ക് നമസ്കാരം? അനുഗ്രഹത്തിൻെറ നിധിയും കണ്ണിന് രത്നവും വിണ്ണിന് ഭൂഷണവുമായ അവിടുത്തെ തിരുവടികൾക്ക് നമസ്കാരം!" എന്നു വാഴ്ത്തി.

# അദ്ധ്യായം പതിനൊന്ന്.

—:o:—

## മാർ യൗസേപ്പിന്റെ ഉയപ്പ്.

ഇങ്ങനെ മഹാപിതാക്കളും മാർയൗസേപ്പും ദൈവകുമാരനെ വാഴ്ത്തി, അത്യാശയോടെ അദ്ദേഹത്തിന്റെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഇതു നില്ക്കട്ടെ. വിചാരിച്ചതിനെ വിചാരിച്ചതുപോലെ സാധിക്കുന്നതിനു ശക്തനായ ദൈവകുമാരൻ മനുഷ്യകുലത്തെ രക്ഷിപ്പാൻ നിശ്ചയിച്ച്, തന്റെ സുകൃതമാതൃകയാലും, നിറഞ്ഞ കരുണയാലും എവൎക്കും സന്മാൎഗ്ഗത്തെ കാണിച്ച് സദുപദേശം ചെയ്ത് പാടുപെട്ടു മരിച്ചതിനെ കുറഞ്ഞൊന്നു പ്രസ്താവിക്കാം ഏകദൈവം അല്ലാതെ പലദൈവങ്ങളില്ലെന്നുള്ള വേദവിശ്വാസത്തെ ഗ്രഹിച്ചിട്ടുള്ള മനുഷ്യർ, ദൈവലക്ഷണമില്ലാത്തവരെ ദൈവങ്ങളായി സങ്കല്പിച്ച്, അവൎക്ക് സ്വൎണ്ണാലയങ്ങളും സ്വൎണ്ണപ്രതിമകളും നിൎമ്മിച്ച്, വേഷഭൂഷാദികളാൽ അലങ്കരിച്ച് അവയെ വണങ്ങി, അവരോടുകൂടെ ഉത്സാഹപൂൎവ്വം നരകം പ്രാപിക്കും. ഏകദൈവത്താൽ സ്ഥാപിക്കപ്പെട്ട സത്യവേദ വിധിപ്രകാരം, ഗാൎഹസ്ഥ്യം, സന്ന്യാസം എന്നീ ആശ്രമധൎമ്മങ്ങളെയും, അതാതിന്റെ വിധിനിഷേധങ്ങളെയും ഗ്രഹിച്ച് സന്മാൎഗ്ഗികളായി ഭവിക്കുന്നവർ നിത്യമോക്ഷപരമാനന്ദം പ്രാപിക്കും. യാചകന്മാൎക്ക് ദാനംചെയ്യുന്നതാണ് ധനാഭിവൃദ്ധിക്കുള്ള മാൎഗ്ഗമെന്നറിവുള്ളവർ, തങ്ങളുടെ ധനത്തെ ദാനം ചെയ്യുന്നതിൽ സന്തോഷമുള്ളവരായിരിക്കും. വേദ

വിധിപ്രകാരം ജീവിക്കുന്നതേ മോക്ഷവഴിയാകയുള്ളു; അല്ലാതെ ഇതരങ്ങളായ മറെറല്ലാവഴികളും ദോഷഭൂയിഷ്ഠമായ ദുർമ്മാർഗ്ഗമാകുന്നു. തൻെറ സ്ഥിതിക്കനുസരണമല്ലാത്ത പ്രശംസയെ ആഗ്രഹിക്കുന്നവൻ, പിന്നീട്ട് നിന്ദ്യനായി ഭവിക്കും. അടക്കവും ക്ഷമയും ഉള്ളവർക്കു ലഭിക്കുന്ന സ്തുതിയാകുന്നു യഥാർത്ഥമായ സ്തുതി. എന്നിത്യാദിതത്വങ്ങളെ അവിടുന്ന് പ്രസംഗിച്ചും, അഹങ്കാരത്താൽ നശിച്ചു ലോകത്തെ ജയിക്കുന്നതിന് ക്ഷമ എന്ന ആയുധത്തെ കൈക്കൊണ്ടും, തന്നോടു് തിന്മചെയ്യുവർക്ക് നന്മയെചെയ്തും, കുരുടൎക്ക് കാഴ്ചനൽകിയും, ചെകിടൎക്ക് ശ്രവണശക്തികൊടുത്തും, മുടന്തരെയും രോഗികളെയും സുഖപ്പെടുത്തിയും, മരിച്ചവരെ ഉയിൎപ്പിച്ചും വന്നു.

സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമായിരിക്കുന്ന സുതനായ സൎവ്വേശ്വരൻ, തൻെറ ഒരേഒരു വാക്കാൽ ലോകത്തെ വീണ്ടുരക്ഷിക്കുന്നതിനു കഴിവുള്ളവനാണെങ്കിലും, നമ്മുടെ പാപത്തിൻെറ ഘനത്തേയും, അതിനു നേരിട്ട ശിക്ഷയുടെ കാഠിന്യത്തേയും കാണിക്കുന്നതിനും, അതിനെ പരിഹരിക്കുന്ന വിലയായി താൻ ചിന്തുന്ന വിലമതിക്കാത്ത തിരുരക്തത്താൽ നമുക്ക് നിത്യമോക്ഷപരമാനന്ദത്തെ പ്രദാനം ചെയ്യുന്നതിനും സങ്കല്പിച്ച്, തൻെറ പരമപിതാവിനെ നോക്കി "പിതാവെ! മനുഷ്യർചെയ്ത പാപത്തേയും, അങ്ങയുടെ കോപത്തേയും, അതിനാലവൎക്ക് ലഭിച്ച ശാപത്തേയും തീൎത്ത് രക്ഷിക്കുന്നതിന് ഞാൻതന്നെ അങ്ങയ്ക്കു് ബലിയാകുന്നുണ്ടു" എന്നു പ്രാ

ത്ഥിച്ചു. അതിന്നു പരമപിതാവും സമ്മതിക്കവേ, പൂവ്ദ്വേഷംകൊണ്ട പിശാചുക്കൾ സ്രഷ്ടാവിന്റെ നേക്കു ചില ദുഷ്ടന്മാരെ പ്രേരിപ്പിച്ചയച്ചു. അവർ അദ്ദേഹത്തെ പിടിച്ചു് അന്യായമായി കുററം ചുമത്തി പലവിധ പീഡകൾ ഏല്പിച്ചു്, സ്ലീവായിൽ തറച്ചു. ഇപ്രകാരം വിഷവൃക്ഷത്തിൽനിന്നൊഴുകിയ വിഷത്തെ പാനംചെയ്തതിനാൽ മനുഷ്യകുലത്തിനു ലബ്ധമായ പാപമെന്ന വിഷത്തെ, സൃഷ്ടികത്താവു മറെറാരു മരത്തിൽ തറയ്ക്കപ്പെട്ടു് ചിന്തിയ തന്റെ തിരുരക്തമാകുന്ന അമൃതത്താൽ നീക്കി, ആ മരത്തിൽ കിടന്നു് ജീവൻ വെടിയുവാൻ സന്നദ്ധനായി.

ഈവിധത്തിൽ നമ്മുടെ ദിവ്യരക്ഷകൻ മനുഷ്യജീവനുവേണ്ടി തന്റെ ജീവനെ നൽകി മരണം പ്രാപിച്ചപ്പോൾ, അദ്ദേഹത്തിന്റെ ദിവ്യാത്മാവു് പിതാക്കളുടെ സ്ഥലത്തെ പ്രാപിച്ചു്, ആ സ്ഥലവാസികൾക്കു് കാണമാറായി. അവരെല്ലാവരും അദ്ദേഹത്തിന്റെ ദൈവികത്വത്തെക്കണ്ടു് സ്വഗ്ഗവാസികളെപ്പോലെ ആനന്ദപുളകിതരായി, അദ്ദേഹത്തിന്റെ തൃപ്പാദത്തെ ആരാധിച്ചു. മാർയൗസേപ്പും ദൈവകുമാരന്റെ അലങ്കാരശോഭിത രൂപത്തെ ദശിച്ചു് ആനന്ദപരവശനായി "സവ്ജീവികളെയും പരിപാലിച്ചുവരുന്ന എന്റെ ദൈവമേ! ജീവനാഥാ! ഞാൻ അങ്ങയെ വളത്തുന്നതിനുള്ള വരം പ്രാപിച്ചതിനാൽ എനിക്കുണ്ടായ മഹാഭാഗ്യം ഇതല്ലയോ?" എന്നുപറഞ്ഞു് അദ്ദേഹത്തിന്റെ തൃപ്പാദങ്ങളെ വന്ദിച്ചു. അപ്പോൾ ശുദ്ധീകരസ്ഥലത്തെ ആത്മാക്കളും അവിടെ

വന്ന് അദ്ദേഹത്തെ സന്ദർശിച്ച് ആനന്ദതുന്ദിലരായി, എല്ലാവരും ചേൎന്ന് അദ്ദേഹത്തിൻെറ തിരുനാമമഹത്വത്തെ പുകഴ്ത്തി.

നമ്മുടെ ദിവ്യരക്ഷകൻെറ നിർമ്മലാത്മാവ് രണ്ടുദിവസം മുഴുവനും ആ സ്ഥലത്തുതന്നെ വസിച്ചു; മൂന്നാംദിവസം അവിടുന്ന്, പിതാക്കളുടേയും മററു പുണ്യാത്മാക്കളുടേയും മാർയൗസേപ്പിൻേറയും പരിവാരത്തോടുകൂടെ തൻെറ തിരുദേഹം അടക്കപ്പെട്ടിരുന്ന കല്ലറവാതിൽക്കൽ വന്ന്, തൃശ്ശരീരത്തിന്മേൽ മൂടിയിരുന്ന വസ്ത്രത്തേനീക്കി "ദുഷ്ടഘാതകന്മാർ എന്നെ പരിഹാസ രാജാവായി സ്ഥാപിച്ച്, മുൾമുടിവച്ച് മുളവടിയാൽ അടിച്ച മുറിവുകളേയും, ആ മുള്ളുകൾ കണ്ണുകളിൽകൂടി തറച്ചുകയറിയതിനാലുണ്ടായ വ്രണങ്ങളേയും നോക്കുവിൻ, അയ്യായിരത്തൊരുന്നൂററിപ്പത്തിനഞ്ചു അടികളാൽ നുറുങ്ങിയ ശരീരത്തേയും, തകൎന്ന കരണത്തേയും, തുളഞ്ഞ വായേയും, അടഞ്ഞകണ്ണുകളേയും, ആ മുറിവുകളിൽനിന്നൊഴുകിയ രക്തധാരകളേയും നോക്കുവിൻ. സ്ലീവായിൽ തറയ്ക്കപ്പെട്ടപ്പോൾ കൈകാലുകളിലുണ്ടായ മുറിവുകളേയു,ം കുന്തത്താൽ കുത്തിയപ്പോൾ ചങ്കിലുണ്ടായ മുറിവിനേയും ഉററുനോക്കുവിൻ. നിങ്ങൾ ഭൂലോകദുഃഖം നീങ്ങി സ്വൎഗ്ഗീയാനന്ദം അനുഭവിക്കുന്നതിനുവേണ്ടി നാം ദയവായി കൊടുത്ത വില ഇവയാകുന്നു. ഇനി നാം നിങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ?" എന്ന് ആ തിരുമുറിവുകളെ കാണിച്ചുകൊണ്ടു ചോദിച്ചു. അപ്പോൾ മാർയൗസേപ്പ് അസഹനീയമായ

ദുഃഖത്തോടുകൂടി, "കാരുണ്യധാമമേ! അവിടുന്നീവിധ പീഡകളനുഭവിക്കുന്നതിനുവേണ്ടിയോ, ഞാൻ ഹേറോദേസിനെ ഭയന്ന് അങ്ങയെ എജിപ്ത് നാട്ടിൽ കൊണ്ടുപോയി രക്ഷിച്ചിരുന്നത്. ഞങ്ങൾ പരമാനന്ദപ്രദമായ മോക്ഷരാജ്യത്തിൽ ചേൎന്ന് സുഖിക്കുന്നതിന്, അങ്ങ് തിരുരക്തമായ കടലിൽ ആണ്ട് ക്ലേശിച്ചുവല്ലോ. ഈ ലോകത്തിൽ അങ്ങയെ വിട്ടുപിരിയാത്ത തുണയായിരുന്ന അടിയനും അങ്ങയോടുകൂടെ സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിയ്ക്കുമാറു തിരുവുള്ളമാകാഞ്ഞതു എന്തുകൊണ്ടായിരിക്കാം." എന്നുപറഞ്ഞു് അശ്രുധാരപൊഴിച്ചു. മററുള്ളവരും തങ്ങളുടെ സൃഷ്ടികൎത്താവിൻെറ ഘോരങ്ങളായ തിരുമുറിവുകളെകണ്ടു് കരഞ്ഞു്, "തള്ളമാരേക്കാൾ, സ്നേഹമുള്ളോവേ! അങ്ങ് ഞങ്ങളോടു് ചെയ്തിട്ടുള്ള കൃപാധിക്യത്തെ അറിയുന്നവരാരാകുന്നു. അങ്ങയുടെ ദാസരായ ഞങ്ങൾ ജീവിക്കുന്നതിനുവേണ്ടി സ്രഷ്ടാവായ അങ്ങ് ജീവൻ വെടിഞ്ഞുവല്ലൊ. ഇഹലോകത്തിൽ വിജ്ഞാനപ്രദങ്ങളായിരിക്കുന്ന പലഗ്രന്ഥങ്ങൾ വായിക്കുന്നതിനേക്കാൾ അങ്ങയുടെ തൃശ്ശരീരത്തിൽ പതിഞ്ഞിരിക്കുന്ന തിരുമുറിവുകളാകുന്ന തിരുവരകളെ നോക്കിധ്യാനിക്കുന്നതത്രേ സകല നന്മകളേയും പ്രാപിക്കുന്നതിനുള്ള ഉത്തമമായ മാൎഗ്ഗം." എന്നുപറഞ്ഞു് വിലപിച്ചു് താണുവണങ്ങി.

അനന്തരം ദിവ്യരക്ഷകൻ, തിരുമേനിയിൽ ദൈവികപ്രഭ വീശി, ശരീരത്തിൽ അഞ്ചു മുറിവുകളും പ്രത്യക്ഷപ്പെട്ടു് കൈയിൽ പിടിച്ചിരിക്കുന്ന കുരിശോടു

കൂടി വിജയപ്രതാപവാനായി കല്ലറയിൽനിന്നു് ഉയിർത്തെഴുന്നള്ളി. അതിനെക്കണ്ടിട്ട് അവർ അമ്പരന്നു് നില്ക്കുമ്പോൾ, അവിടുന്നു് മാർ യൗസേപ്പിനെ കടാക്ഷിച്ചുകൊണ്ടു്, "ഇനി ലോകാവസാനത്തിൽ സകലവും ദഹിച്ചു ഭസ്മമായതിനുശേഷം പുണ്യവാന്മാരെല്ലാവരും, ഈവിധ പ്രകാശരൂപത്തോടെ ഉയിർത്തെഴുന്നേല്ക്കും, എന്നതിനു മുന്നടയാളമായി, അങ്ങ് ഇപ്പോൾ അങ്ങയുടെ ശരീരത്തോടുകൂടെ ഉയിർത്തുവന്നാലും" എന്നു കല്പിച്ചു. അദ്ദേഹവും അപ്രകാരംതന്നെ സശരീരനായി വന്നു് തൻെറ അത്ഭുത പുഷ്പശാഖയെ അവിടുത്തെ തൃപ്പാദത്തിൽ സമർപ്പിച്ച് അഭിവാദനംചെയ്തു. ദൈവദൂതന്മാർ പുഷ്പമാരി വർഷിച്ചു. ചിലർ വീണകളോടുകൂടി വിശുദ്ധഗീതങ്ങളെ പാടി. ചിലർ വെൺകുട പിടിച്ചു് വെഞ്ചാമരം വീശി. അപ്പോൾ തന്നെ. പാപവും പകയും ഒഴിഞ്ഞു് സ്നേഹവും നന്മയും പൊഴിഞ്ഞു്; രോഗവും ദുഃഖവും കുറഞ്ഞു്; സുഖവും സന്തോഷവുംവർദ്ധിച്ചു്; മൃത്യുഞ്ജയനായ സൃഷ്ടിനാഥൻ, മാർ യൗസേപ്പിനാലും മററു പുണ്യാത്മാക്കളാലും ആവൃതനായി പരിശുദ്ധമാതാവിൻെറ മുമ്പിൽ പ്രത്യക്ഷനായി സംഭവിച്ചവയെ എല്ലാം തൻെറ തിരുവായ് തുറന്നു് അരുളിച്ചെയ്തു. ദൈവജനനിയും അദ്ദേഹത്തെ കണ്ടാനന്ദിച്ചു് ചുററും നിന്നവരെ നോക്കി,"ഇതാകുന്നു നമ്മുടെ സ്രഷ്ടാവു പാടുപെട്ടതിൻെറ ഫലം" എന്നുപറഞ്ഞു് ആ തിരുമുറിവുകളെ ചിന്തിച്ചു് കരഞ്ഞു്, അദ്ദേഹത്തിൻെറ തൃക്കഴൽ വണങ്ങി. പിന്നെ മാർയൗസേപ്പുംപുണ്യാത്മാക്കളും ലോകരക്ഷകൻ സ്വർഗ്ഗത്തിലേക്കു് എഴുന്നള്ളുന്നതുവരെയും അദ്ദേഹത്തോടൊന്നിച്ചു് അജ്ഞാതമായിവസിച്ചിരുന്നു.

# അദ്ധ്യായം പന്ത്രണ്ട്.

—:o:—

## മാർ യൗസേപ്പിൻെറ കിരീടധാരണം.

നമ്മുടെ ദിവ്യരക്ഷകൻ, ഉയത്ത്തിന്റെ ശേഷം മാർ യൗസേപ്പിനോടൊന്നിച്ച്, തൻെറ പരിശുദ്ധ മാതാവിന്റെ അടുക്കൽപോയി അതിനേ അറിയിച്ചു. അപ്പോൾ ദിവ്യമാതാവു, നിങ്ങൾ രണ്ടുപേരും എന്നെ തനിയെ വിട്ടേച്ചുപോകുന്നുവോ എന്നുപറഞ്ഞു് കരഞ്ഞു. അപ്പോൾ ദൈവപുത്രൻ, "അമ്മേ! നിങ്ങൾ ഇഹത്തിലുള്ളവൎക്കെല്ലാം ആശ്രയമായിരുന്നാലും" എന്നുകല്പിച്ച് പ്രിയമാതാവിനെ ആശ്വസിപ്പിച്ച് അനുമതിയും വാങ്ങിക്കൊണ്ട് മാർ യൗസേപ്പിനെ നോക്കി കല്പിച്ചു:—"സർവ ജീവികളേയും പോഷിപ്പിക്കുന്ന നമ്മേ ഇഹലോകത്തിൽ വച്ച് അങ്ങ് പോഷിപ്പിച്ചുവന്നതിനാൽ, നമ്മുടെ പിതാവു ദാവീദുരാജാവിനോടു വാഗ്ദാനം ചെയ്തപ്രകാരം, അങ്ങ് സ്വൎഗ്ഗരാജ്യത്തിൽ കിരീടധാരണം ചെയ്യുന്നതിനായി നമ്മോടുകൂടെ വരിക." അപ്പോൾ അദ്ദേഹത്താലും മററുപുണ്യാത്മക്കളൊലും അനുഗതനായി, സൃഷ്ടികൎത്താവു ഹൊരേബ് പൎവ്വതത്തിൻെറ മുകളിൽചെന്ന്, തൻെറ വിരഹത്തെഓൎത്ത് വ്യസനിക്കുന്ന വാത്സല്യ ശിഷ്യരെ ധൈൎയ്യപ്പെടുത്തി ആശ്വസിപ്പിച്ച് മന്ദം മന്ദം സ്വൎഗ്ഗത്തിലേക്കെഴുന്നള്ളി. ശിഷ്യന്മാർ ആ കാഴ്ചയെകണ്ടുകൊണ്ടുനിന്നു. അല്പനേരത്തിന്നിടയ്ക്കു് ഒരു വെൺമേഘംവന്ന് സൃഷ്ടികൎത്താവിനെ

ആച്ഛാദനം ചെയ്തതിനാൽ കാഴ്ച മറയുകയും, ശിഷ്യന്മാർ തങ്ങളുടെ വാസസ്ഥലത്തേക്ക് മടങ്ങിപ്പോവുകയും ചെയ്തു.

ഈ വിധത്തിൽ സ്വർഗ്ഗാരോഹണം ചെയ്ത ദൈവകുമാരൻ. ആദാം ചെയ്ത പാപത്താൽ അടയ്ക്കപ്പെട്ടിരുന്ന സ്വർലോകവാതിലിനെ തുറന്ന്, അണിയണിയായിനിന്നുതന്നെ അഭിവാദ്യംചെയ്ത ദൈവദൂതവൃന്ദങ്ങളെ അതിലംഘിച്ച്, പിതാവായ സർവ്വേശ്വരൻ എഴുന്നള്ളിയിരിക്കുന്ന ദിവ്യഭദ്രാസനത്തെ പ്രാപിച്ച്, എപ്പോഴും കന്യകയായ പരിശുദ്ധ മറിയത്തിന്റെ തിരുവുദരത്തിൽനിന്നെടുത്ത മനുഷ്യശരീരത്താൽ അവിടത്തെ പാദാരവിന്ദത്തെ വണങ്ങി, "പിതാവെ! മനുഷ്യരെ രക്ഷിക്കുന്നതിന് ഞാനും മനുഷ്യനായി അങ്ങയുടെ ഇഷ്ടത്തെ നിറവേററിവന്നിരിക്കുന്നു ഇനി എന്റെ വർഗ്ഗീയരായ മാനുഷമക്കളെ അങ്ങയുടെ പുത്രരായി അംഗീകരിച്ച്, അവർ സ്വർഗ്ഗത്തിൽ വാഴുന്നതിന് ദയചെയ്യാലും. ഇതാ എന്നോടുകൂടി വന്നിരിക്കുന്ന പിതാക്കളേയും പുണ്യാത്മാക്കളേയും അംഗീകരിച്ചാലും" എന്നപേക്ഷിച്ചു. പരമപിതാവ് അദ്ദേഹത്തെ വാത്സല്യസമേതം ആലിംഗനംചെയ്തു, "എന്റെ പ്രിയപുത്രാ! നിന്റെ ഇഷ്ടം പോലെ ആകട്ടെ" എന്നു കല്പിച്ച് അദ്ദേഹത്തെ അനുമോദിച്ച് തന്റെ വലതുഭാഗത്തുള്ള ആസനത്തിൽ ഉപവിഷ്ടനാക്കി.

പിന്നീടു ദിവ്യരക്ഷകൻ മാർയൗസേപ്പിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു:—"ഇതാ നിൽക്കുന്ന

ഈ ദേഹം അങ്ങയുടെ വരപ്രസാദത്താൽ പ്രാപിച്ച പുഷ്പശാഖാഛായയിൽ ഞാനും കന്യകാമാതാവും വസിച്ചപ്പോൾ അദ്ദേഹം ഞങ്ങളെ സംരക്ഷിച്ചവിധമെല്ലാം അങ്ങ് അറിയുന്നുവല്ലൊ. അതിന്റെ ഫലമായി അദ്ദേഹത്തെ ശരീരത്തോടുകൂടെ ഇങ്ങ് ക്ഷണിച്ചുകൊണ്ടു പോന്നിരിക്കുന്നു. ഇനി അങ്ങയുടെ തിരുവുള്ളപ്രകാരം അദ്ദേഹത്തെ സ്വർല്ലോകരാജാവായി കിരീടം ധരിപ്പിക്കണം" അതിന്നു പരമപിതാവും "അങ്ങനെതന്നെ" എന്നു കല്പിച്ചു. ഉടനെ മാലാഖമാർ ആർപ്പുവിളിച്ച് ഒരു ഭാഗത്ത് ദൈവസ്തോത്രങ്ങളെ പാടിക്കൊണ്ടും മറെറാരു ഭാഗത്ത് ഗീതനാദങ്ങളെ മുഴക്കിക്കൊണ്ടും മാർയൗസേപ്പിന്റെ പുഷ്പശാഖയിൽ വികസിച്ച മൂവായിരത്തറുനൂററിപ്പതിനഞ്ചു പരിമളകുസുമങ്ങളെക്കൊണ്ടു മുപ്പത്താറു മാലകളുണ്ടാക്കി അദ്ദേഹത്തിന്റെ തൃപ്പാദത്തിൽ സമർപ്പിച്ചു വണങ്ങി. അപ്പോൾ ത്രീതൈകസർവേശ്വരൻ അദ്ദേഹത്തിന്റെ തിരുശിരസ്സിൽ ഒരു സ്വർഗ്ഗീയകിരീടത്തെ ധരിപ്പിച്ച്, തന്റെ ദിവ്യകുമാരന്റെ തൃപ്പാദാന്തികത്തിലുള്ള ആസനത്തിൽ അധിരോഹണം ചെയ്യിച്ചു; "ഹേ! താപസവരനായ യൗസേപ്പേ! നാം ദാവീദു രാജാവിനോടു വാഗ്ദാനം ചെയ്തപ്രകാരം ഈ രാജാവകാശത്തെ നിനക്കു പ്രദാനംചെയ്തിരിക്കുന്നു. നിന്റെ കിരീടത്തിൽ പതിക്കപ്പെട്ടിരിക്കുന്ന ഏഴുരത്നങ്ങളും, നിന്റെ ഭക്തന്മാക്കു നൽകുവാൻ തക്കവിധം നാം നിനക്കു പ്രദാനം ചെയ്തിരിക്കുന്ന ഏഴുവിശേഷവരങ്ങളുടെ അടയാളമാകു

ന്നു. അവയിൽ ഒന്നാമത്തെ രത്നം, നീ ദൈവമാതാവിൻെറ കന്യാത്വത്തേയും നിൻെറ ചാരിത്രത്തേയും അന്യൂനമായി സംരക്ഷിച്ചുവന്നതിനാൽ, ഇനി നിന്നെ ആശ്രയിക്കുന്നവരുടെ ചാരിത്രത്തെ സംരക്ഷിക്കുന്നതിനായി പ്രാപിച്ചിട്ടുള്ള ഒന്നാമത്തു വരത്തിൻെറ അടയാളമാകുന്നു. രണ്ടാമത്തെ രത്നം, പഞ്ചേന്ദ്രിയ നിഗ്രഹം മുതലായ തപോധർമ്മങ്ങളെ ശിരസാവഹിച്ചു കൊണ്ടു നീ വിളങ്ങിയതിനാൽ, നിന്നെ ആശ്രയിക്കുന്നവരുടെ പഞ്ചേന്ദ്രിയാശകളേയും നീക്കുന്നതിനായി പ്രാപിച്ചിട്ടുള്ള രണ്ടാംവരത്തിൻെറ അടയാളമാകുന്നു. മൂന്നാമത്തെ രത്നം, പരിശുദ്ധകന്യകയെ നീ സ്നേഹപൂർവം ആദരിച്ചുവന്നതിനാൽ, അവളുടെ സ്നേഹത്തേയും ആദരത്തേയും എവരും പ്രാപിക്കുമാറു പ്രവർത്തിക്കുന്നതിനു പ്രാപിച്ചിട്ടുള്ള മൂന്നാമത്തു വരത്തിൻെറ അടയാളമാകുന്നു. നാലാമത്തെ രത്നം, എജിപ്തിൽവച്ച് നിന്നോടു പോർചെയ്‌വാൻ വന്ന പിശാചുക്കളെ നീ ജയിച്ചതിനാൽ. നിൻെറ നാമത്തെ ഭക്തിപൂർവ്വം ഉച്ചരിക്കുന്നവരിൽനിന്ന് അവ ഭയന്നോടുമാറു പ്രാപിച്ചിട്ടുള്ള നാലാമത്തെ വരത്തിൻെറ അടയാളമാകുന്നു. അഞ്ചാമത്തെ രത്നം ഭൂലോകത്തിൽ അവതീർണ്ണനായ ദൈവകുമാരനെ നിൻെറ പുത്രനായി വാത്സല്യപൂർവ്വം നീ ആദരിച്ച് സംരക്ഷിച്ചുവന്നതിനാൽ, പുത്രഭാഗ്യമില്ലാത്തവൎക്ക് ആ ഭാഗ്യം നൽകുന്നതിനായി പ്രാപിച്ചിട്ടുള്ള അഞ്ചാമത്തെ വരത്തിൻെറ അടയാളമാകുന്നു. ആറാമത്തെ രത്നം, നിനക്കുണ്ടായ രോഗസങ്കടങ്ങളെയെല്ലാം ക്ഷമയോടെ നീ സഹിച്ചുവന്നതിനാൽ, രോഗസങ്കടങ്ങളാൽ പീഡിപ്പിക്ക

പ്പെടുന്നവൎക്കു് ആശ്വാസം നൽകുമാറു പ്രാപിച്ചിട്ടുള്ള ആറാംവരത്തിന്റെ അടയാളമാകുന്നു. ഏഴാമത്തെ രത്നം, നിന്റെ മരണസമയത്തിൽ ദൈവമാതാവും ദൈവകുമാരനും നിന്റെ ഇരുവശവും താങ്ങിയിരുന്നു് ആശീൎവദിച്ചപ്പോൾ, നിന്റെ ആത്മാവു് ശരീരത്തിൽനിന്നും വേർപിരിഞ്ഞതിനാൽ, നിന്റെ സഹായത്തെ അപേക്ഷിക്കുന്ന ഏവൎക്കും സന്മരണം നൽകുന്നതിനായി പ്രാപിച്ചിട്ടുള്ള ഏഴാംവരത്തിന്റെ അടയാളമാകുന്നു. ഈ ഏഴുവരങ്ങളേയും നാം നമ്മുടെ ദിവ്യകുമാരന്റെ അപേക്ഷപ്രകാരം സന്തോഷപൂൎവം നിനക്കു് പ്രദാനം ചെയ്തിരിക്കുന്നു.” എന്നു് കല്പിച്ചു് അദ്ദേഹത്തെ ആശീൎവ്വദിച്ചു. സുതനായ സൎവേശ്വരൻ അദ്ദേഹത്തെനോക്കി, “നാം ഭൂലോകത്തിൽ അങ്ങയുടെ കല്പനകളെ അനുസരിച്ചുനടന്നുവന്നതുപോലെ സ്വൎഗ്ഗത്തിലും അങ്ങു് മാനുഷമക്കൾക്കു വേണ്ടി ചെയ്യുന്ന അപേക്ഷകളെ തടസ്സം കൂടാതെ നൽകുന്നതാണു്” എന്നു് കല്പിച്ചു. പരിശുദ്ധാത്രൂപിയായ സർവേശ്വരൻ അദ്ദേഹത്തെ കടാക്ഷിച്ചുകൊണ്ടു്, “നിന്റെ പുഷ്പശാഖാധരായയെ പ്രാപിക്കുന്ന ഏവൎക്കും നമ്മുടെ വരങ്ങളെ പൂൎണ്ണമായി നൾകും” എന്നു് കല്പിച്ചു. ഇങ്ങനെ പലവരങ്ങളാലും അനുഗ്രഹീതനായ മാർയൗസേപ്പു്, സൃഷ്ടികൎത്താവിനാൽ ധരിപ്പിക്കപ്പെട്ട ദിവ്യകിരീടത്തോടുകൂടെ കൈകൾ രണ്ടും ചേൎത്തു്, കണ്ണുകളിൽനിന്നു് ആനന്ദബാഷ്പം ചൊരിഞ്ഞു്, രോമാഞ്ചകഞ്ചുകിതനായി, ഹൃദയം ഉരുകി അവിടുത്തെ തൃപ്പാദങ്ങളെ താണുവണങ്ങി പരവശനായിരുന്നു.

അന്നുമുതൽ മാർയൗസേപ്പ് തന്റെ സഹായത്തെ യാചിച്ചുവരുന്ന ഏവൎക്കും ആശ്രയമായി, അവരുടെ ചാരിത്രത്തെ രക്ഷിക്ക, പഞ്ചേന്ദ്രിയാശകളെ അടക്കുക, പിശാചിന്റെ പരീക്ഷകളെ നീക്കുക, രോഗസങ്കടങ്ങളെ ശമിപ്പിക്ക, ദൈവജനനിയുടെ അനുഗ്രഹം പ്രാപിക്ക, പുത്രഭാഗ്യം കൊടുക്കുക, നന്മരണം നല്കുക മുതലായ പരമോപകാരങ്ങളെ ചെയ്തു, അവരെ സന്മാൎഗ്ഗികളും സ്വൎഗ്ഗഭാഗ്യത്തിനൎഹരുമാക്കിത്തീൎത്തു വരുന്നു.

ഇങ്ങനെ സ്വൎഗ്ഗീയരാജകിരീടം പ്രാപിച്ച മാർയൗസേപ്പ്, ഭൂലോകത്തിലും രാജാവായി കിരീടം ധരിച്ച വിശേഷവൃത്താന്തത്തെ ഇനി പ്രസ്താവിക്കാം.

സർവ്വപ്രകാരേണയും ഭുവനവിശ്രുതമായിത്തീൎന്നിട്ടുള്ള റോമാസാമ്രാജ്യത്തെ, ലെയോപ്പോൾഡ് ചക്രവൎത്തി ഏകഛത്രാധിപനായി ഭരിച്ചുവന്നിരുന്നു. അദ്ദേഹം നിഷ്പക്ഷപാതിത്വം, സന്മാൎഗ്ഗചാരിത്വം, സത്യസന്ധത, ദൈവഭക്തി, സ്നേഹം, കരുണ മുതലായ ഗുണങ്ങൾക്ക് ഒരു വിളനിലമായിരുന്നതു കൂടാതെ, മഹാപ്രതാപൈശ്വൎയ്യങ്ങളോടു കൂടിയവനും പൂൎണ്ണമഹിമശ്രീ കളിയാടിക്കൊണ്ടിരുന്നവനുമായിരുന്നു. എന്നുമാത്രമല്ല, ഇദ്ദേഹം മാർയൗസേപ്പിന്റെ ഒരു പ്രത്യേക ഭക്തനായിരുന്നതിനാൽ അദ്ദേഹത്തിന്റെ പുഷ്പശാഖാധരായയേ ആശ്രയിച്ചു; പുത്രഭാഗ്യവും മററു സകല സമ്പത്തുകളും ലഭിച്ചു ഏവരാലും സ്പൃഹണീയവും അതിശയനീയവുമായ വിധത്തിലത്രേ രാജ്യഭാരം നടത്തിയിരുന്നതു. എന്നാൽ ഈലോകത്തിൽ

എത്രതന്നെ യോഗ്യന്മാരായിട്ടുള്ള മനുഷ്യൎക്കും, പ്രത്യേകിച്ചു് രാജാക്കന്മാൎക്കും ശത്രുക്കൾ എന്നൊരു വകക്കാരുണ്ടായി പലവിധ ഉപദ്രവങ്ങൾ ചെയ്യാറുണ്ടല്ലൊ. അതു് ഇദ്ദേഹത്തെ സംബന്ധിച്ചും സാൎത്ഥകമായിത്തന്നെ ഭവിച്ചു. ഒരിക്കൽ പരമദുഷ്ടന്മാരായ അദ്ദേഹത്തിന്റെ ശത്രുക്കൾ വിഷം കൊടുത്തിട്ടെങ്കിലും അദ്ദേഹത്തെ കൊലചെയ്യണമെന്നു കരുതി, അദ്ദേഹത്തിന്റെ ഭൃത്യന്മാർമൂലം ഭക്ഷണത്തിൽ വിഷം കലൎത്തിവച്ചു. അദ്ദേഹം ഇതറിയാതെ ഭക്ഷിപ്പാൻ തുടങ്ങുന്ന അവസരത്തിൽ, മാർയൗസേപ്പു അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷനായി, ഭക്ഷണത്തിൽ വിഷം ഉണ്ടെന്നറിയിച്ചു് പെട്ടെന്നു് മറഞ്ഞുപോയി. രാജാവു ഉടനെ ആ ഭക്ഷണത്തെ പരിശോധിപ്പിച്ചതിൽ സംഗതി പരമാൎത്ഥമാണെന്നു് ബോധപ്പെട്ടു് ആശ്ചൎയ്യപരതന്ത്രനായി. എന്നാൽ ഇപ്രകാരം തന്റെ പ്രാണനെ രക്ഷിച്ച ആ മഹാത്മാവിന് തക്കപ്രതിനന്ദി ചെയ്‌വാൻ ഒന്നുമില്ലെങ്കിലും തന്റെ കൃതജ്ഞതയ്ക്കു് ലക്ഷ്യമായി എന്തെങ്കിലും ഒന്നു ചെയ്യേണ്ടതാണെന്നു് നിശ്ചയിച്ചു്, തന്റെ അധികാരത്തിൻ കീഴുള്ള സകല രാജാക്കന്മാരും വന്നുചേരുന്നതിന്നു തിരുവെഴുത്തയച്ചു. തദനുസരണം എല്ലാ രാജാക്കന്മാരും വാഹനാരൂഢരായി രഥ, ഗജ, തുരഗ പദാതികളുടെ അകമ്പടിയോടുകൂടെ റോമാനഗരത്തിലെത്തി ചക്രവൎത്തിയെ സന്ദൎശിച്ചു. ചക്രവൎത്തിയാകട്ടെ, ആ മഹാരാജാക്കന്മാരോടു ഈവിധം കല്പിച്ചു:—“അല്ലയോ! നമ്മുടെ ആത്മമിത്രങ്ങളായ രാജാക്കന്മാരെ! ഇപ്പോൾ നാം പറയുന്നതിനെ ശ്ര

ധിച്ചാലും. ഭൂലോകജീവിതത്തെപ്പോലെ ഇത്ര നിശ്ചയമില്ലാത്തതും മരണത്തെപ്പോലെ ഇത്ര നിശ്ചയമുള്ളതും ആയി വേറെ എന്തെങ്കിലുമുണ്ടോ? ഇന്നുള്ളവരെ നാളെ കാണുന്നില്ല. രത്നകിരീടം ധരിച്ച മഹീശ്വരരെയും മരണം വിടുന്നില്ല. അതു് രാജാക്കന്മാരുടെ ശിക്ഷയെയും, ശത്രുക്കളുടെ വാളിനേയും, മനുഷ്യരുടെ പരിഹാസത്തേയും ഭയപ്പെടുന്നില്ല. അതിന്നു് നികൃഷ്ടവംശജനെന്നും, ഉൽകൃഷ്ടവംശജനെന്നും, ബാലനെന്നും, വൃദ്ധനെന്നും, ധനവാനെന്നും, ദരിദ്രനെന്നും ഉള്ള യാതൊരു ഭേദവും ഇല്ല. ഇപ്രകാരമുള്ള അനിത്യവാഴ്ചയിൽ ലയിച്ചു് രാജാക്കന്മാർ ഗർവ്വിഷ്ഠരായിപ്പോകുന്നതു് അജ്ഞതമാത്രമാകുന്നു. എന്റെ കാൎയ്യത്തെക്കുറിച്ചു പറകയാണെങ്കിൽ, ഈ രാജാധികാരത്തിൽ എനിക്കു് ലേശംപോലും ആഗ്രഹമില്ല. എന്നാൽ വിഷംതന്നു എന്നെ കൊലപ്പെടുത്താൻ ശ്രമിച്ച ദുഷ്ടന്മാരുടെ കൈയിൽനിന്നും എന്നെ കാത്തുരക്ഷിച്ച ഒരു മഹാപുരുഷന്നു്, ഈ രാജ്യത്തെ സമൎപ്പിക്കാൻ നാം മനസ്സുള്ളവനായിരിക്കുന്നു. അദ്ദേഹം സൎവ്വലോകത്തേയും സൃഷ്ടിച്ചു് പരിപാലനം ചെയ്തുവരുന്ന നമ്മുടെ ദിവ്യരക്ഷകനെ ഈ ലോകത്തിൽ കാത്തുരക്ഷിച്ചുവന്ന ആ ശ്രേഷ്ഠപുരുഷനാകുന്നു. അദ്ദേഹത്തിന്റെ ഭരണത്തിൽ ക്ഷാമം, യുദ്ധം, രോഗം മുതലായ അനിഷ്ടസംഭവങ്ങളൊന്നും കൂടാതെ സകലവിധമായ ഉൽക്കർഷങ്ങളുമുണ്ടാകുമെന്നുള്ളതിൽ സംശയമില്ല. അത്രയേറെ ദൈവാനുഗ്രഹം ലഭിച്ചിട്ടുള്ളവനും ഭക്തവത്സലനുമായ പുരുഷവരനാകുന്നു വിശുദ്ധനായ മാൎയൗസേപ്പു്. അദ്ദേഹത്തെ കിരീടധാര

ണം ചെയ്യിച്ച്, എന്റെ രാജ്യരക്ഷയെ അദ്ദേഹത്തിൽ സമൎപ്പിക്കുന്നതിനാണ് ഞാൻ നിശ്ചയിച്ചിരിക്കുന്നതു്. ഇതിനെസംബന്ധിച്ച് നിങ്ങൾക്കുള്ള അഭിപ്രായം അറിവാനായിട്ടത്രെ നിങ്ങളെ ഇവിടേക്ക് ക്ഷണിച്ചിട്ടുള്ളതു്" ഇതിന്നു് ആ മഹാരാജാക്കന്മാരെല്ലാവരും ഏകകണ്ഠമായി "വിശുദ്ധ യൗസേപ്പിനെ കിരീടധാരണം ചെയ്യിച്ച് അദ്ദേഹത്തിന്റെ പ്രതിനിധിയായും അദ്ദേഹത്തിന്റെ പ്രേരണ അനുസരിച്ചും അങ്ങ് രാജ്യം ഭരിക്കുന്നതും അങ്ങെയുടെ കല്പനകളെ ഞങ്ങൾ സ്വീകരിക്കുന്നതും ഞങ്ങൾക്ക് പൂൎണ്ണസമ്മതവും സന്തോഷവും ആണെ"ന്ന് അറിയിച്ചു.

ചക്രവൎത്തി സന്തുഷ്ടചിത്തനായി, ഈ മംഗളവൃത്താന്തത്തെ സാമ്രാജ്യം ഒട്ടുക്കും പറ അടിച്ച് പരസ്യം ചെയ്യുന്നതിനും തങ്ങളുടെ നഗരങ്ങളെ അലങ്കരിക്കുന്നതിനും കല്പിച്ചു. അതനുസരിച്ച് ഉദ്യോഗസ്ഥന്മാർ ഗജാരൂഢന്മാരായി പെരുമ്പറകൊട്ടി ഇപ്രകാരം വിളിച്ചറിയിച്ചു. "ജനങ്ങളേ! സ്വർല്ലോകരാജാവായി കിരീടധാരണം ചെയ്ത ഒരു മഹാൻ, ഭൂലോകരാജാവായും കിരീടധാരണം ചെയ്യുവാൻ പോകുന്നു. അദ്ദേഹം സകലലോകങ്ങളേയും സൃഷ്ടിച്ചു ഭരിക്കുന്ന ലോകരക്ഷകനായ ഈശോമിശിഹായുടെ വളൎത്തുപിതാവും നിത്യബ്രഹ്മചാരിയും താപസവരനുമായ മാർ യൗസേപ്പാകുന്നു അദ്ദേഹത്തിന്റെ ഭരണത്തിൽ നമുക്ക് സകലനന്മകളും ഉണ്ടാകും. അതിനാൽ ഈ പട്ടണത്തെ അലങ്കരിച്ച് ഒൻപതുദിവസത്തേക്ക് അദ്ദേഹത്തിന്റെ അപരിമിതമഹത്വത്തിന്ന് സ്തുതിയായി

തിരുനാൾ കൊണ്ടാടണം. പത്താംദിവസം വലിയ ആഘോഷമായി അദ്ദേഹത്തിൻെറ കിരീടധാരണം നടത്തപ്പെട്ടുമെന്നു് നമ്മുടെ ചക്രവർത്തി മഹാരാജാവു കല്പിച്ചിരിക്കുന്നു.''

ഈ രാജവിളംബരം കേട്ടു് ആഹ്ലാദഭരിതരായ പുരീവാസികൾ കൂട്ടംകൂട്ടമായി വന്നു് നഗരവീഥികൾതോറും പൂപ്പന്തലിട്ടു് കുലവാഴ, തോരണം, കൊടി, കുട മുതലായവയെക്കൊണ്ടു് കമനീയമായി അലങ്കരിച്ചു. ഇടയ്ക്കിടെ പുഷ്പമാലകൾ തൂക്കിയും കമാനങ്ങൾ നിർമ്മിച്ചും മോടിപിടിപ്പിച്ചു. അത്രയുമല്ല, പനിനീർ തളിച്ചു് ചന്ദനച്ചിത്രമെഴുതി, കനകപ്പൊടിയും സിന്ദൂരപ്പൊടിയും കൊണ്ടു അവയേ അഭിഷേകിച്ചു. സ്വർണ്ണച്ചുവടും പവിഴത്തൂണുമായുള്ള വിളക്കുമരങ്ങളിന്മേൽ തങ്കപ്രതിമകളുണ്ടാക്കി അവയുടെ കരങ്ങളിൽ മാണിക്കദീപങ്ങളെ ധരിപ്പിച്ചു. അഗരുധൂപവും പുഷ്പസൗരഭ്യവും,എങ്ങും പരന്നു് പരിമളം വീശി. ഗായകന്മാരുടെ ഗാനവിശേഷങ്ങളും നർത്തകന്മാരുടെ നടന ചാതുരിയും ഭക്തന്മാരുടെ വേദപാരായണങ്ങളും എവിടെയും കേൾക്കുമാറായി. ഇങ്ങനെ ഒൻപതു ദിവസം മുഴുവനും സാഘോഷമായ തിരുനാൾ കൊണ്ടാടിയശേഷം പത്താംദിവസം, ശില്പശാസ്ത്രവിദഗ്ദ്ധന്മാരും അതിശയിക്കുമാറു് തങ്കത്തളവും പവിഴത്തൂണും സ്പടികഭിത്തിയും ആക്കും രത്നശൃംഗവും ആയി നിർമ്മിച്ചു് നിലക്കണ്ണാടികൾ നിരത്തിയിട്ടുള്ള ഒരു വിചിത്രമണ്ഡപത്തിൻെറ മദ്ധ്യത്തിൽ, സുവർണ്ണനിർമ്മിതമായ പന്ത്രണ്ടു സിംഹങ്ങ

ളാൽ വഹിക്കപ്പെട്ടും ചുററും നവരത്നങ്ങളാൽ പരിലസിതമായും വിളങ്ങിക്കൊണ്ടിരുന്ന ഒരു മാണിക്യപീഠത്തിൽ, ദൈവബാലനെ ഒരു കരത്തിലും പുഷ്പശാഖയെ മറെറാരു കരത്തിലും ധരിച്ചിരിക്കുന്ന വിധത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള മാർ യൗസേപ്പിൻെറ തൃസ്വരൂപത്തെ സ്ഥാപിച്ചു്, പലവിധ വസ്ത്രാഭരണങ്ങളാലും പുഷ്പമാല്യങ്ങളാലും നേത്രാകർഷകമാക്കിച്ചെയ്തു. ഉടനേ നാനാവിധ വാദ്യങ്ങളും മുഴങ്ങി. ഗായകസംഘങ്ങളുടെ ഗാനവൈദഗ്ദ്ധ്യം മുഴുവനും പ്രയോഗിച്ചു. മഹാജനം പുകഴ്ത്തുകയും കവികൾ വർണ്ണിക്കയും ചെയ്തു. രാജാക്കന്മാരുടെ പരിവാരത്തോടെ നൃപേന്ദ്രനായ ലെയോപ്പോൾഡ് എഴുന്നേററു് തേജോമയമായ ഒരു കിരീടത്തെ ആ സ്വരൂപത്തിൻെറ ഉത്തമാംഗത്തിൽ ധരിപ്പിച്ചു്, അതിൻെറ തൃപ്പാദത്തെ വണങ്ങി. മററു രാജാക്കന്മാർ മന്ത്രിമാർ മുതലായവരും അവരുടെ സ്ഥാനമുറപ്രകാരം വന്നു തൃപ്പാദവന്ദനം ചെയ്തു. ആ കാഴ്ചയാൽ രമണീയമായിത്തീന്ന റോമാനഗരം അന്നു് സ്വർഗ്ഗംപോലെ മഹനീയതരമായിരുന്നു. അന്നദാനം, സ്വർണ്ണദാനം, ഗോദാനം, ഭൂദാനം മുതലായ മഹാദാനങ്ങൾ നടത്തപ്പെട്ടു. അന്നു് ജ്ഞാനവും ധനവും വർദ്ധിച്ചതിനാൽ അജ്ഞതയും ദാരിദ്ര്യവും ക്ഷയിച്ചുപോയി; എവിടെയും സുഖസന്തോഷങ്ങളുണ്ടായതിനാൽ രോഗവും ദുഃഖവും കാണ്മാനില്ലാതെയായി; പാപവും പകയും കുറഞ്ഞതിനാൽ പുണ്യവും ഭക്തിയും സർവ്വത്ര നിറഞ്ഞു.

ഇങ്ങനെ പകൽ മുഴുവനും തിരുനാൾ മഹോത്സവം കൊണ്ടാടിയശേഷം അന്നുരാത്രി രാജശ്രേഷ്ഠനായ

ലെയോപ്പോൾഡിന്റെ പ്രത്യേക കല്പനപ്രകാരം ആ തൃസ്സാന്ദ്രുപത്തേ നവരത്നഖചിതമായ രഥത്തിലിരുത്തി ദീപങ്ങളുടെ ജാജ്വല്യമാനമായ പ്രകാശത്തോടും, നാനാവിധവാദ്യഘോഷങ്ങളോടും, കരിമരുന്നുകളുടെ മനോഹരകാഴ്ചകളോടും, കതിനാവെടികളുടെ ഗംഭീരമുഴക്കത്തോടും, ആലവട്ടം, വെഞ്ചാമരം ഇതുകളുടെ മൃദുചലനത്തോടും, വെൺകുട, തഴ മുതലായവയോടുംകൂടി വളരെ ആഡംബരപൂർവ്വമായി പ്രദക്ഷിണം ചെയ്തു. ഇതിനെ സന്ദർശിച്ചവരെല്ലാം സന്തോഷപരവശരായി നില്ക്കുമ്പോൾ, ദൈവമാതാവിന്നും തൃക്കുമാരന്നും, തണലേകിയ പുഷ്പശാഖ ഇതുതന്നേ എന്നും, ആ തണൽ പ്രാപിക്കുന്ന ഏവരും ഇഹലോകദുഃഖം നീങ്ങി സ്വൎഗ്ഗീയാനന്ദമനുഭവിക്കുമെന്നും, സർവ്വസംഗപരിത്യാഗിയായ ഈ യതീന്ദ്രൻ, നമ്മെ ഭരിക്കുന്നതിനായി ജയകിരീടം ധരിച്ചിരിക്കുന്നു എന്നും ഇതു് വേദനീതിയേലംഘിക്കാതെ ജീവിച്ച കഠിനതപോഫലമത്രേ എന്നും മററുംപലരും പലവിധത്തിൽ പുകഴ്ത്തിക്കൊണ്ടിരിക്കേ, ഘോഷയാത്ര ദേവാലയസന്ധിയിൽവന്നുചേൎന്നു. തൃസ്സാന്ദ്രുപത്തേ ഇറക്കി, ദേവാലയത്തിന്റെ മദ്ധ്യഭാഗത്തിൽ പലമാലാഖമാർകൂടി വഹിക്കുന്ന വിധത്തിൽ വിചിത്രമായി നിർമ്മിച്ചിട്ടുള്ള ഒരു നവരത്നപീഠത്തിൽ ബഹുമാനപൂർവ്വം സ്ഥാപിച്ചു. ഇപ്രകാരം രാജാക്കന്മാർ തുടങ്ങിയ ഏവരുടെയും സ്തോത്രവന്ദനങ്ങളോടെ ആ രാജ്യരക്ഷ, വിശുദ്ധയൗസേപ്പിൽ സമർപ്പിക്കപ്പെട്ടു. അദ്ദേഹം തന്നെ ഇപ്പോഴും അതിനെ രക്ഷിച്ചുഭരിച്ചുവരുന്നു.

മാർ യൌസേപ്പിന്റെ അത്ഭുതപുഷ്പശാഖയിൽ പൂത്തമൂവായിരത്തറുനൂററിപ്പതിനഞ്ചു പരിമളപുഷ്പങ്ങളെക്കൊണ്ട് ദൈവദൂതന്മാർ മുപ്പത്താറു മാലകളുണ്ടാക്കി അദ്ദേഹത്തിന്റെ തൃപ്പാദത്തിൽ സമർപ്പിച്ചതിനു തുല്യമായി, വീരമാമുനികൾ മൂവായിരത്തറുനൂററിപ്പതിനഞ്ചു വിശിഷ്ട പദ്യങ്ങളെക്കൊണ്ട് മുപ്പത്താറു അദ്ധ്യായങ്ങളായി രചിച്ച തേമ്പാവണി എന്ന വാടാമാലയെ ഈശോ മറിയം യൌസേപ്പ് എന്ന തൃക്കുടുംബത്തിന്ന് സമർപ്പണം ചെയ്തിരിക്കുന്നു. അപ്രകാരംതന്നെ ഈ ദാസനും, മഹാസമുദ്രത്തിൽ മുങ്ങി മുത്തുവാരുന്നവരെപ്പോലെ, തേമ്പാവണി എന്ന സരസമഹാകാവ്യക്കടലിൽ മുങ്ങി എന്റെ അല്പജ്ഞാനത്തിനെത്തുപെട്ടവിധം എടുത്തു ചേർത്തുണ്ടാക്കിയ ഈ വിശിഷ്ട ചരിത്രഹാരത്തെ പരിശുദ്ധ ദൈവജനനിയുടെ തൃപ്പാദഭൂഷണമായി സമർപ്പിച്ചിരിക്കുന്നു. വിശുദ്ധ യൌസേപ്പിന്റെ മാഹാത്മ്യമെന്ന ഈ ദിവ്യചരിത്രത്തെ ഭക്തിയോടും ശ്രദ്ധയോടുംകൂടി വായിക്കുന്നവരും വായിച്ചുകേൾക്കുന്നവരും ഇതിൻപ്രകാരം ജീവിക്കുന്നവരും നമ്മുടെ ദിവ്യരക്ഷകനായ ഈശോമിശിഹായുടെ പരമാനുഗ്രഹത്താൽ ഇഹലോകത്തിൽ പൂർണ്ണസമാധാനത്തോടും ദീർഘായുസ്സോടുംകൂടി ജീവിച്ച് മറുലോകത്തിൽ അക്ഷയമോക്ഷഭവനത്തിൽ വജ്രശരീരികളായി നിത്യമംഗളമായി വാഴുമെന്നുള്ളതു പരമസത്യമാകുന്നു.

—:o:—

ACHARYA PALACKAL JEEVAS KENDRA LIBRARY 1837